# നവകേരളത്തിനായി തദ്ദേശഭരണം

തദ്ദേശഭരണസ്ഥാപനങ്ങളിലെ
ജനപ്രതിനിധികൾക്കുള്ള
കൈപ്പുസ്തകം

6

## സാമൂഹ്യനീതിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

Social Justice & Local Self-Governments

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
KERALA INSTITUTE OF LOCAL ADMINISTRATION (KILA)

www.kila.ac.in
ഡിസംബർ 2020

സാമൂഹ്യനീതിയും
തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും

*ചീഫ് എഡിറ്റർ*
ഡോ. ജോയ് ഇളമൺ
ഡയറക്ടർ ജനറൽ, കില

*എഡിറ്റർ*
ഡോ. പീറ്റർ എം രാജ്
അസോസിയേറ്റ് പ്രൊഫസർ, കില

*അസോസിയേറ്റ് എഡിറ്റർമാർ*
ശ്രീ. എം ജി കാളിദാസൻ
ശ്രീ. ഭാസ്കരൻ പള്ളിക്കര
ശ്രീ. സജീവ് കെ ജി
ഡോ. ജൂണ പോൾ
ശ്രീ. പപ്പൻ കുട്ടമത്ത്
ശ്രീ. ഷാഹുൽ ഹമീദ്
ശ്രീ. ജയരാജ്. പി

*നിർവഹണ ഏകോപനം*
മാത്യു ആൻഡ്രൂസ്
അസിസ്റ്റന്റ് ഡയറക്ടർ, കില

*പ്രസാധനം*
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ
അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ്, തൃശൂർ 680581
ഫോൺ: +914872207000, 2201312
ഫാക്സ്: +914872201062
ഇമെയിൽ: info@kila.ac.in
വെബ്സൈറ്റ്: http://www.kila.ac.in

*കവർ ഡിസൈൻ*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

*അച്ചടി*
ഗ്രാമലക്ഷ്മി മുദ്രാലയം
ഡിസംബർ 2020

Social Justice and
Local Self - Governments

*Chief Editor*
Dr. Joy Elamon
Director General, KILA

*Editor*
Dr. Peter M Raj
Associate Professor, KILA

*Associate Editors*
Sri. M G Kalidasan
Sri. Bhaskaran Pallikkara
Sri. Sajeevu K G
Dr. Juna Paul
Sri. Pappan Kuttamath
Sri Shahul Hameed
Sri. Jayaraj P


*Production Coordination*
Mathew Andrews
Assistant Director, KILA

*Published by*
Kerala Institute of Local
Administration (KILA)
Mulamkunnathukavu,Thrissur- 680581
Phone: +91-487-2207000-, 2201312
Fax: +91-487-2201062
Email: info@kila.ac.in
Website: http://www.kila.ac.in

*Cover Design*
Godfrey's Graphics

*Printed at*
Gramalakshmi Mudrayalam
December 2020

*Copyright: Everyone can use this for noncommercial public purpose with acknowledgement to KILA*




കേരള സർക്കാർ

**പിണറായി വിജയൻ**

മുഖ്യമന്ത്രി


നം.662/പ്രസ്/സി.എം.ഒ/2020. ഡിസംബർ 4, 2020.

# സന്ദേശം

ജനങ്ങളുമായി ഏറ്റവും അടുത്ത് നിൽക്കുന്ന ഭരണസംവിധാനം എന്ന നിലയിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ജനങ്ങളുമായി നേരിട്ട് ഇടപെടുവാനും അവരുടെ പ്രശ്നങ്ങളും ആവശ്യങ്ങളും കണ്ടറിഞ്ഞ് പ്രവർത്തിക്കുവാനും കഴിയുന്നത് പ്രാദേശികഭരണ സംവിധാനത്തിലൂടെയാണ്. അതുകൊണ്ടു തന്നെ തദ്ദേശഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന കാര്യത്തിൽ ഈ സർക്കാർ പ്രതിജ്ഞാബദ്ധവുമാണ്.

സുസ്ഥിരവും സർവ്വതോമുഖവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ വികസന പ്രക്രിയയിലൂന്നിയ ഒരു നവകേരള സൃഷ്ടിക്കായാണ് 2017-ൽ ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ടം ആരംഭിച്ചത്. നവകേരള കർമ്മപരിപാടിയുടെ ഭാഗമായുള്ള ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം തുടങ്ങിയവയെല്ലാം നടപ്പാക്കുന്നതും തദ്ദേശസ്വയംഭരണ സംവിധാനം വഴിയാണ്. ഈ കാഴ്ചപ്പാട് ഉൾക്കൊണ്ട് പ്രവർത്തിക്കാൻ ജനപ്രതിനിധികൾക്ക് സാധിക്കണം.

പ്രാദേശിക ഭരണസംവിധാനം ശക്തമാക്കുന്നതിന് കാര്യശേഷി വികസനം അത്യന്താപേക്ഷിതമാണ്. ഇത് മുന്നിൽ കണ്ട് കില തയ്യാറാക്കിയ എട്ട് കൈപ്പുസ്തകങ്ങളുടെ സമാഹാരം ജനപ്രതിനിധികൾക്ക് ഉപകാരപ്രദമാകും എന്ന് പ്രതീക്ഷിക്കുന്നു.

എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ


141, മൂന്നാം നില, നോർത്ത് ബ്ലോക്ക്, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം, പിൻ 695 001
വസതി ക്ലിഫ് ഹൗസ്, ഫോ 0471 2318406, 2314853
ഫോ 0471 2333241, 2333812, 2333610 ഫാ 0471 2333489
chiefminister@kerala.gov.in | facebook.com/cmokerala twitter.com/cmokerala | www.keralacm.gov.in



കേരള സർക്കാർ

**എ.സി. മൊയ്തീൻ**

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി

കേരള സർക്കാർ

# സന്ദേശം

**2020–2025** കാലയളവിലേക്ക് കേരളത്തിലെ പ്രാദേശിക സർക്കാരുകളിലെ ജനപ്രതിനിധികളായി തെരഞ്ഞെടുക്കപ്പെട്ട എല്ലാവർക്കും ഹൃദ്യമായ ആശംസ കൾ! ജനങ്ങൾ തങ്ങളിൽ അർപ്പിച്ച വിശ്വാസവും പ്രതീക്ഷകളും സാക്ഷാത് ക്കരിക്കുവാൻ നിങ്ങളോരോരുത്തരും ആത്മാർത്ഥമായി പരിശ്രമിക്കുമെന്ന് കരുതുന്നു.

1996–ൽ അധികാരത്തിൽ വന്ന നായനാർ സർക്കാർ നടപ്പിലാക്കിയ ജന കീയാസൂത്രണ അധികാര വികേന്ദ്രീകരണ പ്രവർത്തനങ്ങൾ കേരളത്തിന്റെ സാമൂഹിക സാമ്പത്തീക മേഖലകളിലുണ്ടാക്കിയ മാറ്റങ്ങൾ മാതൃകാപരമാണ്. കേരളം നടപ്പിലാക്കിയ അധികാര വികേന്ദ്രീകരണത്തിലൂടെ ശക്തമായ പ്രാദേ ശിക ഭരണസംവിധാനം രൂപപ്പെടുത്തുകയും ത്രിതല പഞ്ചായത്തുകളും നഗര ഭരണ സ്ഥാപനങ്ങളും പ്രാദേശിക സർക്കാരുകളായി മാറുകയും ചെയ്തു. ഇതിന്റെ ഫലമായി, ജനാഭിലാഷം കണ്ടറിഞ്ഞ ഒട്ടേറെ നൂതനാശയങ്ങൾ പ്രാദേശിക സർക്കാരുകൾ നടപ്പിലാക്കി വരുന്നു. 2017–ൽ ആരംഭിച്ച നവകേര ളത്തിനായി ജനകീയാസൂത്രണവും നവകേരള കർമ്മപദ്ധതിയും വിവിധ ദൗത്യങ്ങളും ഈ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തി പകർന്ന് മുമ്പോട്ടു പോകുന്നു. 25 വർഷം പൂർത്തിയായ ജനകീയാസൂത്രണ പ്രസ്ഥാനം ഇന്ന് രാജ്യത്തിന് തന്നെ മാതൃകയാണ്.

ദേശീയതലത്തിലും സംസ്ഥാനതലത്തിലുമുള്ള ഭരണ സംവിധാനങ്ങളെ അപേക്ഷിച്ച് ജനങ്ങളുമായി കൂടുതൽ ഇഴുകിചേർന്ന് അവരുടെ വികസനാ വശ്യങ്ങളെ യഥാർത്ഥ ബോധത്തോടെ സമീപിക്കാനും ഉൾക്കൊള്ളാനും പഞ്ചായത്തുരാജ് ഭരണ സംവിധാനത്തിന് കഴിയുമെന്നത് നിസ്തർക്കമാണ്. ഇപ്രകാരം ജനപ്രതീക്ഷയ്ക്ക് ഒത്ത് ഉയരാനും ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും തക്കവിധം ജനാധിപത്യ ഭരണസംവിധാനം കാര്യക്ഷമമാക്കണമെങ്കിൽ അതിന്റെ രണ്ടു ഘടകങ്ങളായ ജനപ്രതിനിധി സംവിധാനവും ഉദ്യോഗസ്ഥ സംവിധാനവും ഒരേപോലെ കാര്യക്ഷമമാകണം.

നമുക്കെല്ലാം അറിയാവുന്നതുപോലെ ലോകം ഇന്ന് കോവിഡ് 19 എന്ന മഹാമാരിയുടെ പിടിയിലാണ്. തീർച്ചയായും മനുഷ്യകുലം ഈ മഹാമാരിയെ അതിജീവിക്കുക തന്നെ ചെയ്യും. പുതിയ കാലത്തിനനുസൃതമായ തരത്തിൽ തദ്ദേശസ്വയംഭരണ സംവിധാനത്തിന്റെ വിവിധ തലങ്ങളിൽ ആവശ്യമായ പരിശീലനം നല്കുന്നതിന് കില, കൈപ്പുസ്തകങ്ങളും പുതിയ പഠനരീതികളും ഒരുക്കിയിരിക്കുന്നത് അഭിനന്ദനാർഹമാണ്. പുതിയ കടമകൾ ഏറ്റെടുക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ ഈ കൈപ്പുസ്തകങ്ങൾ പ്രാപ്തരാക്കും എന്നതും നിസ്തർക്കമാണ്. ജനപ്രതിനിധികൾക്കായി സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും എന്ന ഈ കൈപ്പുസ്തകം തയ്യാറാക്കുന്നതിന് മുൻകൈ എടുത്ത കിലയെ അഭിനന്ദിക്കുന്നതിനോടൊപ്പം ഈ അവസരം പൂർണ്ണമായും പ്രയോജനപ്പെടുത്തണമെന്ന് എല്ലാ ജനപ്രതിനിധികളോടും അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

സസ്നേഹം,



എ.സി. മൊയ്തീൻ

തിരുവനന്തപുരം
01.12.2020




**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില


# അവതാരിക

പ്രാദേശിക സർക്കാർ മുൻഗണന നൽകേണ്ട അതിപ്രധാന മേഖലകളിൽ ഒന്നായിട്ടാണ് മാനവവികസനവും സാമൂഹ്യനീതിയും കണക്കാക്കപ്പെടുന്നത്. മാനവവികസനം ശിശുക്കൾ; ബാലകർ എന്നിവർക്കപ്പുറം ജീവിതത്തിന്റെ വിവിധ ദശകൾ പിന്നിടുന്ന സർവരേയും അതിൽ ഉൾക്കൊള്ളുന്നതായിരിക്കണം എന്നതാണ് കാഴ്ചപ്പാട്. മുഖ്യമായത് കുട്ടികളാണെങ്കിലും വയോജനങ്ങൾ ഉൾപ്പടെയുള്ളവരുടെ സൗഖ്യവും അനിവാര്യമാണ്. അങ്ങിനെയെങ്കിൽ ഓരോ വ്യക്തിയും ജീവിതകാലയളവിലുടനീളം (Life span)ഓരോ ഘട്ടത്തിലും നേരിടുന്ന വെല്ലുവിളികളെ നേരിട്ടു വിജയിക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ ഒരുക്കേണ്ടതുണ്ട്. കുട്ടികൾ ആയിരിക്കുമ്പോൾ മുതൽ ഭിന്നശേഷി ഒരു വെല്ലുവിളിയാണ്. വാർധക്യത്തിലുൾപ്പടെ ശയ്യാവലംബികളാക്കി തീർക്കുന്ന രോഗങ്ങൾക്ക് ശമനം വേണ്ടിവരും. പോഷണപ്രശ്നങ്ങളേയും ശാസ്ത്രീയമായി വീക്ഷിക്കേണ്ടതുണ്ട്. ഇത്തരത്തിൽ മാനവവികസനത്തിന് പ്രാമുഖ്യം നൽകുന്ന ജീവിതഗുണനിലവാരം മെച്ചപ്പെടുത്തുന്ന, സേവനസംവിധാനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്ന, സാമൂഹ്യനീതി ലക്ഷ്യമാക്കുന്ന അവകാശാധിഷ്ഠിതമായ ഒരു ഭരണനടപടിക്രമമാണ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നയവും ലക്ഷ്യവുമായി ഭവിക്കേണ്ടത്. അത് പ്രവർത്തികമാക്കാനാണ് ജനകീയാസൂത്രണം ലക്ഷ്യമിടുന്നത്.

കേരളത്തിൽ നടപ്പാക്കിവരുന്ന നവകേരളനിർമാണ പ്രവർത്തനങ്ങൾക്ക് ചുക്കാൻപിടിക്കേണ്ടത് തദ്ദേശസ്വയംഭരണസ്ഥാപനങ്ങളാണല്ലോ. ഇതിനനുയോജ്യമായ തരത്തിലുള്ള ആസൂത്രണ ഇടപെടലുകൾ ജനകീയ പങ്കാളിത്തത്തോടുകൂടി സാമൂഹ്യനീതി ലക്ഷ്യമാക്കി പ്രവർത്തിക്കുക എന്നതാണ് ലക്ഷ്യം വെക്കുന്നത്. സമൂഹത്തിൽ കൂടുതൽ ശ്രദ്ധ അർഹിക്കുന്ന കുട്ടികൾ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി – പട്ടികവർഗ വിഭാഗങ്ങൾ, അഗതിവിഭാഗക്കാർ അതോടൊപ്പം പൊതുസമൂഹത്തിന്റെ ഭാഗമായി മാറിയ

അതിഥി തൊഴിലാളികൾ എന്നിവരുടെയെല്ലാം ക്ഷേമവും വികസനവും ശാക്തീകരണത്തിന്റെയും അവകാശാധിഷ്ഠിത സമീപനത്തിന്റെയും കാഴ്ചപ്പാടിലൂന്നിയതായിരിക്കണം. ഇത് പ്രാവർത്തികമാക്കാൻ പ്രാദേശിക സർക്കാരുകൾക്കേ കഴിയൂ. മേൽപ്പറഞ്ഞ വിഷയമേഖലകളിൽ പല തദ്ദേശഭരണസ്ഥാപനങ്ങളും മാതൃകാപരമായ പ്രവർത്തനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ആ പശ്ചാതലത്തിൽ മാതൃകകൾ സൃഷ്ടിച്ച പ്രാദേശിക ഭരണസ്ഥാപനങ്ങളുടെ അനുഭവത്തിൽ നിന്നുകൊണ്ടാകണം ഇനിയുള്ള പ്രവർത്തനങ്ങൾ ക്രമപ്പെടുത്തേണ്ടത്. ഈ ലക്ഷ്യം കൈവരിക്കാൻ സഹായിക്കുകയെന്നതാണ് ''സാമൂഹ്യനീതിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും'' എന്ന കൈപ്പുസ്തകംകൊണ്ട് ഉദ്ദേശിക്കുന്നത്.

''സാമൂഹ്യനീതിയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും'' എന്ന ഈ കൈപ്പുസ്തകം തയാറാക്കിയ കിലയിലെ അസോസിയേറ്റ് പ്രൊഫസറായ ഡോ. പീറ്റർ എം. രാജിനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരായ ശ്രീ. എം.ജി കാളിദാസൻ, ശ്രീ. ഭാസ്കരൻ പള്ളിക്കര, ശ്രീ. സജീവ് കെ.ജി എന്നിവരേയും മറ്റു ടീം അംഗങ്ങളേയും പ്രത്യേകം അഭിനന്ദിക്കുന്നു.

**ഡോ. ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

# ആമുഖം

സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിൽ നേതൃത്വപരമായ പങ്ക് നിർവഹിക്കുന്നതിനുള്ള ഉത്തരവാദിത്തം തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. സമൂഹത്തിൽ വിവിധ കാരണങ്ങളാൽ ക്ലേശമനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതും ജീവിത ഗുണമേന്മാസൂചിക ഉയർത്തുന്നതും പ്രാദേശിക സർക്കാരുകളുടെ ചുമതലയിൽ പെടുന്നു. നമ്മുടെ സംസ്ഥാനം നാളിതുവരെ നേടിയ പുരോഗതിയും മാനവവികസനവും ഒട്ടും കോട്ടം തട്ടാതെ സംരക്ഷിക്കുന്നതോടൊപ്പം ഉടലെടുക്കുന്ന വെല്ലുവിളികൾ പ്രാദേശികമായും ജനപങ്കാളിത്തത്തോടേയും ശാസ്ത്രസാങ്കേതിക ഉപാധികളുടെ പിൻബലത്തോടേയും മറികടക്കാൻ പ്രാപ്തമായ ആസൂത്രണവും നേതൃത്വവും ഉണ്ടാകേണ്ടത് അനിവാര്യമാണ്. ഈയൊരു ദൗത്യം ഏറ്റെടുക്കുന്നതിന് ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടക്കം എല്ലാവർക്കും സഹായകരമാകും വിധമാണ് 'സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും' എന്ന ഈ കൈപ്പുസ്തകം കില പ്രസിദ്ധീകരിക്കുന്നത്.

ഒൻപത് അധ്യായങ്ങളായിട്ടാണ് ഈ കൈപ്പുസ്തകം ക്രമീകരിച്ചിരിക്കുന്നത്. ബാലസൗഹൃദ തദ്ദേശഭരണം എന്ന ഒന്നാം അധ്യായത്തിൽ കുട്ടികളുടെ അവകാശങ്ങൾ, പ്രാധാന്യം, കുട്ടികൾക്കായുള്ള വികസന സമീപനങ്ങൾ, തദ്ദേശഭരണ ഇടപെടൽ സാധ്യതകൾ, പ്രവർത്തനമാതൃകകൾ എന്നിവയാണ് പ്രതിപാദിച്ചിരിക്കുന്നത്. ഭിന്നശേഷിയുടെ പ്രാധാന്യം, വ്യക്തികളുടെ അവകാശങ്ങൾ, സഹായപരിപാടികൾ, തദ്ദേശഭരണസ്ഥാപനങ്ങളുടെ ഇടപെടൽ സാധ്യതകൾ എന്നീ വിഷയങ്ങളാണ് ഭിന്നശേഷിസൗഹൃദതദ്ദേശഭരണം എന്ന രണ്ടാം അധ്യായത്തിൽ വിവരിക്കുന്നത്. വയോജനസൗഹൃദ തദ്ദേശഭരണം എന്ന മൂന്നാം അധ്യായത്തിൽ പ്രാധാന്യവും അവകാശങ്ങളും സാധ്യതകളും മാതൃകാ പ്രോജക്ടുകളും വിശദമാക്കുന്നു. സാന്ത്വന പരിചരണവും തദ്ദേശഭരണസ്ഥാപനങ്ങളും എന്ന നാലാം അധ്യായം പാലിയേറ്റിവ്

കെയറിന്റെ ആവശ്യകതയും പ്രാധാന്യവുമാണ് ചർച്ച ചെയ്യുന്നത്. പട്ടിക ജാതിസൗഹൃദതദ്ദേശഭരണവും, പട്ടികവർഗസൗഹൃദതദ്ദേശഭരണവും എന്ന അഞ്ചും ആറും അധ്യായങ്ങളിൽ അവരുടെ അവസ്ഥയും പ്രാധാന്യവും വികസനവുമാണ് പ്രതിപാദിക്കുന്നത്. അഗതിരഹിത കേരളം (ആശ്രയ) എന്ന ഏഴാം അധ്യായത്തിൽ ആശ്രയയുടെ നൂതന സാധ്യതകൾ അവതരിപ്പിക്കുന്നു. എട്ടാം അധ്യായമായ അതിഥിതൊഴിലാളി സൗഹൃദ തദ്ദേശഭരണത്തിൽ ഈ വിഭാഗങ്ങളുടെ ക്ഷേമവും പ്രസക്തിയുമാണ് വിശദീകരിക്കുന്നത്. പോഷണ സുരക്ഷയുടെ പ്രാധാന്യവും സാധ്യതകളുമാണ് ഒമ്പതാം അധ്യായം ചർച്ച ചെയ്യുന്നത്. എല്ലാ അധ്യായങ്ങളിലും പ്രസ്തുത മേഖലയ്ക്കായുള്ള കർമ പദ്ധതികളും ആസൂത്രണ നിർദേശങ്ങളും മാതൃകാ പ്രവർത്തനങ്ങളും നൽകിയിട്ടുണ്ട്.

ഈ കൈപ്പുസ്തകം പരിശീലന പരിപാടിക്കെന്നപോലെ സമഗ്രസാമൂഹ്യ നീതി ഉറപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സഹായകരമാകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

**ഡോ. പീറ്റർ എം. രാജ്**
അസോസിയേറ്റ് പ്രൊഫസർ, കില

# ഉള്ളടക്കം


| അധ്യായം | വിഷയമേഖലകൾ | പേജ് |
|---|---|---|
| 1 | സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും | 13 |
| 2 | ബാലസൗഹൃദ തദ്ദേശഭരണം | 16 |
| 3 | ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം | 59 |
| 4 | വയോജനസൗഹൃദ തദ്ദേശഭരണം | 87 |
| 5 | സാന്ത്വന പരിചരണവും (പാലിയേറ്റീവ് കെയർ) തദ്ദേശഭരണവും | 119 |
| 6 | പട്ടികജാതിസൗഹൃദ തദ്ദേശഭരണം | 143 |
| 7 | പട്ടികവർഗസൗഹൃദ തദ്ദേശഭരണം | 157 |
| 8 | അഗതിരഹിത കേരളം (ആശ്രയ) | 174 |
| 9 | അതിഥിതൊഴിലാളി സൗഹൃദ തദ്ദേശഭരണം | 190 |
| 10 | സാമൂഹ്യനീതിയും പോഷണസുരക്ഷയും | 203 |

അധ്യായം – 1

# സാമൂഹ്യനീതിയും തദ്ദേശഭരണസ്ഥാപനങ്ങളും

ഇന്ത്യൻ ഭരണഘടന എല്ലാ പൗരർക്കും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായ നീതിയും വ്യക്തിയുടെ അന്തസ് ഉയർത്തുന്നതിനാവശ്യമായ സ്വാതന്ത്ര്യവും തുല്ല്യതയും അവസരങ്ങളും സ്ഥിതിസമത്വവും സാഹോദര്യവും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള പരിശ്രമങ്ങളും വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത് പ്രയോഗത്തിൽ വരുത്തുന്നതിന്റെ ഭാഗമായി ഇന്ത്യയിൽ ഒന്നാം പഞ്ചവത്സര പദ്ധതി മുതൽ വ്യത്യസ്തങ്ങളായ ഗ്രാമീണ വികസന പദ്ധതികളിലൂടെ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിന് നിരവധി പരിപാടികൾ ഉണ്ടായിട്ടുണ്ട്. അമ്മമാരുടേയും ശിശുക്കളുടേയും ആരോഗ്യസംരക്ഷണ കേന്ദ്രങ്ങൾ, പട്ടികജാതി, പട്ടികവർഗ വികസന പരിപാടികൾ തുടങ്ങിയവയിലൂടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾക്കായിരുന്നു ഈ രംഗത്തെ ഊന്നൽ. ദാരിദ്ര്യലഘൂകരണം, പൊതുജനാരോഗ്യം എന്നിവയ്ക്കും വിപുലമായ പദ്ധതികൾ ഉണ്ടായിരുന്നു. 1990 വരെയുള്ള അനുഭവങ്ങളുടെ വെളിച്ചത്തിൽ മനുഷ്യവികസന സൂചികകളെ അടിസ്ഥാനമാക്കിയുള്ള വേറിട്ടൊരു വികസന പരിപ്രേക്ഷ്യത്തിന് തുടക്കം കുറിച്ചു. 1992–ലെ 72, 73 ഭരണഘടനാ ഭേദഗതികളിൽ ഗ്രാമപ്പഞ്ചായത്തുകളും നഗരസഭകളും സാമൂഹ്യമാറ്റത്തിന്റെ വക്താക്കളായി മാറേണ്ടതിന്റെ പ്രാധാന്യം വ്യക്തമാക്കുകയും ചെയ്തു.

ജനനം മുതൽ മരണം വരെയുള്ള ജീവിതചക്രത്തിലെ എല്ലാ ഘട്ടങ്ങളിലും പിൻതുണ ആവശ്യമുള്ള മുഴുവൻ പേർക്കും സാമൂഹ്യനീതി ഉറപ്പാക്കത്തക്കവിധമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്ന സുഭദ്രമായ സാമൂഹ്യനീതിയാണ് കേരള സംസ്ഥാനത്തിന്റെ മുഖ്യലക്ഷ്യങ്ങളിലൊന്ന്.

1994 ലെ കേരള പഞ്ചായത്ത്/നഗരസഭ നിയമങ്ങൾ സാമൂഹ്യനീതി വിഷയങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാന ചുമതലകളിൽ ഉൾപ്പെടുത്തി. കേരളവികസനത്തിന്റെ നൂതനപ്രഭ ഈ കൈമാറ്റങ്ങളിലൂടെ ഉയർന്നുവരാൻ തുടങ്ങി. തദ്ദേശഭരണസ്ഥാപനങ്ങൾ കേവലമായ പശ്ചാത്തല സാമ്പത്തിക വികസനം എന്നതിൽ നിന്നും വ്യത്യസ്തമായ സാമൂഹ്യനീതി വികസനത്തിന്റെ മുഖ്യ വക്താക്കളായി പരിണമിക്കുകയാണ്. കുട്ടികൾ, വയോജന

ങ്ങൾ, ഭിന്നശേഷിക്കാർ, പട്ടികജാതി, പട്ടികവർഗ വിഭാഗ ജനങ്ങൾ എന്നിവരുടെ സർതോന്മുഖ വികാസവും അഗതിപുനരധിവാസം, സാന്ത്വന പരിചരണം, പോഷണാരോഗ്യം, അതിഥിതൊഴിലാളി ക്ഷേമം തുടങ്ങിയ രംഗങ്ങളിലും ജനം ഉറ്റു നോക്കുന്നത് തദ്ദേശഭരണസ്ഥാപനങ്ങളെയാണ്. ഈ ചുമതല വിജയപൂർവം ഏറ്റെടുക്കുന്നതിനാവശ്യമായ അറിവും ആഭിമുഖ്യവും സൃഷ്ടിക്കുക എന്നതാണ് ഈ വിഷയസംഗ്രഹംകൊണ്ട് പ്രതീക്ഷിക്കുന്നത്.

ഒരു പ്രദേശത്തെ മുഴുവൻ ജനങ്ങൾക്കും സുരക്ഷിതത്തോടൊപ്പം സംതൃപ്തമായ സാമൂഹിക ജീവിതവും സാമ്പത്തിക ഉന്നമനവും ഉറപ്പുവരുത്തുന്നതിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതിപ്രധാന പങ്ക് വഹിക്കാനുണ്ട്. പ്രാദേശിക സർക്കാർ എന്ന നിലയിൽ നൽകപ്പെട്ട വർധിച്ച വിഭവങ്ങളും അധികാരങ്ങളും ഉപയോഗിച്ച് ജനപങ്കാളിത്തത്തോടെ പ്രദേശത്തെ വികസനം ഉറപ്പുവരുത്താനുള്ള ചുമതലകൾ നിർവഹിക്കേണ്ടതായിട്ടുണ്ട്. പ്രാന്തവൽക്കരിക്കപ്പെട്ടവരുടെ ശാക്തീകരണത്തിന്റെയും അവകാശാധിഷ്ഠിത സമീപനത്തിന്റെയും കാഴ്ചപ്പാടിലൂന്നി എങ്ങിനെ സാമൂഹ്യനീതി ഉറപ്പാക്കാൻ സാധിക്കും എന്ന് പല തദ്ദേശഭരണസ്ഥാപനങ്ങളും തെളിയിച്ചു കഴിഞ്ഞു. സാധാരണക്കാരും പാവപ്പെട്ടവരുമായ ജനങ്ങളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് കേരളം നൽകിയ ഊന്നലാണ് മാനവവികസന സൂചികയിൽ നാം മുൻനിരയിലേക്കുയരുവാൻ അവസരമൊരുക്കിയത്.

പൊതുസമൂഹത്തിന്റേയും പട്ടികജാതി, പട്ടികവർഗക്കാർ, വയോജനങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടേയും ജീവിതനിലവാരവും ഇല്ലായ്മകളും മനസ്സിലാക്കി ഇടപെടൽ തന്ത്രം രൂപീകരിക്കേണ്ടതാണ്. ഇതിനായി തദ്ദേശഭരണസ്ഥാപനതല മാനവവികസന സൂചികകൾ രൂപപ്പെടുത്തേണ്ടതുണ്ട്. തൊഴിൽ പങ്കാളിത്തം, സാക്ഷരതാനിരക്ക്, ശൗചാലയങ്ങൾ, കുടിവെള്ളം, വീട്, സ്വത്തിന്റെ ലഭ്യതയും, ഉടമസ്ഥതയും, ആയുർദൈർഘ്യം, ശിശു-മാതൃ മരണനിരക്ക്, പഞ്ചായത്തുതല ആളോഹരി വരുമാനം, ദാരിദ്ര്യരേഖക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം, പോഷണനിലവാരം മുതലായ ഘടകങ്ങളാണ് പഞ്ചായത്തുതല മാനവവികസന നിലവാരം അളക്കാൻ ഉപയോഗിക്കാവുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണസ്ഥാപനതലത്തിൽ തന്നെയുള്ള വിവിധ മേഖലകളുടെ താരതമ്യ വികസന നിലവാരവും അളക്കാൻ സാധിക്കും.

## വിഷയമേഖലാ കാഴ്ചപ്പാട്, നയസമീപനം, തന്ത്രം

ഓരോ വിഷയമേഖലയുടേയും നിലവിലുള്ള അവസ്ഥ വിശകലനം ചെയ്ത് അതിൽനിന്നും ജനത്തെ ഗുരുതരമായി ബാധിക്കുന്ന പ്രശ്നങ്ങൾ ഏതെല്ലാമെന്ന് നിർണയിക്കുകയും അതിൽ ആദ്യം പരിഗണിക്കേണ്ടത് ഏതെന്ന് കണ്ടെത്തുകയും ചെയ്യണം. അതിന്റെ അടിസ്ഥാനത്തിൽ ഓരോ വിഷയമേഖലയുടെയും ദീർഘകാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനുള്ള വികസന കാഴ്ചപ്പാടും, നയസമീപനവും നിർണയിക്കുകയും അവ നേടുന്നതിനാവശ്യമായ തന്ത്രങ്ങൾ കണ്ടെത്തുകയും വേണം. ഓരോ പ്രവർത്തനവും സൂക്ഷ്മതലത്തിൽ നൂറ് ശതമാനവും വിജയകരമാക്കുന്നതിനുള്ള

ശ്രദ്ധാപൂർവമായ ആസൂത്രിത നീക്കമാണ് വേണ്ടത്. ഉദാഹരണമായി ആവശ്യമുള്ള എല്ലാവർക്കും പൂരകപോഷകാഹാരം ലഭ്യമാക്കുകയും മുഴുവൻ ഗുണഭോക്താക്കളുടേയും പോഷകാഹാര നിലവാരം ഉയരുകയും ചെയ്യുമ്പോഴാണ് പൂരകപോഷകാഹാര വിതരണം എന്ന പരിപാടി വിജയിക്കുന്നത്.

വികസനലക്ഷ്യങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കുന്നതിനുമുമ്പ് ഓരോ വിഷയമേഖലയിലേയും നിലനിൽക്കുന്ന വെല്ലുവിളികൾ സൂക്ഷ്മവിശകലനത്തിന് വിധേയമാക്കണം. ഓരോ മേഖലയുടെയും അടിസ്ഥാന വിവരങ്ങൾ ശേഖരിച്ചും വിശകലനം ചെയ്തും മാത്രമേ യഥാർഥ പ്രശ്നങ്ങൾ കണ്ടെത്താനും പരിഹാരത്തിനായുള്ള ലക്ഷ്യങ്ങൾ നിർണയിക്കാനും കഴിയൂ. ഇവിടെയാണ് വർക്കിങ് ഗ്രൂപ്പ് റിപ്പോർട്ടുകളുടെയും വിവരശേഖരത്തിന്റെയും, സ്പെഷൽ ഗ്രാമസഭ സംഘാടനത്തിന്റെയും പ്രസക്തി. ഈ വിവരശേഖരത്തിൽ നിന്നും ശാസ്ത്രീയ വിശകലനം വഴി വികസന ലക്ഷ്യങ്ങളും തന്ത്രങ്ങളും ആവിഷ്കരിക്കാൻ കഴിയും. പ്രശ്നപരിഹാരത്തിനുള്ള എല്ലാ സാധ്യതകളും പരിശോധിക്കയും വേണം. ജില്ലാ ആസൂത്രണ സമിതിയുടെ നേതൃത്വത്തിൽ ജില്ലാതലത്തിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളുടെയും സംയോജിത പ്രവർത്തനങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്.

## പ്രാദേശിക പരിപാടികൾ രൂപപ്പെടുത്തുന്നതിനുള്ള രീതി

- സ്ഥിതിവിവരകണക്കുകളുടെ ശേഖരണവും അപഗ്രഥനവും (സ്പെഷൽ ഗ്രാമസഭ ഉൾപ്പടെ)
- വികസന സൂചികകൾ നിർണയിക്കുക
- പ്രശ്നങ്ങൾ കണ്ടെത്തുക
- പ്രശ്നങ്ങളുടെ ലഘുഗുരുത്വം നിർണയിക്കുക
- വെല്ലുവിളികളും സാധ്യതകളും പരിശോധിക്കുക
- പ്രശ്നപരിഹാരത്തിനുള്ള ലക്ഷ്യങ്ങൾ നിർണയിക്കുക

സാമൂഹികനീതി പ്രാവർത്തികമാക്കുന്നതിന് ഏറ്റവും സാധ്യതയുള്ള തലമാണ് തദ്ദേശഭരണസ്ഥാപനങ്ങൾ. പൗരരുടെ സാമൂഹിക അവസ്ഥ, സാമ്പത്തിക പദവി ഇവയൊക്കെ ഏറ്റവും നന്നായി മനസ്സിലാക്കാൻ കഴിയുന്നത് പ്രാദേശിക ഭരണസ്ഥാപനങ്ങൾക്കാണ്. സമൂഹത്തിന്റെ പൊതുവായ ഏത് നേട്ടങ്ങളുടെയും പുനർവിതരണത്തിൽ, വസ്തുനിഷ്ഠമായ തീരുമാനങ്ങളെടുക്കാൻ അവക്ക് കഴിയും അതാകട്ടെ ഏറ്റവും സുതാര്യമായ രീതിയിൽ ചെയ്യാനുള്ള സാധ്യതയും തദ്ദേശഭരണസ്ഥാപനങ്ങളിലുണ്ട്. മനുഷ്യജീവിതത്തെ കാതലായി ബാധിക്കുന്ന സാമൂഹ്യരംഗത്തെ ഇടപെടലുകൾ അതുകൊണ്ടുതന്നെ ഏറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്.

അധ്യായം - 2

# ബാലസൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 2.1 | കുട്ടികളുടെ പ്രാധാന്യം | 17 |
| 2.2 | ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015 | 19 |
| 2.3 | കുട്ടികളുടെ വികാസം | 30 |
| 2.4 | പ്രാദേശിക സർക്കാരും കുട്ടികളുടെ പ്രശ്നങ്ങളും | 32 |
| 2.5 | ബാലസൗഹൃദ പ്രാദേശിക ഭരണം- കുട്ടികളുടെ അവകാശങ്ങൾ | 36 |
| 2.6 | മാതൃകാ പ്രവർത്തനങ്ങൾ | 50 |
| 2.7 | ബാലസൗഹൃദഭരണം കർമപദ്ധതി | 56 |

## 2.1 കുട്ടികളുടെ പ്രാധാന്യം

73, 74 ഭരണഘടനാ ഭേദഗതികൾക്കനുസൃതമായി തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ജനങ്ങളുടെ നിത്യജീവിതവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഭരണസംവിധാനമെന്ന നിലയിൽ കുട്ടികളുടെ ശാക്തീകരണവും ബാലസൗഹൃദപരമായ പ്രവർത്തനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്തേ മതിയാകു. കുട്ടികളുടെ വികസന മേഖലയിൽ ഇന്ന് കേരളം നേരിടുന്ന പല വെല്ലുവിളികൾക്കും പ്രാദേശികമായി പരിഹാരം കണ്ടെത്തേണ്ടത് അനിവാര്യമാണ്.

കുട്ടികളുടെ അന്താരാഷ്ട്ര അവകാശ ഉടമ്പടിയിൽ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാവരേയും കുട്ടികളായി കണക്കാക്കുന്നുവെന്ന് നിർവചിച്ചിട്ടുണ്ട്. (യു എൻ സി ആർ സി ആർട്ടിക്കിൾ 1) ഇന്ത്യയിലെ ബാലനീതി നിയമവും ഇതേ നിർവചനമാണ് കുട്ടികളെ നിർണയിക്കുവാൻ കണക്കാക്കിയിട്ടുള്ളത്. എന്നാൽ പല നിയമങ്ങളിലും പ്രായം ഒരുപോലെയല്ല കണക്കാക്കിയിട്ടുള്ളത്.

| നമ്പർ | നിയമത്തിന്റെ പേര് | വയസ്സ് |
|---|---|---|
| 1 | ബാലവേലനിരോധന നിയമം 1986 | 14 |
| 2 | അപ്പരന്റ്ഷിപ്പ് ആക്ട് 1961 | 14 |
| 3 | പ്ലാന്റേഷൻ ലേബർ ആക്ട് 1951 | 14 |
| 4 | ഫാക്ടറീസ് ആക്ട് 1948 | 14 |
| 5 | മൈൻസ് ആക്ട് 1952 | 18 |
| 6 | ആംഡ് ഫോഴ്സസ് റിക്രൂട്ട്മെന്റ് ആക്ട് | 16 |
| 7 | ഇന്ത്യൻ മാര്യേജ് ആക്ട് | പെൺകുട്ടി 18<br>ആൺകുട്ടി 21 |

മേൽപ്പറഞ്ഞ നിയമങ്ങൾ പരിശോധിച്ചാൽ കുട്ടി എന്ന നിർവചനത്തിന്റെ ഉയർന്ന പ്രായപരിധി 14 മുതൽ 21 വരെ ആയിരിക്കുന്നത് കാണാവുന്നതാണ്. അതുകൊണ്ടുതന്നെ സവിശേഷനിയമങ്ങളിൽ പ്രതിപാദിക്കുന്നതൊഴിച്ച് കുട്ടികളെ സംബന്ധിച്ച എല്ലാ കാര്യങ്ങൾക്കും 18 വയസ്സ് എന്ന പ്രായപരിധി തന്നെയായിരിക്കും കുട്ടിയെ നിർണയിക്കുവാൻ കണക്കാക്കുന്നത്.

## കുട്ടികളെ സംബന്ധിച്ച ഭരണഘടനാ കാഴ്ചപ്പാട്

1948-ലെ അന്താരാഷ്ട്ര മനുഷ്യാവകാശ പ്രഖ്യാപനശേഷം (ഡിസംബർ 10) സമ്പൂർണമാക്കിയ ഇന്ത്യൻ ഭരണഘടനയിൽ കുട്ടികളുടെ ക്ഷേമത്തിനും വികസനത്തിനും നിരവധി നിർദേശങ്ങൾ നൽകിയിട്ടുണ്ട്. ഭരണഘടനയുടെ മൗലികാവകാശങ്ങളിൽ 21(എ) അനുസരിച്ച് കുട്ടികൾക്ക് നിർബന്ധിത വിദ്യാഭ്യാസവും 24 ൽ ബാലവേല നിരോധനവും ഉൾക്കൊള്ളിച്ചിട്ടുണ്ട്. നിർദേ

ശകതത്വങ്ങളിൽ ആർട്ടിക്കിൾ 39 ൽ കുട്ടികളെ എല്ലാവിധ ചൂഷണങ്ങളിൽ നിന്നും പരിരക്ഷിക്കണമെന്നും ഇളംപ്രായക്കാർക്ക് ആരോഗ്യത്തോടെ വികാസം പ്രാപിക്കുന്നതിന് ആവശ്യമായ സേവനങ്ങൾ ഒരുക്കുന്നതിനും നിർദേശിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി 1974-ൽ കുട്ടികൾക്കായി ഒരു ദേശീയ നയം പ്രഖ്യാപിക്കുകയും 1975-ൽ ഐസിഡിഎസ് പരിപാടി ആരംഭിക്കുകയും ചെയ്തു. കുട്ടികളുടെ ബലഹീനാവസ്ഥയും സംരക്ഷിക്കപ്പെടാനുള്ള അവരുടെ അവകാശവും തിരിച്ചറിഞ്ഞ് നിർമിക്കപ്പെട്ടിരിക്കുന്നതാണ് നമ്മുടെ രാജ്യത്തിന്റെ ഭരണഘടനയിലെ നിർദേശങ്ങൾ.

### കുട്ടികളുമായി ബന്ധപ്പെട്ട ദേശീയനയങ്ങൾ

കുട്ടികൾ രാഷ്ട്രത്തിന്റെ അമൂല്യ സമ്പത്താണെന്ന് കുട്ടികൾക്കായുള്ള ദേശീയ നയം പ്രഖ്യാപിക്കുന്നു. 1974 ഓഗസ്റ്റിലാണ് ഭാരത് സർക്കാർ ഈ നയം പ്രഖ്യാപിച്ചത്. ക്ഷേമസമീപനം സ്വീകരിച്ചിരുന്ന ഈ നയം ഒരു നിശ്ചിത കാലയളവിനുള്ളിൽ കുട്ടികളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കണമെന്ന് നിർദേശിച്ചിരുന്നു. മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതിനോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പുവരുത്തുവാനും കഴിയേണ്ടതുണ്ട് 'കുട്ടികൾക്കനുയോജ്യമായ ഒരു ലോകം സൃഷ്ടിക്കുക' എന്ന അന്താരാഷട്ര സമീപനം തന്നെയാണ് ദേശീയ നയത്തിനുള്ളത്. കുട്ടികളുടെ അതിജീവനം, ആരോഗ്യം, പോഷണം, വികസനം, വിദ്യാഭ്യാസം, സുരക്ഷിതത്വം, പങ്കാളിത്തം എന്നിവയാണ് 2013 ൽ പുനരാവിഷ്കരിച്ച ദേശീയനയത്തിന്റെ മുൻഗണനകൾ. ഈ നയം എല്ലായിടത്തും പ്രാവർത്തികമാക്കുന്നതിനുള്ള മഹത്തായ യത്നത്തിന്റെ ഭാഗമാണ് ബാലസൗഹൃദഭരണം.

- കുട്ടികൾക്കായുള്ള ദേശീയ നയം (1974, 2013)
- ഭിന്നശേഷിയുള്ളവർക്കായുള്ള ദേശീയ നയം (1985)
- ദേശീയ വിദ്യാഭ്യാസ നയം (1986, 1992)
- ബാലവേല സംബന്ധിച്ച ദേശീയ നയം (1987)
- ദേശീയ പോഷകാഹാര നയം (1993)
- ദേശീയ ആരോഗ്യ നയം (2002, 2013)

### കേരളസംസ്ഥാന നയങ്ങൾ

- നിർഭയ സ്റ്റേറ്റ് പോളിസി, 2012
- സംസ്ഥാന പോഷകാഹാര നയം (2014)
- ഭിന്നശേഷിയുള്ളവർക്കായുള്ള സംസ്ഥാന നയം (2015)
- സംസ്ഥാന ശിശുനയം, 2016

### കുട്ടികളുടെ പ്രധാനപരിരക്ഷാ നിയമങ്ങൾ

### കുട്ടികൾക്കായുള്ള ദേശീയ ചാർട്ടർ (National charter for children)

കുട്ടികൾക്കായുള്ള അന്തർദേശീയ പ്രഖ്യാപനം പൂർണമായും ഉറപ്പുവരുത്തണം എന്ന ഉദ്ദേശത്തോടെ 2004 ഫെബ്രുവരി 9 ന് കുട്ടികൾക്കായുള്ള

ദേശീയ ചാർട്ടർ (2003) പ്രസിദ്ധീകരിക്കപ്പെട്ടു. എല്ലാ കുട്ടികൾക്കും ആരോഗ്യ കരമായ വളർച്ചയും വികാസവും ഉറപ്പുവരുത്തുന്നതോടൊപ്പം കുട്ടികളെ എല്ലാവിധ ദുരുപയോഗങ്ങളിൽ നിന്നും പരിരക്ഷിക്കുന്നതിനും കുടുംബ സംവിധാനം ശക്തിപ്പെടുത്തുന്നതിനും സാമൂഹ്യ മനഃസാക്ഷി ഉയർത്തിക്കൊണ്ടു വരുവാൻ ഈ നിയമം വിഭാവനം ചെയ്യുന്നു. ഈ നിയമത്തിന്റെ ഭാഗമായിട്ടാണ് ബാലാവകാശ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്.

## 2.2 ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) നിയമം 2015 (Juvenile Justice (Care & Protection of Children Act 2015)

നാളിതുവരെ നിലനിന്നിരുന്ന കുട്ടികളെ സംബന്ധിക്കുന്ന നിയമങ്ങൾ അവലോകനം ചെയ്തും അന്താരാഷ്ട്ര നിയമങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടുകൊണ്ടും സുരക്ഷിതമായ ബാല്യം ഉറപ്പാക്കുന്നതിനായി സമഗ്രമായ ബാലനീതി നിയമം സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയത്. ഈ നിയമത്തിൽ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടി (CHILD IN CONFLICT WITH LAW), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടി (CHILD IN NEED OF CARE & PROTECTION) എന്നിങ്ങനെ പ്രത്യേക ശ്രദ്ധവേണ്ട കുട്ടികളെ രണ്ടായി തരംതിരിക്കുകയും ചെയ്യുന്നു. നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്കുവേണ്ടി ജുവനൈൽ ജസ്റ്റിസ് ബോർഡും (JJB), ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്കുവേണ്ടി ചൈൽഡ് വെൽഫയർ കമ്മിറ്റിയും (CWC) എല്ലാ ജില്ലകളിലും രൂപീകരിക്കുവാൻ ഈ നിയമം നിർദേശിക്കുന്നു. ദത്തെടുക്കൽ, സ്പോൺസർഷിപ്പ്, ഫോസ്റ്റർ കെയർ എന്നിവയ്ക്കുവേണ്ടി CARA (Central Adoption Resource Authority), കുട്ടികളുടെ സുരക്ഷിതത്വത്തിനായി സ്പെഷ്യൽ ജൂവനൈൽ പോലീസ് യൂണിറ്റ് (SJPU), ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകൾ (DCPU), സ്പെഷ്യൽ ഹോം, ചിൽഡ്രൻസ് ഹോം, ഒബ്സർവേഷൻ ഹോം, തുടങ്ങിയവ സ്ഥാപിക്കുന്നതിനും ബാലനീതി നിയമം നിർദേശിക്കുന്നു.

### ലൈംഗിക അതിക്രമങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്ന നിയമം 2012 (POCSO Act 2012)

കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ഫലപ്രദമായി നേരിടാനുള്ള സമഗ്രമായ ഒരു നിയമമാണിത്. ലൈംഗിക ആക്രമണം, ലൈംഗിക പീഡനം, അശ്ലീലത തുടങ്ങിയ കുറ്റകൃത്യങ്ങളിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതിനും അങ്ങനെയുള്ള കുറ്റകൃത്യങ്ങളുടെ വിചാരണയ്ക്കുവേണ്ടി സ്പെഷ്യൽ കോടതികൾ സ്ഥാപിക്കുന്നതിനും അതുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾക്കും വേണ്ടിയാണ് ഈ നിയമം. കുട്ടിയെ നിയമവിരുദ്ധമായി ലൈംഗിക കൃത്യങ്ങളിൽ ഏർപ്പെടാൻ പ്രേരിപ്പിക്കുകയും നിർബന്ധിക്കുകയും ചെയ്യുക, വേശ്യാവൃത്തിക്കോ മറ്റ് നിയമവിരുദ്ധ ലൈംഗിക പ്രവർത്തനങ്ങൾക്കോ വേണ്ടി കുട്ടികളെ ചൂഷണം ചെയ്യുക, അശ്ലീല വസ്തുക്കൾ നിർമിക്കുന്നതിനും അവ അനുകരിക്കുന്നതിനും കുട്ടികളെ ഉപയോഗിക്കുക എന്നീ സാഹചര്യങ്ങൾ ഫലപ്രദമായി തടയുന്നതിനുവേണ്ടിയാണ് ഇത്തരമൊരു നിയമം സർക്കാർ പ്രാബല്യത്തിൽ വരുത്തിയത്.

**ICPS പദ്ധതി (Integrated Protection Scheme)**

വനിതാ ശിശു വികസന വകുപ്പിന് കീഴിലുള്ള ഐസിപിഎസ് പദ്ധതി വിവിധതലങ്ങളിൽ മോണിട്ടർ ചെയ്യുന്നതിനും നിയന്ത്രിക്കുന്നതിനുമായി ജില്ലാ, ബ്ലോക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിക്കണമെന്ന് സർക്കാർ നിർദേശിച്ചിട്ടുണ്ട്. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടെ അധ്യക്ഷതയിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിക്കേണ്ടതും വിവിധ മേഖലകളിൽ കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തേണ്ടതുമാണ്.

**ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (Child Protection Committee) രൂപീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗരേഖ**

കുട്ടികളുടെ ജീവനും ക്ഷേമകരമായ ജീവിതവും നിലനിർത്തുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം അതിന് ബാധ്യസ്ഥരായ മാതാപിതാക്കളിൽ നിക്ഷിപ്തമാണെങ്കിലും ഇത് ഉറപ്പാക്കപ്പെടുന്നതിൽ സർക്കാരിന്റെയും സമൂഹത്തിന്റെയും പങ്ക് നിർണായകമാണ്. ഈ സാഹചര്യത്തിലാണ് സംയോജിത ബാലസംരക്ഷണപരിപാടിയുടെ രൂപരേഖയിൽ സംസ്ഥാനങ്ങൾ കുട്ടികളുടെ അവകാശങ്ങൾ താഴെതലം മുതൽ സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ, അതിനാവശ്യമായ സാമൂഹ്യാധിഷ്ഠിത സുരക്ഷാസമിതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യണമെന്ന് നിർദേശിച്ചിട്ടുള്ളത്. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (Child Protection committee) അത്തരത്തിലുള്ള സംവിധാനമായി ഉയർത്തിക്കൊണ്ട് വരുന്നത് കുട്ടികൾക്കെതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും ബാലാവകാശ നിഷേധങ്ങൾ പരിശോധിക്കുന്നതിനും ഫലപ്രദമായി ഇടപെടുന്നതിനുള്ള സംവിധാനമാക്കി മാറ്റണമെന്നുമാണ് പ്രതീക്ഷ. കേരളം സൽഭരണരംഗത്ത് പ്രത്യേകിച്ച് പ്രാദേശിക ഭരണത്തിൽ നൂതനമായ രീതികൾ ആവിഷ്കരിക്കുന്നതിൽ എന്നും മുന്നിലാണ്. നമ്മുടെ രാജ്യത്ത് വികേന്ദ്രീകൃത ഭരണക്രമം രൂപപ്പെടുത്തുന്നതിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ വഴി 'ഫണ്ട്, ഫങ്ഷൻസ്, ഫങ്ഷനറീസ്' എന്നിവ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറിക്കൊണ്ട് നൂതനപാത വെട്ടിത്തുറന്ന സംസ്ഥാനം കേരളമാണ്. ഈ പശ്ചാത്തലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി രൂപീകരിച്ച് ഫലപ്രദമായി നടപ്പാക്കുന്ന കാര്യത്തിലും സംസ്ഥാനം പിന്നിലാകരുത്. ഈ വസ്തുതകൾ കണക്കിലെടുത്ത് ഉത്തരവായിട്ടുള്ളതാണ്. ഈ ബാലസുരക്ഷ സമിതി മാർഗരേഖ ജി.ഒ. (എംഎസ്) നം.68/2012 /എസ് ജെഡി തിയതി.9-11-2012 ഉം, ജി.ഒ. (ആർടി) നം. 44/2012 ഉളസ്ജെഡി തിയതി. 3.7.2017. ഇത് ഇന്റഗ്രേറ്റഡ് ചൈൽഡ് പ്രൊട്ടക്ഷൻ സ്കീമിൽ പ്രതിപാദിച്ചിട്ടുള്ള നിലവാരവും, സമീപനവും സ്വീകരിച്ചുകൊണ്ടും (മോണിട്ടറിങ്ങ് ഇൻ ഐ.സി.പി. എസ് ഗൈഡ്ലൈൻ) സംസ്ഥാനത്തെ വികേന്ദ്രീകൃത ആസൂത്രണ രംഗത്തെ പരിചയസമ്പത്തും ഉൾക്കൊണ്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. മൂന്ന് തട്ടുകളിലായുള്ള ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികളുടെ ഭാരവാഹികൾക്ക് പ്രവർത്തന സഹായി എന്ന നിലയിലാണ് ഈ മാർഗരേഖ തയ്യാറാക്കിയിട്ടുള്ളത്.

### സമിതിയുടെ ലക്ഷ്യങ്ങൾ

1. ബാലാവകാശങ്ങളെകുറിച്ച് സമൂഹത്തിന് ബോധ്യം വരത്തക്കവിധമുള്ള അവബോധം സൃഷ്ടിക്കുക
2. കുട്ടികളുടെ സുരക്ഷയും പരിചരണവുമായി ബന്ധപ്പെട്ട് മാതാപിതാക്കളിലും സമൂഹത്തിലും അനുഗുണമായ പെരുമാറ്റ രീതി, മാറ്റങ്ങൾ പ്രോത്സാഹിപ്പിക്കുക.
3. സമൂഹത്തിൽ എവിടെയെങ്കിലും ബാലാവകാശധ്വംസനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അത് റിപ്പോർട്ട് ചെയ്യുകയും മോണിട്ടറിങ്ങ് നടത്തുകയും ചെയ്യുക.
4. കുട്ടികൾക്കായുള്ള സർക്കാർ പരിപാടികൾ, പദ്ധതികൾ എന്നിവ സംബന്ധിച്ച് സമൂഹത്തിന് അറിവ് പകരുക.
5. സമൂഹത്തിലെ അപായസാധ്യതയുള്ള കുട്ടികളുടെ പട്ടിക തയ്യാറാക്കി (വൾണറബിലിറ്റി മാപ്പിങ്ങ്) ചൈൽഡ് പ്രൊട്ടക്ഷൻ പ്ലാൻ രൂപപ്പെടുത്തി തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതിയുടെ ഭാഗമാക്കുക.
6. തദ്ദേശഭരണസ്ഥാപനത്തിൽ കുട്ടികൾക്കായുള്ള പദ്ധതികൾ മോണിട്ടർ ചെയ്യുക.
7. തദ്ദേശഭരണ പ്രദേശത്തെ സാമൂഹ്യ സാഹചര്യങ്ങളും, പൊതുഇടങ്ങളും ബാലസൗഹൃദമാണെന്ന് ഉറപ്പുവരുത്തുക.
8. ബാലനീതിനിധി സംഭരിക്കുന്നതിന് സഹായം നൽകുക.
9. കുട്ടികളുടെ വാർഷിക അവസ്ഥാപഠനരേഖ തയ്യാറാക്കി കുട്ടികൾക്കായുള്ള ആസൂത്രണത്തെ സമ്പുഷ്ടമാക്കുക.
10. കുട്ടികളുടെ സംരക്ഷണം വികസനം എന്നീ മേഖലകളിലെ വിവരശേഖരണ കേന്ദ്രമായി പ്രവർത്തിക്കുക.

### ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (സിപിസി)

കുട്ടികളുടെ അവകാശങ്ങൾ, ക്ഷേമജീവിതം, സുരക്ഷ എന്നിവ ഉറപ്പാക്കപ്പെടുന്നതിന് അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും അത് പരിരക്ഷിക്കുന്നതിനുമായി രൂപീകരിക്കപ്പെടുന്ന ഔദ്യോഗിക സ്ഥാനങ്ങൾ അലങ്കരിക്കുന്നവരും പൊതുവ്യക്തികളും അടങ്ങുന്ന ഒരു സാമൂഹ്യാധിഷ്ഠിത സംഘടനയാണ് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി. കുട്ടികളുടെ സുരക്ഷയെ ബാധിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് യുക്തമായ നടപടികൾ സ്വീകരിക്കുന്നതിനും പ്രതികരിക്കുന്നതിനും റിപ്പോർട്ട് ചെയ്യുന്നതിനും ഈ സമിതിക്ക് ചുമതലയുണ്ട്. സമൂഹത്തിലുള്ള ബാലസുരക്ഷാ പ്രശ്നങ്ങൾ ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റുമായി ബന്ധപ്പെട്ട സമിതികൾ നിർവഹിക്കേണ്ടതാണ്. ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ കുട്ടികളുടെ സുരക്ഷാപ്രശ്നപരിഹാരത്തിനായി വാർഷിക കർമപദ്ധതി തയ്യാറാക്കേണ്ടതും കൈക്കൊള്ളുന്ന നടപടികൾ ഐ.സി.പി.എസ് സംസ്ഥാനതലത്തിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള കമ്മിറ്റിക്ക് അയച്ചുകൊടുക്കേണ്ടതുമാണ്. കുട്ടികളുടെ അവകാശസംരക്ഷണത്തെക്കുറിച്ചും സംരക്ഷണാവകാശത്തെ സംബന്ധിച്ചും ബോധവൽക്കരണം സംഘടിപ്പിക്കുകയും ബന്ധപ്പെട്ട ചുമതലക്കാരെ ബോധവൽക്കരിക്കേണ്ടതും പങ്കാളികളാക്കേണ്ടതുമാണ്.

തദ്ദേശഭരണസ്ഥാപനങ്ങളുടെ മൂന്ന് തലങ്ങളിലും ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഒന്നാം തലം പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ, രണ്ടാംതലം ബ്ലോക്ക് പഞ്ചായത്ത്, മൂന്ന് ജില്ലാതലം. എല്ലാ തലത്തിലും തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, കുട്ടികൾ, കമ്യൂണിറ്റി അംഗങ്ങൾ എന്നിവർ പ്രതിനിധാനം ചെയ്യുന്ന സാമൂഹ്യാധിഷ്ഠിത സംഘടനയായി സമിതി പ്രവർത്തിക്കേണ്ടതാണ്.

## തദ്ദേശഭരണതലം 1– പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ

താഴെ നൽകിയിട്ടുള്ള ഘടനയ്ക്കനുസൃതമായി ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിരൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്.

### 1. പഞ്ചായത്തുതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർ പേഴ്സൺ |
| 3 | ICDS സൂപ്പർവൈസർ | മെമ്പർ സെക്രട്ടറി |
| 4 | കുട്ടികളുടെ പ്രതിനിധികൾ 2 പേർ (ചെയർപേഴ്സൺ നോമിനി) | അംഗങ്ങൾ |
| 5 | ഒരു DCPS പ്രതിനിധി (ചെയർപേഴ്സൺ നോമിനി) | അംഗം |
| 6 | അങ്കണവാടി ടീച്ചർ (DWCO നോമിനി) | അംഗം |
| 7 | DEO നാമനിർദേശം ചെയ്യുന്ന ടീച്ചർമാർ (ഒരോ സ്കൂളിൽ നിന്നും ഒരാൾ വീതം) | അംഗങ്ങൾ |
| 8 | JPHN (ഡിസ്ട്രിക്ട് മാസ്സ് മീഡിയ ഓഫീസർ നോമിനി) | അംഗം |
| 9 | 2 സാമൂഹ്യ പ്രവർത്തകർ (ചെയർപേഴ്സൺ നോമിനി) | അംഗങ്ങൾ |

### 2. മുനിസിപ്പാലിറ്റിതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | മുനിസിപ്പൽ ചെയർപേഴ്സൺ | ചെയർപേഴ്സൺ |
| 2 | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3 | CDPO | കൺവീനർ |
| 4 | മെഡിക്കൽ ഓഫീസർ | അംഗം |

| | | |
|---|---|---|
| 5 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ പ്രതിനിധി | അംഗം |
| 6 | ഡെ. സൂപ്രണ്ട് ഓഫ് പോലീസ് | അംഗം |
| 7 | മുനിസിപ്പൽ സെക്രട്ടറി | അംഗം |
| 8 | അസി. ലേബർ ഓഫീസർ | അംഗം |
| 9 | ജില്ലാതല പട്ടികജാതി വികസന ഓഫീസർ/പ്രതിനിധി | അംഗം |
| 10 | താലൂക്ക് ഡെവലപ്മെന്റ് ഓഫീസർ | അംഗം |
| 11 | കുടുംബശ്രീ പ്രതിനിധി | അംഗം |
| 12 | DCPO /പ്രതിനിധി | അംഗം |

### 3. മുനിസിപ്പൽ കോർപ്പറേഷൻതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | കോർപ്പറേഷൻ മേയർ | ചെയർപേഴ്സൺ |
| 2 | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ (വെൽഫെയർ) | വൈസ് ചെയർപേഴ്സൺ |
| 3 | CDPO | കൺവീനർ |
| 4 | കോർപ്പറേഷൻ മെഡിക്കൽ ഓഫീസർ | അംഗം |
| 5 | സോഷ്യൽ ജസ്റ്റിസ് ഓഫീസർ | അംഗം |
| 6 | വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ | അംഗം |
| 7 | ഡെ. സൂപ്രണ്ട് ഓഫ് പോലീസ് (DCRB) | അംഗം |
| 8 | കോർപ്പറേഷൻ കമ്മീഷണർ (സെക്രട്ടറി) | അംഗം |
| 9 | ഡെ. ലേബർ ഓഫീസർ | അംഗം |
| 10 | ജില്ലാതല പട്ടികജാതി വികസന ഓഫീസർ | അംഗം |
| 11 | ജില്ലാതല പട്ടികവർഗ വികസന ഓഫീസർ | അംഗം |
| 12 | ചൈൽഡ്ലൈൻ കോർഡിനേറ്റർ | അംഗം |
| 13 | DCPO /പ്രതിനിധി | അംഗം |
| 14 | കുടുംബശ്രീ മിഷൻ ഓഫീസർ | അംഗം |

### തദ്ദേശഭരണതലം 2- ബ്ലോക്ക് പഞ്ചായത്ത്

ബ്ലോക്ക്ലെവൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി ഗ്രാമപ്പഞ്ചായത്തുതല സമിതികളുടെ രൂപീകരണം, ആസൂത്രണം ബഡ്ജറ്റിങ്ങ്, ബോധവൽക്കരണം തുടങ്ങിയ മേഖലകളിൽ ഐ.സി.പി.എസ് മാർഗരേഖ നിർദേശങ്ങൾക്കനുസൃതമായി ജില്ലാതല ബാലസുരക്ഷാ കമ്മിറ്റിയുമായി പിൻതുണാ സഹായത്തിന് താഴെ നൽകിയിട്ടുള്ള ഘടനയ്ക്കനുസൃതമായി ബാലസുരക്ഷാ സമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ഓരോ ത്രൈമാസത്തിലും ഗ്രാമപ്പഞ്ചായത്ത് സമിതികളുടെ റിപ്പോർട്ട് ശേഖരിച്ച് കൈക്കൊണ്ട തീരുമാനങ്ങൾ രേഖപ്പെടുത്തി ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിന് നൽകേണ്ടതാണ്.

**4. ബ്ലോക്ക്തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി**

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | CDPO | മെമ്പർ സെക്രട്ടറി |
| 3 | ഒരു DCPS പ്രതിനിധി (DCPS നോമിനി) | അംഗം |
| 4 | അസി. എഡ്യുക്കേഷൻ ഓഫീസർ | അംഗം |
| 5 | PCPS ചെയർപേഴ്സൺ | അംഗം |
| 6 | ബഹുമാന്യ സാമൂഹ്യ പ്രവർത്തകർ (പ്രസിഡന്റ് നോമിനി) | അംഗങ്ങൾ |

### തദ്ദേശഭരണതലം 3- ജില്ലാപഞ്ചായത്ത്

ഐ.സി.പി.എസ് പരിപാടിയുടെ ജില്ലാതല പ്രവർത്തന-നിർവഹണത്തിന് ജില്ലാതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റിക്ക് ആവശ്യമായ മാർഗനിർദേശങ്ങൾ നൽകുന്നതിനായി താഴെ നൽകിയിട്ടുള്ള ഘടനയ്ക്കനുസൃതമായി ബാലസുരക്ഷാ സമിതി രൂപീകരിച്ച് പ്രവർത്തിക്കേണ്ടതാണ്. ജില്ലയിലെ അവസ്ഥയ്ക്കനുസൃതമായി വികസന പരിപാടികളുടെ പ്രവർത്തന വിലയിരുത്തലും മോണിട്ടറിങ്ങും ഈ സമിതി നിർവഹിക്കേണ്ടതാണ്.

**5. ജില്ലാതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി**

| ക്ര.നം | മെമ്പർമാർ | പദവി |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | ജില്ലാ കലക്ടർ | കോ. ചെയർ പേഴ്സൺ |
| 3 | DCPO | മെമ്പർ സെക്രട്ടറി |
| 4 | ഡിസ്ട്രിക്ട് പ്രൊബേഷൻ ഓഫീസർ | അംഗം |
| 5 | ഡി. മെഡിക്കൽ ഓഫീസർ | അംഗം |

| | | |
|---|---|---|
| 6 | ഡി. ലേബർ ഓഫീസർ | അംഗം |
| 7 | ഡി. വിദ്യാഭ്യാസ ഓഫീസർ | അംഗം |
| 8 | JJB, CWC (ഓരോ പ്രതിനിധി ചെയർപേഴ്സൺ നോമിനികൾ) | അംഗങ്ങൾ |
| 9 | ജില്ലാ പോലീസ് സൂപ്രണ്ട് | അംഗം |
| 10 | റെയിൽവേ ഡിവിഷണൽ ഓഫീസർ | അംഗം |

## എ) ചുമതലകൾ – ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (DCPC)

1. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്ലെവൽ സമിതികളുടെ രൂപീകരണത്തിന് സാധ്യത ഒരുക്കുക.
2. മേൽപ്പറഞ്ഞ സമിതികളിലെ അംഗങ്ങൾക്ക് പരിശീലനം ഒരുക്കുക
3. ലെവൽ1, ലെവൽ 2 സമിതികളുടെ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് ജില്ലാതല റിപ്പോർട്ട് തയ്യാറാക്കുക.
4. മേൽപ്പറഞ്ഞ കമ്മിറ്റികൾ സംബന്ധിച്ച വിവരവ്യൂഹം (ഡാറ്റാബെയ്സ്) തയ്യാറാക്കി സൂക്ഷിക്കുക.
5. കുട്ടികൾക്കായുള്ള പദ്ധതികളുടെ നിർവഹണ പുരോഗതി മോണിട്ടർ ചെയ്യുക.
6. ബാല സുരക്ഷ സംബന്ധിച്ച സ്ഥിതിവിവരകണക്കുകൾ വാർഷിക ജില്ലാ പദ്ധതി തയ്യാറാക്കുന്നതിനായി നൽകുക.
7. ബാലാവകാശ ധ്വംസനങ്ങൾ തടയുന്നതിനായി ബോധവൽക്കരണ പരിപാടികൾ തയ്യാറാക്കുക.
8. ജില്ലാതല ബാലസുരക്ഷാപദ്ധതി രൂപപ്പെടുത്തി ജില്ലാപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി ലഭ്യമാക്കുക.
9. ജില്ലയിലെ വിവിധ ബാലസുരക്ഷാ പ്രോജക്ടുകളുടെ നിർവഹണത്തെ പിന്തുണയ്ക്കുകയും മോണിട്ടർ ചെയ്യുകയും ചെയ്യുക.
10. ചിൽഡ്രൻസ് ഫണ്ട് അഥവ ബാലനിധി രൂപീകരണം പ്രോത്സാഹിപ്പിക്കുക.

## ബി) ചുമതലകൾ – ബ്ലോക്ക്തല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (BLCPC)

1. സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി തയ്യാറാക്കി നൽകുന്ന ഫോർമാറ്റിൽ ബ്ലോക്ക്തലത്തിലെ ബാലസുരക്ഷ റിപ്പോർട്ട് തയ്യാറാക്കുക.
2. കുട്ടികൾക്കെതിരായുള്ള വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ, ക്രൂരത, അവകാശധ്വംസനം, അതിക്രമം തുടങ്ങിയ പ്രശ്നങ്ങളും പരാതികളും സംബന്ധിച്ച് പ്രാഥമികാന്വേഷണം നടത്തി മേൽനടപടികൾക്കായി ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറുകയും കോപ്പി ജില്ലാ സമിതികൾക്ക് നൽകുകയും ചെയ്യുക.

3. ബാലസുരക്ഷ ആവശ്യനിർണയത്തിനായി പഞ്ചായത്ത് സമിതികൾക്ക് സഹായം നൽകുക.
4. ഗ്രാമപ്രദേശങ്ങളിൽ കുട്ടികളുടെ പ്രശ്നങ്ങൾ ബോധ്യപ്പെടുത്താൻ അവസരം ഒരുക്കുന്നതിനായി കുട്ടികളുടെ ഗ്രൂപ്പ് യോഗങ്ങൾ സംഘടിപ്പിക്കുക. (പ്രത്യേക ഗ്രാമസഭ, കുട്ടികളുടെ പാർലിമെന്റ് തുടങ്ങിയവ).
5. പഞ്ചായത്ത് സമിതികൾ തുടർച്ചയായി യോഗം ചേരുന്നതിനും പ്രശ്നങ്ങൾ ചർച്ചചെയ്ത് റിപ്പോർട്ട് ചെയ്യുന്നതിനും പ്രോത്സാഹിപ്പിക്കുക.
6. റഫറൽ സേവന ദാതാക്കൾക്കും പഞ്ചായത്ത് സമിതിക്കുമിടയിൽ ലയ്സൺ പ്രവർത്തനം നടത്തുക.
7. പഞ്ചായത്ത് സമിതി അംഗങ്ങൾക്ക് കുട്ടികൾക്കായുള്ള സുരക്ഷാപരിപാടികളെ കുറിച്ചും സ്കീം സംബന്ധിച്ചും പരിശീലനം ഒരുക്കുക.
8. കുട്ടികൾക്കായുള്ള പഞ്ചായത്ത്, ബ്ലോക്ക്തല പദ്ധതികളുടെ പ്രവർത്തന പുരോഗതി നിരീക്ഷിക്കുകയും മോണിട്ടർ ചെയ്യുകയും ചെയ്യുക.
9. ഫോസ്റ്റർ കെയർ സേവനം അനിവാര്യമായ കുട്ടികൾക്ക് ഡി.സി.പി.സി. സേവനം ലഭ്യമാക്കുക.
10. ബാലസുരക്ഷ സംബന്ധിച്ച അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കി ബ്ലോക്ക് തല വാർഷിക പദ്ധതി തയ്യാറാക്കുന്നതിന് നൽകുക.
11. ബാലസംരക്ഷണത്തിനായി വിനിയോഗിക്കാവുന്ന ബ്ലോക്ക് പഞ്ചായത്ത് ഫണ്ടുകൾ ഏതെല്ലാമെന്ന് തിട്ടപ്പെടുത്തുകയും വിനിയോഗിക്കുകയും ചെയ്യുക.

### സി) ചുമതലകൾ - ഗ്രാമപ്പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻതല ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (CPC)

1. കുട്ടികളുടെ ആവശ്യങ്ങളും ധനസ്രോതസ്സുകളും തിട്ടപ്പെടുത്തി തദ്ദേശ ഭരണസ്ഥാപനതലത്തിൽ കുട്ടികളുടെ സുരക്ഷാവകാശ അവസ്ഥാപഠന റിപ്പോർട്ട് തയ്യാറാക്കുക.
2. അപായാവസ്ഥ നേരിടുന്ന കുട്ടികളുടെ വൾണറബിലിറ്റി മാപ്പിങ്ങ് നടത്തി പ്രശ്നപരിഹാരത്തിനായുള്ള പ്രോജക്ടുകൾ തയ്യാറാക്കുക.
3. കുട്ടികൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരായി പൊതുജനശബ്ദം ഉയരുന്നതിനാവശ്യമായ അവബോധം കുട്ടികളിലും ജനങ്ങൾക്കിടയിലും സൃഷ്ടിക്കുക.
4. കുട്ടികൾ നേരിടുന്ന വിവേചനങ്ങൾ, അനുചിത പെരുമാറ്റങ്ങൾ, അതിക്രമങ്ങൾ തുടങ്ങിയവ സംബന്ധിച്ച റിപ്പോർട്ട്/ പരാതികളിൽ പ്രാഥമികാന്വേഷണം നടത്തി നടപടികൾ സ്വീകരിക്കാൻ ചുമതലപ്പെട്ട അധികാരികൾക്ക് (നിശ്ചിത സമയത്തിനകം) നൽകുകയും കോപ്പി ഡി.സി.പി.സി.ക്ക് നൽകുകയും ചെയ്യുക.
5. ബാലസുരക്ഷയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ, വെല്ലുവിളികൾ, നേട്ടങ്ങൾ എന്നിവ ഡി.സി.പി യുവിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനായി അയച്ചുകൊടുക്കുക.

6. ബാലസുരക്ഷയുമായി ബന്ധപ്പെട്ട അവസ്ഥ, ഈ രംഗത്തുള്ള ആവശ്യങ്ങൾ, കുറവുകൾ, നിർദേശങ്ങൾ തുടങ്ങിയവ വർക്കിങ്ങ് ഗ്രൂപ്പുകളുമായി ചർച്ചചെയ്യുക.
7. സ്കൂൾ ഡ്രോപ്പ് ഔട്ട്, കാണാതാകുന്ന കുട്ടികൾ തുടങ്ങിയവരുടെ വിവരങ്ങൾ രേഖകളാക്കുകയും മിസ്സിങ്ങ് ചൈൽഡ് സൈറ്റിൽ ചേർക്കുകയും, ഡി.സി.പി.യുവിൽ റിപ്പോർട്ട് ചെയ്യുകയും ചെയ്യുക.
8. റഫറൽ സേവനം വേണ്ടതായ കേസുകൾ ഡി.സി.പി.സി ക്ക് കൈമാറുക
9. കുട്ടികൾക്ക് ഉപദ്രവകരമായ ആചാരങ്ങൾ തടയുന്നതിന് നടപടി സ്വീകരിക്കുക.
10. വാർഡ്തലത്തിലും സ്കൂൾതലത്തിലും കുട്ടികളുടെ സംഘപ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകുക.
11. റഫറൽ സേവനങ്ങൾക്കായി ഡി.സി.പി.സി യുമായി ലെയ്സൺ പ്രവർത്തനം നടത്തുക.
12. കുട്ടികൾക്കായുള്ള പദ്ധതികൾ ആസൂത്രണംചെയ്യുകയും മോണിട്ടർ ചെയ്യുകയും ചെയ്യുക.
13. പ്രാദേശികമായി കുട്ടികളുടെ പ്രശ്നപരിഹാരത്തിന് മനുഷ്യ വിഭവവും, ധനവിഭവും സമാഹരിക്കുന്നതിന് പരിശ്രമിക്കുക.
14. പ്രത്യേക പരിരക്ഷ ആവശ്യമായ കുട്ടികളുടെയും നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെയും ക്ഷേമത്തിനായുള്ള നടപടികൾ കൈക്കൊള്ളുക.
15. കുട്ടികളെ കടത്തൽ, ബാലവേല, ബാലവിവാഹം, മൈഗ്രന്റ് കുട്ടികൾ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഇടപെടുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുക.
16. കുട്ടികളുടെ അവകാശങ്ങളെ ബാധിക്കുന്ന സെക്സ് സെലക്ടീവ് അബോർഷൻ, ശാരീരിക ദണ്ഡനം, ബാലവിവാഹം എന്നിവ നിരുത്സാഹപ്പെടുത്തുക.
17. ഫോസ്റ്റർ കെയർ സേവനം അനിവാര്യമായ കുട്ടികൾക്ക് മേൽഘടകം വഴി അത് സാധ്യമാക്കുന്നതിന് ഇടപെടലുകൾ നടത്തുക.
18. അതിഥി തൊഴിലാളി രജിസ്ട്രേഷൻ പോലുള്ള മാതൃകാപരമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുക.
19. അങ്കണവാടി, കുമാരി ക്ലബ്ബുകൾ, ബാലസഭകൾ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.
20. ബാലസുരക്ഷയുമായി ബന്ധപ്പെട്ട കോഡ് ഓഫ് കോൺടാക്ട് (അരുതായ്മയും പാലിക്കേണ്ട മര്യാദയും) എല്ലാ അംഗങ്ങളും പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.

## കോഡ് ഓഫ് കോൺടാക്ട് - ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി അംഗങ്ങൾ പാലിക്കേണ്ടത്

| എപ്പോഴും പാലിക്കേണ്ടത് | ഒരിക്കലും അരുതാത്തത് |
|---|---|
| കുട്ടികളെ മാനിക്കുകയും അവർ പറയുന്നത് ശ്രദ്ധിക്കുകയും ചെയ്യുന്ന തോടൊപ്പം വിവിധ പരിപാടികളിൽ പങ്കെടുക്കുന്നതിനും പ്രവർത്തനം ഏറ്റെടുക്കുന്നതിനും പിൻതുണ നൽകുക. | കുട്ടികളെ യാതൊരു കാരണവശാലും അടിക്കുകയോ, മറ്റു രീതികളിൽ ശാരീരികമായി ഉപദ്രവിക്കുകയോ, ദുരുപയോഗം ചെയ്യുകയോ അരുത്. |
| അപായസാധ്യതയുള്ള സാഹചര്യങ്ങൾ മുൻകൂട്ടി അറിഞ്ഞ് അത് നിയന്ത്രിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുക. | കുട്ടികളോട് ശാരീരിക ലൈംഗിക ബന്ധം പാടില്ല. |
| അംഗങ്ങൾ തമ്മിൽ ബാധ്യസ്ഥത പുലർത്തുമ്പോൾ തന്നെ സമൂഹത്തിലെ തെറ്റായ പെരുമാറ്റങ്ങളെയും അനുചിത പ്രവൃത്തികളെയും നിരാകരിക്കുകയും ചെയ്യുക. | കുട്ടികളെ ദുരുപയോഗത്തിനോ ചൂഷണത്തിനോ വിധേയമാക്കാവുന്ന ബന്ധം വളരാൻ ഇടനൽകരുത്. |
| കുട്ടികളുടെ കാഴ്ചപ്പാടുകളുടെ പ്രാധാന്യത്തെകുറിച്ച് സംസാരിക്കുകയും അത് പ്രകടിപ്പിക്കുന്നതിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. | കുട്ടികൾക്ക് പ്രയാസം സൃഷ്ടിക്കുന്ന വിധത്തിൽ ഇടപഴകരുത്. |
| കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് സ്വീകാര്യവും അസ്വീകാര്യവുമായ കാര്യങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനും പ്രശ്നങ്ങൾ സ്വയം പരിഹരിക്കുന്നതിനും കുട്ടികളെ ശാക്തീകരിക്കുക. | വിദ്വേഷമോ, അശ്ലീലമോ കലർന്നതല്ലാത്ത സഭ്യമായ ഭാഷയിലല്ലാതെ നിർദേശങ്ങളോ, ഉപദേശങ്ങളോ നൽകരുത്, അനുചിതമായ ശാരീരിക ഭാഷ കുട്ടിയോട് കാണിക്കരുത്. |
| അവരുടെ ഭയപ്പാടുകളെ ഉത്തമ പ്രാധാന്യത്തോടെ കൈകാര്യം ചെയ്യുക. | താൻ സഹായസേവനത്തിന് നിയോഗിക്കപ്പെടുന്ന കുട്ടിയോടൊപ്പം ഒരേ മുറിയിലോ, കട്ടിലിലോ ശയിക്കരുത്. |
| ഭയപ്പാടുള്ള കുട്ടികളുടെ പ്രശ്നങ്ങളുടെ സുരക്ഷിതത്തിനാവശ്യമായ മുൻകരുതലുകൾ എടുക്കണം. | സ്വയം ചെയ്യാൻ പ്രാപ്തമായ കാര്യങ്ങൾ കുട്ടിയെക്കൊണ്ട് തന്നെ ചെയ്യിക്കുക. |
| കുട്ടികളുടെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുക എന്ന താത്വിക നിലപാട് സ്വീകരിച്ചുകൊണ്ടായിരിക്കണം ഫലപ്രദമായും ഉചിതമായും കുട്ടികളെ സംബന്ധിച്ച അന്വേഷണ നടപടിക്രമങ്ങളിൽ പങ്കെടുക്കേണ്ടത്. | നിയമാനുസൃതമോ സുരക്ഷിതമല്ലാത്തതോ അനുചിതമോ ആയ ഒരു പ്രവർത്തനത്തിലും പങ്കെടുക്കരുത്, എതിർക്കാതിരിക്കരുത്. |

| | |
|---|---|
| കുട്ടികളുടെ വീക്ഷണങ്ങളും ആഗ്രഹങ്ങളും വലിയ പ്രാധാന്യത്തോടെ ശ്രദ്ധിക്കണം. | കുട്ടിക്ക് അവമതിപ്പുളവാക്കുന്നതോ അപകീർത്തിപ്പെടുത്തുന്നതോ ചെറുതായി കാണിക്കുന്നതോ തരംതാഴ്ത്തുന്നതോ വൈകാരികമായി മുറിവേൽക്കുന്നതോ ആയ കാര്യങ്ങൾ ചെയ്യരുത്. |
| കുട്ടികളുടെ സുരക്ഷിതത്വത്തിനായി മാതാപിതാക്കളോടും സംരക്ഷണ ചുമതലക്കാരോടും യോജിച്ച് പ്രവർത്തിക്കുക. | ഏതെങ്കിലും കുട്ടിയോട് അമിത താൽപര്യമോ വിവേചനമോ പരിഗണനയില്ലാതെയോ പെരുമാറി ഒറ്റപ്പെടുത്തരുത്. |
| സാംസ്കാരികമായ തുറന്ന സമീപനം പ്രശ്നങ്ങളിൽ ഇടപെടുമ്പോൾ സ്വകാര്യതയ്ക്ക് ഭംഗം വരാതെ പാലിക്കേണ്ടതാണ്. | ബാലവിവാഹം, ശാരീരികശിക്ഷ, ബാലവേല, ലിംഗവിവേചിത ഗർഭഛിദ്രം തുടങ്ങിയ കാര്യങ്ങളിൽ പങ്കാളിയാകരുത്. |

## ശൈശവ വിവാഹ നിരോധന നിയമം, 2006

2006-ലെ ശൈശവവിവാഹനിരോധന നിയമം 01.11.2007 മുതൽ ജമ്മു-കാശ്മീർ സംസ്ഥാനം ഒഴികെ ഇന്ത്യ മുഴുവൻ ബാധകമാക്കി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി. മേൽനിയമപ്രകാരം 21 വയസ്സ് പൂർത്തിയാകാത്ത പുരുഷനും 18 വയസ്സ് പൂർത്തിയാകാത്ത പെൺകുട്ടിയും തമ്മിലുള്ള വിവാഹം കുറ്റകരമായി പ്രഖ്യാപിച്ചിരിക്കുന്നു. 21 വയസ്സിൽ താഴെയുള്ള പുരുഷനോ 18 വയസ്സിൽ താഴെയുള്ള സ്ത്രീയോ, ഏതെങ്കിലും ഒരാൾ ഏർപ്പെടുന്ന വിവാഹത്തെയാണ് 'ശൈശവവിവാഹ'മായി നിർവചിച്ചിരിക്കുന്നത്.

## ബാല-കൗമാരവേല (നിരോധനവും നിയന്ത്രണവും) നിയമം, 1986

ഈ നിയമപ്രകാരം ഒരു കുട്ടി ഏതെങ്കിലും തരത്തിലുള്ള തൊഴിലിലോ സംസ്കരണ പ്രവർത്തനങ്ങളിലോ പങ്കെടുക്കാൻ പാടുള്ളതല്ല. എന്നാൽ നിയമത്തിൽ കാണിച്ച പട്ടികയിൽ വിവരിച്ച കഠിന ജോലിയല്ലാത്തതും തന്റെ കുടുംബത്തെയോ കുടുംബത്തിന് പങ്കാളിത്തമുള്ള സംരംഭത്തിലോ സ്കൂൾ സമയമല്ലാത്തപ്പോഴും ഒഴിവ് ദിവസങ്ങളിലും സഹായിക്കുന്നത് ഈ നിയമപ്രകാരം കുറ്റകരമല്ല. കൂടാതെ സർക്കസല്ലാത്ത, ഓഡിയോ വിഷ്വൽ സംരംഭത്തിലോ, സ്പോർട്സ് പ്രവർത്തനത്തിലോ, ഫിലിം തുടങ്ങിയ മേഖലകളിലോ ഒരു കലാകാരനായി ജോലി ചെയ്യുന്നതും ഈ നിയമപ്രകാരം കുറ്റകരമല്ല. എന്നാൽ അത്തരം യാതൊരു പ്രവർത്തനവും കുട്ടിയുടെ സ്കൂൾ പഠനത്തെ ബാധിക്കുവാൻ പാടില്ല.

## ഗർഭസ്ഥ ശിശു പരിശോധന (വ്യവസ്ഥകളും നിയന്ത്രണങ്ങളും) നിയമം (PCPNDT Act) 2003

കുട്ടികളുടെ ലിംഗാനുപാതത്തിൽ ഗണ്യമായ കുറവിനു കാരണമായി ചൂണ്ടിക്കാണിക്കുന്നത് രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഗർഭസ്ഥശിശു പരിശോധനവഴി ഭ്രൂണത്തിന്റെ ലിംഗം തിരിച്ചറിഞ്ഞ് പെൺ കുഞ്ഞാണെങ്കിൽ

ഗർഭഛിദ്രം നടത്തുന്ന ദുഷ്പ്രവണതയാണ്. ഇത്തരം ദുരുപയോഗം ഒഴിവാക്കുന്നതിനായി ഭാരതസർക്കാർ ഗർഭസ്ഥശിശു പരിശോധന നിയമം (വ്യവസ്ഥകളും നിയന്ത്രണങ്ങളും) 2003 ൽ (PCPNDT Act 2003) പാസാക്കി.

### ബാലാവകാശ സംരക്ഷണ കമ്മീഷൻ

ഐക്യരാഷ്ട്രസഭയുടെ 2002 മെയ് മാസത്തിൽ കൂടിയ കുട്ടികൾക്കുവേണ്ടിയുള്ള പ്രത്യേകസമ്മേളനം 'കുട്ടികൾക്ക് അനുയോജ്യമായ ഒരു ലോകം' എന്ന ശീർഷകത്തോടു കൂടിയ ഒരു രേഖ അംഗീകരിച്ചതിന്റെ വെളിച്ചത്തിലാണ് 2005-ൽ കേന്ദ്രസർക്കാർ 'ബാലാവകാശ സംരക്ഷണ കമ്മീഷൻ ആക്ട്' പാസാക്കിയത്. അതിന്റെ അടിസ്ഥാനത്തിൽ ദേശീയ തലത്തിൽ 'ബാലാവകാശ കമ്മീഷൻ' സ്ഥാപിതമായി. കുട്ടികൾക്കായുള്ള ക്ഷേമപദ്ധതികളും സുരക്ഷാഏർപ്പാടുകളും പരിശോധിക്കുകയും ബാലാവകാശങ്ങൾ ലംഘിക്കപ്പെടുകയോ നിഷേധിക്കപ്പെടുകയോ ചെയ്യുന്ന സാഹചര്യത്തിൽ സ്വമേധയാ നടപടി സ്വീകരിക്കുക, ബാലാവകാശ ലംഘനത്തിന്റെ അന്വേഷണ വിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടികൾക്കാവശ്യമായ ശുപാർശകൾ ചെയ്യുക എന്നിവയാണ് കമ്മീഷന്റെ പ്രധാന ചുമതലകൾ. കൂടാതെ, ബാലനീതി നിയമം (Juvenile Justice Care & Protection Act 2000), കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ ആക്ട് 2009 (The Right of Children to Free and Compulsory Education Act, 2009), കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (Protection of Children from Sexual Offenses Act, 2012) എന്നിവയുടെ ചുമതലയും സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനിൽ നിക്ഷിപ്തമാണ്.

## 2.3 കുട്ടികളുടെ വികാസം

മനുഷ്യന്റെ ജനനം മുതൽ മരണം വരെ വളർച്ചയിലും വികാസത്തിലും പലവിധമുള്ള മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഉയരം കൂടുക, അറിവ് വർധിക്കുക, പുതിയ മനോഭാവങ്ങൾ കൈവരിക്കുക തുടങ്ങിയ അഭിവൃദ്ധികരമായ പരിവർത്തനങ്ങളായിരിക്കും ചിലത്. ശരീരം മെലിയുക, ഓർമ ക്ഷയിക്കുക, പേശികൾ ദുർബലമാകുക എന്നിങ്ങനെ ക്ഷയോന്മുഖമായ മാറ്റങ്ങളുമുണ്ടാകാം. ഇവയിൽ പുരോഗമനോന്മുഖങ്ങളായ പരിവർത്തനങ്ങളാണ് വികാസം (Development)എന്ന് പറയുന്നത്. വികാസത്തിന് ഒരു പരിധിയുണ്ട്. ഈ പരിധിയെ പരിപക്വത (Maturity) എന്ന് പറയുന്നു. ക്രമാനുസൃതമായ വ്യതിയാനങ്ങളാണ് പരിപക്വതയിലേക്ക് നയിക്കുന്നത്. ചുരുക്കത്തിൽ ജീവിതാരംഭം മുതൽ പരിപക്വതവരെയുള്ള പുരോഗമനാത്മകവും ക്രമാനുസൃതവുമായ പരിവർത്തനങ്ങളുടെ പരമ്പരയാണ് കുട്ടികളുടെ വികാസം.

### ജീവിതചക്രവും - ജീവിതഘട്ടങ്ങളും (Life-cycle and Life-span)

മനുഷ്യരുടേയും മറ്റു ജീവജാലങ്ങളുടെയും വികാസ പരിണാമങ്ങളുടെ സ്ഥിതി തിട്ടപ്പെടുത്തുന്നതിന് ആശ്രയിക്കുന്ന ഉപാധികളാണ് ജീവിത ചക്രവും (Life-cycle)ജീവിത കാലയളവും (Life-span)കണക്കാക്കുക. ഒരു കുഞ്ഞ് ബീജാങ്കുരണം മുതൽ പരിപക്വനം വരെയുള്ള കാലത്തിലേക്ക് എത്തുന്ന

തിനിടയിൽ ഓരോ ഘട്ടത്തിലും പ്രതീക്ഷിക്കുന്ന നിരീക്ഷണാത്മകമായ വികാസങ്ങൾ ലൈഫ് സൈക്കിളിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. ജനനം മുതൽ മറ്റൊരു പ്രജയ്ക്ക് ജന്മം നൽകാൻ പ്രാപ്തി ഉണ്ടാകുന്ന പ്രായഘട്ടത്തെ യാണ് ജീവിതചക്രം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. ആരോഗ്യമുള്ള ഭാവി തലമുറ കെട്ടിപ്പടുക്കുന്നതിന് ഏറ്റവും ശ്രേയസ്കരമായ ഇടപ്പെടലുകൾ നടത്തേണ്ടത് ഈ കാലഘട്ടത്തിലാണ്. ഓരോ ജീവജാലങ്ങളുടെ ജീവിത കാലയളവും ജീവിതഘട്ടങ്ങളും ജീവശാസ്ത്രത്തിൽ (Biology) ഏകദേശം നിർണയിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്. ആയൂർദൈർഘ്യം ഒരു ഉദാഹരണമാണ്. ഈ ജീവിത കാലയളവിൽ മനുഷ്യരെ സംബന്ധിച്ചിടത്തോളം ബാല്യം, കൗമാരം, യൗവനം, വാർധക്യം എന്നിങ്ങനെ നാലുഘട്ടമുണ്ടെന്നും ആയൂർ ദൈർഘ്യം 90 വയസ്സാണെന്നും കണക്കാക്കിയിരിക്കുന്നു. ഇത്തരത്തിൽ ജീ വിതകാലയളവിലെ പ്രധാന പ്രായഘട്ടങ്ങളെ ആധാരമാക്കി ആവശ്യങ്ങൾ, പ്രശ്നങ്ങൾ, ധർമങ്ങൾ എന്നിവ തിട്ടപ്പെടുത്തുന്ന സമീപന രീതിയെ ലൈഫ് സ്പാൻ അപ്രോച്ച് എന്ന് പറയുന്നു.

**വികാസഘട്ടങ്ങൾ**

ഗർഭസ്ഥശിശു മുതൽ കൗമാരം വരെയുള്ള വികാസപ്രക്രിയയിൽ കുട്ടി നിർണായകമായ നിരവധി വികാസഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. അതുകൊണ്ടുതന്നെ ഗർഭസ്ഥശിശുവായിരിക്കുന്ന കാലവും ജനനശേഷമുള്ള കാലവും രണ്ട് കാലഘട്ടമാണ്. ഗർഭസ്ഥശിശുവിന്റെ (ശരാശരി 267 ദിവസം) വികാസഘട്ടങ്ങൾ മൂന്നായി കണക്കാക്കുന്നു.

**ഗർഭസ്ഥശിശു - ഘട്ടങ്ങൾ**

1. ബീജാങ്കുരണഘട്ടം (Germinal stage) – രണ്ട് ആഴ്ച
2. ഭ്രൂണഘട്ടം (Embrionic Stage) – രണ്ടാംവാരം മുതൽ രണ്ടാം മാസാന്ത്യം വരെ
3. ഗർഭഘട്ടം (Fetal Stage) – മൂന്നുമാസം മുതൽ ജനനം വരെ.


**ജനനാന്തരഘട്ടം**

1. നവജാതം (Neonatal) – പ്രസവാനന്തരം 28 ദിവസം വരെ.
2. പ്രാഥമിക ശൈശവം (Infancy) – പ്രസവം മുതൽ 1 വർഷം വരെ
3. ശൈശവം (Babyhood) – 1 വർഷം മുതൽ 2 വർഷം വരെ
4. ആദ്യശൈശവം (Early childhood) – മൂന്ന് വർഷം മുതൽ 5 വർഷം വരെ
5. ബാല്യം (Childhood) 6 വർഷം മുതൽ 10 വർഷം വരെ
6. ആദ്യകൗമാരം (Early Adolesence) 11 വർഷം മുതൽ 15 വർഷം വരെ (Puberty)
7. കൗമാരം (Adolesence) 16 വയസ്സു മുതൽ 18 വർഷം വരെ

ഇവിടെ കുറിച്ചിട്ടുള്ള പ്രായം ഏകദേശ കണക്കുകളാണ്. വ്യക്തിഭേദങ്ങൾ വ്യത്യസ്തമാകയാൽ വികാസഘട്ടങ്ങളുടെ പ്രായപരിധിയിൽ പല വ്യാഖ്യാന ങ്ങളിലും ഐകരൂപ്യമുണ്ടായിരിക്കയില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം,

വിനോദം, വിശ്രമം തുടങ്ങിയവയെല്ലാം കുട്ടികളുടെ പ്രാഥമിക ആവശ്യങ്ങളാണ് (Needs). ഇതോടൊപ്പം ഓരോ പ്രായത്തിലും ശാരീരിക വികാസത്തിനും സവിശേഷമായ ആവശ്യങ്ങളും ധർമങ്ങളും ഉണ്ട്.

**വളർച്ചയെയും വികാസത്തെയും സ്വാധീനിക്കുന്ന മാട്രിക്സ്**




### കുട്ടികളുടെ വികസനമേഖലകൾ

കുട്ടികളുടെ വികസനം പരസ്പര ബന്ധിതവും തനിമയോടെ നിരീക്ഷിക്കാവുന്നതുമായ വ്യത്യസ്ത തലങ്ങളിൽ വ്യാപരിക്കപ്പെട്ടിരിക്കുന്നു. ശിശുവികസനത്തെ നാല് പ്രധാനമേഖലകളായി തിരിക്കാം. ഓരോ വികാസ മേഖലയ്ക്കും അനുയോജ്യമായ സഹായകമായ ഇടപെടലുകൾ ഒരുക്കുക വഴി കുട്ടികളുടെ സമഗ്രവികസനം സാധ്യമാക്കാം.

1. ശാരീരിക വികാസം
2. മാനസിക വികാസം
3. വൈകാരിക വികാസം
4. സാമൂഹിക വികാസം

## 2.4 പ്രാദേശിക സർക്കാരും കുട്ടികളും

### 1. അനിവാര്യതയും സാധ്യതയും

വിവിധതരത്തിൽ സമൂഹത്തിന്റെ പിന്നാംമ്പുറങ്ങളിലേക്ക് തള്ളപ്പെട്ടവർ, പരാശ്രയം വേണ്ടവർ, കുട്ടികൾ എന്നിവരെ കണ്ടെത്തി അവരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കി കൂട്ടായ ശ്രമങ്ങളിലൂടെ പരിഹരിക്കാൻ ഉചിതമായ സംവിധാനം ഒരുക്കലാണ് പ്രാദേശിക സർക്കാരുകളുടെ സാധ്യതകൾ. ഗർഭസ്ഥശിശു മുതൽ പതിനെട്ട് വയസ്സുവരെയുള്ളവരെയാണ് കുട്ടികൾ എന്ന് നാം നിർവചിക്കുന്നത്. കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കുക, അതോടൊപ്പം ആവശ്യമായ സേവനങ്ങളും സൗകര്യങ്ങളും അവർക്ക് പ്രാപ്യമാക്കുക എന്നത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. കേരളത്തിലെ

കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾ കണക്കിലെടുത്ത് ഒരു സമഗ്രവികസന സമീപനം തദ്ദേശസർക്കാർ രൂപീകരിക്കേണ്ടതുണ്ട്.

## 2. കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ

പ്രശ്നങ്ങളുടെ അടിസ്ഥാനപരമായ പ്രാധാന്യവും കാരണങ്ങളും അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളുടെ ഗുരുതരാവസ്ഥയും കണക്കിലെടുത്ത് കുട്ടികളുടെ പ്രശ്നങ്ങളെ മൂന്നായി തരംതിരിക്കാം - ഒന്നാം തലമുറ പ്രശ്നങ്ങൾ, രണ്ടാം തലമുറ പ്രശ്നങ്ങൾ, മറ്റു പ്രശ്നങ്ങൾ

### ഒന്നാം തലമുറ പ്രശ്നങ്ങൾ

മനുഷ്യന്റെ പ്രാഥമിക ആവശ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന ഇവ വ്യക്തിയുടെ പ്രവൃത്തികൊണ്ട് ഉണ്ടാകുന്നവയല്ല. മറിച്ച് സാഹചര്യങ്ങൾ ഒരുക്കുന്ന പ്രയാസങ്ങളാണ്. അതുകൊണ്ട് ഇവ പരിഹരിക്കുന്നതിന് സഹായകരമായ പൊതുഇടപെടലുകൾ അനിവാര്യമാണ്.

1. ആരോഗ്യപ്രശ്നങ്ങൾ - മാതാവിന്റെയും കുട്ടികളുടെയും
2. പോഷകാഹാര പ്രശ്നങ്ങൾ
3. വിദ്യാഭ്യാസ പ്രശ്നങ്ങൾ
4. വികാസവ്യതിയാനങ്ങൾ (വൈകല്യങ്ങൾ)
5. കൗമാരമാനസിക ആരോഗ്യം
6. അനുചിത പെരുമാറ്റം, അവഗണന
7. പട്ടിക വിഭാഗ - പാർശ്വവൽകൃത സമൂഹം പ്രത്യേക പരിരക്ഷ
8. പരിസ്ഥിതി, ശുചിത്വം, കുടിവെള്ളം, ഗതാഗതം

### രണ്ടാം തലമുറ പ്രശ്നങ്ങൾ

സാമൂഹിക സാമ്പത്തിക ബന്ധങ്ങളിൽ വന്ന മാറ്റങ്ങൾ, കുടുംബബന്ധങ്ങൾ, ഗതാഗത വാർത്താവിനിമയ രംഗം, പരിസരശുചിത്വം എന്നിങ്ങനെ ജീവിതത്തിന്റെ നാനാവശങ്ങളെയും അനുകൂലമെന്നപോലെ പ്രതികൂലമായും ബാധിക്കുന്നുണ്ട്. ഇത്തരത്തിൽ ഉയർന്നുവരുന്നതും മുൻകൂട്ടി കാണാൻ കഴിയാത്തതുമായ പ്രശ്നങ്ങളാണ് രണ്ടാം തലമുറ പ്രശ്നങ്ങൾ.

- രക്ഷിതാക്കളുടെ മദ്യപാനം
- ആത്മഹത്യാപ്രവണത-മാനസിക ആരോഗ്യകുറവ്
- കുട്ടികൾക്കിടയിലെ വർധിച്ചുവരുന്ന മദ്യപാന-മയക്കുമരുന്ന് ശീലങ്ങൾ
- അണുകുടുംബം (ഒറ്റപ്പെടൽ, ചൂഷണം)
- സൈബർ കുറ്റകൃത്യങ്ങൾ
- മൊബൈൽ ഇന്റർനെറ്റ് സംവിധാനങ്ങളുടെ ദുരുപയോഗം
- വർധിച്ചുവരുന്ന വാഹനാപകടങ്ങൾ
- അനിയന്ത്രിത ജീവിതശൈലി
- കുടിവെള്ള മലിനീകരണവും ജലജന്യരോഗങ്ങളും

- പ്രവാസവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ
- കുടുംബത്തിൽ കുട്ടികൾ അനുഭവിക്കുന്ന അവഗണനയും പീഡനവും അനാഥത്വവും
- അതിഥിതൊഴിലാളികളുടെ കുട്ടികളുടെ വിദ്യാഭ്യാസ-ആരോഗ്യ ആവശ്യങ്ങൾ

### മറ്റു പ്രശ്നങ്ങൾ

പ്രാഥമികതല പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു കഴിയുമ്പോഴും നിലനിൽക്കുന്നതോ പുതുതായി ഉടലെടുക്കാവുന്നതോ ആയ മറ്റു പല പ്രശ്നങ്ങളുണ്ട്.

- ഒറ്റ മുറി മാത്രമുള്ള വീടുകളിലെ പ്രശ്നങ്ങൾ
- പഠനസൗകര്യക്കുറവ്
- ശിശുസൗഹൃദമായ പശ്ചാത്തലസൗകര്യങ്ങളുടെ അഭാവം

### 3. കുട്ടികളുടെ സമഗ്രവികസനം – ഇടപെടലുകൾ

കുട്ടികൾ നേരിടുന്ന പ്രശ്നങ്ങളും വെല്ലുവിളികളും വ്യത്യസ്ത സേവന മേഖലകളുടെ പരസ്പര ബന്ധിതമായുള്ള ഇടപെടലുകൾ വഴി മാത്രമേ പരിഹരിക്കാനാവൂ. ഇതിന് സമഗ്രഇടപെടലുകൾ അവശ്യമാണ്. ജീവിത ചക്രത്തിലെ ഓരോ നിർണായക ഘട്ടത്തിലും അനുയോജ്യമായ സമഗ്ര വികസന ഇടപെടലുകൾ ഉറപ്പാക്കുക. കുട്ടികളെ സംബന്ധിച്ച വിവരശേഖരണവും പദവി പഠനവും അവകാശമേഖലകൾ പൂർണമായും ഉൾക്കൊണ്ട് നടത്തുകയും അപഗ്രഥിക്കുകയും പ്രശ്ന പരിഹാരം തേടുകയും വേണം. സേവനദാതാക്കളെ പരസ്പരം ഏകോപിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും സമഗ്രസേവനത്തിലേക്ക് നയിക്കുകയും ചെയ്യുന്നതിന് പ്രാദേശിക സർക്കാരും സംസ്ഥാന സർക്കാരിന്റെ ചുമതലപ്പെട്ട ഉദ്യോഗസ്ഥരും ഒത്തൊരുമിച്ച് പ്രവർത്തിക്കുക. സ്വകാര്യ സ്ഥാപനങ്ങളും കുട്ടികളെ സംബന്ധിച്ച കാര്യങ്ങളിൽ അവകാശാധിഷ്ഠിതമായ സമഗ്രവികസനം ഉറപ്പാക്കുക.

### ദുരന്തനിവാരണവും കുട്ടികളും

പ്രകൃതിദത്തമായോ മനുഷ്യജന്യമായോ പല സാഹചര്യങ്ങളിലും മനുഷ്യർ ദുരന്തങ്ങൾ നേരിടുന്നുണ്ട്. പേമാരിയും കൊടുംകാറ്റും സുനാമിയും ഉരുൾപൊട്ടലും പോലുള്ള പ്രകൃതി പ്രതിഭാസങ്ങൾ, തീപിടുത്തം, വാഹനാപകടം പോലുള്ള സർവസാധാരണമായ ദുരന്തങ്ങളും മനുഷ്യരെ ബാധിക്കുന്നു. പൊതുപ്രശ്നങ്ങളിൽ കുട്ടികൾക്ക് സാധാരണയിൽ നിന്നും വ്യത്യസ്തമായി ദുരന്തങ്ങളാൽ ഏറെ ക്ലേശിക്കേണ്ടി വരുന്നുണ്ട്. അതുകൊണ്ട് തന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പെരുമാറ്റചട്ടം (പ്രോട്ടോകോൾ) രൂപപ്പെടുത്തുമ്പോൾ കുട്ടികളുടെയും പ്രത്യേകതകൾ പരിഗണിച്ചുള്ള പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തേണ്ടതാണ്. ഇതോടൊപ്പം ഇവരെ സ്വയം രക്ഷപ്പെടുന്നതിനുള്ള ബോധന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

- കുട്ടികളെ രക്ഷാപ്രവർത്തനങ്ങളുടെ ആസൂത്രണവും നിർവഹണവും പുനരധിവാസവും സംബന്ധിച്ച കാര്യങ്ങളിൽ പങ്കാളികളാക്കുക.

- അവരുടെ ആവശ്യങ്ങൾ പരിഹരിച്ചുകൊണ്ടുള്ള സംരക്ഷണം, ഭക്ഷണം, ആരോഗ്യം, സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുക.
- കുട്ടികളുടെ പങ്കാളിത്ത വേദികളിൽ നീന്തൽ പരിശീലനം, പ്രഥമ ശുശ്രൂഷ, രോഗപ്രതിരോധ ശുചിത്വം തുടങ്ങിയ കാര്യങ്ങളിൽ പ്രാപ്തരാക്കുക - സ്വയം പഠനരീതി നടപ്പാക്കുക.

### ഫസ്റ്റ് ബെൽ

2020, ജൂൺ 1-ന് സാധാരണപോലെ സ്കൂൾ തുറക്കാൻ കഴിയാത്ത ഒരു അവസ്ഥ കോവിഡ്-19 മൂലം സംജാതമായിട്ടുണ്ട്. അവധിക്കാലം മുഴുവൻ ലോക്ഡൗൺ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വീടുകളിൽ കഴിച്ചുകൂട്ടാൻ നമ്മുടെ കുട്ടികൾ നിർബന്ധിതരായി. സ്വതന്ത്രമായി കൂട്ടുചേരാനും കളി ക്കാനും പല പുതുനൈപുണികളും സ്വായത്തമാക്കാനും ഉള്ള കാലമാണ് അവധിക്കാലം. അത് അവർക്ക് നഷ്ടമായി. ഇപ്പോഴുള്ള അവസ്ഥയിൽ നിന്നും മോചിതരായി ഒരു പുതു അക്കാദമികവർഷത്തെ ആഗ്രഹിച്ചിരുന്ന വിദ്യാർഥി കളുടെ പ്രതീക്ഷകളെ നമുക്ക് അഭിമുഖീകരിക്കേണ്ടതുണ്ട്. ഇതിന് ഇപ്പോ ഴുള്ള പരിമിതിയിൽ നമുക്ക് ചെയ്യാൻ കഴിയുന്നത് ഡിജിറ്റൽ സങ്കേതങ്ങൾവഴി കുട്ടികളെ കർമനിരതരാക്കുക എന്നതാണ്. ഇതിനായി കേരള സർക്കാർ 29.5.2020-ന് സ.ഉ.(സാധാ) നം.1756/2020/പൊ.വി.വ പ്രകാരം ഓൺലൈൻ പഠനനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. "ഫസ്റ്റ് ബെൽ"എന്നാണ് ഈ പ്രവർ ത്തനത്തിന് നാമകരണം ചെയ്തിരിക്കുന്നത്. പ്രതിസന്ധികളിൽ പതറിപ്പോ കുന്ന പ്രകൃതമല്ല നമ്മുടേത്. പ്രതിസന്ധികൾ പുതിയ മാർഗങ്ങൾ അനിവാ ര്യമാക്കും. ഇത്തരം മാർഗങ്ങൾ കൂടുതൽ ഫലപ്രദമാക്കുന്നതിന് ഒട്ടേറെ പ്രതിബന്ധങ്ങൾ പ്രാരംഭ ഘട്ടത്തിൽ ഉണ്ടായേക്കാം. അനുഭവങ്ങൾ വിലയി രുത്തി തിരുത്തലുകൾ ആവശ്യമാണെങ്കിൽ അതത് ഘട്ടത്തിൽ അവ വരുത്തി മുന്നേറാൻ നമുക്ക് കഴിയണം. അത്തരം ഒരു അന്വേഷണമാണ് ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി നാം നടത്തുന്നത്. കോവിഡ് 19 ഉയർ ത്തുന്ന പ്രതിസന്ധികളുടെ നാളുകളിൽ നമ്മുടെ കുട്ടികൾക്ക് ആത്മവിശ്വാസം പകരാനും അവരെ കർമോത്സുകരാക്കാനും പരിമിതിക്കുള്ളിലെ സാധ്യതകൾ പരമാവധിപ്രയോജനപ്പെടുത്താനും കഴിയണം. സ്കൂൾ സാധാരണ നിലയിൽ പ്രവർത്തിക്കുന്നതുവരെ വിദ്യാഭ്യാസ രംഗത്ത് നാം നടത്തുന്ന നവീനമായ അന്വേഷണത്തെ ചിട്ടപ്പെടുത്താനും ഈ രംഗത്ത് പ്രവർത്തിക്കുന്ന സംവി ധാനങ്ങളെയും സ്ഥാപനങ്ങളെയും പൊതുസമൂഹത്തെയും കൂട്ടിയിണക്കു ന്നതിനുമുള്ള വഴികാട്ടിയായി ഈ മാർഗരേഖയെ സമീപിക്കണം.

## കുട്ടികൾക്കായുള്ള ദുരന്ത നിവാരണ പദ്ധതി

കുട്ടികളുടെ കൃത്യമായ സ്ഥിതി വിവരകണക്കുകളുടെ അടിസ്ഥാനത്തിൽ ഓരോരുത്തരും നേരിടുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് തിരിച്ചറിഞ്ഞ ശേഷം അതിന് ഹ്രസ്വകാല-ദീർഘകാല അടിസ്ഥാനത്തിൽ പരിഹാരം കാണുംവിധം ഒരു പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതും അത് പദ്ധതി രേഖ

യുടെ ഭാഗമാക്കേണ്ടതുമാണ്. സംയുക്ത പ്രോജക്ടുകൾക്കായി പ്രതീക്ഷിക്കുന്ന ഫണ്ട് വിഹിതം ബ്ലോക്ക് ജില്ല പഞ്ചായത്തുകളെ അറിയിക്കുന്നതിന് ആവശ്യമായ പട്ടികയും പ്രത്യേകം ഉൾപ്പെടുത്തണം. പദ്ധതി തയ്യാറാക്കുമ്പോൾ വിവിധ സ്ഥാപനങ്ങൾ (ഉദാ: അങ്കണവാടി, സ്കൂൾ, ആശുപത്രി മുതലായവയും) സാമൂഹ്യനീതി കെ എസ് എസ് എം തുടങ്ങിയവ നൽകി വരുന്ന വിവിധ സേവനങ്ങളും ഏകോപിപ്പിക്കേണ്ടതുണ്ട്. മാത്രമല്ല സബ്സിഡി-ധനസഹായ നിബന്ധനങ്ങൾ പരിഗണിക്കുമ്പോൾ പൊതുപണം വിനിയോഗിച്ച് ചെയ്യാൻ കഴിയാത്ത കാര്യങ്ങൾക്കായി വിവിധ സ്ഥാപനങ്ങൾ, സംഘടനകൾ ഉദാരമതികളായ വ്യക്തികൾ എന്നിവരുടെ സഹായം തേടേണ്ടതായും വരും. ഇവയെല്ലാം സംയോജിപ്പിച്ചുകൊണ്ടുള്ള പദ്ധതികളായിരിക്കണം തയ്യാറാക്കേണ്ടത്.

## 2.5 ബാലസൗഹൃദപ്രാദേശികഭരണം- കുട്ടികളുടെ അവകാശങ്ങൾ

### എന്താണ് ബാലസൗഹൃദ പ്രാദേശിക ഭരണം

മുഴുവൻ കുട്ടികൾക്കും ശാരീരികവും മാനസികവും സാമൂഹികവുമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ സാഹചര്യങ്ങൾ സൃഷ്ടിച്ചുകൊണ്ട് അവരുടെ ജീവിതം സന്തോഷകരമാക്കുന്നതോടൊപ്പം അവരിലൂടെ രാഷ്ട്രത്തിന്റെ പുരോഗതി ഉറപ്പുവരുത്തുക എന്നതാണ് കുട്ടികളെ സംബന്ധിച്ച ദേശീയ കാഴ്ചപ്പാട്. കുട്ടികൾ രാജ്യത്തിന്റെ അമൂല്യസമ്പത്തും – ശ്രേയസ്കരമായ നിധിയുമാണെന്ന് കുട്ടികൾക്കായുള്ള ദേശീയനയം പ്രഖ്യാപിക്കുന്നു. ലോകജനസംഖ്യയിലെ ഇരുപത്തിനാല് ശതമാനത്തോളം കുട്ടികളാണ് എങ്കിൽ ഇന്ത്യയിൽ ഇത് മുപ്പത്തിയൊമ്പത് ശതമാനമാണ്. കേരളത്തിൽ കുട്ടികളുടെ ജനസംഖ്യ മുപ്പത് ശതമാനമാണ്.

**കുട്ടികൾക്കായുള്ള കർമപദ്ധതി - തദ്ദേശഭരണസ്ഥാപനതലത്തിൽ**

കുട്ടികൾക്കായുള്ള ഭരണഘടനാ നിർദേശങ്ങൾ പ്രയോഗത്തിൽ വരുത്തുന്നതിന് ദേശീയ-സംസ്ഥാനതലങ്ങളിൽ കുട്ടികൾക്കായുള്ള കർമപദ്ധതി രൂപപ്പെടുത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. ശാസ്ത്രീയമായ ഈ പ്രവർത്തനങ്ങൾ കുട്ടികളുടെ അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ പ്രശ്നങ്ങൾ കണ്ടെത്തി പരിഹാരം നിർദേശിക്കുന്ന ഒന്നാണ്. ഗ്രാമപ്പഞ്ചായത്തുകളുടെ കർമപദ്ധതിയുടെ അടിസ്ഥാനത്തിലാകണം ബ്ലോക്ക്, ജില്ലാതല കർമപദ്ധതി രൂപപ്പെടുത്തുവാൻ. തൃശ്ശൂർ ജില്ലാപഞ്ചായത്തിന്റെ ബാലസൗഹൃദ ജില്ലാ പദ്ധതിയും പുഴക്കൽ ബ്ലോക്കിന്റെ ബാലസൗഹൃദ ബ്ലോക്ക് കർമപദ്ധതിയും ഈ രംഗത്ത് മാതൃകകളാണ്.

### ബാലസൗഹൃദമെന്നാൽ

സൗഹൃദം എന്ന വാക്കിന്റെ അർഥം - ആദരണീയമായ, സ്വാഗതാർഹമായ പെരുമാറ്റം എന്നൊക്കെയാണ്. കുട്ടികളോട് ആദരവോടെ, ബഹുമാന

ത്തോടെ - അവരുടെ ആവശ്യങ്ങളെ ഗൗരവത്തോടെയും ബഹുമാനത്തോടെയും പരിഗണിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്തുകയും ചെയ്യുന്ന ഒരു പ്രക്രിയയാണ് ബാലസൗഹൃദം. കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കേണ്ടത് ഈ ഭരണപ്രക്രിയയിലെ അനിവാര്യഘടകമാണ്. ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം, പങ്കാളിത്തത്തിനുള്ള അവസരങ്ങൾ തുടങ്ങി അവർക്ക് അവകാശപ്പെട്ട എല്ലാ അവകാശങ്ങളും ലഭ്യമാക്കുന്ന ഒരു സമീപനമാണിത്. കുട്ടികൾക്ക് മുന്തിയ പരിഗണന നൽകിക്കൊണ്ട് അവർക്കനുയോജ്യമായ ലോകക്രമം രൂപപ്പെടുത്തുക എന്ന ലക്ഷ്യം എല്ലാ അന്തർദേശീയ, ദേശീയ കാഴ്ചപ്പാടുകളും വ്യക്തമാക്കുന്നു.കുട്ടികളുടെ വികസന മികവിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. കുട്ടികൾക്ക് ആരോഗ്യകരമായ വളർച്ചയ്ക്കും വികസനത്തിനും അനുയോജ്യമായ അന്തരീക്ഷം ഉറപ്പാക്കുക എന്നതാണ് സാമൂഹിക വികസനത്തിന്റെ അടിസ്ഥാനം. കേരളത്തിലെ പഞ്ചായത്ത്‌രാജ് നിയമവും വികേന്ദ്രീകൃത ആസൂത്രണ മാർഗരേഖയും കുട്ടികൾക്കായി കാര്യക്ഷമമായ പ്രോജക്ടുകൾക്കും വകയിരുത്തലുകൾക്കും അവസരം നൽകിയിട്ടുണ്ട്. ഈ സാധ്യത പൂർണമായും പ്രയോജനപ്പെടുത്തുന്നതിന് ആവശ്യമായ നിർദേശങ്ങൾ ബാലസൗഹൃദ പ്രാദേശിക ഭരണ സമീപനം വഴിയും വർക്കിങ്ങ് ഗ്രൂപ്പുകളുടെ പ്രവർത്തനം വഴിയും സാധ്യമാകേണ്ടതുണ്ട്.

**ലക്ഷ്യങ്ങൾ**

വികസനത്തെ അവകാശത്തിന്റെ ചട്ടക്കൂട്ടിൽ കാണുന്ന ഒരു പ്രക്രിയയാണ് ഇന്ന് സ്വീകരിച്ചുപോരുന്നത്. കുട്ടികളും പൗരരാണ് എന്ന കാഴ്ചപ്പാടോടുകൂടി അവരുടെ മനുഷ്യാവകാശങ്ങൾക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുക എന്നതാണ് ഇതിന്റെ കാതൽ. ദേശീയതലത്തിൽ അംഗീകരിക്കപ്പെട്ട കുട്ടികളുടെ അവകാശ പ്രഖ്യാപന രേഖയിലെ നാല് സുപ്രധാന അവകാശങ്ങളായ അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നിവ ഉറപ്പാക്കുക അനിവാര്യമാണ്. എല്ലാ കുട്ടികൾക്കും ജനിക്കാനും എല്ലാ സാധ്യതകളോടുകൂടി ജീവിക്കാനും അവശ്യമായ സാഹചര്യം ഒരുക്കുന്നതാണ് അതിജീവനാവകാശം. ഗുണമേന്മയുള്ള ആരോഗ്യസംരക്ഷണം, പോഷണഗുണമുള്ള ഭക്ഷണം, ഗുണമേന്മയുള്ള വിദ്യാഭ്യാസം, വൃത്തിയുള്ള അന്തരീക്ഷം എന്നിവ ഉറപ്പാക്കലാണ് വികസനാവകാശം ലക്ഷ്യം വെക്കേണ്ടത്. എല്ലാതരത്തിലുമുള്ള ദുരുപയോഗങ്ങളും തടയലാണ് സംരക്ഷണാവകാശം വിഭാവനം ചെയ്യുന്നത്. പങ്കാളിത്താവകാശമെന്നാൽ കുടുംബത്തിലോ, വിദ്യാലയത്തിലോ, സമൂഹത്തിലോ, ഭരണനടപടിക്രമത്തിലോ കുട്ടികൾക്ക് വേണ്ടി എറ്റെടുക്കുന്നതും അവരെ ബാധിക്കുന്നതുമായ എല്ലാ തീരുമാനത്തിലും കുട്ടികൾക്ക് പങ്കാളികളാകാനും അവരുടെ വിനോദവും കളികളും വഴി കായിക സാംസ്കാരിക നിലവാരവും നേതൃത്വ പാടവവും ഉറപ്പാക്കപ്പെടുകയാണ് ഈ അവകാശത്തിന്റെ ലക്ഷ്യം.

**അതിജീവനം**

എല്ലാ കുട്ടികൾക്കും ആരോഗ്യത്തോടെ ജീവിതം നയിക്കുന്നതിനാവശ്യ മായ നിലവാരമുള്ള ആരോഗ്യസേവനങ്ങൾ, പോഷകമൂല്യമുള്ള ഭക്ഷണം, ശുദ്ധജലം, ശുചിത്വമുള്ള പരിസ്ഥിതി എന്നിവ ഉറപ്പാക്കേണ്ടതുണ്ട്. എല്ലാ കുട്ടികൾക്കും അതിജീവനാവകാശം ഉറപ്പുവരുത്തുകയും പ്രത്യേകിച്ച് ആരോഗ്യ മേഖലയിൽ അപായസാധ്യതകളും വെല്ലുവിളികളും നേരിടുന്നവർക്ക് പ്രത്യേക പരിചരണവും സേവനങ്ങളും നൽകാൻ തദ്ദേശസ്ഥാപനം ശ്രദ്ധ ചെലുത്തു കയും വേണം. താഴെ പറയുന്ന മേഖലകളിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

- കുട്ടികളിൽ കുറഞ്ഞുവരുന്ന ലിംഗാനുപാതം
- ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും ഗുണനിലവാരമുള്ള സേവനം
- പ്രതിരോധ ചികിത്സ
- ശുദ്ധജലവും ശുചിത്വവും
- നവജാത ശിശു മരണവും 5 വയസ്സിന് ഇടയിലുള്ള മരണങ്ങളും

**വികസനം**

മാനവരാശിയുടെ വികാസവും ഉന്നമനവും കുട്ടികളുടെ സർവതോമുഖ മായ വികസന പ്രക്രിയയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വിക സനാവകാശം എന്നാൽ വിദ്യാഭ്യാസത്തിനുള്ള അവകാശത്തോടൊപ്പം കളി കൾ, വിശ്രമം, സാംസ്കാരിക പ്രവർത്തനം, വാർത്താവിവര ലഭ്യത, പ്രാപ്തി, സ്വതന്ത്രമായ ചിന്ത, മതം എന്നിവ ഉൾപ്പെടുന്നു. പോഷണം, ആരോഗ്യം, ശൈശവകാല പരിരക്ഷണം, വിദ്യാഭ്യാസം മാനസിക സാമൂഹിക സാംസ്കാ രിക സംവിധാനങ്ങൾ എന്നിവയിലുള്ള സമഗ്രവും സംയോജിതവുമായ ഇട പെടലുകളുടെ ഫലമായി സൃഷ്ടിക്കപ്പെടുന്നതാണ് പുരോഗമനാത്മക വളർ ച്ചയും ആഹ്ലാദകരമായ ബാല്യവും. വികസന ഇടപെടലുകൾ ആസൂത്രണം ചെയ്യുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ മേൽപ്പറഞ്ഞ സേവനമേഖലകളും വിവിധ സംവിധാനങ്ങളും കൂട്ടിയിണക്കി സമഗ്രമായ രീതിയിൽ കുട്ടികളുടെ വികസനം ഉയർത്തിക്കൊണ്ട് വരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. താഴെ പറയുന്ന മേഖലകളിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

- ആദ്യശൈശവകാല പരിചരണവും ഉത്തേജനവും
- സാർവത്രികശൈശവകാല പരിരക്ഷയും വിദ്യാഭ്യാസവും
- എല്ലാകുട്ടികൾക്കും നിർബന്ധിത വിദ്യാഭ്യാസം
- ആരോഗ്യവിദ്യാലയം
- പോഷണനിലവാരവും കായികക്ഷമതയും

**സംരക്ഷണം**

കുടുംബത്തിലോ സ്കൂളിലോ സ്ഥാപനത്തിലോ പൊതുസ്ഥലങ്ങളിലോ സമൂഹത്തിലോ കുട്ടികൾ നേരിടേണ്ടിവരുന്ന എല്ലാത്തരം അനുചിത പെരു

മാറ്റങ്ങളിൽനിന്നും അതിക്രമങ്ങളിൽനിന്നും അപായകരമായ സാഹചര്യങ്ങളിൽനിന്നും പരിരക്ഷ ലഭിക്കാനുള്ള അവകാശമാണ് സംരക്ഷണം. തദ്ദേശ ഭരണസ്ഥാപനങ്ങൾ കുട്ടികളേയും കൗമാരക്കാരായവരേയും എല്ലാവിധ പീഡനങ്ങളിൽനിന്നും അനുചിത പെരുമാറ്റങ്ങളിൽനിന്നും സംരക്ഷിക്കുന്നതിന് താഴെ പറയുന്ന മേഖലകളിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

- കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം സംരക്ഷിക്കുക
- കുട്ടികൾക്ക് മേലുള്ള ദുരുപയോഗങ്ങൾ തടയൽ
- സുരക്ഷിതമായ സ്കൂൾ പരിസരം
- സുരക്ഷിതമായ കൗമാരം
- നിയമാനുസൃത പ്രായത്തിന് മുമ്പുള്ള വിവാഹം തടയൽ
- പരിചരണവും പിന്തുണയും ഉറപ്പാക്കുന്ന കുടുംബം
- വൈകല്യ ലഘൂകരണവും ഭിന്നശേഷി സൗഹൃദവും

### പങ്കാളിത്തം

കുട്ടികളുടെ പങ്കാളിത്താവകാശമെന്നാൽ അവർക്ക് വേണ്ടിയോ, അവരെ ബാധിക്കുന്നതോ ആയ കുടുംബത്തിലെയും വിദ്യാലയത്തിലെയും സമൂഹത്തിലെയും ഭരണനടപടിക്രമത്തിലെയും തീരുമാനമെടുക്കുന്ന പ്രക്രിയയിൽ അവരെക്കൂടി പങ്കാളികളാക്കണം എന്ന അവകാശമാണ്. കുട്ടികളെ ബാധിക്കുന്ന ഏത് നടപടിക്രമങ്ങളുടെ തീരുമാനങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ശൈശവത്തേയോ കൗമാരത്തേയോ ബാധിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴും കുട്ടികളെക്കൂടി പങ്കെടുപ്പിക്കേണ്ടത് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.താഴെ പറയുന്ന മേഖലകളിൽ പ്രത്യേകം ശ്രദ്ധ ആവശ്യമാണ്.

- ബാലസഭ
- കുട്ടികളുടെഗ്രാമസഭ
- കൗമാര ക്ലബ്ബുകൾ
- സ്കൂൾ ക്ലബ്ബുകളിലെ കുട്ടികളുടെ പങ്കാളിത്തം
- ആസൂത്രണ പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം
- ബാലസൗഹൃദ പൊതുഇടങ്ങൾ

### ബാലസൗഹൃദ പ്രാദേശിക ഭരണലക്ഷ്യങ്ങൾ

ബാലസൗഹൃദ പ്രാദേശിക ഭരണ കർമപദ്ധതി തയ്യാറാക്കുമ്പോൾ പ്രാദേശിക അവസ്ഥയനുസരിച്ച്, താഴെ പറയുന്ന ലക്ഷ്യങ്ങൾക്കനുസൃതമായിരിക്കണം

- കുട്ടികളുടെ സമ്പൂർണ വിവരശേഖരണം, സമ്പൂർണ വിവരവ്യൂഹം (Data Bank).
- ആൺ/പെൺ അനുപാതം സാധാരണ നിലയിൽ ആക്കുക.

- 100% പ്രതിരോധ കുത്തിവെയ്പ്പ്.
- നവജാതശിശുക്കളുടെയും ഒരു വയസ്സിന് താഴെയുള്ള കുട്ടികളുടെയും ഇപ്പോഴുള്ള മരണനിരക്ക് കുറയ്ക്കുക.
- ശുദ്ധമായ കുടിവെള്ളവും ശുചിത്വവും കുട്ടികൾക്കായുള്ള സ്ഥാപനങ്ങളിൽ ഉറപ്പ് വരുത്തുക.
- കുട്ടികൾക്കായുള്ള പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുക-ന്യൂനപോഷണ രഹിതം.
- കുട്ടികളുടെ ശാരീരിക മാനസിക പോരായ്മകൾ വളരെ നേരത്തേ കണ്ടെത്തുന്നതിനുള്ള ഇടപെടലുകൾ.
- സാർവത്രിക ശിശുസംരക്ഷണവും വിദ്യാഭ്യാസവും ഉറപ്പ് വരുത്തുക.
- എല്ലാ അങ്കണവാടികൾക്കും കെട്ടിടവും മിനിമം നിലവാരവും.
- എല്ലാ സ്കൂളുകളും ബാലസൗഹൃദവും ആരോഗ്യവിദ്യാലയവും ആയി വികസിപ്പിക്കുക.
- മുഴുവൻ സ്കൂളുകളിലും കൊഴിഞ്ഞുപോക്കും മുടങ്ങലും (Absent) ഒഴിവാക്കുക.
- ആദിവാസി മേഖലയിലെ കുട്ടികൾക്ക് പഠനത്തിന് ആവശ്യമായ മിനിമം സൗകര്യങ്ങളും പഠനത്തിനുള്ള സഹായവും ലഭ്യമാക്കുക.
- കുട്ടികൾക്ക് എതിരെയുള്ള അതിക്രമങ്ങൾ തീർത്തും ഇല്ലാതാക്കുക.
- എല്ലാ സ്കൂളുകളും ലഹരി വിമുക്തമാക്കുക.
- ബാലവിവാഹങ്ങൾ ഇല്ലാതാക്കുക.
- ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സംരക്ഷണം ഉറപ്പാക്കുക (ആശ്രയ മാതൃകയിൽ അർഹതപ്പെട്ട എല്ലാ സേവനങ്ങളും ലഭ്യമാക്കുക).
- കൗമാരപ്രായക്കാരായ കുട്ടികൾക്ക് ആരോഗ്യവും സുരക്ഷയും.
- തദ്ദേശഭരണ സ്ഥാപനങ്ങളിൽ എല്ലാ വാർഡിലും കുട്ടികളുടെ ഗ്രാമസഭ/ വാർഡ്സഭ.
- ബാലസൗഹൃദ പൊതുസ്ഥലങ്ങൾ.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ വർക്കിങ്ങ് ഗ്രൂപ്പിൽ കുട്ടികളുടെ പങ്കാളിത്തം.
- ബാലപഞ്ചായത്ത് സംഘടിപ്പിക്കുക.

**ചൈൽഡ് ബഡ്ജറ്റ്**

കുട്ടികൾക്കായി ബഡ്ജറ്റ് തയ്യാറാക്കൽ – പ്രത്യേക വിഭാഗങ്ങൾക്കായി ആസൂത്രണ പ്രക്രിയയുടെ ഓരോ ഘട്ടങ്ങളിലായി ഘടകപദ്ധതികളോ, ഉപപദ്ധതികളോ തയ്യാറാക്കുന്നതിനായി നിർദേശങ്ങളുണ്ടായിരുന്നു. സർക്കാർ നിർദേശിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഈ മേഖലയിൽ എത്രമാത്രം തുക വിനിയോഗിക്കപ്പെട്ടു, ഏതെല്ലാം മേഖലയിൽ കുട്ടികൾക്കായി പ്രോജക്ടുകൾ എന്നിവയെല്ലാം ഇതുവഴി കണക്കാക്കുവാൻ കഴിയും. ഇത് ഓഡിറ്റിങ്ങിനും വിധേയമാക്കാൻ കഴിയുകയും ചെയ്യും. ജനസംഖ്യയുടെ 30% വരുന്ന വിഭാഗമാണ് കുട്ടികൾ. ബാലസൗഹൃദഭരണം ഉറപ്പാക്കപ്പെടണമെങ്കിൽ പ്രാദേശിക സർക്കാരിൽ നിക്ഷിപ്തമായ എല്ലാ വികസന മേഖലകളിലും അവർക്കായി മുതൽമുടക്കുകളും ഇടപെടലുകളും ആവശ്യമാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ നിയന്ത്രണത്തിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും ബാലസൗഹൃദമാക്കണമെന്ന് നിർദേശമുണ്ട്. ഈ പറഞ്ഞവയിൽ പലതും തദ്ദേശസ്ഥാപനങ്ങൾ നിർവഹിക്കുന്നുമുണ്ട്. എന്നാൽ ഇത് എത്രമാത്രമെന്നും ഏതെല്ലാം കാര്യങ്ങൾക്കെന്നും കുറവുകൾ എവിടെയെന്നും മറ്റും തിട്ടപ്പെടുത്തുന്നതിന് ബുദ്ധിമുട്ടുണ്ട്. കുട്ടികളിൽ തന്നെ പോഷണം, ആരോഗ്യം, വിദ്യാഭ്യാസം, സംരക്ഷണം, പങ്കാളിത്തം, കലാകായികവികസനം തുടങ്ങിയവയ്ക്ക് ഏതെല്ലാം വിഭവങ്ങളാണ് വിനിയോഗിക്കുന്നതെന്ന് വ്യക്തമാക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കുന്നതുവഴി മാത്രമേ ബാലസൗഹൃദ പ്രാദേശികഭരണം ഉറപ്പാക്കുവാൻ സാധ്യമാകുകയുള്ളു.

## ബാലസൗഹൃദഭരണം അനിവാര്യമായ ഇടപെടലുകൾ

പ്രാദേശിക സർക്കാർ കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ കണക്കിലെടുത്ത് അവരുടെ സമഗ്രവികസനത്തിന് വഴിഒരുക്കുന്ന കാഴ്ചപ്പാട് രൂപപ്പെടുത്തണം. ഇതാകട്ടെ എല്ലാ ബാലാവകാശങ്ങളും എവിടെയും എപ്പോഴും കുട്ടിക്ക് അനുഭവവേദ്യമാക്കുകയെന്ന ലക്ഷ്യത്തോടെ രൂപപ്പെടുത്തുന്ന ഒന്നായിരിക്കണം. ഇതിനാവശ്യമായ തീരുമാനമാണ് ബാലസൗഹൃദ ഭരണത്തിന്റെ ആദ്യപടി. ഈ സമീപനം യാഥാർഥ്യമാക്കുന്നതിന് പ്രാരംഭഘട്ടത്തിൽ തന്നെ താഴെ പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

- കുട്ടികൾക്കായുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണം (AWC, PHC, SCHOOL, BUDS, Hostel etc.,).
- ബാലസൗഹൃദ പൊതു ഇടങ്ങൾ സൃഷ്ടിക്കുകയും മേന്മവൽക്കരിക്കുകയും ചെയ്യുക (കളിസ്ഥലം, പാർക്ക്, വായനശാല).
- കുട്ടികൾക്കായുള്ള പങ്കാളിത്തസംവിധാനങ്ങൾ ശാക്തീകരിക്കുക, വിപുലീകരിക്കുക (കുമാരിക്ലബ്ബ്, ബാലസഭ, ജാഗ്രതാസമിതി, കുട്ടികളുടെ ഗ്രാമസഭ).
- സേവനങ്ങളുടെ ഗുണനിലവാരം വർധിപ്പിക്കുക, സേവനം അവകാശമാക്കുക.

- കുട്ടികളുടെ വിവരശേഖരം സൃഷ്ടിക്കുകയും ഓരോ വർഷവും പുതുക്കുകയും ചെയ്യുക.
- പൊതുസമൂഹത്തിൽ കുട്ടികളുടെ അവകാശങ്ങൾ ബോധ്യപ്പെടുത്തുന്ന മനോഭാവ മാറ്റത്തിനായി – ഐ ഇ സി സംവിധാനങ്ങൾ.
- നിയമപരിരക്ഷകൾ പൂർണമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കുക (പോക്സോ, ബാലനീതി നിയമം തുടങ്ങിയവ).
- എല്ലാ കുട്ടികൾക്കും ആരോഗ്യ സുരക്ഷയും ഭക്ഷണസുരക്ഷയും വിദ്യാഭ്യാസവും ഉറപ്പുവരുത്തുക.
- പ്രത്യേക പരിഗണന അർഹിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾ, പഠന പിന്നോക്കാവസ്ഥയുള്ളവർ, സാമൂഹ്യ സാമ്പത്തിക പ്രശ്നങ്ങൾ നേരിടുന്നവർ എന്നിവർക്കായി പ്രത്യേക കരുതലും ഇടപെടലുകളും.

**ആസൂത്രണ മാർഗരേഖയിലെ ബാലസൗഹൃദ നിർദേശങ്ങൾ**
**(സ.ഉ.(കൈ) നം.11/2018/തസ്വഭവ, തിയതി 29.01.2018**

| ക്ര. നം. | പ്രോജക്ട് | ആസൂത്രണ മാർഗരേഖ | | സബ്സിഡി മാർഗരേഖ |
|---|---|---|---|---|
| | | പഞ്ചായത്ത് | നഗരസഭ | |
| 1 | അങ്കണവാടി പോഷകാഹാര വിതരണം | 5.2.1 (1)<br>5.4.1 (11) | 5.2.1 (1) | |
| 2 | എസ്.എസ്.എ./ ആർ.എം.എസ്.എ. വിഹിതം | 5.2.1 (2)<br>7.6 (3) | 5.2.1 (2) | |
| 3 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും | 5.2.1 (4) | 5.2.1 (4) | 7.1.1 മുതൽ 7.1.6 വരെ |
| 4 | ചൈൽഡ് സ്റ്റാറ്റസ് റിപ്പോർട്ട് | 3.2 സി (1) | 3.2 സി (1) | |
| 5 | ഇതര സംസ്ഥാന കുട്ടികളുടെ വിവരശേഖരണം | 3.2 സി (1) | 3.2 സി (1) | |
| 6 | 100 ശതമാനം ജനന രജിസ്ട്രേഷൻ | 3.2 സി (1) | 3.2 സി (1) | |
| 7 | അങ്കണവാടികളിൽ ശിശു സൗഹൃദ ടോയ്ലെറ്റുകൾ | 6.4 7.8.2 | 6.7 (3), (4) | |
| 8 | അങ്കണവാടികളുടെ അകവും പുറവും ശിശു സൗഹൃദമാക്കൽ | 6.4 7.8.2 | 6.7 (3), (4) | |

| | | | | |
|---|---|---|---|---|
| 9 | മുഴുവൻ അങ്കണവാടി കൾക്കും സ്ഥലവും കെട്ടിടങ്ങളും | 7.8.2 | 7.8.2 (1), (2) | |
| 10 | അങ്കണവാടികളുടെ ഗുണ മേന്മാ വർധനവിലൂടെ കുട്ടികളുടെ എണ്ണം വർധി പ്പിക്കുക | 7.8.2 | 7.8.2 (1) | |
| 11 | വിദ്യാഭ്യാസ സ്ഥാപനങ്ങ ളിൽ എണ്ണത്തിന് ആനു പാതികമായി ബാല/ കൗമാര/ പെൺകുട്ടി സൗഹൃദ ടോയ്‌ലെറ്റുകൾ | 6.4 (3) | 6.4 (3) | |
| 12 | പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് പഠനമുറി | | | 7.2.17 |
| 13 | കൊഴിഞ്ഞുപോക്ക് തടയുന്നതിന് വിദ്യാല യങ്ങളിലെ ഭക്ഷണ പരി പാടികൾ വിപുലപ്പെടു ത്തുകയും രക്ഷിതാക്കളെ ബോധവൽകരിക്കുകയും ചെയ്യുക | 7.8.3 (2) | 7.8.3 (2) | |
| 14 | അങ്കണവാടി വെൽഫെ യർ കമ്മറ്റി നിരീക്ഷണ കമ്മിറ്റി തുടങ്ങിയവയുടെ പ്രവർത്തനം ശക്തമാ ക്കുക | 7.8.2 (4) | 7.8.2 (4) | |
| 15 | കുട്ടികളുടെ അവകാശ സംരക്ഷണം, നിയമ ങ്ങൾ തുടങ്ങിയവയുടെ പുസ്തകങ്ങൾ കുട്ടികളി ലെത്തിക്കുകയും ബോ ധവൽകരണക്ലാസുകൾ നടത്തുകയും ചെയ്യുക | 7.8.1 (1) | 7.8.1 (1) | |
| 16 | ഡാൻസ് കിറ്റ്, സ്പോർട്സ് കിറ്റ്, മറ്റ് ഉപകരണങ്ങൾ നൽകൽ | | | 7.2.21 |
| 17 | പഠന പരിപോഷണം | 7.6 (4), 7.6 (8) | 7.6 (4), 7.6 (8) | 7.6 (8) |

| | | | | |
|---|---|---|---|---|
| 18 | പൊതുസ്ഥലങ്ങളിലും സ്ഥാപനങ്ങളിലും കുട്ടി കളുടെ അവകാശങ്ങൾ സംബന്ധിച്ച ബോധ വൽകരണ ബോർഡുകൾ സ്ഥാപിക്കുക | | | 7.1.3(11) |
| 19 | പൊതുനിരത്തുകളിൽ, സ്കൂളിനു സമീപത്ത് സീബ്രാ ലൈനുകൾ വരയ്ക്കുക, അറിയിപ്പു ബോർഡുകൾ സ്ഥാപി ക്കുക | | | 7.1.3(11) |
| 20 | സ്കൂൾ കെട്ടിടങ്ങൾ ആസ്ബസ്റ്റോസ് വിമുക്ത മാക്കുക | 7.6 (2) | 7.6 (2) | |
| 21 | സ്കൂളുകളിലെ ഒഴിവുള്ള സ്ഥലങ്ങളിൽ മരങ്ങൾ വച്ചു പിടിപ്പിക്കുക | 7.1.6 എ 12 | 7.1.6 എ 12 | 7.7.1 |
| 22 | സ്കൂളുകളിലെ കളിസ്ഥല ങ്ങൾ വിപുലീകരിക്കുക | 7.10 (3) | 7.10 (3) | 7.6.14 |
| 23 | കുട്ടികളുടെ ഗ്രാമസഭകൾ സംഘടിപ്പിക്കുക | 6.8 (4), 3.2.1 (8) | 3.2.1(8) | |
| 24 | ബാലസഭ, ബാലസമിതി, ബാലപഞ്ചായത്ത് മുതലാ യവ രൂപീകരിക്കുകയും പ്രവർത്തനം ശക്തമാക്കു കയും ചെയ്യുക | 6.4 (2) | 6.4 (2) | 7.6.17 |
| 25 | നീന്തൽക്കുളവും നീന്തൽ പരിശീലനവും | | | 7.6.15 |
| 26 | കൗൺസലിങ്ങ് സൗകര്യം | 7.7.2 (2) | | 7.4.4 |
| 27 | കുട്ടികൾക്ക് കായികപരി ശീലനങ്ങൾ | 6.4 (6) | 6.4 (6) | 7.6.12 |
| 28 | കുട്ടികൾക്ക് യോഗ പരി ശീലനം | 6.4 (7) | 6.4 (7), 7.6 (13) | |
| 29 | യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ നാപ്കിൻ വെന്റിങ്ങ് യൂണിറ്റുകൾ | 6.3 (7) | 6.3 (6) | |

| | | | | |
|---|---|---|---|---|
| 30 | വിദ്യാഭ്യാസ സ്ഥാപ നങ്ങളിൽ ശുദ്ധമായ കുടിവെള്ളം | 7.1.6 ബി (7) | 7.1.6 ബി (8) | |
| 31 | സ്കൂളുകളിൽ ജന്റർ ഡസ്ക് | | | 7.4.1 (1), 7.4.3 |
| 32 | ജാഗ്രതാസമിതി പ്രവർത്ത നങ്ങൾ ശക്തിപ്പെടുത്തുക | 6.3 (5) | 6.3 (4) | 7.4.2 |
| 33 | District Early Intervention Centreന്റെ പ്രവർത്തനം കാര്യക്ഷമ മാക്കൽ | 6.4 (4) | 6.4 (4) | |
| 34 | തദ്ദേശഭരണസ്ഥാപന ങ്ങൾ ശിശുസൗഹൃദമാ ക്കൽ | 6.4 (5) | 6.4 (5) | |
| 35 | ഏഴാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് പ്രഭാത ഭക്ഷണം | 7.6 (7) | 7.6 (6) | |
| 36 | ജില്ലയിലെ മുഴുവൻ കുട്ടികൾക്കും ഹെൽത്ത് കാർഡ് | | | |
| 37 | സ്കൂൾ ആരോഗ്യ പരി പാടി മെച്ചപ്പെടുത്തൽ | 7.7.2 (4) | 7.7.2 (4) | |
| 38 | ആരോഗ്യജാഗ്രതാ പദ്ധതി വിഹിതം | 7.7.2 (8) | | |
| 39 | ബാലസൗഹൃദ ആസ്പ ത്രികൾ | 7.7.1 (2) | 7.7.1 (2) | |
| 40 | ബഡ്സ് സ്കൂൾ/ബഡ് സ് റിഹാബിലിറ്റേഷൻ സെന്റർ | 7.8.1 (2) | 7.8.1 (2) | 7.1.8 |
| 41 | ബഡ്സ് റിഹാബിലി റ്റേഷൻ ആന്റ് വൊക്കേഷ നൽ ട്രെയിനിങ്ങ് സെന്റർ | 7.8.1 (2) | 7.8.1 (2) | 7.1.11 |
| 42 | ബഡ്സ് സ്കൂൾ ജീവന ക്കാർക്ക് ഓണറേറിയം | | | 7.1.8 (2) |
| 43 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥി കൾക്ക് സ്കോളർഷിപ്പ് | 5.2.1 (4) | 5.2.1 (4) | 7.1 (6) എ |

| | | | | |
|---|---|---|---|---|
| 44 | മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥി കൾക്ക് സ്കോളർഷിപ്പ് | 5.2.1 (4) | 5.2.1 (4) | 7.1 (6) ബി |
| 45 | ഡേ കെയർ സെന്ററിൽ പോകുന്ന മാനസിക വെല്ലുവിളി നേരിടുന്ന വർക്ക് ബത്ത | 5.2.1 (4) | 5.2.1 (4) | 7.1 (6) സി |
| 46 | പഠനം സാധ്യമല്ലാതെ വീട്ടിൽ കഴിയുന്ന 18 വയ സ്സിൽ താഴെയുള്ളവർക്ക് ബത്ത | 5.2.1 (4) | 5.2.1 (4) | 7.1 (6) ഡി |
| 47 | ഭിന്നശേഷിക്കാരായ കുട്ടി കളുടെ കലാകായിക മത്സരങ്ങൾ | | | 7.1.14 |
| 48 | അങ്കണവാടികൾ/എൽ.പി. സ്കൂളുകൾ എന്നിവിട ങ്ങളിൽ വൈകല്യനിവാ രണ പ്രവർത്തനങ്ങൾക്ക് സംവിധാനം | | | 7.1.10 |
| 49 | സ്കൂളുകളിൽ ജൈവ വൈവിധ്യ ഉദ്യാനം | 7.6 (1) | 7.6 (1) | |
| 50 | സ്കൂളുകളിൽ മാലിന്യ സംസ്കരണ പരിപാടി | 7.6 (1) | 7.6 (1) | |
| 51 | സ്കൂളുകളിൽ ഊർജ സംരക്ഷണ പരിപാടി | 7.6 (1) | 7.6 (1) | |
| 52 | സ്കൂളുകളിൽ അടുക്കള, സംഭരണമുറി | 7.6 (5) | 7.6 (5) | |
| 53 | ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുക ളിലെ പെൺകുട്ടികൾക്ക് തായ്ക്കൊണ്ട, ജൂഡോ, കരാട്ടേ, യോഗ പരിശീ ലനം | 7.6 (14) | 7.6 (12) | |
| 54 | പട്ടികവർഗ വിദ്യാർഥി കൾക്ക് പഠനനിലവാരമു യർത്താൻ കോച്ചിങ്ങ് | അനുബന്ധം 5 2.8 (5) | അനുബ ന്ധം 5 2.8 (4) | |
| 55 | പട്ടികവർഗ വിദ്യാർഥി കൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ | അനുബന്ധം 5 2.8 (3) | അനുബ ന്ധം 5 2.8 (3) | |

| | | | | |
|---|---|---|---|---|
| 56 | സ്കൂളുകളിൽ ഫർണീച്ചർ | 7.6 (6) | 7.6 (7) | |
| 57 | പട്ടികജാതി പട്ടികവർഗ ഹയർ സെക്കണ്ടറി വിദ്യാർഥികൾക്ക് കരിയർ ഗൈഡൻസ് ക്ലാസുകൾ | | | 7.2.23 |
| 58 | പട്ടികജാതി പട്ടികവർഗ ഹയർ സെക്കണ്ടറി വിദ്യാർഥികൾക്ക് മോട്ടി വേഷൻ ക്ലാസുകൾ | | | 7.2.24 |
| 59 | പട്ടികജാതി പട്ടികവർഗ വിദ്യാർഥികൾക്ക് മിക വിന് പിന്തുണ | | | 7.2.20 |
| 60 | പട്ടികജാതി/പട്ടികവർഗ കോളനികളിൽ/ഊരുക ളിൽ സാമൂഹ്യപഠന കേന്ദ്രം | | | 7.2.18 |
| 61 | പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് സ്കോ ളർഷിപ്പ് | | | 7.2.5 |
| 62 | പട്ടികജാതി/പട്ടികവർഗ മെറിറ്റോറിയസ് വിദ്യാർഥി കൾക്ക് ധനസഹായം | | | 7.2.6 |
| 63 | പട്ടികജാതി/പട്ടികവർഗ വിദ്യാർഥികൾക്ക് മേശ/ കസേര | | | 7.2.7 |
| 64 | പട്ടികജാതി/പട്ടിക വർഗ വിദ്യാർഥികൾക്ക് ലാപ്ടോപ്പ് | | | 7.2.8 |
| 65 | കായികാധ്യാപകരുടെ കരാർ നിയമനം | | | 7.3.2 |
| 66 | കായികക്ഷമത – എൽ.പി.സ്കൂൾ കുട്ടിക ളിൽ | | | 7.3.3 |
| 67 | കുട്ടികൾക്കുള്ള അത്ല റ്റിക്സ് പരിശീലനങ്ങൾ | | | 7.6.12 |

## പരിഗണിക്കാവുന്ന ഹ്രസ്വ നിർദേശങ്ങൾ

### ബാലസൗഹൃദ അങ്കണവാടികൾ

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതിക്കാലയളവിൽ എല്ലാ അങ്കണവാടികൾക്കും സ്വന്തമായ കെട്ടിടവും സ്ഥലവും, ചുറ്റുമതിൽ, കുടിവെള്ളം, ഫർണീച്ചർ, മറ്റു ഭൗതികസൗകര്യങ്ങൾ മുതലായവ പ്രദാനം ചെയ്ത് ബാലസൗഹൃദ അങ്കണവാടികൾ യാഥാർഥ്യമാക്കുന്നതിനുള്ള നിശ്ചയദാർഢ്യത്തോടെ പ്രവർത്തിക്കേണ്ടതാണ്. ഇത് സാധ്യമാക്കുന്നതിന് അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്താനുള്ള പ്രോജക്ടുകൾക്ക് പ്രാധാന്യം നൽകണം. ബ്ലോക്ക്/ജില്ല പഞ്ചായത്തുകൾക്ക് ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. അങ്കണവാടി പോഷകാഹാര വിതരണവും പ്രവർത്തനവും ഫലപ്രദമാണ് എന്നുറപ്പുവരുത്താൻ അങ്കണവാടി വെൽഫെയർ ആന്റ് മോണിട്ടറിങ് കമ്മിറ്റി, നിരീക്ഷണ കമ്മിറ്റി, ജനപ്രതിനിധികൾ എന്നിവരുടെ ഇടപെടലുകൾ നിരന്തരം ഉണ്ടാകേണ്ടതുണ്ട്.

### ശിശുസൗഹൃദ പ്രാഥമികാരോഗ്യകേന്ദ്രം

പ്രതിരോധ കുത്തിവെയ്പ് കാര്യക്ഷമമാക്കുന്നതിനും ഗർഭിണികളുടെ പരിരക്ഷ ഉറപ്പാക്കുന്നതിനും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ശിശുസൗഹൃദ ഇമ്യൂണൈസേഷൻ കോർണർ – മുലയൂട്ടൽ കേന്ദ്രം എന്നിവ ഒരേ സ്ഥലത്ത്, സ്വകാര്യത, ശുചിത്വ സൗകര്യങ്ങളോടെ, ഇരിപ്പിടങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തുക

### തടസ വിമുക്ത പൊതുഇടങ്ങൾ

പ്രാദേശിക സർക്കാരിനു കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും തടസ വിമുക്തമായ – സ്റ്റെപ്പുകൾക്കൊപ്പം റാമ്പ്, ഹാൻഡ്റെയിലുകൾ, ടോയ്ലെറ്റുകളിൽ ഹാൻഡ്ഗ്രിപ്പുകൾ തുടങ്ങിയവ മാർഗനിർദേശങ്ങൾക്കനുസൃതമായി നിർമിക്കുക, നിലനിർത്തുക. പൊതു ബസ്സ്റ്റാന്റുകൾ, മിനി സ്റ്റേഡിയങ്ങൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങിയവ ഈ സംവിധാനങ്ങൾക്കൊപ്പം അപായരഹിതമായ രീതിയിൽ സംരക്ഷിക്കപ്പെടേണ്ടതാണ്.

### ഹരിതസ്കൂൾ

എല്ലാ പൊതുവിദ്യാലയങ്ങളും തടസവിമുക്തവും പ്രകൃതി സൗഹൃദപരവും ആയിരിക്കണം. ഹരിതാഭ പകരുന്ന ഉദ്യാനങ്ങൾ, പച്ചക്കറികൃഷി, മാലിന്യസംസ്കരണ സംവിധാനങ്ങൾ, ഡ്രെയിനേജ്, ആരോഗ്യകരമായ അടുക്കള തുടങ്ങിയവ ഉറപ്പാക്കപ്പെടണം.

### ആരോഗ്യവിദ്യാലയം

എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പി.ടി.എ.കൾ, സ്കൂൾ ക്ലബ്ബുകൾ എന്നിവ സജീവമായി പ്രവർത്തിക്കണം. സ്കൂൾ ആരോഗ്യ പരിപാടി പ്രവർത്തനങ്ങൾ മുഴുവൻ സ്ഥലത്തും ലഭ്യമാക്കണം. ജീവിത നൈപുണി വിദ്യാഭ്യാസം, കൗൺസിലിങ്, ഗൈഡൻസ് എന്നിവയ്ക്ക് അവസരമുണ്ടാകണം. സ്കൂൾ പരിസരം സീറോസോൺ ആക്കുകയും പ്രശ്നമേഖലകളിൽ വിജി

ലൻസ് കമ്മറ്റികൾ രൂപീകരിക്കുകയും വേണം. പോഷണാരോഗ്യം ഉറപ്പു വരുത്തുന്നതിന് കുട്ടികളുടെ വളർച്ചാരേഖ ചാർട്ടുകൾ ലഭ്യമാക്കുകയും ആവശ്യമെങ്കിൽ ഉപകരണങ്ങൾ നൽകുകകയും വേണം. സൂക്ഷ്മപോഷണ ന്യൂനതകൾ ഇല്ലെന്ന് ഉറപ്പു വരുത്താൻ നടപടികൾ സ്വീകരിക്കണം. പഠന വൈകല്യങ്ങൾ തിട്ടപ്പെടുത്തുന്നതിന് സംവിധാനങ്ങളും പരിഹാരനടപടി കളും ഉണ്ടാകണം.

### ബാലനീതി നിയമങ്ങൾ

കുട്ടികൾക്കെതിരായി വർധിച്ചു വരുന്ന ലൈംഗികാതിക്രമം തടയാനാണ് 2012-ലെ P0CSO ആക്ട് നിലവിൽ വന്നത്. ഇന്ന് കുട്ടികളുടെ മേഖലയിൽ പ്രവർത്തിക്കുന്നവർ ഈ നിയമം അറിഞ്ഞിരിക്കേണ്ടത് അത്യാവശ്യമാണ്. ബാലവിവാഹനിരോധന നിയമം, ബാലവേല നിരോധന നിയമം, വിദ്യാഭ്യാസ അവകാശ നിയമം എല്ലാം തന്നെ സമൂഹത്തിൽ ബാലസൗഹൃദ അന്തരീക്ഷം ഉണ്ടാക്കാൻ സഹായകരമാണ്. ഇതോടൊപ്പം ഐ.സി.പി.എസ്. കമ്മറ്റികൾ രൂപീകരിക്കേണ്ടതാണ്.

### ബാലവിവാഹം, ബാലവേല ഒഴിവാക്കപ്പെടുക

നിലവിലുള്ള നിയമസംരക്ഷണവേദികളുടെ സഹായത്തോടെ, തദ്ദേശ ഭരണ സ്ഥാപന പിന്തുണയോടെ ബാലവിവാഹങ്ങളും ബാലവേലയും ഇല്ലാത്ത അവസ്ഥയിലേക്ക് ഉയർത്തപ്പെടണം. അനാഥബാല്യം ഒഴിവാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കണം

### ബാലസൗഹൃദ കളിസ്ഥലങ്ങൾ

തദ്ദേശഭരണസ്ഥാപനത്തിന്റെ എല്ലാ വാർഡുകളിലെയും കുട്ടികൾക്ക് ഒത്തു കൂടുന്നതിനും കായിക വിനോദങ്ങളിൽ ഏർപ്പെടുത്തുന്നതിനും പൊതു കളിസ്ഥലങ്ങൾ ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കണം. നിലിവിലുള്ള കളിസ്ഥലങ്ങൾ നിലവാരമുള്ളതാക്കുകയും കുട്ടികൾക്ക് സ്വചരമായി കളിക ളിൽ ഏർപ്പെടുന്നതിന് മൃഗശല്യം, ചൂതുകളി, മദ്യസംഘങ്ങൾ എന്നിവയിൽ നിന്നുള്ള മുക്തി ഉറപ്പാക്കേണ്ടതാണ്.

## കുട്ടികൾക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 1. നാഷണൽ ഹെൽത്ത് മിഷൻ (ആർദ്രം)

- ജനനി സുരക്ഷ യോജന കാര്യഗ്രാം
- രാഷ്ട്രീയ ബാൽസ്വാസ്ഥ്യ കാര്യഗ്രാം
- വിഫ്സ്
- 1000 സുവർണ ദിനങ്ങൾ
- 4 ഡി പരിശോധന (ആർബിഎസ്കെ)

### 2. പെൺകുട്ടികൾക്കായുള്ള പ്രത്യേക പരിപാടികൾ

- ബേട്ടി ബച്ചാവോ ബേട്ടി പഠാവോ
- സുകന്യ സമൃദ്ധി യോജന

- സിബിഎസ്ഇ - ഉഡാൻ
- ധനലക്ഷ്മി സ്കീം

**3. ഐസിഡിഎസ്**

- പ്രിപ്രൈമറി ക്ലാസ്
- അനുപൂരക പോഷകാഹാരം
- ഗ്രോത്ത് മോണിട്ടറിങ്ങ്
- എജി/എബി ക്ലബ്ബ്

**4. സർവശിക്ഷാ അഭിയാൻ**

**5. രാഷ്ട്രീയ മാധ്യമിക ശിക്ഷ അഭിയാൻ**

**6. സംയോജിത ബാല സുരക്ഷാ പദ്ധതി (ഐസിപിസി)**

- ശിശുക്ഷേമ പദ്ധതി
- ജുവനൈൽ ജസ്റ്റിസ് ബോർഡ്
- ബാലസംരക്ഷണസമിതി
- ദത്തെടുക്കൽ
- ജില്ലാതല ശിശുസംരക്ഷണസമിതി

**കുട്ടികൾക്കായുള്ള സംസ്ഥാനസർക്കാർ സവിശേഷ പരിപാടികൾ**

1. അനാഥാലയങ്ങൾക്കുള്ള ഗ്രാന്റ്
2. പ്രി മെട്രിക് ഹോസ്റ്റലുകൾ
3. സാമൂഹ്യസുരക്ഷാമിഷൻ പദ്ധതികൾ

## 2.6 തദ്ദേശസ്ഥാപന മാതൃകകൾ

### 1. കതിർമണികൾ - കോലഴി ഗ്രാമപ്പഞ്ചായത്ത്

തൃശ്ശൂർ ജില്ലയിലെ പുഴക്കൽ ബ്ലോക്ക് പരിധിയിൽപ്പെടുന്ന കോലഴി ഗ്രാമപ്പഞ്ചായത്തിന് 16.62 കി.മി വിസ്തീർണമുണ്ട്. 17 വാർഡുകളിലായി 7764 കുടുംബങ്ങൾ താമസിക്കുന്നു. ഗ്രാമപ്പഞ്ചായത്തിനെ ബാലസൗഹൃദപഞ്ചായത്താക്കി മാറ്റുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്താൻ ഗ്രാമപ്പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുക്കുകയും പ്രവർത്തന പരിപാടികൾ ചിട്ടപ്പെടുത്തുകയും ചെയ്തു. ഇതിന് നേതൃത്വം വഹിക്കേണ്ട ഭരണസമിതിയിലെ ഭാരവാഹികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം ലഭിക്കുകയുണ്ടായി. തുടർന്ന് കുട്ടികളുടെ ഇന്നത്തെ അവസ്ഥ മനസ്സിലാക്കുന്നതിനായി അവസ്ഥാപഠനവും കുട്ടികളുടെ ഗ്രാമസഭയും നടത്തി.

**വൾണറബിലിറ്റി മാപ്പിങ്ങ് (Vulnerability Mapping)**

കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ സമൂഹത്തിൽ ഏതെല്ലാം തരത്തിൽ ഏതെല്ലാം മേഖലയിൽ നടക്കുന്നവെന്ന് കണ്ടെത്തുന്നതിനു വേണ്ടിയും കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കണ്ടെത്തുന്നതിന്

വേണ്ടിയും നടത്തിയ പഠന റിപ്പോർട്ട് ആണ് വൾനറബിലിറ്റി മാപ്പിങ്ങ്. തൃശൂർ സെന്റ് മേരീസ് കോളേജിലെ എംഎസ്ഡബ്ല്യു വിദ്യാർഥികളുടെ സഹായത്തോടെ പഞ്ചായത്തിന്റെ ഫണ്ടില്ലാതെയാണ് ഈ പഠനം നടത്തിയത്. 16 സ്ഥലങ്ങളിലായി നടത്തിയ മാപ്പിങ്ങിലൂടെ കുട്ടികൾ നേരിടുന്ന ഒട്ടേറെ പ്രശ്നങ്ങൾ കണ്ടെത്താൻ സാധിച്ചു. കുട്ടികൾക്കെതിരെ അതിക്രമങ്ങൾ നടക്കുന്ന സ്ഥലങ്ങളും കൃത്യമായി മാർക്ക് ചെയ്യാൻ സാധിച്ചു. എല്ലാ അങ്കണവാടികളിലും സിറ്റിങ്ങ് നടത്തി.

### 2. സഫലമീ ബാല്യം - രാമപുരം ഗ്രാമപ്പഞ്ചായത്ത്

കിലയിൽ വെച്ച് നടന്ന ത്രിദിന പരിശീലനത്തിൽ ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പങ്കെടുത്തു. ഈ പരിശീലനത്തോടെ ബാലസൗഹൃദാന്തരീക്ഷം സൃഷ്ടിക്കുന്നതിന് പഞ്ചായത്ത് ആവിഷ്കരിക്കേണ്ട പ്രവർത്തനങ്ങളെ കുറിച്ച് വ്യക്തമായ ദിശാബോധം ലഭിച്ചു. തുടർന്ന് പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ബാലസൗഹൃദപഞ്ചായത്താക്കി മാറ്റുന്നതിനുള്ള തീരുമാനം എടുത്തു. സ്റ്റാൻഡിങ്ങ് കമ്മിറ്റികളുടെ നേതൃത്വത്തിൽ ഉപസമിതികൾ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. എല്ലാ ഗ്രാമസഭകളിലും ബാലസൗഹൃദ സന്ദേശം എത്തിക്കുകയും നിശ്ചിത സമയം ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തുകയും ചെയ്തു. അങ്ങിനെ സ്കൂൾകുട്ടികൾ, കുടുംബശ്രീ പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവർ ചേർന്ന് അവേശോജ്വലമായി വിളംബര ജാഥ നടത്തി. പഞ്ചായത്തിലെ കുട്ടികളുടെ അവസ്ഥയും പ്രശ്നങ്ങളും മനസ്സിലാക്കുന്നതിനായി അവസ്ഥാപഠനം നടത്തി. കുട്ടികളുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച വിവരങ്ങൾ ശേഖരിച്ചു വിശകലനം നടത്തി.

### 3. വിദ്യാഭ്യാസ വിപ്ലവത്തിലൂടെ ബാലസൗഹൃദത്തിലേക്ക് മറ്റത്തൂർ ഗ്രാമപ്പഞ്ചായത്ത്

തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്ക് പഞ്ചായത്തിലെ ഒരു മലയോര ഗ്രാമപ്പഞ്ചായത്താണ് മറ്റത്തൂർ. കേരളത്തിലെ മാതൃകാവിദ്യാലയമായ കോടാലി സ്കൂൾ ജനകീയ പങ്കാളിത്തത്തോടെ രൂപപ്പെടുത്തിയതാണ്. 2016-ലാണ് മറ്റത്തൂർ ഗ്രാമപ്പഞ്ചായത്തിൽ ബാലസൗഹൃദ പ്രവർത്തനങ്ങൾ ആരംഭിക്കുന്നത്. ഇതിന്റെ ഭാഗമായി താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

- ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ പരിശീലനം
- ബാലസൗഹൃദ നയം, സമീപനം ഭരണസമിതി അംഗീകരിച്ചു
- ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും പ്രത്യേക യോഗം വിളിച്ചു.
- സംയുക്ത സ്റ്റാൻഡിങ്ങ് കമ്മിറ്റി യോഗങ്ങൾ വിളിച്ചുചേർത്തു
- കുട്ടികളുടെ അവസ്ഥാവിവരശേഖരണം കുറ്റമറ്റതായി നടത്തി
- വർക്കിങ്ങ് ഗ്രൂപ്പുകളിൽ കുട്ടികൾക്ക് അംഗത്വം നൽകി
- ഗ്രാമസഭാ ഫെസിലിറ്റേറ്റർമാർക്ക് പരിശീലനം നൽകി

- കുട്ടികളുടെ ഗ്രാമസഭ എല്ലാ വാർഡിലും നടത്തി
- ഗ്രാമസഭയിൽ ലഭിച്ച നിർദേശങ്ങൾക്കനുസൃതമായി പ്രോജക്ടുകൾക്ക് രൂപം നൽകി

### 4. കുട്ടികളോടൊപ്പം - കാട്ടാക്കട ഗ്രാമപ്പഞ്ചായത്ത്

തിരുവനന്തപുരം ജില്ലയിൽ വെള്ളനാട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെട്ട ഗ്രാമപ്പഞ്ചായത്താണ് കാട്ടാക്കട. 21 വാർഡുകളിലായി 43218 ജനങ്ങൾ താമസിക്കുന്നു. ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റുന്നതിനായി കിലയിൽ നിന്നും പരിശീലനം ലഭിച്ചു. പഞ്ചായത്ത് ഭരണസമിതി യോഗം ചേർന്ന് ബാലസൗഹൃദ പഞ്ചായത്താക്കി മാറ്റാനുള്ള കർമപരിപാടികൾ തീരുമാനിച്ചു. ആരോഗ്യം, വിദ്യാഭ്യാസം, അങ്കണവാടി, ബാലസഭ എന്നീ നാല് മേഖലകളിൽ ഉപസമിതികൾ രൂപീകരിച്ചു. പ്രാരംഭ പ്രഖ്യാപന വിളംബരം പൊതുജനപങ്കാളിത്തത്തോടെ നടത്തി. പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ ബാലസൗഹൃദ സന്ദേശ ബോർഡുകളും സ്ഥാപിച്ചു. കുട്ടികളുടെ അവസ്ഥാവിശകലനവും കുട്ടികളുടെ ഗ്രാമസഭയും നടത്തി. കുട്ടികളുടെ നിലവിലുള്ള അവസ്ഥാപ്രശ്നങ്ങൾ കണ്ടെത്തി മാതൃകാപരമായ പ്രോജക്ടുകൾക്ക് രൂപം നൽകി.

**മാതൃകാ പ്രോജക്ടുകൾ**

1. ആമച്ചൽ പിഎച്ച്സി യിൽ ബാലസൗഹൃദ പാർക്ക്
2. എസ് സി വിദ്യാർഥികൾക്ക് സിവിൽ സർവീസ് പരീക്ഷാ പരിശീലനം
3. അങ്കണവാടികൾ ബാലസൗഹൃദമാക്കൽ
4. കായികപരിശീലനം
5. ഭിന്നശേഷി കുട്ടികൾക്ക് കലോത്സവം

### 5. കുട്ടികൾ നാടിന്റെ സമ്പത്ത് - ഉണ്ണികുളം ഗ്രാമപ്പഞ്ചായത്ത്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ബ്ലോക്കിൽപ്പെട്ട ഗ്രാമപ്പഞ്ചായത്താണ് ഉണ്ണികുളം. 23 വാർഡുകളിലായി 11731 കുടുംബങ്ങളിലായി 49348 ജനസംഖ്യയുണ്ട്. കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട് ഒട്ടേറെ പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരുന്ന പഞ്ചായത്താണെങ്കിലും കിലയിൽ നിന്നും ലഭിച്ച പരിശീലനത്തോടെയാണ് ഈ മേഖലയിൽ സമഗ്രമായി ഇടപെടേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടത്. ഇതിനെതുടർന്ന് ഭരണസമിതി തീരുമാനമെടുക്കുകയും ആവശ്യമായ സബ്കമ്മിറ്റികൾ രൂപീകരിക്കുകയും ചെയ്തു. ബാലസൗഹൃദ തദ്ദേശഭരണം എന്ന ആശയം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി വിവിധ തരത്തിലുള്ള പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും കൂടിയിരിപ്പുകൾ, വിവിധ ജനവിഭാഗങ്ങളുമായുള്ള ചർച്ചകൾ, വിളംബരജാഥ, സ്കൂൾ അസംബ്ലിയിൽ അവതരണം, ബാലസഭ, കുടുംബശ്രീ പ്രവർത്തർക്കുള്ള ക്ലാസുകൾ, ബോർഡുകൾ, നോട്ടീസുകൾ, എന്നിവയിലൂടെ വിപുലമായ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി.

**നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രധാനപ്രോജക്ടുകൾ**

1. ഇഫക്ടീവ് പാരന്റിങ്ങ്
2. ഒന്നാംക്ലാസ് ഒന്നാംതരമാക്കൽ
3. രണ്ടാംക്ലാസ് സ്മാർട്ട് ക്ലാസ്റൂമാക്കൽ
4. അങ്കണവാടികൾ ശിശുസൗഹൃദമാക്കൽ
5. ഹരിതവിദ്യാലയം
6. ആരോഗ്യബാലസേന
7. കൃഷിപാഠം
8. ഭാഷാക്ലബ്ബുകൾ
9. സയൻസ് ഫെസ്റ്റ്
10. ഇംഗ്ലീഷ് തിയറ്റർ ക്ലബ്ബ്
11. ഗണിതലാബ്
12. നീന്തൽ പരിശീലനം
13. യോഗപരിശീലനം
14. കൗൺസലിങ്ങ്

**6. വളപട്ടണം ഗ്രാമപ്പഞ്ചായത്ത്–പഞ്ചായത്ത് വായനശാല കുട്ടികളെ കർമപഥത്തിലേക്ക് നയിച്ച മാതൃക**

പരീക്ഷകഴിയാൻ കാത്തിരിക്കുകയായിരുന്നു. നാടിളക്കി മറിക്കണം. കളികൾ മാത്രമല്ല, കലകളും, സാഹിത്യവും, വരകളും, മത്സരങ്ങളും എല്ലാമായി മധ്യവേനലവധി ഒരാഘോഷമാക്കിമാറ്റണം. എന്തെല്ലാം സ്വപ്നങ്ങളായിരുന്നു കുട്ടികളുടെ മനസ്സിൽ. പ്രത്യേകിച്ച് കുട്ടികളുടെ സർഗാത്മക പരിപോഷണത്തിനായി മുൻകൈയെടുക്കുന്ന വളപട്ടണം ഗ്രാമപ്പഞ്ചായത്തിന്റെ ലൈബ്രറിയുള്ളപ്പോൾ.

വാർഷിക പരീക്ഷകൾ അവസാനിക്കാൻ കുറച്ച് ദിവസങ്ങൾ മാത്രം ശേഷിക്കവെ നാടിനെയാകമാനം ഭയത്തിലാഴ്ത്തിയ കോവിഡ് 19 എന്ന മഹാമാരി വളപട്ടണം ഗ്രാമപ്പഞ്ചായത്തിനെയും വിറപ്പിച്ചു. നാടും കുടുംബവും കുട്ടികളും എല്ലാം തടവിലാക്കപ്പെട്ടപോലെ. കാര്യങ്ങളുടെ ഗൗരവം മനസ്സിലാക്കിയ രക്ഷിതാക്കൾ ഭയപ്പാടിലായി. എന്നാൽ കുട്ടികൾക്കൊന്നും മനസ്സിലായില്ല. ഒരു കാര്യം മനസ്സിലായി. പുറത്തേക്ക് ഇറങ്ങരുത്, കൂട്ടുകൂടരുത്. കൂട്ടിലടച്ച കിളിയെപ്പോലെയായി കുട്ടികളുടെ അവസ്ഥ. രക്ഷിതാക്കൾക്കോ കുട്ടികളുടെ അങ്കലാപ്പ് കാണാനും മനസ്സിലാക്കാനും കഴിഞ്ഞില്ല. കാരണം അതിനേക്കാൾ ഭയാനകമായ അവസ്ഥയാണ് നേരിട്ടുകൊണ്ടിരുന്നത്.

ഈ സമയത്താണ് ഗ്രാമപ്പഞ്ചായത്തിന്റെ ലൈബ്രററിയുടെ നേതൃത്വത്തിൽ ക്രിയേറ്റിവ് ഹോം എന്ന ആശയം രൂപപ്പെടുന്നത്. ഗ്രാമപ്പഞ്ചായത്തിന്റെയും ലൈബ്രറി സംവിധാനത്തിന്റെയും ഒപ്പം കലാസാഹിത്യരംഗത്തുള്ളവരും അണിനിരന്നു. കുടുംബങ്ങളുടെ അനുമതിയോടെ കുട്ടികൾക്ക് ഒരു വാട്ട്സാപ്പ്

ഗ്രൂപ്പ് ആയിട്ടായിരുന്നു തുടക്കം. കുട്ടികളോട് സംവദിക്കാൻ ഒരു ബ്ലോഗ് സ്പോട്ട് തയ്യാറാക്കി. തുടർന്ന് അവരുടെ സർഗാത്മക പ്രവർത്തനങ്ങൾ കൈമാറുന്നതിന് ക്രിയേറ്റിവ് ഹോംസ് - ഡിഫീറ്റിവ് കോവിഡ് എന്ന വെർച്ച്വൽ മീഡിയയ്ക്ക് രൂപംനൽകി. കുട്ടികൾ ഏഴ് ടീമുകളായാണ് ഹോമിലെ പ്രവർത്തനങ്ങൾ അവതരിപ്പിക്കുന്നത്. 1200 കുട്ടികൾ ഇതിൽ പങ്കാളികളാണ്. കുട്ടികളെ എപ്പോഴും കർമോന്മുഖരാക്കാൻ സഹായകരമായ ഒരു മാതൃക സൃഷ്ടിക്കാൻ ഈ പ്രവർത്തനത്തിന് കഴിഞ്ഞു. സമൂഹത്തിൽ പ്രമുഖരുമായി ക്രിയേറ്റിവ് ഹോമിലെ കുട്ടികൾ സംവദിക്കുന്നത് അവധിക്കാലം കുട്ടികളെ ശരിക്കും ക്രിയേറ്റിവ് ആക്കി.

### 7. ബാലസൗഹൃദ ബ്ലോക്ക് - പുഴക്കൽ ബ്ലോക്ക്പഞ്ചായത്ത് (തൃശൂർ ജില്ല)

വികേന്ദ്രീകൃത ആസൂത്രണവും മാർഗരേഖയും കുട്ടികൾക്കായി കാര്യക്ഷമമായ പദ്ധതികൾക്കും വകയിരുത്തലുകൾക്കും അവസരം നൽകിയിട്ടുണ്ട്. അവയെ പ്രയോജനപ്പെടുത്തിക്കൊണ്ട് ബാലസൗഹൃദ ബ്ലോക്ക് പഞ്ചായത്ത് എന്ന ലക്ഷ്യം കൈവരിക്കുക എന്നതാണ് പുഴക്കൽ ബ്ലോക്ക് ലക്ഷ്യമിടുന്നത്.

**പദ്ധതിരൂപീകരണം**

- വിവരശേഖരണം- സിഡിപിഒ, മെഡിക്കൽ ഓഫീസർ മുഖേന സ്ഥിതി വിവരങ്ങൾ ശേഖരിക്കുക.
- സാധ്യതാ പഠനം - സർക്കാർ മാർഗ നിർദേശങ്ങൾ, ചർച്ചകൾ.
- വിഭവസമാഹരണം - ബ്ലോക്ക്/ഗ്രാമപ്പഞ്ചായത്ത് വികസനഫണ്ട്, എംഎൽഎ, എംപി ഫണ്ട്.
- പദ്ധതി രൂപീകരണം - ആവശ്യനുസരണം പദ്ധതികളെ ഘടകങ്ങളാക്കി പഞ്ചായത്ത് കേന്ദ്രീകൃത പദ്ധതികൾ നടപ്പിലാക്കുക.
- പദ്ധതിനിർവഹണവും നിരീക്ഷണവും - നിർവഹണത്തിന് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുക, അവയുടെ പുരോഗതി കമ്മിറ്റി രൂപീകരിച്ച് അവലോകനം നടത്തുക.

**പദ്ധതി ഘടകങ്ങൾ**

1. സമ്പൂർണ ന്യൂനപോഷണ വിമുക്ത ബ്ലോക്ക്..
2. അങ്കണവാടികളുടെ അടിസ്ഥാന വികസനവും നിലവാരം ഉയർത്തലും.
3. ബാലപീഡ വിമുക്ത ബ്ലോക്ക്..
4. സ്കൂൾ കൊഴിഞ്ഞുപോക്ക് രഹിത ബ്ലോക്ക്
5. നിലവാരമുള്ള പൊതുകളിസ്ഥല പദ്ധതി
6. സമ്പൂർണ പുനരധിവാസം - ഭിന്നശേഷിസൗഹൃദ ബ്ലോക്ക്
7. കുട്ടികളുടെ സമഗ്രപങ്കാളിത്തം

**8. ബാലസൗഹൃദ ജില്ലാപഞ്ചായത്ത് – തൃശൂർ**

ജില്ലയിലെ എല്ലാ ഗ്രാമപ്പഞ്ചായത്തുകളും നഗരസഭകളും ഒരേസമയം ബാലസൗഹൃദത്തിലേക്ക് എത്തിച്ചേരുന്നതിനുള്ള നേതൃത്വപരമായ പങ്ക് ഏറ്റെടുത്തുകൊണ്ടാണ് ജില്ലാപഞ്ചായത്ത് ഈ രംഗത്ത് ഇടപെടൽ ആരംഭിച്ചത്. ജില്ലാ പ്ലാനിങ്ങ് കമ്മിറ്റിയുടെ സഹകരണത്തോടെ സംയോജിത മീറ്റിങ്ങ് വഴി ഇതിന് തുടക്കം കുറിച്ചു. കുട്ടികളുടെ വിവരശേഖരണം എല്ലാ ഗ്രാമപ്പഞ്ചായത്തുകളിലും നഗരസഭകളിലും നടത്തുന്നതിന് സഹകരണം നൽകുകയും വിവരക്രോഡീകരണം നടത്തി 'കുട്ടികൾക്കായുള്ള ജില്ലാ കർമ പദ്ധതി' തയ്യാറാക്കി കിലയുടെ സഹകരണത്തോടെ പ്രസിദ്ധീകരിക്കുകയും ചെയ്തു. തുടർന്ന് ജില്ലാപഞ്ചായത്തും മറ്റു തദ്ദേശഭരണസ്ഥാപനങ്ങളും കുട്ടികൾക്കായി തനത് പദ്ധതികൾ ആവിഷ്കരിച്ചു. ഇതോടൊപ്പം സംയോജിതമായി ഏറ്റെടുക്കേണ്ട പ്രോജക്ടുകൾ തീരുമാനിക്കുകയും ചെയ്തു. വിജ്ഞാൻ സാഗർ, ശുഭാപ്തി, ബാലാവകാശ വിവരണ പരസ്യബോർഡുകൾ, വിവരശേഖരണ വെബ്പോർട്ടൽ എന്നിവ എടുത്തുപറയത്തക്ക നൂതനാശയ പദ്ധതികളാണ്.

**9. ബാലസൗഹൃദ കോട്ടക്കൽ നഗരസഭ**

മലപ്പുറം ജില്ലയിലെ തിരൂർ താലൂക്കിൽ ഉൾപ്പെട്ട പ്രദേശമാണ് കോട്ടക്കൽ നഗരസഭ. നഗരസഭയെ ബാലസൗഹൃദമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുന്നത് കിലയിൽ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുമുള്ള പരിശീലനത്തോടെയാണ്. ആദ്യമായി ചെയ്തത് ബാലസൗഹൃദമാക്കാനുള്ള ഭരണസമിതിക്ക് അംഗീകാരം നൽകുക എന്നതാണ്. തുടർന്ന് ഇതൊരു പൊതുജന ക്യാമ്പയിൻ ആക്കി മാറ്റുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചു. കുട്ടികളുടെ മേഖലയുമായി ബന്ധപ്പെട്ട അവസ്ഥാപഠനം, കുട്ടികളുടെ വാർഡ്സഭ എന്നിവ പങ്കാളിത്തത്തോടെ നടത്തുകയുണ്ടായി. കുട്ടികളുടെ വിവരശേഖരണത്തിൽ ജനസംഖ്യയ്ക്കപ്പുറം കുട്ടികൾക്ക് സേവനം സജ്ജമാക്കുന്ന അങ്കണവാടികൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സ്കൂളുകളിലെ ലൈബ്രറി, കളിസ്ഥലം തുടങ്ങിയവയുടെ അവസ്ഥവും വിശകലനവും ഉൾപ്പെടുത്തി വിദ്യാഭ്യാസ നിലവാരം സ്ഥിതിവിവരണം, സോഷ്യോഎക്കണോമിക്ക് പശ്ചാത്തലത്തിൽ വൾണറബിലിറ്റി മാപ്പിങ്ങ് എന്നിവ മുഖേന വസ്തുനിഷ്ഠമായ അവസ്ഥാപഠനരേഖ ഭരണസമിതി പഠന വിധേയമാക്കി.

**ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന മാതൃകാ പദ്ധതികൾ**

1. സാർവത്രിക സ്കൂൾ വിദ്യാഭ്യാസ പദ്ധതി (വിദ്യാഭ്യാസ നിലവാരം ഉയർത്തുന്ന പദ്ധതി)

   ഭാഷാപഠനം, ശാസ്ത്രപഠനം, ഗണിതപഠനം, കായികക്ഷമത എന്നിവ മെച്ചപ്പെടുത്തൽ, പഠനോപകരണങ്ങളുടെ വിതരണം, പരിശീലനങ്ങൾ, അടിസ്ഥാനസൗകര്യ വികസനം തുടങ്ങിയവ ഉൾപ്പെടുന്നു. ഇംഗ്ലീഷ് വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ 3500 വിദ്യാർഥികൾക്ക് ഡിക്ഷ്ണറി സൗജന്യമായി നൽകുകയുണ്ടായി.

2. പ്രതീക്ഷ

ഏഴ്, എട്ട്, ഒമ്പത് ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവധി ദിവസങ്ങളിൽ ആഴ്ചയിൽ ഒരു ദിവസം പരിശീലനം നൽകുന്നു. നഗരസഭയുടെ ഫണ്ട് ഉപയോഗിക്കാതെ തികച്ചും ജനകീയമായി നടത്തുന്ന പൈലറ്റ് പ്രോജക്ട് പാഠപുസ്തകങ്ങൾക്കപ്പുറത്ത് പ്രകൃതിപഠനം, പഠനയാത്ര, കാർഷിക പഠനം, പരിസ്ഥിതി പഠനം, മതസൗഹാർദ പ്രവർത്തനങ്ങൾ, കോച്ചിങ്ങ്, പ്രസംഗപരിശീലനം, വായനശീലം വർധിപ്പിക്കൽ, കഥ, കവിത, കലാപ്രവർത്തനങ്ങൾ എന്നിവയെല്ലാം ചേർന്ന ഒരു സമഗ്ര പ്രോജക്ടാണ്.

കുട്ടികളെ കേന്ദ്രീകരിച്ച ഇത്തരം പ്രവർത്തനങ്ങൾ ഈ പ്രദേശത്ത് പിന്നിലായിരുന്ന സ്കൂൾ എൻറോൾമെന്റ്, ഇമ്യൂണൈസേഷൻ, അങ്കണവാടി സമ്പൂർണ സൗകര്യം തുടങ്ങിയവ 100% ത്തിലെത്തുവാൻ സഹായകമായി.

## 2.7 ബാലസൗഹൃദ പ്രാദേശിക ഭരണം : കർമപദ്ധതി


### തദ്ദേശഭരണസ്ഥാപനതല ആസൂത്രണ നിർദേശങ്ങൾ

- ഗ്രൂപ്പ് തയ്യാറാക്കിയ രേഖ തദ്ദേശഭരണസമിതി ചർച്ച ചെയ്ത് കർമപദ്ധതി അംഗീകരിക്കുക.
- ബാലസൗഹൃദ രൂപീകരണ പ്രാരംഭ രേഖ ചിട്ടപ്പെടുത്തുക.
- കുട്ടികളുടെ വിവരശേഖരണവും അവസ്ഥാ അപഗ്രഥനവും.


### കർമപദ്ധതിഘട്ടങ്ങൾ

- കർമപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന തദ്ദേശ ഭരണ കമ്മിറ്റി തീരുമാനം.
- പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ സ്റ്റിയറിങ്ങ് കമ്മിറ്റി രൂപീകരണം.
  ചെയർമാൻ - തദ്ദേശഭരണസ്ഥാപന അധ്യക്ഷൻ.
  വൈസ്ചെയർമാൻ - സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ - ക്ഷേമകാര്യം.
  കൺവീനർ - സാമൂഹ്യനീതി വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ.
- കുട്ടികളുടെ ഗ്രാമസഭ സംഘാടനം.
- കുട്ടികളുടെ വിവരശേഖരണം.
- ബാലസൗഹൃദ രൂപീകരണ പ്രാരംഭരേഖ ചിട്ടപ്പെടുത്തുക.
- ഇരുപതിന കർമപദ്ധതി തയ്യാറാക്കുക. തയ്യാറാക്കുന്നതിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുക.
- ബാലസൗഹൃദ പഞ്ചായത്ത് രൂപീകരണ രേഖയ്ക്ക് തദ്ദേശ ഭരണകമ്മിറ്റിയുടെ അംഗീകാരം.
- ബാലസൗഹൃദ തദ്ദേശഭരണ പ്രാരംഭ പ്രഖ്യാപന സമ്മേളനം സംഘടിപ്പിക്കുക.
- വേദിയിൽ ബാലപ്രതിനിധികളുടെ സാന്നിധ്യം ഉറപ്പാക്കുക.
- തുടർനടപടികൾ മൂന്നു മാസത്തിലൊരിക്കൽ വിലയിരുത്തുകയും കുട്ടികളുടെ പങ്കാളിത്തത്തോടെ വർഷാവസാനം സോഷ്യൽ ഓഡിറ്റിങ്ങ് നടത്തുകയും ചെയ്യുക.


## ബാലസൗഹൃദതദ്ദേശഭരണം - പശ്ചാത്തല വികസന ഇടപെടൽ മാട്രിക്സ്




## ബാലസൗഹൃദതദ്ദേശഭരണം - സേവന വികസന ഇടപെടൽ മാട്രിക്സ് -1



## ബാലസൗഹൃദതദ്ദേശഭരണം - സേവന വികസന ഇടപെടൽ മാട്രിക്സ് -2



അധ്യായം – 3

# ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 3.1 | ഭിന്നശേഷിക്കാരുടെ പ്രാധാന്യം | 60 |
| 3.2 | ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ നിയമങ്ങൾ | 64 |
| 3.3 | തദ്ദേശഭരണസ്ഥാപനങ്ങളും ഭിന്നശേഷിക്കാരും | 68 |
| 3.4 | ഭിന്നശേഷിക്കാർക്കായുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ | 75 |
| 3.5 | തദ്ദേശഭരണസ്ഥാപന മാതൃകകൾ | 81 |
| 3.6 | ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം: കർമപദ്ധതി ആസൂത്രണം | 86 |

### 3.1 ഭിന്നശേഷിക്കാരുടെ പ്രാധാന്യം

മനുഷ്യവംശത്തിന്റെ പ്രാരംഭം മുതൽ അവരെ ക്ലേശിപ്പിക്കുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ് വൈകല്യം അഥവ ഭിന്നശേഷി. പ്രാചീന കുടുംബ വ്യവസ്ഥയിലും കാർഷിക സമ്പദ്‌വ്യവസ്ഥയിലും ഭിന്നശേഷിയുള്ളവർക്ക് കുടുംബ സംരക്ഷണം പ്രയാസമുള്ള കാര്യമായിരുന്നില്ല. എന്നാൽ വ്യവസായ വിപ്ലവത്തിനുശേഷം സാമൂഹ്യ സുരക്ഷയ്ക്കപ്പുറം വ്യക്തിഗതമായ സാമ്പത്തിക പുരോഗതി ലക്ഷ്യമായി മാറിയതോടെ ഭിന്നശേഷിയുള്ള വ്യക്തികൾ സാമൂഹ്യസുരക്ഷാവലയത്തിൽ നിന്നും പുറത്താകുന്നതിന് കാരണമായി. ഇത് വലിയ മാനുഷിക പ്രശ്നമായി അനുഭവപ്പെടാൻ തുടങ്ങിയതിനെ തുടർന്ന് സാമൂഹ്യനിന്ദ ഏറെ അനുഭവിക്കേണ്ടിവന്ന മനോരോഗികൾക്കും മെന്റൽ റിട്ടാർഡേഷൻ ഉള്ള വ്യക്തികൾക്കും ശാരീരിക വൈകല്യമുള്ളവർക്കും ക്ഷേമസ്ഥാപനങ്ങൾ സ്ഥാപിക്കാൻ ആരംഭിച്ചു. സ്വാതന്ത്ര്യാനന്തരം ഇന്ത്യയിലും പ്രത്യേകിച്ച് കേരളത്തിലും ഭിന്നശേഷിക്കാരുടെ ക്ഷേമസേവനങ്ങൾ ശ്രദ്ധിക്കപ്പെടുവാൻ തുടങ്ങി. കേരളത്തിൽ പഞ്ചായത്ത് രാജ്/ മുനിസിപ്പൽ നിയമങ്ങളിൽ ഇവർക്കായുള്ള സേവനങ്ങൾ പ്രത്യേകം പരിരക്ഷിക്കപ്പെടണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

### ഭിന്നശേഷി നിർവചനം, കാഴ്ചപ്പാടുകൾ

ഭിന്നശേഷി എന്നത് സർവസ്പർശിയായ (അമ്പ്രലാ ടേം) മാനുഷിക മനോഭാവങ്ങളും പാരിസ്ഥിതിക തടസങ്ങളും വ്യക്തിയിൽ സംജാതമാകുന്ന ഒരവസ്ഥയാണ്. അംഗഭംഗങ്ങളുമായി ബന്ധപ്പെട്ട് പ്രസ്തുത വ്യക്തികൾക്ക് സമൂഹത്തിൽ മറ്റുള്ളവർക്ക് സമമായി, ഫലപ്രദമായി ഇടപ്പെടുന്നതിനോ പങ്കാളിത്തത്തിനോ സാധ്യമാകാത്ത സാഹചര്യം ഇത് സൃഷ്ടിക്കുന്നു. ഭിന്നശേഷി വ്യക്തികൾക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖയുടെ അനുഛേദം ഒന്നിൽ 'ദീർഘസ്ഥായിയായി ശാരീരികമോ, മാനസികമോ, ബൗദ്ധികമോ, ഇന്ദ്രിയപരമോ ആയ അംഗഭംഗങ്ങൾക്കൊപ്പം വ്യക്തിക്ക് സമൂഹത്തിൽ തുല്ല്യതയോടെയുള്ള വികാസത്തിനും പങ്കാളിത്തത്തിനും തടസമായി നിൽക്കുന്ന സാമൂഹ്യഘടകങ്ങളും ചേർന്ന് സൃഷ്ടിക്കപ്പെടുന്ന അവസ്ഥയെയാണ് ഭിന്നശേഷി' എന്ന് നിർവചിച്ചിരിക്കുന്നത്. ഇന്ത്യയിലെ ഭിന്നശേഷിക്കാർക്കായുള്ള ദേശീയ അവകാശനിയമത്തിലും ഇതേ നിർവചനം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

1995-ലെ ദേശീയ വികലാംഗജന നിയമത്തിലാണ് ഇന്ത്യയിൽ ഭിന്നശേഷി സൗഹൃദസേവനങ്ങൾ അവകാശനിയമമായി പ്രഖ്യാപിക്കപ്പെടുന്നത്. അന്താരാഷ്ട്രതലത്തിൽ 2006 ലാണ് ആദ്യമായി ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള അന്താരാഷ്ട്ര അവകാശ പ്രഖ്യാപന രേഖ (യുഎൻസിആർപിഡി) അംഗീകരിക്കപ്പെട്ടത്. ഈ രേഖ ഇന്ത്യയും അംഗീകരിച്ച് ഒപ്പുവെക്കുകയും തുടർന്ന് 1995-ലെ PWD ആക്ട് Rights of persons with disabilities act 2016 എന്ന് പുനർനാമകരണം ചെയ്യപ്പെടുകയും ചെയ്യപ്പെട്ടു. ഈ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം ഭിന്നശേഷി സംബന്ധിച്ച് ഇതിൽ നൽകിയിട്ടുള്ള സംജ്ഞകളാണ് ഔദ്യോഗികമായി ഉപയോഗിക്കേണ്ടത്. യാതൊരു

കാരണവശാലും സാമൂഹ്യനിന്ദക്ക് പാത്രമാകാവുന്ന മുൻകാലങ്ങളിൽ ഉപയോഗിച്ചിരുന്ന പദപ്രയോഗങ്ങൾ പൂർണമായും ഒഴിവാക്കേണ്ടതാണ്.

### ഭിന്നശേഷി തരംതിരിവുകൾ

വൈകല്യങ്ങളുടെ കാഠിന്യമനുസരിച്ചുള്ള (നിലവാരം) തരംതിരിവുകൾ

- ഹൈസപ്പോർട്ട് അഥവ നിരന്തരം സഹായം ആവശ്യമായ ഗ്രൂപ്പ് -80 ശതമാനത്തിലധികം അംഗപരിമിതി ഉള്ളവർ.
- ബഞ്ച് മാർക്ക് അംഗപരിമിതി- 40 ശതമാനത്തിൽ കുറയാതെ നിശ്ചിത മാനദണ്ഡപ്രകാരം അംഗപരിമിതി ഉണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തി.

ഭിന്നശേഷി വിഭാഗങ്ങളുടെ - തരംതിരിവ് പട്ടിക (RPWD act -2016) നിലവിൽ ഭിന്നശേഷി വിഭാഗത്തിൽ അഞ്ച് പ്രധാന വിഭാഗങ്ങളിലായി താഴെ പറയുന്ന 21 കാറ്റഗറികൾ ചേർത്തിട്ടുണ്ട്.

| ഭിന്നശേഷി പ്രധാന വിഭാഗങ്ങൾ | ഭിന്നശേഷി ഉപവിഭാഗങ്ങൾ | ഭിന്നശേഷി വ്യത്യസ്ത തരം |
|---|---|---|
| I. ശാരീരിക വൈകല്യങ്ങൾ. | എ. ചലനവൈകല്യങ്ങൾ | 1. കുഷ്ഠരോഗവിമുക്തർ<br>2. സെറിബ്രൽ പാൾസി<br>3. ഡ്വാർഫിസം<br>4. മസ്ക്കുലർ ഡിസ്ട്രോപ്പി<br>5. ആസിഡ് അറ്റാക്ക് വിക്ടിം<br>6. ചലനവൈകല്യം |
| | ബി. ദൃശ്യ വൈകല്യങ്ങൾ | 1. അന്ധത<br>2. ലോവിഷൻ |
| | സി. ശ്രവണവൈകല്യം | 1. ബധിരത<br>2. ഹാർഡ് ഓഫ് ഹിയറിങ്ങ്<br>3. ഭാഷണ-ഭാഷാ വൈകല്യം |
| II. ബൗദ്ധിക വൈകല്യങ്ങൾ | എ. ബൗദ്ധിക വെല്ലുവിളികൾ | 1. സുവ്യക്ത പഠന വൈകല്യങ്ങൾ<br>2. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ<br>3. ബൗദ്ധിക വെല്ലുവിളികൾ |
| III. വിഭ്രാന്തി (Mental Behavier) | എ. മനോവ്യവഹാര വൈകല്യങ്ങൾ | 1. മനോരോഗം |

| | | |
|---|---|---|
| IV. വ്യത്യസ്ത കാരണങ്ങളാലുള്ള വൈകല്യങ്ങൾ | എ. നാഡീസംബന്ധമായ അവസ്ഥ | 1. മൾട്ടിപ്പിൾ സ്ലീറോസിസ്<br>2. പാർക്കിൻസൺ ഡിസീസ് |
| | ബി. രക്തവുമായി ബന്ധപ്പെട്ട വൈകല്യങ്ങൾ | 1. ഹീമോഫീലിയ<br>2. തലാസീമീയ<br>3. സിക്കിൾസെൽ അനീമിയ |
| V. മൾട്ടിപ്പിൾ ഡിസെബിലിറ്റീസ് | ബഹുമുഖ വൈകല്യങ്ങൾ | 1. ഡഫ് - ബ്ലൈന്റ് |

**ഭിന്നശേഷിക്കാർ നേരിടുന്ന പൊതുപ്രശ്നങ്ങൾ**

- അവഗണന- വിവേചനങ്ങൾ
- ആരോഗ്യപ്രശ്നങ്ങൾ
- വിദ്യാഭ്യാസ പ്രശ്നങ്ങൾ
- വരുമാനപ്രശ്നങ്ങൾ
- ചലനശേഷി, ബുദ്ധിവികാസം, അന്ധത, ബധിരത
- തൊഴിൽ പരിശീലനം
- ചൂഷണം
- വൈകല്യം തിരിച്ചറിയലും മെഡിക്കൽ സർട്ടിഫിക്കറ്റും
- പ്രാപ്തി വളർത്തിയെടുക്കുന്നതിനുള്ള സൗകര്യമില്ലായ്മ

**ഭിന്നശേഷി പുനരധിവാസം**

**പുനരധിവാസം മൂന്നു തരത്തിൽ വിഭാവനം ചെയ്യപ്പെടുന്നു.**

എ. ശാരീരിക പുനരധിവാസം - ശാരീരിക പുനരധിവാസത്തിൽ വൈകല്യങ്ങൾ കാലേകൂട്ടി കണ്ടെത്തൽ, വൈദ്യശാസ്ത്രപരമായ ഇടപെടലുകൾ, സഹായ ഉപകരണങ്ങൾ ഉറപ്പാക്കൽ എന്നിവയാണ് ലക്ഷ്യമിടുന്നത്.

ബി. വിദ്യാഭ്യാസപരമായ പുനരധിവാസം - ഭരണഘടനയുടെ അനുഛേദം 21 എ നിഷ്കർഷിക്കുന്ന നിർബന്ധിത വിദ്യാഭ്യാസം ഭിന്നശേഷിക്കാർക്കും ഉറപ്പാക്കുക, എസ് എസ് എ പരിപാടിക്ക് കീഴിൽ ഇന്റഗ്രേറ്റഡ് എഡ്യുക്കേഷൻ ഫോർ ഡിസേബിൾഡ് ചിൽഡ്രൻ പരിപാടികൾ സമ്പൂർണമാക്കുക, പ്രത്യേക വിദ്യാഭ്യാസം ശാസ്ത്രീയമാക്കുക, ആവശ്യമായ സ്കോളർഷിപ്പുകളും ആനുകൂല്യങ്ങളും ഉറപ്പാക്കുക എന്നിവയാണ്.

സി. സാമ്പത്തിക പുനരധിവാസം - തൊഴിൽ സംവരണം ഏർപ്പെടുത്തുക, കേന്ദ്ര സംസ്ഥാന സ്കീമുകളിൽ പ്രത്യേക പരിരക്ഷണം നൽകുക, പെൻഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുക, മെഡിക്കൽ ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുക എന്നിവയും പുനരധിവാസ പരിപാടിയിൽ ഉൾപ്പെടുന്നു.

ഭിന്നശേഷി - ഒരു സമഗ്രസമീപനം -13 ഇന ഭിന്നശേഷി മാനേജ്മെന്റ് പട്ടിക

ഭിന്നശേഷി സമഗ്രമായി നിയന്ത്രിക്കുന്നതിനും സാധാരണ നില കൈവരിക്കുന്നതിന് ഭിന്നശേഷി ആവിർഗമിക്കുന്നത് തടയുന്ന പ്രവർത്തനങ്ങൾ ഉൾപ്പടെ താഴെ പറയുന്ന 13 സേവന ഇടപെടലുകൾ ഉറപ്പാക്കുന്നതാണ് സമഗ്രസമീപനം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്.

1. അപകടാവസ്ഥയിലുള്ള ഗർഭിണികൾക്കുള്ള സേവനങ്ങൾ
2. നവജാതശിശു സ്ക്രീനിങ്ങ് ഏർളി ഡിറ്റക്ഷൻ
3. കുടുംബങ്ങൾക്ക് കൗൺസലിങ്ങ്
4. റഫറൽ സേവനങ്ങളുടെ ഏർളി ഇന്റർവെൻഷൻ സേവനം
5. ഭിന്നശേഷി തിരിച്ചറിയൽ കാർഡ്
6. ഉചിതമായ സ്കൂൾ വിദ്യാഭ്യാസം : സകലിതം, സംയോജിതം, സവിശേഷം, കുടുംബതലം
7. വൈകല്യസൗഹൃദ പര്യാവരണം
8. തൊഴിൽ നൈപുണി പരിശീലനം
9. അർധസംരക്ഷിത തൊഴിൽ, പൊതുതൊഴിൽ, സഹായിത തൊഴിൽ, സ്വയം തൊഴിൽ, കുടുംബ തൊഴിൽ, വ്യാപാരം
10. സാമൂഹ്യ സംയോജനം, കുടുംബം, വിവാഹം, സ്വയം സഹായം, സാമൂഹ്യ പുനരധിവാസം
11. സർക്കാർ ആനുകൂല്യങ്ങൾ, സാമൂഹ്യ സുരക്ഷ അവകാശ സംരക്ഷണം, രക്ഷാകർത്യ സംഘം
12. ഹോസ്റ്റൽ സൗകര്യം, ക്ഷേമകേന്ദ്രം
13. നിയമാനുസൃതമായ രക്ഷകർതൃത്വം

## ഭിന്നശേഷി ക്ഷേമവും വികസനവും - പ്രാധാന്യം

ഭിന്നശേഷി എന്നത് സ്ഥിരസ്വഭാവമുള്ള പലതരം മാനുഷികപ്രശ്നങ്ങളെ ഒരുമിച്ച് സൂചിപ്പിക്കുന്ന ഒരു പദമാണ് (അമ്പ്രലാടേം) അംഗപരിമിതി, പ്രവർത്തക പരിമിതി, പങ്കാളിത്തശേഷി പരിമിതി എന്നിങ്ങനെ ബൗദ്ധികവും, പ്രവർത്തനപരവുമായ പരിമിതികൾ എല്ലാം ചേർന്ന പദമാണ് ഇത്. പൊതുവേ പറഞ്ഞാൽ ഭിന്നശേഷി നേരിടുന്ന വ്യക്തികൾക്കും അവരുടെ രക്ഷിതാക്കൾക്കും ശാരീരികവും വൈകാരികവും സാമ്പത്തികവും വിദ്യാഭ്യാസപരവും വൈദ്യശാസ്ത്രപരവും സാംസ്കാരികപരവുമായ ഒട്ടനവധി പ്രശ്നങ്ങൾ നിത്യജീവിതത്തിൽ വരുത്തുന്ന ഒന്നാണ് ഭിന്നശേഷി. ജന്മനാലോ, പാരമ്പര്യപരമായോ, ജീവശാസ്ത്രപരമായോ (രോഗം) ഉടലെടുക്കുന്നതുപോലെ അപായങ്ങളും വാർധക്യകാലരോഗങ്ങളും ഭിന്നശേഷി സംഭവിക്കുന്നതിന് കാരണമാകുന്നുണ്ട്. അതുകൊണ്ട് വൈകല്യങ്ങൾ കാലേകൂട്ടി കണ്ടെത്തി പരിഹാര പ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയാണ് വ്യാപനം തടയുന്ന ഡിസബിലിറ്റി മാനേജ്മെന്റ്. (ജി.ഒ(പി) നം 5/2020/എസ്ജെഡി തിയതി 11.6.2020)

### 3.2 ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, നിയമങ്ങൾ

#### 1. ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരുടെ അവകാശ പ്രഖ്യാപനം

1971 ൽ ഐക്യ രാഷ്ട്ര ജനറൽ അസംബ്ലി മെന്റൽ റിട്ടാർഡേഷൻ ഉള്ള വരുടെ അവകാശങ്ങൾ പ്രഖ്യാപനം ചെയ്തു. മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് എല്ലാ മനുഷ്യരേയും പോലെ സമാനമായ അവ കാശങ്ങൾ ആസ്വദിക്കുന്നതിന് അവകാശമുള്ളതിനാൽ ശരിയായ വൈദ്യ ചികിത്സ, സാമ്പത്തിക സുരക്ഷ, പരിശീലനത്തിനും പുനരധിവാസത്തിനു മുള്ള അവകാശം, സ്വന്തം കുടുംബത്തിലോ, ഫോസ്റ്റർ രക്ഷാകർത്താവിനോ ടൊപ്പമോ താമസിക്കുന്നതിനുള്ള അവകാശമുണ്ടായിരിക്കുമെന്ന് പ്രഖ്യാപി ക്കുന്നു.

#### 2. 1975–ലെ യു എൻ പ്രഖ്യാപനം (സിവിൽ പൊളിറ്റിക്കൽ)

1975 ൽ വൈകല്യബാധിതരായ മുഴുവൻ വ്യക്തികൾക്കും മറ്റു മനുഷ്യർ ക്കെന്നപോലെ സർവവിധ സിവിൽ പൊളിറ്റിക്കൽ അവകാശങ്ങളുമുണ്ടെന്ന് പ്രഖ്യാപിച്ചു.

#### 3. 1981–ലെ വേൾഡ് പ്രോഗ്രാം ഓഫ് ആക്ഷൻസ്

1981 ലോകവികലാംഗ വർഷമായി ആചരിക്കപ്പെട്ടു. പൂർണ പങ്കാളിത്തവും തുല്യതയും (Full participation and equality) എന്നതായിരുന്നു വിഷയം. തുടർന്ന് ഐക്യരാഷ്ട്ര സഭ 1983 ൽ തുടങ്ങി 1993 വികലാംഗ ദശകം ആയി ആചരിക്കുന്നതിന് തീരുമാനിച്ചു. ഭിന്നശേഷിക്കാർക്ക് സാമൂഹ്യ സാമ്പത്തിക സാംസ്കാരിക അവകാശങ്ങൾ എന്നിവ മൗലികമായ അവകാശമാണെന്ന് അംഗീകരിച്ചുകൊണ്ട് വേൾഡ് പ്രോഗ്രാം ഓഫ് ആക്ഷൻ അംഗീകരിച്ചു. തുല്യത എന്നാൽ വിവേചനങ്ങൾ ഒഴിവാക്കൽ മാത്രമല്ല ഇതുവരെ തുടർന്ന വിവേചനങ്ങൾ സൃഷ്ടിച്ച വേദനകളും കുറവുകളും (Sufferings)പരിഹരി ക്കലാണെന്നും നിർദേശിച്ചു.

#### 1993–ലെ യുഎൻ സ്റ്റാന്റേർഡ് റൂൾസ്

1993 ൽ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവസര സമത്വം (Equalization of opportunity)ഒരുക്കുന്നതിനുള്ള നിയമം അംഗീകരിച്ചു. ഇത് മനുഷ്യാവ കാശ പ്രഖ്യാപനത്തിന് സമാനമായ നിർദേശങ്ങളായിരുന്നു. 1999 ൽ ലോകാ രോഗ്യ സംഘടന ഭിന്നശേഷിയുള്ള വ്യക്തികളുടെ മെഡിക്കൽ കെയർ പുന രധിവാസം സഹായസേവനങ്ങൾ വ്യക്തിഗത പരിശീലനം എന്നിവ സംബന്ധിച്ച അന്താരാഷ്ട്ര നിലവാരങ്ങൾ നിർണയിക്കുകയുണ്ടായി.

#### 1989–ലെ കുട്ടികളുടെ അവകാശ പ്രഖ്യാപന രേഖ

ഭിന്നശേഷിയുള്ള കുട്ടികൾ തുല്യതയും പങ്കാളിത്തവും സംരക്ഷണവും അതിജീവനവും വികസനവും ഉറപ്പാക്കുന്നതിൽ ഈ രേഖ നിസ്തുലമായ സംഭാവനയാണ് ചെയ്തിട്ടുള്ളത്. ബെസ്റ്റ് ഇന്ററസ്റ്റ് ഓഫ് ചൈൽഡ് (കുട്ടി കളുടെ ഉത്തമ താൽപര്യത്തിന് പ്രഥമ പരിഗണന) എന്ന പ്രഖ്യാപനം ഇതി നൊരു ഉദാഹരണമാണ്. സിആർസി പ്രഖ്യാപനം വരെ ഈ ശ്രമങ്ങൾ എത്തി നിൽക്കുന്നു.

**ഭിന്നശേഷിയുള്ളവർക്കായുള്ള ദേശീയ നയം.**
**(നാഷണൽ പോളസി ഫോർ പേഴ്സൺ വിത്ത് ഡിസെബിലിറ്റി 2006)**

തുല്യത, സ്വാതന്ത്ര്യം, നീതി, അന്തസ്സ് എന്നിവ ഭിന്നശേഷിയുള്ള വ്യക്തികൾക്ക് ഉൾപ്പടെ മുഴുവൻ പൗരർക്കും ഉറപ്പാക്കുക എന്നത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്നു

**ഭിന്നശേഷി ദേശീയ നയം (നാഷണൽ പോളസി ഓൺ ഡിസെബിലിറ്റി റിഹാബിലിറ്റേഷൻ)**

യുഎൻ സി.ആർ.പി.ഡി അംഗീകരിച്ച രാഷ്ട്രം എന്ന നിലയിൽ ഭാരതം ഭിന്നശേഷിക്കാരായ വ്യക്തികളുടെ പുനരധിവാസം സാധ്യമാക്കുന്നതിനായി ദേശീയനയം പ്രഖ്യാപിച്ചു.

**ദേശീയ നയം - പ്രത്യേക പരിഗണനകൾ**

- എ. ഭിന്നശേഷിക്കാരായ സ്ത്രീകൾ - ചൂഷണത്തിൽനിന്നും അനുചിത പെരുമാറ്റങ്ങളിൽ നിന്നും പരിരക്ഷ നൽകുന്നതോടൊപ്പം വിവിധ ഭിന്നശേഷി പ്രോജക്ടുകളിൽ 25 % സ്ത്രീ സംവരണം നിഷ്കർഷിച്ചിട്ടുണ്ട്.
- ബി. ഭിന്നശേഷിക്കാരായ കുട്ടികൾ - ഈ കുട്ടികൾക്ക് സംരക്ഷണം, സുരക്ഷിതത്വം, പരിചരണം അന്തസ്സ് തുല്യത എന്നിവ ഉറപ്പാക്കാൻ കഴിയുന്ന സേവനങ്ങൾ സൃഷ്ടിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.
- സി. തടസമുക്ത പര്യാവരണം. - ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധ്യമാകുംവിധം എല്ലാവിധ പശ്ചാത്തല ഉപകരണങ്ങളും കെട്ടിടങ്ങളും സൂചനാഫലകങ്ങളും തടസ മുക്തമാകണമെന്ന് നിർദേശിച്ചിട്ടുണ്ട്.

**രക്ഷാകർത്തൃത്വം (നാഷ്ണൽ ട്രസ്റ്റ് ആക്ട്)**

18വയസ്സു പൂർത്തിയാകുന്നതുവരെ ഏതൊരു കുട്ടിയുടെയും സ്വാഭാവിക രക്ഷിതാക്കൾ മാതാപിതാക്കളാണ്. 18 വയസ്സാകുന്നതോടെ എല്ലാ കുട്ടികളും നിയമപരമായി പ്രായപൂർത്തിയാകുകയും സ്വയം തീരുമാനമെടുക്കുന്നതിന് പ്രാപ്തരാകുകയും ചെയ്യും. എന്നാൽ മാനസിക വെല്ലുവിളികൾ ബാധിച്ച കുട്ടികൾക്ക് ഈ കഴിവുകൾ ഉണ്ടാകണമെന്നില്ല. ഇവർക്ക് ജീവിതകാലം മുഴുവൻ രക്ഷാകർത്താവ് ആവശ്യമാണ്. സാധാരണ ഗതിയിൽ ഗാർഡിയൻ ഷിപ്പ് സർട്ടിഫിക്കറ്റ് സിവിൽ കോടതി മുഖേന മാത്രമേ ലഭിക്കൂ. മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് അവരുടെ സംരക്ഷണത്തിനും സ്വത്ത് കൈമാറ്റം ചെയുന്നതിനും പരമ്പരാഗത സ്വത്തുകൾ ഭാഗിച്ചുകിട്ടുന്നതിനും ഒരു ഗാർഡിയൻ ആവശ്യമായി വരും. സ്വാഭാവിക രക്ഷിതാവായ മാതാപിതാക്കൾക്ക് ഇവരുടെ ഭാവി എന്താകും എന്നത് സംബന്ധിച്ച സംശയങ്ങൾ അകറ്റാനും ഗാർഡിയൻഷിപ്പ് ആവശ്യമാണ്. ഈയൊരു സാഹചര്യത്തിൽ കോടതി നടപടിക്രമങ്ങൾ ഒഴിവാക്കി ജില്ലാ കലക്ടർ അധ്യക്ഷനായ ലോക്കൽ ലെവൽ കമ്മിറ്റിക്ക് ഓൺ ലൈൻ ആയി അപേക്ഷ സമർപ്പിച്ച് രക്ഷാകർത്തൃ സർട്ടിഫിക്കറ്റ് വാങ്ങുന്നതിന് നാഷണൽ ട്രസ്റ്റ് ആക്റ്റ് പ്രവർത്തിക്കുന്നു. 18 വയസ്സിന് മുകളിൽ പ്രായമായവരുടേയും അതിനുതാഴെ പ്രായമുള്ള സ്വാഭാവിക

രക്ഷാകർത്താക്കൾ ഇല്ലാതെ വരുന്നവരുമായ മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ ശരീരവും സ്വത്തും സംരക്ഷിക്കുന്നതിന് ട്രസ്റ്റിന്റെ കീഴിൽ ജില്ലാ കലക്ടർ ചെയർമാനായ കമ്മിറ്റി നിയമിക്കുന്ന രക്ഷാകർത്താവിന് മാത്രമേ നിയമപ്രകാരം രക്ഷാകർത്താവാകാൻ കഴിയൂ. രക്ഷാകർത്താവായി നിയമിക്കപ്പെടാൻ ആവശ്യമായ അപേക്ഷകൾ ഓൺലൈനായി നിശ്ചിത ഫോറത്തിൽ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം ജനനസർട്ടിഫിക്കറ്റ്, സ്ഥിരതാമസം തെളിയിക്കുന്നതിനുള്ള രേഖ, മെഡിക്കൽ ബോർഡ് നൽകിയ ഡിസെബിലിറ്റി സർട്ടിഫിക്കറ്റ് എന്നിവയുടെ പകർപ്പുകൾ കൂടി ഹാജരാക്കേണ്ടതാണ്. യുക്തമായ അന്വേഷണങ്ങൾ തൃപ്തികരമാണെന്ന് കാണുന്നപക്ഷം അപേക്ഷകനെ രക്ഷാകർത്താവായി നിയമിക്കുന്നതായി കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈകല്യമുള്ള ആളെയും ടിയാന്റെ സ്വത്തുക്കളെയും സംരക്ഷിക്കുന്നതിന് നിയമപ്രകാരമുള്ള അധികാരമുണ്ടായിരിക്കുന്നതാണ്.

### വിദ്യാഭ്യാസ അവകാശ നിയമം 2006

6 മുതൽ 14 വയസ്സുവരെയുള്ള മുഴുവൻ കുട്ടികൾക്കും നിർബന്ധിതവും സൗജന്യവുമായ എലിമെന്ററി വിദ്യാഭ്യാസം ഉറപ്പാക്കുന്നത് സർക്കാരിന്റെ ബാധ്യതയാണെന്ന് ഈ നിയമം പ്രഖ്യാപിക്കുന്നു. ഭരണഘടനയുടെ അനുഛേദം 21 എ യിൽ ഉൾപ്പെടുത്തികൊണ്ട് ഈ നിർദേശം ഭരണഘടനാനുസൃതവും മൗലികാവകാശങ്ങളിൽ ഉൾപ്പെട്ടതുമായി മാറിയിട്ടുണ്ട്. കുട്ടികളുടെ പ്രായഘടനയിൽ ഭിന്നശേഷിക്കാരായ കുട്ടികളും ഉൾപ്പെടുന്നു അതുകൊണ്ടുതന്നെ അവർക്കും സൗജന്യ നിർബന്ധിത വിദ്യാഭ്യാസം ഉറപ്പു വരുത്തേണ്ടതാണ്.

### ഭിന്നശേഷിയുള്ള വ്യക്തികൾക്കായുള്ള ദേശീയ അവകാശ നിയമം 2016 (The Right of Persons with Disabilities Act 2016)

ഇന്ത്യൻ ഭരണഘടനയുടെ നിയാമക തത്വങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടുള്ളതിന്റെയും 2006-ലെ ഭിന്നശേഷിക്കാർക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടിയുടെയും അടിസ്ഥാനത്തിൽ 1995-ലെ പേഴ്സൺ വിത്ത് ഡിസെബിലിറ്റി ആക്ട് (Person with Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995) സമുചിതമായ ഭേദഗതികളോടെ 2016-ൽ പുനപ്രഖ്യാപനം ചെയ്തു. ഇപ്രകാരം 2016 ഡിസംബർ 27 ന് പ്രഖ്യാപിച്ച ഭിന്നശേഷി അവകാശ നിയമത്തിൽ 17 അധ്യായങ്ങളിലായി 102 അനുഛേദങ്ങളും സുവ്യക്തമായ വൈകല്യങ്ങൾ (Specific Disability)സംബന്ധിച്ച ഒരു ഷെഡ്യൂളും നൽകിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് നിയമപ്രകാരം ലഭിക്കേണ്ട വിദ്യാഭ്യാസം, ആനുകൂല്യങ്ങൾ, ജോലിസംവരണം, നിയമസംരക്ഷണം തുടങ്ങിയവ നഷ്ടപ്പെടാതിരിക്കാൻ ഫലപ്രദമായ നിയമനടപടികളും നിയമം തെറ്റിക്കുന്നവർക്കെതിരെ കനത്ത ശിക്ഷാ നടപടികളും ആർ പി ഡി ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

### നിയമത്തിലെ പ്രത്യേകതകൾ

1995-ലെ നിയമത്തിൽ നിന്നും വ്യത്യസ്തമായി - ഹൈസപ്പോർട്ട് ഗ്രൂപ്പ്, ബഞ്ച്മാർക്ക് ഡിസബിലിറ്റി തുടങ്ങിയ ചില വ്യാഖ്യാനങ്ങൾ വൈകല്യങ്ങളെ സംബന്ധിച്ച് നൽകിയിട്ടുണ്ട്.

തടസഘടകങ്ങൾ അഥവ ബാരിയർഫ്രീ എന്നത് പശ്ചാത്തല കാര്യങ്ങൾക്കുമപ്പുറം സാംസ്കാരികം, സാമ്പത്തികം, പാരിസ്ഥിതികം, സ്ഥാപനതലം, രാഷ്ട്രീയം, സാമൂഹികം, മനോഭാവം, ഘടനാപരം, വ്യവഹാരപരം എന്നിങ്ങനെ പല നിലകളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം പിന്നിലാക്കുന്ന തടസ ഘടകങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഹൈസപ്പോർട്ട് അഥവ നിരന്തര സഹായം ആവശ്യമായ ഗ്രൂപ്പ്- ശാരീരികമോ, മാനസികമോ അല്ലാത്തതോ ആയ ബഞ്ച് മാർക്ക് അംഗപരിമിതി മൂലം സ്വതന്ത്ര ജീവിതത്തിനും ദൈനംദിന ചര്യകൾക്കും തീരുമാനങ്ങൾ എടുക്കുന്നതിനും സംവിധാനങ്ങൾ ഉപയുക്തമാക്കുന്നതിനും വിദ്യാഭ്യാസത്തിനും ചികിത്സയ്ക്കും പരസഹായം ആവശ്യമായി വരുന്ന വിഭാഗത്തെ ഹൈസപ്പോർട്ട് ഗ്രൂപ്പ് എന്ന് പറയും.

ബഞ്ച് മാർക്ക് അംഗപരിമിതി - 40%-ത്തിൽ കുറയാതെ നിശ്ചിത മാനദണ്ഡപ്രകാരം അംഗപരിമിതിയുണ്ടെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുള്ള വ്യക്തി.

### ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ

ഈ നിയമമനുസരിച്ച് ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ താഴെപറയും പ്രകാരം ക്രമപ്പെടുത്തിയിരിക്കുന്നു. ഈ അവകാശങ്ങൾ കേരളസംസ്ഥാന പ്രദേശിക സർക്കാരുകൾ ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

- തുല്യതയ്ക്കും അന്തസ്സോടെ ജീവിക്കുന്നതിനും മറ്റുള്ളവരോടൊപ്പം ആദരവോടെ കഴിയുന്നതിനുള്ള അവകാശം
- വിവേചനത്തിൽ നിന്ന് പരിരക്ഷ
- സ്ത്രീകൾക്കും കുട്ടികൾക്കും പ്രത്യേക പരിരക്ഷ
- സ്വന്തം സമൂഹത്തിൽ തന്നെ ജീവിക്കുന്നതിനുള്ള അവകാശം
- ക്രൂരതകളിൽ നിന്നും പരിരക്ഷ
- അനുചിത പെരുമാറ്റങ്ങളിൽ നിന്നും പരിരക്ഷ
- സുരക്ഷിതത്വവും സംരക്ഷണവും
- കുടുംബവും ഭവനവും. - വൈകല്യങ്ങളുടെ പേരിൽ കുടുബത്തിൽനിന്നും ഒഴിവാക്കപെടുവാൻ പാടില്ല
- പ്രത്യുൽപാദനപരമോ, കുടുംബാസൂത്രണപരമോ ആയ വിവരങ്ങളുടെ ലഭ്യതയ്ക്കുള്ള അവകാശം
- വോട്ടുചെയ്യുവാൻ പര്യാപ്തമായ സൗകര്യങ്ങൾക്കുള്ള അവകാശം
- വിവാഹത്തിനുള്ള അവകാശം
- നിയമ സംരക്ഷണം

- സ്വത്തിനുള്ള അവകാശം
- രക്ഷാകർതൃത്വത്തിനുള്ള അവകാശം

### ഭിന്നശേഷിക്കാരുടെ നിയമാനുസൃത അർഹതകൾ

1. പൊതുവിദ്യാഭ്യാസം
2. സകലിത വിദ്യാഭ്യാസം
3. നൈപുണി വികസനവും തൊഴിലും

### തൊഴിൽ പരിശീലനം

പൊതു തൊഴിലുകളിൽ വിവേചനം പാടില്ല. സർക്കാർ നയങ്ങൾക്കനുസരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് തുല്യ അവസരം ഉറപ്പാക്കുക

### കേരളവും - സംസ്ഥാന ഭിന്നശേഷി നയവും

ദേശീയ ഭിന്നശേഷി നയത്തിന് സമാനമായി കേരള സംസ്ഥാനവും തനതായ ഭിന്നശേഷി സൗഹൃദനയം പ്രഖ്യാപിച്ചിട്ടുണ്ട്.

| ഭിന്നശേഷി – കേരളം പൊതുകണക്ക് (2011) | | | |
|---|---|---|---|
| സ്ത്രീ | പുരുഷൻ | അല്ലാത്തവർ | ആകെ |
| 438853 | 353895 | 1189 | 7,93,937 (2.32%) |
| സ്ത്രീപുരുഷ അനുപാതം | ഭവനങ്ങളിൽ | സ്ഥാപനങ്ങളിൽ | ബി.പി.എൽ വിഭാഗം |
| 4555 | 775823 | 18114 | 3,70,277 (46.63%) |
| ഒരു കുടുംബത്തിൽ ഒരു അംഗ പരിമിതൻ | ഒരു കുടുംബത്തിൽ രണ്ട് അംഗപരിമിതർ | ഒരു കുടുംബത്തിൽ മൂന്ന് അംഗപരിമിതർ | ഒരു കുടുംബത്തിൽ നാലിൽ അധികം അംഗ പരിമിതർ |
| 6,53,434 | 52030 | 4998 | 765 |

## 3.3 തദ്ദേശഭരണസ്ഥാപനങ്ങളും ഭിന്നശേഷിക്കാരും

### ഭിന്നശേഷി സൗഹൃദസമീപനം

- സ്ഥാപനങ്ങളെ ഭിന്നശേഷി സൗഹൃദമാക്കൽ ബഡ്സ്, ബി.ആർ.സി, അങ്കണവാടി, സ്കൂളുകൾ, ആശുപത്രികൾ, ക്ഷേമസ്ഥാപനങ്ങൾ)
- ഭിന്നശേഷി സൗഹൃദ സേവനസംവിധാനങ്ങൾ - തുക വകയിരുത്തൽ അടക്കം
- പൊതുഇടങ്ങളെ ഭിന്നശേഷി സൗഹൃദമാക്കൽ -പാർക്ക്, ലൈബ്രറി, വയോജനങ്ങൾ ഒത്തുചേരുന്ന ഇടങ്ങൾ

- ഭിന്നശേഷി സൗഹൃദ പങ്കാളിത്തവേദികൾ – വർക്കിങ്ങ് ഗ്രൂപ്പുകൾ, സ്പെഷ്യൽ ഗ്രാമസഭ, അയൽക്കൂട്ടങ്ങൾ
- ഭിന്നശേഷി വിവരശേഖരണം
- പൊതുസമൂഹത്തിന്റെ മനോഭാവമാറ്റത്തിനായി – ഐ ഇ സി സംവിധാനങ്ങൾ

**1. പ്രാദേശിക സംവിധാനങ്ങൾ, സേവനങ്ങൾ**

- പ്രാഥമികാരോഗ്യകേന്ദ്രം
- സർക്കാർ ആശുപത്രി
- ഡിഇഐസി
- ഐസിഡിഎസ്
- സ്കൂളുകൾ
- സ്പെഷൽ സ്കൂൾ
- തെറാപ്പി സെന്റർ
- സ്റ്റേറ്റ് ഇനിഷേറ്റിവ്

**2. പ്രാദേശിക സർക്കാരിന്റെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഇടപെടൽ സാധ്യതകൾ**

നമ്മുടെ രാജ്യത്തെ 50% വൈകല്യങ്ങളും തടയാൻ കഴിയുമെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ട്. ശുദ്ധജലം നല്ല വായു പൂർണമായ പ്രതിരോധചികിത്സ, പോഷകാഹാരം ഗർഭകാല പരിരക്ഷണം എന്നിവ ശരിയാം വണ്ണം ഉറപ്പാക്കുകയാണ് ഇതിനുള്ള മാർഗം. അപകടങ്ങൾ അത്യാഹിതങ്ങൾ ഒഴിവാക്കുക, തൈറോയിഡ് രോഗങ്ങൾ, പകർച്ചവ്യാധികൾ എന്നിവയും വൈകല്യബാധക്ക് കാരണമാണ്. ഈ രംഗത്ത് ലഭ്യമായ പദ്ധതികളും പരിപാടികളും വിജയിപ്പിക്കുന്നതിനും സേവനവിടവുകൾ ഇല്ലാതാക്കുന്നതിനുമുള്ള ശ്രമമാണ് വൈകല്യബാധ പ്രതിരോധത്തിനായി പ്രാദേശിക സർക്കാരുകൾക്ക് നിർവഹിക്കാൻ കഴിയുന്ന ചുമതല. കുറഞ്ഞത് 40%മെങ്കിലും വൈകല്യമുള്ളവർക്ക് മാത്രമേ സഹായത്തിന് അർഹത ഉണ്ടാകു.

**3. പദ്ധതി ആസൂത്രണ മാർഗരേഖാ നിർദേശങ്ങൾ**

ജി ഒ എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18 (പദ്ധതി മാർഗ നിർദേശങ്ങൾ)

| അനുഛേദം | ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി |
|---|---|
| 6.4 (1) | ക്ഷേമത്തിനും വികസനത്തിനും വേണ്ടി സമഗ്ര പദ്ധതി. |
| 6.4.(4) | എല്ലാ സർക്കാർ സ്കൂളുകളിലും ആനുപാതിക ടോയ്‌ലറ്റ്. |
| 6.4.(8) | സ്കോളർഷിപ്പ് ബത്ത എന്നിവ 5% നിർബന്ധ ഫണ്ടിൽ ഉൾപ്പെടുത്താൻ പാടില്ല. |

| | |
|---|---|
| 6.4.(9) | ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ളവർക്ക് ക്ഷേമപുനരധിവാസ ക്ഷേമപരിപാടികൾ ആകാം. |
| 6.4.(10) | ഒരു പ്രാവശ്യം ഉപകരണം ലഭിച്ചവർക്ക് കാലാവധി തീരും മുമ്പ് വീണ്ടും ഉപകരണം നൽകാൻ പാടില്ല. |
| 6.4.(11) | സർക്കാർ സർവീസിലുള്ള ബന്ധപ്പെട്ട മെഡിക്കൽ ഓഫീസറായിരിക്കണം ആവശ്യകത നിർണയം നടത്തി സാക്ഷ്യപ്പെടുത്തേണ്ടത്. |
| 6.4.(12) | ഭിന്നശേഷിയുള്ളവർക്ക് തൊഴിൽ പരിശീലനം. |
| 6.5.(9) | ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ ഉപകരണങ്ങൾ നൽകാം. |
| 7.8.1(2) | ബഡ്സ് സ്കൂളുകൾ/ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാം. |
| 7.8.1(2) | ബഡ്സ് സ്കൂളുകൾ പുനരധിവാസകേന്ദ്രങ്ങൾ എന്നിവ നിഷ്കർഷിച്ചിട്ടുള്ള നിബന്ധനകൾ പാലിച്ച് സൗകര്യങ്ങൾ ഒരുക്കേണ്ടതാണ്. |
| 7.8.1.2(2) | അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്ന ഗ്രാമപ്പഞ്ചായത്തിന്റെ സമ്മതത്തോടെ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം. |
| 7.8.1.(3) | ബഡ്സ് കേന്ദ്രത്തിലെ അവകാശികൾക്ക് അവകാശപ്പെട്ട സ്വത്തുക്കൾ സംരക്ഷണം ഏറ്റെടുക്കുന്ന സ്ഥാപനങ്ങൾക്ക് കൈമാറാം. |
| 7.8.3(5) | ബഡ്സ്/ബിആർസി അന്തേവാസികൾക്കും പോഷകാഹാരവും ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന പാചകം ചെയ്ത് നൽകാവുന്നതാണ്. |
| 5.2.3 | പട്ടികവർഗ ഉപപദ്ധതിപ്രകാരം ഭിന്നശേഷിക്കാർ അംഗങ്ങളായ കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകാവുന്നതാണ്. |

**സബ്സിഡി മാർഗരേഖാ നിർദേശങ്ങൾ സ.ഉ.കൈ(നം22/2018/തസ്വഭവ –14.02.2018**

| അനുഛേദം | ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി |
|---|---|
| 7.1.1.(1) | ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് എപിഎൽ/ബിപിഎൽ വേർതിരിവില്ലാതെ 100% ആനുകൂല്യങ്ങൾ. |
| 7.1.2 | സഹായഉപകരണങ്ങൾ നൽകാം. |

| | |
|---|---|
| 7.1.3 | ഉപകരണങ്ങളുടെ ആവശ്യകത നിർണയിക്കൽ - ക്യാമ്പ് പങ്കെടുക്കുന്നവർക്ക് റിഫ്രഷ്മെന്റ് ചാർജുകളും യാത്രാ ബത്തയും - 250 രൂപ വരെ. |
| 7.1.3(5) | മുമ്പ് നൽകിയിട്ടുള്ള ഉപകരണങ്ങൾ ഇതര ഏജൻസികൾ നൽകുന്ന ഉപകരണങ്ങൾ ഇവ തിട്ടപ്പെടുത്തി ഇരട്ടിപ്പ് ഒഴിവാക്കി ഉപകരണ വിതരണം നടത്തേണ്ടതാണ്. |
| 7.1.4 | ഉപകരണങ്ങൾ ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾക്ക് വാങ്ങി നൽകാവുന്നതാണ്. ടെൻഡർ കൂടാതെ സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങൾ നിർമിക്കുന്നവ വാങ്ങാവുന്നതാണ്. |
| 7.1.4.4 | മെഡിക്കൽ ഓഫീസർ ഉപയോഗക്ഷമത സാക്ഷ്യപ്പെടുത്തിയ ഉപകരണങ്ങൾ വാങ്ങുന്ന പ്രോജക്ടുകൾ ഐസിഡിഎസ് സൂപ്പർവൈസർ, സിഡിപിഒ, സാമൂഹ്യനീതി ഓഫീസർ എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായിരിക്കണം. |
| 7.1.6 | ശാരീരിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്. |
| 7.1.6.ബി | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്കുള്ള സ്കോളർഷിപ്പ്. |
| 7.1.6.സി | ഡേകെയർ സെന്ററുകളിൽ പോകുന്ന മാനസിക വെല്ലുവിളികൾ നേരിടുന്നവർ. |
| 7.1.6.ഡി | മാനസിക വെല്ലുവിളികൾ നേരിടുന്നവർ വിദ്യാലയങ്ങളിലോ ഡെകെയർ സെന്ററുകളിലോ പോകാൻ സാധിക്കാത്ത 18 ൽ താഴെയുള്ളവർ. |
| 7.1.8 | ബഡ്സ് സ്കൂൾ ഓണറേറിയം. |
| 7.1.14 | ഭിന്നശേഷിക്കാരായ കുട്ടികളുടെ കായികകലാ മത്സരങ്ങൾ. |

## ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചുമതല

ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മറ്റിയുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നതാണ് സാമൂഹ്യനീതി വർക്കിങ്ങ് ഗ്രൂപ്പ്. സമൂഹത്തിന്റെ പൊതുധാരയിൽ നിന്നും പല കാരണങ്ങളാൽ ഒതുക്കി നിർത്തപ്പെട്ട വയോജനങ്ങൾ, ഭിന്നശേഷിയുള്ളവർ, വനിതകൾ, കുട്ടികൾ തുടങ്ങിയവരുടെ സാമൂഹ്യസുരക്ഷയിലൂന്നിയ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ അനിവാര്യമായ വികസനഘടകമാണ്. ഓരോ വിഭാഗവും നേരിടുന്ന പ്രശ്നങ്ങൾ വ്യത്യസ്തമാണ്.

## സപ്പോർട്ടഡ് ലിവിങ്ങ്

ഹൈസപ്പോർട്ട് ആവശ്യമായ ഭിന്നശേഷിക്കാർക്കുവേണ്ടിയുള്ള പ്രത്യേക പരിഗണന പ്രാദേശിക സർക്കാർ ഉറപ്പുവരുത്തേണ്ടതുണ്ട്. ഉയർന്ന പരിചരണം ആവശ്യമുള്ള ഗുരുതര അംഗപരിമിതി ബാധയുള്ള വ്യക്തിക്ക് ആവശ്യമായ സഹായത്തിനായി പ്രത്യേക പരിഗണന എല്ലാ രംഗത്തും ലഭ്യമാക്കുന്നതിന് ആവശ്യപ്പെടാൻ അർഹതയുണ്ട്. (പെൻഷൻ, മറ്റാനുകൂല്യങ്ങൾ)

## തടസമുക്ത പര്യാവരണം.

ഭിന്നശേഷിക്കാർക്ക് സ്വതന്ത്രമായി പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് സാധ്യമാകും വിധം എല്ലാവിധ പശ്ചാത്തല ഉപകരണങ്ങളും കെട്ടിടങ്ങളും സൂചനാഫലകങ്ങളും തടസമുക്തമാകണമെന്ന് നിർദേശിച്ചിട്ടുണ്ട്. തടസഘടകങ്ങൾ അഥവ ബാരിയർഫ്രി എന്നത് പശ്ചാത്തല കാര്യങ്ങൾക്കുമപ്പുറം സാംസ്കാരികം, സാമ്പത്തികം, പാരിസ്ഥിതികം, സ്ഥാപനതലം, രാഷ്ട്രീയം, സാമൂഹികമനോഭാവം, ഘടനാപരം, വ്യവഹാരപരം എന്നിങ്ങനെ പല നിലകളിലും ഭിന്നശേഷിക്കാരുടെ പങ്കാളിത്തം പിന്നിലാക്കുന്ന തടസ ഘടകങ്ങളാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വ്യക്തികളുടെ ദേശീയ അവകാശനിയമവും ചട്ടങ്ങളും എല്ലാ പൊതുമന്ദിരങ്ങളും സംവിധാനങ്ങളും സ്കൂളുകളും അങ്കണവാടികളും തടസവിമുക്ത പശ്ചാത്തലം ഉറപ്പാക്കിയിരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയത്തിന്റെ മാർഗനിർദേശങ്ങൾ അനുസരിച്ച് ഭിന്നശേഷിക്കാരായ വ്യക്തികൾ പലവിധത്തിലുള്ള തടസങ്ങൾ ജീവിതത്തിൽ അനുഭവിക്കേണ്ടി വരുന്നതായി സൂചിപ്പിച്ചിട്ടുണ്ട്.

## പ്രധാനപ്പെട്ട തടസങ്ങൾ

1. മനോഭാവ തടസങ്ങൾ
2. സാംസ്കാരിക തടസങ്ങൾ
3. സാമ്പ്രദായിക തടസങ്ങൾ
4. പശ്ചാത്തല തടസങ്ങൾ

സാസ്കാരിക തടസങ്ങളിൽ ഭാഷയാണ് പ്രധാനപ്രശ്നം സാമ്പ്രദായിക തടസങ്ങൾ വൈകല്യമുള്ള വ്യക്തികൾക്ക് പല സ്ഥാനങ്ങളും അലങ്കരിക്കുന്നതിന് വിലക്കുകൾ നിലനിർത്തുന്നു. മനോഭാവ തടസങ്ങൾ മേൽപ്പറഞ്ഞ രണ്ട് സംഗതികൾക്കുമൊപ്പം അസാധാരണത്വത്തെ അംഗീകരിക്കാൻ ഉള്ള താൽപര്യകുറവ്, പരമ്പരാഗത വിശ്വാസങ്ങൾ ഉൽപ്പാദനക്ഷമത ഇല്ലാത്തവർ കീഴാളരാണെന്ന ബോധം തുടങ്ങിയവയിൽ നിന്നും ഉടലെടുക്കുന്ന സ്ഥായിയായ പെരുമാറ്റവും വ്യവഹാരങ്ങളുമാണ്. മനോഭാവ തടസങ്ങൾ വളരെ കാലത്തെ ശാസ്ത്രീയമായ ബോധവൽക്കരണവും അതോടൊപ്പം ഭിന്നശേഷിക്കാർക്ക് സവിശേഷമായ പിൻതുണകളും സംരക്ഷണവും ഉറപ്പാക്കിക്കൊണ്ട് മാത്രമേ ഒഴിവാക്കാൻ കഴിയൂ. എന്നാൽ പശ്ചാത്തല തടസങ്ങൾ വളരെ വേഗം മാറ്റിയെടുക്കുവാൻ കഴിയും എന്നുള്ളതിനാൽ പ്രധാനപ്പെട്ട തടസവിമുക്ത സംവിധാനങ്ങൾ താഴെ കൊടുക്കുന്നു.

**ഭിന്നശേഷി – ശാക്തീകരണ പങ്കാളിത്തം**

**1. ഭിന്നശേഷി വിഭാഗക്കാർക്കായി പ്രത്യേക ഗ്രാമസഭ**

- ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യം ഉറപ്പാക്കിക്കൊണ്ട് അവർ നേരിടുന്ന വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹാരമാർഗങ്ങൾ കണ്ടെത്തലാണ് ഈ ഗ്രാമസഭകൊണ്ട് ഉദ്ദേശിക്കുന്നത്.
- ഭിന്നശേഷിക്കാരുടെ ദീർഘകാലവികസനത്തിനും പുനരധിവാസത്തിനും സമഗ്രപദ്ധതിക്കും രൂപംനൽകുക
- ഭിന്നശേഷിക്കാരുടെ വ്യവസ്ഥാപിതമായ അവകാശങ്ങൾ സംരക്ഷിക്കുക

പങ്കാളികൾ – ഭിന്നശേഷിക്കാരായ എല്ലാ അംഗങ്ങളും

**ക്ഷണിതാക്കൾ**

- വിദ്യാഭ്യാസസ്ഥാപനങ്ങളുടെ പ്രതിനിധികൾ
- സംഘടനാപ്രതിനിധികൾ
- ആശാവർക്കർ, അങ്കണവാടി പ്രവർത്തകർ, പാലിയേറ്റിവ് നഴ്സ്, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ

| | | |
|---|---|---|
| **സംഘാടനം** | – | പഞ്ചായത്ത് ഭരണസമിതി, ക്ഷേമകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി |
| **വിളിച്ചുകൂട്ടുന്നത്** | – | ക്ഷേമകാര്യസ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ, |
| **അധ്യക്ഷൻ** | – | പ്രസിഡന്റ് |
| **യോഗം** | – | വർഷത്തിൽ ഒരിക്കൽ |

പ്രസ്തുത ഗ്രാമസഭയുടെ തീരുമാനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തണം.

**പ്രത്യേക അയൽക്കൂട്ടം –** ഒരു അയൽക്കൂട്ട പരിധിയിലെ കുടുംബത്തിൽ നിന്നും 18 വയസ്സു തികഞ്ഞ ഒരു വനിത എന്ന നിലയിൽ ഒരയൽക്കൂട്ടത്തിൽ 10–20 (10 മുതൽ 20 വരെ) അംഗങ്ങൾ വരെ ഉണ്ടാകാവുന്നതാണ്. ഒഴിവുണ്ടാകുന്ന അംഗത്തിനു പകരം അതേ കുടുംബത്തിലെ മറ്റൊരു വനിതക്ക് അംഗത്വം നൽകേണ്ടതാണ്. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ പാരാ പ്ലീജിയ രോഗികൾ, എച്ച് ഐ വി രോഗികൾ എന്നിവർക്കായുള്ള പ്രത്യേക അയൽക്കൂട്ടങ്ങൾ അതാത് വിഭാഗത്തിലുള്ളവർക്ക് അംഗത്വം നൽകാവുന്നതാണ്. എന്നാൽ ഇവരിൽ ചില വിഭാഗങ്ങൾ സി ഡി എസ് തലത്തിൽ വിരലിൽ എണ്ണാവുന്ന ജനസംഖ്യയുള്ളവരും ആവാസം അകലെ വിന്യസിക്കപെടുന്ന രീതിയിലുള്ളവരും ആയതിനാൽ 10 കുറവ് അംഗങ്ങളുണ്ടെങ്കിൽ ജില്ലാമിഷൻ കോർഡിനേറ്റർക്ക് പ്രത്യേക വിവേചനാധികാരം ഉപയോഗിച്ച് പ്രസ്തുത അയൽക്കൂട്ടം രൂപീകരിക്കുന്നതിനുള്ള പ്രത്യേക അനുമതി നൽകാവുന്നതാണ്. അയൽക്കൂട്ട സംഘാടനത്തിലുള്ള സൗകര്യം പ്രമാണിച്ച് സിഡിഎസ് തലത്തിൽ തന്നെ അത്യാവശ്യമുള്ള ഇടങ്ങളിൽ അയൽക്കൂട്ട രൂപീകരണം നടത്താവുന്നതാണ്. ചലനശേഷി ഇല്ലാത്ത വ്യക്തികളുടെ കാര്യത്തിൽ രക്ഷിതാവായ ഒരു വനിതയോ വനിതയെ പ്രതിനിധീ

കരിക്കപ്പെടാത്ത സാഹചര്യത്തിൽ അവരുടെ ബന്ധുവായ ഒരു വനിതയെ അയൽക്കൂട്ടത്തിൽ അംഗമായി ചേർക്കാവുന്നതാണ്. ഇത്തരം അയൽക്കൂട്ട രൂപീകരണ ചുമതല സിഡിഎസിൽ നിക്ഷിപ്തമായിരിക്കും. അയൽക്കൂട്ട ത്തിന്റെ പരിധി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ഒരു വാർഡോ സിഡി എസ് തീരുമാനപ്രകാരം പരസ്പര ബന്ധിതമായ ഒന്നിലധികം വാർഡുകളോ ചേർന്നതായിരിക്കും

### ഭിന്നശേഷി ആശ്രയ പ്രവർത്തനങ്ങൾ

ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗം ബാധിച്ച നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ, ഭക്ഷണം പാചകം ചെയ്യാൻ ശേഷിയുള്ള ഒരാൾപോലും ഇല്ലാത്ത പട്ടികവർഗ കുടുംബ ങ്ങൾക്ക് ഭക്ഷണവിതരണം ചെയ്യണം. കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ ഉപപദ്ധതിവിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ഭിന്നശേഷിക്കാർ അംഗങ്ങളായി ഉള്ള പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് മുൻഗണന നൽകി നടപ്പാക്കേണ്ടതാണ്. പട്ടികവർഗ അഗതികൾക്ക് കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ തൊഴിൽ വൈദഗ്ധ്യപരിശീലനം നൽകുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കാ വുന്നതാണ്. പട്ടികവർഗ അഗതി കുടുംബങ്ങളിലെ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നൽകുന്നതിനുവേണ്ടിയുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

### ഗുരുതരഭിന്നശേഷിയുള്ളവർക്ക് സുരക്ഷ

- പാലിയേറ്റിവ് കെയർ എക്സ്റ്റൻഷൻ
- സ്ഥാപനതലസംരക്ഷണം

### ഭിന്നശേഷിയും ദുരന്ത നിവാരണവും

പ്രകൃതിദത്തമായോ മനുഷ്യജന്യമായോ പല സാഹചര്യങ്ങളിലും മനു ഷ്യർ ദുരന്തങ്ങൾ നേരിടുന്നുണ്ട്. പേമാരിയും കൊടുങ്കാറ്റും സുനാമിയും ഉരുൾപൊട്ടലും പോലുള്ള പ്രകൃതി പ്രതിഭാസങ്ങൾ, തീപിടുത്തം വാഹനാ പകടം പോലുള്ള സർവസാധാരണമായ ദുരന്തങ്ങളും മനുഷ്യരെ ബാധി ക്കുന്നു. സാധാരണയിൽ നിന്നും വ്യത്യസ്തമായി ഭിന്നശേഷിക്കാരും കുട്ടി കളും ദുരന്തങ്ങളാൽ ഏറെ ക്ലേശിക്കേണ്ടി വരുന്നുണ്ട്. അതുകൊണ്ടുതന്നെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്ക് പെരുമാറ്റചട്ടം (പ്രോട്ടോകോൾ) രൂപ പ്പെടുത്തുമ്പോൾ കുട്ടികളുടെയും ഭിന്നശേഷിക്കാരുടെയും വയോജനങ്ങളു ടെയും പ്രത്യേകതകൾ പരിഗണിച്ചുള്ള രക്ഷാപ്രവർത്തനങ്ങൾ ചിട്ടപ്പെടു ത്തേണ്ടതാണ്. ഇതോടൊപ്പം ഇവരെ സ്വയം രക്ഷപ്പെടുന്നതിനുള്ള ബോധന പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

- കുട്ടികളെയും ഭിന്നശേഷിക്കാരെയും രക്ഷാപ്രവർത്തനങ്ങളുടെ ആസൂ ത്രണവും നിർവഹണവും പുനരധിവാസവും സംബന്ധിച്ച കാര്യങ്ങളിൽ പങ്കാളികളാക്കുക.

- അവരുടെ സംരക്ഷണം ഭക്ഷണം ആരോഗ്യം സുരക്ഷിതത്വം എന്നിവ ഉറപ്പുവരുത്തുക.
- ഭിന്നശേഷിക്കാരുടെ പങ്കാളിത്ത വേദികളെ ഈക്കാര്യത്തിൽ പ്രാപ്തരാക്കുക- സ്വയം പഠനരീതി നടപ്പാക്കുക.

## 3.4 ഭിന്നശേഷിയുള്ളവർക്കായുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികൾ

വൈകല്യനിർണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പുകളിലൂടെ തത്സമയം മെഡിക്കൽ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും നൽകുന്ന പദ്ധതി:

വിഭിന്നശേഷിയുള്ളവർക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും അർധസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകേണ്ട ആനുകൂല്യങ്ങൾക്കുള്ള പൊതു ആധികാരികരേഖയായി തിരിച്ചറിയൽ കാർഡ് അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വിഭിന്നശേഷിയുള്ള എല്ലാ വ്യക്തികൾക്കും തിരിച്ചറിയൽ രേഖ നൽകുകയെന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രാദേശികതല ക്യാമ്പുകൾ സംഘടിപ്പിച്ച് തത്സമയം തിരിച്ചറിയൽ കാർഡ് ഗുണഭോക്താക്കൾക്ക് നൽകുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിന് നിശ്ചിത ഫോറത്തിൽ അപേക്ഷ കേരള സാമൂഹ്യ സുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകേണ്ടതാണ്. ക്യാമ്പിന്റെ സ്ഥലവും തീയതിയും അപേക്ഷകരെ യഥാസമയം തപാൽ മാർഗം അറിയിക്കുന്നതാണ്. ക്യാമ്പിൽ പങ്കെടുക്കുന്നവർക്ക് യാതൊരുവിധമായ ഫീസും ഈടാക്കാതെ മെഡിക്കൽ പരിശോധന നടത്തി ലഭിക്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തിരിച്ചറിയൽ കാർഡ് നൽകുന്നു. ഇത്തരം ക്യാമ്പിൽ പങ്കെടുക്കുന്ന ഭിന്നശേഷിയുള്ളവർക്കും എസ്കോർട്ടിനും സൗജന്യമായി ഭക്ഷണവും നൽകി വരുന്നു. മെഡിക്കൽ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളവർക്ക് ക്യാമ്പിൽ ഹാജരാകാതെ ചുവടെ പറയുന്ന രേഖകൾ സഹിതം നിശ്ചിത ഫോറത്തിൽ അപേക്ഷ എക്സിക്യൂട്ടീവ് ഡയറക്ടർക്ക് നൽകി തിരിച്ചറിയൽ കാർഡ് സ്വന്തമാക്കാവുന്നതാണ്. ഈ കാർഡ് ഹാജരാക്കുന്നവരോട് വികലാംഗത്വം തെളിയിക്കുന്നതിന് മറ്റൊരു രേഖയും ആവശ്യപ്പെടാൻ പാടുള്ളതല്ല. (സർക്കുലർ നമ്പർ 1050/എസ് 3/ 9.11.2011)

### കേന്ദ്ര സാമൂഹ്യനീതി ശാക്തീകരണ മന്ത്രാലയം (മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് എംപവർമെന്റ്.)

കേന്ദ്രസർക്കാരിന്റെ സാമൂഹ്യക്ഷേമം സാമൂഹ്യനീതി എന്നിവക്കായി പ്രവർത്തിക്കുന്ന വകുപ്പാണ് മിനിസ്ട്രി ഓഫ് സോഷ്യൽ ജസ്റ്റിസ് എംപവർമെന്റ്. വൈകല്യ ബാധിതർ സോഷ്യൽ പ്രൊട്ടക്ഷൻ (സാമൂഹ്യ പ്രതിരോധം) പട്ടികജാതി, ഒ ബി സി ക്ഷേമം, പൊതുക്ഷേമം എന്നിങ്ങനെ മൂന്ന് ഡിപ്പാർട്ടുമെന്റുകൾ ഈ മന്ത്രാലയത്തിന് കീഴിലുണ്ട്. ഈ വകുപ്പിന്റെ ഏറ്റവും ശ്രദ്ധേയമായ സ്കീമുകളിൽ ഒന്ന് ഭിന്നശേഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾക്ക് ഗ്രാന്റ് നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള ദീനദയാൽ ഡിസേബിൾഡ് റിഹാബിലിറ്റേഷൻ സ്കീം ആണ്. ഈ പദ്ധതി

പ്രകാരം 19 തരം ഭിന്നശേഷി പ്രവർത്തനങ്ങൾക്കായി സന്നദ്ധസംഘടനകൾക്ക് ഗ്രാന്റ് നൽകി വരുന്നു. കൂടുതൽ വിവരങ്ങൾക്ക് സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെടേണ്ടതാണ്. ഇതോടൊപ്പം കേന്ദ്ര ആരോഗ്യ കുടുംബക്ഷേമമന്ത്രാലയം രാഷ്ട്രീയ ബാലസ്വാസ്ത്യ കാരക്രമം (RBSK)നടപ്പാക്കുന്നുണ്ട്.

**ഭിന്നശേഷി – സർക്കാർ ഏജൻസികൾ പദ്ധതികൾ**

**1. കേരള സാമൂഹ്യ സുരക്ഷാമിഷൻ**

- വൈകല്യ നിർണയ മെഡിക്കൽ സർട്ടിഫിക്കേഷൻ ക്യാമ്പ്
- ശ്രുതിതരംഗം – കോക്ലിയർ ഇംപ്ലാന്റേഷൻ പദ്ധതി

**2. കേരള സാമൂഹ്യ നീതി വകുപ്പ്**

- ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന, ആരും പരിപോഷിപ്പിക്കുവാൻ ഇല്ലാത്ത കുട്ടികൾക്കായി സ്ഥാപനങ്ങൾ നടത്തി വരുന്നു. കുട്ടികൾക്കായുള്ള വികലാംഗസദനം, ഹോം ഫോർ ദി മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ, പ്രതീക്ഷാഭവൻ, പ്രത്യാശാഭവൻ തുടങ്ങിയ സ്ഥാപനങ്ങൾ പല ജില്ലയിലും പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ വിവരങ്ങൾക്കും പ്രവേശനത്തിനും സാമൂഹ്യനീതി ജില്ലാആഫീസറെ ബന്ധപ്പെടേണ്ടതാണ്.
- ഭിന്നശേഷി തിരിച്ചറിയൽ കാർഡ്
- ഭിന്നശേഷി ദിനാചരണം
- പ്രാഗ്ത്ഭ്യമുള്ള ഭിന്നശേഷി ജീവനക്കാർക്ക് അവാർഡ്

**3. കേരള സംസ്ഥാന ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ**

- ഭിന്നശേഷിക്കാരായ വ്യക്തികൾക്ക് തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന് വളരെ കുറഞ്ഞ പലിശ നിരക്കിൽ ഭിന്നശേഷി ക്ഷേമ കോർപ്പറേഷൻ ധനസഹായം നൽകുന്നുണ്ട്.

**4. കേരള ആരോഗ്യ വകുപ്പ്**

- ഡിസ്ട്രിക്റ്റ് ഏർളി ഇന്റർവെൻഷൻ സെന്റർ – ജില്ലാ ആശുപത്രികളോടനുബന്ധിച്ച് ഇളം പ്രായക്കാരായ കുട്ടികളുടെ വികസന വ്യതിയാനങ്ങൾ തിട്ടപ്പെടുത്തി, വൈകല്യനിർണയം നടത്തി ആവശ്യമായ ന്യൂനതാ പരിഹാര ഇടപെടലുകൾ, മാർഗനിർദേശങ്ങൾ എന്നിവ നൽകുന്നതിനുള്ള സംവിധാനം.

**5. കുടുംബശ്രീ മിഷൻ**

- ബഡ്സ് സ്കൂൾ സംബന്ധിച്ച മാർഗനിർദേശങ്ങളും പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള ധനസഹായവും.

**സാമൂഹ്യസുരക്ഷാമിഷൻ പരിപാടികൾ**

**താലോലം**

താലോലം/കാൻസർ സുരക്ഷാ കൗൺസിലർമാരുടെ സേവനങ്ങൾ ലഭ്യമായ വിവരങ്ങൾക്ക് വെബ്സൈറ്റ് www.socialsecuritymission.gov.in.

**ശ്രുതിതരംഗം - കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി :**

സൗജന്യചികിത്സ ലഭിക്കുന്ന ആശുപത്രികളുടെ വിവരങ്ങൾക്ക് വെബ് സൈറ്റ് (www.socialsecurity mission.gov.in) സന്ദർശിക്കുക

**സ്റ്റേറ്റ് ഇനീഷിയേറ്റീവ് ഓൺ ഡിസെബിലിറ്റീസ് :**

ആശാഭവൻ

**സന്നദ്ധസംഘടനാ സേവനങ്ങൾ**

സ്പെഷ്യൽ സ്കൂളുകൾ, തൊഴിൽ പരിശീലന കേന്ദ്രങ്ങൾ, തെറാപ്പി സെന്ററുകൾ, പാരന്റ് അസോസിയേഷൻ തുടങ്ങിയ സംരംഭങ്ങൾ.

**പഠനഇളവുകൾ**

**ബഹുഭാഷകൾ പഠിക്കുന്നതിൽ ഇളവുകൾ (കേൾവിക്കുറവ്, ബുദ്ധിമാന്ദ്യം, പഠനവൈകല്യം)**

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ G.O (MS)135/88 .dated 1/09/88 Tvm ഉത്തരവ്, ശ്രവണവൈകല്യമുള്ളവർക്ക് ഒന്നാം ഭാഷയായ മലയാളം മാത്രം പഠിച്ചാൽ മതിയെന്നും കുട്ടി ആഗ്രഹിക്കുന്നുവെങ്കിൽ അവരെ രണ്ടും മൂന്നും ഭാഷകളിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുന്നു.

**എസ്.എസ്.എൽ.സി. പരീക്ഷ എഴുതുമ്പോൾ**

പരീക്ഷയെഴുതുന്ന പ്രത്യേകാവശ്യങ്ങൾ ഉള്ള കുട്ടികൾക്ക് ഓരോ വിഭാഗത്തിലും പ്രത്യേകം ഇളവുകൾ ലഭ്യമാണ്. അപഗ്രഥനശേഷി ആവശ്യമുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുന്നതിൽ ഇളവുണ്ട്. ഓരോ വിഭാഗത്തിനും ലഭ്യമാകുന്ന ഇളവുകൾ താഴെ കൊടുക്കുന്നു.

**കാഴ്ചക്കുറവുള്ള കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം
- ചിത്രംവര, ഗ്രാഫ് തുടങ്ങിയ ചോദ്യങ്ങൾക്ക് ഉത്തരം എഴുതേണ്ടതില്ല.
- ബ്രെയിൽ ലിപിയിൽ ഉത്തരം എഴുതാനുള്ള അനുവാദം. ബ്രെയിൽ ലിപിയിൽ ആണ് ഉത്തരം എഴുതുന്നതെങ്കിൽ മണിക്കൂറിന് പതിനഞ്ച് മിനിറ്റ് അധികസമയം.
- എഴുതാൻ കഴിയാത്തവർക്ക് ഒരു സഹായി (Scribe) യെ ഉപയോഗപ്പെടുത്താം
- വിദ്യാർഥികൾ ആഗ്രഹിക്കുന്നു എങ്കിൽ കണക്ക് വിഷയങ്ങൾ ഒഴിവാക്കുന്നതാണ്. പകരം വായ്പാട്ട്, ഉപകരണ സംഗീതം, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും ഒന്ന് തെരഞ്ഞെടുക്കാം.

**കേൾവിക്കുറവുള്ള കുട്ടികൾക്ക്**

- മണിക്കൂറിന് പത്തുമിനിറ്റ് അധിക സമയം
- വ്യാഖ്യാതാവിന്റെ സേവനം
- 25% ഗ്രേസ്മാർക്ക്

- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം.
- മേൽപ്പറയുന്ന ഭാഷാവിഷയങ്ങൾ ഒഴിവാക്കുന്നെങ്കിൽ ഡ്രോയിങ്ങ് & പെയിന്റിങ്ങ്, കാറ്ററിങ്ങ്, ഹോർട്ടികൾച്ചർ, കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തെരഞ്ഞെടുക്കേണ്ടതാണ്.

**ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾക്ക്**

- മണിക്കൂറിന് പത്തു മിനിറ്റ് അധികസമയം
- വ്യാഖ്യാതാവ് അഥവാ എഴുതാനുള്ള സഹായിയുടെ സേവനം
- 25% ഗ്രേസ് മാർക്ക് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ (G.O (MS) No.61/98 dated 18/02/1989)
- മലയാളം/ഇംഗ്ലീഷ് കൂടാതെ ഹിന്ദി എന്നീ ഭാഷാവിഷയങ്ങൾ ഒഴിവാക്കാനുള്ള അനുവാദം. ഒഴിവാക്കുന്ന ഭാഷാവിഷയങ്ങൾക്കു പകരം ഡ്രോയിങ്ങ് & പെയിന്റിങ്ങ്, കാറ്ററിങ്ങ്, ഹോർട്ടികൾച്ചർ കമ്പ്യൂട്ടർ എന്നിവയിലേതെങ്കിലും തിരഞ്ഞെടുക്കേണ്ടതാണ്.
- പ്രത്യേക സാഹചര്യങ്ങളിൽ കണക്ക് പരീക്ഷയും ഒഴിവാക്കി കൊടുക്കാറുണ്ട്.

അസ്ഥിപരമായ പരിമിതികളുള്ള കുട്ടികൾക്ക്

- ആവശ്യമെങ്കിൽ എഴുതാൻ സഹായിയുടെ സേവനം
- ചിത്രം വര, ഗ്രാഫ് എന്നീ മേഖലകളിൽ നിന്നും വരുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുന്നതിൽനിന്നും ഒഴിവാക്കുന്നു (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- മണിക്കൂറിന് പത്തുമിനിറ്റ് അധികസമയം. (കൈ സ്വാധീനക്കുറവുള്ളവർക്കു മാത്രം)
- ആവശ്യമെങ്കിൽ ഇരിപ്പിടക്രമീകരണങ്ങൾ നൽകുന്നു.

**പഠനവൈകല്യമുള്ള കുട്ടികൾക്ക്**

ഡിസ്കാൽകുലിയ, ഡിസ്ഗ്രാഫിയ, ഡിസ്‌ലെക്സിയ എന്നീ പഠനവൈകല്യമുള്ള കുട്ടികൾക്കും വിവിധ തരത്തിലുള്ള പരീക്ഷാ ഇളവുകൾ അനുവദിച്ചു വരുന്നു. ടി.ടി.സി, കെ.ജി.ടി.ഇ., സാക്ഷരതാമിഷൻ നടത്തുന്ന തുല്യതാ പരീക്ഷ, പരീക്ഷാഭവൻ നടത്തുന്ന മറ്റു വിവിധ പരീക്ഷകൾ എന്നിവയ്ക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ബന്ധപ്പെട്ട മേലധികാരികളുടെ ശുപാർശകളുടെയും അടിസ്ഥാനത്തിൽ ഒരു സഹായി(Scribe)യെ ഉപയോഗപ്പെടുത്തുക, അധികസമയം അനുവദിച്ചു കിട്ടുക തുടങ്ങിയ പരീക്ഷാ ഇളവുകൾ ഇത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള വ്യവസ്ഥയുണ്ട്. എല്ലാ പരീക്ഷാ ഇളവുകളും അനുവദിക്കുന്നത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നാണ്.

**സർവകലാശാല പരീക്ഷകൾ**

- കേരള സർവകലാശാല പരീക്ഷാ കൺട്രോളറുടെ ഉത്തരവു നമ്പർ EAI 1852/97 dated 20/01/1998 പ്രകാരം കേരള സർവകലാശാലയുടെ പരീക്ഷകൾക്ക് ബധിരരായവർക്ക് അവർക്ക് ലഭിക്കുന്ന മാർക്കിന്റെ 25% ഗ്രേസ് മാർക്കായി ലഭിക്കും.
- എസ്.എസ്.എൽ.സി കഴിഞ്ഞ മുഴുവൻ കുട്ടികൾക്കും കേരളത്തിൽ പ്ലസ് ടു അഡ്മിഷൻ ലഭിയ്ക്കും.
- എല്ലാ ഐ.ടി.ഐ.കളിലും ഓരോ സീറ്റുവീതം പ്രത്യേക പരിഗണന അർഹിക്കുന്നവർക്കായി മാറ്റിവയ്ക്കുന്നു.

**സ്കോളർഷിപ്പ്**

ഒന്നാം സ്റ്റാൻഡേർഡ് മുതൽ ബിരുദാനന്തര ബിരുദം വരെ പഠിക്കുന്ന വികലാംഗ വിദ്യാർഥികൾക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന തദ്ദേശഭരണ സ്ഥാപന സ്കോളർഷിപ്പിന് പുറമേ സ്കോളർഷിപ്പ് നൽകി വരുന്നു. വാർഷിക വരുമാനം 36000/- രൂപയിൽ കവിയാത്തവരും മുൻവാർഷിക പരീക്ഷയിൽ 40% കുറയാതെ മാർക്ക് ലഭിച്ചവരുമായ ഭിന്നശേഷി വിദ്യാർഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹതയുണ്ട്. ഒന്നു മുതൽ നാല് വരെ പഠിക്കുന്നവർക്ക് 100/- രൂപയും അഞ്ച് മുതൽ പത്താംതരംവരെ 125/- രൂപയും പ്ലസ് വൺ, പ്ലസ് ടു, ഐ.ടി കോഴ്സുകളിൽ പഠിക്കുന്നവർക്ക് 150/- രൂപയും എല്ലാ ഡിഗ്രി കോഴ്സുകൾ, പ്രൊഫഷണൽ കോഴ്സുകൾ മുതലായവയ്ക്ക് 250/- രൂപയും നൽകിവരുന്നു. ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ഇവ വിതരണം ചെയ്യുന്നത്. ഒന്നാം ക്ലാസ് മുതൽ +2 വരെ പഠിക്കുന്ന അന്ധവിദ്യാർഥികൾക്ക് പ്രതിമാസം 50 രൂപയും ബിരുദം മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന അന്ധവിദ്യാർഥികൾക്ക് പ്രതിമാസം 100/- രൂപയും റീഡേഴ്സ് അലവൻസായും വകുപ്പ് നൽകി വരുന്നു. അപേക്ഷകർ ജില്ലാസാമൂഹ്യനീതി ഓഫീസർമാർക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

**ബഡ്സ് സ്കൂൾ**

മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികളുടെ പ്രത്യേക വിദ്യാഭ്യാസം, പകൽസമയ പരിചരണം, തൊഴിൽ പരിശീലനം എന്നിവയ്ക്കായി ഗ്രാമപ്പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ബഡ്സ് സ്കൂൾ തുടങ്ങാവുന്നതാണ്. ജി ഒ എം എസ് നമ്പർ 144/2013എൽഎസ് ജിഡി തിയതി 6/4/2013 ഉത്തരവിലെ നിബന്ധനകൾ പാലിച്ചുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകൾ ആരംഭിക്കാവുന്നതാണ്. ഈ സ്ഥാപനങ്ങളിൽ ചികിത്സ തേടുന്നവർക്ക് വകുപ്പ് തലത്തിൽ മരുന്ന് ലഭ്യമല്ലെങ്കിൽ ജില്ലാപഞ്ചായത്തിന് സാമൂഹ്യവകുപ്പ് മുഖേന മരുന്നിനുള്ള തുക നൽകാവുന്നതാണ്. ഇതോടൊപ്പം താഴെ പറയുന്ന സ്ഥാപനങ്ങൾ കൂടി ആരംഭിക്കുന്നതിന് നിർദേശം ഉണ്ട്

- ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ
- ബഡ്സ് റീഹാബിലിറ്റേഷൻ ആന്റ് വൊക്കേഷണൽ റീഹാബിലിറ്റേഷൻ സെന്റർ

- ഭിന്നശേഷിക്കാരായ കുട്ടികളുടെ തദ്ദേശസ്ഥാപന കലാകായിക മത്സര ങ്ങൾ

### തൊഴിൽ സംരംഭങ്ങൾ – തൊഴിൽ പരിശീലനം

ഭിന്നശേഷിയുള്ള വ്യക്തികളുടെ സംയോജിത വിദ്യാഭ്യാസത്തിനും തൊഴിൽ പരിശീലനത്തിനും തൊഴിൽ ലഭ്യമാക്കുന്നതിനും സ്വയം തൊഴിൽ എന്നി വയ്ക്ക് വായ്പ ഉൾപ്പടെ ആവശ്യമായ സംവിധാനങ്ങൾ ബന്ധപ്പെട്ട സർക്കാ രുകൾ ഉറപ്പാക്കേണ്ടതാണ്. പൊതുതൊഴിലുകളിൽ വിവേചനം പാടില്ല – തൊഴിലിടങ്ങളിൽ ഭിന്നശേഷിക്കാർക്ക് സംവരണം ഏർപ്പെടുത്തണം. സർക്കാർ നയങ്ങൾക്കനുസരിച്ച് എല്ലാ സ്ഥാപനങ്ങളിലും ഭിന്നശേഷിക്കാർക്ക് തുല്യ അവസരം ഉറപ്പാക്കുക.

### ഭിന്നശേഷിക്കാർക്കുള്ള തൊഴിൽ പരിശീലന കേന്ദ്രങ്ങൾ

സംസ്ഥാനത്ത് തിരുവനന്തപുരത്തും കോഴിക്കോടും രണ്ട് തൊഴിൽ പരി ശീലനകേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. ഇവിടെ 16 വയസിനുമേൽ പ്രായ മുള്ള യുവജനങ്ങൾക്ക് ബുക്ക് ബൈൻഡിങ്ങ്, ടൈലറിങ്ങ്, എംബ്രോയ്ഡറി, കമ്പ്യൂട്ടർ, ലെതർവർക്കുകൾ, ഓഫ്സെറ്റ് പ്രിന്റിങ്ങ് എന്നിവയിൽ വിദഗ്ധപ രിശീലനം നൽകുന്നു. രണ്ടുവർഷം ദൈർഘ്യമുള്ള ഈ കോഴ്സുകളിലേക്ക് പ്രവേശനത്തിന് മെഡിക്കൽ ഓഫീസർ നൽകുന്ന ശുപാർശ കത്ത് ബന്ധ പ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള കത്ത് എന്നിവ സഹിത മുള്ള അപേക്ഷ സ്ഥാപനമേധാവിക്ക് സമർപ്പിക്കാവുന്നതാണ്. ഇതിന് പുറമേ ഹ്രസ്വകാല കമ്പ്യൂട്ടർ കോഴ്സുകളും ഈ സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്.

### യാത്രാഇളവുകൾ

കാഴ്ചക്കുറവുള്ളവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ഓർഡി നറി) ബസ്സുകളിലും പ്രൈവറ്റ് ബസുകളിലും ദൂരപരിധി നിശ്ചയിക്കാതെ സംസ്ഥാനത്തിനകത്ത് എവിടെയും സൗജന്യയാത്ര അനുവദിച്ചിട്ടുണ്ട്. പൂർണ മായും കാഴ്ചയില്ലാത്തവർക്ക് ആജീവനാന്ത പാസിന് അർഹതയുണ്ട്. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് കെ.എസ്.ആർ.ടി.സി. (ഫാസ്റ്റ് പാസഞ്ചർ, ലോക്കൽ) ബസ്സുകളിലും പ്രൈവറ്റ് ബസ്സുകളിലും 70 % യാത്ര ഇളവ് അനു വദിച്ചിട്ടുണ്ട്. എന്നാൽ പ്രൈവറ്റ് ബസ്സുകളിൽ യാത്ര ചെയ്യാനുള്ള ദൂരപരിധി 40 കിലോമീറ്ററായി പരിമിതപ്പെടുത്തിയിട്ടുണ്ട്. (G.O.(Ms)No. 34/98/Tran. Tvpm.dated 27/7/2008). ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവർക്കും ശ്രവണവൈകല്യമുള്ളവർക്കും കെ.എസ്.ആർ.ടി.സി. യിൽ 50 ശതമാനം ഇളവ് അനുവദിച്ചിട്ടുണ്ട്. (G.O.(Ms)No. 18/2004/Tran.Tvpm. dated 17/4/2008).

(G.O.(Ms)No. 1/87/PW&T Tvm,dated 05/01/1997) അനുസരിച്ച് പ്രൈ വറ്റ് ബസ്സുകളിൽ യാത്രാസൗജന്യം അനുവദിക്കുന്നതാണ്. ഉപഭോക്താവിന് 50 ശതമാനത്തിൽ കുറയാത്ത വൈകല്യം ഉണ്ടെന്ന് അംഗീകൃത ആശുപ ത്രിയിലെ അസിസ്റ്റന്റ് സർജനിൽ കുറയാത്ത പദവിയുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് ആവശ്യമാണ്. തീവണ്ടികളിൽ കാഴ്ചയില്ലാത്തവർക്ക് തനിച്ച്

യാത്ര ചെയ്യുന്നതിന് 75 ശതമാനവും സഹായി ഉണ്ടെങ്കിൽ അവർക്കും 75% യാത്രാഇളവ് അനുവദിച്ചിട്ടുണ്ട്. കാഴ്ച ഇല്ലാത്തവർക്ക് വിമാനത്തിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ബോട്ടുകളിലും കപ്പലുകളിലും യാത്രചെയ്യുന്ന കാഴ്ച ഇല്ലാത്തവർക്ക് 50% ഇളവുണ്ട്. അസ്ഥിവൈകല്യം ഉള്ളവർക്ക് 50% യാത്രാഇളവ് അനുവദിച്ചിട്ടുണ്ട്. കൂടെ യാത്രചെയ്യുന്ന സഹായിക്കും ഈ ഇളവിന് അർഹതയുണ്ട്. ബുദ്ധിമാന്ദ്യം ഉള്ളവർക്ക് സഹായി ഉൾപ്പെടെ തീവണ്ടിയിൽ I AC, II AC ക്ലാസുകളിൽ 50% ഉം മറ്റ് ക്ലാസുകളിൽ 75% ഉം ഇളവ് ലഭിക്കുന്നതാണ്. സഹായി നിർബന്ധമാണ്. സഹായിക്കും ഈ ഇളവ് ലഭിക്കുന്നതാണ്.

### കേരളസർക്കാർ പ്രത്യേക പദ്ധതികൾ

#### അതിജീവനം സമഗ്രപദ്ധതി

ഭിന്നശേഷി വിഭാഗങ്ങളുടെ സമഗ്ര പുരോഗതിക്കായി പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവക്ക് നിബന്ധന കൾക്ക് വിധേയമായി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണിത്. താഴെ പറയുന്ന പ്രോജക്ടുകൾക്കാണ് അർഹതയുണ്ടായിരിക്കുക.

പദ്ധതികൾ 18-40 പ്രായക്കാർക്കായി പരിമിതിപ്പെടുത്തിയിട്ടുണ്ട്. പദ്ധതി വിശദാംശങ്ങൾ www.syd.kerala.gov.in – beneficiaries – diffenendly abled –schemes എന്ന വെബ് സൈറ്റിൽ കാണാവുന്നതാണ്.

**പ്രത്യാശ** – മാനസികരോഗം ഭേദമായ ഇതരസംസ്ഥാനക്കാരെ സ്വന്തം സംസ്ഥാനത്ത് എത്തിക്കുകയോ, അവരുടെ കുടുംബാംഗങ്ങളുമായി കൂട്ടി ച്ചേർക്കുകയോ ചെയ്യുന്ന പദ്ധതി. കൂടുതൽ അറിയുന്നതിന് www.sjd.kerala.gov.in beneficiaries differently abled schemes prathyasa schemes.സൈറ്റ് കാണുക

**പ്രതീക്ഷ** – മാനസിക വൈകല്യങ്ങൾ ബാധിച്ച് തെരുവുകളിൽ ജീവി ക്കേണ്ടിവരുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി സന്നദ്ധസംഘടനകൾക്ക് അനുവദിക്കുന്ന ഗ്രാന്റ്. കൂടുതൽ വിവരങ്ങൾ www.sjd.kerala.gov.in beneficiaries differently abled schemes pratheeksha schemes എന്ന സൈറ്റിൽ കാണാവുന്നതാണ്.

### 3.5 തദ്ദേശഭരണസ്ഥാപന മാതൃകാപ്രവർത്തനങ്ങൾ

#### 1. 'അമ്മമാർക്കൊരു കൈത്താങ്ങ്, നമ്മുടെ കുട്ടികൾക്ക് ഒരുല്ലാസ കേന്ദ്രം'– കോഡൂർ ഗ്രാമപ്പഞ്ചായത്ത്

18.42 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള കോഡൂർ പഞ്ചായത്തിലെ ജനസംഖ്യ 44653 ആണ്. 22463 പുരുഷൻമാരും 22190 സ്ത്രീകളുമാണുള്ളത്. ഇതിൽ 8079 ആൺകുട്ടികളും 7833 പെൺകുട്ടികളും ഉൾപ്പെടും. സാക്ഷരതാ ശതമാനം 91.90 ആണ്.

#### ബഡ്സ് സ്കൂൾ/റീഹാബിലിറ്റേഷൻ സെന്റർ

2011 സെപ്റ്റംബർ 17 മുതൽ ബഡ്സ് സ്കൂൾ പ്രവർത്തിച്ചുവരുന്നു. 40 ആൺകുട്ടികളും 30 പെൺകുട്ടികളുമടക്കം വിവിധ ശാരീരിക മാനസിക

വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾ വിദ്യാലയത്തിൽ പഠനം നടത്തി വരുന്നുണ്ട്. വിദ്യാലയത്തിന് കീഴിൽ സോപ്പ് നിർമാണ യൂണിറ്റും, കുട നിർമാണം, ഫാൻസി, ഓർണമെന്റ് നിർമാണം തുടങ്ങിയവ നടന്നു വരുന്നുണ്ട്. ഫുഡ് കാറ്ററിങ് യൂണിറ്റ് എന്ന രീതിയിൽ വിദ്യാലയത്തിലെ രക്ഷിതാക്കളെ വെച്ചുകൊണ്ട് (അമ്മമാരെ) ഒരു ചപ്പാത്തി നിർമാണ യൂണിറ്റ് അടക്കമുള്ള കാറ്ററിങ്ങ് സർവീസ് പ്രവർത്തിച്ചുവരുന്നു. സ്വയം തൊഴിൽ പദ്ധതികളിലൂടെയും മേൽപ്പറഞ്ഞ സേവന പദ്ധതികളിലൂടെയുമെല്ലാം ചെറിയ വരുമാനം അതാതു പദ്ധതികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഭിന്നശേഷിക്കാരായ ആളുകൾക്കും അവരുടെ രക്ഷിതാക്കൾക്കും ലഭ്യമാക്കാൻ സാധിക്കുന്നുണ്ട്. രണ്ട് അധ്യാപികമാരും രണ്ടു സഹായികളും ഫിസിക്കൽ ട്രെയിനറും ഒരു ഡോക്ടറും ജോലിക്കാരായിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതിയും രക്ഷിതാക്കളും പൊതു പ്രവർത്തകരുമടങ്ങുന്ന മാനേജിങ്ങ് സമിതിയാണ് ബഡ്സ് സ്കൂളിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത്.

### 2. ബഡ്സ് സ്പെഷ്യൽ സ്കൂൾ - മാരാരികുളം തെക്ക് ഗ്രാമപ്പഞ്ചായത്ത്

ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിന്റെ വടക്ക് പടിഞ്ഞാറ് കടൽ തീരത്തോട് ചേർന്ന് കിടക്കുന്ന പഞ്ചായത്താണിത്. ഈ മേഖലയിൽ ഭിന്നശേഷിയുള്ള കുട്ടികൾ കൂടുതലായി കാണപ്പെട്ടിട്ടുണ്ട്. ഭിന്നശേഷിക്കാരായി 600 പേരിൽ 325 പുരുഷൻമാരും, 275 സ്ത്രീകളുമാണുള്ളത്. തന്മൂലം രക്ഷിതാക്കൾക്ക് മാനസിക സമ്മർദം അനുഭവപ്പെടുകയും കുടുംബത്തിൽ അസ്വസ്ഥതയും സ്വരചേർച്ച ഇല്ലായ്മയും, സാമ്പത്തിക പരാധീനതകളും ഉള്ളതായി ബോധ്യപ്പെട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിൽ 2012-ൽ ഒരു ബഡ്സ് സ്കൂൾ സ്ഥാപിക്കാനുള്ള തീരുമാനം കൈക്കൊണ്ടു. പ്രവർത്തനത്തിനായി ഒരു വികസന മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ച് രജിസ്റ്റർ ചെയ്തു.

#### പ്രവർത്തനം

34 കുട്ടികളും 4 അധ്യാപകരും 2 ആയമാരും ഒരു പാചകക്കാ(രി)രനും ചേർന്ന് ഈ സ്കൂളിന്റെ പ്രവർത്തനം കൊണ്ടുപോകുന്നു. കൂടാതെ നൈപുണികൾ അനുസരിച്ചുള്ള പഠനരീതികളും നടത്തിവരുന്നു. ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിൽ ഒരു ടീച്ചറും ഒരു ആയയും 18 വയസ്സിന് മുകളിലുള്ള ഭിന്നശേഷിക്കാരും നിലവിൽ ഇവിടെ പഠനം നടത്തുന്നു. Notepad, Spiral Note Book, Paper pen, medicine Cover, paper file, vermi compost, paper carry bag എന്നിവയിൽ പരിശീലനം ലഭിക്കുകയും ഓർഡർ അനുസരിച്ച് ഇവ ചെയ്തുകൊടുക്കുകയും ചെയ്യുന്നു. ഇതുവഴി വരുമാനമാർഗം കുട്ടികൾക്ക് ലഭിക്കുകയും ചെയ്യുന്നു.

### 3. ബഡ്സ് സ്പെഷ്യൽ സ്കൂൾ - പല്ലാരിമംഗലം ഗ്രാമപ്പഞ്ചായത്ത്

സർവേപ്രകാരം കണ്ടെത്തിയ കുട്ടികളുടെ പരിചരണം ലക്ഷ്യമിട്ട് താൽക്കാലിക ഷെഡിൽ പ്രവർത്തനം ആരംഭിച്ചു. C.B.R (Community Based Rehabilitation)സെന്റർ എന്ന പേരിൽ ആരംഭിച്ച സ്ഥാപനം 2010 ൽ PWD

രജിസ്ട്രേഷനോടുകൂടി പൊതുവിദ്യാഭ്യാസവകുപ്പിന്റെ അംഗീകാരം നേടുകയും ബഡ്സ് സ്പെഷ്യൽ സ്കൂൾ-പല്ലാരിമംഗലം ഗ്രാമപ്പഞ്ചായത്ത് എന്ന് പേര് നൽകുകയും ചെയ്തു. 2012-ൽ ഗ്രാമപ്പഞ്ചായത്ത് ബഡ്സ് സ്കൂളിനായി കൈമാറിയ നാൽപത് സെന്റ് സ്ഥലത്ത് മികച്ച പശ്ചാത്തല സൗകര്യത്തോടുകൂടി പണി കഴിപ്പിച്ച സ്കൂൾ കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. ഗ്രാമപ്പഞ്ചായത്തിന്റെ നേതൃത്വത്തിൽ ത്രിതല പഞ്ചായത്തുകളും, യുവജന പ്രവാസികളും, സന്നദ്ധപ്രവർത്തകരും പൊതുജനങ്ങളും പിറ്റിഎ യും ചേർന്ന് ഒത്തൊരുമയോടെ ഈ സ്കൂളിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകുന്നു.

**പ്രധാന പ്രവർത്തനങ്ങൾ**

- Prevention of Disabilities തുടങ്ങി ദാരിദ്ര്യ ലഘൂകരണം വരെയുള്ളവ ഈ പദ്ധതിയുടെ നേട്ടങ്ങളാണ്.
- എല്ലാ കുട്ടികൾക്കും പെൻഷൻ നിരാമയ ഇൻഷുറൻസ് തുടങ്ങി സ്കോളർഷിപ്പും നൽകി വരുന്നുണ്ട്.
- 3 വെള്ളിയും 5 സ്വർണവും സ്പെഷ്യൽ ഒളിംപിക്സിൽ 2017 ൽ വെങ്കലവും സ്കൂൾ സ്വന്തമാക്കി
- 2017 വർഷത്തിൽ സ്കൂൾ കലോത്സവത്തിൽ റണ്ണേഴ്സ് അപ്പ് നേടാൻ ഈ ബഡ്സ് സ്കൂളിന് സാധിച്ചു
- മുൻ വർഷത്തെ സാമൂഹ്യ സേവന രംഗത്തെ മികച്ച സ്ഥാപനത്തിനുള്ള ജില്ലാതല ട്രോഫി പല്ലാരിമംഗലം ബഡ്സ് സ്കൂളിന് ലഭിച്ചു.
- എറണാകുളം ജില്ലയിൽ നിന്നും എയ്ഡഡ് പദവിലേക്ക് ഉയർത്തുന്ന സ്കൂളുകളുടെ ലിസ്റ്റിൽ ഇടം നേടി.
- ജില്ലയിലെ മികച്ച സ്കൂളായി പ്രവർത്തിച്ചുവരുന്നു.
- 18 വയസ്സ് കഴിഞ്ഞ ശാരീരികക്ഷമതയുള്ള കുട്ടികൾക്ക് മഹാത്മാഗാന്ധി തൊഴിലുറപ്പു പദ്ധതിയിൽ കാർഡ് ലഭ്യമാക്കി അവരെ വരുമാനദായകരാക്കി.
- അലൻ ദീപക് എന്ന ഓട്ടിസം ബാധിച്ച കുട്ടിയെ പരിശീലനത്തിലൂടെ Behavior Problem കുറച്ച് Normal Schoolൽ അയച്ചു
- 18 വയസ്സ് കഴിഞ്ഞ കായികക്ഷമതയുള്ള കുട്ടികളെ സ്പെഷൽ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ വഴി ഗവ. ജോലിക്ക് പ്രാപ്തരാക്കി
- തൊഴിൽ പരിശീലനം നൽകി അലുമിനിയം ഫേബ്രിക്കേഷൻ വർക്കിൽ ജോലി നേടി.
- സ്കൂളിലെ മുഴുവൻ കുട്ടികളുടെയും Personal and Family History+ Assessmentനടത്തി Individual Files സൂക്ഷിക്കുന്നു.
- സ്പെഷൽ ഗ്രാമസഭകളിലൂടെ പ്രത്യേക ആവശ്യങ്ങൾ പരിഹരിക്കുന്നു
- മെഡിക്കൽ ക്യാമ്പുകൾ നടത്തി സൗജന്യ മരുന്ന് വിതരണം നൽകുന്നു

**4. ഭിന്നശേഷി ടെലിസർവീസ് പദ്ധതി -ഏറ്റുമാനൂർ നഗരസഭ**

കോട്ടയം ജില്ലയിലെ ഏറ്റുമാനൂർ നഗരസഭ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ക്ഷേമ

കരുതൽ പ്രവർത്തനങ്ങളിൽ പ്രത്യേകിച്ച് ഭിന്നശേഷിയുള്ള വ്യക്തികൾക്ക് നടപ്പിലാക്കിയ പദ്ധതിയാണ് 'ഭിന്നശേഷി ടെലിസർവീസ് പദ്ധതി'. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ പ്രാരംഭ സമയത്ത് പൊതുവായ ഇടപെടലുകളും പൊതുസമൂഹത്തിന്റെ പ്രശ്നങ്ങളെ പരിഹരിക്കുവാൻ ശ്രമിച്ചിരുന്നെങ്കിലും ഭിന്നശേഷി വിഭാഗത്തിലെ വ്യക്തികളുടെ ജീവിതത്തെ എങ്ങിനെ ബാധിച്ചുവെന്ന് ഒരു പഠനത്തിന് വിധേയമാക്കിയപ്പോഴാണ് അതിന്റെ ഭവിഷ്യത്ത് മനസ്സിലാക്കാൻ കഴിഞ്ഞത്.

**ലക്ഷ്യം**

- ഭിന്നശേഷിയുള്ള വ്യക്തികൾക്ക് അവരുടെ ആകുലത, പ്രശ്നങ്ങൾ എന്നിവ പങ്കുവെക്കുവാൻ ആവശ്യമായ കൗൺസലിങ്ങ്, പുനരധിവാസ വിദഗ്ധന്റെ പിന്തുണ.
- ഭിന്നശേഷിയുള്ള വ്യക്തി/കുടുംബം ഉന്നയിക്കുന്ന വിഷയം, പ്രശ്നം നഗരസഭാതലത്തിൽ പരിഹരിക്കുക.
- കോളുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ കൗൺസലിങ്ങ് നൽകുന്നതോടൊപ്പം വിഷയം പഠിച്ചശേഷം ഭവനസന്ദർശനത്തിനും തുടർന്നുള്ള സേവനങ്ങളും ലഭ്യമാക്കുക.
- ഭിന്നശേഷിയുള്ള വ്യക്തികളോ/അവരുടെ കെയർടേക്കറോ നേരിടുന്ന പ്രശ്നങ്ങൾക്ക് പുനരധിവാസ വിദഗ്ധന്റെ പിന്തുണ.
- ഭിന്നശേഷിയുള്ളവരുമായി സംസാരിക്കാനുള്ള സൗകര്യം.
- കൗൺസലറുമായി സംസാരിക്കാനുള്ള സൗകര്യം.

**5. ശ്രീകൃഷ്ണപുരം - ഭിന്നശേഷി സൗഹൃദ ശ്രീകൃഷ്ണപുരം ഗ്രാമപ്പഞ്ചായത്ത്**

**അംഗപരിമിതരായ കുട്ടികളുടെ സമഗ്ര പുനരധിവാസം**

- പതിനെട്ട് വയസ്സിന് താഴെയുള്ള ഭിന്നശേഷിക്കാരായ മുഴുവൻ കുട്ടികളുടെയും ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുവാൻ പഞ്ചായത്ത് തീരുമാനമെടുത്തു.
- അടിസ്ഥാനവിവരശേഖരണ ഫോറം വ്യക്തിഗതരേഖ ഇവയ്ക്കുള്ള ഫോർമാറ്റുകൾ തയ്യാറാക്കി.
- സർവേ പരിശീലനവും ടാർജറ്റഡ് ഫാമിലി സർവേയും.
- ഓരോ ഭിന്നശേഷിവ്യക്തിയുടെയും സോഷ്യോ ഇക്കണോമിക്ക് സ്റ്റാറ്റസ്, ഭിന്നശേഷിയുടെ തരവും ലെവലും, ആവശ്യങ്ങൾ, ആനുകൂല്യങ്ങൾ, ഉപകരണങ്ങൾ എന്നിവ തിട്ടപ്പെടുത്തി.
- ഈ രേഖ പുസ്തകരൂപേണ പഞ്ചായത്ത് തയ്യാറാക്കി.

**6. ഭിന്നശേഷി വിഭവകേന്ദ്രം 'ശുഭാപ്തി' തൃശൂർ ജില്ലാപഞ്ചായത്ത്**

തൃശൂർ ജില്ലാപഞ്ചായത്ത് ജില്ലയിലെ മറ്റ് തദ്ദേശസ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിയ വിവരശേഖരണം വഴി ജില്ലയിൽ ആകെയുള്ള കുട്ടികളിൽ 1.75% പേർ ഭിന്നശേഷിയുള്ളവരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവരിൽ 20%

പേർ പലവിധ മാനസിക വെല്ലുവിളികൾ നേരിടുന്നവരാണെന്നും അതിൽ 5% പേർ ഓട്ടിസം ബാധിച്ചവരാണെന്നും കണ്ടെത്തുകയുണ്ടായി. ജില്ലയെ ബാലസൗഹൃദ ജില്ലയായി പ്രാരംഭ പ്രഖ്യാപനം നടത്തിയതിനാലും കുട്ടികൾക്കിടയിലെ ബുദ്ധിപരമായ വെല്ലുവിളികൾ, ഓട്ടിസം, ന്യൂറോ ഡവലപ്പമെന്റ് ഡിസോർഡർ തുടങ്ങിയവ വർധിച്ചുവരുന്ന സാഹചര്യത്തിലും ദേശീയ ഭിന്നശേഷി നയത്തിൽ നിർദേശിക്കും പ്രകാരം ഇവയെ പ്രതിരോധിക്കാനും നിയന്ത്രിക്കാനും തദ്വാരാ കുട്ടികളുടെ അവകാശങ്ങൾ ഉറപ്പാക്കി അവരെ പുനരധിവസിക്കാനും ഒരു ജില്ലാതല വിഭവശേഷി കേന്ദ്രം 'ശുപാപ്തി' വികസിപ്പിക്കാനാണ് പദ്ധതി ലക്ഷ്യമിട്ടത്.

**പദ്ധതിയുടെ ലക്ഷ്യങ്ങൾ**

- വികസന വ്യതിയാനങ്ങൾ കാലേകൂട്ടി കണ്ടുപിടിക്കുക, രണ്ട് വയസ്സിൽ താഴെയുള്ള കുട്ടികളുടെ വികാസവ്യതിയാനങ്ങൾ ഐസിഡിഎസ്, ആരോഗ്യ സംവിധാനങ്ങൾ വഴി നടത്തുക, ഇതോടൊപ്പം ഓട്ടിസം ചെക്ക് ലിസ്റ്റ് പരിശോധന ഉറപ്പാക്കുകയും വ്യക്തിനിഷ്ഠമായി സ്ഥാപനത്തിൽ എത്തുന്ന കുട്ടികളുടെ വികാസവ്യതിയാനങ്ങൾ തിട്ടപ്പെടുത്തുകയും ചെയ്യുക.
- ഐഡന്റിഫിക്കേഷൻ ഡയഗ്നോസിസ് വികാസവ്യതിയാനങ്ങൾ സംശയിക്കുന്ന കേസുകൾ വിദഗ്ധ പരിശോധനയ്ക്കും രോഗനിർണയത്തിനും വിധേയമാക്കുന്നതിനായി നിലവിലുള്ള ആരോഗ്യ സംവിധാനങ്ങൾക്കൊപ്പം കേന്ദ്രത്തിൽ ഒരു സ്ഥിര സംവിധാനം ഒരുക്കുക.
- കാലേകൂട്ടിയുള്ള തിരിച്ചറിയൽ നടത്തുവാൻ ചെക്ക് ലിസ്റ്റുകൾ ഉപയോഗിക്കുന്നതിന് അങ്കണവാടി വർക്കർമാർ, പ്രീ പ്രൈമറി അധ്യാപകർ എന്നിവർക്കുള്ള പരിശീലനവും രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണവും.
- സർക്കാർ തലത്തിൽ പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഡോക്ടർമാർക്ക് ഓട്ടിസവുമായി ബന്ധപ്പെട്ട പരിശീലനം ആരോഗ്യവകുപ്പുമായി ചേർന്ന് സംഘടിപ്പിക്കുക.
- ഏർളി ഇന്റർവെൻഷൻ സെന്റർ വികാസവ്യതിയാന വിദഗ്ധ പരിശോധന, രോഗനിർണയം, അനുബന്ധ തെറാപ്പികൾ- ബിഹേവിയറൽ തെറാപ്പി, ഫിസിയോതെറാപ്പി എന്നിവ ഒരുക്കുക.
- വൈകല്യ നിലവാര നിർണയത്തിനായി പരിശോധനകൾ, സർട്ടിഫിക്കേഷൻ
- ബുദ്ധിക്ഷമത (ഐക്യു)
- വിദ്യാഭ്യാസക്ഷമത (ഇക്യു)
- സാമൂഹ്യക്ഷമത (എസ്ക്യു)
- ഏർളി ചൈൽഡ്ഹുഡ് സ്റ്റിമുലേഷൻ സംബന്ധിച്ച പരിഹാരബോധനം, രക്ഷാകർതൃ വിദ്യാഭ്യാസം, സവിശേഷപരിശീലനം തുടങ്ങിയവ നൽകാൻ കഴിയുംവിധം ഒരു സമഗ്ര മാനേജ്മെന്റ് സേവനകേന്ദ്രം നടത്തുക.
- കൗൺസലിങ്ങ്, ജനറ്റിക് മാർഗനിർദേശം, ഗൈഡൻസ്, റഫറൽ എന്നിവ ഒരുക്കുക.

## 3.6 ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം : കർമപദ്ധതി ആസൂത്രണം

ഭിന്നശേഷി സൗഹൃദ പ്രാദേശികഭരണം ഒരു സമഗ്രമായ പദ്ധതി ആവിഷ്കരണം വഴി മാത്രമേ സാധ്യമാകൂ. ഭിന്നശേഷിക്കാർക്കായി ഒറ്റപ്പെട്ട ഒരു പരിപാടിയല്ല മറിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രാദേശിക സാമൂഹിക വികസനത്തിലെ മുഴുവൻ മേഖലകളിലും ഇതിനാവശ്യമായ ഇടപെടലുകൾ വേണ്ടതായി വരും. അപ്രകാരം ഒരു പ്രാദേശിക നയവും സംയോജിത പദ്ധതിയും രൂപപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ സവിശേഷമായ തീരുമാനം ആവശ്യമാണ്. ഇതിനായി സ്വീകരിക്കാവുന്ന നടപടിക്രമങ്ങൾ താഴെ നൽകുന്നു.

- ഭിന്നശേഷിസൗഹൃദ തദ്ദേശഭരണം ഒരു നയമായി ഭരണസമിതി അംഗീകരിക്കുക.
- ഭിന്നശേഷിക്കാരെ സംബന്ധിച്ച സമഗ്രമായ സ്ഥിതിവിവര കണക്കുകൾ ഗ്രാമ/നഗര പഞ്ചായത്തുകൾ ശേഖരിക്കുക.
- തദ്ദേശസർക്കാർതലത്തിൽ പ്രത്യേക ഭിന്നശേഷി ഗ്രാമസഭ വിളിച്ചു ചേർക്കുക.
- ഭിന്നശേഷി സൗഹൃദഭരണം സ്ഥാപിക്കുന്നതിന് തദ്ദേശതല സഹായ സമിതിക്ക് രൂപംനൽകുക.
- അവസ്ഥ വിശകലനത്തിന്റെയും, ഗ്രാമസഭ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രശ്ന പരിഹാര പരിപാടികൾ തയ്യാറാക്കുക.
- ഭിന്നശേഷിസൗഹൃദ ലക്ഷ്യം രൂപീകരിക്കുക.
- ഭിന്നശേഷിസൗഹൃദ കർമപദ്ധതി.
- ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനമേഖലകളുടെ സംയോജിത പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തൽ.
- ബഡ്സ് സ്കൂൾ – പ്രായോഗിക പഠനം നടത്തി ആരംഭിക്കുക.
- ബ്ലോക്ക്തല ഭിന്നശേഷിസൗഹൃദ കർമപരിപാടി : ഒരു ബ്ലോക്കിനകത്തുള്ള എല്ലാഗ്രാമപ്പഞ്ചായത്തുകളുടെയും സംയുക്ത ഇടപെടൽ.
- ജില്ലാതല ഭിന്നശേഷിസൗഹൃദ കർമപരിപാടി: നയവും കർമപരിപാടിയും ഒരു ജില്ലയ്ക്കകത്തുള്ള എല്ലാ ബ്ലോക്കുകളിലും നഗരസഭകളുടെയും സംയുക്ത ഇടപെടൽ.
- ഭിന്നശേഷി സൗഹൃദ ഭരണ പ്രാരംഭ വിളംബരം.
- പ്രവർത്തനക്ഷമമായ മോണിട്ടറിങ്ങ് – വിലയിരുത്തൽ.

അധ്യായം – 4

# വയോജനസൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 4.1 | വയോജനങ്ങളുടെ സവിശേഷ പ്രാധാന്യം | 88 |
| 4.2 | വയോജനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും | 93 |
| 4.3 | വയോജനങ്ങൾക്കായുള്ള തദ്ദേശസ്ഥാപന ഇടപെടൽ മേഖലകൾ | 97 |
| 4.4 | വയോജനങ്ങൾക്കായുള്ള കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ | 105 |
| 4.5 | തദ്ദേശഭരണസ്ഥാപന മാതൃകകൾ | 111 |
| 4.6 | വയോജനസൗഹൃദ തദ്ദേശഭരണം : കർമപദ്ധതി ആസൂത്രണം | 115 |

### 4.1 വയോജനങ്ങളുടെ സവിശേഷ പ്രാധാന്യം

73, 74 ഭരണഘടനാഭേദഗതികൾക്കനുസൃതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിച്ച അപൂർവം സംസ്ഥാനങ്ങളിലൊന്നാണ് കേരളം. പ്രദേശത്തിന് അനുയോജ്യമായ വികസന പദ്ധതികൾ തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്യുക എന്നത് പ്രാദേശിക സർക്കാരുകളുടെ ഉത്തരവാദിത്വമാണ്.

മുതിർന്ന പൗരരുടെ വാർധക്യകാല ജീവിതം സന്തോഷകരവും സംതൃപ്തവും ആരോഗ്യകരവുമാക്കിത്തീർക്കുക എന്നത് നമ്മുടെ രാഷ്ട്രത്തിന്റെ നയമാണ്. വൈവിധ്യമാർന്ന സങ്കീർണ പ്രശ്നങ്ങളാണ് ഇവരിൽ പലരും നേരിട്ടുകൊണ്ടിരിക്കുന്നത്. ഇവയ്ക്ക് പരിഹാരം കാണുക സാമൂഹ്യ ഇടപെടൽകൊണ്ട് മാത്രമേ സാധ്യമാകൂ. വയോജനസൗഹൃദ ഭരണംകൊണ്ട് പ്രതീക്ഷിക്കുന്നത് അനിവാര്യമായ സാമൂഹ്യഇടപെടലുകൾക്ക് ആവശ്യമായ സമ്പ്രദായങ്ങളും (System) സംവിധാനങ്ങളും (Structre) പ്രാദേശികതലത്തിൽ ഉറപ്പുവരുത്തുകയാണ്. ഇതിനേറ്റവും ആവശ്യം വയോജന അവകാശങ്ങൾ തിരിച്ചറിയുകയും അവ സംരക്ഷിക്കുകയും ഈ അവകാശങ്ങൾ അവർക്ക് അനുഭവവേദ്യമാക്കുകയുമാണ്. ഇത്തരത്തിൽ വയോജന അവകാശങ്ങൾ ഉറപ്പാക്കുന്ന പ്രാദേശിക സർക്കാർ കേന്ദ്രീകൃതമായ ഒരു വയോജന സൗഹൃദ തദ്ദേശ ഭരണമാണ് കേരളം പ്രതീക്ഷിക്കുന്നത്.

വാർധക്യം ജീവശാസ്ത്രപരമായ അനിവാര്യതയാണ്. ജീവിതചക്രത്തിലെ അനുപേക്ഷണീയമായ പ്രതിഭാസമാണ് ഇത്. ലോകമെമ്പാടും വയോജന സംഖ്യയിൽ മാറ്റം വരുന്നതോടൊപ്പം തന്നെ വയോജനവികസന മുൻഗണനകളിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. മുതിർന്ന പൗരർക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ കണക്കിലെടുത്തും അവരുടെ ക്ഷേമജീവിതം ഉറപ്പാക്കുന്നതിനുമായി ഐക്യരാഷ്ട്രസഭ വയോജനങ്ങൾക്കായി അന്താരാഷ്ട്ര അവകാശപത്രികയും നമ്മുടെ രാജ്യം ദേശീയ വയോജന നയവും (നാഷണൽ പോളിസി ഓൺ ഓൾഡർ പേഴ്സൺ - NPOP 1999 & 2011) പ്രഖ്യാപിക്കുകയുണ്ടായി. മുതിർന്ന പൗരർക്ക് അർഹമായ സ്നേഹവും ബഹുമാനവും നൽകുന്നതോടൊപ്പം അവരുടെ ആരോഗ്യം സാമ്പത്തികസ്ഥിതി എന്നിവയ്ക്ക് പ്രത്യേക പരിഗണന നൽകുകയും അവർക്ക് യോജിക്കുന്ന അവസരങ്ങൾ കണ്ടെത്തി അഭിമാനപൂർവം സമൂഹത്തിലെ അവിഭാജ്യഭാഗമായി കഴിയാനുള്ള സാഹചര്യം ഒരുക്കുന്നതിലും ശ്രദ്ധ ചെലുത്തുകയാണ് ഈ നയങ്ങളുടെ കാതൽ.

### വയോജനങ്ങളുടെ അവകാശങ്ങൾ

കേരളം ജനസംഖ്യയുടെ കാര്യത്തിൽ വ്യത്യസ്തമായ ഒരു കാലഘട്ടത്തിലാണ്. വ്യത്യസ്ത പ്രായഘട്ടങ്ങളിലുള്ളവരുടെ അനുപാതത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹ്യജീവിതത്തിലും സൃഷ്ടിക്കുന്ന അവസ്ഥകളെകുറിച്ച് നാം വേണ്ടത്ര ബോധ്യപ്പെട്ടിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൗർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ അനുപാതം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ മുതിർന്ന പൗരർ നേരിടുന്ന പ്രശ്നങ്ങളും ഏറിവരികയാണ്.

എന്നാൽ കൂട്ടുകുടുംബ വ്യവസ്ഥ അണുകുടുംബങ്ങൾക്ക് വഴിമാറിയപ്പോൾ വയോജനങ്ങൾക്ക് സഹായകരമായിരുന്ന വലിയൊരു സുരക്ഷാവലയം ഇല്ലാതായി. നഗരവൽക്കരണവും ആഗോളവൽക്കരണവും ഈ പ്രശ്നത്തിന്റെ ആക്കം വർധിപ്പിച്ചു. സാമൂഹ്യസ്ഥിതിയിൽ വന്നുചേർന്ന ഈ മാറ്റങ്ങൾ മുതിർന്ന പൗരരുടെ അവകാശങ്ങളും അന്തസ്സും ഏറെ പരിമിതപ്പെടുത്തുന്നു. ഈ സാഹചര്യത്തിൽ വയോജനങ്ങളുടെ സ്വസ്ഥജീവിതം ഉറപ്പാക്കുന്നതിന് ശ്രദ്ധാപൂർവമുള്ള ഇടപെടലുകൾ അനിവാര്യമായിരിക്കുന്നു.

വർധിച്ചുവരുന്ന വയോജനസംഖ്യയും ഇതോടൊപ്പം മാറുന്ന വികസന മുൻഗണനകളും തിട്ടപ്പെടുത്താൻ ഐക്യരാഷ്ട്ര ജനറൽ അസംബ്ലി 1978-ൽ ലോകരാഷ്ട്രങ്ങളുടെ സമ്മേളനം ചേരണമെന്ന് നിർദേശിക്കുകയും തുടർന്ന് 1982ൽ വയോജനങ്ങളുടെ അവകാശ സംരക്ഷണം ലക്ഷ്യമാക്കി വിയന്ന ഇന്റർനാഷണൽ പ്ലാൻ ഓഫ് എയ്ജിങ്ങ് അംഗീകരിക്കയുണ്ടായി. വയോജനങ്ങളുടെ അവകാശങ്ങൾ സംബന്ധിച്ച ആദ്യ അവകാശപ്രഖ്യാപന രേഖ ഇതാണ്. ഐക്യരാഷ്ട്രസംഘടനയുടെ ജനറൽ അസംബ്ലി 1991 ഡിസംബർ 16-ന് വയോജനങ്ങളെ സംബന്ധിച്ച് 18 തത്വങ്ങൾ ഒരു വയോജന അവകാശപത്രികയായി അംഗീകരിക്കുകയുണ്ടായി. ഈ അവകാശങ്ങളെ പ്രായോഗിക സൗകര്യത്തിനായി താഴെ പറയുംവിധം 5 ക്ലസ്റ്ററുകളായി (ശ്രേണികൾ) തരം തിരിക്കാം.

1. സ്വാതന്ത്ര്യം
2. സംരക്ഷണം
3. പങ്കാളിത്തം
4. ആത്മസംതൃപ്തി
5. അന്തസ്സ്

### വാർധക്യം

മനുഷ്യരുടെ പ്രതീക്ഷിത ആയുർദൈർഘ്യത്തിനടുത്തോ അത് മറികടന്നോ ജീവിതചക്ര പരിസമാപ്തിയോട് അടുക്കുന്ന പ്രായത്തിന് വാർധക്യം എന്ന് വിവക്ഷിക്കാം (ഐക്യരാഷ്ട്രസഭ). വാർധക്യം സംബന്ധിച്ച രണ്ട് കാഴ്ചപ്പാടുകളാണ്-ആരോഗ്യകരമായ വാർധക്യവും, ക്രിയാത്മകമായ വാർധക്യവും. വയോജനങ്ങൾക്ക് ഉയർന്ന നിലവാരത്തിലുള്ള ശാരീരിക, മാനസിക, സാമൂഹിക, ആരോഗ്യവും പ്രായോഗിക ശേഷികളും നിലനിർത്തപ്പെടുന്ന അവസ്ഥയെ ആരോഗ്യകരമായ വാർധക്യം എന്ന് പറയാം. വയോജനങ്ങൾക്ക് വേണ്ടി ലോകാരോഗ്യ സംഘടന (2016 മെയ്) ആവിഷ്കരിച്ച കർമപദ്ധതിയിൽ, ''വയോജനങ്ങളുടെ സംതൃപ്തമായ ജീവിതം ഉറപ്പാക്കാൻ കഴിയും വിധം അവരുടെ കായികശേഷികൾ നിലനിർത്തുകയും വികസിപ്പിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ആരോഗ്യകരമായ വാർധക്യം'' എന്ന് നിർവചിച്ചിരിക്കുന്നു. സാമൂഹ്യ സുരക്ഷിതത്വവും ആരോഗ്യ സേവനങ്ങളും ഉപയുക്തമാക്കി രോഗങ്ങൾ തടയുകയും കുറയ്ക്കുകയും ചെയ്യുക വഴി ആരോഗ്യവും സ്വസ്ഥജീവിതവും വയോജനങ്ങൾക്ക് ഉറപ്പാക്കുവാൻ കഴിയും. പ്രാപ്യമായ ശാരീരിക മാനസിക സാമൂഹിക ആരോഗ്യത്തോടുകൂടി ആത്മനിഷ്ഠമായ

സംതൃപ്തിയോടെ കുടുംബത്തോടും സഹപ്രവർത്തകരോടും സമൂഹത്തോടും ഒത്തുചേർന്ന് പോകാൻ കഴിയുന്ന അവസ്ഥയാണ് ക്രിയാത്മകമായ വാർധക്യം. അന്തസ്സോടെ ജീവിക്കുക എന്നാൽ സുരക്ഷിതവും ചൂഷണത്തിൽ നിന്നും ശാരീരിക മാനസിക പീഡനങ്ങളിൽ നിന്നും വിമുക്തവുമായ ജീവിതം എന്നതാണ്.

## വയോജനങ്ങളുടെ തരംതിരിവുകൾ (typology)

ദേശീയ വയോജന നയം 1999 പ്രകാരം വയോജനങ്ങളെ താഴെ പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു. ഇത് സൂചിപ്പിക്കുന്നത് 60 വയസ്സ് കഴിഞ്ഞ എല്ലാവരും ഒരേ വിധത്തിലല്ലെന്നും ഓരോ പ്രായ വിഭാഗങ്ങൾക്കും വ്യത്യസ്തമായ പ്രശ്നങ്ങളും ആവശ്യങ്ങളും ഉണ്ടെന്ന് ബോധ്യപ്പെടുത്തുകയുമാണ്.

| ക്ര.നം | വയോജന വിഭാഗം | പ്രായ വിഭാഗം | സവിശേഷതകൾ |
|---|---|---|---|
| 1 | യുവവൃദ്ധർ | 60 – 69 | ഭേദപ്പെട്ട ആരോഗ്യം, ക്രിയാത്മകമായ ഇടപെടാനും നേതൃത്വം നൽകാനുള്ള സാഹചര്യം |
| 2 | വൃദ്ധർ | 70 – 79 | വാർധക്യകാല രോഗങ്ങളും ബലക്ഷയവും |
| 3 | വയോവൃദ്ധർ | 80 90 | വാർധക്യകാല രോഗങ്ങളും ബലക്ഷയവും, മറവി പ്രശ്നങ്ങൾ |
| 4 | മഹാവൃദ്ധർ | 90 + | സങ്കീർണമായ ശേഷീശോഷണവും ഓർമക്കുറവുകളും |

കടപ്പാട് : നാഷണൽ പോളസി ഓഫ് ഓൾഡർ പേഴ്സൺ 1999

## വയോജനനയം

- മുതിർന്നവരുടെ പ്രശ്നങ്ങൾ സമൂഹത്തിന്റെ കൂടി പ്രശ്നങ്ങളാണ്.
- മുതിർന്നവർ വാർധക്യാവസ്ഥയിൽ എത്തും മുമ്പ് അനുഷ്ഠിച്ചിട്ടുള്ള സേവനങ്ങളോട് കടപ്പാടുണ്ടായിരിക്കണം
- ശ്രദ്ധയും പരിചരണവും ആവശ്യമുള്ളവർക്ക് പ്രത്യേക പരിലാളനവും പരിരക്ഷയും ലഭ്യമാക്കേണ്ടതാണ്.
- സ്വഗൃഹത്തിൽ വാർധക്യകാലം എന്ന നിലപാട് പ്രോത്സാഹിപ്പിക്കും. സ്ഥാപനതല സംരക്ഷണം അവസാന അഭയമായി കണക്കാക്കണം
- മുതിർന്ന പൗരരെ ചൂഷണങ്ങളിൽനിന്നും പീഡനങ്ങളിൽ നിന്നും സംരക്ഷിച്ച് ജീവിതഗുണമേന്മ ഉറപ്പാക്കണം.
- ത്യജിക്കപ്പെടുന്ന പൗരർക്ക് സംരക്ഷണം ഏർപ്പെടുത്തണം.

- അനുയോജ്യമായ ചിലവുകുറഞ്ഞ ആരോഗ്യ പരിപാലന സൗകര്യം ഏർപ്പെടുത്തണം.
- വയോജനസംബന്ധമായ വിഷയങ്ങൾ വിദ്യാഭ്യാസ പാഠ്യപദ്ധതികളിൽ ഉൾപ്പെടുത്തണം.
- മുതിർന്ന മാതാപിതാക്കളെ സംരക്ഷിക്കുകയെന്നത് പെൺമക്കളുടെയും ആൺമക്കളുടെയും തുല്യബാധ്യതയും ചുമതലയുമായിരിക്കും.

### കേരളത്തിലെ വയോജനങ്ങളുടെ അവസ്ഥ

ഇന്ത്യയിൽ ആനുപാതികമായി ഏറ്റവും കൂടുതൽ വയോജനങ്ങളുള്ളത് കേരളത്തിലാണ്. 60 വയസ്സിനുമേൽ പ്രായമുള്ള മുതിർന്ന പൗരരുടെ സംഖ്യ 2011 സെൻസസ് പ്രകാരം 12.55 % എന്നത് 2026 ൽ 23% ആകും എന്ന് കണക്കാക്കിയിട്ടുണ്ട്. മുതിർന്ന പൗരർക്കിടയിൽ വനിതകളാണ് അധികവും. ഇവരിൽ 55 ശതമാനവും വിധവകളാണ്. കേരളത്തിലെ ജനസംഖ്യയിൽ വ്യത്യസ്ത പ്രായവിഭാഗങ്ങളുടെ എണ്ണത്തിലും ശതമാനത്തിലും ഗണ്യമായ മാറ്റം സംഭവിച്ചുകൊണ്ടിരിക്കുകയാണ് (Demographic Transition). വ്യത്യസ്ത പ്രായവിഭാഗങ്ങളിലുള്ളവരുടെ അനുപാതത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാറ്റങ്ങൾ കുടുംബത്തിനുള്ളിലും സാമൂഹികജീവിതത്തിലും ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങളെപ്പറ്റി നാം ഇനിയും കാര്യമായി ശ്രദ്ധിച്ചിട്ടില്ല. ജനനമരണ നിരക്കുകൾ കുറഞ്ഞതും ആയുർദൈർഘ്യം കൂടിയതും ജനസംഖ്യയിൽ വയോജനങ്ങളുടെ ശതമാനം കൂടുന്നതിന് ഇടയാക്കിയിട്ടുണ്ട്. എന്നാൽ ഇതോടൊപ്പം തന്നെ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങളും ഏറുകയാണ്. കുടുംബത്തിലും സമൂഹത്തിലും വയോജനങ്ങൾ ഏറെ അവഗണിക്കപ്പെടുകയോ, ഒറ്റപ്പെട്ടുപോകുകയോ ചെയ്യുന്നു.

വയോജനങ്ങൾ സ്വന്തം മക്കളോടൊപ്പം കഴിഞ്ഞിരുന്ന ഒരു സാമൂഹിക ക്രമമായിരുന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. എന്നാൽ തൊഴിൽ തേടി പട്ടണങ്ങളിലേക്കും മറ്റുനാടുകളിലേക്കും പ്രിയപ്പെട്ടവർ ചേക്കേറുമ്പോൾ അണുകുടുംബ വ്യവസ്ഥിതി ദ്രുദഗതിയിൽ വ്യാപിക്കുകയും വയോജനങ്ങളെ വേണ്ടവിധം പരിരക്ഷിക്കുവാനും സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും കഴിയാത്ത അവസ്ഥയിലേക്ക് മാറുകയും ചെയ്യുന്നു.

### വയോജന ജനസംഖ്യയുടെ പ്രതീക്ഷിത വർധന (കേരളം)

| വർഷം | പുരുഷൻ | സ്ത്രീകൾ | ആകെ ശതമാനം |
|---|---|---|---|
| 2001 | 9.7 | 11.4 | 10.6 |
| 2011 | 11.1 | 12.7 | 12.56 |
| 2021 | 13.9 | 16.2 | 15.1 |
| 2026 | 16.8 | 20.8 | 23 |

അവലംബം – 2011 സെൻസസ്

**കേരളത്തിലെ വയോജനങ്ങൾക്കിടയിൽ വിധവ/വിധുര (സ്ത്രീ-പുരുഷന്മാരുടെ) ശതമാനം**

| പ്രായം | പുരുഷൻ | സ്ത്രീകൾ | ജീവിത പങ്കാളി മരിച്ചവർ |
|---|---|---|---|
| 60+ | 9.9 | 57.8 | 33.85 % |
| 70+ | 16.6 | 72.5 | 44.55% |
| 80+ | 28.2 | 82.7 | 55.45% |

### വയോജനങ്ങളുടെ പ്രശ്നങ്ങളും വികസന ഊന്നലുകളും

വാർധക്യകാലം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളാണ് പകർച്ചേതര വ്യാധികൾ (NCD)-വൈകല്യങ്ങൾ, കാൻസർ പോലുള്ള മാരകരോഗങ്ങൾ, പക്ഷാഘാതം, മറവിരോഗങ്ങൾ, ഉദരരോഗങ്ങൾ തുടങ്ങിയവ. പോഷകാഹാര പ്രശ്നങ്ങളും ആരോഗ്യ പ്രശ്നങ്ങളും തരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ ആവശ്യമാണ്. മുതിർന്ന പൗരർക്കുവേണ്ടിയുള്ള കർമപരിപാടി അവർക്ക് മാത്രമായി പരിമിതപ്പെടുത്താതെ വാർധ്യക്യം തുടങ്ങുന്നതിനു മുമ്പുള്ളവരെയും ഉൾക്കൊള്ളുന്ന വിധത്തിലായിരിക്കണം. 80 നുമേൽ പ്രായമുള്ളവർ, വിധവകൾ, സന്താനങ്ങൾ ഇല്ലാത്ത സ്ത്രീകൾ, ഭിന്നശേഷിയുള്ളവർ, ദുർബലരായവർ, അടുത്ത ബന്ധുക്കൾ ഇല്ലാത്തവർ, ഗുരുതര മാരകരോഗം ബാധിച്ചവർ, അഗതികൾ, സാമൂഹ്യ പിന്നോക്കാവസ്ഥയിലുള്ളവർ എന്നിവർക്ക് പ്രത്യേക ഊന്നലുകൾ നൽകേണ്ടതാണ്.

### വയോജനവികസന സമീപനങ്ങൾ

വയോജന വികസന മുൻഗണനകൾ പരിഗണിക്കുമ്പോൾ താഴെ പറയുന്ന വികസന സമീപനങ്ങൾ ഇവർക്കായി സ്വീകരിക്കേണ്ടതുണ്ട്.

1. ജീവിതദൈർഘ്യ സമീപനം (lifespan approach)- വിവിധ പ്രായഘട്ടത്തിൽപ്പെട്ട വയോജനങ്ങളുടെ ആവശ്യങ്ങളും മുൻഗണനകളും വ്യത്യസ്തമായതിനാൽ അതിനനുസരിച്ചുള്ള സേവന ഇടപെടലുകളാണ് ഉണ്ടാകേണ്ടത്.
2. അവകാശാധിഷ്ഠിത സമീപനം - വയോജനങ്ങൾക്കായുള്ള സേവനങ്ങൾ അവരുടെ അവകാശമാണെന്ന് ബോധ്യപ്പെട്ട് അവരുടെ പങ്കാളിത്തവും അഭിപ്രായവും ഉറപ്പാക്കിയുള്ള വയോജനാസൂത്രണ ഇടപെടലുകൾ.

**ഉൽപന്നമതിത്വമുള്ള വാർധക്യം (പ്രൊഡക്ടീവ് എയ്ജിങ്ങ്)**

എല്ലാ വയോജനങ്ങളും അശരണരും ശേഷികുറഞ്ഞവരും ആണെന്നുള്ള പൊതുവൽക്കരണം (ജനറലൈസേഷൻ) പാടില്ല. പലവിധ നൈപുണികളും, വൈദഗ്ധ്യങ്ങളും പ്രാപ്തമാക്കിയവരാണ് മുതിർന്ന പൗരരിൽ പലരും. അവരുടെ അനുഭവസമ്പത്തും ന്യായബോധവും വളരെ വലുതാണ്. അതുകൊണ്ടുതന്നെ കഴിയാവുന്ന എല്ലാ മേഖലകളിലും അവരുടെ സേവനങ്ങളും സഹായങ്ങളും ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ പങ്കാളിത്തപരമായി തദ്ദേശഭരണസ്ഥാപനങ്ങൾ വിനിയോഗിക്കാൻ ശ്രമിക്കണം. ആദരവ്, അംഗീകാരം എന്നിവ വളരെ പ്രധാനമാണ്. അതിനുള്ള അവസരങ്ങൾ നൽകണം.

## 4.2. വയോജനങ്ങളും തദ്ദേശഭരണസ്ഥാപനങ്ങളും

വയോജന വികസന മേഖലകളിൽ ഇന്ന് പ്രാദേശിക സർക്കാരുകൾക്ക് ഒട്ടനവധി ഉത്തരവാദിത്വങ്ങളുണ്ട്. അധികാരവികേന്ദ്രീകരണം നൽകിയിട്ടുള്ള അവസരങ്ങൾ പ്രത്യേകിച്ച് ധനസ്രോതസ്സുകളും ഉദ്യോഗസ്ഥസംവിധാനങ്ങളും ഉത്തരവാദിത്വങ്ങളും (ഫണ്ട്, ഫങ്ഷൻ, ഫങ്ഷനറീസ്) എങ്ങിനെ വയോജന ശാക്തീകരണത്തിന് കാര്യക്ഷമമായി ഉപയോഗിക്കാം എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിന് വയോജനങ്ങളുടെ തദ്ദേശഭരണസ്ഥാപനങ്ങളിലെ വിവിധങ്ങളായ ആസൂത്രണ പ്രവർത്തനങ്ങളുടെ പങ്കാളിത്തവും സന്നദ്ധപ്രവർത്തനങ്ങളും പ്രാധാന്യമർഹിക്കുന്ന ഘടകങ്ങളാണ്.

കേരളത്തിലെ ഒട്ടനവധി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വയോജന ശാക്തീകരണ മേഖലയിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വെച്ച് പോരുന്നു. വയോജനക്ഷേമത്തിനായുള്ള നിർബന്ധിത തുക വകയിരുത്തലും വയോജനങ്ങളുടെ തന്നെയുള്ള പങ്കാളിത്ത വേദികളുടെ ശാക്തീകരണവും വയോജനങ്ങൾക്ക് അനുയോജ്യമായ സേവന ശൃംഖല രൂപപ്പെടുത്താൻ സഹായകരമായിട്ടുണ്ട്. ആരോഗ്യ ഭക്ഷ്യസുരക്ഷ നിയമ പരിരക്ഷ, സ്വയം തൊഴിൽ, വയോജന അയൽക്കൂട്ടങ്ങൾ വയോജന ഗ്രാമസഭകൾ എല്ലാം തന്നെ ഇതിന്റെ ഉദാഹരണങ്ങളാണ്.

### വയോജനസൗഹൃദ തദ്ദേശഭരണം : സമീപനം

1. സ്ഥാപനങ്ങളെ വയോജനസൗഹൃദമാക്കൽ : അങ്കണവാടി, സ്കൂളുകൾ, ആശുപത്രികൾ, മറ്റു ക്ഷേമസ്ഥാപനങ്ങൾ എല്ലാം തന്നെ തദ്ദേശസ്ഥാപനങ്ങളുടെ മേൽനോട്ടത്തിലാണ്. ഇവയെ വയോജനസൗഹൃദമാക്കാനുള്ള നടപടികൾ തദ്ദേശസ്ഥാപനങ്ങൾ എറ്റെടുക്കണം. സ്ഥാപനങ്ങളെ വയോജനസൗഹൃദമാക്കൽ എന്ന് പറഞ്ഞാൽ അടിസ്ഥാന പശ്ചാത്തല സൗകര്യങ്ങൾ, സേവനങ്ങളുടെ ഗുണമേന്മ, സേവനസമയം തുടങ്ങിയവയെല്ലാം വയോജനസൗഹൃദമാക്കുക എന്നതാണ്.
2. വയോജനസൗഹൃദ സേവന സംവിധാനങ്ങൾ : വിവിധ വികസന മേഖലകളിൽ വയോജനങ്ങൾക്ക് എന്ത് ചെയ്യാൻ കഴിയും എന്ന് തിട്ടപ്പെടുത്തി ഇടപെടലുകൾ സംയോജിതമാക്കുക. ഇതിന് ആവശ്യമായ തുക വകയിരുത്തുകയും വേണം.
3. പൊതുഇടങ്ങളെ വയോജനസൗഹൃദമാക്കൽ : പാർക്ക്, ലൈബ്രറി തുടങ്ങി വയോജനങ്ങൾ ഒത്തുചേരുന്ന എല്ലാ ഇടങ്ങളും വയോജനസൗഹൃദമാക്കാനുള്ള ഇടപെടലുകൾ.
4. വയോജനസൗഹൃദ പങ്കാളിത്ത വേദികൾ : വർക്കിങ്ങ് ഗ്രൂപ്പ്, സ്പെഷ്യൽ ഗ്രാമസഭ, അയൽക്കൂട്ടങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.
5. വയോജന വിവരശേഖരണം: 'വികസനത്തിൽ നിന്നും ഒരാളും പിൻതള്ളപ്പെട്ടിട്ടില്ല' എന്ന് ഉറപ്പാക്കാൻ ജീവിതചക്രമനുസരിച്ചുള്ള വയോജന വിവരശേഖരണം.
6. വയോജനകേന്ദ്രീകൃത നിയമ - സംരക്ഷണ സംവിധാനങ്ങൾ : മെയിന്റനൻസ് ആക്ട് അടക്കം ഉള്ള നിയമങ്ങൾ വയോജനസൗഹൃദം ആകുന്നതിനുള്ള ഇടപെടലുകൾ.

7. ഐ ഇ സി സംവിധാനങ്ങൾ : പൊതുസമൂഹത്തിന്റെ മനോഭാവ മാറ്റത്തിനുതകുന്ന ബോധവൽക്കരണം, പരിശീലനം മറ്റു IEC പ്രവർത്തനങ്ങൾ.
8. പൊതുജനപങ്കാളിത്തവും സേവന ഏകോപനവും ഉറപ്പാക്കൽ.

### സമഗ്ര വയോജനസൗഹൃദ കർമ മേഖലകൾ

വയോജനങ്ങളുടെ അവകാശങ്ങൾ സമഗ്രമായി ഉറപ്പാക്കുന്നതിനുള്ള ബോധപൂർവമായ ഇടപെടലുകളാണ് വയോജനസൗഹൃദ ഭരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. അന്തസ്സാർന്ന വാർധക്യം പ്രദാനം ചെയ്യുന്നതിന് അനുയോജ്യമായ പര്യാവരണം സാമൂഹികമായി സൃഷ്ടിക്കുക എന്നത് പ്രധാനമാണ്. തദ്ദേശസ്ഥാപനങ്ങളുടെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, വയോജന വികസന മുൻഗണനകളെ 12 വിഷയമേഖലകളായി തരംതിരിച്ചിട്ടുണ്ട്.

താഴെ നൽകിയിട്ടുള്ള 12 മേഖലകളിലെയും ഇടപെടൽ നിർദേശങ്ങൾ പ്രാദേശിക മുൻഗണന നിശ്ചയിച്ച് നടപ്പാക്കുമ്പോൾ – കേരളത്തിൽ വയോജനസൗഹൃദ തദ്ദേശഭരണം സ്വാഭാവികമായും രൂപപ്പെടും.

1. ആരോഗ്യപരിചരണം
2. സമ്പൂർണ സാമൂഹ്യസുരക്ഷ
3. നിയമസഹായം
4. വയോജന പങ്കാളിത്തം
5. വയോജനസൗഹൃദ ആസൂത്രണ നടപടികൾ
6. വയോജന സൗഹൃദ പൊതു ഇടങ്ങൾ/ പശ്ചാത്തല സൗകര്യങ്ങൾ
7. പൊതുജന പങ്കാളിത്തം, സാമൂഹ്യ സംഘാതം
8. കുടുംബശാക്തീകരണം
9. നൈപുണി നവീകരണ വിദ്യാഭ്യാസം (ക്രിയാത്മക വാർധക്യത്തിനായി)
10. വരുമാനദായക സംവിധാനങ്ങൾ
11. സാന്ത്വന പരിചരണം
12. സാമൂഹ്യമനോഭാവ മാറ്റ വിനിമയം (IEC പ്രവർത്തനങ്ങൾ)

### പദ്ധതി ആസൂത്രണ മാർഗരേഖാ നിർദേശങ്ങൾ (13–ാം പഞ്ചവത്സര പദ്ധതി)

**ജി ഒ എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18**
**(പദ്ധതി മാർഗ നിർദേശങ്ങൾ)**

| അനുച്ഛേദം | ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി | റിമാർക്സ് |
|---|---|---|
| 5.4.1 (11) | വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയറിനും 5% തുക വകയിരുത്തണം | വയോജനത്തിനനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കണം |

| | | |
|---|---|---|
| 6.5 (2) | ശാരീരിക മാനസിക സാംസ്കാരിക പിൻതുണ സംവിധാനങ്ങൾ | അനുയോജ്യമായ പ്രോജക്ടുകൾ ഏറ്റെടുക്കണം |
| 6.5(3) | യോഗ പരിശീലനം നൽകുന്ന പ്രോജക്ട് | ആയുഷ്മായി സഹകരിച്ച് |
| 6.5(4) | വിനോദകേന്ദ്രം ഉൾപ്പെടെയുള്ള വയോജനസൗഹൃദ സംവിധാനങ്ങൾ | പകൽവീട്, കലാകേന്ദ്രങ്ങൾ |
| 6.5(5) | വയോജനങ്ങൾക്കായി പൊതുസ്ഥാപനങ്ങളിൽ തടസവിമുക്ത സംവിധാനങ്ങൾ | ആശുപത്രികളിൽ പ്രത്യേക ക്യൂ, റാമ്പ്, കുടിവെള്ളം, ഇരിപ്പിടം മുതലായവ |
| 6.5(7) | വൃദ്ധസദനം (നടത്തിപ്പ് ആവർത്തനച്ചെലവ് എല്ലാം ഉൾപ്പെടുന്ന പദ്ധതി റിപ്പോർട്ട് അംഗീകാരം വാങ്ങണം | നഗര/ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാം |
| 6.5(8) | വയോജന കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം (സാന്ത്വന പരിചരണ മാർഗരേഖപ്രകാരം) | സഉ സാധാ. നം.3217/2015 തസ്വഭവ 29-10-2015 |
| 6.5(9) | ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ പരിഹാര സംവിധാനങ്ങൾ | സബ്സിഡി മാനദണ്ഡങ്ങൾ പരിശോധിക്കുക |
| 7.7.1(3) | പാലിയേറ്റിവ് പരിചരണ പ്രവർത്തനം ഗ്രാമപ്പഞ്ചാത്തുകൾ/നഗരസഭകൾ | ഗ്രാമപ്പഞ്ചായത്തുകൾക്ക് ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾക്ക് സഹായം നൽകാം |
| 7.7.1(4) | ജീവിതശൈലീ രോഗപ്രതിരോധം സ്ക്രീനിങ്ങ് കാര്യക്ഷമമാക്കൽ | ഗ്രാമപ്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം |
| 7.8.3(2)(V) | പകൽവീട് അംഗങ്ങളിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം | ബി പി എൽ വിഭാഗങ്ങൾക്ക് |

*നഗരസഭകൾ സ.ഉ.നം 17/2018 തസ്വഭവ തിയതി 2-2-18 പരിശോധിക്കേതാണ്.

**സബ്സിഡി ധനസഹായ മാർഗരേഖ –**
**സഉ (കൈ) നം. 22/2018 തിയതി 16/2/2018**

| അനുഛേദം | നിർദേശങ്ങൾ | റിമാർക്സ് |
|---|---|---|
| 7.1.2 | ശാരീരിക മാനസിക വെല്ലു വിളികൾ നേരിടുന്നവർക്കുള്ള സഹായ ഉപകരണങ്ങൾ | മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന്റെയും ആവ ശ്യകത നിർണയത്തിന്റെയും അടിസ്ഥാനത്തിൽ |
| 7.1.13(1) | പകൽവീട് സംവിധാനങ്ങളിൽ ജീവനക്കാരെ നിയമിക്കൽ | നിയമനം കരാർ അടിസ്ഥാ നത്തിൽ പ്രതിമാസം 7000 രൂപയിൽ കവിയാതെ അനു മതിക്ക് വിധേയമായി |
| 7.1.13(2) | വൃദ്ധർക്ക് കട്ടിൽ– യൂണിറ്റ് ചെലവ് 4350 രൂപ | മരത്തടിയിൽ/സ്റ്റീലിൽ പണിത കട്ടിൽ 8 മി.മി കന മുള്ള പ്ലൈവുഡിൽ ഉറപ്പിച്ചത് |
| 7.5.5 | യോഗ പരിശീലനം | ആയുഷ്മായി ചേർന്ന് നടത്തുന്ന പരിശീലനത്തിൽ സെഷൻ 1 ന് 400 രൂപ ക്രമ ത്തിൽ പ്രതിമാസം 12000 രൂപ |
| 7.8.2(2) | ഹോം കെയർ ടീമിന് ഭക്ഷണച്ചെലവ് | പ്രതിദിനം 250 രൂപ വരെ |
| 7.8.2(4) | പാലിയേറ്റിവ് നഴ്സ് ഓണറേറിയം | പ്രതിമാസം 15000 രൂപ |
| 7.8.2(5) | ശയ്യാവലംബികളായ രോഗി കൾക്ക് ഡോക്ടർ നിർദേശി ക്കുന്ന തരത്തിലുള്ള കട്ടിൽ | പ്രോജക്ട് നടപ്പാക്കേണ്ടത് ബ്ലോക്ക്/നഗരസഭ |
| 8.10 | ജീവനക്കാരെ നിയമിക്കൽ ഹോണറേറിയം അനുമതി | പകൽവീട്, വൃദ്ധസദനം, കെയർഗിവർ |

## തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാന ഇടപെടൽ മേഖലകൾ

### 1.തദ്ദേശതല വയോജന സമഗ്രവിവരശേഖരണം

വയോജനങ്ങളുടെ ക്ഷേമവും അവകാശവും ഉറപ്പുവരുത്തുന്നതിന് കൃത്യവും വ്യക്തവുമായ സ്ഥിതി വിവരകണക്കുകൾ തദ്ദേശസ്ഥാപനങ്ങളിൽ ലഭ്യമാ യിരിക്കണം. കണക്കുകളുടെ അഭാവത്തിൽ ശാസ്ത്രീയമായി ഒരു പദ്ധതി ആസൂത്രണവും നടത്തുവാൻ കഴിയുകയില്ല. അതുകൊണ്ട് എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളും മുതിർന്ന പൗരരെ സംബന്ധിച്ച വിവരങ്ങൾ ശേഖരി ക്കുന്നതിനും കാലാകാലങ്ങളിൽ പുതുക്കി രേഖപ്പെടുത്തുന്നതിനും സംവി ധാനങ്ങൾ ഉറപ്പാക്കേണ്ടതാണ്.

വയോജന ജനസംഖ്യ തദ്ദേശസ്ഥാപനങ്ങൾ പ്രാപ്യമായ ദ്വിതീയ സ്രോതസ് ഉപയോഗിച്ച് തയ്യാറാക്കുന്നതാണ് എളുപ്പം. ഗ്രാമപ്രദേശങ്ങളിൽ അങ്കണ വാടികളിൽ സൂക്ഷിച്ചിട്ടുള്ള ഫാമിലി സർവേ കണക്കുകളാണ് കൂടുതൽ ഫലപ്രദം. ഐസിഡിഎസ് മുഖേന മുതിർന്ന പൗരരുടെ കണക്കുകൾ വാർഡ് അടിസ്ഥാനത്തിൽ ശേഖരിക്കുകയാണെങ്കിൽ അവസ്ഥാപഠനം എളുപ്പത്തി ലാക്കാം. വയോജന ജനസംഖ്യ ശേഖരണത്തിന് ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി എന്നിവയിലെ വർക്കിങ്ങ് ഗ്രൂപ്പ് കൺ വീനർമാരെ ചേർത്ത് ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപ നത്തിന് മുഴുവൻ വയോജനങ്ങളുടെയും വ്യക്തിഗതരേഖ ശേഖരിച്ച് റെക്കോർഡ് ആക്കാവുന്നതാണ്. ഇപ്രകാരം വ്യക്തിഗത രേഖ വയോജന മാനേജ്മെന്റ് സമിതി മുതിർന്ന പൗരരുടെ അയൽക്കൂട്ടം തുടങ്ങിയവ രൂപീ കരിച്ചതിനുശേഷം നടത്തുകയാവും അഭികാമ്യം. ഈ വിവരശേഖരണത്തിന് വളരെയേറെ സമയവും മനുഷ്യശേഷിയും ആവശ്യമാകയാൽ സന്നദ്ധ പ്രവർ ത്തകരും അവരോടൊപ്പം ലഭ്യമെങ്കിൽ കോളേജ് വിദ്യാർഥികളും സഹകരി ച്ചാൽ മാത്രമേ കാര്യമായ പണച്ചെലവില്ലാതെ ഇത് സാധ്യമാകൂ. സാധിക്കു മെങ്കിൽ എല്ലാവർഷവും സമയബന്ധിതമായി പുതുക്കുന്നതും നല്ലതാണ്.

വയോജന അവസ്ഥാപഠനസാധ്യത: പല തദ്ദേശ ഭരണ സ്ഥാപനങ്ങളിലും വയോജനങ്ങളെ സംബന്ധിച്ച വിശദമായ അവസ്ഥാപഠനങ്ങൾ, പ്രത്യേക മേഖലകളിലെ അവസ്ഥ സംബന്ധിച്ച പഠനങ്ങൾ(ഉദാ- അതിക്രമം, ആരോഗ്യം) നടത്തുന്നത് വിവിധങ്ങളായ അക്കാഡമിക് സ്ഥാപനങ്ങളാണ് (കോളേജു കൾ, സോഷ്യൽ വർക്ക് - സാമൂഹ്യശാസ്ത്ര കോളേജുകൾ, നഴ്സിങ്ങ് കോളേജുകൾ, നാഷണൽ സർവീസ് സ്കീം തുടങ്ങിയവ)

## 4.3 വയോജനങ്ങൾക്കായുള്ള തദ്ദേശസ്ഥാപന ഇടപെടൽ മേഖലകൾ

### വയോജനപങ്കാളിത്തം

### 1. വയോജനങ്ങൾക്കായുള്ള പ്രത്യേക ഗ്രാമസഭ/വാർഡ്സഭ

പ്രാദേശികാസൂത്രണത്തിന്റെ ജീവനാഡി ജനപങ്കാളിത്തമാണ്. ആസൂത്ര ണത്തിൽ നിർണായകമായ പങ്ക് വഹിക്കുവാൻ ജനങ്ങൾക്ക് എത്രമാത്രം അവസരമുണ്ടാകുന്നുവോ അത്രമാത്രം ഗുണമേന്മ ഉള്ളതായിരിക്കും പ്രാദേ ശിക വികസനം. വികസനപരിപ്രേക്ഷ്യവും കരട് പ്രോജക്ട് നിർദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന പ്രോജക്ട് നിർദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. വ്യത്യസ്ത മായ ജനവിഭാഗങ്ങളെ ആസൂത്രണ പ്രക്രിയയിൽ ഉൾച്ചേർക്കുന്നതിനും അവ രുടെ ആവശ്യങ്ങൾക്കും നിർദേശങ്ങൾക്കും അർഹമായ പരിഗണന ഉറപ്പാ ക്കുന്നതിന് പൊതു ഗ്രാമസഭകൾക്ക് മുൻപായി പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കുന്നത് അഭികാമ്യമെന്ന് നിർദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ നിർദേ ശിക്കപ്പെട്ട ഒന്നാണ് വയോജനങ്ങളുടെ പ്രത്യേക ഗ്രാമസഭ.

**ലക്ഷ്യം**

1. വയോജനങ്ങളുടെ ആവശ്യങ്ങളും വെല്ലുവിളികളും പ്രാധാന്യത്തോടെ തദ്ദേശഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തി വയോജനവികസനം ഉറപ്പു വരുത്തുക.
2. പ്രത്യേക പരിഗണന ആവശ്യമായ എൻപത് വയസ്സിന് മുകളിൽ പ്രായ മായവർ, വിധവകൾ, അനാഥർ, മാറാരോഗികൾ, ഒറ്റപ്പെട്ടുപോയവർ തുടങ്ങിയ വിഭാഗങ്ങളുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പുവരുത്തുക.

**അംഗങ്ങൾ**

വാർഡ് പ്രദേശത്ത് താമസിക്കുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ വോട്ടർമാരും വയോജനഗ്രാമസഭയിലെ പങ്കാളികളാണ്.

**സംഘാടനം**

പ്രത്യേക വയോജന ഗ്രാമസഭ ആസൂത്രണം ചെയ്യേണ്ടതും നടപ്പിൽ വരു ത്തേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിലെ ഭരണ സമിതിയുടെ ചുമതലയാണ്.

പ്രത്യേക ഗ്രാമസഭയുടെ അധ്യക്ഷൻ തദ്ദേശസ്ഥാപന മേധാവിയായിരി ക്കണം. ഇല്ലെങ്കിൽ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ, ഇവ രുടെ അഭാവത്തിൽ കൺവീനർ തന്നെ ഗ്രമസഭയുടെ അധ്യക്ഷത വഹിക്കേണ്ട താണ്. വയോജനങ്ങളുടെ ഗ്രാമസഭയിൽ നിർദേശങ്ങളും അഭിപ്രായങ്ങളും തീരുമാനങ്ങളും പൊതുഗ്രാമസഭയിൽ അവതരിപ്പിക്കുകയും വയോജനങ്ങ ളുടെ ഗ്രാമസഭയുടെ നിർദേശങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യേണ്ടതാണ്. പൊതുഗ്രാമസഭയുടെ നടപടിക്രമങ്ങൾ തന്നെയാണ് വയോ ജനങ്ങളുടെ ഗ്രാമസഭയിലും അവലംബിക്കേണ്ടത്. അധ്യക്ഷന്റെ അവതര ണത്തിനും കൺവീനറുടെ പദ്ധതി നിർദേശങ്ങൾ മുൻകാല പുരോഗതി എന്നിവ സംബന്ധിച്ച അവതരണത്തിനുംശേഷം വയോജനങ്ങളുടെ പ്രശ് നങ്ങൾ ആസൂത്രണ തീരുമാനത്തിനും ക്ഷേമപ്രവർത്തിനും സഹായകമാകും വിധത്തിൽ ഗ്രൂപ്പ് ചർച്ച ക്രമീകരിക്കേണ്ടതാണ്. ഗ്രൂപ്പ് ചർച്ചയ്ക്ക് താഴെപറ യുന്ന വിഷയമേഖലകൾ തിരഞ്ഞെടുക്കാവുന്നതാണ്.

ഗ്രൂപ്പ് ചർച്ചയ്ക്ക് ആരോഗ്യം, പങ്കാളിത്തം, സാമൂഹ്യസുരക്ഷ, വൈദഗ്ധ്യ വികസനം എന്നിങ്ങനെ നാല് ഗ്രൂപ്പുകളായിരിക്കും അഭികാമ്യം. പ്രദേശിക പ്രത്യേകത അനുസരിച്ച് ചർച്ചയ്ക്കുള്ള ഗ്രൂപ്പുകളെ വ്യത്യസ്തമായി തരം തിരിക്കാവുന്നതാണ്.

എ) ആരോഗ്യം - വയോജനങ്ങളുടെ ആരോഗ്യ പ്രശ്നങ്ങളും സേവനരംഗത്തെ അപര്യാപ്തതകളും, പാലിയേറ്റിവ് കെയർ, മാനേജ്മെന്റ് സമിതികൾ, അവ നേരിടുന്നതിനുള്ള പരിഹാരങ്ങളും.

ബി)പങ്കാളിത്തം - വിനോദവും വിശ്രമവും - വയോജനങ്ങൾക്കുള്ള വിനോ ദത്തിനും വിശ്രത്തിനും സമയവിനിയോഗങ്ങൾക്കും ലഭ്യമായ സംവി ധാനങ്ങൾ, അയൽക്കൂട്ടങ്ങൾ അപര്യാപ്തതകൾ അവ വിപുലീകരിക്കു ന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവ.

സി) സാമൂഹ്യസുരക്ഷ - വയോജനങ്ങളും സാമ്പത്തിക പ്രശ്നങ്ങളും - പെൻഷനും മറ്റ് ആനുകൂല്യങ്ങളും സാമ്പത്തിക തൊഴിൽ പ്രശ്നങ്ങളും അവക്കുള്ള പരിഹാരങ്ങളും.

ഡി) വൈദഗ്ധ്യ വിനിയോഗം - നൂതന വിദ്യകളുടെ പരിശീലനം, ആർട്ട് & ക്രാഫ്റ്റ്, പരമ്പരാഗത തൊഴിൽ അഭിരുചി, വിദഗ്ധ വിജ്ഞാനം തുടങ്ങിയവ ഉയർത്തുന്നതിനും നിലനിർത്തുന്നതിനുമുള്ള പ്രശ്നങ്ങൾ പരിഹാരങ്ങൾ

ഗ്രൂപ്പ് ചർച്ച കഴിയാവുന്നത്ര കൃത്യമായി എഴുതി തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്. നാല് ഗ്രൂപ്പുകളുടെയും നിർദേശങ്ങൾ കൺവീനർ ക്രോഡീകരിച്ച് തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറേണ്ടതാണ്. കൺവീനർ ഈ നിർദേശങ്ങളെ ഓരോ വികസന ഉപമേഖലകളിലേക്ക് തരംതിരിച്ച് നൽകുമെങ്കിൽ പൊതു ഗ്രാമസഭകൾക്കും വികസന സെമിനാറിനും നിർദേശങ്ങൾ പരിഗണനയ്ക്ക് എടുക്കുവാൻ സഹായകരമായിരിക്കും. വയോജന ഗ്രാമസഭയിൽ പങ്കെടുക്കുന്നവർ പൊതു ഗ്രാമസഭയിലും പങ്കെടുക്കുന്നതിന് ശ്രദ്ധിക്കുകയും തങ്ങളുടെ കൃത്യമായ നിർദേശങ്ങൾ അവിടെ പ്രതിഫലിപ്പിക്കുകയും വേണം. ഗ്രാമസഭയിൽ നിന്നും വികസനസെമിനാറിലേക്ക് പ്രാപ്തരായ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിനും എല്ലാ വർക്കിങ്ങ് ഗ്രൂപ്പിലും വയോജനപ്രതിനിധികളെ ഉൾപ്പെടുത്തുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

- പ്രത്യേക വിഭാഗങ്ങൾക്കുള്ള ഗ്രാമസഭ സംഘാടന രീതിയിൽ തന്നെയായിരിക്കണം എല്ലാ വാർഡുകളിലും വയോജനങ്ങളുടെ ഗ്രാമസഭ/വാർഡ്സഭ.
- അവരുടെ ഭൗതികവും ക്ഷേമപരവും ആരോഗ്യപരവുമായ ആവശ്യങ്ങൾ പരിഹാരങ്ങൾ എന്നിവ തിട്ടപ്പെടുത്തുക.
- നിർദേശങ്ങൾ തദ്ദേശഭരണബഡ്ജറ്റിൽ ഉൾപ്പെടുത്തി പരിപാടികൾ പ്രത്യേക പരിഗണന നൽകി നടപ്പാക്കുക.
- വയോജന ഗ്രാമസഭ അയൽക്കൂട്ടങ്ങളുടെ രൂപീകരണത്തിനും വികസനത്തിനും വേദിയാക്കുക.
- ഗ്രാമസഭയിൽ നിന്നും വർക്കിങ്ങ് ഗ്രൂപ്പിലേക്കും ഇതരസമിതികളിലേക്കും കഴിവുള്ള വയോജനങ്ങളെ കണ്ടെത്തുക.

**2. മുതിർന്ന പൗരരുടെ അയൽക്കൂട്ടം**

മുതിർന്ന പൗരർ എല്ലാവരും ഒരേ പ്രായക്കാരോ ഒരേ പ്രശ്നങ്ങൾ അനുഭവിക്കുന്നവരോ അല്ല. ഇവരിൽ പലരും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വൈദഗ്ധ്യപരമായും അനുഭവജ്ഞാനംകൊണ്ടും വ്യത്യസ്തതലങ്ങളിലുള്ളവരാണ്. പൊതുവായ ജനസമൂഹത്തിന്റെ ഒരു പരിഛേദം തന്നെയാണ് വയോജനസമൂഹവും. അതുകൊണ്ടുതന്നെ ഇവരുടെ പ്രശ്നങ്ങളെ തിരിച്ചറിയുന്നതിനും അവയ്ക്ക് പരിഹാരം നിർദേശിക്കുന്നതിനും പല സംവിധാനങ്ങളും മാനേജ് ചെയ്യുന്നതിനും ഈ വിഭാഗത്തിന് ശേഷിയുണ്ട്. അത് പൂർണമായും പ്രയോജനപ്പെടുത്തുന്നതിനും വയോജനങ്ങൾക്കൊപ്പം പൊതുസമൂഹത്തിന് അവരുടെ കർമശേഷികൾ പ്രയോജനപ്രദമാക്കുന്നതിനും കഴിയുന്ന വിധത്തിലുള്ള പൊതുസംവിധാനം രൂപപ്പെടുത്തേ

ണ്ടതിന്റെ ആവശ്യകത പ്രാധാന്യമർഹിക്കുന്നു. ആൺപെൺ വ്യത്യാസമില്ലാതെ ഒരു സ്വതന്ത്രകൂട്ടായ്മയായി വയോജന അയൽക്കൂട്ടം രൂപപ്പെടണം. ഈ സംവിധാനത്തിൽ ഓരോ വാർഡിലെയും മുഴുവൻ വയോജനങ്ങളും ഇതിൽ അംഗമായിരിക്കും. ഈ അയൽക്കൂട്ടത്തിന്റെ നേതൃത്വം നടപടിക്രമങ്ങൾ സേവനങ്ങൾ തുടങ്ങിയവ അവർക്കുതന്നെ തീരുമാനിക്കാൻ കഴിയുന്നവിധം സ്വതന്ത്രമായ നിയമാവലി സൃഷ്ടിച്ചാൽ മതിയാകും. ഓരോ വാർഡ് / ഡിവിഷനിൽ ഒരു അയൽക്കൂട്ടം രൂപീകരിക്കുകയും ആവശ്യമെങ്കിൽ ഈ അയൽക്കൂട്ടത്തിനു കീഴിൽ അതേ മാതൃകയിൽ അയൽസഭകൾ രൂപീകരിക്കുകയുമാകാം. വാർഡ് തല വയോജന അയൽക്കൂട്ടങ്ങളെ തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിക്കുന്ന വയോസൗഹൃദ സഹായസമിതിക്കു (പേര് യുക്താനുസരണം നിശ്ചയിക്കാം) കീഴിൽ കൊണ്ടുവരികയാണ് ലക്ഷ്യം.

### 3. സീനിയർ സിറ്റിസൺ ഫോറം

മുതിർന്ന പൗരരുടെ അയൽക്കൂട്ടം വയോജനങ്ങൾക്കായുള്ള പ്രത്യേക ഗ്രാമസഭ, പകൽവീട് മാനേജ്മെന്റ് സമിതികൾ, വയോജനക്ലബ്ബ് തുടങ്ങിയവയുടെ പ്രതിനിധികളെ ഉൾപ്പെടുത്തി, തദ്ദേശസ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഒരു സീനിയർ സിറ്റിസൺ ഫോറം രൂപീകരിക്കേണ്ടതാണ്. അയൽക്കൂട്ടത്തിന്റെ ഭാരവാഹികളുടെ ഘടന ഇവിടേയും അനുവർത്തിക്കാവുന്നതാണ്. പ്രധാനമായും വയോജനക്ഷേമ പ്രവർത്തനങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങളെ സഹായിക്കുകയും ഇതരസന്നദ്ധസംഘടനകളെ വയോജനക്ഷേമ പ്രവർത്തനങ്ങൾക്കായി സംയോജിപ്പിക്കുകയും ചെയ്യുന്നതിന് ഫോറം മുൻകൈ എടുക്കണം. സീനിയർ സിറ്റിസൺ ഫോറത്തിന്റെ രക്ഷാധികാരി തദ്ദേശഭരണസ്ഥാപന മേധാവിയും ഉപരക്ഷാധികാരികൾ ക്ഷേമകാര്യ, ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റികളുടെ ചെയർപേഴ്സൺമാരുമായിരിക്കും.

**പ്രവർത്തനമേഖലകൾ**

- വയോജന അയൽക്കൂട്ടം രൂപീകരിക്കുവാൻ മുൻകൈ എടുക്കുകയും പ്രവർത്തനങ്ങൾക്കുവേണ്ട സഹായം നൽകുകയും ചെയ്യുക.
- വയോജനങ്ങൾ ഉന്നയിക്കുന്ന പ്രശ്നങ്ങൾ ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുക.
- വയോജനനയവും കർമപരിപാടിയും കൃത്യമായി നടക്കുന്നു എന്ന് ഉറപ്പ് വരുത്തുക.
- വയോജന സഹായസമിതിയുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക.
- വയോജനങ്ങളുടെ ആരോഗ്യസുരക്ഷാപ്രവർത്തനങ്ങൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കുക.
- പരിചരണം ആവശ്യമായവരെ പാലിയേറ്റിവ് കെയർ പാക്കേജിൽ ഉൾപ്പെടുത്തുക.
- പട്ടികവർഗ-പട്ടിജാതി വിഭാഗത്തിലെ വയോജനങ്ങൾക്ക് ഭക്ഷണം, വസ്ത്രം, ആരോഗ്യസംരക്ഷണം, കിടപ്പാടം തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- വയോജനങ്ങളുടെ സേവനം നാടിന്റെ വളർച്ചയ്ക്കും സാമൂഹിക നിർമി തിക്കും ഉപകാരപ്പെടുന്ന രീതിയിൽ സംവിധാനങ്ങൾ ക്രമപ്പെടുത്താവു ന്നതാണ്. (ഉദാ: വികസനസമിതി, Working groups etc). വിദഗ്ധരായവ രുടെ ഡേറ്റാബാങ്ക് തദ്ദേശതലത്തിൽ തയ്യാറാക്കാവുന്നതാണ്.
- ഒറ്റപ്പെട്ട് താമസിക്കുന്ന വയോജനങ്ങൾക്ക് meals on wheels പ്രോഗ്രാം പോലെയുള്ള പദ്ധതികൾ ആവിഷ്കരിക്കുക.

**3. സാമൂഹ്യബോധവൽക്കരണം**

**എ) വയോജനദിനാചരണം**

വയോജനങ്ങളെ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനും തലമുറ കൾ തമ്മിൽ പരസ്പര ബന്ധം ഉറപ്പാക്കുന്നതിനും ഒക്ടോബർ ഒന്നിന് നടത്തുന്ന വയോജന ദിനാചരണം ഒരു ചടങ്ങ് മാത്രമായി മാറ്റാതെ പ്രയോ ജനപ്പെടുത്തേണ്ടതുണ്ട്. പ്രാദേശികതലത്തിൽ വയോജനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ അവരുടെ അവകാശങ്ങൾ പ്രശ്നപരിഹാരശ്രമങ്ങൾ എന്നിവ ചർച്ച ചെയ്യപ്പെടുന്നതിനുള്ള സംവിധാനമാണ് വയോദിനാചരണം. ഇത് കേവലമായ ആചരണത്തിനപ്പുറം സാമൂഹ്യ വിദ്യാഭ്യാസത്തിനും കുട്ടികൾക്ക് മുതിർന്ന പൗരരെകുറിച്ച് ആദരവ് സൃഷ്ടിക്കുന്നതിനും എപ്രകാരം ഉപയോ ഗിക്കാൻ കഴിയും എന്നതും ശ്രദ്ധിക്കണം. വയോജന അവകാശം സംബ ന്ധിച്ച ലഘുരേഖകൾ പരസ്യഫലകങ്ങൾ, പുസ്തക പ്രചരണം, ലേഖന പ്രസിദ്ധീകരണം തുടങ്ങിയവയും കണക്കിലെടുക്കേണ്ടതുണ്ട്.

**ബി) വെറ്ററൻസ് മീറ്റ്**

അമ്പത് വയസ്സിലേറെ പ്രായമുള്ള പ്രാപ്തരായ വ്യക്തികൾക്കായി കായിക മത്സരങ്ങൾ ലോകത്തെമ്പാടും നടത്തപ്പെടുന്നുണ്ട്. ഓരോ തദ്ദേശസ്ഥാപന ത്തിന് കീഴിലും കേരളോത്സവത്തോടനുബന്ധിച്ച് ഇത്തരം സീനിയർ കായിക മേളകൾ സംഘടിപ്പിക്കുക വഴി അവരുടെ കായികക്ഷമത ഉയർത്തുന്നതിന് പ്രോത്സാഹനം നൽകുകയും അതോടൊപ്പം ജീവിതശൈലി മെച്ചപ്പെടുത്തു ന്നതിന് ആവശ്യമായ പ്രവർത്തനങ്ങളിലേക്ക് നയിക്കുകയും ചെയ്യും.

**4. തദ്ദേശഭരണസ്ഥാപനങ്ങൾ രൂപപ്പെടുത്തുന്ന വിനോദവിശ്രമകേന്ദ്രം**

**എ) പകൽ വീട് (വിശ്രമവിനോദ കേന്ദ്രം)**

ഒരു പ്രദേശത്തെ വയോജനങ്ങൾക്ക് സ്വതന്ത്രമായി ഒത്തുചേരുന്നതിനും വിശ്രമിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും സാധ്യമായ മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കഴിയുംവിധം തദ്ദേശഭരണ സ്ഥാപനം ആരംഭിച്ച് നടപ്പാക്കുന്ന സാമൂഹ്യ കേന്ദ്രമാണ് പകൽ വീട്. ഒരു തദ്ദേശസ്ഥാ പനത്തിൽ ഒന്നോ അതിലധികമോ സ്ഥാപനങ്ങൾ ആവശ്യത്തിന്റെ അടിസ്ഥാ നത്തിൽ ആരംഭിക്കുകയാണ് ലക്ഷ്യം. പകൽ വീട് സാമൂഹ്യാധിഷ്ഠിതമായ വയോജന സേവനകേന്ദ്രമാണ്. പകൽ വീടുകൾ ഒരു കുടുംബം പോലെ സ്വാതന്ത്ര്യവും അംഗീകാരവും ആനന്ദവും പകരാൻ കഴിയും വിധം പ്രവർ ത്തനങ്ങളെ ചിട്ടപ്പെടുത്തണമെന്നാണ് പ്രതീക്ഷിക്കുന്നത്.

**പകൽ വീട് (Home): ഒരു റിസോഴ്സ് സെന്റർ**

പകൽവീടുകൾ തുടങ്ങിയ വയോജനപങ്കാളിത്ത സംവിധാനങ്ങളെ മറ്റുള്ളവർക്ക് സഹായകമായ നിർദേശങ്ങൾ ഇടപെടലുകൾ സഹായങ്ങൾ തുടങ്ങിയവ ലഭ്യമാക്കുന്നതിനുള്ള കേന്ദ്രങ്ങളായി നടത്താവുന്നതാണ്. താഴെ നിർദേശിക്കുന്ന പ്രവർത്തനങ്ങൾ ഇതിനാവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുവാൻ പ്രാപ്തമാണ്.

- വയോജന അയൽക്കൂട്ട സമിതി ഓഫീസ് (ക്ലബ്ബ്)
- പാലിയേറ്റിവ് കെയർ സഹായ നിർദേശങ്ങൾ
- ക്ഷേമ പെൻഷനുകൾ, ചികിത്സാ പരിപാടികൾ, നിയമസഹായം എന്നിവയ്ക്കുള്ള നിർദേശം.
- പ്രത്യേക മേഖലകളിൽ വൈദഗ്ധ്യമുള്ള മുതിർന്ന പൗരരുടെ സേവനങ്ങൾ.
- പ്രതിമാസ മെഡിക്കൽ ക്യാമ്പുകൾ - റഫറൽ സേവനങ്ങൾ
- കലാകായിക പ്രവർത്തനങ്ങൾ, യോഗ തുടങ്ങിയ പരിശീലനങ്ങൾ
- വയോജന വിവരരേഖകൾ - സാമൂഹ്യസഹായം

പകൽവീട് ഒരു റിസോഴ്സ് സെന്റർ ആയി മാറാൻ ബഹുജനപങ്കാളിത്തം കൂടിയേ തീരു.

**ബി) വയോജന പകൽ പരിപാലന കേന്ദ്രം (ഡേകെയർ സെന്റർ)**

ലഘുവായ മറവിരോഗം, തുടർ സഹായത്തിന്റെ ആവശ്യം ഉള്ളവർ, ഒറ്റപ്പെട്ടുപോകുന്നവർ എന്നിവർക്കായി ഒത്തുചേരുന്നതിനും വിശ്രമിക്കുന്നതിനും വിനോദങ്ങളിൽ ഏർപ്പെടുന്നതിനും അത്യാവശ്യ സംരക്ഷണവും സേവനവും ലഭ്യമാകുന്നതിനും മറ്റു പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും കഴിയും വിധം നടപ്പാക്കുന്ന പകൽസമയ വയോസംരക്ഷണകേന്ദ്രങ്ങളാണ് വയോജന പകൽപരിപാലന കേന്ദ്രം. ഈ കേന്ദ്രത്തിൽ വിനോദവിശ്രമകേന്ദ്രത്തിന് വ്യത്യസ്തമായി ചുമതലകൾ നിർവഹിക്കുന്നതിന് കെയർ ടേക്കർ നിർബന്ധമായും ഉണ്ടായിരിക്കണം. ആവശ്യമെങ്കിൽ നഴ്സിങ്ങ് സേവനം ഏർപ്പെടുത്തേണ്ടതാണ്. പ്രവേശനം ആഗ്രഹിക്കുന്നവരെ കൊണ്ടുവരുന്നതിനും തിരികെ വീട്ടിലാക്കുന്നതിനും വാഹന സൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ഒരു തദ്ദേശസ്ഥാപനത്തിൽ ഒന്നോ ബ്ലോക്ക്തലത്തിൽ ഒന്നോ എന്ന ക്രമത്തിൽ ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ ആരംഭിക്കുകയാണ് ലക്ഷ്യം. ഈ സ്ഥാപനത്തോടൊപ്പം വയോജനങ്ങൾക്കായുള്ള വിനോദവിശ്രമകേന്ദ്രവും (പകൽ വീടും) നടത്താവുന്നതാണ്.

**5. വൃദ്ധസദനം (മുഴുവൻ സമയ വയോജന പരിപാലനം)**

ആസൂത്രണ മാർഗരേഖ പ്രകാരം ത്രിതല പഞ്ചായത്തുകൾക്കും നഗരസഭകൾക്കും വൃദ്ധസദനം ആരംഭിക്കാവുന്നതാണ്. വയോജനക്ഷേമനിയമത്തിന്റെ അടിസ്ഥാനത്തിൽ കേരള സർക്കാർ 20-8-2016 ലെ ജി ഒ പി നം. 10/2016 എസ്ജെഡി എന്ന ഉത്തരവിൻ പ്രകാരം മുതിർന്ന പൗരന്മാർക്കായുള്ള സ്ഥാപനങ്ങൾ നടത്തുന്നത് സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് മാത്രമേ വൃദ്ധസദനം ആരം

ഭിച്ച് നടത്തുവാൻ കഴിയൂ. നിലവിലുള്ള നിയമം അനുസരിച്ച് കുറഞ്ഞത് 30 സെന്റ് ഭൂമിയും 4000 സ്ക്വയർ ഫീറ്റ് കെട്ടിടവും വൃദ്ധസദനത്തിന് നിർബ ന്ധമായും ഉണ്ടായിരിക്കണം. വൃദ്ധസദനത്തിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ പദ്ധതി മാർഗ നിർദേശങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ല. കേരള സർക്കാരിന്റെയോ, കേന്ദ്ര സർക്കാരിന്റെയോ ഗ്രാന്റ് ഇൻ എയ്ഡ് ലഭ്യമാക്കി കൊണ്ട് മാത്രമേ ഇത്തരം സ്ഥാപനങ്ങൾ നടത്തുവാൻ സാധ്യമാകു. നഗര പ്രദേശങ്ങളിൽ "സായംപ്രഭ ഹോം" പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കി നടപ്പാക്കാൻ കഴിയുമോ എന്ന് ആലോചിക്കാവുന്നതാണ്. (സഉ(കൈ)നം 22/2018/തസ്വഭവ തിയതി 14.2.2018 - 7.1.13 കാണുക)

**വയോജനകേന്ദ്രങ്ങൾക്കായുള്ള മാനേജ്മെന്റ് സമിതി**

തദ്ദേശഭരണസ്ഥാപനത്തിലെ വയോജനങ്ങളെ സംബന്ധിച്ച മുഴുവൻ പ്രവർത്തനങ്ങളും നിരീക്ഷിക്കുന്നതിനും നിർദേശങ്ങൾ നൽകുന്നതിനും അതോടൊപ്പം അത്യാവശ്യ ഘട്ടങ്ങളിൽ ധനസമാഹരണം നടത്തുന്നതിനും തദ്ദേശസ്ഥാപനങ്ങൾക്ക് കീഴിൽ രൂപീകരിക്കുന്ന അർധസ്വതന്ത്ര സംഘടന.

ബഡ്സ് സ്കൂൾ മാനേജ്മെന്റ് സമിതി (ജി ഒ എം എസ് നം. 152/2009 എൽഎസ്ജിഡി 1/8/2009) ഹോസ്പിറ്റൽ മാനേജ്മെന്റ് സമിതി എന്നിവയുടെ മാതൃകയിൽ ഒരു മാനേജ്മെന്റ് സമിതി രൂപീകരിച്ച് രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ ചെയ്യുന്ന മാനേജ്മെന്റ് കമ്മിറ്റിക്ക് നിയമാനുസൃതം പ്രവർ ത്തനങ്ങൾ വികേന്ദ്രീകരിച്ച് നൽകുന്നതിനും നടപ്പാക്കുന്നതിനും സാധിക്കും (തദ്ദേശഭരണവകുപ്പിന്റെ അനുമതിയോടെ സ്വതന്ത്രമായ മാനേജ്മെന്റ് സമി തിക്ക് അംഗീകാരം നേടാവുന്നതാണ്.)

**6. നിയമപരിരക്ഷകൾ**

**വയോജനങ്ങൾ നേരിടുന്ന പ്രധാന അതിക്രമങ്ങൾ**

കേരളത്തിൽ വയോജനങ്ങൾ നേരിടുന്ന പ്രധാന അതിക്രമം, അനാദരവ്, മർദനം, വാക്കാലുള്ള നിന്ദയും ശകാരവും, സാമ്പത്തിക ചൂഷണം, അനു ചിതമായ ലൈംഗീക അതിക്രമ ശ്രമങ്ങൾ, ഉപേക്ഷ എന്നിവയാണ്.

**ഊന്നൽ നൽകേണ്ട പ്രവർത്തനങ്ങൾ :**

1. വയോജന പരാതി പരിഹാരസംവിധാനം (വയോജന ജാഗ്രതാ സമിതി)
2. മാതാപിതാക്കളുടേയും മുതിർന്ന പൗരരുടേയും സംരക്ഷണത്തിനും ക്ഷേമ ത്തിനുമുള്ള നിയമം -2007 ഫലവത്തായ നിർവഹണം –(ജാഗ്രതാ സമിതി/ അദാലത്ത്)
3. പൗരാവകാശ സംരക്ഷണ നിയമം 1955
4. അട്രോസിറ്റീസ് ആക്ട് 2015 (പട്ടികജാതി പട്ടികവർഗ വിഭാഗങ്ങൾക്കുള്ള പരിരക്ഷ)

**വയോജന ജാഗ്രതാസമിതി**

വയോജനങ്ങളുടെ ക്ഷേമം മുൻ നിർത്തി വയോജനങ്ങൾക്ക് നേരെയു ണ്ടാകുന്ന സാതന്ത്ര്യനിഷേധം, അവകാശ ലംഘനം, അതിക്രമങ്ങൾ എന്നി

വയിൽ ഇടപ്പെട്ട് പരിഹരിക്കുന്നതിനും അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനും വേണ്ടി തദ്ദേശസ്ഥാപനങ്ങളുടെ നേതൃത്വത്തിൽ പഞ്ചായത്തുകൾ തോറും വയോജന ജാഗ്രതാസമിതി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. (സഉ സാധാ. നം.2776/2018/തസ്വഭവ - 30/10/2018 - നം 3030/2018 തിയതി 29/11/2018), സ.ഉ. (സാധ) 361/2019 തസ്വഭവ, തിയതി 18.02.2019.

**ജാഗ്രതാസമിതിയുടെ ഘടന**

1. ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്
2. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ
3. ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി
4. വയോജനക്ഷേമ മേഖലയിൽ പ്രവർത്തിക്കുന്ന ഒരു സംഘടനാ പ്രതിനിധി.
5. സിഡിഎസ് ചെയർപേഴ്സൺ
6. ഐസിഡിഎസ് സൂപ്പർവൈസർ
7. മെഡിക്കൽ ഓഫീസർ
8. സ്ഥലം ചുമതലയുള്ള എസ്ഐ
9. വില്ലേജ് ഓഫീസർ

മേൽപ്പറഞ്ഞ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾതോറും വയോജന ജാഗ്രതാസമിതി രൂപീകരിക്കേണ്ടതാണ്.

## മെയിന്റനൻസ് ആൻഡ് വെൽഫയർ ഓഫ് പേരന്റ്സ് ആൻഡ് സീനിയർ സിറ്റിസൺസ് ആക്ട്-2007

മുതിർന്ന പൗരരുടെയും മാതാപിതാക്കളുടെയും ക്ഷേമവും പരിരക്ഷയും ഉദ്ദേശിച്ച് ഭാരതസർക്കാർ 2007-ൽ അംഗീകരിച്ച നിയമമാണ് മെയിന്റനൻസ് ആക്ട്. സാമൂഹിക വിരുദ്ധർക്ക് അനായാസം കൈയേറ്റം നടത്താവുന്ന ഒരു വിഭാഗമാണ് മുതിർന്നപൗരർ. കുടുംബാംഗങ്ങളിൽ നിന്നും ഉണ്ടാകുന്ന വഞ്ചനാപൂർവമായ പെരുമാറ്റത്തിനും ശാരീരികവും മാനസികവുമായ പീഡനത്തിനും അവർ പലപ്പോഴും വിധേയരാകാറുണ്ട്. ആഭരണങ്ങൾ, ഭൂസ്വത്ത്, സമ്പാദ്യങ്ങൾ എന്നിവയെ ചൊല്ലി മുതിർന്നവരോട് വീട്ടിലുള്ളവർ പലപ്പോഴും വഴക്ക് കൂടുന്നു. വിധവകളുടെ കാര്യത്തിൽ പരേതനായ ഭർത്താവിന്റെ ഭൂസ്വത്ത് സമ്പാദ്യങ്ങൾ എന്നിവയുടെ അവകാശ പ്രശ്നങ്ങളും കലഹകാരണമായിത്തീരുന്നു. വൃദ്ധജനങ്ങൾക്കെതിരായിട്ടുള്ള അക്രമങ്ങൾ തടയുന്നതിനും സൗഹാർദപൂർവം ജാഗ്രത പുലർത്തുവാനും അവരോട് സഹാനുഭൂതിയും പരിഗണനയും പുലർത്തുന്നതിന് പോലീസിന് നിർദേശം നൽകിയിട്ടുണ്ട്. മാതാപിതാക്കളുടെയും മുതിർന്ന പൗരരുടെയും സേവനത്തിനും സംരക്ഷണത്തിനുമായുള്ള നിയമം സംബന്ധിച്ച വിപുലമായ പ്രചരണ പരിപാടികൾ സംഘടിപ്പിക്കുന്നതിനും സൗജന്യനിയമസഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും നിർദേശമുണ്ട്.

ഈ നിയമം താഴെ പറയുന്ന നിർവചനങ്ങൾ നൽകിയിട്ടുണ്ട്.

- മുതിർന്ന പൗരർ എന്നാൽ 60 വയസ്സിനുമേൽ പ്രായമുള്ളവർ.
- മെയിന്റനൻസ് അഥവ സംരക്ഷണം എന്നാൽ ഭക്ഷണം, വസ്ത്രം, താമസം, ചികിത്സ എന്നിവയ്ക്കാവശ്യമായ കുറഞ്ഞ തുക എന്നർഥം.
- അർഹത - സ്വന്തം വരുമാനത്തിൽ നിന്നോ സ്വത്തുകളിൽനിന്നോ സ്വയം പരിപാലിക്കാൻ സാമ്പത്തിക ശേഷിയില്ലാത്ത അച്ഛനമ്മമാർ മുതിർന്ന ബന്ധു എന്നിവർക്ക് അർഹത.
- കുട്ടികൾ - ബാധ്യസ്ഥരായ കുട്ടികൾ എന്നാൽ പ്രായപൂർത്തിയായ മകൻ, മകൾ, മക്കളുടെ മകൻ എന്നിവരോ ഇവരുടെ അഭാവത്തിൽ അടുത്ത ബന്ധുക്കൾ.
- ട്രിബ്യൂണൽ - ഓരോ സംസ്ഥാനത്തും പരാതികൾ ഒത്തുതീർപ്പാക്കാൻ ട്രിബ്യൂണൽ ഉണ്ടായിരിക്കും സംസ്ഥാന സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി കലക്ടർ, ആർഡിഒ എന്നിവർക്ക് ചുമതല നൽകി.
- പരാതി - പരാതി സ്വയമോ മറ്റ് വ്യക്തികൾ വഴിയോ സമർപ്പിക്കാം.
- സ്വത്ത് - മക്കൾക്കോ ബന്ധുക്കൾക്കോ എഴുതിക്കൊടുത്ത സ്വത്ത് സംരക്ഷണം നൽകാത്ത പക്ഷം തിരിച്ചെടുക്കുന്നതിന് സൗകര്യം.
- റിവേഴ്സ് മോട്ട്ഗെയ്ജ് - മുതിർന്ന പൗരന് മക്കൾക്ക് നൽകേണ്ട സ്വത്ത് ബാങ്കിൽ പണയപ്പെടുത്താവുന്നതും മക്കൾക്ക് പിന്നീട് ബാധ്യത തീർത്ത് സ്വത്ത് കൈപ്പറ്റാവുന്നതുമാണ്.
- സംരക്ഷണത്തിന് ബാധ്യതപ്പെട്ടവരില്ലെങ്കിൽ ഇവരുടെ സംരക്ഷണം സംസ്ഥാനപ്രാദേശിക സർക്കാരുകൾ ഏറ്റെടുക്കേണ്ടതാണ്.
- ട്രൈബ്യൂണലിനു അനുവദിക്കാവുന്ന പരമാവധി പരിരക്ഷ തുക പതിനായിരമായി നിജപ്പെടുത്തിയിരിക്കുന്നു.
- നിയമം നിഷേധിക്കുന്നവർക്ക് മൂന്നു മാസംവരെ തടവും 5000/- രൂപ വരെ പിഴയും രണ്ടുംകൂടി ഒരുമിച്ചും നൽകാവുന്നതാണ്.

## 4.4 കേന്ദ്ര-സംസ്ഥാനാവിഷ്കൃത പരിപാടികൾ

### സമഗ്രസാമൂഹ്യസുരക്ഷാ സഹായങ്ങൾ

### എ)സാമൂഹ്യ സുരക്ഷ - സേവനങ്ങൾ

തദ്ദേശസ്വയംഭരണസ്ഥാപനം മുഖേന നൽകുന്ന പെൻഷനുകളും ധനസഹായങ്ങളും.

## 1. സാമൂഹ്യസുരക്ഷാ പെൻഷനുകൾ

| ക്ര.നം | സ്കീമിന്റെ പേര് | ലഭ്യമാകുന്ന ആനുകൂല്യം | അർഹതാ മാനദ ണ്ഡം | അപേക്ഷ നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | വാർധക്യകാല പെൻഷൻ | 60 വയസ്സ് പൂർത്തിയായ വർക്ക് 1400/- 75 വയസ്സി ന് മുകളിൽ 1500/- | 1. കുടുംബ വാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ.<br>2. 60 വയസ്സ് പൂർത്തി യായിരിക്കണം<br>3. 3 വർഷം കേരള ത്തിൽ സ്ഥിരതാമസം ഉണ്ടായിരിക്കണം<br>4. മറ്റ് സാമൂഹ്യ സു രക്ഷാപെൻഷനുകൾ കൈപ്പറ്റുന്നവർ ആക രുത്. | തദ്ദേശഭര ണസ്ഥാപ നത്തിൽ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖക ളോടെ |
| 2 | വിധവാ പെൻഷൻ | 1400 രൂപ | 1. കുടുംബവാർഷിക വരുമാനപരിധി ഒരു ലക്ഷം രൂപ<br>2. നിരാലംബരും നിരാശ്രയരും ആയ വിധവകൾ<br>3. വിധവകളും, പുനർ വിവാഹം നടത്താവ രും | തദ്ദേശഭര ണസ്ഥാപ നത്തിൽ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖക ളോടെ |
| 3 | വികലാംഗ പെൻഷൻ- | 1400/- രൂപ. വികലാം ഗത്വം 80% കൂടുതലാണെ ങ്കിൽ ഉയർ ന്ന നിരക്ക് ബാധകമാണ്. (നിലവിൽ 150/- രൂപ) | കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ അംഗ വൈകല്യം 40% എങ്കി ലും ഉണ്ടായിരിക്കണം (അസ്ഥി വൈകല്യം) മറ്റു വൈകല്യങ്ങൾക്ക് നിബന്ധനകൾ വ്യ ത്യസ്തമാണ്. | തദ്ദേശഭര ണസ്ഥാപ നത്തിൽ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖക ളോടെ |
| 4 | കർഷക ത്തൊഴിലാളി പെൻഷൻ- | 1400/- രൂപ | കുടുംബ വാർഷിക വരുമാനം ഒരു ലക്ഷം രൂപയിൽ കവിയാൻ പാടില്ല. കർഷക തൊഴിലാളി ക്ഷേമ നിധിയിൽ അംഗമാ യിരിക്കണം. അപേ ക്ഷാ തീയതിയിൽ 60 വയസ്സ് തികഞ്ഞിരി ക്കണം. | തദ്ദേശഭര ണസ്ഥാപ നത്തിൽ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖക ളോടെ |

| | | | | |
|---|---|---|---|---|
| 5 | അമ്പത് വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1400/- രൂപ | കുടുംബവാർഷിക വരുമാന പരിധി ഒരു ലക്ഷം രൂപ 50 വയസ്സ് പൂർത്തിയായ അവിവാഹിതർ. കേരളത്തിൽ സ്ഥിര താമസക്കാരിയായിരിക്കണം. അവിവാഹിതരായ അമ്മമാർക്കും അർഹത. | തദ്ദേശഭരണസ്ഥാപനത്തിൽ നിശ്ചിത ഫോറത്തിൽ ആവശ്യമായ രേഖകളോടെ |
| 6 | ചെറുകിട നാമമാത്ര കർഷക പെൻഷൻ | 1400/- രൂപ | 60 വയസ്സു കഴിഞ്ഞ മാർജിനൽ കൃഷിക്കാർ, മറ്റു വെൽഫയർ സ്കീമുകളിൽ അംഗമായിരിക്കരുത് | അഗ്രി കൾച്ചറൽ ഓഫീസർ |
| 7 | വ്യാപാരികൾക്കുള്ള പെൻഷൻ | 750-1250 രൂപ വരെ | മർച്ചന്റ് വെൽഫെയർ സ്കീമിൽ അംഗങ്ങളായ വ്യാപാരികളും വ്യവസായികളും | മർച്ചന്റ് വെൽഫയർ ഫണ്ട് |

## ബി) വയോജനങ്ങൾക്കായുള്ള കേരള സർക്കാർ പരിപാടികൾ

| ക്ര.നം | സ്കീമിന്റെ പേര് | ലഭ്യമാകുന്ന ആനുകൂല്യം | അർഹതാ മാനദണ്ഡം | അപേക്ഷ നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | വൃദ്ധ സദനം | അംഗീകാരമുള്ള സ്ഥാപനങ്ങൾക്ക് ആളോഹരി - 750 രൂ | ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് & റൂൾസ് അനുസരിച്ചുള്ള അംഗീകാരമുള്ളവർക്ക് സാമൂഹ്യനീതി വകുപ്പ് മുഖേന | ബന്ധപ്പെട്ട വൃദ്ധസദനത്തിൽ നേരിട്ട് |
| 2 | സായംപ്രഭ ഭവനങ്ങൾ | 60 ന് മേൽ പ്രായമുള്ളവർക്ക് പകൽസമയ പരിപാലനം, വൈദ്യ സഹായം | തദ്ദേശസ്ഥാപന പിൻതുണയോടെ സാമൂഹ്യനീതി വകുപ്പ് ഏർപ്പെടുത്തുന്നു | സാമൂഹ്യ നീതി വകുപ്പ് |
| 3 | വയോ മിത്രം | 65 ന് മേൽ പ്രായമുള്ളവർക്ക് നഗരപ്രദേശങ്ങളിൽ മൊബൈൽ ക്ലിനിക്കും പാലിയേറ്റിവ് സേവനവും | സംവിധാനങ്ങൾ ഒരുക്കാൻ തയ്യാറുള്ള നഗരസഭകൾ. നിശ്ചയിച്ചിട്ടുള്ള വിഹിതം അടക്കണം | കേരള സാമൂഹ്യ സുരക്ഷാ മിഷൻ |

| | | | | |
|---|---|---|---|---|
| 4 | ജില്ലാതല വൃദ്ധ സദനം | പരിചരണവും, സംരക്ഷണവും | 60 വയസ്സ് കഴിഞ്ഞ കുടുംബ പിൻതുണ ഇല്ലാത്ത ദുർബല രായ വൃദ്ധർക്ക് | ജില്ലാ സാമൂഹ്യനീതി ഓഫീസ്/ വൃദ്ധസദനം |
| 5 | പോലീസ് ജനമൈത്രി സുരക്ഷ | പോലീസ് സുരക്ഷ ആവശ്യമുള്ള വയോജനങ്ങൾക്ക് | വയോജനക്ഷേമ നിയമത്തിന്റെ പരിധിയിൽ വരുന്നവർ (MWPS Act) | ബന്ധപ്പെട്ട പോലീസ് സ്റ്റേഷൻ |
| 6 | ഹോം ഫോർ ദ എയ്ജ്ഡ് ഡിഫ റൻഷ്യൽ ഏബിൾഡ് | പരിചരണവും, സംരക്ഷണവും | 55 വയസ്സിന് മേൽ പ്രായമുള്ള ആരും പരിചരിക്കാൻ സഹായമില്ലാത്ത ഭിന്നശേഷിക്കാർ ജില്ലാ പ്രൊബേഷന റി ഓഫീസർ/മെഡി ക്കൽ ഓഫീസറുടെ ശുപാർശയോടെ | ആലപ്പുഴ, വയനാട്, ഇടുക്കി, പാലക്കാട് സ്ഥാപന സൂപ്രണ്ടിന് |
| 7 | ഹോമിയോ സ്പെ ഷ്യാലിറ്റി സെന്റർ | ജീവിതശൈലീ രോഗ ചികിത്സ, ഡി അഡിക്ഷൻ ചികിത്സ | സൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള ഹോമിയോ ആശു പത്രികളും, സ്പെ ഷ്യാലിറ്റി സെന്ററു കളും | നേരിട്ടുള്ള സേവനം |
| 8 | ആയുർ വേദ ആശു പത്രി | പക്ഷാഘാത രോ ഗികൾക്ക് കിടത്തി ചികിത്സയും ബോ ധവൽക്കരണവും | സൗകര്യങ്ങൾ ഉള്ള ജില്ലാ ആയുർവേദ ആശുപത്രികൾ | നേരിട്ടുള്ള സേവനം- അടുത്തുള്ള ആയുർവേദ ഡിസ്പെൻ സറിയിൽ അന്വേഷി ക്കുക |
| 9 | മന്ദഹാസം | 60 കഴിഞ്ഞ പല്ല് നഷ്ടപ്പെടുന്നവർ ക്ക് കൃതിമ പല്ല് വെക്കുന്നതിനുള്ള ധനസഹായം- 5000 രൂപ | ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മു തിർന്ന പൗരർ പല്ലുമാറ്റിവെക്കൽ സൗകര്യമുള്ള സർക്കാർ ആശുപ ത്രിയിൽ നിന്നും സാക്ഷിപത്രം ലഭ്യ മായവർ. നിർദിഷ്ട ഫോറത്തിൽ ഉള്ള അപേക്ഷ | ജില്ലാ സാമൂഹ്യനീതി ഓഫീസർ |

| | | | | |
|---|---|---|---|---|
| 10 | സമാശ്വാസം -1 | ഡയാലിസിസ് ആവശ്യമായവർക്ക് പ്രതിമാസം 1130 രൂപ | ദാരിദ്ര്യരേഖക്ക് താഴെ ഉള്ളവർ വൃക്കരോഗ വിദഗ്ധർ നൽകുന്ന സാക്ഷിപത്രത്തോടുകൂടി | ശിശുവികസന ഓഫീസർ വഴി ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് |
| 11 | സമാശ്വാസം - 3,4 | ഹീമോഫീലിയ സിക്കിൾസെൽ അനീമിയ എന്നിവ ബാധിച്ചവർക്ക് 1300 രൂപ | ഹീമോഫീലിയ, സിക്കിൾസെൽ രോഗിയാണെന്ന് സർട്ടിഫിക്കറ്റ് സഹിതം അപേക്ഷ | സാമൂഹ്യസുരക്ഷാ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ |

(MWPS Act)- Maintanace and Welfare of Parents and Senior Citizen Act

## സി) വയോജനങ്ങൾക്കായുള്ള കേന്ദ്രാവിഷ്കൃത പരിപാടികൾ

| ക്ര.നം | സ്കീമിന്റെ പേര് | ലഭ്യമാകുന്ന ആനുകൂല്യം | അർഹതാ മാനദണ്ഡം | അപേക്ഷ നൽകേണ്ട സ്ഥാപനം |
|---|---|---|---|---|
| 1 | വൃദ്ധസദനം (ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ എൽഡർ പീപ്പിൾ) | അംഗീകാരമുള്ള സന്നദ്ധസംഘടനകൾക്ക് 25 പേരുള്ള വൃദ്ധസദനം നടത്തുന്നതിനുള്ള ഗ്രാന്റ് | ഓർഫനേജ് കൺട്രോൾ ബോർഡ് ആക്ട് & റൂൾസ് അനുസരിച്ചുള്ള അംഗീകാരവും സന്നദ്ധസംഘടന രജിട്രേഷനും (സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം) | സാമൂഹ്യനീതി വകുപ്പ്. കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം |
| 2 | വൃദ്ധസദനം (ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഫോർ എൽഡർ പീപ്പിൾ) | നഗരസഭകൾക്ക് | സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം | സാമൂഹ്യനീതി വകുപ്പ്. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം |
| 3 | ഡെകെയർ ഫോർ അൽഷിമേഴ്സ് അഫക്ടഡ് | അംഗീകാരമുള്ള സന്നദ്ധസംഘടനകൾക്ക് ആവശ്യമായ മുൻപരിചയം ലഭ്യമെങ്കിൽ സെന്റർ നടത്തുന്നതിനുള്ള ഗ്രാന്റ് | സന്നദ്ധസംഘടന രജിട്രേഷനും (സ്ഥലവും കെട്ടിടവും ഉണ്ടായിരിക്കണം) | സാമൂഹ്യനീതി വകുപ്പ്. കേന്ദ്ര സാമൂഹ്യനീതി മന്ത്രാലയം |

| | | | | |
|---|---|---|---|---|
| 4 | പ്രധാനമന്ത്രി സുരക്ഷഭീമായോജന (PMSBY) | അപകടമരണ ഇൻഷുറൻസ് 2 ലക്ഷം വരെ | സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് ഉള്ളവർ പ്രതിവർഷം 12 രൂപ പ്രീമിയം | ബന്ധപ്പെട്ട ബാങ്കുകൾ/പോസ്റ്റ് ഓഫീസ് |
| 5 | നാഷണൽ പ്രോഗ്രാം ഫോർ ഹെൽത്ത് കെയർ ഓഫ് എൽഡേർലി | വയോജനങ്ങൾ പ്രത്യേക ആരോഗ്യ പരിശോധനയും ജില്ലാആശുപത്രികളിൽ ജറിയാട്രിക്ക് വാർഡും | വയോജനങ്ങൾക്ക് ആരോഗ്യ സ്ഥാപനങ്ങൾ വഴി | നേരിട്ടുള്ള സേവനം |
| 6 | ലഹരിവിമുക്ത ചികിത്സാ കേന്ദ്രങ്ങൾ | അംഗീകാരമുള്ള സന്നദ്ധ സംഘടനകൾക്ക് ആവശ്യമായ സംവിധാനങ്ങളും ജീവനക്കാരും ലഭ്യമാണെങ്കിൽ കേന്ദ്ര ഗ്രാന്റ് | മൂന്ന് വർഷം പൂർത്തിയായ മേജർ, എൻ ജി ഒ | സാമൂഹ്യ നീതി വകുപ്പ്. കേന്ദ്ര സാമൂഹ്യ നീതി മന്ത്രാലയം |
| 7 | പി എം കിസാൻ യോജന * | പ്രതിവർഷം 6000 രൂപ | 60 വയസ്സു കഴിഞ്ഞ ചെറുകിട മാർജിനൽ കർഷകർക്ക് | അഗ്രികൾച്ചറൽ ഓഫീസർ, എൽ ഐസി |

## ദുരന്തനിവാരണവും വയോജനങ്ങളും

പ്രകൃതി ദുരന്തങ്ങളും, മഹാമാരികളും, വ്യക്തിഗത ദുരന്തങ്ങളും ഏറ്റവും കൂടുതൽ ബാധിക്കുന്ന വിഭാഗങ്ങളിലൊന്ന് വയോജനങ്ങളാണ്. വയോജനങ്ങളുടെ പ്രശ്നങ്ങളും ഊന്നലുകളും എന്ന വിവരണത്തിൽ ഈ വിഭാഗം നേരിടുന്ന രൂക്ഷമായ പ്രശ്നങ്ങൾ സൂചനയായി നൽകിയിട്ടുണ്ട്. ദുരന്തവേളകളിൽ ഈ പ്രശ്നങ്ങളുടെ സങ്കീർണത എത്രമാത്രം രൂക്ഷതരമായിരിക്കും. റസ്ക്യു, റീഹാബിലിറ്റേഷൻ എന്നീ രണ്ടു കാര്യങ്ങളിലും ആരോഗ്യമുള്ളവരിൽ നിന്നും ഇവരുടെ നില വളരെ താഴെയാണ്. പലർക്കും സ്വയം രക്ഷ നേടുന്നതിനുള്ള കായികപ്രാപ്തി വളരെ കുറവായിരിക്കും. അതോടൊപ്പം രോഗങ്ങൾ ബാധിക്കുന്നതിനുള്ള സാധ്യത (മരണം) പൊതുഭക്ഷണം മതിയാകാതെ വരിക, തണുപ്പ് ബാധ, ശൗചാദികാര്യങ്ങളിലെ പ്രശ്നങ്ങൾ എന്നിവ പ്രത്യേകം ശ്രദ്ധ വേണ്ടിവരുന്നതായി കാണാം. അതുകൊണ്ടുതന്നെ ഏത് ദുരന്തനിവാരണ ആസൂത്രണത്തിലും ഇവരുടെ പ്രശ്നം വ്യക്തിനിഷ്ഠമായി വിലയിരുത്തുകയും ദുരന്തസേവകർക്ക് പ്രത്യേക പ്രോട്ടോകോൾ നിർദേശിക്കുകയും ചെയ്യുന്നത് ഏറെ പ്രധാനമാണ്.

## 4.5 തദ്ദേശഭരണസ്ഥാപന മാതൃകകൾ

### 1. വയോജനക്ഷേമം പകൽവീട് ഒരു റിസോഴ്സ് സെന്റർ - മലയാലപ്പുഴ ഗ്രാമപ്പഞ്ചായത്ത്

കോന്നി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും വയോജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ഗ്രാമപ്പഞ്ചായത്തിന് അനുവദിച്ച 12 ലക്ഷം രൂപ ഉപയോഗിച്ച് ഗ്രാമപ്പഞ്ചായത്തിന് സമീപം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 4 സെന്റ് സ്ഥലത്ത് പകൽവീടിനായി സ്വന്തമായി ഒരു കെട്ടിടം നിർമിക്കാൻ തീരുമാനമെടുത്തു. റോഡിനോട് ചേർന്നുകിടക്കുന്ന കെട്ടിടത്തിൽ ടൈൽസ് പാകിയ മുറ്റം, വിശാലമായ വരാന്ത, കിടപ്പുമുറി, ശുചിമുറി, വിശ്രമമുറി എന്നീ സൗകര്യങ്ങളും, കുടിവെള്ളം, വൈദ്യുതി, ചുറ്റുമതിൽ, ഗേറ്റ് തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.

**പകൽ വീട് മുഖേന ഇപ്പോൾ ലഭ്യമാക്കികൊണ്ടിരിക്കുന്ന സേവനങ്ങൾ**

- വിശ്രമകേന്ദ്രം
- ടിവി, പത്രം, ലൈബ്രറി സൗകര്യങ്ങൾ
- വിനോദ ഉപാധികളായ ക്യാരംസ്, ചെസ്സ്
- പാലയേറ്റീവ് നഴ്സ് സേവനം
- മെഡിക്കൽ ഓഫീസറുടെ സേവനം (ആയൂർവേദം, അലോപ്പതി)
- ആയയുടെ സേവനം (7000രൂപ പ്രതിമാസം)

### 2. തൂണേരി ബ്ലോക്ക് പഞ്ചായത്ത് - വയോജന വിവരശേഖരണം

ഗ്രാമ- ബ്ലോക്ക് പഞ്ചായത്തുകളിൽ വയോജന പദ്ധതി പ്രഖ്യാപിച്ച കേരളത്തിലെ ആദ്യ ബ്ലോക്ക് പഞ്ചായത്താണ് കോഴിക്കോട് ജില്ലയിലെ തൂണേരി ബ്ലോക്ക് പഞ്ചായത്ത്. പുറമേരി, നാദാപുരം, എടച്ചേരി, വളയം, ചെക്യാട്, തൂണേരി, വാണിമേൽ എന്നീ ഗ്രാമപ്പഞ്ചായത്തുകൾ തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്നു. നയപ്രഖ്യാപനത്തിന് മുന്നോടിയായി ബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ 7 ഗ്രാമപ്പഞ്ചായത്തുകളിലെയും വയോജനങ്ങളുള്ള എല്ലാ വീടുകളിലും സർവേനടത്തുകയും വിശദമായ വിവരശേഖരണം നടത്തുകയും ചെയ്തു. ആയതിന്റെ സംക്ഷിപ്ത വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്ര.നം | ഗ്രാമപ്പഞ്ചായത്തിന്റെ പേര് | വാർഡുകൾ | ജനസംഖ്യ | വയോജനങ്ങൾ | ശതമാനം |
|---|---|---|---|---|---|
| 1 | എടച്ചേരി | 17 | 25036 | 3607 | 14.4 |
| 2 | പുറമേരി | 17 | 25405 | 3534 | 13.49 |
| 3 | തൂണേരി | 15 | 21780 | 2789 | 12.8 |
| 4 | നാദാപുരം | 22 | 38111 | 4332 | 11.36 |
| 5 | വളയം | 14 | 17549 | 2322 | 13.23 |

| | | | | | |
|---|---|---|---|---|---|
| 6 | വാണിമേൽ | 16 | 23422 | 2617 | 11.17 |
| 7 | ചെക്യാട് | 15 | 21934 | 2402 | 10.95 |
| | ആകെ | 116 | 173237 | 2160 | 12.46 |

### 3. വയോജനങ്ങൾക്ക് വ്യായാമത്തിനുള്ള ഹെൽത്ത് ക്ലബ്ബ് – മുട്ടിൽ ഗ്രാമപ്പഞ്ചായത്ത്

വയനാട് ജില്ലയിലെ മുട്ടിൽ ഗ്രാമപ്പഞ്ചായത്തിൽ 2017-18 വർഷിക പദ്ധതിയിൽ 345204 രൂപ വകയിരുത്തി നൂതന പ്രോജക്ടായി ഏറ്റെടുത്ത് വയോജനങ്ങൾക്ക് ഹെൽത്ത് ക്ലബ്ബ് എന്ന പദ്ധതി നടപ്പിലാക്കി. പ്രസ്തുത പ്രോജക്ടിൽ 1,75,204 രൂപ വ്യായാമ ഉപകരണങ്ങൾ വാങ്ങുന്നതിനും ഉപകരണങ്ങൾ പരിശീലിപ്പിക്കുന്നതിനും യോഗ പരിശീലനത്തിനുമായി ഇൻസ്ട്രക്ടർക്ക് മാസം 7,000 രൂപ തോതിൽ 70,000 രൂപയും, കേന്ദ്രത്തിൽ എത്തുന്ന വയോജനങ്ങൾക്ക് ഡോക്ടറുടെ നിർദേശ പ്രകാരം പോഷകമൂല്യമുള്ള ആഹാരങ്ങൾ കേന്ദ്രത്തിൽ നൽകുന്നതിന് 1,00,000 രൂപയും വകയിരുത്തി. ഡോക്ടറുടെ ശുപാർശ പ്രകാരം വയോജനങ്ങൾക്ക് ഉപയോഗിക്കാൻ അനുയോജ്യമായ തരത്തിലുള്ള Elliptical EL20, Cycle RB 20, Treadmill TM 20, Dumbells, എന്നീ ഉപകരണങ്ങൾ ടെണ്ടർ മുഖേന വാങ്ങുകയും പകൽ വീടിനോട് ചേർന്നുള്ള ഹെൽത്ത് ക്ലബ്ബിൽ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

ജീവിത ശൈലീ രോഗം മൂലം വയോജനങ്ങൾക്ക് ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾക്ക് പ്രതിവിധിയായി വ്യായാമം ചെയ്യുന്നതിനും, യോഗ പരിശീലിക്കുന്നതിനും സൗകര്യമൊരുക്കി പ്രതിരോധ ശേഷി വർധിപ്പിക്കലാണ് ഈ പദ്ധതി വഴി ലക്ഷ്യമിടുന്നത്. പകൽ വേളകളിൽ വീടുകളിൽ ഒറ്റപ്പെടുന്ന വയോജനങ്ങൾക്ക് മാനസികോല്ലാസവും ശാരീരികോല്ലാസവും ഉണ്ടാക്കുന്നതിന് അവസരമൊരുക്കുക. വ്യായാമമുറകൾ പരിശീലിപ്പിക്കുക, യോഗ പരിശീലിപ്പിക്കുക, പോഷകാഹാരത്തോടുകൂടിയ ഉച്ചഭക്ഷണം നൽകുകയും കൃത്യമായ ഇടവേളകളിൽ മെഡിക്കൽ പരിശോധനകൾ നടത്തി ആവശ്യമായ വ്യായാമമുറകൾ നിർദേശിക്കുന്നു. പഞ്ചായത്തിന്റെ മറ്റൊരു പ്രോജക്ടായ സ്നേഹസ്പർശം എന്നതിലൂടെ പരിശീലനം ലഭിച്ച വനിതകൾ വീടുകൾ തോറും സന്ദർശിച്ച് ബ്ലഡ്പ്രഷർ, ഷുഗർ എന്നിവ പരിശോധിക്കുകയും വ്യായാമം ആവശ്യമായ വയോജനങ്ങളെ ഹെൽത്ത് ക്ലബ്ബിലേക്ക് ശുപാർശ ചെയ്യുകയും ചെയ്യുന്നു. പകൽ വീട് സ്ഥിതിചെയ്യുന്നത് പഞ്ചായത്ത് ബസ് സ്റ്റാൻഡിനോട് ചേർന്ന് ആയതിനാൽ വയോജനങ്ങൾക്ക് എളുപ്പത്തിൽ ഹെൽത്ത് ക്ലബ്ബിലേക്ക് എത്തിപ്പെടാൻ സഹായകമാകുന്നു. സെന്ററിലെത്തുന്ന വയോജനങ്ങളുടെ ബി.പി, ഷുഗർ എന്നിവ പരിശോധിച്ച് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും കൃത്യമായ ഇടവേളകളിൽ നടത്തുന്ന പരിശോധനയിലെ വ്യതിയാനം അനുസരിച്ച് പഞ്ചയത്തിന്റെ കീഴിലുള്ള അലോപ്പതി, ഹോമിയോ, ആയുർവേദ ഡോക്ടർമാരുടെ സാന്നിധ്യം ഉറപ്പാക്കി മാസത്തിൽ ഒരിക്കൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുകയും മരുന്ന് വിതരണവും നടത്തി ആരോഗ്യ സ്ഥിതി മെച്ചപ്പെടുത്തുകയും ചെയ്യുന്നു. 26/05/2018 ന് ഉദ്ഘാടനം

ചെയ്ത ഹെൽത്ത് ക്ലബ്ബിലേക്ക് മുട്ടിൽ നോർത്തിൽ നിന്നും 25 പേർ അടങ്ങുന്ന ആദ്യ ബാച്ചിന് 8.00 മണി മുതൽ 11.30 മണി വരേയും മുട്ടിൽ സൗത്തിൽ നിന്നും രജിസ്റ്റർ ചെയ്ത 25 പേർ അടങ്ങുന്ന രണ്ടാമത്തെ ബാച്ചിന് 2.30 മുതൽ 5.30 വരേയും വ്യായാമം ചെയ്യാനുള്ള സൗകര്യം ഒരുക്കുന്നു. ഇടവേളകളിൽ ടി.വി, പത്രം, ആരോഗ്യ സംബന്ധമായ ക്ലാസുകൾ, ചർച്ചകൾ എന്നിവയും സംഘടിപ്പിക്കുന്നു.

**4. വയോജനസൗഹൃദ ഗ്രാമപ്പഞ്ചായത്ത് – വെള്ളിയാമറ്റം**

വയോജന സർവേ ഫലങ്ങൾ വിശകലനം ചെയ്തപ്പോൾ വെള്ളിയാമറ്റം ഗ്രാമപ്പഞ്ചായത്തിൽ അധിവസിക്കുന്ന പട്ടികവർഗവിഭാഗങ്ങൾ ഏറെ പരിചരണം ആവശ്യമുള്ളവരാണ് എന്ന് മനസ്സിലാക്കാൻകഴിഞ്ഞു. തുടർന്ന് പട്ടികവർഗക്കാർ താമസിക്കുന്ന പ്രദേശങ്ങൾ കേന്ദ്രീകരിച്ച് വയോജനങ്ങളുടെ പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിക്കുകയുണ്ടായി. അങ്ങിനെയാണ് സൂക്ഷ്മ തലത്തിൽ അവരുടെ പ്രശ്നങ്ങൾ കണ്ടെത്താൻ കഴിഞ്ഞത്. ഗോത്ര മേഖലയിൽ ഒരു പകൽ വീടിന് രൂപംകൊടുക്കാൻ പഞ്ചായത്ത് തീരുമാനിച്ചു. 2003 ൽ നിർമിച്ച ഒരു കെട്ടിടം നവീകരിച്ചും, അനുബന്ധ സൗകര്യങ്ങൾ ഒരുക്കിയും 30 മുതിർന്ന പൗരർക്ക് ഒരേസമയം വിശ്രമിക്കാനും വിനോദം പങ്കുവെക്കാനും കഴിയുംവിധം പകൽ വീട് ഒരുക്കിയെടുത്തു. വയോജന സൗഹൃദാന്തരീക്ഷം ഉറപ്പുവരുത്തുന്നതിനാവശ്യമായ എല്ലാ ക്രമീകരണവും ഈ കേന്ദ്രത്തിൽ ഉറപ്പു വരുത്തി. കെയർടേക്കർ ആയി ഒരു നഴ്സിനെ കരാർ വ്യവസ്ഥയിൽ ചുമതലപ്പെടുത്തി. പോഷകപ്രദമായ ഭക്ഷണം കുടുംബശ്രീ വഴി ലഭ്യമാക്കി. പകൽവീട്ടിൽ എത്തുന്ന എല്ലാ വയോജനങ്ങളുടെയും ആരോഗ്യ പരിപാലനം പ്രാഥമികാരോഗ്യ കേന്ദ്രം, ആയുർവേദം, ഹോമിയോ വഴി പഞ്ചായത്ത് ഉറപ്പു വരുത്തി. എല്ലാ മുതിർന്ന പൗരർക്കും ഹെൽത്ത് കാർഡ് നൽകുകയുണ്ടായി. മാനസികോല്ലാസത്തിനും വിനോദത്തിനുമുള്ള എല്ലാ സൗകര്യങ്ങളും ഈ പകൽ വീട്ടിലൊരുക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് ഗ്രാമപ്പഞ്ചായത്തിന്റെ നേട്ടം.

**5. വയോജന സൗഹൃദ വികസന പദ്ധതി – അരിമ്പൂർ ഗ്രാമപ്പഞ്ചായത്ത്**

അരിമ്പൂർ ഗ്രാമപ്പഞ്ചായത്തിലെ 60 വയസ്സുകഴിഞ്ഞ മുഴുവൻ പേരെയും ഗുണഭോക്താക്കളായി കണ്ട് അവർ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഒരു സർവേയിലൂടെ കണ്ടെത്തുകയും ചെയ്തു. തുടർന്ന് അവർക്കുവേണ്ടി പ്രത്യേക ഗ്രാമസഭകൾ എല്ലാ വാർഡുകളിലും പഞ്ചായത്ത് തലത്തിലും നടത്തുകയുണ്ടായി. വാർഡ്/ പഞ്ചായത്ത്തലത്തിൽ വയോജന ക്ലബുകൾ രൂപീകരിച്ചു. തുടർന്ന് സംഭാവനയായി ലഭിച്ച 5 സെന്റ് ഭൂമിയിൽ ഗ്രാമപ്പഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിന്റെയും വിഹിതം ഉപയോഗിച്ച് സംയോജിത പ്രോജക്ടായി ഒരു പകൽ വീട് (പകൽപരിപാലന കേന്ദ്രം) നിർമിച്ചു. ഓരോ വാർഡിലേയും സ്ഥലസൗകര്യമുള്ള അങ്കണവാടികളിൽ ഉപഗൃഹ പകൽ വീടുകളും വാർഡുതല വയോജന ഫോറങ്ങളും രൂപീകരിച്ചു. ഈ സമിതികൾ പ്രശ്നപരിഹാരത്തിനായി നിർദേശങ്ങൾ സമർപ്പിച്ചു. കേന്ദ്ര പകൽവീട്ടിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നതോടൊപ്പം വയോജനങ്ങൾക്ക് സഹായം നൽകുന്ന സേവനകേന്ദ്രവും ആരംഭിച്ചു. റെയിൽവേ ടിക്കറ്റ് റിസർവേഷൻ, ആരോഗ്യ

ഇൻഷുറൻസ്, പെൻഷൻ, തുടങ്ങിയവയ്ക്കായി സേവനങ്ങൾ ഏർപ്പെടുത്തി. സംഘടന രൂപീകരിച്ച് ആശുപത്രികളിൽ പ്രത്യേക ക്യൂ, ജെറിയാട്രിക് മെഡിസിൻ ലഭ്യത, ഡോക്ടർമാർക്കും നഴ്സ്മാർക്കും പ്രത്യേക പരിശീലനം നൽകി ജറിയാട്രിക് സേവന കേന്ദ്രം ഏർപ്പെടുത്തുന്നതിന് മുൻകൈ എടുത്തു. പൊതുജനപങ്കാളിത്തത്തോടെ ക്യാമ്പു ദിവസങ്ങളിൽ ഭക്ഷണ വിതരണം, സ്ഥാപനത്തിൽ കുടിവെള്ളമുൾപ്പടെയുള്ള സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുവാൻ കഴിഞ്ഞു. വയോജനങ്ങൾക്കായി പ്രത്യേക വികസനസെമിനാർ നടത്തി. പ്രത്യേക വികസനരേഖ പ്രസിദ്ധീകരിച്ചു. വാർഷിക പ്രവർത്തന പരിപാടികൾ പ്രഖ്യാപിച്ച് 18 വയോജനക്ലബ്ബുകൾ രൂപീകരിച്ച് പഞ്ചായത്തു തലത്തിൽ രജിസ്റ്റർ ചെയ്തു. മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിന് വയോജന മ്യൂസിക്ക് ട്രൂപ്പ് രൂപീകരിച്ചു. 60 വയസ്സു കഴിഞ്ഞവർ സംഗീത പരിശീലനം നടത്തി. 100 പേരടങ്ങുന്ന പഞ്ചായത്തുതല മ്യൂസിക്ക് ട്രൂപ്പിന്റെ രൂപീകരണം നടന്നു. യാതൊരുവിധ ഗ്രാന്റോ, തദ്ദേശഭരണസ്ഥാപനത്തിന്റെ സാമ്പത്തിക സഹായമോ കൂടാതെ വയോജനമേഖലയിൽ ചാരിറ്റബിൾ ആക്ടിൽ രജിസ്റ്റർ ചെയ്ത് 'സുമിത്ര അരിമ്പൂർ' എന്ന സംഘടന പ്രവർത്തിക്കുന്നു. കൗൺസലിങ്ങ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. വയോജനങ്ങൾക്ക് അവരുടേതായ പ്രശ്നങ്ങളും അവശതകളുമുണ്ടെന്ന് സമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന് വയോജനസൗഹൃദപരമായ മനോഭാവം സൃഷ്ടിക്കുവാൻ മുൻകൈ എടുക്കുന്നതിനു ഈ പദ്ധതിക്ക് കഴിയുന്നുണ്ട്. വയോജന ജാഗ്രതാസമിതി രൂപീകരിച്ചു. 2019 ഒക്ടോബർ 1ന് വയോജനദിന ആഘോഷത്തിൽ വെച്ച് വയോജനരേഖ പ്രകാശനം, കർമപരിപാടികളുടെ പ്രഖ്യാപനം എന്നിവ നടത്തി.

### 6. എഴുപത് വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് പോഷകാഹാരം- ആലപ്പാട് ഗ്രാമപ്പഞ്ചായത്ത്

തീരദേശമത്സ്യബന്ധന ഗ്രാമമായ ആലപ്പാട് ഗ്രാമപ്പഞ്ചായത്തിലെ സാമ്പത്തിക പിന്നോക്കാവസ്ഥയിലുള്ളതും ആരോഗ്യസ്ഥിതി മോശമായതുമായ 70 വയസ്സിനുമേൽ പ്രായമുള്ളവരും ആശ്രയപദ്ധതിയിലുൾപ്പെടാത്തവരും ആയവരെ കണ്ടെത്തി അവർക്കാവശ്യമായ പോഷകാഹാരം ഉറപ്പു വരുത്തുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. സംസ്ഥാന ന്യൂട്രീഷ്യൻ ഓഫീസർ ഡോ. ശ്രീലതാകുമാരിയുമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നുറുക്ക് ഗോതമ്പ് - 2 കി.ഗ്രാം, കൂവരക് - 2 കി.ഗ്രാം, അവൽ - 2 കി.ഗ്രാം, ശർക്കര - 500 ഗ്രാം, പയർ - 750 ഗ്രാം, കടല - 750 ഗ്രാം എന്നിവ ഉൾക്കൊള്ളിച്ച ഒരു കിറ്റാണ് ഗുണഭോക്താവിന് നൽകുന്നത്. ആരോഗ്യമുള്ള കാലത്ത് കടലിൽ ജോലിചെയ്തവരും ജീവിതസായാഹ്നങ്ങളിൽ പാർശ്വവൽക്കരിക്കപ്പെട്ടവരുമാണ് വൃദ്ധരിൽ ഭൂരിഭാഗവും. കിറ്റ് വിതരണം ചെയ്യുന്നതിലൂടെ ഏറെ കരുതലും സംരക്ഷണവും ആവശ്യമായിവരുന്ന ദുർബലവിഭാഗത്തിൽപ്പെട്ട 70 വയസ്സിന് മുകളിൽ പ്രായമുള്ള വയോജനങ്ങൾക്ക് പോഷകമൂല്യമുള്ള ഭക്ഷണം നൽകാനും അതിലൂടെ അവരുടെ രോഗപ്രതിരോധശേഷി വർധിപ്പിക്കുവാനും സാധിക്കുന്നു. ട്രാൻസ്ഫോർമിങ്ങ് ആലപ്പാട് എന്ന വികസന പരിപാടിയുടെ ഭാഗമായിട്ടുള്ള പ്രോജക്ടാണിത്. ട്രാൻസ്ഫോർമിങ്ങ് ആലപ്പാടിന്റെ നാല് ലക്ഷ്യങ്ങളിൽ ഒന്നാണ് പഞ്ചായത്തിനെ വയോജനസൗഹൃദ പഞ്ചായത്താക്കുകയെന്നത്.

## 4.6 വയോജനസൗഹൃദ കർമപരിപാടി ആസൂത്രണം

വയോജനസൗഹൃദ പ്രാദേശികഭരണം ഒരു സമഗ്രമായ പദ്ധതി ആവിഷ്കരണം വഴി മാത്രമേ സാധ്യമാകൂ. വയോജനങ്ങൾക്കായി ഒറ്റപ്പെട്ട ഒരു പരിപാടിയല്ല മറിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രാദേശിക സാമൂഹിക വികസനത്തിലെ മുഴുവൻ മേഖലകളിലും ഇതിനാവശ്യമായ ഇടപെടലുകൾ വേണ്ടതായി വരും. അപ്രകാരം ഒരു പ്രാദേശിക നയവും സംയോജിത പദ്ധതിയും രൂപപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ സവിശേഷമായ തീരുമാനം ആവശ്യമാണ്.

**വയോജനസൗഹൃദ പ്രാദേശികഭരണം- കർമപദ്ധതിയുടെ മാതൃക**

ഓരോ തദ്ദേശഭരണ സ്ഥാപനവും വയോജനസൗഹൃദ തീരുമാനത്തിന് ഒപ്പം നേടാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ കൃത്യമായി തിട്ടപ്പെടുത്തിയാൽ മാത്രമേ തുടർ നടപടികൾ പ്രായോഗികമായി മാറൂ. അതിനാൽ തങ്ങൾ ഏറ്റെടുക്കാൻ തീരുമാനിക്കുന്ന വയോസൗഹൃദ പ്രവർത്തനങ്ങൾ ഏതെല്ലാമാണെന്ന് മുൻഗണനാക്രമത്തിൽ തയ്യാറാക്കണം. ലക്ഷ്യങ്ങൾ തീരുമാനിച്ചാൽ ഇത് നടപ്പാക്കുന്നതിന് സ്വീകരിക്കേണ്ട തന്ത്രങ്ങൾ ഏതൊക്കെയാണെന്ന് ഈ മേഖലയുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വിദഗ്ധർ എന്നിവരുമായി കൂടിയാലോചിക്കണം. ലക്ഷ്യങ്ങളും അത് നേടുന്നതിനുള്ള തന്ത്രങ്ങളും ആവിഷ്കരിച്ചതിനുശേഷം ഇത് നടപ്പാക്കുന്നതിന് ആവശ്യമായ കർമപദ്ധതി (പ്രോജക്ടുകൾ/ പ്രവർത്തനങ്ങൾ) എന്നിവ തീരുമാനിക്കണം. ഇതിനുള്ള സമയക്രമം ചുമതല വിഭജനം വിഭവ സ്രോതസ്സുകൾ എന്നിവ പ്രോജക്ട് നിർവണത്തോടനുബന്ധിച്ച് മാർഗരേഖ നിർദേശങ്ങൾ പാലിച്ചുകൊണ്ട് ഉറപ്പാക്കേണ്ടതാണ്. ലക്ഷ്യരൂപീകരണരേഖ തയ്യാറാക്കുമ്പോൾ താഴെ പറയുന്ന 12 മേഖലകളും ഉൾപ്പെട്ടിട്ടുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

| ക്രമം | മുഖ്യലക്ഷ്യ മേഖലകൾ | ഉപലക്ഷ്യങ്ങൾ |
|---|---|---|
| 1 | വയോജന ആരോഗ്യ സുരക്ഷ | • തദ്ദേശസ്ഥാപന ആരോഗ്യസ്ഥാപനങ്ങളിൽ തടസ വിമുക്ത സൗകര്യം<br>• പ്രത്യേക ക്യൂ സമ്പ്രദായം, ഇരിപ്പിടങ്ങൾ, വാഷ് സൗകര്യങ്ങൾ<br>• മെഡിക്കൽ ക്യാമ്പുകൾ, മരുന്ന് ലഭ്യത ഉറപ്പാക്കൽ<br>• ദന്തചികിത്സ, നേത്രചികിത്സ, ശ്രവണോപകരണങ്ങൾ<br>വയോജന ജീവിതശൈലി മെച്ചപ്പെടുത്തൽ<br>• യോഗ/ ഫിസിയോതെറാപ്പി സൗകര്യങ്ങൾ<br>• കൗൺസലിങ്ങ് മാനസിക രോഗ ചികിത്സ |

| | | |
|---|---|---|
| 2 | സമ്പൂർണ സാമൂഹ്യ സുരക്ഷ | • അർഹതപ്പെട്ട മുഴുവൻപേർക്കും സാമൂഹ്യ സുരക്ഷാ പെൻഷൻ.<br>• പെൻഷൻ രജിസ്റ്റർ – പട്ടിക പ്രസിദ്ധീകരണം<br>• ദരിദ്രവിഭാഗങ്ങൾക്ക് സഹായ ഉപകരണങ്ങൾ<br>• ഭിന്നശേഷിക്കാരായ വയോജനങ്ങൾക്ക് ഉപകരണങ്ങൾ<br>വിശപ്പുരഹിത വയോജനം<br>• അർഹരായവരെല്ലാം ആശ്രയ പദ്ധതിയിൽ<br>• സന്നദ്ധസഹായത്തോടെ മീൽസ് ഓൺ വീൽസ്<br>• അന്നയോജന പദ്ധതികൾ സമ്പൂർണ കവറേജ്<br>• പകൽ വീടുകൾ വഴി അർഹരായവർക്ക് ഉച്ചഭക്ഷണം |
| 3 | നിയമസഹായം | • വയോജനക്ഷേമ നിയമസഹായം<br>• നിയമസഹായ വേദി രൂപീകരണം<br>• ജാഗ്രതാസമിതികളിൽ വയോജന പങ്കാളിത്തം<br>• മുതിർന്ന പൗരരുടെ സംരക്ഷണ നിയമ ബോധവൽക്കരണം |
| 4 | വയോജന പങ്കാളിത്തം ഉറപ്പാക്കൽ/ വയോജന കൂട്ടായ്മ ഉറപ്പാക്കുക | • എല്ലാ വർഡിലും വയോജനഗ്രാമസഭ<br>• എല്ലാ വർക്കിങ്ങ്ഗ്രൂപ്പിലും വയോജന പ്രാതിനിധ്യം<br>• എല്ലാ വാർഡിലും വയോജന അയൽക്കൂട്ടം<br>• തദ്ദേശസ്ഥാപനത്തിൽ വയോസൗഹൃദ മാനേജ്മെന്റ് കമ്മിറ്റി<br>• റസിഡന്റ്സ് അസോസിയേഷനുമായി സംയോജിത പ്രവർത്തനം<br>• എല്ലാ അയൽക്കൂട്ടങ്ങൾക്കും അഫിലിയേഷൻ |
| 5 | വയോജന സൗഹൃദ ആസൂത്രണ നടപടികൾ | • മുതിർന്ന പൗരരുടെ അവസ്ഥാവിശകലനം<br>• എല്ലാ വർക്കിങ്ങ്ഗ്രൂപ്പിലും വയോജന പ്രാതിനിധ്യം<br>• എല്ലാ വർഡിലും വയോജനഗ്രാമസഭ<br>• അവസ്ഥാ വിശകലനത്തിന്റെയും ഗ്രാമസഭ നിർദേശങ്ങളുടെയും അടിസ്ഥാനത്തിൽ പ്രശ്ന പരിഹാര പരിപാടികൾ തയ്യാറാക്കൽ<br>• വികസന സമീപനം /വയോജനനയം രൂപീകരിക്കൽ<br>• വയോജനസൗഹൃദ ബഡ്ജറ്റിങ്ങ്<br>• സേവന സംയോജനം<br>• നിർവഹണ പങ്കാളിത്തം/ വയോജന ങ്ങൾക്കായുള്ള പ്രോജക്ടുകളുടെ മോണിട്ടറിംഗ് |

| | | |
|---|---|---|
| 6 | വയോജന സൗഹൃദ പൊതു ഇടങ്ങൾ/ പശ്ചാത്തല സൗകര്യങ്ങൾ | • പകൽവീട് - റിസോഴ്സ് കേന്ദ്രം ഉൾപ്പടെ<br>• ഉപപകൽവീടുകൾ - വാർഡ്തലം വയോജനപരിപാലനം<br>• പകൽപരിപാലന കേന്ദ്രം<br>• മറവിരോഗബാധിതർക്ക് പകൽ പരിപാലനം<br>• ക്രിയാത്മക പ്രവർത്തനം വർക്ക് ഷോപ്പ്<br>• ഹോം നഴ്സിങ്ങ് /ഗൃഹപരിചരണ പരിശീലനം |
| 7 | പൊതുജന പങ്കാളിത്തം, സാമൂഹ്യ സംഘാതം | • സന്നദ്ധസംഘങ്ങൾ, മതസംഘടനകൾ, ക്ഷേമ സ്ഥാപനങ്ങൾ സ്വകാര്യസ്ഥാപനങ്ങൾ തുടങ്ങിയ വരുമായി സ്റ്റേക്ക് ഹോൾഡർ കൺസൾട്ടേഷൻ<br>• റസിഡൻസ് മേഖലകളിൽ വയോജനങ്ങൾക്ക് പൊതു സൗകര്യങ്ങൾ നിർദേശിക്കൽ ഉറപ്പാക്കൽ<br>• മീൽസ് ഓൺ വീൽസ് പദ്ധതികൾ<br>• മെഡിക്കൽ ക്യാമ്പുകൾ<br>• ഉന്നതവിദ്യാഭാസ സ്ഥാപനങ്ങളുടെ ഇടപെടലുകൾ<br>• വയോജനക്ഷേമനിധി രൂപീകരണം |
| 8 | കുടുംബശാക്തീ കരണം | • തലമുറകൾ തമ്മിൽ ഉയർന്ന ബന്ധം<br>• വയോജന സഹവർത്തിത്വം കുറഞ്ഞ കുടുംബങ്ങ ളിൽ ഉപദേശ നിർദേശസേവനങ്ങൾ<br>• വിദ്യാലയതലത്തിൽ വയോജന പ്രശ്നങ്ങളും അവകാശങ്ങളും സംബന്ധിച്ച ചർച്ച |
| 9 | നൈപുണി നവീകരണ വിദ്യാഭ്യാസം (ക്രിയാത്മക വാർധക്യത്തി നായി) | • കമ്പ്യൂട്ടർ/ആൻഡ്രോയിഡ് ഫോൺ പരിശീലനം<br>• പരമ്പരാഗത കരകൗശല പ്രവർത്തന വർക്ക്ഷോപ്പ്<br>• വയോജന വൈദഗ്ധ്യപ്രയോജന ക്ലിനിക്കുകൾ |
| 10 | വരുമാനദായക സംവിധാനങ്ങൾ | • സ്വയംസഹായ സംഘങ്ങൾ<br>• കുടുംബശ്രീ സ്വയംസഹായസംഘവും തൊഴിൽ ശാലകളും<br>• തൊഴിൽ പരിശീലനം<br>• വിപണനസാധ്യത |
| 11 | സാന്ത്വന പരിചരണം | • പാലിയേറ്റിവ് കെയർ സേവനം ഉറപ്പാക്കുന്നു<br>• റിസോഴ്സ് സെന്റർ വഴി സഹായ ഇടപെടലുകൾ |

| | | |
|---|---|---|
| 12 | സാമൂഹ്യ മനോഭാവ മാറ്റ വിനിമയം (IEC പ്രവർത്തന ങ്ങൾ) | വയോജനവിവരശേഖരം സമ്പൂർണമാക്കൽ<br>● സംക്ഷിപ്ത വിവരശേഖരണം (secondary data)<br>● അപഗ്രഥനം<br>● പോസ്റ്റർ<br>● ഗാർഹികതല വിവരശേഖരണം (primary data)<br>● വയോജന രജിസ്റ്റർ<br>വയോജന അവകാശ പ്രചരണം<br>● വയോജന അവകാശങ്ങൾ സംബന്ധിച്ച പരസ്യ ഫലകങ്ങൾ<br>● വയോജനദിനാചരണം<br>● വെറ്ററൻസ് മീറ്റ് |

അധ്യായം – 5

# സാന്ത്വന പരിചരണവും (പാലിയേറ്റിവ് കെയർ) തദ്ദേശഭരണസ്ഥാപനങ്ങളും

## ഉള്ളടക്കം


| | | |
|---|---|---|
| 5.1 | പാലിയേറ്റിവ് കെയറിന്റെ പ്രാധാന്യം | 120 |
| 5.2 | തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റിവ് കെയറും | 122 |
| 5.3 | പാലിയേറ്റിവ് പരിചരണം വേണ്ട രോഗാവസ്ഥകൾ | 125 |
| 5.4 | തദ്ദേശഭരണസ്ഥാപന മാതൃകകൾ | 132 |
| 5.5 | തദ്ദേശഭരണസ്ഥാപന കർമപദ്ധതികൾ | 137 |

## 5.1 പാലിയേറ്റിവ് കെയറിന്റെ പ്രാധാന്യം

കാൻസർ രോഗികൾ, ഹൃദയശ്വാസകോശരോഗികൾ, പക്ഷാഘാതം പോലെയുള്ള കാരണങ്ങളാൽ തളർന്ന് കിടപ്പിലായവർ, ദീർഘകാല ചികിത്സ ആവശ്യമുള്ള പ്രമേഹ രോഗികൾ, വൃക്കകളുടെ പ്രവർത്തനം തകരാറിലായവർ പ്രായാധിക്യത്താൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർ പരസഹായം കൂടാതെ ദൈനംദിന കാര്യങ്ങൾ നിർവഹിച്ച് സാധാരണ ജീവിതം നയിക്കാൻ കഴിയാത്ത ബൗദ്ധികവെല്ലുവിളികൾ നേരിടുന്നവർ, പരസഹായം വേണ്ടിവരുന്ന ശാരീരിക വൈകല്യമുള്ളവർ തുടങ്ങി ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമുള്ള നിരവധി പേർ നമ്മുടെ സംസ്ഥാനത്ത് വീടുകളിൽ കഴിയുന്നുണ്ട്. ഇത്തരം രോഗികളും അവരുടെ കുടുംബവും അനുഭവിക്കുന്ന പ്രശ്നങ്ങൾ ലഘൂകരിക്കുവാൻ പരിചരണരംഗത്തും സാമ്പത്തിക പുനരധിവാസത്തിനും പൊതുസമൂഹത്തിന്റെ മുഴുവൻ പിൻതുണയും അത്യാവശ്യമാണ്.

### എന്താണ് പാലിയേറ്റിവ് കെയർ

ചികിത്സകൊണ്ട് പൂർണമായി ഭേദപ്പെടുത്തുവാൻ കഴിയാത്ത രോഗാവസ്ഥ കൊണ്ട് വിഷമം അനുഭവിക്കുന്ന വ്യക്തികളുടെ സമഗ്രമായ പരിലാളനാ ചികിത്സാരീതിയാണ് സാന്ത്വന പരിചരണം അഥവ പാലിയേറ്റിവ് കെയർ. ലോകാരോഗ്യ സംഘടന 2002-ൽ ജീവിതം അപകടത്തിലായ രോഗികളുടെയും അവരുടെ കുടുംബത്തിന്റെയും പ്രശ്നങ്ങൾ പരിഹരിച്ച് ജിവിതഗുണമേന്മ നിലനിർത്തുന്നതിനുള്ള ഒരു സമീപനമായിട്ടാണ് പാലിയേറ്റിവ് കെയറിനെ നിർവചിച്ചിട്ടുള്ളത്. രോഗിയുടെ ശാരീരികവും, സാമൂഹികവും മാനസികവും അധ്യാത്മികവുമായ നിലവാരം കണ്ടെത്തി തിട്ടപ്പെടുത്തി സാധ്യമായ ചികിത്സയും പരിചരണവും ഏർപ്പെടുത്തുകയാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. രോഗിക്ക് കഴിയാവുന്നത്ര വേദനരഹിതമായ അവസ്ഥയും സംതൃപ്തിയും അന്തസ്സും പ്രദാനം ചെയ്യുകയാണ് മുഖ്യലക്ഷ്യം.

ക്രിയാത്മക ജീവിതം അപ്രാപ്യമാകുംവിധം ഗുരുതരമായ രോഗബാധ വ്യക്തിയെ മാത്രമല്ല വിഷമത്തിലാക്കുന്നത്. കുടുംബത്തിലെ പലരും ഈ ദുരിതത്തിന്റെ ഇരകളായി തീരും. ഏകാന്തതയും ഭയവും ഇവരെ ബാധിക്കാൻ തുടങ്ങും. കുടുംബത്തിനകത്ത് കുറ്റപ്പെടുത്തലും അശരണത്വവും, നിസ്സഹായാവസ്ഥയും ഉടലെടുക്കും. സാമ്പത്തിക പ്രശ്നങ്ങൾ എങ്ങിനെ തരണം ചെയ്യണമെന്നറിയില്ല. ഈ അവസ്ഥയിൽ കുടുംബാംഗങ്ങൾക്ക് എത്രമാത്രം ശേഷിയുണ്ട്, സമയമുണ്ട്, സാധ്യതകളുണ്ട് എന്ന് തിരിച്ചറിഞ്ഞ് നിർദേശങ്ങൾ നൽകുകയാണ് വേണ്ടത്. കേരളത്തിൽ വയോജനങ്ങളുടെ സംഖ്യയും അതോടൊപ്പം രോഗാതുരത്വവും വർധിച്ചുവരുന്നതിനാൽ സാന്ത്വന പരിചരണത്തിന്റെ ആവശ്യവും ഏറിവരികയാണ്.

### പ്രയോജനങ്ങൾ

- കുടുംബത്തിന് രോഗീപരിചരണം ഏറ്റെടുക്കാൻ പ്രാപ്തി നൽകുന്ന പരിചരണ പരിശീലനം നൽകുക.

- രോഗിക്ക് വേദന തുടങ്ങി ദുസ്സഹങ്ങളായ ശാരീരിക ബുദ്ധിമുട്ടുകളിൽ നിന്നും ശമനം ലഭിക്കുന്നുവെന്ന് ഉറപ്പാക്കണം.
- ജീവിത നിലവാരം മെച്ചമാവുകയും അതുവഴി രോഗത്തെ കൂടുതൽ കരുത്തോടെ നേരിടുവാൻ പ്രാപ്തി നേടുകയും ചെയ്യുന്നു.
- വ്യക്തിക്കും കുടുംബത്തിനും സമൂഹവും ഭരണകൂടവും തങ്ങൾക്കൊപ്പമുണ്ടെന്ന വിശ്വാസം ആർജിക്കുന്നു.
- വിദഗ്ധസേവനം ആവശ്യമെങ്കിൽ ലഭിക്കും എന്ന് ഉറപ്പാകുന്നു.
- രോഗിയുടെ അസുഖം അത്യാസന്നമെങ്കിൽ അനിവാര്യമായ മരണവുമായി പൊരുത്തപ്പെടാൻ കുടുംബത്തിന് അവസരം ലഭിക്കുന്നു.

**കേരളത്തിലെ അവസ്ഥ**

സാമൂഹ്യാധിഷ്ഠിത സാന്ത്വനചികിത്സ (Community Based Palliative Care) രംഗത്ത് ഇന്ത്യയിലെ മാത്രമല്ലാ ലോകരാഷ്ട്രങ്ങൾക്ക് മാതൃകയാണ് കേരളം എന്ന് വിലയിരുത്തിയിട്ടുണ്ട്. കേരളത്തിലെ പാലിയേറ്റിവ് കെയർ ആരംഭിക്കുന്നത് Neighborhood networks in Palliative Care (NNPC) എന്ന സംവിധാനം വഴിയായിരുന്നു. മരണാസന്നരായ കിടപ്പുരോഗികളെ ശുശ്രൂഷിക്കുന്നതിനും അവരോട് സംസാരിക്കുന്നതിനും പ്രാദേശിക ജനസമൂഹത്തെ പ്രോത്സാഹിപ്പിച്ചുകൊണ്ടായിരുന്നു ഈ പ്രവർത്തനങ്ങൾ ആരംഭിച്ചത്. സന്നദ്ധസംഘടനകൾ ആരംഭിച്ച പ്രവർത്തനത്തെ അടിസ്ഥാനപ്പെടുത്തി 2008-ൽ കേരളം 'പാലിയേറ്റിവ് കെയർ പോളസി' പ്രഖ്യാപിച്ചു. തുടർന്ന് തദ്ദേശഭരണസ്ഥാപനങ്ങളും സർക്കാർ ആരോഗ്യസംവിധാനങ്ങളും ഈ രംഗത്ത് സജീവമാകുകയും ആസൂത്രണ മാർഗരേഖയിൽ അനുമതികൾ ലഭ്യമാക്കുകയും ചെയ്തു. 2019 ൽ ഈ മാറ്റങ്ങൾ കണക്കിലെടുത്ത് സംസ്ഥാന പാലിയേറ്റിവ് കെയർ പോളസി പുതുക്കി പുനഃപ്രഖ്യാപനം നടത്തി. 2015 ലെ യു എച്ച് എസ് കണക്കുകൾ അനുസരിച്ച് ആകെ മരണസംഖ്യയുടെ 45%വും അവശതയാർന്ന രോഗങ്ങൾ മൂലമാണെന്ന് കണ്ടെത്തിയിരുന്നു. വികസിത രാജ്യങ്ങളിലെ ഇത്തരത്തിലുള്ള രോഗികളുടെ 80% പേരും സാന്ത്വന പരിചരണം ലഭ്യമാകാത്തവരാണെന്ന് കണ്ടെത്തിയിരുന്നു.

**കേരളസംസ്ഥാന പാലിയേറ്റിവ് കെയർ പോളിസി - 2019**

രോഗബാധമൂലമോ അപകടങ്ങൾ മൂലമോ പ്രത്യേക പരിചരണ സഹായങ്ങൾ ഇല്ലാതെ മുന്നോട്ടുപോകാൻ കഴിയാതെ വിഷമിക്കുന്ന വ്യക്തികളുടെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നില്ലെങ്കിൽ അവരുടെ ശാരീരികവും സാമൂഹികവും വൈകാരികവുമായ ജീവിതത്തെ സാരമായി ബാധിക്കുവാൻ ഇടയുണ്ട്. സാർവത്രിക ആരോഗ്യപരിരക്ഷ (Universal health coverage) എന്നാൽ എല്ലാ ജനങ്ങൾക്കും ഉയർന്ന നിലവാരമുള്ള ആരോഗ്യം, രോഗപ്രതിരോധം, രോഗം ഭേദമാക്കുന്ന ചികിത്സ, പുനരധിവാസം, സാന്ത്വന പരിചരണം (Promotive,Preventive, Curative, rehabilitative and Palliative care)എന്നിവ ഉറപ്പാക്കപ്പെടുകയും അതുവഴി രോഗിയുടെയും കുടുംബത്തിന്റെയും വൈഷമ്യങ്ങൾ ഇല്ലാതാക്കി ജീവിത

ഗുണമേന്മ ഉറപ്പാക്കപ്പെടുകയാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. സാർവത്രികാരോഗ്യ പരിരക്ഷയിൽ സാന്ത്വന പരിചരണം ഒഴിച്ചുകൂടാൻ കഴിയാത്ത സേവനമാണ്.

## 5.2 തദ്ദേശഭരണസ്ഥാപനങ്ങളും പാലിയേറ്റിവ് കെയറും

എല്ലാ തദ്ദേശസ്ഥാപനങ്ങളും സമഗ്രമായ പാലിയേറ്റിവ് കെയർ പ്ലാൻ ജനകീയാസൂത്രണപദ്ധതിയുടെ ഭാഗമാക്കി മാറ്റണം. പ്രദേശത്തുള്ള ഈ രംഗത്ത് പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെയും സാമൂഹ്യ സംവിധാനങ്ങളുടെയും വിശദാംശങ്ങൾ ശേഖരിക്കുകയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യണം. ഇതോടൊപ്പം രോഗബാധിതരുടെ കുടുംബങ്ങളെ സഹായിക്കുന്നതിന് സാമൂഹ്യ സാമ്പത്തിക പുനരധിവാസ പരിപാടി രൂപപ്പെടുത്തേണ്ടതാണ്. ത്രിതലപഞ്ചായത്തുകളുടെ ഏകോപനവും ആരോഗ്യ മേഖലയുടെ പൂർണപങ്കാളിത്തവും പരിപാടിയുടെ വിജയത്തിനായി ഉപയുക്തമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം. ആയുഷ് സംവിധാനങ്ങളെ ഈ പ്രവർത്തനത്തിൽ പൂർണമായും പങ്കെടുപ്പിക്കേണ്ടതാണ്.

### പദ്ധതി ആസൂത്രണ മാർഗരേഖാ നിർദേശങ്ങൾ

**ജി ഒ എം എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18**
**(പദ്ധതി മാർഗ നിർദേശങ്ങൾ)**

| അനുഛേദം | ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി |
|---|---|
| 5.2.1(3) | വികസനഫണ്ടിൽ നിന്നും പാലിയേറ്റിവ് കെയറിന് നിർബന്ധമായും വിഹിതം മാറ്റിവെക്കണം |
| 5.4.1(11) | വികസന ഫണ്ടിന്റെ കുറഞ്ഞത് 5% തുക വയോജനങ്ങൾക്കും പാലിയേറ്റിവ് കെയറിനും നിർബന്ധമായും മാറ്റിവെക്കണം. |
| 6.5.1 | വയോജനങ്ങളുടെ ക്ഷേമത്തിനും ആവശ്യമുള്ളവർക്ക് സാന്ത്വന പരിചരണം ലഭ്യമാക്കുന്നതിനും പ്രത്യേക പദ്ധതി തയ്യാറാക്കേണ്ടതാണ്. |
| 6.5.(8) | വയോജനങ്ങളായ കിടപ്പുരോഗികൾക്ക് സാന്ത്വന പരിചരണം, ചികിത്സ, മരുന്ന് പോഷകാഹാര വിതരണം എന്നിവ സാന്ത്വന പരിചരണ പദ്ധതിയുടെ മാർഗരേഖ നം. 3217/2015 തസ്വഭവ 29.10.2015 പ്രകാരം ഏറ്റെടുക്കാവുന്നതാണ്. |
| 6.5.(9) | ശാരീരിക പ്രയാസങ്ങൾ നേരിടുന്ന വയോജനങ്ങൾക്ക് അനുയോജ്യമായ ഉപകരണങ്ങൾ, പരിഹാരസംവിധാനങ്ങൾ എന്നിവയ്ക്ക് ഗ്രാമപ്പഞ്ചായത്തുകൾക്ക് പ്രോജക്ടുകൾ ഏറ്റെടുക്കാം. |

### ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്ന പ്രവർത്തനങ്ങൾ

ആരോഗ്യവകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പാലിയേറ്റിവ് പരിശീലന കേന്ദ്രത്തിൽ ഗൃഹപരിചരണത്തിൽ പങ്കാളികളാകുന്ന സന്നദ്ധപ്രവർത്തകർ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്ക് പരിശീലനത്തിനാവശ്യമായ

ചെലവ് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് അനുവദിക്കാവുന്നതാണ്. ജീവനോപാധികൾ നൽകി പുനരധിവസിപ്പിക്കാൻ കഴിയുന്ന താൽപര്യമുള്ള പാലിയേറ്റിവ് കെയർ രോഗികളെ സ്വയംതൊഴിൽ സംരംഭങ്ങൾക്ക് സജ്ജരാക്കുന്നതിനുവേണ്ടി ഏകദിനശിൽപശാലകൾ നടത്താവുന്നതാണ്. ഓരോരുത്തർക്കും 60 രൂപ ഭക്ഷണച്ചെലവും റിസോഴ്സ് പേഴ്സൺമാർക്ക് ഉൾപ്പടെ ഒരു ശിൽപശാലയ്ക്ക് 3000 രൂപവരെയും ചെലവഴിക്കാവുന്നതുമാണ്.

### സാമൂഹ്യസാമ്പത്തിക പുനരധിവാസം

- പക്ഷാഘാതം പോലുള്ള രോഗങ്ങളും അപകടങ്ങളും ബാധിച്ച് തൊഴിൽ ചെയ്യാൻ അപ്രാപ്തരാകുന്ന വ്യക്തികൾക്ക് വരുമാനദായകമായി ഏർപ്പെടുത്താൻ കഴിയുന്ന സംവിധാനങ്ങൾ അവരുമായി കൂടിയാലോചിച്ച് തിട്ടപ്പെടുത്തണം.
- ലഭ്യമായ സർക്കാർ / എൻജിഒ/ കുടുംബശ്രീ സംവിധാനങ്ങൾ ഉപയോഗിച്ച് തൊഴിൽ പരിചയ പരിശീലനം സാധ്യമാണോ എന്ന് പരിശോധിക്കണം.
- ഇവർ നിർമിക്കുന്ന വസ്തുക്കളുടെ വിപണനത്തിനാവശ്യമായ സംവിധാനങ്ങൾ കണ്ടെത്തുക.
- ഇവർക്ക് സമ്പത്തിക സഹായം ഉപകരണസഹായം റിവോൾവിങ്ങ് ഫണ്ട് തുടങ്ങിയവ ലഭ്യാമാക്കുന്നത് പരിഗണിക്കുക.

### പ്രവർത്തകർക്ക് പരിശീലനം

1. സാങ്കേതിക പരിശീലനം ആവശ്യമുള്ള നഴ്സുമാർ ആരോഗ്യപ്രവർത്തകർ തുടങ്ങിയവർക്ക് അംഗീകൃത പരിശീലനത്തിന് സാധ്യത ഒരുക്കുക.
2. ജനപ്രതിനിധികൾ ജീവനക്കാർ സന്നദ്ധപ്രവർത്തകർ എന്നിവർക്ക് പരിശീലനത്തിനുള്ള സാധ്യത ഒരുക്കുക.

### പൗരവിദ്യാഭ്യാസം

സാന്ത്വന പരിചരണത്തിന്റെ അനിവാര്യത സംബന്ധിച്ചും അതിന്റെ ലഭ്യത സംബന്ധിച്ചും വിവിധ ജനവിഭാഗങ്ങൾക്ക് ബോധവൽക്കരണം നടത്തേണ്ടതുണ്ട്.

1. ഹൈസ്കൂൾ ഹയർസെക്കണ്ടറി വിദ്യാർഥികൾക്ക് ബോധവൽക്കരണവും ഗൃഹസമ്പർക്ക പരിശീലനവും.
2. വിദ്യാലയങ്ങളോടനുബന്ധിച്ച് പാലിയേറ്റിവ് കെയർ യൂണിറ്റ്.
3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവർക്ക് ബോധവൽക്കരണം.

### ദുരന്തനിവാരണ മാർഗനിർദേശങ്ങൾ (ജി.ഒ(ആർടി)നം.280/2019 ഡിഎംഡി തിയതി 9.5.2019)

1. അതാത് പഞ്ചായത്തിലെ കിടപ്പു രോഗികൾ വാർധക്യകാല രോഗത്താൽ ബുദ്ധിമുട്ടുന്നവർ എന്നവരുടെ പേര്, വിലാസം, ഫോൺനമ്പർ എന്നിവ അതാത് തദ്ദേശസ്വയംഭരണ സെക്രട്ടറി, തഹസീൽദാർ എന്നിവർക്ക് നൽകുക.

2. പാലിയേറ്റിവ് കെയറിലുള്ള രോഗികൾക്ക് ആവശ്യമായ പരിചരണവും സംരക്ഷണവും ഉറപ്പ് വരുത്തണം. ഇവർക്ക് നിത്യേന കഴിക്കുന്ന മരുന്നുകളുടെ ലഭ്യത ഉറപ്പാക്കണം. ഇവ മുടങ്ങാതെ ലഭിക്കുന്നുണ്ടെന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**രോഗികളെ കണ്ടെത്തൽ**

തദ്ദേശഭരണ സ്ഥാപന പരിധിയിൽ ദീർഘകാല രോഗങ്ങളാൽ ദുരിതമനുഭവിക്കുന്നഎല്ലാവരെയും കണ്ടെത്തി ലിസ്റ്റ് തയ്യാറാക്കണം. ഹോംകെയർ ടീം അംഗങ്ങളുടെ നേതൃത്വത്തിലായിരിക്കണം കുടുംബങ്ങളെ കണ്ടെത്തേണ്ടത്.

- പാലിയേറ്റിവ് പ്രവർത്തനം നടത്തിവരുന്ന തദ്ദേശഭരണസ്ഥാപനങ്ങൾ പരിചരണം നൽകേണ്ടതായ രോഗികളെ പിഎംസി യുടെ അംഗീകാരത്തോടെ നോമിനൽ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. നോമിനൽ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഒരു വ്യക്തിക്ക് പരിചരണം ആവശ്യമാണെന്ന് ഗ്രഹപരിചരണ ടീമിന്റെ ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം പാലിയേറ്റിവ് കെയർ നഴ്സ് പിഎംസിയുടെ മെമ്പർ സെക്രട്ടറിയെ അറിയിക്കണം.
- പാലിയേറ്റിവ് പരിചരണം ആവശ്യമുള്ളതും എന്നാൽ ലഭിക്കാത്തതുമായ രോഗിക്കോ അയാളുടെ കുടുംബത്തിനോ പിഎംസി മെമ്പർ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. അപ്രകാരമുള്ള അപേക്ഷയുടെ അർഹത പരിശോധിച്ച് താൽകാലികമായി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും ആവശ്യമായ പാലിയേറ്റിവ് പരിചരണം നൽകേണ്ടതുമാണ്. മേൽപ്പറഞ്ഞ പ്രകാരം കൂടുതലായി ചേർക്കപ്പെട്ടവരുടെ വിവരം അടുത്തയോഗത്തിൽ അവതരിപ്പിക്കേണ്ടതും പിഎംസിയുടെ അംഗീകാരം വാങ്ങേണ്ടതുമാണ്.
- നോമിനൽ രജിസ്റ്റർ സൂക്ഷിക്കേണ്ടത് പിഎംസിയുടെ മെമ്പർ സെക്രട്ടറിയാണ്. ഓരോ സമയത്തും മരണപ്പെട്ടവരെയും സേവനം ഉപേക്ഷിച്ചവരെയും ഒഴിവാക്കി രോഗികളുടെ പേര് വിവരം തദ്ദേശസ്ഥാപനത്തിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. ലിസ്റ്റ് പ്രസിദ്ധീകരിക്കാതെ പാലിയേറ്റിവ് കെയർ പ്രോജക്ടിൽ നിന്നും തുക ചെലവഴിക്കാൻ പാടുള്ളതല്ല.

**രോഗാവസ്ഥ തിരിച്ചറിയൽ**

പക്ഷാഘാതം ബാധിച്ചവർ, നട്ടെല്ലൊടിഞ്ഞവർ, ശസ്ത്രക്രിയ ചെയ്തവർ, ഭിന്നശേഷിക്കാരിൽ സെറിബറൽ പാൾസി ബാധിച്ചവർ തുടങ്ങിയവരുടെ പ്രശ്നങ്ങൾ തമ്മിൽ വളരെ വ്യത്യസ്തമായിരിക്കും. മനുഷ്യരെ നേരെ നിൽക്കുന്നതിനും സ്ഥൂലപേശി ചലനങ്ങൾക്കും (തിരിയുക, തല ഉയർത്തുക, കൈകാലുകൾ ഉയർത്തുക) നട്ടെല്ലു വഹിക്കുന്ന പങ്ക് വളരെ വലുതാണ്. നാഡീഞരമ്പുകൾ ശേഷിയില്ലാതാകുന്നതോടെ പലപ്പോഴും കിനസ്തെറ്റിക്ക് സെൻസിറ്റിവിറ്റിയെ (സന്തുലനവും, വേഗതയും) അത് ബാധിക്കും. ഇതോടൊപ്പം പാർക്കിൻസൺ രോഗിയുടെ അവസ്ഥ വിഭിന്നമാണ്. ഇവർക്ക് തിരിയാനും മറിയാനും എഴുന്നേൽക്കാനും പിടിക്കാനും എല്ലാം പ്രയാസമായി

രിക്കും. അത് അവർക്കുള്ള പരിചരണങ്ങളിൽ ഒരു വളന്റിയർ അറിഞ്ഞിരിക്കേണ്ടതും ശ്രദ്ധിക്കേണ്ടതുമാണ്. നട്ടെല്ലിന്റെ ഘടനയും കശേരുക്കളുടെ പ്രത്യേകളും സുഷുമ്നന അഥവ സ്പൈനൽ കോർഡിന്റെ ധർമങ്ങൾ എന്നിവ അറിയുന്നത് നല്ലതാണ്. കശേരുക്കൾക്കിടയിലൂടെ കടന്നുപോകുന്ന നാഡീഞരമ്പുകൾ നട്ടെല്ലിന്റെ ക്ഷതം മൂലം അമർന്നുപോകുന്ന അവസ്ഥ. പല അവയവങ്ങളുടെയും പ്രവർത്തനങ്ങളെ ബാധിക്കുകയും മരവിപ്പ് പോലുള്ള അനുഭവങ്ങൾ ഉണ്ടാവുകയും ചെയ്യും.

## 5.3 പാലിയേറ്റിവ് പരിചരണം വേണ്ട രോഗാവസ്ഥകൾ

രോഗം തിരിച്ചറിയുകയും രോഗിക്കാവശ്യമായ സഹായസഹകരണങ്ങൾ ഉറപ്പാക്കുകയും ചികിത്സ ലഭ്യമാക്കുകയുമാണ് ആവശ്യം. ചികിത്സകൊണ്ട് ഭേദപ്പെടുത്താൻ സാധ്യമല്ലാത്ത സാഹചര്യങ്ങളിൽ മാത്രമേ സാന്ത്വന പരിചരണം ആവശ്യമായി വരൂ. കാൻസർ, മറവിരോഗം, പക്ഷാഘാതം, വിഷാദരോഗം, പർക്കിൻസൺസ് രോഗം (വിറയൽ രോഗം) എന്നിവപരിചരണം ആവശ്യമായ രോഗാവസ്ഥകൾ ആണ്. വാർധക്യകാല പ്രശ്നങ്ങളിൽ ഏറ്റവും ക്ലേശകരമായ അവസ്ഥയാണ് മറവിരോഗം. വയോജനങ്ങളിൽ 70 നു മേൽ പ്രായമുള്ളവരിൽ 10 ശതമാനത്തോളം പേർക്ക് ഇത് പിടിപെടുന്നതായാണ് കണക്ക്. ഈ അസുഖം വ്യക്തിയേക്കാൾ കൂടുതൽ കുടുംബത്തെയും പരിചരിക്കുന്നവരെയുമാണ് അസ്വസ്ഥരാക്കുന്നത്.

രോഗഗ്രസ്ഥരായി മാറുന്ന സവിശേഷ ഭിന്നശേഷിക്കാർ, ശയ്യാവലംബികളായ രോഗികൾ നേരിടുന്ന പൊതുപ്രശ്നങ്ങൾ, പരിഹാരങ്ങൾ എന്നീ വിവരങ്ങൾ ഈ അധ്യായത്തിന്റെ അവസാനം അനുബന്ധമായി നൽകിയിട്ടുണ്ട്.

### പാലിയേറ്റിവ് പരിചരണം :പ്രവർത്തനഘടകങ്ങൾ

### 1. പ്രാഥമിക പാലിയേറ്റിവ് പരിചരണ സംവിധാനം (Home care)

ഗ്രാമപ്പഞ്ചായത്ത് നഗരസഭാതലങ്ങളിൽ സാമൂഹ്യാധിഷ്ഠിതമായി ഗാർഹികതല സാന്ത്വന പരിചരണം ഏർപ്പെടുത്തുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുക. ഓരോ വാർഡിലും അയൽക്കൂട്ടങ്ങളോ സമാനസംവിധാനങ്ങളോ ഉപയുക്തമാക്കി പരിചരണം ആവശ്യമുള്ള രോഗികളുടെ വിശദമായ രേഖ തയ്യാറാക്കുകയും അവർക്ക് ഓരോരുത്തർക്കും ഏതുതരം സേവനം ഏത് സമയത്ത് ലഭ്യമാക്കേണ്ടതുണ്ടെന്ന രേഖ തയ്യാറാക്കുക, ഇവ തദ്ദേശതലത്തിൽ അല്ലെങ്കിൽ ഹോംകെയർ ടീം തലത്തിൽ ക്രോഡീകരിച്ച് തിട്ടപ്പെടുത്തുക.

### 2. ദ്വിതീയ പാലിയേറ്റിവ് കെയർ സംവിധാനം

ആവശ്യ സന്ദർഭങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുകയോ ഫിസിയോതെറാപ്പിപോലുള്ള സംവിധാനങ്ങൾ ഉറപ്പാക്കുകയോ ചെയ്യുന്ന സംവിധാനം. കമ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ താലൂക്കാശുപത്രികൾ എന്നിവയാണ് ഫസ്റ്റ് റഫറൽ യൂണിറ്റുകൾ. ഏതെങ്കിലും സ്വകാര്യ സംവിധാനങ്ങൾ ഈ സേവനം നൽകുന്നുണ്ടെങ്കിൽ അവരെകൂടി ഈ ശൃംഖലയിൽ ഉൾച്ചേർക്കേണ്ടതാണ്.

### 3. തൃതീയ പാലിയേറ്റിവ് സംവിധാനം

ജില്ലാശുപത്രികൾ കേന്ദ്രീകരിച്ചും, മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ചും പാലിയേറ്റിവ് കെയർ, ജറിയാട്രിക്ക് കെയർ എന്നിവയ്ക്ക് സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. ഈ സംവിധാനമായിരിക്കും പാലിയേറ്റിവ് കെയർ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ, നഴ്സുമാർ, സന്നദ്ധപ്രവർത്തകർ എന്നിവർക്ക് പരിശീലനം നൽകുന്നത്.

### ഹോം കെയർ സംവിധാനം
### (പ്രാഥമിക പാലിയേറ്റിവ് കെയർ സംവിധാനം)

ദീർഘകാല രോഗങ്ങളാലും മാറാരോഗങ്ങളാലും ദൈനദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുന്ന നിലയിൽ വീടുകളിൽ ദുരിതം അനുഭവിച്ചു കഴിയുന്ന വ്യക്തികൾക്ക് പരിചരണം ലഭ്യമാക്കുക എന്നതാണ് ഹോം കെയർ സംവിധാനത്തിന്റെ ലക്ഷ്യം. പാലിയേറ്റിവ് കെയർ പരിചരണ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ളവരും നിലവിൽ പ്രവർത്തിക്കുന്നവരുമായ സർക്കാർതലത്തിലും സന്നദ്ധസംഘടനാതലത്തിലും പ്രവർത്തിക്കുന്നവരുടെ ഒരു യോഗം തദ്ദേശഭരണസ്ഥാപനത്തിന്റെ നേതൃത്വത്തിൽ വിളിച്ചുകൂട്ടുകയാണ് ആദ്യ നടപടി. ഇതോടൊപ്പം തദ്ദേശഭരണതലത്തിൽ പാലിയേറ്റിവ് പരിചരണ സേവനം ആരംഭിക്കുന്നതിന് തീരുമാനമെടുക്കുകയും ആവശ്യകതാപഠനം നടത്തി പാലിയേറ്റിവ് പരിചരണ പ്രോജക്ടിനുള്ള ഫണ്ട് വകയിരുത്തുകയും വേണം.

### മുന്നൊരുക്കപ്രവർത്തനങ്ങൾ

ആവശ്യക്കാർ ആരുംതന്നെ ഒഴിവാക്കപ്പെടാതെ എല്ലാവരുടെയും ജീവിതഗുണമേന്മ ഉയർത്തുന്ന സേവനം ഗാർഹികതലത്തിൽ ഉറപ്പാക്കപ്പെടുക. സാന്ത്വന പരിചരണം ഉറപ്പാക്കാൻ കഴിയുംവിധം ആരോഗ്യസംവിധാനങ്ങൾ മെച്ചപ്പെടുത്തുക. ഈ രംഗത്ത് പ്രവർത്തിക്കുന്ന സംഘങ്ങളെയും വ്യക്തികളെയും അതിനായി പ്രാപ്തമാക്കുകയും ശേഷിവർധനയ്ക്കുള്ള (Capacity Building) ഇടപെടലുകൾ നടത്തുകയും ചെയ്യുക. ഈ രംഗത്ത് പ്രവർത്തിക്കുന്ന സ്വകാര്യ സന്നദ്ധ സാമൂഹികസംഘങ്ങളുമായി പ്രായോഗികമായ പങ്കാളിത്തം ഉയർത്തുക. വേദനാരഹിത ജീവിതം സാധ്യമാക്കുന്ന മരുന്നുകളും അനുബന്ധ ഉപാധികളും യഥാസമയം ലഭ്യമാണെന്ന് ഉറപ്പാക്കപ്പെടുക.

1. മെച്ചപ്പെട്ട പരിചരണം എന്നാൽ ആവശ്യമായ മരുന്ന്, ഉപകരണങ്ങൾ, നഴ്സിങ്ങ് പരിചരണം എന്നിവ ലഭ്യമാക്കുക എന്ന് മാത്രമല്ല അവർക്ക് സാന്ത്വന പരിചരണം കൂടി നൽകി മാനസികമായി ശക്തിപ്പെടുത്തേണ്ടതുണ്ട്.
2. മേൽസൂചിപ്പിച്ച രീതിയിലുള്ള പ്രയാസങ്ങൾ അനുഭവിക്കുന്നവരുടെ പ്രശ്നങ്ങൾ കണ്ടെത്തി അവർക്കാവശ്യമായ പരിചരണ പ്രവർത്തനങ്ങൾ ഫലപ്രദമായി നൽകുന്നതിനുള്ള ആസൂത്രണം നടത്തുന്നതിന് ഓരോ സാമ്പത്തിക വർഷവും ആരംഭിക്കുന്നതിനുമുമ്പായി ഗ്രാമപ്പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും താഴെ പറയുന്നവരുടെ യോഗം വിളിച്ചുചേർക്കേണ്ടതാണ്.

- തദ്ദേശസ്ഥാപനനിയന്ത്രണത്തിലുള്ള അലോപ്പതി, ആയുഷ് ആരോഗ്യ സ്ഥാപനങ്ങളിലെ ഡോക്ടർമാർ പാരാമെഡിക്കൽ ജീവനക്കാർ ആരോഗ്യ വകുപ്പ് ഫീൽഡ് ജീവനക്കാർ ആശാവർക്കർമാർ.
- മറ്റൊരു തദ്ദേശസ്ഥാപനത്തിന്റെ നിയന്ത്രണ പരിധിയിലുള്ളതാണെങ്കിലും പ്രവർത്തനം നടത്തേണ്ട തദ്ദേശസ്ഥാപന ഭൂപരിധിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആരോഗ്യസ്ഥാപനങ്ങളിലെ മേൽപ്പറഞ്ഞ ഉദ്യോഗസ്ഥർ.
- സാന്ത്വന പരിചരണരംഗത്ത് പ്രവർത്തിച്ചുവരുന്നതും പ്രതിഫലം കൂടാതെ സന്നദ്ധതാടിസ്ഥാനത്തിൽ തദ്ദേശസ്ഥാപനത്തിന്റെ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങളിൽ സഹകരിച്ച് പ്രവർത്തിക്കാൻ സന്നദ്ധതയുള്ള സംഘ ടനകളുടെ പ്രതിനിധികളും വ്യക്തികളും.
- കുടുംബശ്രീ, സിഡിഎസ് ഭാരവാഹികൾ, തദ്ദേശസ്ഥാപന പരിധിയിലുള്ള സ്കൂളുകളിൽ രൂപികരിക്കപ്പെട്ടിട്ടുള്ള എസ് പി സി, എൻ എസ് എസ്, എൻ സി സി യൂണിറ്റുകളുടെ ചുമതലയുള്ള അധ്യാപകർ, റെഡ്ക്രോസ് ഭാരവാഹികൾ.

**ഹോംകെയർ ടീം**

- മേൽപ്പറഞ്ഞ യോഗത്തിൽവെച്ച് താഴെ പറയുന്നവരെ ഉൾപ്പെടുത്തി പ്രസ് തുത വർഷത്തേക്കുള്ള ഹോം കെയർ ടീമിനെ തിരഞ്ഞടുക്കേണ്ടതാണ്.
- ആരോഗ്യസ്ഥാപനങ്ങളിലെ ഡോക്ടർമാർ, നഴ്സുമാർ മറ്റ് ആരോഗ്യ പ്രവർത്തകർ.
- ആശാവർക്കർമാർ.
- സന്നദ്ധസംഘടനകളിൽനിന്നും പ്രവർത്തനങ്ങളിൽ പങ്കെടുക്കുവാൻ തയ്യാറുള്ള വ്യക്തികൾ.
- സാമൂഹ്യ പ്രവർത്തകർ / സന്നദ്ധപ്രവർത്തകർ/വയോജനസംഘടനാ പ്രതിനിധികൾ.
- കുടുബശ്രീയിൽ നിന്നും സന്നദ്ധാടിസ്ഥാനത്തിൽ പ്രവർത്തിക്കാൻ തയ്യാറുള്ളവർ.
- ഹോംകെയർ പ്രവർത്തനങ്ങളിൽ പങ്കെടുക്കാൻ താൽപര്യമുള്ള സ്കൂളു കളിൽ നിന്നുള്ള പ്രതിനിധികൾ.
- തദ്ദേശസ്ഥാപനപരിധിയിൽ താമസിക്കുന്ന എൻഎസ്എസ്, എൻസിസി പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന കോളേജ് വിദ്യാർഥികൾ.
- പാലിയേറ്റിവ് കെയർ നഴ്സ് (പ്രതിമാസ ഓണറേറിയം 18030).

ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകണം. മറ്റു തദ്ദേശസ്ഥാപനങ്ങളിൽ സമാനപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നവർ, ജില്ലാതല പാലിയേറ്റിവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നവർ (എൻഎച്ച്എം) തുടങ്ങിയവരുടെ പങ്കാളിത്തത്തോടെയായിരിക്കണം പരിശീലനം. പരിശീലനച്ചെലവ് പ്രോജക്ടിൽ ഉൾപ്പെടുത്തി നിർവഹിക്കാവുന്നതാണ്.

ഹോംകെയർ പ്ലാനിങ്ങ് രജിസ്റ്റർ - എല്ലാ ഹോംകെയർ യൂണിറ്റുകളും ഒരു ഹോംകെയർ പ്ലാനിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### ഗൃഹസന്ദർശന ഷെഡ്യൂൾ

മേൽപ്പറഞ്ഞപ്രകാരം സന്നദ്ധപ്രവർത്തകർക്ക് പങ്കെടുക്കാൻ കഴിയുന്ന വിധം പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് സന്ദർശന ഷെഡ്യൂൾ പ്രതിമാസ മീറ്റിങ്ങിൽ അനുമതി തേടേണ്ടതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ഗൃഹസന്ദർശനത്തിന്റെ പതിപ്പ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്. ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനത്തിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് (പരമാവധി മൂന്നു പേർക്ക്) ആവശ്യമായി വരുന്ന ഭക്ഷണച്ചെലവ് ഒരാൾക്ക് ഒരു ദിവസം പരമാവധി 60 രൂപ എന്ന് കണക്കാക്കി പ്രോജക്ടിൽ വകയിരുത്താവുന്നതും പിഎംസി തീരുമാനപ്രകാരം ചെലവഴിക്കാവുന്നതുമാണ്.

### ഹോംകെയർ കിറ്റ്

നിർദേശിച്ചിട്ടുള്ള മരുന്നുകളും ഉപകരണങ്ങളും ഹോംകെയർ കിറ്റിൽ ഉണ്ടായിരിക്കേണ്ടതാണ്. ഹോംകെയർ കിറ്റിൽ ഉണ്ടായിരിക്കേണ്ട പരിചരണ സാമഗ്രികൾ ഇതിന് നേതൃത്വം നൽകുന്ന അലോപ്പതി ആരോഗ്യ സ്ഥാപനത്തിൽ നിന്നും നൽകേണ്ടതാണ്. ഹോംകെയർ ടീമിനാവശ്യമായ സാമഗ്രികൾ കൃത്യമായ ഇടവേളകളിൽ പാലിയേറ്റിവ് നഴ്സിന് നൽകേണ്ടതും നഴ്സ് വസ്തുക്കളുടെ സബ്സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതുമാണ്.

### പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി

പാലിയേറ്റിവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും മേൽനോട്ടത്തിനും ചുവടെ പ്രതിപാദിച്ചിട്ടുള്ള പ്രകാരം ഒരു പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിലും തദ്ദേശസ്ഥാപനം രൂപീകരിക്കേണ്ടതാണ്.

| ക്രമം | വിവരണം | സ്ഥാനം |
|---|---|---|
| 1 | ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ്/മുനിസിപ്പൽ ചെയർപേഴ്സൺ/കോർപ്പറേഷൻ മേയർ | ചെയർപേഴ്സൺ |
| 2 | ഗ്രാമപ്പഞ്ചായത്തിലെ /നഗരസഭയിലെ ആരോഗ്യ-സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർമാൻ | വൈസ് ചെയർപേഴ്സൺ |
| 3 | ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിചെയർമാൻ | മെമ്പർ |
| 4 | ഗ്രാമപ്പഞ്ചായത്ത് /മുനിസിപ്പൽ/കോർപ്പറേഷൻ - സെക്രട്ടറി | മെമ്പർ |
| 5 | തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്ന രണ്ട് മെമ്പർമാർ (ഒരാൾ വനിതയായിരിക്കണം) | മെമ്പർമാർ |

| | | |
|---|---|---|
| 6 | തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിധിയിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്ന പാലിയേറ്റിവ് കെയർ യൂണിറ്റിന്റെ/യൂണിറ്റുകളുടെ സെക്രട്ടറിയും ഡോക്ടറും. | മെമ്പർമാർ |
| 7 | കമ്യൂണിറ്റി ഡെവലപ്മെന്റ് സൊസൈറ്റി ചെയർ പേഴ്സൺ | മെമ്പർ |
| 8 | സിഡിഎസ് മെമ്പർ സെക്രട്ടറി | മെമ്പർ |
| 9 | ഗ്രാമപ്പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന ബ്ലോക്ക്/ജില്ലാപഞ്ചായത്ത് മെമ്പർമാർ | മെമ്പർമാർ |
| 10 | ഹോംകെയർ സംവിധാനം നടപ്പാക്കുന്നതിനായി തെരഞ്ഞെടുത്ത സംഘത്തിലെ പരിശീലനം ലഭിച്ച രണ്ട് സന്നദ്ധപ്രവർത്തകർ | മെമ്പർമാർ |
| 11 | മെഡിക്കൽ ഓഫീസർ, ഹോമിയോ ഡിസ്പെൻസറി/ആശുപത്രി | മെമ്പർ |
| 12 | മെഡിക്കൽ ഓഫീസർ, ആയുർവേദ ഡിസ്പെൻസറി/ആശുപത്രി | മെമ്പർമാർ |
| 13 | ഹോംകെയറിന് നിയോഗിക്കപ്പെടുന്ന നഴ്സ് | മെമ്പർ |
| 14 | തദ്ദേശസ്ഥാപനത്തിലെ പ്രാഥമികാരോഗ്യ പ്രവർത്തനങ്ങളുടെ ചാർജുള്ള ഫീൽഡ് ഉദ്യോഗസ്ഥൻ | മെമ്പർ |
| 15 | മെഡിക്കൽഓഫീസർ, പ്രാഥമികാരോഗ്യകേന്ദ്രം, സി.എച്ച്.സി (നഗരസഭകളിൽ മെഡിക്കൽ ഓഫീസർ/ഗവ.ആശുപത്രി/താലൂക്ക് ആശുപത്രി, ജില്ലാശുപത്രി, ജനറൽ ആശുപത്രി) | മെമ്പർ സെക്രട്ടറി |

പ്രസ്തുത കമ്മിറ്റി രണ്ടു മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റിവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളേണ്ടതുമാണ്.

## വിഭവസമാഹരണം

പാലിയേറ്റിവ് പരിചരണ പ്രോജക്ടിന്റെ നടത്തിപ്പിനായി മാർഗരേഖയിലെ വ്യവസ്ഥകൾക്ക് വിധേയമായി തനത് ഫണ്ട്, വികസനഫണ്ട് വിനിയോഗിക്കാവുന്നതാണ്. എന്നിരുന്നാലും കഴിയാവുന്നത്ര ഈ സംവിധാനവും അനുബന്ധപ്രവർത്തനങ്ങളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് പ്രാദേശിക വിഹിതം സമാഹരിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ ഊർജിതശ്രമം നടത്തേണ്ടതാണ്.

- മനുഷ്യസ്നേഹികൾ സംഘടനകൾ, സ്ഥാപനങ്ങൾ വിദേശമലയാളികൾ തുടങ്ങിയവരിൽ നിന്നും സംഭാവനയിനത്തിൽ തുക സ്വീകരിക്കുന്നതിനും അക്കൗണ്ട് ചെയ്യുന്നതിനും സർക്കാർ ആശുപത്രിയിലെ എച്ച്എംസിക്ക് പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് ആരംഭിക്കാവുന്നതാണ്. സംഭാവന സ്വീകരിക്കുവാൻ 'പാലിയേറ്റിവ് പരിചരണ പദ്ധതി സംഭാവന' എന്ന് രേഖപ്പെടുത്തിയ രസീത് നൽകുകയും ഫണ്ടിന്റെയും വിനിയോഗത്തിന്റെയും കണക്കുകൾ ഓഡിറ്റിന് ഹാജരാക്കുകയും വേണം.
- സാധനസാമിഗ്രികളായോ പണമായോ ലഭിക്കുന്ന വിഭവസമാഹരണ വിവരങ്ങൾ സൂക്ഷിക്കുന്നതിനായി 'ക്യാഷ് ആന്റ് അസറ്റ് ഡൊനേഷൻ രജിസ്റ്റർ' സൂക്ഷിക്കേണ്ടതാണ്.
- പ്രാദേശികമായി പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾക്കുവേണ്ടി തദ്ദേശസ്ഥാപനങ്ങൾ സമാഹരിക്കുന്ന മേൽപ്പറഞ്ഞ ഫണ്ട് ചെലവഴിക്കുന്നതിന് എച്ച്എംസി ഫണ്ട് വിനിയോഗത്തിന്റെ വ്യവസ്ഥകൾ പാലിക്കേണ്ടതില്ല. എന്നാൽ എച്ച്എംസിയുടെ കൺവീനർ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വിവിധ ആവശ്യങ്ങൾക്കായി പണം വിനിയോഗിക്കുകയും അത് എച്ച്എംസി യോഗത്തിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങുകയും ചെയ്യേണ്ടതാണ്.

### പാലിയേറ്റിവ് കെയർ : പ്രോജക്ട് തയ്യാറാക്കൽ

ഓരോ തദ്ദേശസ്ഥാപനവും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടും ഇനംതിരിച്ചുള്ള ചെലവുകൾ വ്യക്തമാക്കികൊണ്ടും പ്രോജക്ട് തയ്യാറാക്കണം (സംയുക്തപ്രോജക്ട് പാടില്ല). അങ്കണവാടി പോഷകാഹാര പരിപാടി പ്രോജക്ട് പോലെ തുടർച്ചയായി നടപ്പാക്കേണ്ട ഒരു പ്രോജക്ടാണിത്. പാലിയേറ്റിവ് കെയറിനുവേണ്ടി ഓരോ വർഷത്തേക്കും ഒരു പ്രോജക്ട് മാത്രമേ തയ്യാറാക്കാവു. ആരോഗ്യമേഖലാ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള അലോപ്പതി നിർവഹണ ഉദ്യോഗസ്ഥൻ തന്നെയായിരിക്കും ഈ പ്രോജക്ടിന്റെയും നിർവഹണ ഉദ്യോഗസ്ഥൻ. അനുവദനീയമായ ചെലവുകൾ തദ്ദേശസ്ഥാപനത്തിന്റെ വിവിധ ഫണ്ടുകളിൽ നിന്നും വകയിരുത്താമെങ്കിലും വികസനഫണ്ടിൽ നിന്നും നീക്കിവെക്കുന്ന 5% തുക പാലയേറ്റിവ് കെയർ പദ്ധതിക്ക് നീക്കിവെക്കേണ്ട അനിവാര്യ വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.പാലിയേറ്റിവ് പരിചരണ പ്രോജക്ടിൽ നിന്നും ഹോംകെയറിനാവശ്യമായ മരുന്നുകളാണ് നൽകേണ്ടത് (കിറ്റ്) ദീർഘകാല രോഗങ്ങൾക്ക് മരുന്ന് വാങ്ങി നൽകണമെങ്കിൽ പ്രത്യേകം പ്രോജക്ട് തയ്യാറാക്കണം. (പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ മാർഗരേഖ സ.ഉ സാധാ (നം).3217/2015 പരിശോധിക്കേണ്ടതാണ്).

### മോണിട്ടറിങ്ങ്

പാലിയേറ്റിവ് പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് പിഎംസി യുടെ ആഭിമുഖ്യത്തിൽ തദ്ദേശസ്ഥാപനത്തിൽ വെച്ച് ഓരോ മാസവും അവലോകന യോഗങ്ങൾ നടത്തേണ്ടതാണ്. മുൻ മാസം നടന്ന പ്രവർത്തനങ്ങൾ വരവു ചെലവുകണക്കുകൾ പരിശീലനങ്ങൾ തുടങ്ങിയവ റിപ്പോർട്ടായി എഴുതി

തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്. അടുത്ത മാസത്തേക്കുള്ള ഗൃഹസന്ദർശന ഷെഡ്യൂൾ തുടങ്ങി ഓരോ പ്രവർത്തനങ്ങളും ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതാണ്. ആരോഗ്യവുമായി ബന്ധപ്പെട്ട പ്രോജക്ടുകൾ മോണിട്ടർ നടത്തുന്ന വർക്കിങ്ങ് ഗ്രൂപ്പ് പാലിയേറ്റിവ് കെയർ പ്രവർത്തനങ്ങളും മോണിറ്റർ ചെയ്യണം.

### വിദഗ്ധ പാലിയേറ്റിവ് പരിചരണ പ്രവർത്തനങ്ങൾ

തദ്ദേശഭരണസ്ഥാപനങ്ങൾ പാലിയേറ്റിവ് കെയർ സംരംഭം എന്ന നിലയിൽ ഹോം കെയർ മാത്രമാണ് നടത്തുന്നത്. ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായ രോഗികളുടെ പരിചരണരീതി അവരുടെ വീടുകളിൽ ചെന്ന് പരിശീലിപ്പിക്കാനും ആവശ്യമായ തുടർപരിചരണം ചെയ്തുകൊടുക്കുന്നതിനുമാണ് ഈ സംവിധാനം. ഇതിനപ്പുറമുള്ള വിദഗ്ധ പാലിയേറ്റിവ് പരിചരണം കുറച്ച് രോഗികൾക്ക് ആവശ്യമായി വന്നേക്കാം. പാലിയേറ്റിവ് കെയർ ഡോക്ടർമാരുടെ കൺസൾട്ടേഷൻ, മോർഫിനടക്കമുള്ള പാലിയേറ്റിവ് മരുന്നിന് വിദഗ്ധ നഴ്സിങ്ങ് പരിചരണം, ബുദ്ധിമുട്ട് കൂടിയ രോഗികൾക്കുള്ള കിടത്തി ചികിത്സ തുടങ്ങിയവ പ്രാഥമിക ഗൃഹപരിചരണ യൂണിറ്റുകൾക്ക് ചെയ്യുവാൻ കഴിയുന്നതല്ല. വിദഗ്ധ പാലിയേറ്റിവ് പരിചരണം കമ്യൂണിറ്റി ഹെൽത്ത്സെന്ററുകൾ, ഗവ. ആശുപത്രികൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവയിൽ നിന്നും ലഭ്യമാകുന്നതാണ്. വിദഗ്ധ ചികിത്സ ആവശ്യമായ രോഗികളെ ഇത്തരം സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

### സന്നദ്ധ സംഘടനകൾ നടത്തുന്ന പാലിയേറ്റിവ് കെയർ യൂണിറ്റുകൾക്കുള്ള സഹായം

പാലിയേറ്റിവ് കെയർ യൂണിറ്റുകൾ നടത്തുന്ന തദ്ദേശസ്ഥാപനത്തിന്റെ പരിധിയിൽ വരുന്ന സന്നദ്ധസംഘടനകൾക്ക് പിഎംസി വിലയിരുത്തലിന് വിധേയമായി പാലിയേറ്റിവ് കെയറിനാവശ്യമായ മരുന്നുകളും കിറ്റിനാവശ്യമായ മരുന്നുകളും ഗ്രാമപ്പഞ്ചായത്തുകൾക്കും നഗരസഭകൾക്കും പിഎംസി മുഖേന നൽകാവുന്നതാണ്. ഇതുസംബന്ധിച്ച നിബന്ധനകൾ 29/10/15 ലെ 3217/2015 തസ്വഭവ എന്ന ഉത്തരവിൽ നൽകിയിട്ടുണ്ട്.

### ഹോംകെയർ പ്രവർത്തന ഏകോപനം

ഒരേ തദ്ദേശസ്ഥാപനത്തിൽ വിവിധ ഏജൻസികളുടെ നേതൃത്വത്തിൽ ഹോം കെയർ പ്രവർത്തനം നടന്നുവരുന്നുണ്ട്. പട്ടികവർഗങ്ങൾക്കുള്ള പ്രത്യേക പരിപാടി, വയോമിത്രം പരിപാടി സന്നദ്ധസംഘടനകളുടെ ആശുപത്രികൾ കേന്ദ്രീകരിച്ചുള്ള പാലിയേറ്റിവ് കെയർ പരിപാടി എന്നിവ ഉദാഹരണങ്ങളാണ്. സേവനങ്ങളുടെ ഇരട്ടിപ്പുമൂലം പലർക്കും കൃത്യമായി സേവനം ലഭിക്കാതിരിക്കുന്നതിന് ഇത് കാരണമാകുന്നുണ്ട്. അതുകൊണ്ട് തദ്ദേശഭരണ സ്ഥാപനം പാലിയേറ്റിവ് കെയർ പ്രവർത്തനം നടത്തുന്ന ഏജൻസികളുടെ യോഗം വിളിച്ചുചേർത്ത് പാലിയേറ്റിവ് കെയർ നോമിനൽ രജിസ്റ്ററിൽ പേര് ചേർത്തിട്ടുള്ളവരുടെ ഗൃഹസന്ദർശനം ചുമതലാ വിഭജനം നടത്തി ഏകോപിപ്പിക്കേണ്ടതാണ്.

- ഹോമിയോ/ആയുർവേദ മരുന്നുകൾ കഴിക്കുന്ന കിടപ്പിലായ രോഗികൾക്ക് പ്രസ്തുത മരുന്നുകൾ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കേണ്ടതാണ്.
- രോഗികളുടെ കൈവശവും ഡോക്ടർ നൽകിയിട്ടുള്ള മരുന്നുകളും പരിചരണവും രേഖപ്പെടുത്തിയിട്ടുള്ള പേഷ്യന്റ് റെക്കോർഡ് ഉണ്ടായിരിക്കണം.
- ഹോംകെയർ സ്പെഷൽ ഒ പി യിൽ പങ്കെടുക്കുന്ന സ്റ്റാഫ് വാളന്റിയർ എന്നിവർക്കായി ഹാജർ പുസ്തകം സൂക്ഷിക്കേണ്ടതാണ്.

## 5.4 തദ്ദേശഭരണസ്ഥാപന മാതൃകകൾ

### 1. പ്രാഥമിക പാലിയേറ്റിവ് പരിചരണം - അമ്പലവയൽ ഗ്രാമപ്പഞ്ചായത്ത്

അമ്പലവയൽ ഗ്രാമപ്പഞ്ചായത്തും സാമൂഹികാരോഗ്യ കേന്ദ്രവും സംയുക്തമായി നടത്തുന്ന പ്രാഥമിക പാലിയേറ്റിവ് കെയർ വിജയകരമായ ഒരു പ്രോജക്ടാണ്. നിലവിൽ 1550-ൽ പരം രോഗികൾ രജിസ്റ്റർ ചെയ്തതിൽ 650 രോഗികൾക്ക് തുടർ പരിചരണം നൽകിവരുന്നു. ദിനംപ്രതി വർധിച്ചു വരുന്ന രോഗികകളായ വ്യക്തികളിലേക്ക് ഇറങ്ങിചെല്ലുമ്പോൾ അവർക്ക് മരുന്നുകൾ മാത്രമല്ല മാനസിക-സാമ്പത്തിക രംഗത്തും നമ്മൾ ഇടപെടേണ്ടത് അത്യാവശ്യമാണെന്ന് മനസ്സിലാക്കി അതിന് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ഒരു കൈതാങ്ങ് എന്ന രീതിയിൽ 'സാമ്പത്തിക സഹായ നിധി'ക്ക് തുടക്കമിട്ടു.

വയനാട് ജില്ലയിൽ ആദ്യമായി രോഗികളുടെ ആവശ്യങ്ങൾക്ക് പണം നേരിട്ട് നൽകുന്ന ഒരു സംരംഭമായി ഈ ഗ്രാമപ്പഞ്ചായത്ത് തുടക്കമിട്ടു. ഇതിനുള്ള തുക കണ്ടെത്തുന്നതിനായി 2015 മുതൽ ജനുവരി 15 പാലയേറ്റിവ് ദിനത്തോടനുബന്ധിച്ച് ഗ്രാമപ്പഞ്ചായത്തിലെ എല്ലാ വീടുകളും സ്ഥാപനങ്ങളും കയറി ഒറ്റ ദിവസത്തെ രസീത് കളക്ഷൻ നടത്തുന്നു. ഇതിനായി ജനപ്രതിനിധികൾ, എഡിഎസ്, സിഡിഎസ് ഉൾപ്പടെയുള്ള കുടുംബശ്രീ പ്രവർത്തകർ, ആശാപ്രവർത്തകർ, മറ്റ് സന്നദ്ധപ്രവർത്തകർ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കുന്നു. ഈ തുക ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും മെഡിക്കൽ ഓഫീസർ കൺവീനറുമായ ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നു.

ഇതിനെല്ലാം ചുക്കാൻ പിടിക്കുന്നത് പാലിയേറ്റിവ് മാനേജ്മെന്റ് കമ്മിറ്റിയാണ്. കൃത്യമായ ഇടവേളകളിൽ മൂന്നുമാസം കൂടുമ്പോൾ കമ്മിറ്റി കൂടുകയും കൃത്യമായ മാനദണ്ഡമനുസരിച്ച് അപേക്ഷകൾ സ്വീകരിക്കുകയും രോഗിയുടെ വാർഡ് മെമ്പർ, എഡിഎസ്/സിഡിഎസ്, കമ്യൂണിറ്റി നഴ്സ് എന്നിവരുടെ ശുപാർശ ഉൾക്കൊണ്ട് 100 മുതൽ 2500 രൂപ വരെയുള്ള തുകകൾ അനുവദിക്കുകയും ചെയ്യുന്നു. ഓരോവർഷവും ഇതിനായി 10 ലക്ഷം മുതൽ 12 ലക്ഷം വരെയുള്ള തുക അന്താരാഷ്ട്ര പൂപ്പൊലി, ചക്കമഹോത്സവം എന്നിവയിൽ പ്രത്യേകം സ്റ്റാളുകൾ തയ്യാറാക്കി ശേഖരിക്കുകയും വാർഡ്തല കളക്ഷൻ, ബോക്സ് കളക്ഷൻ, സംഭാവനകൾ എന്നിവ വഴിയും കണ്ടെത്തുന്നു.

### 2. സാന്ത്വന സൗഹൃദ പദ്ധതി : മീനങ്ങാടി ഗ്രാമപ്പഞ്ചായത്ത്

വയനാട്ടിലെ ജനസംഖ്യയുടെ ഇരുപത് ശതമാനത്തോളം പേരും പട്ടിക വർഗവിഭാഗത്തിൽപ്പെട്ടവരാണ്. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന ഇവരിൽ വിദ്യാഭ്യാസത്തിലും ജീവിത സാഹചര്യങ്ങളിലും മറ്റു വിഭാഗങ്ങളെ അപേക്ഷിച്ച് ഏറെ പിന്നോക്കം നിൽക്കുന്നവരാണ് പണിയ, കാട്ടുനായ്ക്കർ വിഭാഗങ്ങൾ. മദ്യപാനം, ലഹരി വസ്തുക്കളുടെ ഉപയോഗം മുതലായവ ഇവരുടെ ആരോഗ്യസ്ഥിതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. ലഹരി ഉപയോഗത്തിൽ നിന്നും ഇവരെ പിന്തിരിപ്പിച്ച് സാമൂഹ്യമായും സാംസ്കാരികമായും ഇവരുടെ അവസ്ഥ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനും ലക്ഷ്യമിട്ടാണ് മീനങ്ങാടി ഗ്രാമപ്പഞ്ചായത്ത് സാന്ത്വന സൗഹൃദം എന്ന പേരിൽ ഒരു പദ്ധതിക്ക് രൂപംനൽകിയത്. പട്ടികവർഗ മേഖലയിലെ നിലവിലെ അവസ്ഥ പഠനവിധേയമാക്കി, വിവിധ വകുപ്പുകളുടെ ഏകോപനത്തിലൂടെ, വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ, ആദിവാസി ജീവിതത്തിനു പുതിയ ദിശാബോധം നൽകുന്നതിനും മെച്ചപ്പെട്ട ജീവിതസാഹചര്യങ്ങളിലേക്ക് ഇവരെ എത്തിക്കുന്നതിനും ഈ പദ്ധതിയിലൂടെ സാധിച്ചിട്ടുണ്ട്. ലഹരിയുടെ ആസക്തിയിൽ പെട്ടവരെ അതിൽ നിന്നും പിന്തിരിപ്പിക്കുന്നതിനും പുതിയ തലമുറയുടെ ലഹരിയുടെ ലോകത്തിലേക്കുള്ള പ്രവേശനം ആരംഭദശയിൽ തന്നെ തടയുന്നതിനും സാന്ത്വന പരിചരണ പ്രക്രിയയിലൂടെ ആരോഗ്യമുള്ളവരാക്കി മാറ്റുന്നതിനും ഈ പദ്ധതിയിലൂടെ കഴിഞ്ഞിട്ടുണ്ട്. തിരഞ്ഞെടുത്ത കോളനികളിലെ അംഗങ്ങൾക്ക് കോളനിവികസനം, വ്യക്തിശുചിത്വം, ജീവിതശൈലീരോഗങ്ങൾ, വരുമാനദായക പ്രവർത്തനങ്ങൾ, സമ്പാദ്യശീലം, കൂട്ടായ്മകൾ തുടങ്ങിയ വിഷയങ്ങളിൽ ബോധവത്കരണം നൽകുകയും തുടർന്ന് കോളനിവാസികളുടെ നേതൃത്വത്തിൽ വിവരശേഖരണം നടത്തി പ്രശ്നങ്ങൾ കണ്ടെത്തുകയും പരിഹാരനിർദേശങ്ങൾ സ്വരൂപിക്കുകയും ചെയ്തു. പ്രശ്നപ്രദേശങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ നിരന്തരമായ ഇടപെടലുകൾ, ഇടയ്ക്കിടെയുള്ള കൗൺസലിങ്ങ്, കലാസാംസ്കാരിക പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ കോളനികളെ സക്രിയമാക്കി നിർത്തുന്നു. ആയുർവേദ, ഹോമിയോ, അലോപ്പതി ചികിത്സാ വിഭാഗങ്ങൾ, പോലീസ്, എക്സൈസ്, പട്ടികവർഗവികസനം, ക്ഷീരവികസനം, വിദ്യാഭ്യാസം, നിയമം, സിവിൽസപ്ലൈസ്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകൾ, കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി, അക്ഷയ, ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയ സംവിധാനങ്ങൾ, എം.എസ്. സ്വാമിനാഥൻ റിസേർച്ച് ഫൗഷേൻ, സന്നദ്ധസംഘടനകൾ, കിലയുടെ റിസോർസ് പേർസൺമാർ തുടങ്ങിയവയുടെ പ്രവർത്തനങ്ങൾ മുതലായവ ഈ പദ്ധതിയുടെ വിജയത്തിന് പഞ്ചായത്തിന് സഹായകരമാണ്.

### 3. സഞ്ചരിക്കുന്ന ആശുപത്രി – വെട്ടികവല ഗ്രാമപ്പഞ്ചായത്ത്

കോവിഡ് – 19 കാലത്ത് കിടപ്പുരോഗികളുടെയും, ജീവിതശൈലീരോഗികളുടെയും ചികിത്സ മുടങ്ങിയ അവസരമുണ്ടായിരുന്നു. പ്രത്യേകിച്ച് വയോധികരായ കിടപ്പുരോഗികൾക്കാണ് ഏറെ പ്രയാസം അനുഭവപ്പെട്ടത്. ഇയവസരത്തിലാണ് ഗ്രാമപ്പഞ്ചായത്തിലെ സഹകരണാശുപത്രി 'സഞ്ചരിക്കുന്ന

ആശുപത്രി'എന്ന ആശയവുമായി മുന്നോട്ടു വന്നത്. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്തിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കിയത്. ഡോക്ടറുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘം സമീപ പ്രദേശങ്ങളിലുള്ള കിടപ്പുരോഗികളെയും ജീവിതശൈലീരോഗികളെയും വൈദ്യപരിശോധന നടത്തി അവർക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി നൽകി. കിടപ്പുരോഗികളുടെ വിവരശേഖരണം ആശാവർക്കർമാർ വഴിയാണ് നടത്തിയത്. അതോടൊപ്പം അഗതികളായ 40 അമ്മമാർ അന്തേവാസികളായ അഗതി ഭവനത്തിലും ഇതേ സേവനം കോവിഡ് 19 കാലത്ത് സഞ്ചരിക്കുന്ന ആശുപത്രി വഴി നൽകാനായി.

### 4. കോവിഡ്കാല പാലിയേറ്റിവ് കെയർ- സഞ്ചരിക്കുന്ന ആശുപത്രി - മാള ഗ്രാമപ്പഞ്ചായത്ത് (തൃശ്ശൂർ ജില്ല)

കോവിഡ് 19 രോഗ വ്യാപനംമൂലം സംസ്ഥാനത്ത് കേന്ദ്രസർക്കാർ പ്രഖ്യാപിച്ച ലോക്ക്ഡൗൺ പ്രകാരം പൊതുഗതാഗതം നിരോധിക്കപ്പെട്ടതിനാലും യാത്രകൾക്കായി സാധാരണക്കാരും ദുർബലജനവിഭാഗങ്ങളിൽപ്പെട്ടവരും ഉപയോഗിക്കുന്ന ഓട്ടോറിക്ഷകൾ ഓടിക്കാൻ അനുവാദമില്ലാതെയിരുന്നതിനാലും ചികിത്സകൾക്കായി സർക്കാർ ആശുപത്രികളെ ആശ്രയിച്ചിരുന്ന, ജീവിതശൈലി രോഗങ്ങൾ നിമിത്തം ബുദ്ധിമുട്ട് അനുഭവിക്കുന്ന വയോജനങ്ങൾ അടക്കമുള്ള ജനവിഭാഗങ്ങൾ മാള ഗ്രാമപ്പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിക്കുന്നുണ്ടെന്ന തിരിച്ചറിവാണ് സഞ്ചരിക്കുന്ന ആശുപത്രി എന്ന പദ്ധതി മാള ഗ്രാമപ്പഞ്ചായത്തിൽ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിയത്.

ജീവിതശൈലിരോഗങ്ങൾക്ക് നിലവിൽ സർക്കാർ ആശുപത്രിയിൽ ചികിത്സ തേടി NCD ക്ലിനിക്കിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവരും എന്നാൽ പൊതുഗതാഗത നിരോധനം മൂലം ആശുപത്രികളിൽ നേരിട്ട് എത്തി ഡോക്ടറെ കാണാനും മരുന്ന് വാങ്ങാനും കഴിയാത്തവരുമായ ആളുകൾക്ക് അവരവരുടെ വീടുകളിലോ വാഹനം എത്താൻ കഴിയുന്ന തൊട്ടടുത്ത പരിസരത്തോ നേരിട്ട് എത്തി ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നതിനും, രക്തസമ്മർദം, പ്രമേഹം എന്നിവ പരിശോധിച്ച് ഡോക്ടറുടെ നിർദേശാനുസരണം പത്ത് ദിവസത്തേക്കുള്ള മരുന്നുകൾ സൗജന്യമായി നൽകുകയും ചെയ്യുകവഴി ലോക്ക്ഡൗൺ കാലത്ത് ദുരിതമനുഭവിക്കുന്ന സാധാരണ ജനവിഭാഗങ്ങൾക്ക് ആശ്വാസം നൽകുക എന്നതാണ് ഗ്രാമപ്പഞ്ചായത്ത് ഈ പദ്ധതി വഴി ലക്ഷ്യമാക്കിയിട്ടുള്ളത്.

മാളയിലെ വിദ്യാഭ്യാസ സ്ഥാപനമായ ഹോളിഗ്രേസ് ഗ്രൂപ്പ് പഞ്ചായത്തുമായുള്ള ചർച്ചയെതുടർന്ന് ഈ പ്രവർത്തനങ്ങളുമായി സഹകരിക്കുവാൻ തയ്യാറായി. സഞ്ചരിക്കുന്ന ആശുപത്രിയിൽ പ്രവർത്തിക്കുന്നവർക്ക് ആവശ്യമായ ഇരിപ്പിടസൗകര്യം, രോഗികളെ പരിശോധിക്കുന്നതിനുള്ള സൗകര്യം, അത്യാവശ്യഘട്ടങ്ങളിൽ രോഗികൾക്ക് ഉപയോഗിക്കുന്നതിനുള്ള കിടക്ക, മരുന്നുകൾ സൂക്ഷിക്കുന്നതിനുള്ള സൗകര്യം അടക്കമുള്ള സംവിധാനങ്ങളോടെ, രൂപമാറ്റം വരുത്തിയതും സഞ്ചാരയോഗ്യമായതുമായ ബസ്സും, ഡ്രൈവറെയും സഹായിയേയും വിട്ടുതരികയും ബസ്സിന്റെ ഇന്ധനമടക്കമുള്ള ചെലവുകൾ വഹിക്കുന്നതിന് തയ്യാറാകുകയും ചെയ്തു. സർക്കാരിന്റെ ആരോഗ്യ നയത്തിനനുസരിച്ച് സർക്കാർ സി.എച്ച്.സി.യിലെ ഡോക്ടറെയും ജീവനക്കാ

രെയും ഉപയോഗിച്ച് പ്രസ്തുതപദ്ധതി രൂപകൽപ്പന ചെയ്തു. മുൻകൂട്ടി നിശ്ചയിച്ചതനുസരിച്ച് ഒരു ദിവസം നാല് വാർഡുകളിൽ എന്ന നിലയിലാണ് ജനങ്ങൾക്ക് ഈ പദ്ധതിയുടെ സേവനം ലഭ്യമാക്കിയത്. സഞ്ചരിക്കുന്ന ആശുപത്രി എത്തിച്ചേരുന്ന പ്രദേശങ്ങളിൽ വാർഡ് മെമ്പർമാരും ആശാപ്രവർത്തകരും സന്നിഹിതരായിരുന്നു. തീരെ അവശരായ രോഗികളെ വീട്ടിൽ ചെന്ന് പരിശോധിക്കുകയും മറ്റുള്ളവർക്ക് അതാത് പ്രദേശങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ച സ്ഥലത്തെ വീടുകളിൽ ആരോഗ്യ നിയമങ്ങൾ കർശനമായി പാലിച്ചുകൊണ്ടാണ് ചികിത്സ ലഭ്യമാക്കിയത്. ബഹുഭൂരിപക്ഷം വയോജനങ്ങളും ദരിദ്ര ജനവിഭാഗങ്ങളും അടക്കം 120 മുതൽ 150 പേർ വരെയാണ് ഓരോ ദിവസവും സഞ്ചരിക്കുന്ന ആശുപത്രിയിൽ ചികിത്സ തേടി എത്തിയത് എന്നുള്ളത് ഈ പദ്ധതി ജനങ്ങൾക്ക് എത്രകണ്ട് പ്രയോജനകരമായിരുന്നു എന്നുള്ളതിന്റെ ഏറ്റവും വലിയ തെളിവാണ്. ലോക്ക്ഡൗൺ നിബന്ധനമൂലം കഷ്ടപ്പാട് അനുഭവിച്ചിരുന്ന ഏറ്റവും സാധാരണക്കാരും വയോജനങ്ങളും യഥാർഥ ഗുണഭോക്താക്കളുമായ മാള ഗ്രാമപ്പഞ്ചായത്തിലെ 20 വാർഡുകളിലെ 732 രോഗികൾക്ക് അഞ്ച് ദിവസങ്ങളിലായി ഈ പദ്ധതിയിലൂടെ ചികിത്സയും മരുന്നും ലഭ്യമാക്കാൻ ഗ്രാമപ്പഞ്ചായത്തിന് സാധിച്ചതാണ് ഈ പദ്ധതിയുടെ ഏറ്റവും പ്രധാന നേട്ടം.

### 5. സംയോജിത പാലിയേറ്റിവ് പരിചരണപരിപാടി - മലപ്പുറം ജില്ലാപഞ്ചായത്ത്

ജീവിതത്തെ അപായപ്പെടുത്തും വിധം രോഗങ്ങളാൽ ദുരിതമനുഭവിക്കുന്ന രോഗികൾക്കും കുടുംബത്തിനും ഉണ്ടാകുവാൻ സാധ്യതയുള്ള പ്രയാസങ്ങളെ മുൻകൂട്ടി കാണാനും കുറ്റമറ്റ രീതിയിലുള്ള വിലയിരുത്തലിലൂടെ അവയെ കഴിയുംവിധം തടഞ്ഞുനിർത്താനും ശാരീരിക മാനസിക സാമൂഹിക ആത്മീയ പ്രശ്നങ്ങൾക്ക് പൊതുസമൂഹത്തിന്റെ സഹായത്തോടെ പരിചരണം നൽകുന്നു. ഇതുവഴി രോഗികളുടെയും കുടുംബത്തിന്റെയും ജീവിത ഗുണനിലവാരം വർധിപ്പിക്കാനുള്ള സമഗ്രപരിചരണ പദ്ധതിയാണ് പരിരക്ഷാപദ്ധതി. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ താഴെതട്ടിലുള്ള ആരോഗ്യസ്ഥാപനങ്ങളുമായി ചേർന്ന് സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ നടപ്പിലാക്കുന്ന സാന്ത്വന പരിചരണ പദ്ധതിയാണിത്.

**പ്രധാന ഘടകങ്ങൾ:**

- വീടുകളിൽ പരിചരണം ആവശ്യമുള്ള രോഗികൾക്ക് ഗൃഹകേന്ദ്രീകൃത പരിചരണം.
- തദ്ദേശീയമായ പൊതു ആരോഗ്യ കേന്ദ്രങ്ങൾ മെഡിക്കൽ സൂപ്പർവിഷനും പിൻതുണാ സംവിധാനവും ഉറപ്പാക്കുന്നു.
- സൈക്കോ-സോഷ്യൽ സപ്പോർട്ട്.

**പശ്ചാത്തലം**

- ജില്ലയിൽ 1996 മുതൽ കമ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷനുകൾ മുഖേന സാന്ത്വന പരിചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

- 94 സ്വതന്ത്ര കമ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷനുകൾ ജില്ലയിൽ പ്രവർത്തിക്കുന്നു.
- രോഗീപരിചരണത്തിൽ പരിശീലനം ലഭിച്ച പതിനായിരത്തിലേറെ സന്നദ്ധ പ്രവർത്തകർ.
- സാന്ത്വനമേകാൻ അയൽക്കണ്ണികൾ എന്ന ആശയത്തിലൂന്നിയുള്ള പ്രവർത്തനം (Neighborhood Network in Palliative Care- NNPC)
- മൈക്രോ കളക്ഷൻ - ഫണ്ടിങ്ങ്

**തദ്ദേശഭരണസ്ഥാപനങ്ങൾ- കമ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷനുകൾ ഒന്നിച്ചുള്ള പ്രവർത്തനം**

- 1997 മുതൽ കമ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷനുകൾക്ക് ജില്ലാ പഞ്ചായത്ത് പിൻതുണ നൽകിവരുന്നു.
- ഹോം കെയറിന് പോകുന്നതിനുള്ള വാഹനങ്ങൾ, മരുന്നുകൾ, മറ്റ് ഉപകരണങ്ങൾ, പുനരധിവാസ പ്രവർത്തനങ്ങൾക്കാവശ്യമായ സഹായങ്ങൾ എന്നിവയും നൽകുന്നു.
- തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ പരിധിയിലുള്ള ബേയ്സ്ഡ് ഓർഗനൈസേഷനുകൾക്ക് മരുന്ന്, മറ്റുപകരണങ്ങൾ എന്നിവ വാങ്ങുന്നതിന് വാർഷിക പദ്ധതിയിലൂടെ സഹായം നൽകുന്നു.

**നിലമ്പൂർ, അരീക്കോട് മാതൃകകൾ**

- 2004-ൽ നിലമ്പൂർ, അരീക്കോട് ബ്ലോക്ക് പഞ്ചായത്തിന് കീഴിലുള്ള ഗ്രാമപ്പഞ്ചായത്തുകൾ ആ പ്രദേശത്തുള്ള കമ്യൂണിറ്റി ബേയ്സ്ഡ് ഓർഗനൈസേഷനുകളുടെ പിൻതുണയോടെ ഹോം കെയർ (ഗൃഹകേന്ദ്രീകൃത പരിചരണ പരിപാടി) ആരംഭിച്ചു. (Neighborhood Network in Health Care- NNHC).
- തൊട്ടടുത്ത വർഷം അഞ്ച് തദ്ദേശഭരണസ്ഥാപനങ്ങൾ ഇത്തരത്തിൽ ഹോംകെയർ ആരംഭിച്ചു.
- ജനങ്ങൾക്കിടയിൽ നിന്ന് വലിയ സ്വീകാര്യതയും പിൻതുണയും ലഭിച്ചു.
- 2004 മുതൽ ജില്ലാപഞ്ചായത്ത് ഘട്ടം ഘട്ടമായി ഗ്രാമപ്പഞ്ചായത്തുകളിലൂടെ നടപ്പിലാക്കി.
- 2007 മുതൽ ആരോഗ്യവകുപ്പും നാഷണൽ ഹെൽത്ത് മിഷനും ഈ പ്രവർത്തനങ്ങൾക്ക് പിൻതുണ നൽകി.

**ഹോം കെയർ**

പരിരക്ഷാ പദ്ധതിയുടെ നെടുംതൂൺ ആഴ്ചയിൽ നാലു ദിവസം ഉള്ള ഗൃഹകേന്ദ്രീകൃത പരിചരണം ആണ്. പരിശീലനം ലഭിച്ച കമ്യൂണിറ്റി നഴ്സിന്റെ നേതൃത്വത്തിൽ, ജനപ്രതിനിധി, ആശപ്രവർത്തക, ആരോഗ്യപ്രവർത്തകർ, വൊളന്റിയർ എന്നിവർ അടങ്ങുന്ന ടീം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. സ്റ്റെതസ്കോപ്പ് തുടങ്ങി നെയിൽ കട്ടർ വരെയുള്ള അവശ്യ പരിചരണ സാമഗ്രികൾ ഉൾപ്പെടുന്ന സമഗ്ര ഹോംകെയർ കിറ്റ് ലഭ്യമാക്കുന്നു.

**പരിരക്ഷ - ഗുണഭോക്താക്കളുടെ വിവരങ്ങൾ**

ആകെ രജിസ്റ്റർ ചെയ്തവർ 26432. ഇപ്പോൾ ഹോംകെയർ പരിചരണം ലഭിക്കുന്നവർ 26432. പ്രതിമാസ ഹോം കെയറുകൾ 1974. കത്തീറ്റർ ലഭിക്കുന്നവർ - 1344. മുറിവ് വച്ചുകെട്ടൽ സേവനം ലഭിക്കുന്നവർ - 964.

**പുനരധിവാസ പദ്ധതികൾ**

പദ്ധതിയിൽ രജിസ്റ്റർ ചെയ്ത രോഗികൾക്കുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കൈത്തൊഴിലുകൾ പഠിപ്പിക്കുന്നതിനുള്ള പദ്ധതി ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പാക്കി. സോപ്പ്, സോപ്പ് പൊടി, ലിക്വിഡ്സോപ്പ്, തുള്ളി നീലം, കുട, കരകൗശല വസ്തുക്കൾ, ഫാൻസി ആഭരണങ്ങൾ എന്നിവയുടെ നിർമാണത്തിൽ പരിശീലനം നൽകി. കൂടുതൽ ഉൽപന്നങ്ങൾ നിർമിക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കൾ വാങ്ങി നൽകി. തുടർപ്രവർത്തനങ്ങൾ ഉറപ്പ് വരുത്തി. നിർമിച്ച ഉൽപന്നങ്ങൾ വിദ്യാർഥികളുടെ നേതൃത്വത്തിൽ വിപണനം നടത്തി. പിന്നീട് രോഗികൾ തന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിയ വാഹനങ്ങളിലും ഔട്ട്ലെറ്റുകളിലൂടെയും വിപണന മേഖല കണ്ടെത്തി. ഇതുവഴി രോഗികൾക്ക് ചെറിയ വരുമാനം കണ്ടെത്താനും ഒഴിവുസമയം ഫലപ്രദമായി വിനിയോഗിക്കാനും സാധിച്ചു. രോഗീ ബന്ധു സംഗമങ്ങൾ, വിനോദയാത്രകൾ എന്നിവ നടത്തുകയുണ്ടായി.

**നേട്ടങ്ങൾ**

- 100 ശതമാനം ഹോംകെയർ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാൻ കഴിഞ്ഞു.
- ദീർഘകാല രോഗബാധിതർക്ക് യോജിച്ചതും മാതൃകാപരവും പ്രായോഗികവുമായ പരിചരണം ലഭ്യമാക്കാൻ കഴിഞ്ഞു.
- തദ്ദേശസ്ഥാപനങ്ങൾ, ആരോഗ്യവകുപ്പ്, നാഷണൽ ഹെൽത്ത്മിഷൻ, കുടുംബശ്രീ എന്നിവ തമ്മിലുള്ള മികച്ച കോർഡിനേഷൻ.
- അത്ഭുതാവഹമായ പൊതുജന പങ്കാളിത്തം.
- പാലിയേറ്റിവ് കെയർ പോളിസി തയ്യാറാക്കുന്നതിന് നേതൃപരമായ പങ്ക് വഹിക്കാൻ സാധിച്ചു.
- ആയുർവേദ, സിദ്ധ, ഹോമിയോ, പാലിയേറ്റിവ് ഹോം കെയർ നടപ്പിലാക്കാൻ സാധിച്ചു.

## 5.5 തദ്ദേശഭരണതല പാലിയേറ്റിവ് കെയർ : കർമപരിപാടികൾ

പാലിയേറ്റിവ് കെയർ സംവിധാനം തദ്ദേശഭരണസ്ഥാപനത്തിലൂടെ നടപ്പിലാക്കണമെങ്കിൽ ഒരു സമഗ്രമായ പദ്ധതി ആവിഷ്കരണം വഴി മാത്രമേ സാധ്യമാകൂ. ഇതൊരു ഒറ്റപ്പെട്ട പരിപാടിയല്ല മറിച്ച് തദ്ദേശഭരണസ്ഥാപനത്തിന്റെ പ്രാദേശിക സാമൂഹിക വികസനത്തിലെ മുഴുവൻ മേഖലകളിലും ഇതിനാവശ്യമായ ഇടപെടലുകൾ വേണ്ടതായി വരും. അപ്രകാരം ഒരു പ്രാദേശിക നയവും സംയോജിത പദ്ധതിയും രൂപപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനത്തിന്റെ സവിശേഷമായ തീരുമാനം ആവശ്യമാണ്. ഇതിനായി സ്വീകരിക്കാവുന്ന നടപടിക്രമങ്ങൾ താഴെ നൽകുന്നു.

- പാലിയേറ്റിവ് കെയർ തദ്ദേശഭരണം ഒരു നയമായി ഭരണസമിതി അംഗീകരിക്കുക.
- തദ്ദേശസർക്കാർതലത്തിൽ ഗ്രാമസഭയിൽ പ്രധാന വിഷയമായി ചർച്ച ചെയ്യുക.
- പാലിയേറ്റിവ് കെയർ സംവിധാനം പ്രാബല്യമാക്കുവാൻ തദ്ദേശതല സഹായസമിതിക്ക് രൂപം നൽകുക.
- സാന്ത്വന പരിചരണ ലക്ഷ്യം രൂപീകരിക്കുക.
- പാലിയേറ്റിവ് കെയർ കർമപദ്ധതി തയ്യാറാക്കുക.
- ബഡ്ജറ്റ് വകയിരുത്തലും വിവിധ സേവനമേഖലകളുടെ സംയോജിത പ്രവർത്തനങ്ങളും ചിട്ടപ്പെടുത്തൽ.
- ബ്ലോക്ക്തല പാലിയേറ്റിവ് കർമപരിപാടി : ഒരു ബ്ലോക്കിനകത്തുള്ള എല്ലാ ഗ്രാമപ്പഞ്ചായത്തുകളുടെയും സംയുക്ത ഇടപെടൽ.
- പ്രവർത്തനക്ഷമമായ മോണിട്ടറിങ്ങ് – വിലയിരുത്തൽ.

**അനുബന്ധം**

**രോഗഗ്രസ്ഥരായി മാറുന്ന സവിശേഷ ഭിന്നശേഷിക്കാർ**

**1. ബൗദ്ധിക വെല്ലുവിളികൾ**

ബുദ്ധിക്ഷമത ചെറുപ്പം മുതൽക്കുതന്നെ ബാധിക്കപ്പെട്ട ഭിന്നശേഷിക്കാരായ വ്യക്തികളുടെ ഏറ്റവും വലിയ പ്രശ്നം അവരെ സംബന്ധിച്ച് തനിക്ക് സംഭവിക്കുന്നതെന്തെന്ന ധാരണ ഇല്ലായ്മയാണ്. അതുകൊണ്ട് നിർദേശങ്ങൾ സ്വീകരിച്ച് പ്രവർത്തിക്കാൻ കഴിവ് കുറവായിരിക്കും.

**2. മാനസികവെല്ലുവിളികൾ നേരിടുന്നവർ**

ബൗദ്ധിക വെല്ലുവിളികൾ നേരിടുന്നവരിൽ കുടുംബത്തിനകത്തുതന്നെ കഴിയേണ്ടിവരുന്ന ഗുരുതരാവസ്ഥയിലുള്ളവർ, കിടപ്പിലായ ഗുരുതര ഭിന്നശേഷി നേരിടുന്നവർ പ്രത്യേകിച്ച് മുതിർന്നവർ ഇവരുടെ പ്രശ്നങ്ങളും അവരെ പരിചരിക്കുന്ന രക്ഷാകർത്താക്കളുടെയും അവസ്ഥ വളരെ പരിതാപകരമാണ്. ഇത്തരത്തിൽ ക്ലേശമനുഭവിക്കുന്നവരെക്കൂടി പാലിയേറ്റിവ് കെയർ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും, ഗൃഹസമ്പർക്ക പരിപാടിയിൽ ഉൾപ്പെടുത്തുവാനും ശ്രദ്ധിക്കണം. ഇവരുടെ അനുബന്ധരോഗങ്ങൾക്ക് (എപിലിപ്സി) ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുന്നതിനും പരിശ്രമിക്കേണ്ടതാണ്. അവർക്ക് ദിനചര്യകൾ പാലിക്കാൻ കഴിയാറില്ല എന്നതാണ്. അങ്ങിനെയെങ്കിൽ കിടപ്പുരോഗികളായാൽ അവസ്ഥ വളരെ മോശമാകും. അവരെ നന്നായി തിരിച്ചറിയുന്ന പരിചരണസേവകരുടെ നിർദേശങ്ങൾ മാത്രമെ അവർ സ്വീകരിക്കൂ. ക്ലേശകരമായി ഇവരുടെ പരിചരണത്തെ സഹായിക്കാൻ ശ്രമിക്കുന്ന സന്നദ്ധ പ്രവർത്തകർ അവരുടെ സ്വഭാവരീതികൾ വ്യവഹാരങ്ങൾ എന്നിവ ബോധ്യപ്പെട്ട ശേഷമേ ചുമതല ഏറ്റെടുക്കാവൂ.

### 3. ഹീമോഫീലിയ

രക്തസ്രാവം ഒഴിവാക്കുന്ന ക്ലോട്ടിങ്ങ് സംവിധാനം ദുർബലമാകുന്ന അവസ്ഥയാണിത്. ജനിതകഘടകത്തിലെ ഫാക്ടർ 8 കുറയുന്നതുമൂലമാണ് ഇത് സംഭവിക്കുന്നത്. (ഫാക്ടർ 11-ന്റെ അഭാവവും കാണപ്പെടുന്നുണ്ട്. പ്രായം കൂടുംതോറും സാധാരണ ഗതിയിലുള്ള ബ്ലഡ് ക്ലോട്ടിങ്ങ് ശേഷിക്കുറവ് മൂലം ബ്രയിൽ ഹേമറേജ് (തലച്ചോറിലെ രക്തസ്രാവം) ഉണ്ടാകാനുള്ള സാധ്യത വർധിക്കും. വളരെ വേദനാജനകമായ അവസ്ഥയാണ് രോഗി പലപ്പോഴും നേരിടേണ്ടി വരുന്നത്. ഡോക്ടർ നിർദേശിക്കുന്ന പ്രത്യേക ഫാക്ടർ നൽകലാണ് ചികിത്സ.

### 4. സ്പൈനൽ ഇൻഞ്ചുറി (സൂക്ഷ്മക്ഷതം)

നട്ടെല്ലിനകത്തുള്ള തലച്ചോറിന്റെ പ്രധാനഭാഗമായുള്ള സൂക്ഷ്മ നാഡിക്കുണ്ടാകുന്ന ക്ഷതങ്ങൾ രോഗിയുടെ കാലുകളെയോ കയ്യുകളെയോ കൈകാലുകളെയോ ബലഹീനമാക്കാം. വാഹനാപകടം, തൊഴിലിടങ്ങളിലെ അപകടം തുടങ്ങിയവയാണ് പ്രധാന കാരണങ്ങൾ.

## ശയ്യാവലംബികളായ രോഗികൾ നേരിടുന്ന പൊതുപ്രശ്നങ്ങൾ പരിഹാരങ്ങൾ

### 1. വേദന

വേദനയും അസ്വസ്ഥതകളും ഈർഷ്യയുമാണ് രോഗിയുടെ പ്രധാന പ്രശ്നങ്ങൾ. വേദനയുടെ തീവ്രതയും അതിനോടുള്ള വ്യക്തിയുടെ പ്രതികരണവും വേദനയ്ക്ക് കാരണമായ ശാരീരിക തകരാറിനെ മാത്രം അടിസ്ഥാനമാക്കിയല്ല; മറിച്ച് രോഗിയുടെ മനോനില വ്യക്തിത്വം വേദനയെ സംവേദിക്കാനുള്ള ശാരീരികക്ഷമത (ശേഷി) ദൈനംദിനപ്രവൃത്തികളിൽ വേദനയുടെ സ്വാധീനം എന്നിവയെ ആശ്രയിച്ചാണിരിക്കുന്നത്. മുറിവുകൾക്ക് പരിചരണം നൽകുകയാണെങ്കിൽ രോഗിക്കും കുടുംബത്തിനും ഒരു പരിധിവരെ ആശ്വാസം ലഭിക്കും. വേണ്ടവിധത്തിലുള്ള പരിചരണം കിട്ടാതിരിക്കുന്നതും ശുചിത്വക്കുറവുമാണ് മുറിവുകളെ കൂടുതൽ സങ്കീർണമാക്കുന്നത്. ശയ്യാവലംബിയായ രോഗിയുടെ മുറിവുകൾ ഏതെല്ലാം വിധമാണെന്ന് പരിശോധിക്കാം. നഴ്സ് നിർദേശിക്കുന്ന രീതിയിൽ മുറിവ് വൃത്തിയാക്കിയശേഷം വൃത്തിയുള്ള തുണികൊണ്ട് വെച്ച് കെട്ടുന്ന മുറിവിനെ ചുറ്റുപാടുകളിലെ പൊടിപടലങ്ങൾ അണുബാധ, പ്രാണികൾ, ഈച്ചകൾ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നു. ദുർഗന്ധം, നീരൊലിപ്പ് എന്നിവ തടയാനും സഹായിക്കുന്നു.

### 2. നീര് (എഡീമ)

ശരീരത്തിന്റെ വിവിധഭാഗങ്ങളിൽ നീരുകെട്ടുന്നത് രോഗിക്കും പരിചരിക്കുന്നവർക്കും ഉണ്ടാക്കുന്ന അസ്വസ്ഥതകൾ നിരവധിയാണ്. നീരു വയ്ക്കുന്നതിന്റെ പ്രധാന കാരണം വിളർച്ച, പോഷണക്കുറവ്, ശരീരദ്രവങ്ങൾ, കഴലകളിലുണ്ടാകുന്ന തകരാറുകൾ, തടസം തുടങ്ങിയവയാണ്. പാദം, കണങ്കാൽ എന്നിവടങ്ങളിൽ ഉണ്ടാകുന്ന നീര് പ്രധാനമായും ഹൃദ്രോഗം കരൾരോഗം തുടങ്ങിയവ ബാധിച്ചവരിൽ കൂടുതലായി കണ്ടുവരുന്നു. ഇത്തരം

നീര് വെക്കൽ കൃത്യമായ ചികിത്സ വഴിയും പരിപാലനമാർഗങ്ങളിലൂടെയും നിയന്ത്രിക്കാവുന്നതാണ്. തടവൽ, തൊലിയുടെ സംരക്ഷണം, വ്യായാമം, സമ്മർദ ചികിത്സ (ബാൻഡേജ്) എന്നിവ സ്വീകരിക്കാം. ശരീരം ശുചിയായി സൂക്ഷിക്കുക, പാദം, കക്ഷം, തുടയിടുക്കുകൾ, കൈവിരലുകൾ എന്നീ ഭാഗങ്ങളിൽ ഫംഗസ് ബാധ ഉണ്ടാകാതെ സൂക്ഷിക്കണം. നീരു ബാധിച്ച ഭാഗത്ത് മുറിവുണ്ടെങ്കിൽ മരുന്നു പുരട്ടണം. ഡോക്ടറുടെ നിർദേശം സ്വീകരിക്കണം. മുറുകിയ വസ്ത്രങ്ങൾ ആഭരണങ്ങൾ എന്നിവ ഒഴിവാക്കുക.

**3. ശ്വാസം മുട്ടൽ**

ശ്വാസംകിട്ടാതെ വലയുന്നത് അത് അനുഭവിക്കുന്ന ആളെയും കണ്ടുനിൽക്കുന്നവരെയും ഒരുപോലെ പേടിപ്പെടുത്തുന്നു. ശ്വാസം മുട്ടുന്ന രോഗിക്ക് തീവ്രമായ പരിഭ്രാന്തിയും മരണ വെപ്രാളവും ഉണ്ടാകാം. ഇത് ശ്വാസംമുട്ടൽ കൂടാൻ കാരണമാകും. ഡോക്ടർ നിർദേശിച്ചിട്ടുള്ള മരുന്നും സാന്ത്വനപൂർവമായ പരിചരണവും നൽകലാണ് പ്രധാനം. രോഗിക്ക് ഏറ്റവും ആശ്വാസം കിട്ടുന്ന രീതിയിൽ കിടത്തുകയോ, ഇരുത്തുകയോ ചെയ്യുക. രോഗിയുടെ മുറിയിൽ കാറ്റും വെളിച്ചവും ഉറപ്പാക്കുക. ഡോക്ടർ നിർദേശിച്ചിട്ടുള്ള മരുന്നുകൾ നൽകുക. ശ്വാസംമുട്ടൽ വർധിക്കുകയാണെങ്കിൽ പാലിയേറ്റിവ് കെയർ സെന്ററിൽ അറിയിക്കുക.

**4. ഓക്കാനം / ഛർദി**

ദഹിക്കാൻ പ്രയാസമായ ഭക്ഷണം, വിഷാംശം, വയറിലെ അൾസർ രോഗം, നെഞ്ചെരിച്ചൽ, മലബന്ധം, കുടലിലെ തടസങ്ങൾ, മൈഗ്രേൻ, വൈറൽ ഫീവർ; അന്നനാളം, ആമാശയം, കുടൽ എന്നിവയിലുണ്ടാകുന്ന കാൻസർ ആഹാരം കടന്നുപോകുന്നതിന് ഉണ്ടാകുന്ന തടസം, ചില മരുന്നുകളുടെ പാർശ്വഫലം (മോർഫിൻ)എന്നിവയാകാം ഓക്കാനത്തിന്റെയും ഛർദിയുടെയും കാരണങ്ങൾ.

**5. സഹായഉപാധികളോടെയുള്ള പരിചരണം**

മൂത്രസംബന്ധമായ പ്രശ്നങ്ങൾ രോഗിയെയും കുടുംബത്തെയും ശാരീരികമായും മാനസികമായും തളർത്തുന്നു. പ്രധാന പ്രശ്നങ്ങൾ താഴെ പറയുന്നു:

മൂത്രസംബന്ധമായ പ്രശ്നങ്ങൾ വരുമ്പോൾതന്നെ വൈദ്യസഹായം തേടുന്നതാണ് നല്ലത്. നിർദേശപ്രകാരം മരുന്നുകളിൽ മാറ്റം വരുത്തുക മൂത്രം പോകുന്നതിന് ട്യൂബ് (കത്തീറ്റർ) ഇടുക എന്നിവ വേണ്ടിവന്നേക്കാം. മൂത്രം അറിയാതെ പോകുന്നവർക്ക് ഇടയ്ക്കിടക്ക് മൂത്രമൊഴിക്കുവാൻ സൗകര്യമുണ്ടാക്കുക.

**6. കത്തീറ്റർ പരിചരണം**

നഴ്സിന്റെ അഭാവത്തിൽ പരിശീലനം ലഭിച്ച പരിചരിക്കുന്നവർ മാത്രമേ കത്തീറ്റർ ഉപയോഗിക്കാവൂ. വദനം, നാസിക, മലദ്വാരം എന്നിവ ശ്വസനം, ഭക്ഷണം, വിസർജനം എന്നിവയ്ക്ക് ഇവ ഒഴിച്ചുകൂടാൻ വയ്യാത്തവയാണ്.

**7. കാൻസർ ജന്യഗുരുതര പ്രശ്നപരിഹാരവും കൃത്രിമ ഉപാധികളും**

ചെറുകുടൽ, വൻകുടൽ, മലാശയം തുടങ്ങിയവയെ ബാധിക്കുന്ന കാൻസർ പലപ്പോഴും ശോധനാക്രമങ്ങളെ ആകമാനം തടയുകയും രോഗി കഠിനമായ വേദനകൾക്കും അസ്വസ്തകൾക്കും ജീവനാശത്തിനുതന്നെയും വിധേയമാവുകയും ചെയ്യുന്നു. ഈ അവസ്ഥകളെ മറികടക്കുന്നതിന് പല നൂതന ശസ്ത്രക്രിയാ രീതികളും ഉപാധികളും ഉപയോഗിച്ചുവരുന്നു. ഇവ എന്താണെന്ന് അറിഞ്ഞാൽ മാത്രമേ ഒരു സാന്ത്വന പ്രവർത്തന വളന്റിയർക്ക് സഹായിക്കാൻ കഴിയൂ.

**8. കൊളസ്റ്റോമി**

മലം പുറത്തേക്ക് വരുന്നതിനുവേണ്ടി വൻകുടലിന്റെ അറ്റത്തായി ഉദരഭിത്തിയിലൂടെ വിസർജനം നിർവഹിക്കത്തക്കവിധം കൃത്രിമമായി ഒരു ദ്വാരം സൃഷ്ടിക്കുന്നതാണ് കൊളസ്റ്റോമി. ഈ കൊളസ്റ്റോമി വഴി ഒരു കൃത്രിമ മലദ്വാരം സൃഷ്ടിക്കുകയും അത് വഴി മലം ഒരു പൗച്ചിലേക്ക് ശേഖരിക്കാൻ (കൊളസ്റ്റോമി ബാഗ്) സൗകര്യമൊരുക്കുകയുമാണ് ചെയ്യുന്നത്. കിടപ്പു രോഗികളുടെ കാര്യത്തിൽ കൊളസ്റ്റോമി പരിചരണം എങ്ങിനെയായിരിക്കണമെന്നതിനെക്കുറിച്ച് ധാരണ ഉണ്ടായിരിക്കണം.

**9. ഇലിയോസ്റ്റമി**

വിസർജ്യങ്ങൾ പുറത്തേക്ക് വരുന്നതിനുവേണ്ടി ചെറുകുടലിൽ ഉദരഭിത്തിയിലൂടെ പുറത്തേക്ക് തുറക്കുന്ന വിധത്തിൽ സർജറി ചെയ്ത് തുറക്കുന്നതാണ് ഇലിയോസ്റ്റമി.

**10. യൂറോസ്റ്റമി**

വൃക്കയിൽനിന്നും മൂത്രാശയത്തിലേക്കോ മൂത്രനാളിയിലോ ഏതെങ്കിലും വിധത്തിലുള്ള പ്രവാഹതടസം ഉണ്ടാകുന്നതുമൂലം മൂത്ര വിസർജനം സാധ്യമാകാതെ വരുമ്പോഴാണ് യുറോസ്റ്റമി നടത്തുന്നത്. യൂറോസ്റ്റമി ഉള്ളവർ പ്രത്യേകതരം യൂറോസ്റ്റമി ബാഗ് ആണ് ധരിക്കുന്നത്. മാർഗനിർദേശങ്ങൾക്ക് പാലിയേറ്റിവ് കെയർ വിദഗ്ധനെ സമീപിക്കേണ്ടതാണ്.

**11. ട്രാക്കിയോസ്റ്റമി**

സാധാരണ രീതിയിൽ മൂക്കിലൂടെ ശ്വാസം വലിക്കാൻ സാധിക്കാത്തവർക്ക് ശ്വാസോച്ഛ്വാസത്തിനുവേണ്ടി കഴുത്തിലൂടെ നാളമുണ്ടാക്കുന്നതാണ് ട്രാക്കിയോസ്റ്റമി. ഇത് താൽക്കാലികമായോ സ്ഥിരം സംവിധാനമായോ ചെയ്യാറുണ്ട്. ഡോക്ടർ നിർദേശിക്കുന്നപ്രകാരം മാത്രമേ ഇതിൽ പരിചരണം നടത്തുവാൻ പാടുള്ളു. സംസാരം ബുദ്ധിമുട്ടായതിനാൽ രോഗിക്ക് ആവശ്യങ്ങൾ എഴുതുവാൻ നോട്ടുബുക്കും പേനയും നൽകുന്നത് നന്നായിരിക്കും.

**12. മലബന്ധം**

രോഗിയുടെ നിലവിലുണ്ടായിരുന്ന മലവിസർജന തോത് കുറയുകയോ മലവിസർജനത്തിന് തടസം നേരിടുകയോ ചെയ്യുമ്പോഴാണ് മലബന്ധം ഉണ്ടായതായി പറയുന്നത്. കഴിയുന്നതും മൂന്ന് ദിവസത്തിലധികം മലം പോകാതിരിക്കുന്ന സ്ഥിതി ഒഴിവാക്കണം. അല്ലാത്തപക്ഷം മലം ഉറച്ച്

പോകുകയും വിസർജനം ബുദ്ധിമുട്ടാവുകയും അസ്വസ്ഥതകൾ ഉണ്ടാവുകയും ചെയ്യുന്നു.

### 13. ട്യൂബിലൂടെ ആഹാരം നൽകുന്നരീതി (ട്യൂബ് ഫീഡിങ്ങ്)

വായിൽക്കൂടി ആഹാരം കഴിക്കാനാകാത്ത രോഗികൾക്ക് മൂക്കിലൂടെ ചെറിയ ട്യൂബ് കടത്തി (നാസോ ഗാസ്ട്രിക്) ആമാശയത്തിലേക്ക് നേരിട്ട് ആഹാരം നൽകുന്നതിനെയാണ് ട്യൂബ് ഫീഡിങ്ങ് എന്ന് പറയുന്നത്. ദ്രാവക രൂപത്തിലുള്ള ഭക്ഷണം മാത്രമേ ഇങ്ങിനെ നൽകാൻ സാധിക്കുകയുള്ളു. ഇതിനായി ഉപയോഗിക്കുന്നത് റൈൽസ് ട്യൂബ് എന്നറിയപ്പെടുന്ന ചെറിയ ട്യൂബാണ്.

### 14. തെറാപ്പി

ശയ്യാവലംബികളായ രോഗികൾ നേരിടുന്ന വലിയൊരു പ്രശ്നം വ്യായാമത്തിന്റെ (അംഗചലനം) അഭാവത്തിൽ മാംസപേശികൾ മൃദുവായി പേശിബലം കുറഞ്ഞ് ശാരീരികക്ഷമത നഷ്ടപ്പെടുന്ന അവസ്ഥയാണ്. ഈകാര്യം കാലേകൂട്ടി തിരിച്ചറിഞ്ഞ് രോഗിക്ക് സാധ്യമായ വ്യായാമം നൽകി കഴിയാവുന്നത്ര ശാരീരികക്ഷമത നിലനിർത്താൻ സഹായിക്കുകയാണ് വേണ്ടത്. രോഗിക്ക് എത്രമാത്രം കാര്യങ്ങൾ ചെയ്യാൻ കഴിയുന്നുവോ അത് രോഗിയെ പരിചരിക്കുന്നവർക്കും വലിയ ആശ്വാസം നൽകും. പ്രായോഗികമായ തെറാപ്പികൾ നിശ്ചയിച്ച് പരിചരണസഹായിയെ പരിശീലിപ്പിച്ച് തെറാപ്പി ഉറപ്പാക്കാൻ ശ്രമിക്കണം.

### 15. ഫിസിയോതെറാപ്പി

ഒടിവ്, മുറിവ് സർജറി ഡിസബിലിറ്റി തുടങ്ങിയവ ഉണ്ടാക്കുന്ന ക്ഷമതക്കുറവ് പരിഹരിക്കുന്നതിനും പക്ഷാഘാതം ബാധിച്ചവരെ പ്രാപ്തരാക്കുന്നതിനും വിദഗ്ധരായ ഫിസിയോതെറാപ്പിസ്റ്റിന്റെ നേതൃത്വത്തിൽ തെറാപ്പി ചെയ്യുകയാണ് ശരിയായ മാർഗം. എന്നാൽ പൂർണമായും കിടപ്പിലായി വീടുകളിൽ കഴിയുന്ന പല രോഗികൾക്കും ഇത് സാധ്യമാകണമെന്നില്ല. അല്ലാത്തവർക്ക് അനുയോജ്യമായ ചില തെറാപ്പികൾ അഥവാ വ്യായാമങ്ങൾ ഉണ്ട്.

അധ്യായം – 6

# പട്ടികജാതിസൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 6.1 | പട്ടികജാതി വികസനത്തിന്റെ പ്രാധാന്യം | 144 |
| 6.2 | പട്ടികജാതി വികസനവും തദ്ദേശഭരണസ്ഥാപനങ്ങളും | 146 |
| 6.3 | പട്ടികജാതി ഉപപദ്ധതി | 148 |
| 6.4 | തദ്ദേശഭരണസ്ഥാപന മാതൃകകൾ | 153 |
| 6.5 | പട്ടികജാതി സൗഹൃദഭരണം: കർമപദ്ധതി | 154 |

## 6.1 പട്ടികജാതി വികസനത്തിന്റെ പ്രാധാന്യം

സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗമാണ് പട്ടികജാതി. ചരിത്രപരമായും സാമൂഹ്യാചാര വ്യവസ്ഥകളിലും തൊട്ടുകൂടായ്മ അനുഭവിച്ചുവന്നവരാണ് ഈ വിഭാഗക്കാർ. ഭരണഘടനയിലെ ആർട്ടിക്കിൾ 341 അനുസരിച്ച് 53 വിഭാഗം പട്ടികജാതിക്കാരാണിന്നുള്ളത്. ഇതിൽ നാലു വിഭാഗങ്ങളെ ദുർബലവിഭാഗങ്ങളായി സർക്കാർ വിഭജിച്ചിട്ടുണ്ട്. നായാടി, വേടൻ, കള്ളാടി, ചക്കിളിയൻ എന്നിവരാണിവർ. 2011ലെ സെൻസസ് അനുസരിച്ച് ഇന്ത്യയിൽ – 20.13 കോടി (ആകെ ജനസംഖ്യയുടെ 16.60 %), കേരളത്തിൽ – 30.39 ലക്ഷം (ആകെ ജനസംഖ്യയുടെ 9.09 %). കേരളത്തിലെ എല്ലാ ജില്ലകളിലും പട്ടികജാതിക്കാർ താമസിക്കുന്നുണ്ട്. ഓരോ പ്രദേശത്തെയും ഓരോ സമുദായത്തിലെയും പട്ടികജാതിക്കാരുടെ സാമൂഹ്യസാമ്പത്തിക സ്ഥിതിയും വ്യത്യസ്തമാണെന്ന് കാണാം.

### പ്രത്യേക അവകാശങ്ങൾ

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഇന്ത്യൻ ഭരണഘടനയിൽ പട്ടികജാതി വിഭാഗങ്ങളുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകൾ ഉൾപ്പെടുത്തുകയുണ്ടായി. ഭരണഘടനയിലെ ആർട്ടിക്കിൾ 46 ഇതിൽ സുപ്രധാനമാണ്. 'ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും, സാമ്പത്തികവുമായ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹ്യഅനീതിയിൽ നിന്നും എല്ലാവിധ ചൂഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനുള്ള ഭരണകൂടത്തിന്റെ ഉത്തരവാദിത്വം നിർവഹിക്കുന്നതാണ്' ഇതിൽ പ്രധാനം. ഭരണഘടനാ വ്യവസ്ഥകൾ പ്രകാരവും വിവിധ നിയമനിർമാണങ്ങൾ വഴിയും പട്ടികജാതി വിഭാഗക്കാരുടെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ കേന്ദ്ര–സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കയുണ്ടായി. 1980 ന്റെ തുടക്കത്തിൽ ആരംഭിച്ച പ്രത്യേക ഘടക പദ്ധതി ഈ മേഖലയിലെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താൻ സഹായിച്ചു. അഞ്ചാം പഞ്ചവത്സര പദ്ധതിക്കാലത്ത് ആരംഭിച്ച ഈ പദ്ധതിയുടെ ആസൂത്രണവും നിർവഹണവും ആറാം പദ്ധതിക്കാലത്ത് ജില്ലാതലത്തിൽ വികേന്ദ്രീകരിക്കപ്പെട്ടു. ജില്ലാതലത്തിൽ നിന്ന് താഴെ തട്ടിലേക്ക് വികേന്ദ്രീകരണ പ്രക്രിയ എത്തിക്കാനും പ്രാദേശിക സർക്കാരുകൾക്ക് ഈ ചുമതല ഏൽപ്പിക്കുവാനും സഹായിച്ചതായിരുന്നു 1992–ലെ ഭരണഘടനാ ഭേദഗതി.

ആർട്ടിക്കിൾ 341, പട്ടികജാതി വിഭാഗങ്ങളുടെ സംസ്ഥാനതല പട്ടിക അംഗീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഇതോടൊപ്പം അനുഛേദം 16–ൽ നിർദേശിച്ചിട്ടുള്ള സംവരണവും പ്രത്യേക ഇളവുകളും ഭരണഘടനയിലെ 1–ാം പട്ടികയും ഈ വിഭാഗങ്ങൾക്കുള്ള പ്രാധാന്യം വ്യക്തമാക്കുന്നുണ്ട്. അനുഛേദം 366 (24)ൽ ആരാണ് പട്ടികജാതിക്കാർ എന്ന് നിർവചിച്ചിട്ടുണ്ട്. അനുഛേദം 332 പ്രകാരം സംസ്ഥാന നിയമസഭയിലേക്കും 343 പ്രകാരം പ്രാദേശിക സർക്കാരിലും ജനപ്രാധിനിധ്യ സംവരണവും പ്രത്യേക പരിരക്ഷകൾക്ക് നൽകിയിട്ടുള്ള പ്രാധാന്യവും ചൂണ്ടിക്കാണിക്കുന്നു.

### അട്രോസിറ്റീസ് ആക്ട് 2015

ഈ നിയമപ്രകാരം പട്ടികജാതിക്കാർക്കെതിരെ ഈ വിഭാഗത്തിൽപ്പെടാത്ത ഏതെങ്കിലും വ്യക്തി സാമൂഹികമായോ വ്യക്തിപരമായോ വസ്തുവകകൾ സംബന്ധിച്ചോ ദുരുദ്ദേശത്തോടുകൂടിയോ നിയമനടപടികൾ മുഖേനയോ രാഷ്ട്രീയമായോ സാമ്പത്തിക ചൂഷണം മുഖേനെയോ ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടത്തുകയാണെങ്കിൽ ആയത് ശിക്ഷാർഹമായ കുറ്റമാണ്.

### പട്ടികജാതിക്കാരുടെ നിലവിലെ അവസ്ഥ

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വിവിധ ചൂഷണങ്ങൾക്കും വിധേയരാകുന്നുണ്ട്. തൊഴിലിന്റെയും, വിദ്യാഭ്യാസത്തിന്റെയും, അഭിപ്രായസ്വാതന്ത്ര്യത്തിന്റെയും കാര്യത്തിൽ ഇവരുടെ പിന്നോക്കാവസ്ഥ തുടരുന്നു. സംവരണം, വിവിധ നിയമപരിരക്ഷകൾ എന്നിവ ഭരണഘടനയുടെ ഭാഗമായി ഉറപ്പുവരുത്തിയെങ്കിലും പിന്നോക്കാവസ്ഥ തുടരുക തന്നെയാണ്.

പട്ടികജാതി വിഭാഗത്തിന്റെ അടിസ്ഥാനപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്.

1. സാമൂഹ്യപരമായി ഒറ്റപ്പെടൽ.
2. ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം, ശുചിത്വം എന്നിവയുടെ പരിമിതി.
3. പരമ്പരാഗതമായി തൊഴിൽ മേഖലയിലെ ചൂഷണം, പുതിയ തൊഴിൽ മേഖലയിലെ അപര്യാപ്തത.
4. പരമ്പരാഗതമായി നിലനിൽക്കുന്ന ചൂഷണങ്ങൾ.
5. സാമൂഹ്യപുരോഗതിക്ക് തടസം നിൽക്കുന്ന വിവിധ ആചാരരീതികൾ
6. സമ്പാദ്യശീലം ഇല്ലായ്മ.

### ജനകീയാസൂത്രണവും പ്രത്യേകഘടകപദ്ധതിയും

പട്ടികവിഭാഗ വികസനം ലക്ഷ്യമിട്ടുകൊണ്ട് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന വിവിധ സംസ്ഥാനാവിഷ്കൃതപദ്ധതികളെയും, കേന്ദ്രാവിഷ്കൃത പദ്ധതികളെയും കൂടുതൽ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിന് ജനകീയാസൂത്രണത്തിന് കഴിഞ്ഞു. സങ്കേതങ്ങളുടെ ജീവിതാന്തരീക്ഷം മെച്ചപ്പെടുത്തൽ വഴി അവരുടെ ജീവിത ശൈലിയിലും സമീപനത്തിലും മാറ്റംവരുത്താൻ കഴിയണം. അതിനായി ജലവിതരണം, തെരുവുവിളക്കുകൾ, മെച്ചപ്പെട്ട മറ്റു പൊതുസൗകര്യങ്ങൾ എന്നിവ സങ്കേതങ്ങൾക്ക് ഏർപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ഏറ്റെടുക്കുകയും സർവേ റിപ്പോർട്ടിലെ സ്ഥിതിവിവര കണക്കുകൾ അപഗ്രഥനം ചെയ്ത് ആവശ്യമായ പദ്ധതികൾ തയ്യാറാക്കുകയും വേണം. ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നത് കൂടാതെ തൊഴിൽ സാധ്യതകൾ വർധിച്ചു വരുന്ന മേഖലകൾക്ക് പ്രോജക്ടുകളിൽ ഊന്നൽ നൽകണം. സ്വയംതൊഴിൽ/വേതന തൊഴിലിലൂടെ സാമ്പത്തിക വികസനം നേടുന്നതിലും ശേഷമുള്ളവ മെച്ചപ്പെടുത്തുന്നതിനുമുള്ള പരിപാടികൾ ഉൾപ്പെടുത്തണം.

| |
|---|
| അഞ്ചോ അതിലധികമോ പട്ടികജാതി വീടുകൾ അടുത്തടുത്തായി സ്ഥിതി ചെയ്യുകയും അവയിൽ പട്ടികജാതി കുടുംബങ്ങൾ സ്ഥിരമായി താമസി ക്കുകയും ചെയ്യുന്ന പ്രദേശമാണ് പട്ടികജാതി സങ്കേതം. |

## 6.2 പട്ടികജാതി വികസനവും തദ്ദേശഭരണസ്ഥാപനങ്ങളും

1992 ലെ 73,74 ഭരണഘടനാ ഭേദഗതിയെ തുടർന്ന് കേരള നിയമസഭ പാസാക്കിയ പഞ്ചായത്തീരാജ് – നഗരപാലിക നിയമങ്ങൾ പ്രാബല്യത്തിൽ വന്നതോടുകൂടി പട്ടികജാതി മേഖലയിലെ ഒട്ടനവധി ചുമതലകളും പദ്ധതി കളും സ്ഥാപനങ്ങളും ജീവനക്കാരും തദ്ദേശസ്ഥാപനങ്ങൾക്ക് കൈമാറുക യുണ്ടായി. ജനപ്രതിനിധികളിൽ നിശ്ചിത ശതമാനം പട്ടികജാതിക്കാർക്കായി സംവരണം ചെയ്തതുവഴി പട്ടികജാതിക്കാർക്കായുള്ള പദ്ധതികളിൽ തീരു മാനമെടുക്കുന്നതിൽ നിർണായകമായ സ്ഥാനം അവർക്ക് ലഭിക്കുകയും ചെയ്തു. കേരള പഞ്ചായത്തീരാജ് നഗരപാലികാ നിയമങ്ങൾ അനുസരിച്ച് പട്ടികജാതി മേഖലയിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയ ചുമതല കൾ താഴെ നൽകുന്നു.

**1. ഗ്രാമപ്പഞ്ചായത്ത്**

- എസ് സി എസ് പിയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി യുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടി നഴ്സറി സ്കൂളുകൾ നടത്തുക.
- പട്ടികജാതി വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടു ത്തുക.
- പട്ടികജാതി വിദ്യാർഥികൾക്ക് പഠനസഹായങ്ങൾ നൽകുക.
- പട്ടികജാതിക്കാർക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

**2. ബ്ലോക്ക് പഞ്ചായത്ത്**

- പ്രീമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക.
- പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള സഹകരണസംഘങ്ങൾ വളർത്തുക.

**3. ജില്ലാപഞ്ചായത്ത്**

- പോസ്റ്റ് മെട്രിക്ക് ഹോസ്റ്റലുകളുടെ നടത്തിപ്പ്.
- പട്ടികജാതിക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലന കേന്ദ്രങ്ങ ളുടെ നിയന്ത്രണം.

**4. നഗരസഭ**

- എസ് സി എസ് പിയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി യുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പട്ടികജാതിക്കാർക്കായി നഴ്സറി സ്കൂളുകൾ നടത്തുക.

- പട്ടികജാതിക്കാർക്ക് അടിസ്ഥാനസൗകര്യമൊരുക്കുക
- പട്ടികജാതി വിദ്യാർഥികൾക്ക് പഠനസഹായങ്ങൾ നൽകുക
- നഗരസഭാപ്രദേശത്ത് പ്രി-മെട്രിക്ക് ഹോസ്റ്റൽ നടത്തുക
- പട്ടികജാതിക്കാർക്കുള്ള സഹകരണസംഘങ്ങൾ അഭിവൃദ്ധിപ്പെടുത്തുക
- പോസ്റ്റ് മെട്രിക് ഹോസ്റ്റൽ നടത്തുക
- തൊഴിലധിഷ്ഠിത കേന്ദ്രങ്ങൾ നടത്തുക

തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷിക പദ്ധതി ചെലവിൽ പ്രത്യേക ഘടകപദ്ധതിയിൽ എന്തെങ്കിലും കുറവ് വന്നാൽ അത് തൊട്ടടുത്ത വാർഷിക പദ്ധതിയിൽ തന്നെ പരിഹരിക്കപ്പെടേണ്ടതാണ്. ഈ തുക മറ്റ് ആവശ്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കാൻ പാടുള്ളതല്ല. പട്ടികജാതിക്കാർക്ക് പ്രയോജനകരമല്ലാത്ത ഒരു പ്രോജക്ടും പ്രത്യേക ഘടകപദ്ധതി ഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കാൻ പാടുള്ളതല്ല.

**തദ്ദേശഭരണസ്ഥാപനങ്ങളിലെ സഹായസംവിധാനങ്ങൾ**

സ്റ്റാൻഡിങ്ങ് കമ്മിറ്റി - തൃതലപഞ്ചായത്തുകളിലെയും, നഗരസഭകളിലെയും ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയാണ് പട്ടികജാതി വികസന കാര്യങ്ങളുടെ ചുമതല വഹിക്കുന്നത്. പദ്ധതികൾ തയ്യാറാക്കുക, നടപ്പിലാക്കുക, മോണിട്ടർ ചെയ്യുക, ഘടകസ്ഥാപനങ്ങളുടെ ഗുണനിലവാരം ഉയർത്തുക, ജീവനക്കാരുടെ പ്രവർത്തനങ്ങളെ സഹായിക്കുക എന്നിവ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ഉത്തരവാദിത്തമാണ്.

**നടപ്പാക്കേണ്ട പ്രവർത്തനങ്ങൾ താഴെ പറയുന്നു.**

- നഴ്സറി സ്കൂളുകൾ നടത്തുക
- സാമൂഹ്യ തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക.
- വരുമാന വർധനവിന് സ്വയംതൊഴിൽ സംരംഭങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.
- അതിക്രമങ്ങളും ചൂഷണങ്ങളും ഇല്ലാതാക്കുന്നതിന് സഹായിക്കുക.
- സങ്കേതങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.
- നിയമസഹായം ഉറപ്പുവുത്തുക.
- ഭക്ഷണം, പാർപ്പിടം, ആരോഗ്യം, ശുചിത്വം എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ തയ്യാറാക്കുക.
- വിദ്യാഭ്യാസാവശ്യങ്ങൾക്ക് സ്കോളർഷിപ്പുകൾ, പഠനോപകരണങ്ങൾ വിവിധ ധനസഹായം, യാത്രാഉപകരണങ്ങൾ എന്നിവ നൽകുക.

## വർക്കിങ്ങ് ഗ്രൂപ്പ്

പദ്ധതി ആസൂത്രണ പ്രക്രിയയിൽ തദ്ദേശഭരണസ്ഥാപനത്തിനെ സഹായിക്കുന്നതിനുവേണ്ടി ഓരോ വർഷവും പട്ടികജാതി വികസനത്തിന് മാത്രമായി വർക്കിങ്ങ് ഗ്രൂപ്പുകൾ രൂപീകരിക്കുന്നു. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ അല്ലെങ്കിൽ ആ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിലെ ഒരംഗം എന്നി

വരിൽ ഒരാളെ ഭരണസമിതിക്ക് വർക്കിങ്ങ് ഗ്രൂപ്പിന്റെ ചെയർപേഴ്സണായി നിയമിക്കാം. കൺവീനർ ആ മേഖലയിലെ സീനിയർ ഉദ്യോഗസ്ഥനായിരിക്കും. പട്ടികജാതി വികസന വർക്കിങ്ങ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ആ വിഭാഗത്തിലെ ജനപ്രതിനിധിയായിരിക്കണം. ഈ വർക്കിങ്ങ് ഗ്രൂപ്പിൽ വനിതകൾ ഉൾപ്പടെ 10 മുതൽ 15 വരെ അംഗങ്ങൾ ഉണ്ടായിരിക്കും.

### എസ് സി പ്രൊമോട്ടർ

പട്ടികജാതിക്കാർക്കായി നടത്തുന്ന വികസന പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ കാര്യക്ഷമമായി നടപ്പിലാക്കാൻ സഹായിക്കുന്നതിന് ഓരോ തദ്ദേശഭരണസ്ഥാപനത്തിലും പട്ടികജാതി വിഭാഗത്തിൽനിന്നും ഒരാളെ പ്രൊമോട്ടർ ആയി നിയമിക്കുന്നു. പട്ടികജാതി കുടുംബങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്നതിനും അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കുന്നതിനും വർക്കിങ്ങ് ഗ്രൂപ്പ് പ്രവർത്തനത്തെ സഹായിക്കുന്നതിനും എസ് സി പ്രൊമോട്ടർക്ക് ബാധ്യതയുണ്ട്. പട്ടികജാതി വകുപ്പിനെയും പ്രാദേശിക സർക്കാരിനെയും നേരിട്ട് ബന്ധിപ്പിക്കുന്ന കണ്ണിയായും എസ്.സി. പ്രൊമോട്ടർ പ്രവർത്തിക്കുന്നു.

## 6.3 പട്ടികജാതി ഉപപദ്ധതി

അഞ്ചാം പഞ്ചവത്സരപദ്ധതി മുതൽ പട്ടികജാതിക്കാർക്ക് വേണ്ടി സർക്കാർ നടപ്പിലാക്കിയ പ്രത്യേകഘടക പദ്ധതി ഒമ്പതാം പദ്ധതി മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് നടപ്പാക്കി വരുന്നത്. പട്ടികജാതിക്കാർക്ക് വേണ്ടി തന്നെ പട്ടികജാതി വികസന വകുപ്പിന്റേതായും വിവിധ കേന്ദ്ര-സംസ്ഥാന സ്കീമുകൾ വഴിയായും, എം.എൽ.എ, എംപി ഫണ്ട് ഉപയോഗിച്ചും വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. എന്നാൽ അയൽക്കൂട്ടങ്ങൾ, ഗ്രാമസഭകൾ വഴി വരുന്ന മുൻഗണനകൾ സ്വരൂപിച്ച് ജനകീയമായി തദ്ദേശഭരണസ്ഥാപനങ്ങൾ തയ്യാറാക്കുന്ന പദ്ധതിയാണ് പട്ടികജാതി ഉപപദ്ധതി. വിഹിതമായി സംസ്ഥാനബഡ്ജറ്റിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രത്യേകം വകയിരുത്തി നൽകുന്ന തുകയ്ക്കായിരിക്കും പദ്ധതികൾ തയ്യാറാക്കേണ്ടത്.

പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനുവേണ്ടി ഓരോ തദ്ദേശഭരണസ്ഥാപനവും പദ്ധതിയുടെ ഭാഗമായി പട്ടികജാതി ഉപപദ്ധതികൂടി തയ്യാറാക്കണം. അതിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്ന പദ്ധതി രേഖയിൽ ഉൾപ്പെടുത്തേണ്ടതാണ്. പട്ടികജാതി വിഭാഗക്കാരുടെ സാമ്പത്തിക വികസനം, സാമൂഹ്യവികസനം, പശ്ചാത്തല സൗകര്യവികസനം എന്നീ മൂന്ന് വിഭാഗങ്ങളിലും പദ്ധതി പ്രവർത്തനങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്. ഓരോ കുടുംബകേന്ദ്രീകൃത സമീപനത്തിന്റെയും സാമൂഹ്യസാമ്പത്തിക വികസനത്തിനാണ് മുഖ്യ ഊന്നൽ നൽകേണ്ടത്. ആശ്രയ മാതൃകയിൽ കുടുംബത്തെ ഒരു യൂണിറ്റായി പരിഗണിച്ച് അവരുടെ ആവശ്യങ്ങളും തുടർന്ന് ഹാബിറ്റാറ്റ് (സങ്കേതം) ഒരു യൂണിറ്റായും പരിഗണിച്ച് ആവശ്യങ്ങൾ നിർണയിക്കാം. വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളും പട്ടികജാതിക്കാരുടെ പൊതുസൗകര്യത്തിനായുള്ള പ്രോജക്ടുകളും തയ്യാറാക്കാവുന്നതാണ്. ഇത് തയ്യാറാക്കുന്നതിന് മുമ്പ് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും മുഴുവൻ ബിപിഎൽ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ആശ്രയ

മാതൃകയിൽ ഒരു പരിപാടി തയ്യാറാക്കണം. ഓരോ കുടുംബത്തിലേയും, ഓരോ വ്യക്തിയുടെയും ആവശ്യങ്ങൾ അതിൽ പരിഗണിക്കപ്പെടണം. ഇത്തരം തയ്യാറാക്കുന്ന പരിപാടികൾ പരിഗണിച്ചുമാത്രമേ ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ പട്ടികജാതിവികസന പരിപാടികൾ തയ്യാറാക്കാവൂ. പട്ടികജാതി വിഭാഗത്തെ സംബന്ധിച്ച് നടത്തിയ സർവേയുടെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ കുടുംബങ്ങൾക്കും, ഗുണഭോക്തൃ പ്രദേശത്തിനും പ്രവർത്തനങ്ങൾ നിശ്ചയിക്കേണ്ടത്. നിബന്ധനകൾ താഴെ പറയുന്നു.

- കുറഞ്ഞത് അഞ്ച് പട്ടികജാതി കുടുംബങ്ങളെങ്കിലും അടുത്തടുത്ത് താമസിക്കുന്ന ഒരു പ്രദേശം സങ്കേതമായി കണക്കാക്കി അവിടെ കുടിവെള്ളം, വൈദ്യുതി എന്നീ പൊതു സൗകര്യങ്ങൾക്കായി പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവുന്നതാണ്.
- കുടിവെള്ളം, വൈദ്യുതി എന്നീ പൊതുസൗകര്യ പ്രോജക്ടുകളുടെ ആകെ ഗുണഭോക്തൃ കുടുബങ്ങളിൽ 50%ത്തിലധികം പട്ടികജാതിക്കാരാണെങ്കിൽ മാത്രമേ പട്ടികജാതി ഉപപദ്ധതി വിഹിതം വകയിരുത്താവൂ.
- ജനസേചന പ്രോജക്ടാണെങ്കിൽ മൊത്തം ജലസേചനം നടത്തപ്പെടുന്ന കൃഷിഭൂമിയുടെ 50% ത്തിലധികം പട്ടികജാതിക്കാരുടേതായിരിക്കണം.

### പട്ടികജാതി ഉപപദ്ധതി - പ്രത്യേകതകൾ(സ.ഉ.(കൈ)നം.11/2018/തസ്വഭവ തിയതി 29.01.2018)

സംസ്ഥാനസർക്കാർ പുറപ്പെടുവിക്കുന്ന പ്രത്യേക മാർഗനിർദേശങ്ങൾ അനുസരിച്ച് തയ്യാറാക്കുന്ന ഉപപദ്ധതിയുടെ പ്രത്യേകതകൾ.

1. പട്ടികജാതി ഉപപദ്ധതി വിഹിതം വകമാറ്റി ചെലവഴിക്കാനോ, പാഴാക്കാനോ പാടില്ല.
2. ഉപപദ്ധതിയുടെ ലക്ഷ്യം - സാമ്പത്തിക വികസനം, സാമൂഹിക വികസനം, പശ്ചാത്തല സൗകര്യവികസനം എന്നിവയാണ്.
3. ഉപപദ്ധതിയുടെ ഭാഗമായുള്ള പ്രോജക്ടുകൾ രണ്ട് വിഭാഗങ്ങളായി തരംതിരിക്കാം.
    - വ്യക്തികൾ കുടുംബങ്ങൾ ഗ്രൂപ്പുകൾ എന്നിവർ നേരിട്ട് ഗുണഭോക്താക്കളാകുന്ന പ്രോജക്ടുകൾ (എല്ലാവരും പട്ടികജാതിക്കാരായിരിക്കണം)
    - പശ്ചാത്തല വികസന പ്രോജക്ടുകൾ - സങ്കേതങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതികളാണ് ഇവയിൽ ഉൾപ്പെടുക.
4. റോഡ് നിർമാണം, കുടിവെള്ള വിതരണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, ജലസേചനം തുടങ്ങിയ പശ്ചാത്തല മേഖലാ പ്രോജക്ടുകളുടെ ഗുണഭോക്താക്കളിൽ 50% ത്തിലധികം പട്ടികജാതിക്കാർ ആയിരിക്കണം.
5. കൃഷി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് പാട്ടകൃഷി ചെയ്യുന്ന പദ്ധതികൾ ഉപപദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ്.
6. പട്ടികജാതി യുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ നേടൽ, സ്വയം തൊഴിൽ പരിപാടികൾ, തൊഴിൽ പരിശീലനങ്ങൾ, കായിക വികസനം, വരുമാന വർധന സംരംഭങ്ങൾ മുതലായവ പ്രോത്സാഹിപ്പിക്കണം.

7. കോളനികളിൽ കുടിവെള്ള സൗകര്യവും വീടുകളിൽ ശൗചാലയസൗക ര്യവും ലഭ്യമാക്കുന്നതിന് ഊന്നൽ നൽകണം.
8. പട്ടികജാതി വിഭാഗത്തിൽ നിന്നുയർന്നു വരുന്ന പ്രതിഭകൾക്ക് പ്രോത്സാ ഹനം നൽകണം.
9. പട്ടികജാതി യുവജനങ്ങൾക്ക് വിദേശത്ത് ജോലി ലഭ്യമാകുന്നതിന് ധനസഹായം നൽകണം.
10. ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് പ്രാദേശിക സർക്കാരുകൾ നിരീക്ഷണ കമ്മിറ്റികൾ രൂപീകരിക്കണം.

**പട്ടികജാതി ഉപപദ്ധതി പ്രോജക്ടുകൾ രണ്ട് വിഭാഗങ്ങളിലായി തരം തിരിക്കാം**

1. വ്യക്തികൾ, കുടുംബങ്ങൾ, ഗ്രൂപ്പുകൾ എന്നിവർ നേരിട്ട് ഗുണഭോക്താക്കളാകുന്ന പ്രോജക്ടുകൾ – ഓരോ കുടുംബത്തെയും അടിസ്ഥാന യൂണിറ്റായി കണക്കാക്കിയുള്ള കർമപദ്ധതികളാണ് ഈ വിഭാഗത്തിനുവേണ്ടി തയ്യാറാക്കേണ്ടത്. ഈ വിഭാഗത്തിലുള്ള പ്രോജക്ടുകളുടെ എല്ലാ ഗുണ ഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്നവരും പ്രത്യേകം ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ ദാരിദ്ര്യരേഖക്ക് താഴെയുള്ളവരും ആയിരിക്കണം.
2. പശ്ചാത്തല വികസന പ്രോജക്ടുകൾ – സങ്കേതങ്ങളെ അടിസ്ഥാനമാക്കിയുള്ള വികസന പദ്ധതികളാണ് ഈ വിഭാഗത്തിൽ തയ്യാറാക്കേണ്ടത്. അത്തരം പ്രോജക്ടുകളുടെ ഗുണഭോക്താക്കളുടെ 50% ത്തിലധികം പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നവരായിരിക്കണം.

റോഡ് നിർമാണം, കുടിവെള്ളവിതരണം, നീർത്തട പരിപാലനം, ജല സേചനം, വൈദ്യുതി ലൈൻ നീട്ടൽ മുതലായ പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റും സോഷ്യൽ മാപ്പും നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്.

റോഡ് നിർമാണം, കുടിവെള്ള വിതരണം, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന ആകെ കുടുംബങ്ങളിൽ 50%ത്തിലധികം പട്ടികജാതിക്കാരാണെന്നും പ്രോജക്ടിൽ ഉപപദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദേശം കൃത്യമായി പാലിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുന്നതാണ് സാക്ഷ്യപ്പെടുത്തൽ സർട്ടിഫിക്കറ്റ്.

ഉപപദ്ധതി പ്രകാരമുള്ള റോഡ് നിർമാണം, കുടിവെള്ള വിതരണം, വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ എന്നീ പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളുടെയും വീടുകളുടെ സ്ഥാനം രേഖപ്പെടുത്തുന്നതിനും അതിൽ പട്ടികജാതിക്കാരുടെ വീടുകൾ പ്രത്യേകം അടയാളപ്പെടുത്തുന്നതുമായ മാപ്പാണ് സോഷ്യൽ മാപ്പ്.

**വിവിധ പദ്ധതികളുമായുള്ള സംയോജന സാധ്യതകൾ**

പട്ടികജാതി വിഭാഗത്തിന്റെ സമഗ്രവികസനത്തിനായി കേന്ദ്രസർക്കാർ, സംസ്ഥാന സർക്കാർ, ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ, മറ്റു വിവിധ

ഏജൻസികൾ വഴിയും പലതരത്തിലുള്ള പദ്ധതികളും നടപ്പാക്കി വരുന്നു. ഭവനം, കുടിവെള്ളം, റോഡ്, വ്യവസായം, തൊഴിൽ, ആരോഗ്യം തുടങ്ങിയ മേഖലകളിൽ വിവിധ വകുപ്പുകൾ അവരുടെ പദ്ധതിയുടെ ഭാഗമായും പദ്ധതികൾ ഏറ്റെടുക്കുന്നുണ്ട്. ഇവ പരസ്പരം സംയോജിക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മുൻകൈയെടുക്കാം. ഗ്രാമപ്പഞ്ചായത്തുകൾ, ഗ്രാമസഭകളിലൂടെ, വികസന സെമിനാറിലൂടെ കണ്ടെത്തിയ വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പദ്ധതികളാണ് ബ്ലോക്ക് ജില്ലാപഞ്ചായത്തുകൾ ഏറ്റെടുക്കേണ്ടത്. പട്ടികജാതി വികസന വകുപ്പ് നേരിട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ പട്ടികജാതി ഉപപദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതില്ല. സമഗ്രമായ വികസനം ലക്ഷ്യമാക്കിയുള്ള സംയോജന പദ്ധതികൾ തയ്യാറാക്കി നിർവഹണം നടത്താൻ തയ്യാറായാൽ ഈ രംഗത്തുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും.

### പട്ടികജാതി വിഭാഗങ്ങൾക്കുള്ള ധനസഹായ പദ്ധതികൾ (സർക്കാർ ഉത്തരവ് - 22/2018)

1. പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ ഗ്രാമപ്പഞ്ചായത്തുകൾക്കും നഗരസഭകൾക്കും ഏറ്റെടുക്കാവുന്നതാണ്. 75000 രൂപ വരെ ധനസഹായം ലഭ്യമാകും.
2. മിശ്രവിവാഹിതരായ മൂന്ന് ലക്ഷം രൂപ വരുമാനപരിധിയിൽ വരുന്ന പട്ടികജാതികാർക്ക് 75000 രൂപ നിരക്കിൽ ധനസഹായം നൽകാവുന്നതാണ്.
3. പട്ടികജാതിയിൽപ്പെട്ട വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് 75000 രൂപവരെ ധനസഹായം ലഭിക്കുന്നതാണ്.
4. പട്ടികജാതി യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 1,00,000 രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്.
5. സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സ്കളിലേക്കും യോഗ്യത നേടി പഠനം നടത്തുന്നതായ എല്ലാ പട്ടികജാതി വിദ്യാർഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.
6. പട്ടികജാതി വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർഥികൾക്ക് ദേശീയ അന്തർദേശീയ സർവകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.
7. പട്ടികജാതി വിദ്യാർഥികൾക്ക് പഠനത്തിനായി മേശ, കസേര വാങ്ങിനൽകുന്നതിന് 5000 രൂപവരെ ധനസഹായം നൽകാവുന്നതാണ്. കൂടാതെ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവയിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 30000 രൂപയിൽ കവിയാതെ ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്.
8. സ്കോളർഷിപ്പ് പരീക്ഷയ്ക്ക് പരിശീലനം നൽകുന്നതിനും സൈനിക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്ട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും പട്ടികജാതി ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

9. പട്ടികജാതി കോളനി കുടിവെള്ള പദ്ധതികൾ, കമ്യൂണിറ്റി ഹാൾ എന്നിവയുടെ കറന്റ് ചാർജ് പട്ടികജാതി ഫണ്ടിൽ നിന്നും നൽകാവുന്നതാണ്.
10. ഈ വിഭാഗത്തിലെ യുവാക്കളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% തുക ഗുണഭോക്തൃ വിഹിതമായി വാങ്ങേണ്ടതാണ്.
11. പ്രതിഭ തെളിയിച്ച പ്രതിഭാധനരായ പട്ടികജാതി വിഭാഗങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ പിൻതുണ നൽകാവുന്നതാണ്.
12. പഠനമുറി – പട്ടികജാതി വിദ്യാർഥികൾക്ക് 100 ച.അടിയിൽ അധികമാകാത്ത പഠനമുറി രണ്ടുലക്ഷം രൂപവരെ ചെലവ് ചെയ്ത് വീടിനോട് ചേർന്ന് നിർമിക്കാവുന്നതാണ്.
13. പട്ടികജാതി കോളനികളിൽ പഠനമുറികൾ പണിയാൻ സൗകര്യമില്ലാത്തിടങ്ങളിൽ സമൂഹ പഠനകേന്ദ്രങ്ങൾ നിർമിച്ച് പഠന സൗകര്യം ഒരുക്കേണ്ടതാണ്.
14. ബാലവാടി കം ഫീഡിങ്ങ് സെന്റർ – പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം എന്നിവ പട്ടികജാതി വകുപ്പിലെ നിബന്ധനയനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
15. ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്ട്സ് കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ നൽകാവുന്നതാണ്.
16. പട്ടികജാതി എച്ച്എസ്എസ് വിദ്യാർഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകാവുന്നതാണ്.
17. പട്ടികജാതി ഹൈസ്കൂൾ വിദ്യാർഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം രണ്ട് മണിക്കൂർ വീതം വ്യക്തിത്വ വികാസം, നേതൃപാടവം, മോട്ടിവേഷൻ ക്ലാസുകൾ നൽകാവുന്നതാണ്.
18. പട്ടികജാതി വിഭാഗത്തിലെ എസ്എസ്എൽസി പരീക്ഷ വിജയിച്ചവർ തുടങ്ങി ഉയർന്നയോഗ്യതയുള്ളതും തൊഴിൽ തൽപരരുമായ യുവതീ യുവാക്കൾക്ക് തൊഴിൽ പരശിലനം നൽകാവുന്നതാണ്.
19. സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ടും പലിശ സബ്സിഡിയും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
20. കൂടാതെ ഭൂമി വാങ്ങുന്നതിനും, ഭവനനിർമാണം, വീട് റിപ്പയർ, വയറിങ്ങ് എന്നിവയ്ക്ക് സർക്കാരിന്റെ പുതിയ മാർഗനിർദേശങ്ങൾക്കനുസൃതമായി ധനസഹായം നൽകാവുന്നതാണ്.
21. കൃഷിക്ക് – ജൈവവളം, രാസവളം, ജൈവകീടനാശിനികൾ, വിത്തുകൾ, തൈകൾ എന്നിവക്ക് 100 % ഉം, നെൽകൃഷി ഹെക്ടറിന് 17000 രൂപയും, സംഘങ്ങൾക്ക് യന്ത്രം വാങ്ങാൻ 90%, ജലസേചനകിണർ 75 – 100%, പമ്പ് സെറ്റ് എന്നിവക്ക് 100 % ഉം ധനസഹായം ലഭിക്കുന്നതാണ്.
22. വനംവകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ – കരകൗശല തൊഴിലാളികൾക്ക് മുള, ഈറ്റ വെട്ടുന്നതിന് പാസ്, വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം എന്നിവ വനംവകുപ്പ് വഴി ലഭ്യമാകുന്നതാണ്.

### പ്രകൃതി ദുരന്തങ്ങളും പട്ടികജാതി കുടുംബങ്ങളും

ഒരു വിഭാഗം ജനസമൂഹം മുന്നാക്കമോ പിന്നാക്കമോ ആയി തുടരുന്നതിനാൽ സാമൂഹ്യ-സാമ്പത്തിക സ്ഥിതിപോലെ പ്രധാനമാണ് അവരുടെ വാസാവസ്ഥ അഥവ പരിസരം. പട്ടികജാതി വിഭാഗം കുടുംബങ്ങളിലേറേയും നദീതടമേഖലയിലാണ് കഴിയുന്നത്. അവരുടെ ഭൗതിക പുരോഗതിക്ക് തടസമായി നിൽക്കുന്ന ഒരു ഘടകം തന്നെയാണ്. ഏത് വെള്ളപ്പൊക്കവും കൊടുങ്കാറ്റും അവരെ ദുരിതത്തിലാഴ്ത്തും. ജീവനോപാധികൾ ഉപേക്ഷിക്കാനുള്ള വിമുഖത അവരെ അവിടെത്തന്നെ കഴിയാൻ പ്രേരിപ്പിക്കും. ഇത്തരം പാരിസ്ഥിതിക ദുരിതങ്ങളും കാലാകാലങ്ങളിൽ നേരിടേണ്ടിവരുന്ന കഷ്ടനഷ്ടങ്ങളും ഇവരെ എക്കാലത്തും ഒരു ഇല്ലായ്മയുടെ വളയത്തിൽ നിർത്തുകയാണ്. ജനകീയാസൂത്രണത്തിന്റെ ഫലമായി രൂപപ്പെട്ട റോഡുസൗകര്യങ്ങളും അതോടൊപ്പം എത്തിയ വൈദ്യുതിയും ഒപ്പത്തിനൊപ്പം നടപ്പാക്കപ്പെട്ട ഭവനനിർമാണ പദ്ധതികളും അവരുടെ അവസ്ഥ മെച്ചപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇന്നും ദുരിതങ്ങളുടെ ദൂഷിതവലയത്തിൽനിന്നും പലരും രക്ഷനേടിയിട്ടില്ല. അതുകൊണ്ട് ഒരു സമഗ്രവികസനസമീപനം അവർക്കായി രൂപപ്പെടുത്തേണ്ടത് അത്യാവശ്യമാണ്.

## 6.4 തദ്ദേശഭരണസ്ഥാപന മാതൃകകൾ

### 1. അയ്യങ്കാളി സ്മാരക പഠനകേന്ദ്രം – ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത്

പട്ടികജാതി മേഖലയിൽ പാലക്കാട് ജില്ലയിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്ത് 2016–17 മുതൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് അയ്യങ്കാളി സ്മാരക പഠനകേന്ദ്രം. ബ്ലോക്കതിർത്തിയിൽപ്പെടുന്ന ആറ് ഗ്രാമപ്പഞ്ചായത്തുകളിൽ 5 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുക, പിന്നോക്കംനിൽക്കുന്ന വിദ്യാർഥികൾക്ക് ആത്മവിശ്വാസം വർധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്.

പട്ടികജാതി പ്രൊമോട്ടർമാർ കോളനിയിൽ നടത്തിയ സർവേയുടെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ തുടക്കം. ആദ്യഘട്ടം 40 കോളനികളെ കേന്ദ്രീകരിച്ചാണ് പ്രവർത്തനം നടത്തിയത്. ഇപ്പോഴും വിജയകരമായി തുടർന്നുവരുന്നു. ഓരോകോളനിയിലെയും തിരഞ്ഞെടുക്കപ്പെട്ട അങ്കണവാടികൾ, സാംസ്കാരിക നിലയങ്ങൾ, സൗകര്യമുള്ള വീടുകൾ, സ്കൂളുകൾ എന്നിവയിൽ വൈകിട്ട് അഞ്ചു മണിമുതൽ ഏഴു മണിവരെയാണ് ക്ലാസുകൾ. മാസത്തിൽ 50 മണിക്കൂർ നിർബന്ധമായും ക്ലാസുകൾ ഉണ്ടായിരിക്കും. ഏതെങ്കിലും കാരണവശാൽ 50 മണിക്കൂർ തികഞ്ഞില്ലെങ്കിൽ ശനി, ഞായർ ദിവസങ്ങളിൽക്കൂടി ഇവ ക്രമീകരിക്കും. ഒരു കേന്ദ്രത്തിൽ മിനിമം 10 കുട്ടികൾ എന്നതാണ് കണക്ക്. ഇപ്പോൾ 318 കുട്ടികളാണ് വിവിധ കേന്ദ്രങ്ങളിലായി ഈ പഠനപ്രക്രിയയിൽ പങ്കാളികളാകുന്നത്. ഓരോ വർഷവും ആഗസ്റ്റ് മാസം മുതൽ മാർച്ച് മാസം വരെയാണ് പ്രവർത്തന സമയം. പഠനകേന്ദ്രത്തിലെ വിദ്യാർഥികളുടെ സംശയദൂരീകരണം, ഹോം വർക്കുകൾ ചെയ്യുന്നതിന്

സഹായിക്കൽ, വ്യക്തിപരമായ ശ്രദ്ധ നൽകൽ തുടങ്ങിയവ വഴി പഠനത്തിന് പൂർണമായും സഹായം നൽകുകയും ചെയ്യുന്നു. പത്രത്തിൽ പരസ്യം നൽകി യോഗ്യരായ അധ്യാപകരെ തിരഞ്ഞെടുത്ത് അവരിലൂടെയാണ് ക്ലാസുകൾ കൈകാര്യം ചെയ്യുന്നത്. പാലക്കാട് ഡയറ്റിന്റെ സഹായവും ഈ പദ്ധതിക്ക് ലഭ്യമാക്കുകയുണ്ടായി.


പഠനപ്രവർത്തനത്തോടൊപ്പം പാഠ്യേതര പ്രവർത്തനങ്ങൾക്കും ഈ ക്ലാസ് മുറി വേദിയാകുന്നു. പത്രക്വിസ് മത്സരം, സ്മരണീയ ദിനത്തോടനുബന്ധിച്ച പരിപാടികൾ, വിദഗ്ധരുമായുള്ള സംവാദം, കലാസാംസ്കാരിക പരിപാടി കൾ തുടങ്ങിയ പരിപാടികളും ഇതിനോടനുബന്ധിച്ച് നടത്താറുണ്ട്. കൂടാതെ തദ്ദേശഭരണസ്ഥാപനതലത്തിൽ കലാകായിക മത്സരങ്ങൾ, ബ്ലോക്ക്തലത്തിൽ അയ്യങ്കാളി സ്മാരക ട്രോഫിക്ക് വേണ്ടിയുള്ള ക്വിസ് മത്സരം, ഫുട്ട്ബോൾ മത്സരം, പഠനയാത്രകൾ എന്നിവയും നടന്നുവരുന്നു. ഓരോമാസവും പഠന കേന്ദ്രത്തിന്റെ വിലയിരുത്തൽ തദ്ദേശഭരണസ്ഥാപനതലത്തിൽ നടത്തുന്നു. ബ്ലോക്ക്-ഗ്രാമപ്പഞ്ചായത്ത് അംഗങ്ങൾ, പട്ടികജാതി പ്രൊമോട്ടർ, തിരഞ്ഞെ ടുത്ത രക്ഷാകർത്താക്കൾ, അധ്യാപകർ എന്നിവർ റിവ്യൂ യോഗത്തിൽ പങ്കെ ടുക്കുന്നു. അധ്യാപകരുടെ യോഗം എല്ലാ മാസവും നിശ്ചിത തിയതിയിൽ ബ്ലോക്ക് തലത്തിൽ കൂടി ഭാവിപ്രവർത്തനങ്ങളുടെ പ്ലാനിങ്ങ് നടത്തുന്നു. രണ്ട് മാസത്തിലൊരിക്കൽ വിദ്യാർഥികളുടെ രക്ഷാകർത്താക്കളെ ഗ്രാമപ്പ ഞ്ചായത്തുതലത്തിൽ വിളിച്ച് ചേർത്ത് ഓറിയന്റേഷൻ ക്ലാസ് നടത്തുന്നു. എല്ലാ പഠനകേന്ദ്രങ്ങളിലും വർഷാവസാനം കേന്ദ്രങ്ങളുടെ വാർഷികം വിപുല മായി കൊണ്ടാടുന്നു. വാർഷിക റിപ്പോർട്ട് സമർപ്പണം, കുട്ടികളുടെയും രക്ഷാകർത്താക്കളുടെയും കലാപരിപാടികൾ, ശിങ്കാരിമേളം തുടങ്ങിയവ ഉൾപ്പെടുത്തി കോളനിയുടെ മൊത്തം ഉത്സവമായി ഇത് മാറുന്നു. 2018-ലെ പ്രളയകാലത്ത് ഈ പഠനകേന്ദ്രത്തിലെ കുട്ടികൾ സമാഹരിച്ച തുക മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകിയത് കുട്ടികളുടെ സാമൂഹ്യ ബോധത്തിന്റെ ഉദാഹരണമായി ചൂണ്ടിക്കാണിക്കാൻ കഴിയും. കോവിഡ് 19-ന്റെ ഭാഗമായി സ്കൂൾ പഠനം സാധ്യമാകാത്ത അവസ്ഥയിൽ ഓൺലൈൻ പഠനം നടന്നു വരുന്നു. ക്ലാസുകൾക്ക് അധ്യാപകരുടെ സേവനം കൂടി ലഭ്യ മായതോടെ പാഠഭാഗങ്ങൾ നല്ലവണ്ണം മനസ്സിലാക്കാൻ കഴിയുന്നുവെന്നതും എടുത്തുപറയേണ്ടതാണ്.

## 6.5 പട്ടികജാതി സൗഹൃദഭരണം കർമപദ്ധതി

### പട്ടികജാതിസൗഹൃദ സമീപനം

കേരളത്തിലെ പട്ടികജാതി വികസന രംഗത്ത് കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങളെ സ്ഥാപിതമാക്കുന്നതിനും നിലനിർത്തുന്നതിനും മുഴുവൻ ജന ങ്ങളുടെയും പിൻതുണയോടെയുള്ള പ്രവർത്തനത്തിലൂടെ മാത്രമേ കഴിയൂ. കേരളത്തിലെ പട്ടികജാതി ജനവിഭാഗങ്ങളെ ഇക്കാര്യം ബോധ്യപ്പെടുത്തു ന്നതിനും ഈ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നതിനും വേണ്ട ഇടപെടൽ ആവശ്യമാണ്.

**പട്ടികജാതിസൗഹൃദ സമീപനം**




ജനസംഖ്യയുടെ 8% പേർ അടങ്ങുന്ന പട്ടികജാതി വിഭാഗങ്ങളിലെ 40% പേരും ദാരിദ്ര്യരേഖക്ക് താഴെയാണെന്ന് കണക്കാക്കിയാൽ ഈ വിഭാഗങ്ങൾ ഇന്നും പിന്നോക്കാവസ്ഥയിലാണെന്ന് കാണാം. ഇല്ലായ്മകളും ക്ലേശഘടകങ്ങളും ഇവരിൽ കൂടുതലാണെന്നതും സത്യമാണ്. ഈ നിലയ്ക്ക് ഇനിയെങ്കിലും ഒരു മാറ്റം വരേണ്ടതുണ്ട്. അത് സാധ്യമാകണമെങ്കിൽ അവസ്ഥാവിശകലനത്തിൽ ഊന്നിയ (ഡാറ്റാ ബെയ്സ്ഡ്) ആസൂത്രണം ശക്തിപ്പെടുത്തണം. കേവലമായ സാമൂഹ്യസാമ്പത്തിക കണക്കുകൾക്ക് പകരം കുടുംബാധിഷ്ഠിതമായ രേഖയുടെ ബലത്തിൽആവശ്യങ്ങൾ കൃത്യമായി തിട്ടപ്പെടുത്തി ആസൂത്രണത്തിലേക്ക് നീങ്ങണം. ആശ്രയ പദ്ധതിയുടെ കേസ് വർക്ക് രൂപത്തിൽ പ്രശ്ന അപഗ്രഥനവും പരിഹാരപ്രവർത്തനങ്ങളും ചിട്ടപ്പെടുത്തേണ്ടതുണ്ട്.

**അവസ്ഥാപഠനം**

1. ജനസംഖ്യാകണക്കുകൾ, സാമൂഹ്യസാമ്പത്തിക കണക്കുകൾ എന്നിവ തയ്യാറാക്കണം (ദ്വിതീയ വിവരം)
2. സാമൂഹ്യസുരക്ഷാ കണക്കുകൾ
3. വിദ്യാഭ്യാസ അവസ്ഥ കണക്കുകൾ
4. തൊഴിൽ നിലയും പരിശീലന ആവശ്യങ്ങളും
5. പശ്ചാത്തല വികസനാവശ്യങ്ങൾ
6. പാർപ്പിട നിലവാരകണക്കുകൾ
7. പ്രാദേശിക തൊഴിൽ സാധ്യതാ പട്ടിക

8. സ്വയംതൊഴിൽ/പരമ്പരാഗത തൊഴിൽ സൗകര്യങ്ങൾ
9. ഉന്നതവിദ്യാഭ്യാസ പരിശീലനാവശ്യങ്ങൾ
10. കണക്കുകളും, സോഷ്യൽ മാപ്പിങ്ങും (പട്ടികജാതി വികസന വകുപ്പിന്റെ പിൻതുണ)
11. അവസ്ഥാപഠന റിപ്പോർട്ട് ആവശ്യകതാ പഠനം

മേൽപ്പറഞ്ഞ വസ്തുതകളെ ഗണപരമായി നിലവിലുള്ളവ, യഥാർഥത്തിൽ ആവശ്യമായത്, കൂടുതൽ വേണ്ടിവരുന്നത് എന്ന പ്രകാരം പട്ടികപ്പെടുത്തി ആവശ്യങ്ങൾ തിട്ടപ്പെടുത്തണം. ഓരോ മേഖലയിലും വേണ്ടിവരുന്ന ആവശ്യം തിട്ടപ്പെടുത്തിയാൽ അവ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തണം. എന്ത്, ആർക്ക് എപ്പോൾ എന്ന് വ്യക്തമാക്കണം.

**ലക്ഷ്യരൂപീകരണം**

ഇപ്രകാരമുള്ള ആവശ്യഅപഗ്രഥന പട്ടികയിൽ നിന്നും നാല് വർഷത്തിനകം ചെയ്യേണ്ട കാര്യങ്ങൾ ഒരു മൾട്ടി ഇയർ പട്ടികയിൽപ്പെടുത്തുക. നാലു വർഷത്തിനകം ഇടപെടലുകൾ വഴി ചെയ്തുതീർക്കാൻ കഴിയുന്നവ ലക്ഷ്യമായി കണക്കാക്കണം (ഗണപരമായി). തുടർന്ന് ഓരോ വർഷത്തിലും ഏത് പ്രവർത്തനം എന്ന് മുൻഗണന നൽകി ക്രമീകരിക്കുക. അഞ്ച് മേഖലകളിലായി മുൻഗണന നൽകി ചെയ്യേണ്ട 25 ലക്ഷ്യങ്ങൾ തീരുമാനിക്കുക. ഉടൻ നടപ്പാക്കേണ്ടത്, അനിവാര്യമായത്, സാധ്യമായത് ഏതെല്ലാം എന്ന് നിർണയിച്ച് മുൻഗണനാക്രമം തയ്യാറാക്കുക.

മുൻഗണനാ പട്ടിക - ആദ്യവർഷം ഏറ്റെടുക്കേണ്ടത് ഏതെന്ന് തീരുമാനിച്ചശേഷം അടുത്ത മൂന്നുവർഷം മുൻഗണന നൽകി ഏറ്റെടുക്കേണ്ടത് പട്ടികപ്പെടുത്തുക(വികസനപദ്ധതി/റോളിങ്ങ് പ്ലാൻ മാതൃക)

**ബഡ്ജറ്റ്**

**പരിണിതഫലം തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം**

**അവലോകനം/മോണിട്ടറിങ്ങ്**

- പദ്ധതി ഗ്രാമസഭയിൽ ചർച്ചചെയ്ത് അഭിപ്രായം സ്വരൂപിക്കുക(മുൻഗണന)
- നിർവഹണത്തിന്റെ പ്രായോഗികതകൾ, മോണിട്ടറിങ്ങ്, സംയോജനസാധ്യതകൾ എന്നിവ വർക്കിങ്ങ് ഗ്രൂപ്പ് തിട്ടപ്പെടുത്തുക (പങ്കാളിത്തം, സാങ്കേതിക രൂപരേഖ)
- സ്റ്റാൻഡിങ്ങ് കമ്മിറ്റി/ഭരണസമിതി തീരുമാനവും ബഡ്ജറ്റിങ്ങ് നടപടികളും.

അധ്യായം – 7

# പട്ടികവർഗസൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 7.1 | പട്ടികവർഗ വിഭാഗങ്ങളുടെ പ്രാധാന്യം | 158 |
| 7.2 | പട്ടികവർഗ വികസനവും തദ്ദേശഭരണസ്ഥാപനങ്ങളും | 159 |
| 7.3 | പട്ടികവർഗ ഉപപദ്ധതി | 163 |
| 7.4 | പട്ടികവർഗവിഭാഗങ്ങൾക്കായുള്ള ക്ഷേമപദ്ധതികൾ | 166 |
| 7.5 | തദ്ദേശഭരണസ്ഥാപനങ്ങളുടെ മാതൃകകൾ | 168 |
| 7.6 | പട്ടികവർഗ സൗഹൃദപ്രാദേശിക ഭരണം – കർമപദ്ധതി | 171 |

## 7.1 പട്ടികവർഗ വിഭാഗങ്ങളുടെ പ്രാധാന്യം

ഭരണഘടനയുടെ ആർട്ടിക്കിൾ 342 ന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ പ്രസിഡന്റ് പുറപ്പെടുവിച്ച വിജ്ഞാപനത്തിൽ ഉൾപ്പെടുന്ന സമുദായങ്ങളാണ് പട്ടികവർഗക്കാർ. സാമൂഹികവും സാമ്പത്തികവും ചരിത്രപരവുമായ കാരണങ്ങളാൽ സമൂഹത്തിന്റെ പൊതുധാരയിൽനിന്ന് പുറന്തള്ളപ്പെട്ട ഗോത്രവർഗ വിഭാഗമാണ് പട്ടികവർഗക്കാർ. കുറുമ്പർ, കാടർ, കൊറഗർ, കാട്ടുനായ്ക്കർ, ചോല നായ്ക്കർ എന്നീ പ്രാക്തന ഗോത്ര വർഗ വിഭാഗക്കാർ മുതൽ ഏറ്റവും പിന്നോക്കം നിൽക്കുന്നതും പട്ടികവർഗജനസംഖ്യയിൽ ഒന്നാംസ്ഥാനത്തുള്ളതുമായ പണിയർ ഉൾപ്പടെ 36 പട്ടികവർഗ വിഭാഗങ്ങളാണ് കേരളസംസ്ഥാനത്തുള്ളത്. ഓരോ വിഭാഗത്തിനും വ്യത്യസ്തമായ ആചാരങ്ങളും അനുഷ്ഠാനങ്ങളും ഭാഷയും വേഷവും സംസ്കാരവുമുണ്ട്. സാമൂഹ്യശാസ്ത്രപരമായും വ്യത്യസ്തതകൾ ഉണ്ട്.

2011-ലെ സെൻസസ് അനുസരിച്ച് പട്ടികവർഗക്കാർ ഇന്ത്യയിൽ -104281054 (ആകെ ജനസംഖ്യയുടെ 8.15 %), കേരളത്തിൽ - 484839 (ആകെ ജനസംഖ്യയുടെ 1.45 %) ആണ്. കേരളത്തിൽ എല്ലാ ജില്ലകളിലും പട്ടികവർഗക്കാർ ഉണ്ട്. എന്നാൽ വയനാട്, പാലക്കാട്, ഇടുക്കി, കോട്ടയം, തിരുവനന്തപുരം എന്നീ ജില്ലകളിലെ മലയോരപ്രദേശങ്ങളിലാണ് കൂടുതലായി താമസിച്ചുവരുന്നത്.

### പട്ടികവർഗക്കാരുടെ പ്രത്യേക അവകാശങ്ങൾ

ഇന്ത്യൻ ഭരണഘടനയിൽ പട്ടികവർഗ വിഭാഗങ്ങളുടെ സംരക്ഷണത്തിനായി വിവിധ വകുപ്പുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. അനുഛേദം - 46 - ദുർബലവിഭാഗങ്ങളുടെ പ്രത്യേകിച്ച് പട്ടികജാതി, പട്ടികവർഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസപരവും സാമ്പത്തികപരവുമായ താൽപര്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും സാമൂഹ്യഅനീതിയിൽ നിന്നും എല്ലാവിധ ചുഷണങ്ങളിൽ നിന്നും അവരെ സംരക്ഷിക്കുന്നതിനും ഭരണകൂടത്തിന് ഉത്തരവാദിത്വമുണ്ട്.
2. അനുഛേദം - 17 - തൊട്ടുകൂടായ്മ നിരോധനം
3. അനുഛേദം - 330 - ലോകസഭയിൽ പട്ടികവർഗവിഭാഗത്തിന് പ്രത്യേക സീറ്റുകൾ സംവരണം.
4. അനുഛേദം - 332 - നിയമസഭയിൽ പട്ടികവർഗവിഭാഗത്തിന് പ്രത്യേക സീറ്റുസംവരണം.
5. അനുഛേദം - 335 - സർക്കാർ സർവീസിൽ സംവരണം ഉറപ്പു നൽകുന്നു.
6. അനുഛേദം - 338 - പട്ടികവർഗക്കാരുടെ പ്രശ്നങ്ങൾ പഠിച്ച റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയ കമ്മീഷൻ.
7. പീഡനങ്ങൾ തടയൽ നിയമം - 1989-ലെ പട്ടികജാതി, പട്ടികവർഗ പീഡനങ്ങൾ തടയൽ നിയമം കൂടാതെ 2015-ലെ അട്രോസിറ്റീസ് ആക്ട്.
8. വനാവകാശനിയമം - 2006 - പട്ടികവർഗകാരുടെ വനാവകാശങ്ങൾ തെളിവുകളുടെ അടിസ്ഥാനത്തിൽ അംഗീകരിക്കുന്നതിനുള്ള നിയമം.

**പട്ടികവർഗക്കാർക്ക് വേണ്ടിയുള്ള പ്രത്യേക അവകാശങ്ങളും സംരക്ഷണങ്ങളും**

**സംവരണം (ഭരണഘടന നിർദേശങ്ങളും ഉത്തരവുകളും)**

| | | |
|---|---|---|
| വിദ്യാഭ്യാസ സ്ഥാപനങ്ങൾ | – | 5% |
| പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ | – | 2% |
| സംസ്ഥാനസർക്കാർ ഉദ്യോഗങ്ങൾ | – | 2% |
| കേന്ദ്രസർക്കാർ ഉദ്യോഗങ്ങൾ | – | 7.5% |

## 7.2 പട്ടികവർഗ വികസനവും തദ്ദേശഭരണസ്ഥാപനങ്ങളും

പട്ടികവർഗ വിഭാഗങ്ങളുടെ നിലനിൽപ്പിനും അതിജീവനത്തിനും വികസനത്തിനുമായി കേന്ദ്ര-സംസ്ഥാനസർക്കാരുകൾ പ്രത്യേക ശ്രദ്ധ ചെലുത്തി നിരവധി പദ്ധതികൾ ആവിഷ്കരിക്കയുണ്ടായി. 1975 മുതൽ നടപ്പിലാക്കിയ പട്ടികവർഗ ഉപപദ്ധതി ഇതിൽ പ്രധാനമാണ്. 73,74 ഭരണഘടനാ ഭേദഗതി അംഗീകരിക്കുകയും അതിന്റെ ഭാഗമായി ത്രിതല പഞ്ചായത്തുകൾ, നഗരസഭകൾ എന്നിവ നിലവിൽ വരികയും, പട്ടികവർഗ വികസനവുമായി ബന്ധപ്പെട്ട ചുമതലകളും, പദ്ധതികളും കൈമാറുകയും ചെയ്തതോടെ ഈ മേഖലയിൽ പുതിയ ഉണർവ് സൃഷ്ടിക്കപ്പെട്ടു. 73, 74 ഭരണഘടന ഭേദഗതിയുടെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ സീറ്റ് സംവരണം, പ്രസിഡന്റ് സ്ഥാനത്തേക്ക് സംവരണം എന്നിവ ചെയ്തിട്ടുണ്ട്.

### പ്രത്യേക ശ്രദ്ധവേണ്ട പശ്ചാത്തല ഘടകങ്ങൾ

1. കമ്യൂണിറ്റി കേന്ദ്രം – നിലവിൽ ഉള്ളത് കൃത്യമായി അറ്റകുറ്റപണി നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുക, മെയിന്റനൻസ് പ്ലാനിൽ ഉൾപ്പെടുത്തുക, അസറ്റ്രജിസ്റ്ററിൽ കൊണ്ടുവരിക, ആവശ്യമെങ്കിൽ പുതിയവ നിർമിക്കുക, ഒരു പൊതുകളിസ്ഥലം നിലനിർത്തുക.
2. നാട്ടറിവ് – വനമേഖലയിലെ പല പ്രകൃതി സംബന്ധമായ പ്രശ്നങ്ങളും വികസന സാധ്യതകളും തിരിച്ചറിയുന്നതിനുള്ള ശേഷി അവർക്കുതന്നെയാണ്. അത് പരമാവധി ഉപയോഗിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതിനുള്ള നടപടി വേണം.

### പ്രകൃതിദുരന്ത സാധ്യതാ മാപ്പിങ്ങ്

പട്ടികവർഗ മേഖലകളിൽ ഊരുകൾ കോർത്തിണക്കി വാർഡുതലത്തിൽ, പ്രകൃതിദുരന്ത സാധ്യതാരേഖ ഉണ്ടായിരിക്കണം. ഇതോടൊപ്പം അത് തടയുന്നതിനും ആവശ്യമുണ്ടായാൽ രക്ഷാപ്രവർത്തനം, പുനരധിവാസം എന്നിവയ്ക്കും പ്രത്യേകം ദുരന്തനിവാരണ പ്ലാൻ തയ്യാറാക്കണം. അപകടമേഖലകൾ, ഖനനമേഖലകൾ, ഉരുൾപൊട്ടൽ മേഖലകൾ, വെള്ളപ്പൊക്ക സാധ്യതാസ്ഥലങ്ങൾ എന്നിങ്ങനെ തിട്ടപ്പെടുത്തണം.

### വന്യജീവി ആക്രമണം

ഓരോ വാർഡിലും കാണപ്പെടുന്ന വന്യജീവികൾ, അവയുടെ താവളങ്ങൾ, സഞ്ചാരപഥങ്ങൾ എന്നിവ തിട്ടപ്പെടുത്തണം. വന്യജീവി ആക്രമണ സാധ്യത, അവയുടെ പ്രതിരോധം, നിവാരണ മാർഗം തുടങ്ങിയവയെ സംബന്ധിച്ച് ജനപ്രതിനിധികൾ, സേവന പ്രവർത്തകർ തുടങ്ങിയവർക്കും ധാരണയുണ്ടാകുന്നതിന് ചർച്ചകൾ ഉണ്ടാകണം.

### പ്രകൃതി സംരക്ഷണം

കാടുകൾ പോലെതന്നെ പരിസ്ഥിതിക്ക് സഹായകരമായ സസ്യജാലങ്ങളും, ജലസ്രോതസ്സുകളും, ജലനിർഗമന മാർഗങ്ങളും, മഴക്കാല ജലസംഭരണികളും സംരക്ഷിക്കുന്നതിനാവശ്യമായ പ്രാദേശിക പാരിസ്ഥിതിക മാപ്പിങ്ങ് ഓരോ വാർഡിലും ഉറപ്പാക്കപ്പെടണം. പ്രകൃതിനാശം, പ്രകൃതിസംരക്ഷണം എന്നിവ ഊരുകൂട്ടത്തിന്റെ അഭിപ്രായം കണക്കിലെടുത്തായിരിക്കണം നടപ്പാക്കേണ്ടത്.

### തദ്ദേശഭരണ പശ്ചാത്തല വികസനവും ഊരുകളും

റോഡ്, തോട്, പാലം എന്ന പൊതുപശ്ചാത്തല വികസനത്തിൽ വന മേഖലകളിൽ പ്രകൃതിസംരക്ഷണത്തിലൂന്നിയ സവിശേഷമായ എഞ്ചിനിയറിങ്ങ് രീതിയായിരിക്കണം സ്വീകരിക്കേണ്ടത്. നാട്ടുവഴികൾ, കാട്ടുവഴികൾ, ഊരുകളിലെ തോടുകൾ, ശുചിത്വ സൗകര്യങ്ങൾ, വൈദ്യുതിലൈൻ, സോളാർ സംവിധാനം തുടങ്ങി പശ്ചാത്തല വികസന പ്രവർത്തനങ്ങൾ എപ്രകാരമായിരിക്കണമെന്ന് ഊരുനിവാസികളുമായി ചർച്ചചെയ്ത് തീരുമാനിക്കണം. സാമൂഹ്യഭൂപടം തയ്യാറാക്കുമ്പോൾ പ്രകൃതിസംരക്ഷണ-അപകടസാധ്യതകൾ അടയാളപ്പെടുത്തണം. പശ്ചാത്തല വികസന വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങൾ ഊരുകൂട്ടയോഗങ്ങളിൽ പങ്കെടുക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം. പട്ടികവർഗ സൗഹൃദഭരണം കേവലം ആരോഗ്യ, വിദ്യാഭ്യാസ, പാർപ്പിട പദ്ധതിക്കപ്പുറം പ്രകൃതി സംരക്ഷണത്തിലേക്കും വ്യാപിക്കപ്പെടുന്ന സമീപനമാകണം.

### പട്ടികവർഗസങ്കേത പാർപ്പിടങ്ങൾ

പൊതുസമൂഹത്തിന് വീട് നിർമാണത്തോടും സൂക്ഷിപ്പിനോടുമുള്ള മനോഭാവമല്ല ഊരുകൾക്കുള്ളിൽ പാർപ്പിടങ്ങളോട് അവർ സ്വീകരിക്കുന്ന കാഴ്ചപ്പാട് എന്ന തിരിച്ചറിവ് ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പ്രാദേശിക വസ്തുക്കൾ ഉപയോഗിച്ച് നിർമിക്കുന്ന വീട് അതായിരുന്നു അവരുടെ കാഴ്ചപ്പാട്. പാർപ്പിടപദ്ധതി നാടിനും കാടിനും ഒന്നായി രൂപകൽപ്പന ചെയ്യുമ്പോൾ അവരുടെ വികാരങ്ങൾ കണക്കിലെടുക്കാറില്ല.പാർപ്പിടങ്ങൾ ആരോഗ്യകരമായ കെട്ടിടങ്ങളാക്കി മാറ്റുന്നതിന് പട്ടികവർഗ സൗഹൃദ പാർപ്പിട സങ്കൽപ്പത്തിലേക്ക് നീങ്ങണം.

### തദ്ദേശഭരണസ്ഥാപനത്തിലെ അനുകൂല സംവിധാനങ്ങൾ

1. ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി - പട്ടികവർഗ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനും നിർവഹിക്കുന്നതിനും നേതൃത്വം നൽകുന്നത് തദ്ദേശ ഭരണസ്ഥാപനത്തിലെ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയാണ്.

2. വർക്കിങ്ങ് ഗ്രൂപ്പ് – എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളിലും പട്ടികവർഗക്കാർക്കായി പ്രത്യേക വർക്കിങ്ങ് ഗ്രൂപ്പ് രൂപീകരിക്കേണ്ടതായിട്ടുണ്ട്. പട്ടികവർഗ ജനപ്രതിനിധി ചെയർ പേഴ്സണായിട്ടുള്ള ഈ വർക്കിങ്ങ് ഗ്രൂപ്പിൽ ജനപ്രതിനിധികൾ, പ്രമോട്ടർമാർ, സന്നദ്ധപ്രവർത്തകർ, സിഡിഎസ് അംഗങ്ങൾ എന്നിവർ അംഗങ്ങളാണ്. പദ്ധതി നിർദേശങ്ങൾ തയ്യാറാക്കുന്നതിനും, ഊരുകൂട്ടം സംഘടിപ്പിക്കുന്നതിനും, പദ്ധതി നിർവഹണം, മോണിട്ടറിങ്ങ് എന്നിവയ്ക്കും വർക്കിങ്ങ് ഗ്രൂപ്പ് ഭരണസമിതികളെ സഹായിക്കുന്നു.

3. ഊരുകൂട്ടം – പട്ടികവർഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി ആസൂത്രണ ഗ്രാമസഭകൾ ചേരുന്നതിന് മുമ്പായി പട്ടികവർഗ ഊരുകളിൽ ഗ്രാമസഭായോഗത്തിനു നിശ്ചയിച്ചിട്ടുള്ള കാര്യപരിപാടിക്ക് സമാനമായ രീതിയിൽ ഊരുമൂപ്പന്റെ അധ്യക്ഷതയിൽ ഊരുകൂട്ടയോഗങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിനുള്ള മാർഗരേഖ താഴെ നൽകുന്നു

   - ഊരിലെ ആകെ വോട്ടർമാരിൽ 50% ത്തിലധികം അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കണം.
   - ബന്ധപ്പെട്ട തദ്ദേശസ്ഥാപന മേധാവി, അംഗം എന്നിവർ എല്ലാ ഊരുകൂട്ടത്തിലും പങ്കെടുക്കണം.
   - ഊരുകൂട്ടയോഗം വിളിച്ചുചേർക്കുന്നതിനുള്ള സഹായപ്രവർത്തനങ്ങൾ എസ് ടി പ്രൊമോട്ടർ, ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നിവർ നേതൃപരമായ പങ്ക് വഹിക്കേണ്ടതാണ്.
   - ഊരുകൾക്ക് പുറത്ത് അങ്ങിങ്ങായി താമസിക്കുന്ന പട്ടികവർഗക്കാരായ പ്രായപൂർത്തിയായവരെയും ഊരുകൂട്ടത്തിലേക്ക് ക്ഷണിക്കേണ്ടതാണ്.
   - നടപ്പാക്കേണ്ട പ്രോജക്ടുകളുടെ മുൻഗണന ഊരുകൂട്ടയോഗം നിശ്ചയിക്കേണ്ടതും, രേഖപ്പെടുത്തേണ്ടതുമാണ്.
   - ഓരോ ഊരുകൂട്ടയോഗത്തിൽ നിന്നും ഒരു വനിതയുൾപ്പെടെ രണ്ട് പേരെ വികസന സെമിനാറിലേക്ക് പ്രതിനിധികളാക്കേണ്ടതാണ്.

ഊരുകൂട്ടം ചേർന്നുവേണം ആസൂത്രണപ്രവർത്തനങ്ങളും ഗുണഭോക്തൃ തിരഞ്ഞെടുപ്പും നടത്തേണ്ടത് എന്നത് നിർബന്ധ വ്യവസ്ഥയാണ്. ഊരുകൂട്ടയോഗങ്ങൾ ചേരുന്നതിനു മുമ്പേ വ്യാപകമായ പ്രചരണം നടത്തേണ്ടതാണ്. ഊരുകളിൽ നടപ്പാക്കുന്നതിന് നിർദേശിക്കുന്ന പ്രോജക്ടുകളുടെ മുൻഗണന അതത് ഊരുകൂട്ടങ്ങളിൽ നിശ്ചയിക്കണം. ഊരുകൂട്ടം നിശ്ചയിക്കുന്ന മുൻഗണനകൾ പൊതുഗ്രാമസഭായോഗങ്ങളിൽ റിപ്പോർട്ട് ചെയ്യണം. പട്ടികവർഗ ഉപപദ്ധതിയുടെ ആസൂത്രണത്തിൽ നിർണായകമായ സ്ഥാനമാണ് ഊരുകൂട്ടത്തിനുള്ളത്. ഊരുകൂട്ട യോഗത്തിന്റെ തീരുമാനങ്ങളും മുൻഗണനകളും മാറ്റാൻ ആർക്കും അധികാരമില്ല.

കൂട്ടമായി താമസിക്കുകയെന്ന പട്ടികവർഗക്കാരുടെ പാരമ്പര്യം മുൻനിർത്തി, അഞ്ചോ അതിലധികമോ കുടുംബങ്ങൾ അടുത്തടുത്ത് താമസിക്കുന്ന പ്രദേശങ്ങളെ ഊരുകളായി കണക്കാക്കുന്നു. തങ്ങളെ ബാധിക്കുന്ന വികസന കാര്യങ്ങളിൽ അഭിപ്രായം പ്രകടിപ്പിക്കാനും തീരുമാനം എടുക്കാനും പട്ടികവർഗക്കാർക്ക് അവസരം നൽകുന്നതിന് അംഗീകരിച്ചിട്ടുള്ള, ഗ്രാമസഭകൾക്ക് സമാനമായ വേദിയാണ് ഊരിലെ പ്രായപൂർത്തിയായ മുഴുവൻ പേരും ഉൾക്കൊള്ളുന്ന ഊരുകൂട്ടം.

4. എസ്ടി പ്രൊമോട്ടർ – പട്ടികവർഗക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനസർക്കാരിനെയും തദ്ദേശഭരണസ്ഥാപനങ്ങളെയും സഹായിക്കാൻ പട്ടികവർഗ ഊരുകൾ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന പട്ടികവർഗ സേവകരാണ് എസ്ടി പ്രൊമോട്ടർമാർ. വർക്കിങ്ങ് ഗ്രൂപ്പ് അംഗങ്ങളായ പ്രൊമോട്ടർമാർക്ക് ഉപപദ്ധതി രൂപീകരണത്തിനും നിർവഹണത്തിലും മുഖ്യമായ ചുമതലയാണുള്ളത്. ചുമതലയുള്ള ഊരുകൂട്ട യോഗങ്ങളിൽ നിർബന്ധമായും പ്രൊമോട്ടർ പങ്കെടുത്തിരിക്കണം. പട്ടികവർഗ വകുപ്പുകളിൽനിന്നും വരുന്ന നിർദേശങ്ങളും ഉത്തരവുകളും യഥാസമയം പട്ടികവർഗക്കാർക്ക് ലഭ്യമാക്കണം.

മുഖ്യധാരാസമൂഹത്തിൽ നിന്നും അകന്നുകഴിയുന്ന പട്ടികവർഗ വിഭാഗങ്ങളുടെ ആശകളും അഭിലാഷങ്ങളും സ്വാംശീകരിച്ച് അവരുടെ ക്ഷേമത്തിനും പുരോഗതിക്കും വേണ്ടിയുള്ള പ്രവർത്തനങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങളെയും സംസ്ഥാനസർക്കാരിനെയും സഹായിക്കാൻ പട്ടികവർഗ ഊരുകൾ കേന്ദ്രീകരിച്ച് നിയോഗിച്ചിട്ടുള്ള പട്ടികവർഗക്കാരായ വികസന സേവകരാണ് എസ് ടി പ്രൊമോട്ടർമാർ.

### തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകൾ

**1. ഗ്രാമപ്പഞ്ചായത്ത്**

- ടിഎസ്പിയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക.
- പട്ടികവർഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക.
- പട്ടികവർഗ ആവാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക.
- പട്ടികവർഗ വിദ്യാർഥികൾക്ക് പഠനസഹായങ്ങൾ നൽകുക.
- പട്ടികവർഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക.

**2. ബ്ലോക്ക് പഞ്ചായത്ത്**

- പ്രിമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക.

- പട്ടികവർഗക്കാർക്കുവേണ്ടിയുള്ള സഹകരണസംഘങ്ങൾ പ്രവർത്തിക്കുക.

3. **ജില്ലാപഞ്ചായത്ത്**
   - പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക.
   - പട്ടികവർഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം.

4. **നഗരസഭകൾ**
   - ടിഎസ്പിയുടെ കീഴിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പദ്ധതികൾ നടപ്പിലാക്കുക
   - പട്ടികവർഗങ്ങൾക്കായി നഴ്സറി സ്കൂളുകൾ നടത്തുക
   - പട്ടികവർഗ വാസകേന്ദ്രങ്ങളിൽ അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുക
   - പട്ടികവർഗവിദ്യാർഥികൾക്ക് പഠനസഹായങ്ങൾ നൽകുക
   - പട്ടികവർഗങ്ങൾക്ക് ആവശ്യമുള്ളപ്പോൾ വിവേചനാധിഷ്ഠിത സഹായം നൽകുക
   - പ്രിമെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക
   - പട്ടികവർഗക്കാർക്കുവേണ്ടിയുള്ള സഹകരണസംഘങ്ങൾ നടത്തുക
   - പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലുകൾ നടത്തുക
   - പട്ടികവർഗക്കാർക്കായുള്ള തൊഴിലധിഷ്ഠിത പരിശീലനകേന്ദ്രങ്ങളുടെ നിയന്ത്രണം

## 7.3 പട്ടികവർഗ ഉപപദ്ധതി

പൊതുവികസന പ്രവർത്തനങ്ങളുടെ ഭാഗമായി പട്ടികവർഗക്കാരുടെ വികസനം സ്വാഭാവികമായി നടക്കില്ല എന്നും ഇവരുടെ സമഗ്രവികസനത്തിനായി പ്രത്യേക ആസൂത്രണംതന്നെ വേണമെന്നുള്ള അഭിപ്രായഗതിയുടെ ഭാഗമായാണ് പട്ടികവർഗക്കാർക്ക് വേണ്ടി അഞ്ചാം പദ്ധതിക്കാലത്ത് പ്രത്യേക ഉപപദ്ധതി നടപ്പിലാക്കിയത്. എട്ടാം പദ്ധതിവരെ ഉദ്യോഗതലത്തിൽ ഒതുങ്ങിനിന്ന പട്ടികവർഗ ഉപപദ്ധതി ഒമ്പതാം പദ്ധതിയോടുകൂടി ജനകീയമായ പദ്ധതിയായി മാറി. പട്ടികവർഗ ഉപപദ്ധതിക്കായി സർക്കാർ നീക്കിവെച്ച തുകയിൽ ഒരുഭാഗം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകുകയും വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയുടെ ഭാഗമായി പദ്ധതിയുടെ ആസൂത്രണവും നിർവഹണവും നടക്കുകയും ചെയ്തു.

### പട്ടികവർഗ ഉപപദ്ധതി – മാർഗനിർദേശങ്ങൾ (സ.ഉ.(കൈ)നം. 11/2018 ത.സ്വ.ഭ.വ തിയതി 29.01.2018)

- വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം ലഭിക്കുന്ന പദ്ധതികൾ ഏറ്റെടുക്കാം.
- പൊതുസൗകര്യ വികസനത്തിനായുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാം. ഉദാ– കുടിവെള്ളം, വൈദ്യുതി, നടപ്പാത മുതലായവ.

- പൊതുസൗകര്യ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾ 50% പട്ടികവർഗ ക്കാരായിരിക്കണം.
- പട്ടികവർഗ ഉപപദ്ധതി വിഹിതം റോഡ് നിർമാണത്തിന് ഉപയോഗിക്കരുത്.
- പാട്ടക്കൃഷി ചെയ്യുന്നതിന് കുടുംബങ്ങൾക്ക് ധനസഹായം നൽകാം.
- യുവതീ യുവാക്കളുടെ വിദ്യാഭ്യാസം, വിദേശത്ത് തൊഴിൽ നേടൽ, സ്വയം തൊഴിൽ പദ്ധതികൾ, തൊഴിൽ പരിശീലനങ്ങൾ, കായികവികസനം, വരു മാനവർധന സംരംഭങ്ങൾ മുതായവ പ്രോത്സാഹിപ്പിക്കണം.
- വരുമാന വർധന പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.
- ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പദ്ധതികൾ ഉണ്ടാകണം.
- പട്ടികവർഗ വിഭാഗങ്ങളിൽനിന്ന് ഉയർന്നുവരുന്ന പ്രതിഭകൾക്ക് പ്രോത്സാ ഹനം നൽകണം.
- അഗതി കുടുംബങ്ങൾക്ക് പരിചരണ സേവന പാക്കേജിന് 50% തുക വക യിരുത്തണം.
- പശ്ചാത്തല വികസന പ്രോജക്ടുകൾക്ക് സാമൂഹ്യ ഭൂപടവും ഫീസിബിലിറ്റി സർട്ടിഫിക്കറ്റും നിർബന്ധം.
- ഉപപദ്ധതി വിഹിതം റോഡ് നിർമാണത്തിന് ഉപയോഗിക്കാൻ പാടില്ല, നടപ്പാതകളും/നടപ്പാലങ്ങളും നിർമിക്കാം.
- പശ്ചാത്തലമേഖലയ്ക്ക് പരമാവധി 20% മാത്രമേ ചെലവഴിക്കാവൂ.
- ജലനിധി പരിപാടി നടപ്പിലാക്കിയ സ്ഥലങ്ങളിൽ ഉപപദ്ധതിപ്രകാരമുള്ള കുടിവെള്ള വിതരണ പ്രോജക്ടുകൾ ഏറ്റെടുക്കരുത്.
- ഊരുകൂട്ടത്തിന്റെ തീരുമാനങ്ങളും മുൻഗണനകളും അവരുടെ അനുമതി യില്ലാതെ മാറ്റാൻ പാടുള്ളതല്ല.

**ഉപപദ്ധതിയുടെ ലക്ഷ്യം**

- പട്ടികവർഗ സമൂഹത്തിന്റെ ശാക്തീകരണം, പങ്കാളിത്തം.
- ഈ വിഭാഗങ്ങളുടെ വികസന പ്രവർത്തനങ്ങളെ സംബന്ധിച്ച് അഭിപ്രായം പ്രകടിപ്പിക്കാനും തീരുമാനമെടുക്കാനും അവർക്ക് അവസരം.
- പട്ടികവർഗക്കാർക്കനുസൃതമായ, ജീവിതസാഹചര്യങ്ങൾക്കനുസരിച്ചുള്ള പദ്ധതികളുടെ രൂപീകരണം.
- ഗുണമേന്മയുള്ളതും പങ്കാളിത്തപരവുമായ ആസൂത്രണം.
- നിർവഹണസംവിധാനങ്ങളുടെ സുതാര്യത, അഴിമതിയും വിഭവചോർ ച്ചയും തടയൽ.
- ഫലപ്രദമായ മോണിട്ടറിങ്ങിലൂടെ പരമാവധി സാമൂഹ്യ നേട്ടം.

**ഉപപദ്ധതിയുടെ പ്രത്യേകതകൾ**

- പട്ടികവർഗ ജനസംഖ്യാനുപാതികമായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രത്യേക ഫണ്ട്.

- സാമ്പത്തിക വികസനം, സാമൂഹ്യവികസനം, പശ്ചാത്തല സൗകര്യ വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതികൾക്ക് മുൻഗണന.
- വ്യക്തികൾക്കും കുടുംബങ്ങൾക്കും നേരിട്ട് പ്രയോജനം.
- പട്ടികവർഗ ഊരുകളിൽ പൊതുസൗകര്യ വികസനം.
- പദ്ധതിവിഹിതം പാഴാക്കരുത്, വക മാറ്റരുത്.
- പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് പ്രത്യേക പരിചരണ പാക്കേജ്.

### പരിചരണ സേവനങ്ങളുടെ പാക്കേജ്

പട്ടികവർഗ വിഭാഗത്തിൽ പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ അഗതി കുടുംബങ്ങളെ നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം കണ്ടെത്തി അവർക്ക് പരിചരണ സേവനങ്ങളുടെ പാക്കേജ് പ്രകാരം പദ്ധതികൾ ആവിഷ്കരിക്കണം

- 65 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ അഗതികൾക്കും ഭക്ഷ്യധാന്യം സൗജന്യമായി നൽകൽ.
- വിവിധ രോഗങ്ങൾ പിടിപെടുന്നവർക്ക് മെച്ചപ്പെട്ട ചികിത്സ, സൗജന്യമായി മരുന്ന് എന്നിവ നൽകൽ.
- ഭിന്നശേഷി വിഭാഗങ്ങൾക്ക് ആശ്വാസ പദ്ധതികൾ.
- അഗതികൾക്ക് സാമൂഹ്യസുരക്ഷാ പെൻഷൻ ലഭ്യമാക്കൽ, വയോജനങ്ങളുടെ ക്ഷേമ പരിപാടികൾ.
- ഭൂരഹിതരായ പട്ടികവർഗ അഗതി കുടുംബങ്ങൾക്ക് വീട് വെക്കാൻ ഭൂമി നൽകൽ.
- ഭവനരഹിതരായവർക്ക് വീട് വെക്കാൻ ധനസഹായം.
- ശുദ്ധമായ കുടിവെള്ള ലഭ്യത ഉറപ്പാക്കൽ.
- വിദ്യാർഥികളുടെ എൻറോൾമെന്റ്, കൊഴിഞ്ഞുപോക്ക് തടയൽ, പഠനോപകരണങ്ങൾ നൽകൽ, പ്രത്യേക കോച്ചിങ്ങ് ഉൾപ്പടെയുള്ള വിദ്യാഭ്യാസ പരിപാടികൾ.
- സാമൂഹ്യ ഒറ്റപ്പെടൽ ഒഴിവാക്കുന്നതിന് പട്ടികവർഗ അയൽക്കൂട്ടങ്ങളുടെ രൂപീകരണം.
- സർഗവാസന വികസിപ്പിക്കാൻ, ശേഷിവർധിപ്പിക്കാൻ അനുയോജ്യമായ കൗൺസലിങ്ങ്.

### പദ്ധതി സംയോജനത്തിന്റെ പ്രാധാന്യം

പട്ടികവർഗ വിഭാഗങ്ങൾക്കായുള്ള പ്രധാനപ്പെട്ട വളരെയേറെ പരിപാടികൾ പട്ടികവർഗവികസന വകുപ്പ് വഴിയാണ് നടത്തപ്പെടുന്നത്. ഈ പരിപാടികളുമായി പ്രാദേശിക സർക്കാരിന്റെ നിർദേശങ്ങൾ കഴിയാവുന്നത്ര ഏകോപിപ്പിച്ചും സമഗ്രമായും നടത്തുന്നതിന് പ്രത്യേകം ശ്രദ്ധ വേണ്ടിവരും. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുമായി വർക്കിങ്ങ് ഗ്രൂപ്പ് ചർച്ചചെയ്തുകൊണ്ട് പ്രോജക്ടുകൾ സമഗ്രമാക്കേണ്ടതാണ്.

പട്ടികവർഗ ഉപപദ്ധതിക്ക് പുറമേ പട്ടികവർഗ വകുപ്പ്, വനംവകുപ്പ് തുടങ്ങിയ വകുപ്പുകളുടേയും വിവിധങ്ങളായ ക്ഷേമപദ്ധതികൾ നടപ്പാക്കിവരുന്നു.

കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളും, എംപി, എൽഎ ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതികളും ഇതോടൊപ്പം നടപ്പിലാക്കുന്നുണ്ട്. ഇവ സംയോജിപ്പിച്ച് വികസനപ്രക്രിയ സമഗ്രമാക്കേണ്ടതുണ്ട്. പട്ടികവർഗ വിഭാഗത്തിൽ ഇനിയും പിന്നോക്കം നിൽക്കുന്നവരുടെ വികസനത്തിനാണ് മുൻഗണനകൾ നൽകേണ്ടത്. അവരെ ആശ്രിത മനോഭാവത്തിൽ നിന്നും മാറ്റിയെടുക്കാൻ സാമ്പത്തിക സ്വാതന്ത്ര്യവും സുരക്ഷയും ലഭ്യമാക്കുന്ന പദ്ധതികൾ വേണം. ദീർഘവീക്ഷണത്തോടെ ഗുണനിലവാരമുള്ള പദ്ധതികൾ സംയോജനത്തോടെ സാധ്യമാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

### 7.4 പട്ടികവർഗ വിഭാഗങ്ങൾക്കുള്ള ക്ഷേമപദ്ധതികൾ

- പട്ടികവർഗ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്ന പരിപാടികൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. 75000 രൂപ വരെ ധനസഹായം ലഭ്യമാകും.
- പട്ടികവർഗ യുവാക്കൾക്കും യുവതികൾക്കും വിദേശത്ത് തൊഴിൽ ലഭ്യമാകുന്ന പക്ഷം തൊഴിൽ വിസയും വിമാനടിക്കറ്റും ഹാജരാക്കുന്ന മുറയ്ക്ക് 100000 രൂപ വരെ ധനസഹായം ലഭിക്കുന്നതാണ്.
- സംസ്ഥാനസർക്കാരോ, കേന്ദ്രസർക്കാരോ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാത്തരം കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തുന്നതായ എല്ലാ പട്ടികവർഗ വിദ്യാർഥികൾക്കും സ്കോളർഷിപ്പ് ലഭിക്കുന്നതാണ്.
- പട്ടികവർഗ വിഭാഗത്തിൽപ്പെട്ട മെറിറ്റോറിയസ് വിദ്യാർഥികൾക്ക് ദേശീയ അന്തർ ദേശീയ സർവകലാശാലകളിൽ അഡ്മിഷൻ ലഭിച്ചാൽ അഡ്മിഷൻ ഉൾപ്പടെയുള്ള ചെലവുകൾക്കായി ധനസഹായം നൽകാവുന്നതാണ്.
- പട്ടികവർഗ വിദ്യാർഥികൾക്ക് പഠനത്തിനായി മേശയും കസേരയും വാങ്ങി നൽകുന്നതിന് 5000 രൂപവരെ ധനസഹായം നൽകാവുന്നതാണ്. കൂടാതെ ബിരുദം, ബിരുദാനന്തര ബിരുദം തുടങ്ങിയവയിൽ പഠിക്കുന്ന വിദ്യാർഥികൾക്ക് 30000 രൂപയിൽ കവിയാത്ത ലാപ്ടോപ്പ് വാങ്ങി നൽകാവുന്നതാണ്.
- സ്കോളർഷിപ്പ് പരീക്ഷക്ക് പരിശീലനം നൽകുന്നതിനും സൈനീക സ്കൂൾ, നവോദയ, ജി.വി. രാജ സ്പോർട്ട്സ് സ്കൂൾ എന്നീ സ്ഥാപനങ്ങളുടെ പ്രവേശന പരീക്ഷകൾക്ക് പരിശീലനം നൽകുന്നതിനും പട്ടികവർഗ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.
- ഈ വിഭാഗത്തിലെ യുവാക്കളുടെ ഗ്രൂപ്പുകൾക്കോ, സമിതികൾക്കോ വാദ്യോപകരണങ്ങൾ വാങ്ങി നൽകാവുന്നതാണ്. 5% ഗുണഭോക്തൃവിഹിതമായി വാങ്ങേണ്ടതാണ്.
- പ്രതിഭ തെളിയിച്ച പ്രതിഭാധനരരായ പട്ടികവർഗ വിഭാഗങ്ങൾക്ക് സാമൂഹ്യവും സാമ്പത്തികവുമായ പിൻതുണ നൽകാവുന്നതാണ്.
- പഠനമുറി - പട്ടികവർഗ വിദ്യാർഥികൾക്ക് വീടിനോടു ചേർന്ന് 100 ച.അടിയിൽ കവിയാത്ത പഠനമുറി രണ്ടു ലക്ഷം രൂപവരെ ചെലവ് ചെയ്ത് നിർമിക്കാവുന്നതാണ്.

- പട്ടികവർഗ കോളനികളിൽ പഠനമുറികൾ പണിയാൻ സൗകര്യമില്ലാത്തിടങ്ങളിൽ സമൂഹപഠനകേന്ദ്രങ്ങൾ നിർമിച്ച് പഠന സൗകര്യം ഒരുക്കേണ്ടതാണ്.
- ബാലവാടി കം ഫീഡിങ്ങ് സെന്റർ – പഠനോപകരണങ്ങൾ, യൂണിഫോം, ഭക്ഷണം എന്നിവ പട്ടികവർഗ വകുപ്പിലെ നിബന്ധനയനുസരിച്ച് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.
- ജില്ലാ/യൂണിവേഴ്സിറ്റിതല മത്സരങ്ങളിലെ വിജയികൾക്ക് ഡാൻസ് കിറ്റ്, സ്പോർട്ട്സ് കിറ്റ് തുടങ്ങിയ ഉപകരണങ്ങൾ നൽകാവുന്നതാണ്.
- പട്ടികവർഗ എച്ച്എസ്എസ് വിദ്യാർഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം കരിയർ ഗൈഡൻസ് ക്ലാസുകൾ നൽകാവുന്നതാണ്.
- പട്ടികവർഗ ഹൈസ്കൂൾ വിദ്യാർഥികൾക്ക് വർഷത്തിൽ നാല് പ്രാവശ്യം രണ്ടു മണികൂർ വീതം വ്യക്തിത്വ വികാസം, നേതൃപാടവം, മോട്ടിവേഷൻ ക്ലാസുകൾ നൽകാവുന്നതാണ്.
- പട്ടികവർഗ വിഭാഗത്തിലെ എസ്എസ്എൽസി പരീക്ഷ വിജയിച്ചവർ തുടങ്ങി ഉയർന്നയോഗ്യതയുള്ളതും തൊഴിൽ തൽപരരുമായ യുവതീ യുവാക്കൾക്ക് തൊഴിൽ പരിശിലനം നൽകാവുന്നതാണ്
- പട്ടികവർഗ സഹകരണസംഘങ്ങൾക്ക് നിർദിഷ്ട മേഖലയിൽ ധനസഹായം നൽകി ഊരുകളെ സ്വയം പര്യാപ്തമാക്കുന്ന പദ്ധതി ഏറ്റെടുക്കുവാൻ ഒരു സംഘത്തിന് നാലു ലക്ഷം രൂപവരെ ധനസഹായം ലഭ്യമാകുന്നതാണ്.
- സംരംഭകത്വ പ്രോത്സാഹനത്തിന് റിവോൾവിങ്ങ് ഫണ്ടും പലിശ സബ്സിഡിയും നൽകി പ്രോത്സാഹിപ്പിക്കേണ്ടതാണ്.
- കൂടാതെ ഭൂമി വാങ്ങുന്നതിനും, ഭവനനിർമാണം, വീട് റിപ്പയർ, വയറിങ്ങ് എന്നിവയ്ക്ക് സർക്കാരിന്റെ മാർഗനിർദേശങ്ങൾക്കനുസൃതമായി ധനസഹായം നൽകാവുന്നതാണ്.
- കൃഷിക്ക് – ജൈവവളം, രാസവളം, ജൈവകീടനാശിനികൾ, വിത്തുകൾ, തൈകൾ എന്നിവക്ക് 100 % ഉം, നെൽക്കൃഷി ഹെക്ടറിന് 17000 രൂപയും, സംഘങ്ങൾക്ക് യന്ത്രം വാങ്ങാൻ 90%, ജലസേചനകിണർ 75 – 100%, പമ്പ് സെറ്റ് എന്നിവക്ക് 100 % ഉം ധനസഹായം ലഭിക്കുന്നതാണ്.

വനംവകുപ്പ് വഴി ലഭിക്കുന്ന സേവനങ്ങൾ – ഭവനനിർമാണത്തിന് സൗജന്യമായി തടി, വനവിഭവശേഖരണത്തിന് സഹകരണസംഘങ്ങൾക്ക് പാസ്, കരകൗശല തൊഴിലാളികൾക്ക് മുള, ഈറ്റ വെട്ടുന്നതിന് പാസ്, വന്യജീവി ആക്രമണത്തിനുള്ള നഷ്ടപരിഹാരം എന്നിവ വനംവകുപ്പ് വഴി ലഭ്യമാകുന്നതാണ്.

### കേന്ദ്രാവിഷ്കൃത പദ്ധതികൾ

### 1. ഇന്ദിര ആവാസ് യോജന (ഐഎവൈ/പിഎംഎവൈ)

- ഭൂരഹിത ഭവനരഹിതർക്ക് സ്ഥലവും വീടും ലഭ്യമാക്കുക, ഭവനരഹിതർക്ക് വീട് ലഭ്യമാക്കുക, പുനരുദ്ധാരണം നടത്തുക.

- പുതിയ വീട് നിർമിക്കുന്നതിന് കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്ക് 70,000 രൂപയാണ്. എന്നാൽ കേരളത്തിൽ തദ്ദേശസ്ഥാപനങ്ങളുടെ വിഹിതം 25:40:35 എന്ന അനുപാദത്തിൽ നൽകാം.

2. വർക്ക്ഷെഡ് പദ്ധതി – വർക്ക് ഷെഡ് പണിയാൻ ധനസഹായം നൽകുന്നതിനുള്ള പദ്ധതി: ഖാദിമേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഇതിന്റെ ഗുണഭോക്താക്കൾ.

- 5 മുതൽ 15 പേർ അടങ്ങുന്ന ഖാദി തൊഴിലാളികളുടെ സംഘമാണ് ഷെഡ് നിർമിക്കുക.
- നിർമാണച്ചെലവിന്റെ 75% ലഭ്യമാകും.
- ഖാദി വില്ലേജ് ഇൻഡസ്ട്രീസ് പരിശോധിച്ച് അർഹത ബോധ്യപ്പെട്ടാൽ രണ്ടു ഘട്ടമായി പണം ലഭിക്കും.

3. ട്രൈബൽ ഹെൽത്ത് പ്രോഗ്രാം – (എൻഎച്ച്എം) – പട്ടികവർഗമേഖലയിൽ പ്രത്യേക ആരോഗ്യക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സിക്കിൾസെൽ അനീമിയക്കെതിരെ (അരിവാൾ രോഗം) സമഗ്ര ആരോഗ്യ പരിപാടി തയ്യാറാക്കിയിട്ടുള്ളതിന് പുറമേ പാലക്കാട്, വയനാട് ജില്ലകളിൽ പ്രത്യേക പ്രോജക്ടും നടപ്പാക്കിവരുന്നു.
4. ജനനി ശിശു സുരക്ഷാ പദ്ധതി – പ്രസവ ശുശ്രൂഷ ലഭ്യമാക്കുന്ന സർക്കാർ ആരോഗ്യസ്ഥാപനങ്ങൾ മുഖേനെ നടപ്പിലാക്കുന്നു. അമ്മമാർക്ക് 42 ദിവസവും നവജാത ശിശുക്കൾക്ക് 30 ദിവസവും സൗജന്യ ചികിത്സ ലഭിക്കുന്നു. പ്രസവത്തിനെത്തുന്ന സ്ത്രീകൾക്ക് യാത്രാച്ചെലവ്, ആശുപത്രിയിലെ താമസം, ഭക്ഷണം, മരുന്നുകൾ, രക്തം, ലാബോറട്ടറി ചെലവുകൾ തുടങ്ങി എല്ലാം സൗജന്യമാണ്.

## 7.5 തദ്ദേശഭരണസ്ഥാപനങ്ങളുടെ മാതൃകകൾ

### 1. സ്കൂൾ കൊഴിഞ്ഞുപോക്ക് തടയുക –നൂൽപ്പുഴ ഗ്രാമപ്പഞ്ചായത്ത്

വയനാട് ജില്ലയിൽ പകുതിയിലേറെയും കാടിനാൽ ചുറ്റപ്പെട്ടു കിടക്കുന്ന ഗ്രാമപ്പഞ്ചായത്താണ് നൂൽപ്പുഴ. ജനസംഖ്യയിൽ മുക്കാൽ ഭാഗവും പട്ടികവർഗക്കാരാണ്. 2731 പട്ടികവർഗത്തിൽപ്പെട്ട കുടുംബങ്ങളും, 148 പട്ടികവിഭാഗഅധിവാസ കൂട്ടായ്മയും ഉണ്ട്. കുട്ടികളുടെ കാര്യത്തിൽ ഈ പഞ്ചായത്തിലെ ഏറ്റവും വലിയ വെല്ലുവിളി ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ സ്കൂളിലെ കൊഴിഞ്ഞുപോക്കുതന്നെയാണ്. ഇതിന് പരിഹാരം കാണുന്നതിനായി 24 അംഗ വിദ്യാഭ്യാസ കമ്മിറ്റിയെ പഞ്ചായത്ത് രൂപീകരിച്ചു. അവരുടെ കണ്ടെത്തലുകൾ പഞ്ചായത്തുകമ്മിറ്റികൾ ചർച്ച ചെയ്തു. വീടുകളിലെ ദാരിദ്ര്യം, സാമ്പത്തിക പിന്നോക്കാവസ്ഥ, സുരക്ഷിതമല്ലാത്ത കുടുംബാന്തരീക്ഷം, സ്കൂൾ യൂണിഫോം ഇല്ലായ്മ, രക്ഷിതാക്കളുടെ ഉത്സാഹകുറവ്, സ്കൂളിലേക്കുള്ള ദൂരം, ഒറ്റപ്പെട്ട സ്കൂൾ, സഹപാഠികളുടെ കളിയാക്കൽ, അധ്യാപകരുടെ അനിഷ്ട പെരുമാറ്റം, ഹോസ്റ്റൽ സൗകര്യത്തിന്റെ അപര്യാപ്തത ഇതെല്ലാമാണ് സ്കൂൾ കൊഴിഞ്ഞുപോക്കിന്റെ പ്രധാന കാരണങ്ങൾ. ഈ പ്രശ്നം പരിഹരിക്കുന്നതിനും കുട്ടികളെ തിരിച്ച് സ്കൂളിലെത്തിക്കുന്നതിനും

നൂൽപ്പുഴ ഗ്രാമപ്പഞ്ചായത്ത് ഒരു സമഗ്ര പരിപാടി ആരംഭിച്ചു. പ്രാധാനപ്പെട്ടവ താഴെ നൽകുന്നു.

- ഉൾക്കാടുകളിൽ താമസിക്കുന്ന കുട്ടികളെ സ്കൂളിലെത്തിക്കാൻ വാഹനം ഏർപ്പാട് ചെയ്തു.
- വീടുകളിലെ ദാരിദ്ര്യംമൂലം ഒഴിഞ്ഞ വയറുമായാണ് കുട്ടികൾ സ്കൂളിൽ വരുന്നത് ഇത് കുട്ടികളുടെ ഏകാഗ്രതയും പഠനത്തിലുള്ള ശ്രദ്ധയും കുറയ്ക്കുന്നു. ജില്ലാപഞ്ചായത്തിന്റെ സഹായത്താൽ എല്ലാ സ്കൂളുകളിലും പ്രാതൽ ഒരുക്കാൻ കഴിഞ്ഞു.
- 1 മുതൽ 7 വരെ ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും സൗജന്യമായി രണ്ട് സെറ്റ് യൂണിഫോം വിതരണം ചെയ്തു.
- എല്ലാകുട്ടികൾക്കും പത്രം വീട്ടിൽ കൊണ്ടുപോയി വായിക്കുന്നതിന് വിതരണം ചെയ്തു. ഇതുകൊണ്ട് അവരുടെ അറിവും ഭാഷയും വർധിപ്പിക്കാനായി.
- പെൺകുട്ടികൾക്ക് ശാരീരിക മാനസികാരോഗ്യത്തിന് കരാട്ടെ, വോളിബോൾ കോച്ചിങ്ങ് കൊടുത്തു.
- വിവരസാങ്കേതിക വിദ്യയ്ക്കുവേണ്ടി കമ്പ്യൂട്ടർ വിദ്യാഭ്യാസം നൽകി.
- സ്കൂൾ ഉച്ചഭക്ഷണശാല വൃത്തിയുള്ളതും വെള്ളത്തിന്റെ സൗകര്യവും ഉറപ്പുവരുത്തി.
- കുട്ടികളിൽ ശുചിത്വശീലം വളർത്തിയെടുക്കുന്നതിന് ശൗചാലയകോംപ്ലക്സ് പണിതു.
- ലൈബ്രറികൾ കുറ്റമറ്റതാക്കി, ക്ലാസ്റൂമുകൾ സ്മാർട്ടാക്കി, കുടിവെള്ള ലഭ്യത ഉറപ്പാക്കി.

### 2. അമൃതം പ്രോജക്ട് - വെളിയാമറ്റം ഗ്രാമപ്പഞ്ചായത്ത്

ഇടുക്കി ജില്ലയിലെ ഇളംദേശം ബ്ലോക്കിലെ മലപ്രദേശങ്ങളും താഴ്വാരങ്ങളും നിറഞ്ഞ ഗ്രാമപ്പഞ്ചായത്താണ് വെളിയാമറ്റം. ജനസംഖ്യയുടെ പകുതിയോളം പട്ടികവർഗവിഭാഗത്തിലുള്ളവരാണ്.15 വാർഡുകളിൽ 5 എണ്ണം പൂർണമായും പട്ടികവർഗ വിഭാഗക്കാരാണ്. കുട്ടികൾക്ക് പഠിക്കാനായി 4 സർക്കാർ സ്കൂളുകളും മൂന്ന് എയ്ഡഡ് സ്കൂളുകളുമാണ് ഇവിടെയുള്ളത്. പട്ടികവർഗക്കാരായ കുട്ടികൾ ഭൂരിഭാഗവും സർക്കാർ സ്കൂളുകളിലാണ് പഠിക്കുന്നത്. ഈ കുട്ടികളിൽ ഗണ്യമായ ഒരു ഭാഗം കുന്നുകളും തോടുകളും താണ്ടിയാണ് സ്കൂളിലെത്തുന്നത്. വീട്ടിലെ ദാരിദ്ര്യവും, സാമ്പത്തിക പരാധീനതയും കാരണം ഭൂരിഭാഗം കുട്ടികളും പ്രഭാതഭക്ഷണം കഴിക്കാതെയാണ് സ്കൂളിലേക്ക് വരുന്നത്. അത് അവരുടെ പഠനത്തിലുള്ള ശ്രദ്ധയും ഏകാഗ്രതയും നഷ്ടമാക്കുന്നു, കൊഴിഞ്ഞുപോക്കിന് ഇടയാക്കുന്നു. അതിനൊരു പരിഹാരം എന്ന നിലക്കാണ് ബ്രെയിൻഫുഡ് എന്ന പരിപാടി ആരംഭിച്ചത്. 250 കുട്ടികൾക്ക് ഈ പ്രോജക്ടിന്റെ പ്രയോജനം ലഭിക്കുന്നുണ്ട്. കഴിഞ്ഞ നാല് വർഷങ്ങളായി പ്ലാൻ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ ഈ പദ്ധതി കുട്ടികളിൽ പുത്തനുണർവ് ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞു. പഠനനിലവാര

ത്തിൽ വലിയമാറ്റമാണ് ഈ പദ്ധതിയിലൂടെ കൈവരിച്ചത്. കൂടാതെ ഇടയ്ക്ക് സ്കൂളിലേക്ക് വരാതെയിരുന്നവരുടെയും കൊഴിഞ്ഞുപോയിരുന്നവരുടെയും തോത് വലിയ തോതിൽ ഈ പദ്ധതിയലൂടെ കുറയ്ക്കാനായി.

### 3. ഗോത്രതുടിപ്പുകൾ - ഗോത്രകലകളും, സംസ്കാരവും - ഇടുക്കി ജില്ലാപഞ്ചായത്ത്

ഇടുക്കി ജില്ലാപഞ്ചായത്തിന്റെ പട്ടികവർഗക്കാർക്കായുള്ള ഉപപദ്ധതിയുടെ ഭാഗമായി നടപ്പാക്കിയ നൂതന പരിപാടിയാണിത്. ഇടുക്കിയിലെ വിവിധ ആദിവാസി സമൂഹങ്ങളുടെ സംസ്കാരവും കലകളും സംബന്ധിച്ച് വിശദ മായ അന്വേഷണവും പഠനവും നടത്തുകയാണ് ഈ പരിപാടിയിൽ ആദ്യ മായി ചെയ്തത്. ഇതിനായി ആദിവാസി കലാരൂപങ്ങളുടെ അവതരണവും കലാകാരൻമാരുടെ സംഗമവും സംഘടിപ്പിച്ചു. ഇതോടൊപ്പം നടത്തിയ സർവേയുടെയും സമ്മേളനങ്ങളുടെയും മറ്റും ഭാഗമായി ലഭ്യമായ വിവര ങ്ങൾ ചേർത്ത് പഠനാർഹമായ ഒരു പുസ്തകം തയ്യാറാക്കി പ്രസിദ്ധീകരിച്ചു. അതിനുശേഷം ഇടുക്കിയിലെ പ്രധാന പട്ടികവർഗ വിഭാഗങ്ങളായ മലയ രയൻ, മാന്നാൻ, മുതുവാൻ, ഊരാളി, പണിയൻ, ഹിൽപുലയൻ, ഉള്ളാടൻ, മലപണ്ടാരം, മലയൻ, മലവേടൻ തുടങ്ങിയവരുടെയെല്ലാം പ്രതിനിധികൾ, സാംസ്കാരിക പ്രവർത്തകർ, ജനപ്രതിനിധികൾ എന്നിവരുടെ വിപുലമായ യോഗവും വിശദമായ ചർച്ചകളും നടത്തി. അതിൽനിന്നും പദ്ധതി നിർവ ഹണ സമിതി, എഡിറ്റോറിയൽ ബോർഡ്, സർവേ ഗ്രൂപ്പുകൾ, മോണിട്ടറിങ്ങ് സംവിധാനം എന്നിവയുടെ രൂപീകരണം നടത്തി പ്രവർത്തനം ആരംഭിച്ചു. കൂടാതെ ജില്ലയിലെ ആദിവാസി സങ്കേതങ്ങൾ സന്ദർശിച്ചും സാധാരണ വ്യക്തികൾ, പൗരമുഖ്യൻമാർ, മൂപ്പൻമാർ, ആദിവാസി രാജാവ് തുടങ്ങിയവ രെയെല്ലാം നേരിൽ കണ്ട് അവരുമായി ചർച്ച നടത്തിയാണ് സർവേ ആരംഭി ച്ചത്. അതിനുശേഷം കലാമേളക്ക് തുടക്കം കുറിച്ചു.

ആദിവാസി കലാമേള - കലാമന്ദിർ ഉൾപ്പടെയുള്ള കലാകേന്ദ്രങ്ങളുടെയും തൊടുപുഴ നഗരസഭയുടെയും സഹകരണത്തോടെ തൊടുപുഴയിൽ വെച്ച് ആദ്യകലാമേള നടന്നു. ഈ കലാമേളയിൽ ആദിവാസി സെമിനാർ, സാംസ്കാ രിക സമ്മേളനം, വിളംബരജാഥ, ആദിവാസി കലാമേള എന്നിവ സംഘടി പ്പിച്ചു. മാന്നാൻ കൂത്ത്, മാലയൂട്ട് മാമാങ്കം, മലകൂത്ത്, കമ്പുകളി, ചവിട്ടുകളി, കോൽകളി, പാരമ്പര്യകലകൾ എല്ലാം അരങ്ങേറി. അതിനോടനുബന്ധിച്ച് ആദിവാസി സമൂഹങ്ങളുടെ സംസ്കാരവും കലകളും സംബന്ധിച്ച വിശദ മായ പുസ്തകത്തിന്റെ പ്രസിദ്ധീകരണവും നടത്തുകയുണ്ടായി. അനുബന്ധ മായി 'ഗോത്രതുടിപ്പുകൾ' എന്ന ഡോക്കുമെന്ററി കൂടി തയ്യാറാക്കി അവത രിപ്പിച്ചു.

### 4. ശിങ്കാരിമേളം - കുളത്തുപ്പുഴ ഗ്രാമപ്പഞ്ചായത്ത്

കൊല്ലം ജില്ലയിൽ ഏറ്റവും കൂടുതൽ പട്ടികവർഗ കുടുംബങ്ങളുള്ള ഗ്രാമപ്പഞ്ചായത്താണ് കുളത്തുപ്പുഴ. ആറ് ഊരുകളിലായി കാണിക്കാർ വിഭാഗ ത്തിലുള്ള ഇവർ താമസിക്കുന്നു. ഇവരുടെ മാത്രമായിരുന്ന കലകളും സംസ്കാ രവും ഇക്കാലത്തിനിടയിൽ അന്യംനിൽക്കാതിരിക്കാനും കലാപ്രവർത്തന

ത്തിലൂടെ സ്വയംവരുമാനത്തിനും പദ്ധതികൾ തയ്യാറാക്കുന്നതിന്റെ ഭാഗമായുള്ള ഒരു പ്രോജക്ടാണിത്. ഗ്രാമപ്പഞ്ചായത്തിലെ കടമാൻകോഡ് വാർഡിലെ കുഴുവിയോട് ഊരിൽ ചെറിയ രീതിയിൽ ഉണ്ടായിരുന്ന ചെണ്ടമേളം 30–ൽപ്പരം ആദിവാസി യുവാക്കളെ ശിങ്കാരിമേളത്തിൽ പരിശീലനം നൽകി പ്രാപ്തരാക്കുന്ന പരിപാടിയാണ് ആദ്യഘട്ടം. ചെണ്ട, വീക്ക് ചെണ്ട, കൈമണി, യൂണിഫോം എന്നിവ വാങ്ങി നൽകി. എന്നാൽ വിദഗ്ധ പരിശീലനം ആവശ്യമുള്ളതാനാൽ ഇത് നൽകുന്നതിന് അംഗീകൃത ഏജൻസികൾ ഇല്ലായിരുന്നു. പദ്ധതിയുടെ നടത്തിപ്പിന് ക്വട്ടേഷൻ ക്ഷണിച്ച് പരിശീലന ഏജൻസിയായി കൊട്ടാരക്കരയിലുള്ള തരംഗിണിയും ഉപകരണങ്ങൾ കലാമണ്ഡലം ശ്രീകാന്ത് വർമയും ലഭ്യമാക്കി. പരിശീലകർ കുഴവിയാട് ഊരിൽ താമസിച്ച് പരിശീലനം നൽകുകയായിരുന്നു. പഞ്ചായത്ത് പ്രസിഡന്റും, ഊര് മൂപ്പനും, മേള വിദഗ്ധരും ചേർന്ന മോണിട്ടറിങ്ങ് കമ്മിറ്റിയും രൂപീകരിച്ചു. കേരളത്തിലും കേരളത്തിനു പുറത്തും ധാരാളം പരിപാടികൾ അവതരിപ്പിക്കാനും അതുവഴി വരുമാനമുണ്ടാക്കാനും ഈ പദ്ധതിക്ക് കഴിഞ്ഞു.

## 7.6 പട്ടികവർഗ സൗഹൃദപ്രാദേശിക ഭരണം – കർമപദ്ധതി

പട്ടികവർഗ വിഭാഗങ്ങളുടെ വികസനവും ക്ഷേമവും ഉറപ്പാക്കുന്നതിനായുള്ള ഉപപദ്ധതി രൂപീകരണമാണ് തുടർന്നു വരുന്ന അംഗീകൃത മാതൃക. ജനകീയാസൂത്രണം ഈ രംഗത്ത് ശ്രേഷ്ഠതരമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും പാശ്ചാത്തല, സാമൂഹ്യ, പാരിസ്ഥിതിക, സാമ്പത്തിക സാഹചര്യങ്ങളിലെ വിടവുകൾ മൂലം ഈ വിഭാഗങ്ങളുടെ നിലവാരം പൊതുനിലവാരത്തിനൊപ്പം ഉയർന്നു വന്നിട്ടില്ല. വസ്തുനിഷ്ഠമായ അവസ്ഥാവിശകലനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികവർഗ വിഭാഗത്തിൽ ഉൾപ്പെടുന്ന ഓരോ കുടുംബത്തിന്റെയും സാമൂഹ്യസാമ്പത്തികാവസ്ഥ പരിശോധിച്ച് മൂന്ന് വർഷകാലയളവിനുള്ളിൽ ആർജിക്കാൻ കഴിയുന്ന നേട്ടങ്ങൾ തിട്ടപ്പെടുത്തി ഒരു കർമപദ്ധതി രൂപപ്പെടുത്തുകയാണ് വേണ്ടത്.

### ലക്ഷ്യരൂപീകരണം

### 1. പട്ടികവർഗകുടുംബത്തിന്റെ അവസ്ഥാവിവരങ്ങൾ കാലികമായി പരിഷ്കരിക്കുക (കില തയ്യാറാക്കിയതിൽ), വികസനാവസ്ഥ അപഗ്രഥിക്കുക

അവസ്ഥാവിശകലന ഘടകങ്ങൾ – നിലവിലെ അവസ്ഥ

- കിടപ്പാടം, പാർപ്പിടം, കുടിവെള്ളം, ശുചിത്വം.
- പശ്ചാത്തലം – റോഡുകൾ, വൈദ്യുതീകരണം, വാട്ടർ കണക്ഷൻ, സോളാർ എനർജി.
- ആരോഗ്യ സുരക്ഷ – പകർച്ചവ്യാധികൾ, പകർച്ചേതര വ്യാധികൾ, ചികിത്സാ സൗകര്യം (ആയുഷ്, ട്രൈബൽ മെഡിസിൻ).
- മാതൃശിശു സേവന ലഭ്യത, ശിശുക്കളുടെ ആരോഗ്യം, ആശുപത്രി പ്രസവം, പ്രതിരോധ കുത്തിവെയ്പ്പ്, മൈക്രോന്യൂട്രിയന്റ്സ്, വിളർച്ചരോഗം.
- അഗതി പുനരധിവാസം, ഭിന്നശേഷിക്കാർ, സിക്കിൾസെൽ അനീമിയ, അഗതി ചികിത്സസഹായലഭ്യത, മരുന്നു ലഭ്യത.

- ഭക്ഷ്യസുരക്ഷ - റേഷൻ ലഭ്യത, ഫുഡ് സപ്പോർട്ട്/കമ്യൂണിറ്റി കിച്ചൻ, പോഷണനിലവാരരേഖ.
- സ്കൂൾപ്രായകുട്ടികൾ(5-18) സ്കൂൾ പ്രവേശനം തേടിയവർ, ക്ലാസ്, പ്രിമെട്രിക്ക്, മോഡൽസ്കൂൾ അഡ്മിഷൻ, സ്കൂൾ യാത്രാസൗകര്യം, യൂണിഫോം.
- പഠനോപകരണം, പഠനവീടുകൾ, പഠനമുറികൾ, ട്യൂഷൻ സേവനം, എൻട്രൻസ് പരിശീലനം.
- ഉയർന്ന പഠനനിലവാരം പുലർത്തുന്ന കുട്ടികൾ, ഉന്നത പഠന സാധ്യത, വിദേശ പഠനസാധ്യത.
- തൊഴിൽ പരിശീലനം, വെക്കേഷൻസ്.
- കലാകായികക്ഷമത, പോലീസ്, പട്ടാള തിരഞ്ഞെടുപ്പ് പരിശീലനം, പി എസ് സി പരിശീലനം, സ്പോർട്ട്സ് പരിശീലനം, പ്രത്യേക ബാലസഭ, എക്സലൻസ് പ്രോഗ്രാം, യുവശാക്തീകരണം, കായിക പരിശീലനം.
- തൊഴിൽ നിലവാരം, എംഎൻആർജിഎസ്.
- സ്വയംതൊഴിൽ നിലവാരം, വില്ലേജ് ഇൻഡസ്ട്രി ട്രൈബൽ സൊസൈറ്റി, അയൽക്കൂട്ടം.

പൊതുവിലും ഗാർഹികതലത്തിലും ഉള്ള പട്ടികവർഗ വിഭാഗങ്ങളുടെ അവസ്ഥാപഠനം ഓരോ വർഷവും പുതുക്കേണ്ടതാണ്. ഇത് പുതുക്കുന്ന തോടൊപ്പം ഓരോ കാലത്തും ലഭ്യമാക്കിയ സേവനങ്ങളും സൗകര്യങ്ങളും ഇനിയും ലഭ്യമാക്കേണ്ടതായ സേവനങ്ങളും കൃത്യമായി രേഖപ്പെടുത്തി പദ്ധതികൾക്ക് പ്രായോഗിക രൂപം നൽകണം.

**2. ആവശ്യങ്ങൾ തിട്ടപ്പെടുത്തൽ**

മുകളിൽ പറഞ്ഞ ഓരോ ഘടകങ്ങളിലും എന്തു ചെയ്യണം എന്ന് ഗണ പരമായി രേഖപ്പെടുത്തുക. അവസ്ഥാവിശകലനത്തിനും ആവശ്യങ്ങൾ തിട്ടപ്പെ ടുത്തുന്നതിനും എടുത്ത ഘടകങ്ങളെ അഞ്ചു മേഖലകളായി തരംതിരിക്കാം.

1. സേവനം
2. ഉൽപാദനം
3. പശ്ചാത്തല വികസനം
4. മാനവവിഭവശേഷി
5. ഉന്നതി (പ്രോഗ്രസ്)

**3. കർമപദ്ധതി**

- സേവനം, ഉൽപാദനം, പശ്ചാത്തലം, മാനവവിഭവശേഷി, ഉന്നതി എന്നീ മേഖലകൾക്ക് കീഴിലായി മേൽപ്പറഞ്ഞ പ്രശ്നങ്ങളെ/ആവശ്യങ്ങളെ പട്ടികപ്പെടുത്തുക.

- ആവശ്യങ്ങൾ നേടുന്നതിന് തദ്ദേശസ്ഥാപനത്തിനും സംയോജിതമായും ചെയ്യാൻ കഴിയുന്ന തന്ത്രങ്ങൾ തിട്ടപ്പെടുത്തുക.

**4. ലക്ഷ്യരൂപീകരണം**

- അഞ്ച് മേഖലകളിലായി മുൻഗണന നൽകി ചെയ്യേണ്ട 25 ലക്ഷ്യങ്ങൾ തീരുമാനിക്കുക.

5. ഉടൻ നടപ്പാക്കേണ്ടത്, അനിവാര്യമായത്, സാധ്യമായത് ഏതെല്ലാം എന്ന് നിർണയിച്ച് മുൻഗണനാക്രമം തയ്യാറാക്കുക.

6 മുൻഗണനാപട്ടിക – ആദ്യവർഷം ഏറ്റെടുക്കേണ്ടത് ഏതെന്ന് തീരുമാനിച്ചശേഷം അടുത്ത മൂന്നുവർഷം മുൻഗണന നൽകി ഏറ്റെടുക്കേണ്ടത് പട്ടികപ്പെടുത്തുക (വികസനപദ്ധതി/റോളിങ്ങ് പ്ലാൻ മാതൃക).

7 ബഡ്ജറ്റ്

8. പരിണിതഫലം തിട്ടപ്പെടുത്തുന്നതിനുള്ള സംവിധാനം.

9. അവലോകനം/മോണിട്ടറിങ്ങ്.

- പദ്ധതി ഊരുകൂട്ടത്തിൽ ചർച്ചചെയ്ത് അഭിപ്രായം സ്വരൂപിക്കുക (മുൻഗണന).
- നിർവഹണത്തിന്റെ പ്രായോഗികതകൾ, മോണിട്ടറിങ്ങ്, സംയോജന സാധ്യതകൾ എന്നിവ വർക്കിങ്ങ് ഗ്രൂപ്പ് തിട്ടപ്പെടുത്തുക (പങ്കാളിത്തം, സാങ്കേതിക രൂപരേഖ).
- സ്റ്റാൻഡിങ്ങ് കമ്മിറ്റി/ഭരണസമിതി തീരുമാനവും ബഡ്ജറ്റിങ്ങ് നടപടികളും.

അധ്യായം - 8

# അഗതിരഹിത കേരളം

## ഉള്ളടക്കം


| | | |
|---|---|---|
| 8.1 | ആശ്രയ -അഗതിരഹിത കേരളം പദ്ധതി | 175 |
| 8.2 | ആശ്രയ ഗുണഭോക്തൃ നിർണയവും പദ്ധതി നടപ്പാക്കലും | 177 |
| 8.3 | അഗതി കുടുംബങ്ങൾക്കുള്ള സേവന പാക്കേജ് | 183 |
| 8.4 | ദാരിദ്ര്യ നിർമാർജന ഉപപദ്ധതി | 189 |

## 8.1 ആശ്രയ - അഗതിരഹിത കേരളം പദ്ധതി

അടിസ്ഥാനപരമായ ആവശ്യങ്ങൾ ഒരു വിധത്തിലും ആർജിക്കാൻ ശേഷിയും സാഹചര്യവുമില്ലാത്ത നിരാലംബരും നിരാശ്രയരും അശരണരും പാർശ്വ വൽക്കരിക്കപ്പെട്ടവരുമായ ഒരു വിഭാഗം ജനങ്ങളാണ് അഗതികൾ എന്ന് വിശേഷിപ്പിക്കപ്പെടുന്നത്. ഇവർക്ക് സമൂഹ്യാധിഷ്ഠിത സംവിധാനങ്ങളിലൂടെ സേവനങ്ങൾ ലഭ്യമാക്കുകയും അതുവഴി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനായി അവരെ പ്രാപ്തരാക്കി തദ്ദേശഭരണസ്ഥാപനങ്ങളിലെ കുടുംബശ്രീ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ആശ്രയ'. 2003 ൽ ആരംഭിച്ച പദ്ധതി 2007 ൽ പുന:പരിശോധന നടത്തു കയും 2009 ൽ തുടർ സേവന പദ്ധതി രൂപീകരിക്കുകയും ചെയ്തു. തുടർന്നും ആവശ്യകത മനസ്സിലാക്കി അർഹരായ ഗുണഭോക്താക്കളെ ഉൾപ്പെടുത്തി ക്കൊണ്ടാണ് 2013-ൽ രണ്ടാംഘട്ട ആശ്രയ പദ്ധതിക്ക് അംഗീകാരം നൽകി യത്. പെട്ടെന്ന് ഉണ്ടായേക്കാവുന്ന സാഹചര്യങ്ങളിൽ പരാശ്രയത്തിലേക്ക് എത്തിപ്പെടുന്നവരെ പദ്ധതിയിലേക്ക് ഏത് സമയവും ഉൾച്ചേർക്കുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം എന്ന സമഗ്രതയിലേക്ക് നീങ്ങുന്നത്. അതിനായി 2017-ൽ കേരള സർക്കാർ പുതിയ മാർഗരേഖ തന്നെ പുറത്തിറക്കി. (സ.ഉ. (എംഎസ്)നം.225/17 തസ്വഭവ തിയതി 12.2.2017). പുതിയ കണക്കനുസരിച്ച് നിലവിൽ 153498 ഗുണഭോക്തൃ കുടുംബ ങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനതലത്തിൽ പുതുതായി കണ്ടെത്തുന്ന കുടുംബങ്ങളുടെ വിവരശേഖരണം നടത്തി ഈ വിഭാഗത്തിൽപ്പെടുന്ന അർഹരായ മുഴുവൻ കുടുംബത്തെയും ഉൾക്കൊള്ളു ന്നതാണ് ഈ പദ്ധതി.

### എന്താണ് ദാരിദ്ര്യം

ദാരിദ്ര്യം എന്നത് സാമൂഹ്യ, സാമ്പത്തിക, ശാരീരിക, രാഷ്ട്രീയ ഘടക ങ്ങൾ ഉൾപ്പെട്ട ഒരു ബഹുമുഖ സങ്കൽപ്പമാണ്. 'ദാരിദ്ര്യം എന്നത് വെറും പണത്തിന്റെ മാത്രം അഭാവമല്ല. മറിച്ച് ഒരു മനുഷ്യജീവി എന്ന നിലയിൽ ഒരാളുടെ മുഴുവൻ കഴിവുകളും പ്രയോജനപ്പെടുത്താനുള്ള ശേഷി ഇല്ലാതി രിക്കുന്ന അവസ്ഥയാണെന്ന്' പ്രൊഫസർ അമർത്യാസെൻ നിരീക്ഷിക്കുന്നു. സമൂഹത്തിലെ ഏതെങ്കിലും ഒരു വിഭാഗത്തിന് ജീവിതത്തിന്റെ അടിസ്ഥാ നാവശ്യങ്ങളായ ഭക്ഷണം, പാർപ്പിടം, വസ്ത്രം, വിദ്യാഭ്യാസം, രോഗചികിത്സ തുടങ്ങിയവ നേടാൻ കഴിയാത്ത അവസ്ഥയെന്ന് ലളിതമായി പറയാം.

ലോകബാങ്കിന്റെ കണക്കനുസരിച്ച് അഞ്ച് ഇന്ത്യക്കാരിൽ ഒരാൾ ദരിദ്ര നാണ്. അവരിൽ 80% വസിക്കുന്നത് ഗ്രാമങ്ങളിലാണ്. ദാരിദ്ര്യത്തിന്റെ തോത് ഏറ്റവും കൂടുതൽ ഉള്ളത് പട്ടികവർഗവിഭാഗത്തിലാണ്. തുടർന്ന് പട്ടികജാതി വിഭാഗത്തിലുമാണ്. ഇന്ത്യൻ ജനസംഖ്യയുടെ ഏകദേശം 30% പേർ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരാണെന്നാണ് കണക്കുകൾ സുചിപ്പിക്കുന്നത്. വിദ്യാ ഭ്യാസത്തിനും ആരോഗ്യപരിപാലനത്തിനും കൂടുതൽ ശ്രദ്ധ നൽകിയതിന്റെ ഫലമായി കേരളത്തിൽ ദാരിദ്ര്യത്തിന്റെ നിരക്കിൽ ഗണ്യമായ കുറവുണ്ടാ യിട്ടുണ്ട്. 1973 -74 ൽ 59.79% മായിരുന്നു കേരളത്തിലെ ദാരിദ്ര്യനിരക്ക്. 2011-12

ആയതോടെ 11.30% ആയി കുറഞ്ഞു. ഗ്രാമനഗരങ്ങളിലെ ദാരിദ്ര്യത്തിന്റെ അനന്തര ഫലങ്ങൾ കുറയ്ക്കുന്നതിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ആദ്യകാലം തൊട്ടേ സംസ്ഥാനത്ത് നടപ്പാക്കി വന്ന ദരിദ്രപക്ഷത്തുനിന്നുകൊണ്ടുള്ള വ്യത്യസ്ത ഭരണപരിഷ്കാരങ്ങളാണ് കേരളത്തെ ഒരു വ്യത്യസ്ത ഭൂമിയാക്കി മാറ്റിയത്. ഭൂപരിഷ്കരണം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലയിലെ ഇടപെടലുകൾ, മിനിമം കൂലി ഉറപ്പാക്കിയത്, മെച്ചപ്പെട്ട പൊതുവിതരണ സമ്പ്രദായം, പൊതുഗതാഗത സംവിധാനം, ഭരണവികേന്ദ്രീകരണ പ്രക്രിയകളും ജനകീയാസൂത്രണവും വിവിധ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ, കുടുംബശ്രീ സംവിധാനം തുടങ്ങിയവ സംസ്ഥാനത്തെ ദാരിദ്ര്യലഘൂകരണ പ്രക്രിയയിൽ നിർണായക പങ്ക് വഹിച്ചവയാണ്.

73, 74 ഭരണഘടനാ ഭേദഗതിയും അതിന്റെതുടർച്ചയായി കേരളത്തിൽ നിലവിൽ വന്ന കേരളപഞ്ചായത്തീരാജ് നഗരപാലികാ നിയമവും, 1994-ൽ തുടർന്നു നടന്ന വികേന്ദ്രീകൃതാസൂത്രണവും എല്ലാം സമഗ്രമായ ഒരു ദാരിദ്ര്യ നിർമാർജനത്തിനായി രൂപീകരിച്ചിട്ടുള്ള നൂതന ദാരിദ്ര്യനിർമാർജന-സ്ത്രീ ശാക്തീകരണ പരിപാടിയായിരുന്നു കുടുംബശ്രീ. 1997-98 ലെ സംസ്ഥാന ബഡ്ജറ്റിലാണ് സംസ്ഥാന ദാരിദ്ര്യനിർമാർജന മിഷൻ - കുടുംബശ്രീയുടെ രൂപീകരണം സർക്കാർ പ്രഖ്യാപിച്ചത്. സംസ്ഥാനസർക്കാരിന്റെയും തദ്ദേശ ഭരണസ്ഥാപനങ്ങളുടെയും വിവിധങ്ങളായ ദാരിദ്ര്യ നിർമാർജന പരിപാടികൾ ഏകോപ്പിക്കുന്നതിനുള്ള സംവിധാനമാണ് കുടുംബശ്രീ. ദാരിദ്ര്യത്തിന് കാരണമായ പരിമിതികളെ മറികടക്കുന്നതിന് സ്വയം പ്രാപ്തമാക്കുക എന്നതാണ് കുടുംബശ്രീയുടെ തന്ത്രം.

### ദരിദ്രരും ദാരിദ്ര്യരേഖയും

1977 -78 ലാണ് ഇന്ത്യയിൽ ദരിദ്രരുടെ എണ്ണം കണക്കാക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചത്. ഗ്രാമീണമേഖലയിൽ ഒരു വ്യക്തിക്ക് 2400 കാലറിയും നഗരമേഖലയിൽ 2100 കാലറിയും ഊർജം ലഭിക്കുന്ന ഭക്ഷണം പ്രതിദിനം വേണമെന്ന് കണക്കാക്കിയിരുന്നു. അന്ന് ഇതിനായി ഗ്രാമീണ മേഖലയിൽ 61.80 രൂപയും നഗരമേഖലയിൽ 71.30 രൂപയും പ്രതിമാസം ചെലവ് വരുമെന്ന് കണക്കാക്കിയിരുന്നു. ഇതാണ് ദാരിദ്ര്യരേഖയുടെ തോത് കണക്കാക്കാനുള്ള മാനദണ്ഡം. ഈ വരുമാനം ഇല്ലാത്ത 34 കോടി ജനങ്ങളാണ് അന്നിന്ത്യയിൽ ഉണ്ടായിരുന്നത്. ആറാം പഞ്ചവത്സരപദ്ധതിക്കാലം മുതൽ ദാരിദ്ര്യനിർമാർജനത്തിന് മുൻതൂക്കം നൽകാനുള്ള പ്രവർത്തനങ്ങൾ കേന്ദ്രസർക്കാർ തുടങ്ങിയിരുന്നു. ഇത്തരം പരിപാടികളിലൂടെ ദാരിദ്ര്യം കുറച്ചുകൊണ്ടുവരുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത്.

സാമൂഹിക സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ കുടുംബങ്ങളെ റാങ്ക് ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്രസർക്കാർ 2011-ൽ സാമൂഹ്യ-സാമ്പത്തിക-ജാതി സെൻസസ് നടത്തുകയുണ്ടായി. ദാരിദ്ര്യത്തിന് വളരെ വിശാലവും പരിവർത്താത്മകവുമായ നിർവചനം നൽകുന്നതിനാൽ സാമൂഹ്യ -സാമ്പത്തിക-ജാതി സെൻസസിന് വളരെയധികം പ്രാധാന്യമുണ്ടായിരുന്നു.

ഏഴ് മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കിയാണ് സാമൂഹ്യസാമ്പത്തികജാതി സെൻസസ് ഇല്ലായ്മയുടെ സൂചിക നിർണയിച്ചിരുന്നത്. കേരളത്തിലെ 76.99 ലക്ഷം കുടുംബങ്ങളിൽ 63.19 ലക്ഷം കുടുംബങ്ങൾ (80.08 %) ഗ്രാമീണ മേഖലയിൽ താമസിക്കുന്നവരാണ്. ഇതിൽ 10.32 % പട്ടികജാതികുടുംബ ങ്ങളും 1.63 % പട്ടികവർഗ കുടുംബങ്ങളുമാണ്. ഗ്രാമീണ കുടുംബങ്ങളിൽ 19.16 ലക്ഷവും (30.33) ഇല്ലായ്മയുടെ വിഭാഗത്തിലാണ്. സംസ്ഥാനത്തെ ആകെയുള്ള ഗ്രാമീണ പട്ടികജാതി കുടുംബങ്ങളിൽ 57.66%, പട്ടികവർഗ കുടുംബങ്ങളിൽ 61.68% വും ഇല്ലായ്മകളുടെ വിഭാഗത്തിൽ പെടുന്നു. സാമൂഹ്യ സാമ്പത്തികജാതി സെൻസസ് പ്രകാരം കേരളത്തിലെ 70.75 % ഗ്രാമീണ കുടുംബങ്ങളിലേയും പ്രധാന സംരക്ഷകർക്ക് പ്രതിമാസം 5000 രൂപക്ക് താഴെ മാത്രമാണ് വരുമാനമുള്ളത്. ഗ്രാമീണ കുടുംബങ്ങളുടെ പ്രധാനവരുമാന സ്രോതസ് നോക്കുകയാണെങ്കിൽ 50.61% ഗ്രാമീണ കുടുംബങ്ങളും കായി കമായ താൽക്കാലിക തൊഴിലിനെയും 10.26% കുടുംബങ്ങൾ കാർഷിക മേഖലകളെയും ആശ്രയിക്കുന്നതായി കാണാം.

## 8.2 ആശ്രയഗുണഭോക്തൃ നിർണയവും പദ്ധതി നടപ്പാക്കലും

### ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള അർഹതാ മാനദണ്ഡങ്ങൾ

ഒരു കുടുംബത്തെ അഗതി കുടുംബമായി പരിഗണിക്കുന്നത് ക്ലേശഘട കങ്ങളുടെയും ഒമ്പത് അധിക ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിൽ വിലയിരുത്തിയാണ്. ക്ലേശഘടകങ്ങളിൽ ഒമ്പതിൽ ഏഴും, അധിക ക്ലേശ ഘടകങ്ങളിൽ എട്ടിൽ ഒന്നെങ്കിലും ബാധകമാകുന്ന കുടുംബങ്ങളെയാണ് അഗതി കുടുംബമായി പരിഗണിക്കുന്നത്.

**ക്ലേശഘടകങ്ങൾ**

1. ഭൂരഹിതരോ ഗ്രാമത്തിൽ 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവർ (നഗരത്തിൽ 5 സെന്റിൽ താഴെ).
2. ഭവനരഹിതർ/വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർ.
3. 150 മീറ്റർ ചുറ്റളവിനുള്ളിൽ കുടിവെള്ള ലഭ്യത ഇല്ലാത്തവർ.
4. ശുചിത്വ ശൗചാലയം ഇല്ലാത്തവർ.
5. ജോലിയും മറ്റു വരുമാനവുമുള്ള ഒരാൾപോലും ഇല്ലാത്ത കുടുംബം/ മാസത്തിൽ 10 ദിവസത്തിനു താഴെ മാത്രം ജോലി ലഭിക്കുന്നവർ.
6. സ്ത്രീകൾ കുടുംബ നാഥയായിട്ടുള്ള കുടുംബം.
7. ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരോ, മാറാരോഗം പിടി പെട്ടിട്ടുള്ളവരോ ഉൾപ്പെടുന്ന കുടുംബം.
8. പട്ടികജാതി/പട്ടികവർഗ കുടുംബം/ മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ച കുടുംബം.
9. പ്രായപൂർത്തിയായ നിരക്ഷരർ ഉള്ള കുടുംബം.

**അധിക ക്ലേശഘടകങ്ങൾ**

1. വീട് നിർമിക്കുന്നതിന് സ്വന്തമായി ഭൂമി ഇല്ലാത്തവർ (പുറംപോക്കിൽ താമസിക്കുന്നവർ).
2. പൊതുസ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ.
3. അവിവാഹിതരായ അമ്മ/അമ്മയും കുഞ്ഞും മാത്രം/ ഭർത്താവ് ഉപേക്ഷിച്ചതും ദുരിതം അനുഭവിക്കുന്നവരുമായ വനിതകൾ.
4. അകാലത്തിൽ വിധവകളാകുകയും സാമ്പത്തിക പരാധീനത അനുഭവിക്കുകയും ചെയ്യുന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി നിൽക്കുന്ന വനിതകൾ.
5. തീരാവ്യാധികൾ/ചികിത്സിച്ച് ഭേദമാക്കാൻ കഴിയാത്ത അസുഖങ്ങൾ പിടിപെട്ടവരും ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരും.
6. കുടുംബം പോറ്റാൻ 60 വയസ്സിന് താഴെയുള്ളവരാരും ഇല്ലാത്ത കുടുംബം
7. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ.
8. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള സ്ത്രീകൾ.

**നഗരപ്രദേശങ്ങളുടെ പട്ടിക**

1. തെരുവുകുട്ടികൾ, ദുർഗുണപാഠശാല, അഗതിമന്ദിരം എന്നിവടങ്ങളിൽ കഴിയുന്ന കുട്ടികൾ ഉള്ള കുടുംബം.
2. കുടുംബം പോറ്റാൻ 14 വയസ്സിന് താഴെയുള്ള കുട്ടികൾ ഉള്ള കുടുംബം.
3. ലൈംഗിക തൊഴിലാളികൾ ഉള്ള കുടുംബം.
4. അബല മന്ദിരത്തിൽ താമസിക്കുന്ന വനിത അംഗമായ കുടുംബം.
5. ചേരിപ്രദേശങ്ങളിൽ താമസിക്കുന്ന കുടുംബം.
6. അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള സ്ത്രീകൾ.
7. പൊതുസ്ഥലങ്ങളിലും, തെരുവുകളിലും, കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ.
8. ഭിക്ഷാടനം നടത്തി നിത്യവൃത്തി കഴിക്കുന്നവർ.
9. കുടുംബം പോറ്റാൻ 60 വയസ്സിന് താഴെയുള്ളവരാരും ഇല്ലാത്ത കുടുംബം.

സർവേ നടത്തുന്നത് - പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാർ മൊബൈൽ ആപ്ലിക്കേഷൻ മുഖാന്തിരമായിരിക്കും സർവേ നടത്തുന്നത്.

**അഗതികുടുംബങ്ങളുടെ ആശ്രയ പാക്കേജ്**

സംസ്ഥാനത്തെ മുഴുവൻ അഗതി കുടുംബങ്ങളെയും സുരക്ഷിതമാക്കുക എന്ന ലക്ഷ്യത്തോടെ 2019-ൽ പുനരാവിഷ്കരിച്ച ആശ്രയ പദ്ധതിയാണ് അഗതിരഹിതകേരളം. സമഗ്ര പുനരധിവാസമാണ് ലക്ഷ്യം. ഗുണഭോക്തൃ കുടുംബങ്ങൾക്ക് സാമൂഹ്യസുരക്ഷാ സഹായങ്ങൾ ഉറപ്പാക്കുന്നതിനൊപ്പം (ആശ്രയ) വിവിധ നൈപുണി വികസന പരിപാടികളിലൂടെ (DDUGKY, NULM) പരിശീലനം ഉറപ്പാക്കി സ്വയംതൊഴിൽ പ്രാപ്തിയിലേക്ക് നയിച്ചു

കൊണ്ടുള്ള സ്വശാക്തീകരണമാണ് ലക്ഷ്യം. കുടുംബശ്രീ വിഭാവനം ചെയ്യുന്ന പദ്ധതി പ്രാദേശിക സർക്കാരുകൾ വഴിയാണ് ഉറപ്പാക്കപ്പെടുന്നത്.നാല് ഘട്ടങ്ങളിലായാണ് ആശ്രയ പാക്കേജ് രൂപപ്പെടുന്നത്.

**1. ഗുണഭോക്തൃ പട്ടിക തയ്യാറാക്കൽ**

- ഏറ്റവും പ്രാഥമിക ഘട്ടത്തിൽ നടക്കുന്ന പ്രവർത്തനമാണിത്. കുടുംബ ശ്രീ അയൽക്കൂട്ടങ്ങളുടെ പിൻതുണയോടെ വാർഡുതല സംവിധാനമായ എഡിഎസുകളുടെ നേതൃത്തിലാണ് ഗുണഭോക്താക്കളുടെ പ്രാഥമിക പട്ടിക തയ്യാറാകുന്നത്.
- സിഡിഎസ് ചെയർപേഴ്സന് കൈമാറുന്ന പട്ടിക അടിസ്ഥാനപ്പെടുത്തി മൊബൈൽ ആപ്ലിക്കേഷൻ വഴി നിശ്ചിത ഫോറത്തിൽ വിശദമായ വിവര ശേഖരണം നടത്തി അർഹതപ്പെട്ടവരുടെ കരട് പട്ടിക തദ്ദേശഭരണസ്ഥാപന തലത്തിൽ തയ്യാറാക്കി അധ്യക്ഷന് കൈമാറുന്നു.
- കരട് പട്ടിക തദ്ദേശഭരണസ്ഥാപനങ്ങളുടെ ബന്ധപ്പെട്ട ഓഫീസുകളുടെ നോട്ടീസ് ബോർഡുകളിൽ പ്രസിദ്ധീകരിക്കുന്നു. പരസ്യപ്പെടുത്തി പരാതി കളും ആക്ഷേപങ്ങളും അപ്പീലുകളും സ്വീകരിക്കണം. അവയുടെ പരി ശോധന നടത്തി സെക്രട്ടറി നിർദേശിക്കുന്ന ഉദ്യോഗസ്ഥർ(വിഇഒ/എച്ച് ഐ, സർവേ നടത്തിയ റിസോഴ്സ് പേഴ്സനടക്കം) ഫീൽഡ് സന്ദർശനം നടത്തി നിജസ്ഥിതി ബോധ്യപ്പെട്ട് ആവശ്യമെങ്കിൽ തിരുത്തലുകൾ നടത്തേ ണ്ടതാണ്.
- ഇപ്രകാരം പിഴവുകൾ തിരുത്തി തയ്യാറാക്കുന്ന പട്ടിക തദ്ദേശഭരണസ്ഥാപന തലത്തിൽ വിളിച്ചുചേർക്കുന്ന പ്രത്യേക ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം നേടണം.
- തദ്ദേശഭരണസ്ഥാപനത്തിന്റെ ഭരണസമിതി പ്രത്യേക യോഗം ചേർന്ന് അന്തിമ പട്ടികയ്ക്ക് അംഗീകാരം നൽകണം.
- ഓരോപദ്ധതി കാലയളവിലും തദ്ദേശഭരണസ്ഥാപനതലത്തിൽ സോഷ്യൽ ഓഡിറ്റ് നടത്തേണ്ടതും പ്രസ്തുത ഓഡിറ്റിൽ നിലവിലെ പദ്ധതി ഗുണ ഭോക്താക്കൾക്ക് മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ള സേവനങ്ങളുടെ വിലയി രുത്തൽ നടത്തേണ്ടതുമാണ്.

**2. പദ്ധതി തയ്യാറാക്കൽ നടപടിക്രമങ്ങൾ**

അന്തിമ ഗുണഭോക്താക്കളുടെ പട്ടികയെ അടിസ്ഥാനമാക്കി സിഡിഎസ് തദ്ദേശഭരണസ്ഥാപനത്തിന്റെ അഗതിരഹിത കേരളം പദ്ധതി തയ്യാറാക്കണം. ഓരോ കുടുംബത്തിന്റെയും അതിജീവന അടിസ്ഥാനസൗകര്യ വികസനം മാനവിക ആവശ്യങ്ങൾ എന്നിവ പരിഗണിച്ചായിരിക്കണം ഇത് തയ്യാറാക്കേ ണ്ടത്. തയ്യാറാക്കിയ പദ്ധതി ഓൺലൈനായി പ്രത്യേകം തദ്ദേശസ്ഥാപന ത്തിന്റെ അംഗീകാരത്തിന് കൈമാറി ഔപചാരിക അംഗീകാരം നേടേണ്ട താണ്. പദ്ധതിയുടെ പകർപ്പ് ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾക്ക് കൈമാറണം.

**3. പദ്ധതി അംഗീകാര നടപടിക്രമങ്ങൾ**

- തദ്ദേശഭരണസ്ഥാപനതലത്തിൽ നടപടിക്രമങ്ങൾ യഥാവിധി പൂർത്തിയാക്കിയ അഗതിരഹിത പദ്ധതിരേഖ ഓൺലൈനായി (2 ഹാർഡ് കോപ്പികൾ) കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർക്ക് സമർപ്പിക്കേണ്ടതാണ്.
- ഏതെങ്കിലും തരത്തിലുള്ള പിഴവുകൾ ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശഭരണ സ്ഥാപനതലത്തിലേക്ക് മടക്കിയയച്ച് പിഴവുകൾ തിരുത്തി വാങ്ങേണ്ടതാണ്. പദ്ധതിരേഖയിൽ ജില്ലാതല പരിശോധനാ ഘട്ടത്തിൽ യാതൊരുവിധ തിരുത്തലുകളോ കൂട്ടിച്ചേർക്കലുകളോ പാടുള്ളതല്ല.
- സാങ്കേതിക പരിശോധന പൂർത്തിയാക്കിയ പദ്ധതിരേഖ ജില്ലാമിഷൻ കോർഡിനേറ്ററുടെ ശുപാർശയടക്കം ഓൺലൈനായി സംസ്ഥാനമിഷനിലേക്ക് സമർപ്പിക്കേണ്ടതും സർക്കാർ അംഗീകാരം നേടി അതത് ഡിഎംസിയിലേക്ക് തിരികെ അയയ്ക്കേണ്ടതുമാണ്.
- സർക്കാർ അംഗീകാരത്തോടെ തിരികെ ലഭിച്ച പദ്ധതി സീൽ ചെയ്ത് സർക്കാർ അംഗീകാര ഉത്തരവിന്റെ കോപ്പി അടക്കം തദ്ദേശഭരണസ്ഥാപനത്തിനും സിഡിഎസിനും കൈമാറുന്നു.

**4. പദ്ധതി നടപ്പിലാക്കൽ**

- പദ്ധതി അംഗീകരിച്ചതായി ഔദ്യോഗിക അറിയിപ്പ് ലഭിച്ചാൽ തദ്ദേശഭരണസ്ഥാപന അധ്യക്ഷനുമായി കൂടിയാലോചിച്ച് വിശദമായ ഒരു നിർവഹണ പ്ലാൻ വിലയിരുത്തൽ സമിതി തയ്യാറാക്കണം.
- അംഗീകാരം ലഭിച്ച പദ്ധതിയിലുൾപ്പെട്ട ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച് നിർവഹണ ഉദ്യോഗസ്ഥർ നിർവഹണത്തിനുമുമ്പ് ഒരു പരിശോധനകൂടി നടത്തി അനർഹർ ലിസ്റ്റിൽ കടന്നുകൂടിയിട്ടില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.
- അഗതിരഹിത കേരളം ചലഞ്ച് ഫണ്ട് ലഭിച്ചാലുടൻ തദ്ദേശഭരണസ്ഥാപനതല സെക്രട്ടറി, സിഡിഎസ് ചെയർ പേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവരുടെ സംയുക്ത ബാങ്ക് അക്കൗണ്ടിലേക്ക് തുക മാറ്റി നൽകേണ്ടതാണ്.
- അംഗീകാരം ലഭിച്ച പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നിശ്ചിത കാലയളവിനുള്ളിൽ മുഴുവൻ സേവനങ്ങളും ലഭ്യമാകുന്നുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കണം.
- നിർവഹണം സംബന്ധിച്ച് കുടുംബശ്രീ അയൽക്കൂട്ടത്തിനാണ് പ്രധാന ഉത്തരവാദിത്വങ്ങൾ നിർവഹിക്കേണ്ടത്.
- പദ്ധതിയുമായി ബന്ധപ്പെട്ട ഏതാണ്ടെല്ലാ സേവനങ്ങളും ലഭ്യമാക്കേണ്ടത് അയൽക്കൂട്ടം മുഖാന്തിരമാണ്.
- പദ്ധതി ഗുണഭോക്താക്കളായി തിരഞ്ഞെടുത്ത കുടുംബത്തെ ഏറ്റവും അടുത്തുള്ള കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെടുത്തണം. വീട്ടമ്മയ്ക്ക് അംഗത്വമില്ലെങ്കിൽ പുതുതായി അംഗത്വം നൽകാവുന്നതാണ്. കുടുംബശ്രീ ആഴ്ചയോഗങ്ങളിൽ അഗതി കുടുംബാംഗത്തിന്റെ സാന്നിധ്യം ഉറപ്പാക്കണം.

- കുടുംബശ്രീ ഭാരവാഹികൾ അഗതി കുടുംബം സന്ദർശിക്കുകയും പദ്ധതി പ്രകാരമുള്ള സേവനങ്ങൾ യഥാസമയം ലഭിക്കുന്നുവെന്ന് ഉറപ്പാക്കുകയും പുരോഗതി വിലയിരുത്തി എഡിഎസ്/സിഡിഎസ് യോഗങ്ങളിൽ അവതരിപ്പിക്കുകയും വേണം
- ഓരോ അഗതി കുടുംബത്തിനും ലഭിക്കേണ്ട സേവനങ്ങൾ സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കുകയും പുരോഗതി കൃത്യമായി രേഖപ്പെടുത്തുകയും വേണം
- എല്ലാ മാസവും അർഹരായ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യവും പോഷകാഹാര കിറ്റും, ആവശ്യമുള്ളവർക്ക് പാകപ്പെടുത്തിയ ഭക്ഷണവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും വേണം. അവ എത്തിച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
- അഗതിരഹിതകേരളം പദ്ധതി തയ്യാറാക്കിയിട്ടുള്ള തദ്ദേശഭരണസ്ഥാപനങ്ങളിൽ പദ്ധതി നിർവഹണം സുഗമമായും കാര്യക്ഷമമായും സമയബന്ധിതമായും നടക്കുന്നതിനാവശ്യമായത്ര തുക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ജില്ലാ ആസൂത്രണസമിതി ഉറപ്പാക്കണം.
- പദ്ധതിയുടെ നിർവഹണ കാലാവധി സർക്കാർ അംഗീകാരം ലഭിക്കുന്നതു മുതൽ തുടർച്ചയായ മൂന്നു വർഷമാണ്.

### പുതുതായി അംഗങ്ങളെ ചേർക്കൽ

- ഏതെങ്കിലും വ്യക്തിയെയോ/കുടുംബത്തെയോ അഗതിരഹിതകേരളം പദ്ധതിയിൽ ഉൾപ്പടുത്തുന്നതിന് അംഗത്വത്തിന്റെ പരിധിക്കുള്ളിലേക്ക് ആകസ്മികമായി വന്നാൽ തദ്ദേശഭരണസ്ഥാപനസമിതിക്ക് അംഗീകാരത്തോടെ ഉൾപ്പെടുത്താവുന്നതാണ്.
- തദ്ദേശഭരണസ്ഥാപനഭരണസമിതി തീരുമാനത്തിന്റെ കോപ്പി വില്ലേജ് ഓഫീസർ/മെഡിക്കൽ ഓഫീസർ എന്നിവരുടെ സാക്ഷിപത്രം, കുടുംബത്തിന്റെ വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന രേഖകൾ അടക്കം ജില്ലാമിഷൻ കോർഡിനേറ്റർക്ക് അപേക്ഷ നൽകണം. ആയത് ഡിഎംസി യുടെ ശുപാർശയടക്കം സംസ്ഥാനമിഷനിലേക്കയക്കുകയും മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ അനുമതിയോടെ നിലവിലുള്ള പദ്ധതിയുടെ ഭാഗമാക്കുകയും ചെയ്യാവുന്നതാണ്.

### ധനകാര്യസ്രോതസ്സുകൾ

അഗതിരഹിതകേരളം പദ്ധതിക്കായി ത്രിതല പഞ്ചായത്തുകളിൽ നിന്നും താഴെ പറയും വിധം ഫണ്ട് വകയിരുത്താവുന്നതാണ്.

1. പദ്ധതിക്കുവേണ്ടിവരുന്ന ആകെ അടങ്കൽ തുകയുടെ 10% തുക ജില്ലാ പഞ്ചായത്തും, 15% തുക ബ്ലോക്ക് പഞ്ചായത്തും 35% തുക ഗ്രാമപ്പഞ്ചായത്തും വകയിരുത്തേണ്ടതാണ്. മുനിസിപ്പൽ/കോർപ്പറേഷനുകളിൽ ചലഞ്ച്ഫണ്ട് കഴിഞ്ഞുള്ള മുഴുവൻ തുകയും, പദ്ധതിവിഹിതത്തിൽ നിന്നും ഫണ്ട് കണ്ടെത്താവുന്നതാണ്.

- പദ്ധതിത്തുകയുടെ 40% അല്ലെങ്കിൽ 40 ലക്ഷം രൂപ ഏതാണോ കുറവ് അതാണ് ചാലഞ്ച് ഫണ്ടായി അനുവദിക്കുക
- എസ്ടി പ്രോജക്ടാണെങ്കിൽ 40% അല്ലെങ്കിൽ 50 ലക്ഷം രൂപ ഇതിൽ ഏതാണോ കുറവ് അതായിരിക്കും അനുവദിക്കുക
- ആശ്രയ പദ്ധതിപ്രകാരം മുമ്പ് അനുവദിച്ചിട്ടുള്ള തുകകൾ കുറവ് ചെയ്ത് ബാക്കി തുകയായിരിക്കും അഗതിരഹിത കേരളം പദ്ധതിക്കായി അനുവദിക്കുക

2. പൊതുവിഭാഗം വികസനഫണ്ട്
3. നോൺറോഡ് മെയിന്റനൻസ് ഫണ്ട്
4. എച്ച്എംസി ഫണ്ട് (മരുന്ന്, ചികിത്സാ ഉപകരണങ്ങൾ)
5. തനത് ഫണ്ട്
6. സിഡിഎസ് തനത്ഫണ്ട്
7. സംഭാവന/സ്പോൺസർഷിപ്പ്
8. എംപി, എംഎൽഎ ഫണ്ട്
9. ബ്ലോക്ക്, ജില്ലാപഞ്ചായത്ത് ഫണ്ടുകൾ
10. ഡിപ്പാർട്ട്മെന്റ് ഫണ്ടുകൾ
11. സിഎൻഡിആർഎഫ് (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി)/പിഎംഡിആർഎഫ് (പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധി)

**ധനവിനിയോഗ നിർദേശങ്ങൾ**

ഓരോ തരത്തിലുള്ള ഫണ്ട് വിനിയോഗത്തിനും നിർദേശിച്ചിട്ടുള്ള നിശ്ചിത മാനദണ്ഡങ്ങളുണ്ട്. ചാലഞ്ച് ഫണ്ടാണ് പ്രധാന സ്രോതസ്സ്. അതിജീവനങ്ങൾക്കായിട്ടാണ് ഇത് പ്രധാനമായും ഉപയോഗിക്കുന്നത്.

ഭക്ഷണം - കുടുംബങ്ങൾക്കുള്ള ഭക്ഷ്യധാന്യം, പോഷകാഹാരകിറ്റ്, പാചകം ചെയ്ത ഭക്ഷണം ഇവ വീട്ടിലെത്തിക്കുന്നതിനുള്ള ചെലവ് സഹിതം എടുക്കാം.

ആരോഗ്യം - ഹെൽത്ത് കാർഡ് തയ്യാറാക്കൽ, മെഡിക്കൽ ക്യാമ്പ് സർക്കാർ സംവിധാനത്തിൽ ലഭ്യമല്ലാത്ത മരുന്നുകൾ, ആരോഗ്യ ഇൻഷുറൻസ് പ്രീമിയം, ചികിത്സാ ഉപകരണങ്ങൾ, കിടപ്പുരോഗികളാണെങ്കിൽ കൂടെ നിന്ന് പരിചരിക്കുന്നവരുടെ വേതനം, ആശുപത്രിയിലേക്കുള്ള യാത്രാച്ചെലവ് (ആബുലൻസ് വാടകയടക്കം)

വസ്ത്രം - എസ്ടി വിഭാഗത്തിന് സ്പോൺസർഷിപ്പ് ലഭിക്കാതെ വരുമ്പോൾ

പെൻഷൻ - അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ രേഖകൾ തയ്യാറാക്കുന്നതിനുള്ള ചെലവ്

വിദ്യാഭ്യാസം - സ്കോളർഷിപ്പ്, പഠനോപകരണങ്ങൾ, യൂണിഫോം, സർക്കാർ നിരക്കിലുള്ള ഫീസ്, സ്പെഷൽ ക്ലാസിന്റെ സംഘാടനച്ചെലവ്, കലാകായികപരിശീലന ചെലവ്, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് ആവശ്യമായ തുക (സർക്കാരിൽനിന്നോ, ബന്ധപ്പെട്ട വകുപ്പുക

ളിൽ നിന്നോ, ഏജൻസികളിൽ നിന്നോ ലഭ്യമാകാതെ വരുമ്പോൾ സർക്കാർ നിരക്കിലായിരിക്കും ലഭിക്കുക)

അഗതിരഹിതകേരളം പദ്ധതി തയ്യാറാക്കുന്നതിനുള്ള ചെലവുകൾ - ചലഞ്ച് ഫണ്ട് ലഭ്യമാണെങ്കിൽ അതിൽനിന്നും ചെലവഴിക്കാൻ നിർദേശിച്ചിട്ടുള്ള കാര്യങ്ങൾക്ക് ചലഞ്ച് ഫണ്ടിൽ നിന്നുതന്നെ ചെലവഴിക്കണം. ചലഞ്ച് ഫണ്ടോ, പലിശയോ ലഭ്യമല്ലാത്ത സാഹചര്യത്തിൽ അഗതിരഹിതകേരളം ഏതൊരു പദ്ധതിക്കും വികസന ഫണ്ട് ഉപയോഗിക്കാവുന്നതാണ്. എച്ച്എംസി ഫണ്ട് പദ്ധതിയിലെ മരുന്നുകൾ, ചികിത്സാഉപകരണങ്ങൾ അടിയന്തിരഘട്ടങ്ങളിൽ വാങ്ങുകയും ചലഞ്ച് ഫണ്ടിൽനിന്ന് ഇംപേഴ്സ് ചെയ്യാവുന്നതുമാണ്.

### 8.3 അഗതികുടുംബങ്ങൾക്കുള്ള സേവന പാക്കേജ്

അഗതികുടുംബങ്ങൾക്ക് നൽകാവുന്ന സേവനങ്ങളുടെ പാക്കേജിൽ ഉൾപ്പെടുത്താവുന്ന ആവശ്യങ്ങളെ അഞ്ചായി തിരിച്ചിരിക്കുന്നു

അഗതി പുനരധിവാസം മറ്റു ക്ഷേമ സുരക്ഷ പദ്ധതികൾപോലെ അവശത പരിഹരിക്കുന്നതിന് ഒരാനുകൂല്യം അഥവ ഒരു സേവനം മാത്രം മതിയാകുകയില്ല. സമഗ്രപുനരധിവാസം ലക്ഷ്യമായതിനാൽ കുടുംബം അനുഭവിക്കുന്ന ക്ലേശങ്ങൾ ഒരേസമയം പരിഹരിക്കേണ്ടതുണ്ട്. അതുകൊണ്ടുതന്നെ ഈ സേവനങ്ങളെ പരിചരണ സേവനങ്ങളുടെ പാക്കേജായിട്ടാണ് ഉറപ്പാക്കുന്നത്. ഈ പാക്കേജിൽ ഉൾപ്പെടുന്ന സേവനങ്ങൾ അഞ്ചായി തരം തിരിച്ച് ചുവടെ ചേർക്കുന്നു.

#### 1. അതിജീവനാവശ്യങ്ങൾ

ഈ വിഭാഗത്തിൽ ഏർപ്പെടുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട സേവനം ഭക്ഷണം ഉറപ്പാക്കുക എന്നതാണ്. അന്ത്യോദയ റേഷൻ കാർഡില്ലാത്തവർക്ക് കാർഡ് ലഭ്യമാക്കുക, റേഷൻ കാർഡ് ലഭിക്കുന്നതുവരെ ഭക്ഷ്യധാന്യങ്ങൾ ഉറപ്പാക്കുക, പോഷണക്കുറവ് കണ്ടെത്തിയ കുടുംബങ്ങളിൽ പോഷകാഹാര കിറ്റുകൾ ലഭ്യമാക്കുക. പ്രത്യേക കാരണങ്ങളാൽ (ആരോഗ്യപരമോ, ഭൗതിക പരമോ) ആഹാരം പാകപ്പെടുത്താൻ ബുദ്ധിമുട്ടുള്ള കുടുംബങ്ങൾക്ക് പാകം ചെയ്ത ഭക്ഷണം എത്തിച്ചുകൊടുക്കുക.

ആരോഗ്യം - അഗതികുടുംബങ്ങൾക്ക് യഥാസമയം ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നേതൃത്വം നൽകുന്നതിന് ഒരു മെഡിക്കൽ ഓഫീസറെ നോഡൽ ഓഫീസറായി തദ്ദേശഭരണസ്ഥാപനതലത്തിൽ നിയമിക്കേണ്ടതാണ്. അർഹരായ കുടുംബങ്ങളുടെ /വ്യക്തികളുടെ ശാരീരിക മാസിക ആരോഗ്യം സംബന്ധിച്ച് വിശദാംശങ്ങൾ അടങ്ങിയ ഫയലുകൾ തയ്യാറാക്കുകയും ഹെൽത്ത് കാർഡ് ഫോട്ടോപതിച്ച് ഹെൽത്ത് ബുക്ക് തയ്യാറാക്കി നൽകണം. രോഗവിവരങ്ങളുടെ അടിസ്ഥാനത്തിൽ ദീർഘസ്ഥായീ രോഗങ്ങളുള്ളവർക്കുള്ള ചികിത്സയും, മരുന്നുകളും സർക്കാർ സംവിധാനങ്ങളിൽ നിന്ന് ലഭ്യമാക്കുകയും അതില്ലാത്ത സാഹചര്യങ്ങളിൽ പ്രാദേശികമായി ലഭ്യമാക്കുകയും വേണം. പദ്ധതി ഗുണഭോക്താക്കളെ പ്രീമിയം ഇല്ലാതെ തന്നെ ആർഎസ്ബിവൈ ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.

വർഷത്തിൽ രണ്ട് തവണവരെ ആവശ്യമെങ്കിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കാവുന്നതാണ്. വിദഗ്ധസമിതിയുടെ ഉപദേശപ്രകാരം ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളിലും പ്രവേശിപ്പിച്ച് വിദഗ്ധചികിത്സ അർഹരായവരും രോഗികളുമായ അഗതികൾക്ക് ലഭ്യമാക്കാവുന്നതാണ്.

വസ്ത്രം – അതിജീവനാവശ്യത്തിൽപ്പെട്ട വസ്ത്രം സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കാവുന്നതാണ്. എസ്ടി വിഭാഗത്തിന് സ്പോൺസർഷിപ്പിലൂടെ ലഭ്യമല്ലാതെ വരുമ്പോൾ ചലഞ്ച് ഫണ്ടിൽ നിന്ന് തുക വകയിരുത്തി വസ്ത്രം വാങ്ങി നൽകാവുന്നതാണ്.

പെൻഷൻ – അഗതികളിൽ അർഹരായവർക്ക് സംസ്ഥാനത്തിൽ നിലനിൽക്കുന്ന ഏതെങ്കിലും ഒരു സാമൂഹ്യസുരക്ഷാ പെൻഷൻ ലഭ്യമാക്കുന്നതിനുള്ള ഇടപെടലുകൾ സിഡിഎസ് ന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇതിനായി തദ്ദേശഭരണസ്ഥാപനതലത്തിൽ ഒരു അദാലത്ത് സംഘടിപ്പിക്കുകയും അദാലത്തിലേക്ക് പെൻഷൻ ലഭിക്കുന്നതിന് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യാൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിക്കേണ്ടതാണ്.

വിദ്യാഭ്യാസം– അഗതികുടുംബങ്ങളിലെ വിദ്യാഭ്യാസം മുടങ്ങിപ്പോയ കുട്ടികൾക്ക് തുടർവിദ്യാഭ്യാസത്തിനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്. ഹോസ്റ്റലിൽ നിന്ന് പഠിക്കേണ്ട വിദ്യാർഥികൾക്ക് അതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. കുട്ടികൾക്കാവശ്യമായ വസ്ത്രം, പഠനോപകരണങ്ങൾ, ഭക്ഷണം, യാത്രാച്ചെലവ്, യൂണിഫോം, പൊതുവിദ്യാലയങ്ങളിലെ ഫീസ് എന്നിവ ലഭ്യമാക്കണം. ഉന്നത വിദ്യാഭ്യാസം ലഭിച്ചവർ, കോളേജ് വിദ്യാർഥികൾ, പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന അധ്യാപകർ, സാക്ഷരതാ പ്രേരക്മാർ എന്നിവരെ ചേർത്ത് ഒരക്കാദമിക് ടീം രൂപീകരിച്ച് അഗതികുടുംബങ്ങളിലെ കുട്ടികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം ക്ലാസുകൾ സംഘടിപ്പിക്കാവുന്നതാണ്. ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്ന അഗതി കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസം മുടങ്ങാതിരിക്കുന്നതിനും മുടങ്ങിപ്പോയവരുണ്ടെങ്കിൽ പുനരാരംഭിക്കുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

**2. അടിസ്ഥാനസൗകര്യാവശ്യങ്ങൾ**

കിടപ്പാടം/ ഭൂമി – തദ്ദേശഭരണസ്ഥാപന പരിധിയിലെ അർഹരായ മുഴുവൻ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി ലഭ്യമാക്കിയതിനുശേഷമേ മറ്റുള്ളവർക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ത്രിതല പഞ്ചായത്തുകളുടെ സംയോജിത പ്രോജക്ടായി അഗതികൾക്ക് ഭൂമി ലഭ്യമാക്കുന്ന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. ഗ്രാമപ്രദേശങ്ങളിൽ മൂന്നു സെന്റിൽ കുറയാതെയും നഗരപ്രദേശങ്ങളിൽ ഒന്നര സെന്റിൽ കുറയാതെയും ഭൂമി നൽകാവുന്നതാണ്. ഭൂമി വാങ്ങുന്നതിന് എസ്ടി വിഭാഗത്തിന് നൽകുന്നതിന് തുല്യമായ തുകയാണ് നൽകേണ്ടത്. രജിസ്ട്രേഷൻ ഫീസ്, സ്റ്റാമ്പ് ഡ്യൂട്ടി, ഡോക്കുമെന്റേഷൻ ചാർജ് എന്നിവ ഉത്തരവുപ്രകാരം ഒഴിവാക്കപ്പെടുന്നതാണ്. അനന്തരാവകാശികളില്ലാത്ത ഗുണഭോക്താവിന് ഭൂമി വാങ്ങി

യാൽ ഇയാളുടെ കാലശേഷം മേൽ ആസ്തികൾ തദ്ദേശഭരണസ്ഥാപനത്തിന് തിരികെ ലഭിക്കും. അഗതി കുടുംബങ്ങൾക്ക് പദ്ധതിപ്രകാരം ലഭ്യമാക്കിയ വീടും ഭൂമിയും രജിസ്ട്രേഷൻ മുതൽ 12 വർഷത്തേക്ക് കൈമാറ്റം ചെയ്യാനോ അന്യാധീനപ്പെടുത്താനോ കഴിയാത്തതരത്തിൽ ഒരു കരാർ സെക്രട്ടറിയുമായി ഒപ്പിടേണ്ടതാണ്.

വീട് - സർക്കാർ അംഗീകരിച്ച പദ്ധതിയിലെ തദ്ദേശഭരണസ്ഥാപന പരിധിയിലെ അർഹരായ മുഴുവൻ അഗതി കുടുംബങ്ങൾക്കും വീട് ലഭ്യമാക്കിയതിനുശേഷമേ മറ്റുള്ളവർക്ക് ഈ ആവശ്യത്തിന് വീട് നൽകാൻ പാടുള്ളു. ത്രിതല പഞ്ചായത്തുകളുടെ സംയോജിത പ്രോജക്ടായി അഗതികൾക്ക് വീട് ലഭ്യമാക്കുന്ന പ്രോജക്ട് നടപ്പിലാക്കാവുന്നതാണ്. എസ്ടി വിഭാഗത്തിന് നൽകുന്നതിന് തുല്യമായ തുകയാണ് വീട് വക്കുന്നതിന് അഗതി വിഭാഗങ്ങൾക്കും നൽകേണ്ടത്. സ്വന്തം കഴിവിൽ ഭവനനിർമാണത്തിനാവശ്യമായ തുക ഫലപ്രദമായി വിനിയോഗിക്കാൻ കഴിയില്ലെങ്കിൽ തദ്ദേശഭരണസ്ഥാപനം, എഡിഎസ്, സിഡിഎസ്, സന്നദ്ധസംഘടനകൾ, ഭവനനിർമാണരംഗത്ത് പ്രവർത്തിക്കുന്നവർ എന്നിവരുടെ സഹായം തേടാവുന്നതാണ്. വിവിധ സർക്കാർ സ്കീമുകളിലൂടെ സഹായം ലഭിച്ചു പൂർത്തീകരിക്കാൻ കഴിയാത്തതും ജീർണിച്ചതും കേടുപാടുകൾ ഉള്ള പഴകിയതുമായ വീടുകളുടെ പൂർത്തീകരണത്തിനും പദ്ധതി തയ്യാറാക്കാവുന്നതാണ്. സഹായസമിതിയിലൂടെ നിർമിക്കപ്പെടുന്ന ഭവനങ്ങൾ വരുന്ന 12 വർഷത്തിനുള്ളിൽ അന്യാധീനപ്പെടുത്തുവാനോ, കൈമാറ്റം ചെയ്യുവാനോ കഴിയാത്തവിധം സെക്രട്ടറിയുമായി കരാറിൽ ഒപ്പുവെക്കേണ്ടതാണ്.

കുടിവെള്ളം - അഗതി കുടുംബങ്ങൾക്ക് 150 മീറ്ററിനുള്ളിൽ കുടിവെള്ളം ലഭ്യമാക്കുന്നതിന് ഭൗതികസൗകര്യം ലഭ്യമാണെങ്കിൽ ഗാർഹിക കണക്ഷൻ ലഭ്യമാക്കേണ്ടതാണ്. തുറന്ന കിണർ, മഴവെള്ളസംഭരണി എന്നിവയിലൂടെയുള്ള സാധ്യത പരിശോധിക്കണം. മഴവെള്ളസംഭരണിക്ക് 100% ധനസഹായവും മറ്റുള്ളവക്ക് പട്ടികവർഗ നിരക്കിലുള്ള ധനസഹായവും നൽകാവുന്നതാണ്.

ശുചിത്വ സംവിധാനം - അർഹരായ മുഴുവൻ അഗതികുടുംബങ്ങൾക്കും ഉപയോഗയോഗ്യമായ ശുചിത്വശൗചാലയങ്ങൾ നിർമിച്ചു നൽകുന്നതിന് മുൻഗണന നൽകേണ്ടതാണ്.

**3. വികസനാവശ്യങ്ങൾ**

തൊഴിൽ - പദ്ധതിയിൽ ഉൾപ്പെട്ട അർഹരായ അഗതി കുടുംബങ്ങളെ സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് നയിക്കുന്നതിന് ആവശ്യമായ തരത്തിലുള്ള തൊഴിലുകളോ, തൊഴിൽ കണ്ടെത്തുന്നതിനാവശ്യമായ തരത്തിലുള്ള തൊഴിൽ നൈപുണി പരിശീലനമോ നൽകുന്നതിനുള്ള പദ്ധതിയോ സാധ്യമായ സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായപദ്ധതികളോ ആവിഷ്കരിക്കേണ്ടതാണ്. സിഡിഎസ് തയ്യാറാക്കുന്ന സ്വയം തൊഴിൽ പദ്ധതികളുടെ വ്യക്തമായ പ്രോജക്ട് പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ പദ്ധതി ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ പദ്ധതികൾ അനുവദിക്കാവുന്നതാണ്. സ്വയംതൊഴിൽ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള പ്രോജക്ടു

കൾക്ക് ധനസഹായം കുടുംബശ്രീയിൽ നിന്നോ പ്ലാൻ ഫണ്ടിൽ നിന്നോ അനുവദിക്കാവുന്നതാണ്. അനുയോജ്യമായ ചെറുകിട പരമ്പരാഗത തൊഴിൽ സംരംഭങ്ങൾ, സംഘക്കൃഷി എന്നിവയിൽ പദ്ധതി പ്രദേശത്തെ പദ്ധതിയിൽ ഉൾപ്പെട്ട അഗതി കുടുംബാംഗങ്ങളെ ഉൾപ്പെടുത്താനുള്ള സാധ്യത പരിഗണിക്കണം. സൂഷ്മ സംരംഭവികസന കൺസൾട്ടന്റ്മാരുടെ സേവനം ഗുണഭോക്താക്കളുടെ സംരംഭങ്ങൾക്ക് ലഭ്യമാക്കേണ്ടതാണ്. ദേശീയതൊഴിലുറപ്പു പദ്ധതി പ്രകാരമുള്ള തൊഴിൽ കാർഡുകൾ ലഭ്യമാക്കി തൊഴിലിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തൊഴിലുറപ്പുപദ്ധതിപ്രകാരമുള്ള മറ്റു ജോലിചെയ്യാൻ പ്രാപ്തിയുള്ളവർക്ക് ആയതിനുള്ള പരിഗണന നൽകേണ്ടതാണ്. കേന്ദ്രസംസ്ഥാന സർക്കാരുകൾ വഴി നടപ്പിലാക്കുന്ന എല്ലാ തൊഴിൽ നൈപുണീ വികസന പദ്ധതികളിലും അഗതികുടുംബങ്ങളിലെ അർഹരായ ഗുണഭോക്താക്കൾ ഉൾപ്പെടുന്നുവെന്ന് സിഡിഎസ് ഉറപ്പാക്കണം.

**4. ഭിന്നശേഷിക്കാർക്ക് പുനരധിവാസം**

അഗതി കുടുംബങ്ങളുണ്ടെങ്കിൽ കേന്ദ്രസംസ്ഥാന സർക്കാരുകളും ഭിന്നശേഷിയുള്ളവർക്കായി പ്രവർത്തിക്കുന്ന പ്രത്യേക ഏജൻസികളുടേയും (കോർപ്പറേഷനുകൾ, ബോർഡുകൾ, സന്നദ്ധസംഘടനകൾ) എല്ലാവിധ സഹായപദ്ധതികളും ലഭ്യമാക്കാൻ സിഡിഎസിന്റെ നേതൃത്വത്തിൽ ഇടപെടൽ നടത്തേണ്ടതുണ്ട്. ഉദാ- ഭവനസഹായത്തിന് - ളളവൈ - പിഎംഎവൈ, തൊഴിൽ പരിശീലനത്തിന് - വികലാംഗകോർപ്പറേഷൻ ഓഫ് ദ ബ്ലൈന്റ്, നാഷ്ണൽ ഹാന്റികാപ്പ്ഡ് പേഴ്സൺസ് ഫൈനാൻഷ്യൽ കോർപ്പറേഷൻ, തൊഴിൽ പ്രോജക്ടുകൾ - തദ്ദേശഭരണസ്ഥാപനങ്ങൾ, കുടുംബശ്രീ. ഭിന്നശേഷിക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിന് ആവശ്യമായ പഠനോപകരണങ്ങൾ, യാത്രാസൗകര്യം എന്നിവ മറ്റു സ്രോതസ്സിൽ നിന്നും ലഭ്യമാകാത്ത സാഹചര്യത്തിൽ പദ്ധതി ഫണ്ടിൽ നിന്നും വാങ്ങി നൽകാവുന്നതാണ്. കൂടാതെ ഇവരുടെ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ആവശ്യമായിവരുന്ന പക്ഷം സ്പെഷൽ സ്കൂളുകൾ, ബഡ്സ് സ്കൂളുകൾ എന്നിവ ഏർപ്പെടുത്താവുന്നതാണ്.

**5. മാനസികാവശ്യങ്ങൾ - ഒറ്റപ്പെടൽ - ഒഴിവാക്കൽ**

- അഗതികുടുംബങ്ങളിൽ അംഗത്വമില്ലാത്തവർക്ക് അയൽക്കൂട്ട അംഗത്വം നൽകി കൂട്ടായ്മയിലേക്ക് കൊണ്ടുവരണം. ആവശ്യമെങ്കിൽ ത്രിഫ്റ്റ് ഒഴിവാക്കണം.
- അഗതി കുടുബങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ സിഡിഎസ് സംഘടിപ്പിക്കണം.
- അഗതികുടുംബങ്ങളുടെ ശാരീരിക-മാനസികശേഷി വർധിപ്പിക്കുന്നതിനും അവരുടെ ഉള്ളിലുള്ള സർഗശേഷി വികസിപ്പിക്കുന്നതിനുമുള്ള അനുയോജ്യമായ സൗഹൃദവും കൗൺസലിങ്ങും നൽകാവുന്നതാണ്.
- പദ്ധതികുടുംബാംഗങ്ങളുടെ മാനസിക ഉല്ലാസത്തിന് അനുയോജ്യമായ പ്രത്യേക പരിപാടികൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ബാലസഭകൾ,

ഇതരവിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ സഹകരണത്തോടുകൂടി സംഘടിപ്പിക്കുവാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ട താണ്.

- മനഃശാസ്ത്രജ്ഞരുടെയും മറ്റു വിദഗ്ധരുടെയും ഉപദേശാനുസരണം ആവശ്യമായ പരിശീലനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്.

### മോണിട്ടറിങ്ങ് സംവിധാനം

#### 1. ജില്ലാതലം

ആസൂത്രണസമിതിയുടെ കീഴിൽ രൂപീകരിക്കപ്പെടുന്ന ഒരു വിദഗ്ധ സമിതി യാണ് തദ്ദേശഭരണസ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതി വിലയിരുത്തൽ നടത്തുന്നത്. ഡിപിസി ചെയർമാൻ അധ്യക്ഷനും ജില്ലാകളക്ടർ കൺവീനറുമായുള്ള സമിതിയിൽ കുടുംബശ്രീ ജില്ലാമിഷൻ കോർഡിനേറ്റർ, മെഡിക്കൽ ഓഫീസർ, സാമൂഹ്യനീതി ഓഫീസർ തുടങ്ങിയ ഔദ്യോഗിക അംഗങ്ങൾക്ക് പുറമേ വിദഗ്ധരായ അംഗങ്ങളായി കമ്യൂണിറ്റി മെഡിസിൻ വിഭാഗത്തിന്റെ പ്രതിനിധി, പുനരധിവാസ പ്രവർത്തനരംഗത്തെയും, സാമൂഹ്യശാസ്ത്രരംഗത്തെയും വിദഗ്ധരും കൂടാതെ രണ്ട് സാമൂഹ്യപ്രവർത്തകരേയും അംഗങ്ങളായി ഉൾപ്പെടുത്താവുന്നതാണ്. അംഗങ്ങളുടെ എണ്ണം പരമാവധി 15 വരെയാകാം.

#### 2. തദ്ദേശതലം

#### എ) വിലയിരുത്തൽ സമിതി

തദ്ദേശഭരണസ്ഥാപനതലത്തിൽ പദ്ധതിയുടെ പൊതുനടത്തിപ്പിന്റെ മേൽനോട്ടം വിലയിരുത്തൽ സമിതിക്കാണ്. ഇതൊരു വിപുലമായ പങ്കാളിത്ത സ്വഭാവമുള്ള സംവിധാനം കൂടിയാണ്. തദ്ദേശസ്ഥാപന അധ്യക്ഷൻ ചെയർമാനും സിഡിഎസ് പ്രസിഡന്റ് സെക്രട്ടറിയും, കൺവീനർ സിഡിഎസ് മെമ്പർ സെക്രട്ടറിയും, പഞ്ചായത്ത് സെക്രട്ടറി, വൈസ് പ്രസിഡന്റ്, വികസനം, ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ, ഘടക വകുപ്പ് മേധാവികൾ, സിഡിഎസ് വൈസ് പ്രസിഡന്റ്, സബ്കമ്മിറ്റി കൺവീനർമാർ, ഭരണ സമിതിയിൽ നിന്നും സിഡിഎസ് ഭരണസമിതിയിൽ നിന്നും നിയോഗിച്ചിട്ടുള്ള അഞ്ചിൽ കുറയാത്ത വനിതാ ജനപ്രതിനിധികൾ, സിഡിഎസ് ഭരണസമിതി യിലേക്ക് എക്സ് ഒഫീഷ്യോ അംഗങ്ങളായി നിയോഗിച്ചിട്ടുള്ളവരിൽ രണ്ടു പേർ കുടുംബശ്രീയെ സഹായിക്കുന്ന ധനകാര്യസ്ഥാപനങ്ങളിലെ പ്രതിനിധികൾ എന്നിവരാണ് വിലയിരുത്തൽ സമിതിയിലെ അംഗങ്ങൾ.

#### ബി) ഉപസമിതി

പദ്ധതിപ്രവർത്തനം നിരന്തരം വിലയിരുത്തുന്നതിനായി വിലയിരുത്തൽ സമിതിയിൽ ഒരു ഉപസമിതി രൂപീകരിക്കാവുന്നതാണ്. തദ്ദേശഭരണസ്ഥാപനത്തിന്റെ അധ്യക്ഷൻ ചെയർമാനും, ക്ഷേമകാര്യ- ആരോഗ്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ അധ്യക്ഷൻമാർ, സ്ഥാപനസെക്രട്ടറി, സിഡിഎസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി, നോഡൽ മെഡിക്കൽ ഓഫീസർ, ഐസിഡിഎസ് സൂപ്പർവൈസർ, സിഡിഎസിലെ സാമൂഹ്യവികസനത്തിന്റെ ചുമതല

യുള്ള കൺവീനർ, വിഇഒ, എച്ച്ഐ, ഈ രംഗത്ത് പ്രവർത്തിക്കാൻ താൽപര്യമുള്ള രണ്ടു സാമൂഹ്യപ്രവർത്തകർ തുടങ്ങിയവരാണ് അംഗങ്ങൾ. മൂന്ന് മാസത്തിലൊരിക്കൽ ഉപസമിതി യോഗം ചേർന്ന് റിപ്പോർട്ട് വിലയിരുത്തൽ സമിതിക്ക് സമർപ്പിക്കണം. കൂടാതെ തദ്ദേശഭരണസ്ഥാപനകമ്മിറ്റിയിലും ചർച്ചചെയ്ത് പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് വേണ്ട നിർദേശങ്ങൾ നൽകേണ്ടതുമാണ്.

### 3. അയൽക്കൂട്ടതലം

ഓരോ പദ്ധതി കുടുംബവും ഉൾപ്പെടുന്ന കുടുംബശ്രീ അയൽക്കൂട്ടം പ്രസ്തുത കുടുംബത്തിനായുള്ള പ്രോജക്ട് ഘടകങ്ങളുടെ നിർവഹണം നിരന്തരം വിലയിരുത്തേണ്ടതാണ്. പ്രോജക്ട് പ്രകാരം ഉൾപ്പെടുത്തിയിട്ടുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാകുന്നുണ്ടോയെന്ന് അയൽക്കൂട്ടം ഭാരവാഹികൾ പരിശോധിക്കുകയും ആയതിന്റെ റിപ്പോർട്ട് എഡിഎസ്/സിഡിഎസ് കമ്മിറ്റികൾക്ക് നൽകേണ്ടതുമാണ്. ഇതിനായി ബന്ധപ്പെട്ട അയൽക്കൂട്ടങ്ങൾ ഒരു അഗതി കുടുംബ മോണിട്ടറിങ്ങ് രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

### തദ്ദേശഭരണസ്ഥാപനം പ്രത്യേകം ശ്രദ്ധിക്കേണ്ടത്

- വിലയിരുത്തൽ സമിതി കൃത്യമായി രൂപീകരിക്കുകയും മൂന്ന് മാസത്തിലൊരിക്കൽ യോഗം ചേർന്ന് നിർദേശങ്ങൾ തയ്യാറാക്കുകയും വേണം.
- ജില്ലാതല വികസന സമിതി കാര്യക്ഷമമായി പ്രവർത്തിക്കുന്നുവെന്ന് ജില്ലാപഞ്ചായത്ത് ഉറപ്പാക്കുക.
- ജീവിതസാഹചര്യങ്ങളാൽ അഗതിയായതും എന്നാൽ ക്ലേശഘടങ്ങൾ ഇല്ലാത്തവരുമായവരുടെ പ്രശ്നപരിഹാരം അഗതികളായ മുഴുവൻ പേരുടെയും വ്യക്തിഅധിഷ്ഠിതമായ കെയർപ്ലാൻ പരിശോധിച്ച് അടിയന്തിരസഹായങ്ങൾ ഉറപ്പുവരുത്തുക.
- എത്ര കുടുംബാംഗങ്ങളെ സ്വയംപര്യാപ്തതയിൽ എത്തിച്ച് അഗതി എന്ന നിലവാരത്തിൽ നിന്നും ഉയർത്തികൊണ്ട് വന്നുവെന്ന് ഓരോ വർഷവും വിലയിരുത്തുക.

### ദാരിദ്ര്യനിർമാർജനവും – പതിമൂന്നാം പദ്ധതിയുടെ സവിഷേഷതകളും

1. പാർപ്പിടപദ്ധതി – ലൈഫ്മിഷൻ – പിഎംഎവൈ

   അഗതിരഹിതകേരളം സന്നദ്ധസംഘടനകൾ വഴിയും മറ്റും നിർദേശിച്ചിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി കഴിയാവുന്നത്ര ഇരട്ടിപ്പൊഴിവാക്കി സമഗ്രമാക്കേണ്ടതാണ്.
2. സമഗ്രശുചിത്വ പദ്ധതി – ഹരിതകേരളം മിഷന്റെ ഉപഘടകങ്ങളായ സ്വച്ഛ് ഭാരത്, ശുചിത്വമിഷൻ സേവനങ്ങൾ കൂട്ടിച്ചേർത്ത് പ്രോജക്ടുകൾ വിഭാവനം ചെയ്യേണ്ടതാണ്.
3. തൊഴിൽ ദിന സൃഷ്ടികളും, ആസ്തികളും ലഭ്യമായ എംഎൻആർഇജിഎസ്, ആത്മനിർഭർ തുടങ്ങിയ പരിപാടികളെ സംയോജിപ്പിച്ച് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കണം.

4. ഭിന്നശേഷിക്കാർക്കും വിദ്യാർഥികൾക്കും അർഹതപ്പെട്ട ആനുകൂല്യങ്ങൾ.
5. വയോജനക്ഷേമം, പാലിയേറ്റിവ് കെയർ.
6. ദുരന്ത സമാശ്വാസങ്ങളും പൊതു ഭക്ഷണവിതരണ ശൃംഖലയും.
7. സാമൂഹ്യ സുരക്ഷ പെൻഷൻ, ദുരിതാശ്വാസ നിധി.

## 8.4 ദാരിദ്ര്യനിർമാർജന ഉപപദ്ധതി

ദാരിദ്ര്യ നിർമാർജന ഉപപദ്ധതിയാണ് സമഗ്ര പുനരധിവാസത്തിലേക്കുള്ള തദ്ദേശസ്ഥാപനങ്ങളുടെ കർമപദ്ധതി. താഴെപറയുന്ന അധ്യായങ്ങൾ ഉൾപ്പെടുത്തി തദ്ദേശഭരണസ്ഥാപനങ്ങൾ ദാരിദ്ര്യനിർമാർജന ഉപപദ്ധതി തയ്യാറാക്കേണ്ടതാണ്.

- തദ്ദേശഭരണസ്ഥാപനത്തിലെ സാമൂഹ്യ സാമ്പത്തിക കണക്കുകൾ അപഗ്രഥിച്ച് ദാരിദ്ര്യത്തിന്റെ അവസ്ഥാവിശകലനം.
- കഴിഞ്ഞ 10 വർഷത്തെ ഈ മേഖലയിലെ പ്രവർത്തനങ്ങളുടെ/അനുഭവങ്ങളുടെ സംക്ഷിപ്തം.
- ദാരിദ്ര്യവുമായി ബന്ധപ്പെട്ട വസ്തുതകളും പ്രശ്നങ്ങളും, ഇത് പരിഹരിക്കുന്നതിനുള്ള നിർദേശങ്ങളും മുൻഗണനകളും.
- നിർദേശിക്കുന്ന പ്രോജക്ടുകളും, വിഹിതവും.
- ആകെ വരവ് സ്രോതസ്സുകളും, ചെലവുകളും.
- നിർവഹണ രീതി.

മേൽപ്പറഞ്ഞ വസ്തുതകളെ ഗണപരമായി നിലവിലുള്ളവ, യഥാർഥത്തിൽ ആവശ്യമായത്, കൂടുതൽ വേണ്ടിവരുന്നത് എന്ന പ്രകാരം പട്ടികപ്പെടുത്തി ആവശ്യങ്ങൾ തിട്ടപ്പെടുത്തണം.

ആവശ്യങ്ങളുടെ ശ്രേണി ഓരോ മേഖലയിലും വേണ്ടിവരുന്ന ആവശ്യം തിട്ടപ്പെടുത്തിയാൽ അവ മുൻഗണനാക്രമത്തിൽ പട്ടികപ്പെടുത്തണം.

### ദാരിദ്ര്യനിർമാർജന ഉപപദ്ധതി - ലക്ഷ്യരൂപീകരണം

ഇപ്രകാരമുള്ള ആവശ്യഅപഗ്രഥന പട്ടികയിൽ നിന്നും നാലു വർഷത്തിനകം ചെയ്യേണ്ട കാര്യങ്ങൾ ഒരു മൾട്ടി ഇയർ പട്ടികയിൽപ്പെടുത്തുക. നാലു വർഷത്തിനകം ഇടപെടലുകൾ വഴി ചെയ്തു തീർക്കാൻ കഴിയുന്നവ ലക്ഷ്യമായി കണക്കാക്കണം (ഗണപരമായി) തുടർന്ന് ഓരോ വർഷത്തിലും ഏത് പ്രവർത്തനം എന്ന് മുൻഗണന നൽകി ക്രമീകരിക്കുക.

അധ്യായം – 9

# അതിഥി തൊഴിലാളി സൗഹൃദ തദ്ദേശഭരണം

## ഉള്ളടക്കം


| | | |
|---|---|---|
| 9.1 | അതിഥി തൊഴിലാളി ക്ഷേമത്തിന്റെ പ്രസക്തി | 191 |
| 9.2 | അതിഥി തൊഴിലാളികൾക്കായുള്ള സുരക്ഷാ സംവിധാനങ്ങൾ | 193 |
| 9.3 | അതിഥി തൊഴിലാളി വികസനനയം - പരിപാടികൾ | 195 |
| 9.4 | തദ്ദേശസ്ഥാപനങ്ങളുടെ ചുമതലകൾ | 198 |

## 9.1 അതിഥി തൊഴിലാളി ക്ഷേമത്തിന്റെ പ്രസക്തി

ഒരു സംസ്ഥാനത്ത് സ്ഥിരവാസമുറപ്പിച്ചിട്ടുള്ളവർ മറ്റൊരു സംസ്ഥാനത്ത് അസംഘിടതമേഖലയിൽ തൊഴിലിനായി വന്ന് താൽക്കാലികമായി താമസിച്ച് വേതനം കൈപ്പറ്റി ജീവിക്കുന്നവരെയാണ് മൈഗ്രന്റ് ലേബറർ അഥവ അതിഥി തൊഴിലാളികൾ എന്ന് വിളിക്കുന്നത്. കേരളസംസ്ഥാനത്തിന്റെ ഭൂനിയമം വിദ്യാഭ്യാസ നിയമം, ആരോഗ്യസേവനങ്ങൾ എന്നിവ മനുഷ്യ വിഭവശേഷി ഉയർത്താൻ പര്യാപ്തമായിരുന്നു. അതുകൊണ്ടുതന്നെ അനുകൂല സാഹചര്യങ്ങൾ രൂപപ്പെട്ടുവന്ന 1970–80 കളിൽ അനേകം മലയാളികൾ ഉയർന്ന വരുമാനം തേടി ഗൾഫ് നാടുകളിലേക്കും യൂറോപ്പ്, അമേരിക്ക തുടങ്ങിയ ഭൂഖണ്ഡങ്ങളിലേക്കും ഇമിഗ്രേറ്റ് ചെയ്തു. വിദേശത്തുനിന്നും പണം എത്തിച്ചേർന്നപ്പോൾ കൂലി ഉയരുകയും ഉയർന്ന കൂലിക്കും തൊഴിലിനുമായി പതിനായിരങ്ങൾ ബീഹാർ, ഒറീസ, ബംഗാൾ, ആന്ധ്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് പ്രവഹിക്കാനും തുടങ്ങി. ഇന്നു നാം കാണുന്ന വർധിതമായ തോതിലുള്ള ഇതരസംസ്ഥാനതൊഴിലാളികൾ അഥവ അതിഥി തൊഴിലാളികൾ അപ്രകാരം വന്നവരാണ്. 2020 മാർച്ചിൽ കോവിഡ് മഹാമാരി വ്യാപന നിയന്ത്രണത്തിനായി ഏർപ്പെടുത്തിയ ലോക്ഡൗൺ തൊഴിൽ ചെയ്യുന്ന നാട്ടിൽ സുരക്ഷിതരല്ലാതെയും ജനിച്ച നാട്ടിൽ എത്തിചേരാൻ മാർഗമില്ലാതെയും ദുരിതമനുഭവിച്ചപ്പോൾ അവരുടെ അവകാശങ്ങൾ ചർച്ചാവിഷയമായി. കേരളം വളരെ സൗഹൃദപരമായ നിലപാടാണ് ഇവർക്ക് നൽകിയത് എന്നത് വാസ്തവമാണ്.

### അതിഥി തൊഴിൽ പ്രസക്തി

കുടിയേറ്റ തൊഴിലാളികൾ കേരളത്തിലെ സർവവ്യാപിയായ കാഴ്ചയാണ്. കുടിയേറ്റക്കാർക്കും ആതിഥേയ സമ്പദ്‌വ്യവസ്ഥകൾക്കും കുടിയേറ്റം നല്ലതാണെന്ന് സാമ്പത്തിക സിദ്ധാന്തവും സാമൂഹിക വിലയിരുത്തലും തെളിയിച്ചിട്ടുണ്ട്. പ്രാദേശികമായി പലരും ചെയ്യാൻ തയ്യാറാകാത്ത ജോലികൾ കുടിയേറ്റ തൊഴിലാളികൾ ഏറ്റെടുക്കുന്നു. പ്രാദേശിക സമ്പദ്‌വ്യവസ്ഥയിലേക്ക് സംഭാവന ചെയ്യുകമാത്രമല്ല, അവർ എവിടെ നിന്നാണ് വന്നുവോ അവിടേക്ക് പണം അയയ്ക്കുകയും ചെയ്യുന്നു. ധാരാളം മലയാളികൾ കേരളത്തിൽ എല്ലാത്തരം ജോലികളും ഉപേക്ഷിച്ച് വിദേശത്തേക്ക് പോകുമ്പോൾ മറ്റ് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്ന് കുടിയേറ്റക്കാർ ഈ ജോലികൾ ഏറ്റെടുക്കാൻ ഇവിടെ എത്തുന്നു. അനൗപചാരിക തൊഴിൽമേഖലയിൽ കുറഞ്ഞ നൈപുണ്യമുള്ള ജോലികൾ ഏറ്റെടുക്കുന്നതിന് സ്വദേശി തൊഴിൽ സേനയുടെ അഭാവം മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികൾ നികത്തുന്നു. അവർ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ സുപ്രധാനവും ഒഴിച്ചുകൂടാനാവാത്തതുമായ പങ്ക് വഹിക്കുന്നു.

### നിലവിലെ അവസ്ഥ

കേരളിത്തിൽ 30 ലക്ഷത്തോളം കുടിയേറ്റ തൊഴിലാളികളുണ്ട് എന്നാണ് കരുതപ്പെടുന്നത്. 2017 ൽ നടത്തിയ ഒരു പഠനത്തിൽ 25 ഇന്ത്യൻ സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണപ്രദേശങ്ങളിലെയും 194 ജില്ലകളിൽ നിന്ന് കുടി

യേറ്റക്കാർ കേരളത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് കണ്ടെത്തി. അവരിൽ ഭൂരിഭാഗവും തമിഴ്നാട്, കർണാടക, ഒഡീഷ, ജാർഖണ്ഡ്, ബീഹാർ, ഉത്തർ പ്രദേശ്, പശ്ചിമബംഗാൾ, അസം എന്നീ എട്ട് ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുമാണ്. ബംഗാൾ, ബീഹാർ, ഒഡീഷ, ഛത്തീസ്ഗഢ്, ജാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുള്ള കുടിയേറ്റ തൊഴിലാളികളുടെ എണ്ണം കൂടിവരുന്നതായി കാണാം. കൂടുതൽ പേരും വരുന്നത് ഒറ്റയ്ക്കാണ്. ചിലർ കുടുംബസമേതം താമസിച്ചുവരുന്നുണ്ട്.

കുടിയേറ്റ തൊഴിലാളികൾക്ക് ഇന്ന് ഏറ്റവും പ്രതീക്ഷ നൽകുന്ന സ്ഥലങ്ങളിലൊന്നാണ് കേരളം. കുടിയേറ്റ തൊഴിലാളികളെ കേരളത്തിൽ അതിഥി തൊഴിലാളികൾ എന്നാണ് വിളിക്കുന്നത്. ഇന്ത്യയുടെ മറ്റ് ഭാഗങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ ഉയർന്ന വേതനനിരക്ക്, സുസ്ഥിര തൊഴിലവസരങ്ങൾ, താരതമ്യേന സമാധാനപരമായ അന്തരീക്ഷം, തൊഴിലാളികളോട് താരമ്യേന കുറഞ്ഞ വിവേചനം കാണിക്കൽ, എല്ലാ സംസ്ഥാനങ്ങളിൽ നിന്നും നേരിട്ടുള്ള ട്രെയിനുകൾ എന്നിവ കേരളത്തിലേക്കുള്ള കുടിയേറ്റത്തെ സ്വാധീനിച്ചതായി കാണുന്നു.

ആസൂത്രണ ബോർഡിന്റെ സാമ്പത്തികസ്ഥിതി അവലോകന റിപ്പോർട്ട്, ഇതരസംസ്ഥാനങ്ങളിൽ നിന്നും വരുന്ന അതിഥി തൊഴിലാളികളെ സംബന്ധിച്ച് ചില വിവരങ്ങൾ സൂചിപ്പിക്കുന്നുണ്ട്. അതിഥി തൊഴിലാളികളിൽ 41% പശ്ചിമബംഗാളിൽ നിന്നാണ്. 14% അസമിൽ നിന്നും, 11% ഒഡീഷയിൽ നിന്നുമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ജില്ലാടിസ്ഥാനത്തിൽ നോക്കുകയാണെങ്കിൽ 21% ആയി ഒന്നാം സ്ഥാനത്ത് എറണാകുളവും, അതിനുശേഷം കോഴിക്കോട്, തൃശൂർ എന്നീ ജില്ലകളിലുമാണ്. കെട്ടിടനിർമാണം, ഹോട്ടൽ വ്യവസായം, വ്യാപാരം, തോട്ടം, ഇരുമ്പ്, ഉരുക്ക്, തടിഫർണിച്ചർ, മറൈൻ ഫിഷിങ്ങ്, ഖനനം, ക്വാറിങ്ങ്, പ്ലൈവുഡ്, തുണിത്തരങ്ങൾ, വസ്ത്രങ്ങൾ, കടൽ, പാദരക്ഷകൾ എന്നിവയാണ് അതിഥി തൊഴിലാളികൾ കേരളത്തിൽ ഏർപ്പെട്ടിരിക്കുന്ന പ്രധാന സാമ്പത്തിക പ്രവർത്തനങ്ങൾ. നിർമാണമേഖല അടക്കം ഉള്ള ചില തൊഴിൽ മേഖലകളിൽ അതിഥി തൊഴിലാളികൾ സ്വദേശ തൊഴിലാളികളേക്കാൾ കൂടുതലാണ്.

### അതിഥി തൊഴിലാളി പ്രശ്നങ്ങൾ

അതിഥി തൊഴിലാളികളിൽ ഭൂരിഭാഗവും കഠിനമായ ശാരീരിക അദ്ധ്വാനം ആവശ്യമുള്ള ജോലികളിൽ ഏർപ്പെടുന്നു. ഇതിനാൽ അപകടങ്ങൾ, പരിക്കുകൾ, മരണം എന്നിവപോലും നേരിടാനുള്ള സാധ്യത വളരെ കൂടുതലാണ്. അവരുടെ ജോലിയുടെ താൽക്കാലികമോ, സ്ഥിരമോ ആയ സ്വഭാവത്തെ ആശ്രയിച്ച്, കുടിയേറ്റക്കാർ വേണ്ടത്ര സൗകര്യങ്ങളില്ലാത്ത വീടുകളിൽ താമസിക്കുന്നു. പൊതുവേ അതിഥി തൊഴിലാളികളുടെ താമസം മോശമായ അവസ്ഥയിലാണ്. ഈ തൊഴിലാളികളിൽ പലരും ആരോഗ്യസംരക്ഷണമില്ലാതെ തുടരുന്ന അവസ്ഥയിൽ ജീവിക്കുന്നവരാണ്. കുടിയേറ്റ തൊഴിലാളികൾ വിവേചനം, ഉപദ്രവം, ചൂഷണം എന്നിവ അനുഭവിക്കുന്നു. വർധിച്ചുവരുന്ന കുറ്റകൃത്യങ്ങൾക്ക് കുടിയേറ്റക്കാരെ പലപ്പോഴും കുറ്റപ്പെടുത്തുന്നു. കുടിയേറ്റക്കാരുടെ ക്ഷേമത്തിനായി കേരള സർക്കാർ ശ്രദ്ധേയമായ ചില നടപടികൾ

സ്വീകരിച്ചിട്ടുണ്ടെങ്കിലും, ഇത് തൊഴിലാളികൾക്ക് പ്രയോജനപ്പെടുന്നതായി കാണുന്നില്ല.

## 9.2 അതിഥിതൊഴിലാളികൾക്കായുള്ള സുരക്ഷാസംവിധാനങ്ങൾ

കുടിയേറ്റതൊഴിലാളികളുടെ ജോലി സംബന്ധിച്ചും തൊഴിൽ സാഹചര്യങ്ങളെപ്പറ്റിയും ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മാൻ റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻ ഓഫ് സർവീസ് ആക്ട് 1979 ലാണ് പരാമർശിക്കുന്നത്. ഈ ആക്ട് പ്രകാരം കോൺട്രാക്ടർ തൊഴിലാളികളെ തിരഞ്ഞെടുക്കുമ്പോൾ തിരഞ്ഞെടുക്കുന്ന സംസ്ഥാനങ്ങളിൽ നിന്ന് ലൈസൻസ് വാങ്ങിയിരിക്കണം. ഇത് പ്രകാരം കോൺട്രാക്ടറും ജോലി നൽകുന്ന വ്യക്തിയും ഈ ആക്ടിലെ നിയമം അനുസരിക്കേണ്ടതാണ്.

അതിഥി തൊഴിലാളികൾക്കായി ഏർപ്പെടുത്തിയിട്ടുള്ള നിയമങ്ങൾ ക്ഷേമ പദ്ധതികൾ

| ക്രമം | പരിപാടികൾ | വർഷം |
|---|---|---|
| 1 | സംസ്ഥാനാന്തര കുടിയേറ്റ തൊഴിലാളി നിയമം | 1979 |
| 2 | കേരള ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതി | 2010 |
| 3 | ആവാസ് (ട്രീറ്റ്മെന്റ്) | 2017 |
| 4 | ചങ്ങാതി | 2017 |
| 5 | റോഷിണി പദ്ധതി | 2017 |
| 6 | അപ്നാഘർ | 2019 |

### സംസ്ഥാനാന്തര കുടിയേറ്റത്തൊഴിലാളി നിയമം 1979

ഈ നിയമം ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് ആക്ട് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവീസ്) 1979 എന്ന പേരിൽ അറിയപ്പെടുന്നു. 1979 ൽ ഇന്ത്യൻ പാർലിമെന്റ് അംഗീകരിച്ച ഈ നിയമം 1987 ൽ നിലവിൽ വന്നു. 1979 ലെ നിയമം താഴെ പറയുന്നവ അതിഥി തൊഴിലാളികളുടെ അവകാശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

- ഇതേ തൊഴിലിൽ ആ പ്രദേശത്ത് നൽകിവരുന്ന കൂലിക്കും മിനിമം വേതനത്തിനും ഉള്ള അവകാശം.
- നാട്ടിൽ പോകുന്നതിനുള്ള അലവൻസ്.
- കോൺട്രാക്ട് അവസാനിക്കുന്ന മുറയ്ക്ക് ബാധ്യതകളില്ലാതെ ഒഴിവാക്കപ്പെടുന്നതിനുള്ള അവകാശം.

ഇതുപ്രകാരം ഇവരെ തൊഴിലിൽ നിയോഗിക്കുന്ന കോൺട്രാക്ടർ സംസ്ഥാനം നിശ്ചയിച്ചിട്ടുള്ള തൊഴിലാളി രജിസ്റ്റർ, ഓരോരുത്തർക്കും പാസ് ബുക്ക് തുടങ്ങിയവ പരിപാലിക്കേണ്ടതുണ്ട്. 2011-ൽ ഈ നിയമം ഇന്റർസ്റ്റേറ്റ് മൈഗ്രന്റ് വർക്കർ എന്ന് പുനർനാമകരണം ചെയ്യപ്പെട്ടു. ഈ നിയമപ്രകാരം

തൊഴിലാളികളെ നിയോഗിക്കുന്ന എല്ലാ കോൺട്രാക്ടർമാരും രജിസ്റ്റർ ചെയ്യേണ്ടതാണ്.

### കേരളസംസ്ഥാന മൈഗ്രന്റ് വർക്കേഴ്സ് വെൽഫെയർ സ്കീം

ഇന്ത്യയിൽ ആദ്യമായി മൈഗ്രന്റ് തൊഴിലാളികൾക്ക് ഒരു സാമൂഹ്യസുരക്ഷാ പദ്ധതി നിയമമാക്കിയ സംസ്ഥാനമാണ് കേരളം. ഈ പരിപാടി അതിഥി തൊഴിലാളികൾക്ക് നാലുതരം ആനുകൂല്യങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. അപകട / മെഡിക്കൽ പരിചരണം രൂപ 25000 വരെ, മരണാനന്തര ധനസഹായം ഒരു ലക്ഷം രൂപ വരെ, കുട്ടികളുടെ പഠനസഹായ അലവൻസ്, 5 വർഷ സേവനത്തിനുശേഷം പിരിഞ്ഞുപോകുമ്പോൾ 25000 രൂപ എന്നിവയാണ് ആനുകൂല്യങ്ങൾ. ഏതെങ്കിലും തൊഴിലാളി മരണപ്പെട്ടാൽ മൃതദേഹം നാട്ടിൽ എത്തിക്കുന്നതിനുള്ള ഉത്തരവാദിത്വം വെൽഫെയർ ഫണ്ട് നൽകും.

### അപ്നാഘർ

ഇവരിൽ ഭൂരിഭാഗം പേരും ശുദ്ധജലലഭ്യതയും ശൗചാലയ സൗകര്യങ്ങളും കുറവായ അനാരോഗ്യകരമായ സാഹചര്യത്തിലാണ് താമസിച്ചുവരുന്നത്. താമസസൗകര്യത്തിന്റെ അഭാവത്തിൽ ഇടുങ്ങിയ മുറികളിൽ കൂട്ടമായി കുളിമുറി സൗകര്യങ്ങൾപോലും ഇല്ലാതെയാണ് കഴിയേണ്ടിവരുന്നത്. ഇത് അവരുടെ പ്രധാന പ്രശ്നമാണെന്ന് ലേബർ ഡിപ്പാർട്ട്മെന്റ് കണ്ടെത്തിയിട്ടുണ്ട്. ഇത് പരിഹരിക്കുന്നതിനുള്ള ആദ്യശ്രമം എന്ന നിലയിൽ പാലക്കാട്, കഞ്ചിക്കോട്, കിൻഫ്ര വ്യവസായ പാർക്കിനടുത്ത് 620 പുരുഷതൊഴിലാളികൾക്ക് താമസിക്കാൻ കഴിയുന്ന നാലു നിലകളുള്ള ഹോസ്റ്റൽ കെട്ടിടം 'അപാനാഘർ' പ്രോജക്ട് - പാലക്കാട് സ്കീം എന്നപേരിൽ പണികഴിപ്പിച്ചു 2019-ൽ ബഹു. മുഖ്യമന്ത്രി ഉൽഘാടനം നിർവഹിച്ചു. കോഴിക്കോട്, രാമനാട്ടുകര, ബാലുശ്ശേരി, എറണാകുളത്ത് കളമശ്ശേരി എന്നിവിടങ്ങളിലും പ്രോജക്ട് ആരംഭിച്ചിട്ടുണ്ട്.

### അതിഥിതൊഴിലാളി സാക്ഷരതാ പരിപാടി - ചങ്ങാതി

അതിഥി തൊഴിലാളികളെ മലയാളഭാഷ കൈകാര്യം ചെയ്യുന്നതിൽ പ്രാപ്തരാക്കുക എന്ന ഉദ്ദേശത്തോടെ കേരള സാക്ഷരതാ മിഷൻ ആരംഭിച്ചിട്ടുള്ള പരിപാടിയാണ് ചങ്ങാതി. ഹിന്ദി അറിയാവുന്നവർക്ക് മലയാളം എഴുതാനും വായിക്കാനും പ്രാപ്തി നൽകുകയാണ് ഉദ്ദേശം. ഇതരസംസ്ഥാന തൊഴിലാളികൾ താമസിക്കുന്ന പെരുമ്പാവൂരിലാണ് ഇതിന് തുടക്കം കുറിച്ചത്. സ്റ്റഡി സെന്ററുകളായി സ്കൂളുകൾ, ലൈബ്രറി, തൊഴിലിടം എന്നിവയാണ് ഉപയോഗിച്ചത്. ഹിന്ദിഭാഷ അറിയാവുന്ന സാക്ഷരതാ പ്രേരക്മാർ ഒരാഴ്ചയിൽ 5 മണിക്കൂർ ക്ലാസ് നൽകും. കേരളത്തിന്റെ സംസ്കാരം, സാമൂഹ്യപശ്ചാത്തലം എന്നിവയ്ക്കൊപ്പം ആരോഗ്യപോഷണ വിദ്യാഭ്യാസവും നിയമസാക്ഷരതയും പരിപാടിയുടെ ഭാഗമാണ്.

### ഹമാരി മലയാളം

തൊഴിലാളികളുടെ പശ്ചാത്തലവും ശേഷികളും കണക്കിലെടുത്ത് പ്രാദേശിക സമൂഹവുമായി ഇടപഴകുന്നതിനും, ആശയവിനിമയം ലളിതമാക്കുന്ന

തിനും 'ഹമാരി മലയാളം' എന്ന പാഠപുസ്തകം തയ്യാറാക്കിയിട്ടുണ്ട്. 25 അധ്യായങ്ങളുള്ള പുസ്തകത്തിൽ ശുചിത്വം, ആരോഗ്യം, സാങ്കേതികവിദ്യ, തൊഴിൽ അവകാശം, സദാചാരം, മൂല്യബോധം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. ബാങ്ക്, സ്കൂൾ, മാർക്കറ്റ്, ബസ് തുടങ്ങിയ ഇടങ്ങളിലെ ഭാഷാപ്രയോഗങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കഴകൂട്ടം, പെരിനാട്, കോയപ്രം, കരങ്കുന്നം, ചാവക്കാട്, പെരുന്തൽമണ്ണ, നരിക്കുനി, ചിറയ്ക്കൽ, മഞ്ചേശ്വരം തുടങ്ങിയ പല തദ്ദേശഭരണസ്ഥാപനങ്ങളും ഈ കാര്യത്തിൽ മുൻകൈ എടുത്തിട്ടുണ്ട്.

### റോഷിനി

അതിഥി തൊഴിലാളികളുടെ മക്കളെ വിദ്യാലയങ്ങളിലാക്കുന്നതിന് എറണാകുളം ജില്ല ആവിഷ്കരിച്ച പദ്ധതിയാണിത്. 2500 കുട്ടികൾ എറണാകുളം ജില്ലയിൽ വിദ്യാർഥികളായി ഉണ്ട്. സ്കൂളിൽ മലയാളഭാഷ കൈകാര്യം ചെയ്യാൻ അറിയാത്തതിനാൽ കുട്ടികൾക്ക് പഠനത്തിൽ താൽപര്യമില്ലാതെ ഡ്രോപ്പ് ഔട്ട് ആകുന്നത് പ്രശ്നമായി. എറണാകുളം ജില്ലാപഞ്ചായത്തിന്റെ പിൻതുണയോടെ വിദ്യാഭ്യാസ വകുപ്പും എൻജിഒ കളും ചേർന്ന് സാമൂഹ്യ പങ്കാളിത്തം വഴി കുട്ടികളുടെ വിദ്യാഭ്യാസ ശേഷി ഉയർത്തുന്നതിന് റോഷിനി എന്ന പദ്ധതി ആവിഷ്കരിച്ചു. ഏറ്റവും കൂടുതൽ ഈ വിഭാഗം കുട്ടികളുള്ള നാലു സ്കൂളുകളാണ് 2017-18 വർഷം തെരഞ്ഞെടുത്തത്. നിലവിൽ 14 സ്കൂളുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്. കുട്ടികൾക്ക് സ്കൂൾ സമയത്തിനു മുമ്പ് 90 മിനിട്ട്, ഭാഷാശേഷി ഉയർത്തുവാൻ സഹായകമായ പരിശീലനം നൽകും. ഹിന്ദി, ബംഗാളി, ഒറിയ തുടങ്ങിയ ഭാഷ അറിയാവുന്ന സന്നദ്ധ പ്രവർത്തകർ ക്ലാസ് നയിക്കും. കുട്ടികൾക്ക് രാവിലെ ഭക്ഷണം നൽകുന്നതിനും സ്റ്റഡിടൂർ നടത്തുന്നതിനും തുക വകയിരുത്തിയിട്ടുണ്ട്. ഭാരത് പെട്രോളിയം കോർപ്പറേഷന്റെ സിഎസ്ആർ ഫണ്ട് ഈ പരിപാടിക്ക് സാമ്പത്തിക സഹായം നൽകുന്നു.

## 9.3 അതിഥി തൊഴിലാളി വികസനനയം - പരിപാടികൾ

കേരളത്തിലെ മനുഷ്യവികസനത്തിന്റെ ഭാവി, അതിഥി തൊഴിലാളികൾ സംസ്ഥാനത്തെ നിലവിലെ വികസന നിലവാരവുമായി എത്രവേഗത്തിൽ എത്തിചേരുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇത് മനുഷ്യവികസനത്തിന് ആവശ്യമായ അടിസ്ഥാന സേവനങ്ങൾ കുടിയേറ്റ തൊഴിലാളികൾക്ക് ലഭ്യമാകുന്നതിനെ ആശ്രയിച്ചിരിക്കുന്നു. കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന്, കുടിയേറ്റക്കാരെ ഉൾക്കൊള്ളുന്ന വികസന സമീപനം വളർത്തിയെടുക്കേണ്ടതുണ്ട്. ആരോഗ്യത്തിനും, ശുചിത്വത്തിനും, മാനസികാരോഗ്യത്തിനും ഇവർക്ക് അവകാശമുണ്ടെന്ന ധാരണ നമുക്കുണ്ടായിരിക്കണം.

### അതിഥി തൊഴിലാളികളുടെ കുട്ടികളുടെ അങ്കണവാടി പ്രവേശം

കഴിഞ്ഞ കുറച്ച് വർഷങ്ങളായി അതിഥി തൊഴിലാളികളുടെ ഒഴുക്ക് കേരളത്തിൽ വർധിച്ച് വരുന്ന സാഹചര്യമാണുള്ളത്. 2013 ൽ തൊഴിൽ വകുപ്പ് നടത്തിയ ഒരു സർവേ കണക്കനുസരിച്ച് ഇത്തരം കുട്ടികളെ തിരിച്ചറിയാ

നായി അങ്കണവാടി ജീവനക്കാർ എല്ലാ മാസവും നടത്തുന്ന ജനസംഖ്യ വിവരശേഖരണത്തിന്റെ പുതുക്കലിന്റെ ഭാഗമായി അങ്കണവാടിതലത്തിൽ വിവരശേഖരണം നടത്തുകയുണ്ടായി. അതിനുവേണ്ടി – അങ്കണവാടി ജീവനക്കാർ, ജെപിഎച്ച്എൻ എന്നിവരുടെ ഭവനസന്ദർശനം, അതിഥി തൊഴിലാളികളുടെ അമ്മമാരെ അമ്മമാരുടെ മീറ്റിങ്ങുകളിലേക്ക് ക്ഷണിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയുണ്ടായി. ഇവരുടെ ഗർഭിണികളായ സ്ത്രീകളുടെയും കുട്ടികളുടെയും പോഷണനിലവാരം സ്ഥിരീകരിക്കുക, മുലയൂട്ടുന്ന അമ്മമാരെയും കൗമാരക്കാരായ പെൺകുട്ടികളെയും ഗുണഭോക്തൃ ഗ്രൂപ്പിൽ പെടുത്തുകയും അങ്കണവാടി സെന്ററുകളിൽ സേവനങ്ങൾക്ക് അർഹരായ വ്യക്തികളെ കണ്ടെത്തി അവരുടെ പേര് ചേർക്കുകയും അവർക്ക് അർഹമായ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുകയുണ്ടായി.

**അതിഥി തൊഴിലാളികളുടെ കുട്ടികളുടെ അങ്കണവാടി പ്രവേശനം –** എരുതാമ്പതി ഗ്രാമപ്പഞ്ചായത്ത് (പാലക്കാട്) കരുമണ്ട കോടനൂർ പ്രദേശത്ത് കിടക്ക നിർമാണ കമ്പിനിയുമായി ബന്ധപ്പെട്ട് ധാരാളം അതിഥി തൊഴിലാളികൾ ഉണ്ടെന്ന് അവിടത്തെ അങ്കണവാടി വർക്കർ കണ്ടെത്തി. തുടർന്ന് തൊഴിലാളികളുടെ ജനസംഖ്യ ശേഖരിക്കുകയും അതിൽ നിന്ന് 0–6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കൗമാരപ്രായക്കാർ, കുട്ടികൾ ഇവരുടെ കണക്കുകൾ തരംതിരിക്കുകയും ചെയ്തു. ഈ റിപ്പോർട്ട് ഐസിഡിഎസ് സൂപ്പർവൈസർക്ക് കൈമാറുകയും ചെയ്തു. ഇക്കാര്യം പഞ്ചായത്ത് കമ്മിറ്റി ചർച്ചചെയ്യുകയും മെഡിക്കൽ ഓഫീസറെയും മറ്റ് ആരോഗ്യപ്രവർത്തകരെയും വിളിച്ച് ചേർത്ത് അവരുടെ താമസപ്രദേശം സന്ദർശിച്ച് ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കാൻ ചുമതലപ്പെടുത്തി. പിഎച്ച്സി അവിടെ പ്രതിരോധ കുത്തിവെയ്പ്പ് ക്യാമ്പ് നടത്തുകയും 0–6 വയസ്സ് വരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്കെല്ലാം പോഷകാഹാര പരിപാടിയുൾപ്പടെ എല്ലാ സേവനങ്ങളും ലഭ്യമാക്കി. ക്രമേണ 3–6 വയസ്സുവരെയുള്ള കുട്ടികളെ അങ്കണവാടിയിൽ ചേർത്തു. വൃത്തിയില്ലാത്ത ജീവിത സാഹചര്യത്തിലാണ് അവർ കഴിഞ്ഞിരുന്നത്. പ്രവർത്തനത്തിന്റെ ഫലമായി ഒരു മാസത്തിനുള്ളിൽ തന്നെ അവരിൽ മാറ്റങ്ങൾ കണ്ടുതുടങ്ങി. ഐസിഡിഎസ് ന്റേയും ആരോഗ്യപ്രവർത്തകരുടെയും പ്രവർത്തനമാണ് ഈ മാറ്റത്തിന് കാരണം.

## അഥിതി തൊഴിലാളികളുടെ പ്രധാനക്ഷേമപദ്ധതികൾ

സംസ്ഥാനത്ത് ലേബർ ഡിപ്പാർട്ട്മെന്റ് ആണ് അതിഥി തൊഴിലാളികളുടെ ക്ഷേമമേഖലയിൽ ഇടപെട്ടുകൊണ്ടിരിക്കുന്നത്. അതിഥി തൊഴിലാളികളുടെ ക്ഷേമത്തിനായി ചില പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നുണ്ട്.

## സൗജന്യ ഇൻഷുറൻസ് കാർഡ് (ആവാസ്)

2017 നവംബറിൽ കേരളസർക്കാർ അപകടത്തിൽപ്പെട്ട് ചികിത്സ തേടേണ്ടി വരുന്നവരുടെ സഹായത്തിനായി ആവാസ് എന്നപേരിൽ ഒരു ആരോഗ്യ

പരിരക്ഷാ ഇൻഷുറൻസ് പദ്ധതി ആരംഭിച്ചു. കേരളത്തിലെ വിഭിന്ന തൊഴിൽ മേഖലകളിൽ ഇതരസംസ്ഥാനതൊഴിലാളികളുടെ സാന്നിധ്യം വർധിച്ചുവരുന്ന സാഹചര്യത്തിൽ ഈ തൊഴിലാളികളുടെ കൃത്യമായ വിവരശേഖരണവും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് ആരംഭിച്ച ആവാസ്പദ്ധതിയിൽ 18-നും 60-നും ഇടയിൽ പ്രായമുള്ള എല്ലാ അതിഥി തൊഴിലാളികൾക്കും അംഗമാകാവുന്നതാണ്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നൽകുന്ന ഏതെങ്കിലും തിരിച്ചറിയൽ രേഖയുമായി ആവാസ് രജിസ്ട്രേഷൻ കേന്ദ്രങ്ങളിൽ എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ പദ്ധതിയിൽ രജിസ്റ്റർ ചെയ്യിക്കുകയും ബയോമെട്രിക്ക് രൂപത്തിലുള്ള ഇൻഷുറൻസ് കാർഡ് നൽകുകയും ചെയ്യുന്നു. ചികിത്സാ ഇൻഷുറൻസും മരണാനന്തരസഹായവും ഇൻഷുറൻസിന്റെ അടിസ്ഥാനത്തിലായിരിക്കും വിതരണം ചെയ്യുന്നത്. ചികിത്സാ സമയത്ത് ബന്ധപ്പെട്ട എംപാനൽഡ് ആശുപത്രിയിൽ കാർഡ് ഹാജരാക്കേണ്ടതാണ്.

ആവാസ് പദ്ധതിയുടെ ഗുണഭോക്താക്കളായ തൊഴിലാളികൾക്ക് പ്രതിവർഷം 15000 രൂപയുടെ ചികിത്സാ സഹായവും ജോലികൾക്കിടയിലുള്ള അപകടമരണത്തിന് 2,00,000 രൂപയുടെ ഇൻഷുറൻസ് ആനുകൂല്യവും ലഭിക്കുന്നതാണ്. അപകടമരണം സംഭവിച്ച തൊഴിലാളിയുടെ മരണ സർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ടിന്റെ പകർപ്പ് പ്രഥമവിവര റിപ്പോർട്ടിന്റെ പകർപ്പ് എന്നിവ ജില്ലാലേബർ ഓഫീസിൽ ഹാജരാക്കിയാൽ അന്വേഷണം നടത്തി മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്ക് അപകട ഇൻഷുറൻസ് തുക നൽകുന്നതാണ്.

### കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി 2010

അതിഥി തൊഴിലാളികളുടെ ക്ഷേമം ഉറപ്പാക്കുന്നതിനായി 2010 ൽ കേരള സർക്കാർ ആവിഷ്കരിച്ച പദ്ധതിയാണ് കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി. കേന്ദ്ര-കേരള സർക്കാരുകളിൽ നിന്നുള്ള ഏതെങ്കിലും തിരിച്ചറിയൽ രേഖയും 30 രൂപയുടെ രജിസ്ട്രേഷൻ ഫീസും നൽകി കേരള ബിൽഡിങ്ങ് ആന്റ് കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് നടപ്പിലാക്കുന്ന കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അതിഥി തൊഴിലാളികൾക്ക് രജിസ്റ്റർ ചെയ്യാവുന്നതാണ്. ഈ രജിസ്ട്രേഷൻ എല്ലാ വർഷവും പുതുക്കേണ്ടതാണ്.

### ചികിത്സാനുകൂല്യങ്ങൾ

പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾ സർക്കാർ ആശുപത്രികളിലും, ബോർഡ് അംഗീകരിച്ച ആശുപത്രികളിലും അഞ്ച് ദിവസത്തിൽ കുറയാതെ ഇൻ പേഷന്റായി പ്രവേശിക്കപ്പെടുമ്പോഴോ, പ്ലാസ്റ്റർ ഇടുന്നതിനായി ഔട്ട് പേഷന്റ് ആയി എത്തുമ്പോഴോ ആദ്യ അഞ്ച് ദിവസത്തേക്ക് 500 രൂപയും തുടർന്നുള്ള ദിവസങ്ങളിൽ 100 രൂപ വീതവും പരമാവധി 20000 രൂപയുടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്.

### അപകടമരണ ധനസഹായങ്ങൾ

പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് 2,00,000 രൂപയും രജിസ്റ്റർ ചെയ്യാത്ത

തൊഴിലാളികളാണെങ്കിൽ അവരുടെ ആശ്രിതർക്ക് 25,000 രൂപയുടെ ധനസഹായവും ലഭിക്കുന്നതാണ്. പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും അല്ലാത്തതുമായ തൊഴിലാളികൾക്ക് അപകടമരണം സംഭവിക്കുകയാണെങ്കിൽ അവരുടെ മൃതശരീരം സ്വദേശത്തേക്ക് കൊണ്ടുപോകുന്നതിനായി യഥാർഥ ചെലവ് തുകയോ, 50000 രൂപയിൽ അധികമാകാത്ത തുകയോ ഏതാണ് കുറവ് ആ തുക മരണപ്പെട്ട തൊഴിലാളിയുടെ ആശ്രിതർക്ക് ലഭിക്കുന്നതാണ്. പ്രസ്തുത ധനസഹായത്തിന് മതിയായ രേഖകൾ ഹാജരാക്കേണ്ടതാണ്.

### റിട്ടയർമെന്റ് ആനുകൂല്യങ്ങൾ

പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് അംഗത്വം പുതുക്കിക്കൊണ്ടിരിക്കുന്ന തൊഴിലാളികളിൽ കുറഞ്ഞത് അഞ്ചു വർഷത്തെ അംഗത്വമുള്ളവർക്ക് 25000 രൂപയും തുടർന്നുള്ള ഓരോ വർഷവും 1000 രൂപ നിരക്കിലും ഏറ്റവും കൂടിയത് 50000 രൂപ വരെയുള്ള റിട്ടയർമെന്റ് ആനുകൂല്യം ലഭിക്കുന്നതാണ്. അതിഥി തൊഴിലാളികളുടെ ക്ഷേമപദ്ധതികളെല്ലാം അതാത് ജില്ലാ ലേബർ ഓഫീസുമായി ബന്ധപ്പെട്ടാണ് പ്രവർത്തിക്കുന്നത്.

### അതിഥി തൊഴിലാളികളും പ്രാദേശിക സർക്കാരുകളും

ദുരിതാശ്വാസം, രോഗപ്രതിരോധം, സ്ഥിതിവിവരക്കണക്ക് ശേഖരണം, ദുർബല വിഭാഗങ്ങൾക്ക് ബോധവൽക്കരണം, ലൈസൻസുകൾ, അനുവാദങ്ങൾ തുടങ്ങിയ പൊതുചുമതലകൾ തദ്ദേശഭരണസ്ഥാപനങ്ങളിൽ നിക്ഷിപ്തമാണല്ലോ. അതുകൊണ്ടുതന്നെ അതിഥി തൊഴിലാളികളുടെ ക്ഷേമജീവിതത്തിൽ പ്രാദേശിക സർക്കാരുകൾക്ക് വലിയ ചുമതലകൾ നിർവഹിക്കാനുണ്ട്.

## 9.4 തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകൾ

- സ്റ്റേക്ക് ഹോൾഡർ ചർച്ച, വിവിധ വകുപ്പുകൾ, ജനപ്രതിനിധികൾ.
- ഡിപ്പാർട്ട്മെന്റുകൾ(ആരോഗ്യം, വിദ്യാഭ്യാസം, ഐസിഡിഎസ്) മാനസിക സാമൂഹ്യ സേവനങ്ങൾ നൽകുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും അവരുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും ചെയ്യുക.
- ഇവർക്ക് വൃത്തിയുള്ള വാസഗ്രഹവും, ശൗചാലയങ്ങളും ഉറപ്പു വരുത്തുക.
- ആരോഗ്യപരിപാലനം : ആരോഗ്യപരിശോധനയും അവബോധക്ലാസുകളും രോഗപരിരക്ഷയും; ഗുണനിലവാരമുള്ള മെഡിക്കൽ ക്യാമ്പുകളും ലഭ്യമാണോയെന്ന് ഉറപ്പു വരുത്തുക.
- എല്ലാകുട്ടികളും പ്രതിരോധ കുത്തിവെയ്പ്പ് എടുത്തിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.
- അങ്കണവാടിയിലും, മറ്റു പ്രി-സ്കൂളുകളിലും, സ്കൂളുകളിലും കുട്ടികളുടെ പ്രവേശനം ഉറപ്പുവരുത്തുക. ഇതിനായി സർവശിക്ഷാ അഭിയാന്റെ സേവനം ഉറപ്പുവരുത്തുക.
- സെറ്റിൽമെന്റ് മാപ്പിങ്ങ് – പശ്ചാത്തല സൗകര്യങ്ങളുടെ അവസ്ഥാ പഠനം.

- സ്ഥിതിവിവരശേഖരണം വാർഡ്തലം (ദ്വിതീയം). വികസന റിപ്പോർട്ട്, പദ്ധതിരേഖയിൽ ക്ഷേമത്തിന്റെ അധ്യായത്തിൽ അവസ്ഥാവിശകലനം ഉൾപ്പെടുത്തുക.
- ഭക്ഷ്യവിതരണം ഉറപ്പുവരുത്തുക.
- അഥിതി തൊഴിലാളികളുടെ രജിസ്ട്രേഷൻ വ്യക്തിപരമായും സ്ഥാപന തലത്തിലും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നടത്തുവാൻ കഴിയും.
- രജിസ്റ്റർ ചെയ്യുന്ന അതിഥി തൊഴിലാളിവ്യക്തികൾക്കും കുടുംബങ്ങൾക്കും റേഷൻ പോർട്ടബിലിറ്റി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഫലപ്രദമായി കൊണ്ടുവരാൻ കഴിയുന്നതാണ്.
- ദുരന്തകാലഘട്ടങ്ങളിൽ സഹായങ്ങളും പരിചരണസേവനങ്ങളും.
- കുട്ടികൾക്കും, ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും പോഷകാരോഗ്യപിൻതുണ.
- പ്രത്യേക ഗ്രാമസഭ/വാർഡ്സഭ.

### സ്റ്റാൻഡിങ്ങ് കമ്മിറ്റിയുടെ ചുമതലകൾ

സംസ്ഥാനത്ത് അതിഥി തൊഴിലാളി രജിസ്ട്രേഷൻ, പ്രത്യേക ക്ഷേമ പദ്ധതികൾ എന്നിവയുടെ നടത്തിപ്പ് ചുമതല ലേബർ ഡിപ്പാർട്ട്മെന്റിനാണ് നൽകിയിട്ടുള്ളത്. പ്രസ്തുത വകുപ്പുമായി കൂടിയാലോചന നടത്തുന്നതിനും പരിപാടികൾ ആസൂത്രണം ചെയ്യുന്നതിനും ഭരണസമിതി മുൻകൈ എടുക്കേണ്ടതാണ് (സ്റ്റേക്ക് ഹോൾഡർ മീറ്റിങ്ങ്). അതിഥി തൊഴിലാളികളുടെ ആവശ്യങ്ങൾ ഏതെങ്കിലും ഒരു സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ മാത്രം നിക്ഷിപ്തമല്ല. സാമൂഹ്യനീതി എന്ന മേഖല കണക്കിലെടുത്താൽ ക്ഷേമകാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചുമതല ഏറ്റെടുക്കുന്നതായിരിക്കും സൗകര്യപ്രദം. അതോടൊപ്പം ആരോഗ്യം, വിദ്യാഭ്യാസം, വികസനം എന്നീ സ്റ്റാൻഡിങ്ങ് കമ്മിറ്റികൾക്കും പല സേവനങ്ങളും ഉറപ്പുവരുത്താനാകും.

### അതിഥി തൊഴിലാളികൾക്കായുള്ള പ്രത്യേക ഗ്രാമസഭ/വാർഡ്സഭ

ഇതരസംസ്ഥാനങ്ങളിൽ നിന്നും എത്തിചേർന്ന് താമസിച്ച് ജോലിചെയ്തു വരുന്ന അതിഥി തൊഴിലാളികൾ കേരളസമൂഹത്തിന്റെ അവിഭാജ്യഘടകമായി മാറിയിട്ടുണ്ട്. എന്നാൽ പൊതുസമൂഹത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട നിലയിലാണ് അവർ കഴിഞ്ഞുപോരുന്നത്. അവരുടെ പ്രശ്നങ്ങൾ എങ്ങും ചർച്ചചെയ്യപ്പെടുന്നില്ല. ഇവിടെയാണ് ഇതരസംസ്ഥാനക്കാരായ അതിഥി തൊഴിലാളികൾക്കായുള്ള പ്രത്യേക ഗ്രാമ/വാർഡുസഭകളുടെ പ്രസക്തി. ഈ പ്രത്യേക ഗ്രാമസഭയിൽ അവരുടെ പ്രശ്നങ്ങൾ അവതരിപ്പിക്കാൻ അവസരം ലഭ്യമാകും. ഇതാകട്ടെ അതിഥി തൊഴിലാളികളെ സംബന്ധിച്ച് കൃത്യമായ കണക്കുകൾ ഉണ്ടാക്കുന്നതിന് സഹായകമാവുകയും ചെയ്യും.

### ഗ്രാമസഭ/വാർഡ് സഭ അംഗങ്ങൾ

തദ്ദേശഭരണസ്ഥാപനപ്രദേശത്തെ താമസക്കാരായ എല്ലാ അതിഥി തൊഴിലാളികളും

**നിർബന്ധമായും പങ്കെടുക്കേണ്ട ഉദ്യോഗസ്ഥരും, ക്ഷണിതാക്കളും**

ആരോഗ്യം, ഐസിഡിഎസ് (അങ്കണവാടി വർക്കർ), തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ, ആശാ വർക്കർമാർ തുടങ്ങിയവർ.

**പ്രത്യേക ഗ്രാമസഭ ആസൂത്രണം**

അതിഥിതൊഴിലാളി ഗ്രാമ/വാർഡ് സഭകൾ ആസൂത്രണം ഭരണസമിയിൽ നിക്ഷിപ്തമായിരിക്കും. പൊതുഗ്രാമസഭയുടേതുപോലെതന്നെയായിരിക്കണം ഈ ഗ്രാമസഭയും നടത്തേണ്ടത്. സംഘാടനവും, തിയതിയും, അനുബന്ധിച്ചുള്ള കാര്യങ്ങളും വാർഡ് മെമ്പർമാരുടെയും തൊഴിലാളികളുടെയും സൗകര്യം കണക്കിലെടുത്തുവേണം തീരുമാനിക്കാൻ. തൊഴിലാളികളുടെ എണ്ണത്തിനനുസൃതമായി തദ്ദേശഭരണസ്ഥാപനതലത്തിൽ സാധ്യതയുള്ളത്ര ഗ്രാമസഭകൾ ഏരിയ തിരിച്ച് കൂടുന്നതായിരിക്കും നല്ലത്. ഏറ്റവും കൂടുതൽ തൊഴിലാളികൾ താമസിക്കുന്ന ഇടത്തിനടുത്തായിരിക്കണം ഗ്രാമസഭ കൂടേണ്ടത്. പൊതുഗ്രാമസഭയിലേതുപോലെതന്നെ ഹാൾ, മൈക്ക്, കുടിവെള്ളം, ഇരിപ്പിടങ്ങൾ എന്നിവ സജ്ജീകരിച്ചിരിക്കണം. രജിസ്ട്രേഷനും മറ്റു കാര്യങ്ങളും പൊതുഗ്രാമസഭയ്ക്ക് സമാനമായിരിക്കണം. അതിഥിതൊഴിലാളികളുടെ ഭാഷകൾ വിവർത്തനം ചെയ്യുന്നതിനുള്ള സജ്ജീകരണങ്ങൾ മുൻകൂട്ടി ചെയ്തിരിക്കണം. തൊഴിലാളികളുടെ ഡാറ്റയും മറ്റു കാര്യങ്ങളും ഹ്രസ്വമായി എഴുതി അവതരിപ്പിക്കുന്നത് നന്നായിരിക്കും. വിവിധ വകുപ്പ് ഉദ്യോഗസ്ഥർ ശേഖരിച്ചിട്ടുള്ള വിവരങ്ങൾ ഇതിനായി ഉപയോഗിക്കാം. അധ്യക്ഷന്റെ ആമുഖവും കൺവീനറുടെ റിപ്പോർട്ടും കുടുതൽ പേർ സംസാരിക്കുന്ന ഭാഷയിൽ ആദ്യം വിവരിക്കേണ്ടതാണ്. അവരുടെ പ്രശ്നങ്ങളും, അവരിൽ നിന്നുതന്നെ പരിഹാരമാർഗങ്ങളും തേടേണ്ടതാണ്. പരിഹരിക്കാൻ പറ്റാത്ത കാര്യങ്ങൾ നിയമത്തിന്റെ സാധ്യത ഉപയോഗിച്ച് വ്യക്തത വരുത്തുന്നത് നന്നായിരിക്കും.

**ഫെസിലിറ്റേറ്റർ**

പൊതുഗ്രാമസഭയിലേതുപോലെ തന്നെ ഒരു ഫെസിലിറ്റേറ്റർ ഉണ്ടായിരിക്കുന്നത് നന്നായിരിക്കും. നിയോഗിക്കുന്ന വ്യക്തിക്ക് അവരുടെ ഭൂരിഭാഗം പേരുടെയും ഭാഷയും കൈകാര്യംചെയ്യാൻ പ്രാവീണ്യമുണ്ടായിരിക്കണം. ഇക്കാര്യം പ്രത്യേകം ശ്രദ്ധിക്കണം. ഗ്രാമസഭയിലുടനീളം ഫെസിലിറ്റേറ്ററുടെ റോൾ വളരെ വലുതായിരിക്കും. ഭരണസമിതി നൽകുന്ന സന്ദേശം തെറ്റായി വ്യാഖ്യാനിക്കാൻ അല്ലെങ്കിൽ വഴിമാറിപ്പോകാതിരിക്കാൻ ഫെസിലിറ്റേറ്റർ ശ്രദ്ധിക്കേണ്ടതാണ്.

**യോഗനടപടിക്രമങ്ങൾ**

വർഷത്തിൽ കുറഞ്ഞത് രണ്ട് പ്രത്യേക ഗ്രാമസഭകളെങ്കിലും അതിഥി തൊഴിലാളികൾക്കായി വിളിച്ചുചേർക്കേണ്ടതാണ്. അധ്യക്ഷപ്രസംഗം, റിപ്പോർട്ടിങ്ങ് എന്നിവയ്ക്കു ശേഷം ഒരു നിയന്ത്രിത പൊതുചർച്ച ആകാവുന്നതാണ്. പൊതുചർച്ചയ്ക്കുശേഷം പ്രസക്തമായ വിഷയത്തിൽ ഫെസിലിറ്റേറ്ററുടെ

നേതൃത്വത്തിൽ ഗ്രൂപ്പ് ചർച്ച നടത്തേണ്ടതാണ്. അതിൽ താഴെ പറയുന്ന വിഷയങ്ങൾ ഉൾപ്പെടുത്താൻ ശ്രദ്ധിക്കണം:

- വാസാവസ്ഥയും, സൗകര്യങ്ങളും (കിടപ്പുമുറി, അടുക്കള, ടോയ്‌ലറ്റ്, ജല ലഭ്യത, ശുചിത്വം)
- തൊഴിൽ, കൂലി, ബാങ്കിങ്ങ്, സേവിങ്ങ്സ്, ജോലിസമയം
- ആരോഗ്യപ്രശ്നങ്ങൾ, കുടുംബം, സ്ത്രീകൾ, കുട്ടികൾ, സ്കൂൾ, അങ്കണ വാടി തുടങ്ങിയവ
- സാംസ്കാരിക പ്രശ്നങ്ങൾ
- അവർ ഉന്നയിക്കാൻ സാധ്യതയുള്ള മറ്റു പ്രാദേശിക പ്രശ്നങ്ങൾ

ചർച്ചയ്ക്കു ശേഷം ഗ്രൂപ്പ് അവതരണം നടത്തേണ്ടതാണ്. ഭാഷയറിയാവുന്ന ഒരാൾ എഴുതി തയ്യാറാക്കിയ റിപ്പോർട്ടുകൾ അവതരിപ്പിക്കുക. നിർദേശ ങ്ങളും ശുപാർശകളും മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതാണ്. മിനിട്ട്സ് പൊതു നിർദേശപ്രകാരമാണ് രേഖപ്പെടുത്തേണ്ടത്.

### പ്രാദേശിക അതിഥിതൊഴിലാളി വികസനസമിതി

പ്രത്യേക ഗ്രാമസഭയിൽ നിന്നും പ്രാദേശിക വികസന സമിതി പ്രതിനിധി കളെ തിരഞ്ഞെടുക്കേണ്ടതാണ്. ഇപ്രകാരം എല്ലാ വാർഡിനെയും പ്രതിനി ധീകരിക്കുന്ന വികസനസമിതി അംഗങ്ങളുടെ യോഗം ചേർന്ന് തദ്ദേശഭരണ സ്ഥാപനതലത്തിൽ ഒരു ഉപസമിതി രൂപീകരിക്കേണ്ടതാണ്. ഈ സമിതി യായിരിക്കും അതിഥിതൊഴിലാളികളുടെ പ്രാതിനിധ്യസഭയായി പ്രവർത്തി ക്കുക. ഈ ഉപസമിതി അംഗങ്ങൾക്ക് വികസന സെമിനാറിൽ പങ്കെടുക്കു ന്നതിനും, അവർക്കായുള്ള പ്രോജക്ടുകൾ എന്തെന്ന് അറിയുന്നതിനും ചർച്ച ചെയ്യുന്നതിനും അവസരമൊരുക്കേണ്ടതാണ്.

> അതിഥി തൊഴിലാളി ഗ്രാമസഭ മുളങ്കുന്നത്തുകാവ് ഗ്രാമപ്പഞ്ചായത്ത് പരിധി യിലെ അതിഥി തൊഴിലാളികൾക്കുവേണ്ടിയുള്ള ഗ്രാമസഭ പഞ്ചായത്തിന്റെ നേതൃത്വത്തിൽ കിലയുടെ സഹകരണത്തോടെ സംഘടിപ്പിച്ചു. അതിഥി തൊഴിലാ ളികളായ 100ൽ പരം ആളുകൾ പങ്കെടുത്ത പരിപാടിയിൽ അവരുടെ പ്രശ്ന ങ്ങളും, പരാതികളും, ആവശ്യങ്ങളും ചർച്ച ചെയ്തു. നിരവധി ആവശ്യങ്ങളാണ് ചർച്ചയിൽ ആവശ്യപ്പെട്ടതെങ്കിലും താമസ സൗകര്യമാണ് പ്രധാനമായും ഉന്ന യിക്കപ്പെട്ടത്. അവരുടെ ആരോഗ്യ പ്രശ്നങ്ങളും താമസസൗകര്യങ്ങളിലെ ശുചിത്വവും ചർച്ചയിൽ വന്നു. പഞ്ചായത്ത് പരിധിയിലെ അതിഥി തൊഴിലാ ളികൾക്കുവേണ്ടിയുള്ള മെഡിക്കൽ ക്യാമ്പ് പൂമല പ്രാഥമിക ആരോഗ്യ കേന്ദ്ര ത്തിന്റെ നേതൃത്വത്തിൽ നടത്തിവരുന്നു. പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ അതിഥി തൊഴിലാളികൾ താമസിക്കുന്ന സ്ഥലങ്ങളിൽ നേരിട്ട് പോയി അവരുടെകൂടെ സഹകരണത്തോടെ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. പഞ്ചായത്ത് പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ, പഞ്ചായത്ത് സെക്രട്ടറി എന്നിവർ പങ്കെടുത്തു.

### പ്രവർത്തനങ്ങളുടെ തുടർ നടത്തിപ്പും ഇടപെടലുകളും

പൗരരെന്ന നിലയിൽ അവരുടെ അവകാശങ്ങളും ക്ഷേമവും ഉറപ്പുവരുത്തുന്നതിന് അവരുടെ നിർദേശങ്ങൾ കൂടി പരിഗണിക്കപ്പെടേണ്ടതാണ്. അതുകൊണ്ട് ഈ വിഭാഗത്തിന്റെ നിർദേശങ്ങൾ കമ്മിറ്റിയിൽ ചർച്ച ചെയ്യുകയും പരമാവധി സേവനങ്ങൾ അവർക്ക് ഉറപ്പാക്കുവാനും കഴിഞ്ഞാൽ അവരുടെ കൂടി സന്നദ്ധസേവനങ്ങൾ പ്രാദേശികവികസനത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ഉപയുക്തമാക്കാനുള്ള അവസരം സൃഷ്ടിക്കപ്പെടും എന്നതിന് സംശയമില്ല.

അധ്യായം - 10

# സാമൂഹ്യനീതിയും പോഷണസുരക്ഷയും

## ഉള്ളടക്കം


| | | |
|---|---|---|
| 10.1 | പോഷണസുരക്ഷയുടെ പ്രാധാന്യം | 204 |
| 10.2 | പോഷണപ്രശ്നങ്ങൾ പരിഹാരങ്ങൾ | 209 |
| 10.3 | തദ്ദേശസ്ഥാപനങ്ങളും പോഷണാരോഗ്യവും | 217 |

## 10.1 പോഷണസുരക്ഷയുടെ പ്രാധാന്യം

കേരളം പല രംഗങ്ങളിലും മാതൃകകൾ സൃഷ്ടിക്കുകയും ആരോഗ്യ സൂചകങ്ങളിൽ മുന്നിലെത്തുകയും ചെയ്തിട്ടുണ്ടെങ്കിലും പോഷണവുമായി ബന്ധപ്പെട്ട രണ്ട് രംഗങ്ങളിൽ വെല്ലുവിളികൾ നേരിടുന്നുണ്ട്. ന്യൂന പോഷണവും അമിതപോഷണവുമാണവ. കേരളത്തിന്റെ പോഷണ നിലവാരം ജനതയുടെ നിലവിലെ ആരോഗ്യസ്ഥിതി മാത്രമല്ല ഭാവിതലമുറയുടെ ആരോഗ്യ നിലവാരത്തെയും ഗണ്യമായി സ്വാധീനിക്കുന്നുണ്ട്. ന്യൂന പോഷണമെന്നാൽ വേണ്ടത്ര അളവിലുള്ള പോഷകങ്ങളുടെ അപര്യാപ്തതയാലോ അവയുടെ ലഭ്യതയില്ലായ്മയാലോ ശാരീരിക പ്രക്രിയയിലെ തകരാറുകൾ മൂലമോ ഉണ്ടാകുന്നതാണ്.

ഈ പ്രശ്നങ്ങൾ വിവിധ വിഭാഗങ്ങളെ വ്യത്യസ്തമായ അളവിലാണ് ബാധിക്കുന്നത്. കുട്ടികൾ, പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങൾ, എച്ച്ഐവി ബാധിതർ തുടങ്ങിയവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പോഷണമൂല്യമുള്ള ഭക്ഷണമാണ് പാരിസ്ഥിതിക സമ്മർദങ്ങളിൽ നിന്നും രോഗങ്ങളിൽ നിന്നും രക്ഷനേടുന്നതിന് വ്യക്തികൾക്ക് ശേഷി നൽകുന്നത്. വൈദ്യശാസ്ത്ര പഠനങ്ങൾ ഉയർന്ന രോഗനിരക്കിനും മരണങ്ങൾക്കും കാരണം പോഷകാഹാരക്കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതോടൊപ്പം കുട്ടികളുടെ ബുദ്ധിസാമർഥ്യക്കുറവുകൾക്കും വൈജ്ഞാനിക ശേഷിക്കുറവിനും കാരണം പോഷണക്കുറവാണെന്നതും വ്യക്തമാക്കിയിട്ടുണ്ട്. ദാരിദ്ര്യത്തിന്റെ ദൂഷിത വലയം ദേശീയ പോഷണനയത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് സൂചിപ്പിക്കുന്നത് ദാരിദ്ര്യം ഇല്ലാതാക്കുന്നതിൽ ഏറ്റവും പ്രധാന ഘടകം ജീവിതാരംഭം മുതൽ പോഷണ ദാരിദ്ര്യം ഇല്ലാതാക്കുക എന്നതാണ്.

### പോഷണനയം

ജീവിത ചക്രത്തിന്റെ എല്ലാ പ്രായഘടകത്തിലെയും ആരോഗ്യപോഷണ ഘടകങ്ങളെ പരിപോഷിപ്പിക്കാനും പരിശോധിക്കാനും പര്യാപ്തമായ ഒരു ചട്ടക്കൂടാണ് കേരളസംസ്ഥാന പോഷണനയം വിഭാവനം ചെയ്യുന്നത്. അപോഷണമില്ലാത്ത ജനത എന്നതാണ് നമ്മുടെ പ്രഖ്യാപിത നയം. എല്ലാവിധത്തിലുള്ള ന്യൂനപോഷണങ്ങളും ഒരു നിശ്ചിത കാലയളവിനുള്ളിൽ നിർമാർജനം ചെയ്യുകയും ജനിക്കുന്ന ഓരോരുത്തരുടെയും പരമാവധി വളർച്ച ഉറപ്പാക്കുകയും ചെയ്യുകയാണ് ഈ നയത്തിന്റെ ഉദ്ദേശം.

ശാരീരിക പ്രവർത്തനങ്ങൾക്കാവശ്യമായ പോഷകങ്ങളെല്ലാം ശരിയായ അളവിലും കൃത്യമായ അനുപാതത്തിലും (സമീകൃതാഹാരം) ലഭിക്കുമ്പോഴേ മാനസികവും ശാരീരികവുമായ ക്ഷേമം സാധ്യമാകൂ. ഇത്തരം പോഷകങ്ങളുടെ അഭാവമോ (ന്യൂനപോഷണം) ആധിക്യമോ (അമിതപോഷണം) മൂലം ജനങ്ങൾ ആരോഗ്യരംഗത്ത് നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. ഇതിനു പുറമേ മൈക്രോന്യൂട്രിയന്റുകളുടെ (വിറ്റാമിനുകളും, മിനറലുകളും) അഭാവം മൂലം ഉണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങളും നിരവധിയാണ്.

ഉദാഹരണം - 1. ന്യൂനപോഷണം - കുട്ടികളിലുണ്ടാകുന്ന വളർച്ചാ മുരടിപ്പ്

2. അമിതപോഷണം - അമിതവണ്ണം, ജീവിതശൈലീരോഗങ്ങൾ

3. വിറ്റാമിനുകളും, മിനറലുകളും കുറഞ്ഞാൽ -വിളർച്ച, നിശാന്ധത

ഇപ്രകാരം കേരളത്തിന്റെ പോഷണാരോഗ്യ പ്രശ്നങ്ങളെ മൂന്നായി തരം തിരിച്ചിട്ടുണ്ട്.

1. ന്യൂനപോഷണവും വിളർച്ചയും
2. അമിതപോഷണവും അമിതവണ്ണവും
3. കുട്ടികളുടെയും മുതിർന്ന പൗരരുടെയും ഭക്ഷണ-പോഷണവൈകല്യങ്ങൾ.

ലോകാരോഗ്യ സംഘടനയുടെ കണക്കുപ്രകാരം പോഷകകുറവ് നേരിടുന്ന കുട്ടികൾ മൂന്നിലൊന്ന് ഇന്ത്യയിലാണ്. ആഗോള പട്ടിണി സൂചകം അനുസരിച്ച് ഇന്ത്യയുടെ നിലവാരം പരമദരിദ്ര രാഷ്ട്രങ്ങൾക്കൊപ്പമാണ്. ഉയർന്ന വിദ്യാഭ്യാസവും ആരോഗ്യനിലവാരവും പുലർത്തുന്ന കേരളത്തിലെ കുട്ടികളുടെ അവസ്ഥയും അത്ര മെച്ചമല്ല എന്നതാണ് സത്യം.

### വിവിധ പ്രായങ്ങളിൽ ആവശ്യമായ പോഷകങ്ങൾ

| വിഭാഗം | ലഭിക്കേണ്ട ഘടകം | ഗുണം | ഭവിഷത്തുകൾ |
|---|---|---|---|
| ശിശുക്കൾ | മുലപ്പാൽ, ഊർജദായക ഭക്ഷണം (അന്നജം, കൊഴുപ്പ്) | ശരിയായ വളർച്ചയ്ക്കും ആരോഗ്യത്തിനും | വളർച്ചമുരടിപ്പ് |
| കുട്ടികൾ | ഊർജ സമ്പന്നവും മാംസ്യങ്ങളും വിറ്റാമിനുകളും മിനറലുകളും | ശാരീരിക വളർച്ചയ്ക്ക്, രോഗപ്രതിരോധശേഷി വർധിപ്പിക്കുന്നു | വളർച്ചമുരടിപ്പ്, കായികക്ഷമതകുറവ്, പഠനനിലവാരക്കുറവ് |
| കൗമാരക്കാർ | മാംസ്യങ്ങളും വിറ്റാമിനുകളും മിനറലുകളും | പ്രത്യുൽപാദനഘട്ടത്തിൽ അത്യന്താപേക്ഷിതം | മുരടിപ്പ്, വിളർച്ച |
| മുതിർന്നവർ | ആർഡിഎ പ്രകാരം | ശാരീരിക പ്രവർത്തനങ്ങൾ ശരിയായി നടക്കുന്നതിന് | ക്ഷീണം, കാര്യക്ഷമത കുറവ് |
| ഗർഭിണികൾ | അധിക മാംസ്യം, കലോറി, വിറ്റാമിനുകൾ, മിനറലുകൾ (ഇരുമ്പ്, ഫോളിക്ക് ആസിഡ്, കാൽസ്യം | ഗർഭസ്ഥശിശുവിന്റെ ശരിയായ വളർച്ചയ്ക്കും, അമ്മയുടെ ആരോഗ്യത്തിനും | വിളർച്ച, ഗർഭാവസ്ഥയിലും, പ്രസവസമയത്തും ഉണ്ടാകുന്ന സങ്കീർണതകൾ |

| | | | |
|---|---|---|---|
| മുലയൂട്ടുന്ന അമ്മമാർ | അധിക മാംസ്യം, കലോറി, വിറ്റാമിനുകൾ, മിനറലുകൾ (ഇരുമ്പ്, ഫോളിക്ക് ആസിഡ്, കാൽസ്യം | അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യത്തിനും, മുലപ്പാലിന്റെ ഉൽപാദനത്തിനും | നവജാതശിശുക്കൾക്ക് രോഗ പ്രതിരോധ ശേഷിക്കുറവ്, അമ്മമാർക്ക് വിളർച്ച, എല്ല് തേയ്മാനം |
| പ്രായമായവർ | പോഷകസമൃദ്ധമായ കൊഴുപ്പ് കുറഞ്ഞ ഭക്ഷണങ്ങൾ | ശാരീരികക്ഷമതയ്ക്കും, ആരോഗ്യത്തിനും | പ്രവർത്തനക്ഷമതക്കുറവ്, ആരോഗ്യക്കുറവ് |

**കേരളത്തിലെ പോഷണാരോഗ്യ സ്ഥിതികൾ**

| നിർണായക ഘടകം | 92-93 NFHS -1 | 1999 NFHS -2 | 2006 NFHS -3 | 2015 |
|---|---|---|---|---|
| വളർച്ച മുരടിപ്പ് | 25 | 22 (0.5%) | 17.8 | 12.5 (0.6%) |
| പേശീ ശോഷണം | 13 | 11 (0.3%) | 9.04 | 6.5 (0.4%) |
| തൂക്കക്കുറവ് | 27 | 27 (nc) | 21.4 | 13.5 (0.8%) |

നാട്ടിൽ നിലവിലുള്ള ഭക്ഷണരീതികളും ഗർഭിണി കഴിക്കേണ്ടുന്ന ഭക്ഷണ പദാർഥങ്ങളെകുറിച്ചുള്ള അന്ധവിശ്വാസങ്ങളും മൂലം ഗർഭിണികൾക്ക് ആവശ്യത്തിനുള്ള പോഷണം ലഭിക്കുന്നില്ല. ഇലക്കറികളും, പച്ചക്കറികളും വേണ്ടത്ര കഴിക്കാത്തതിനാൽ ആവശ്യത്തിനുള്ള വിറ്റാമിനുകളും (ഫോളിക്ക് ആസിഡ്) ഇരുമ്പും ലഭിക്കാത്തതുമൂലമുള്ള വിളർച്ചാരോഗം വ്യാപകമാണ്. അരിഭക്ഷണത്തിന്റെ കൂടെ പയറുവർഗത്തിൽപ്പെട്ട കറികൾ ചേർത്താൽ ആവശ്യത്തിന് പ്രോട്ടീൻ ചെലവ് കുറഞ്ഞരീതിയിൽ ലഭിക്കുന്നതാണ്. കുഞ്ഞിനാവശ്യമായ മുലപ്പാൽ നിർമിക്കുന്നതിലൂടെ ഒരു ദിവസം 600 കിലോ കലോറി ഊർജം അമ്മയ്ക്ക് നഷ്ടമാകുന്നുണ്ട്. ഈ നഷ്ടം നികത്തുന്നതിന് കൂടുതൽ ഊർജദായകമായ ഭക്ഷണപദാർഥങ്ങൾ അമ്മക്ക് നൽകേണ്ടതാണ്.

**ICMR 2010-ൽ ഇന്ത്യക്കാർക്കായി ശുപാർശചെയ്ത ഭക്ഷണ ഊർജ ആവശ്യപട്ടിക (RDA) - ഊർജം, മാംസ്യം, കൊഴുപ്പ്, മിനറൽസ്.**

| ഗ്രൂപ്പ് | വിഭാഗം/ പ്രായം | ശരീരഭാരം Kg | പ്രതിദിന ആവശ്യ ഊർജം (k.cal/d) | മാംസ്യം (ഗ്രാം) | ഫാറ്റ് (ഗ്രാം) | കാത്സ്യം (മി.ഗ്രാം) | അയേൺ (മി.ഗ്രാം) | സിങ്ക് (മി. ഗ്രാം) | മഗ്നീഷ്യം (മി.ഗ്രാം) |
|---|---|---|---|---|---|---|---|---|---|
| ആൺ | സ്വസ്ഥമായ പ്രവർത്തനങ്ങൾ | 60 | 2320 | 60.0 | 25 | 600 | 17 | 12 | 340 |
| | സാധാരണ ജോലി | 2730 | 30 | | | | | | |
| | ആയാസമുള്ള ജോലി | 3490 | 40 | | | | | | |
| പെൺ | സ്വസ്ഥമായ പ്രവർത്തനങ്ങൾ | 55 | 1900 | 55.0 | 20 | 600 | 21 | 10 | 310 |
| | സാധാരണ ജോലി | 2230 | 25 | | | | | | |
| | ആയാസമുള്ള ജോലി | 2850 | 30 | | | | | | |
| | ഗർഭിണികൾ | +350 | 78 | 30 | 1200 | 35 | 12 | | |
| | മുലയൂട്ടുന്നഅമ്മ(0-6) | +600 | 74 | 30 | 1200 | 21 | | | |
| | ,, (6-12) | +520 | 68 | 30 | | | | | |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| ശിശുക്കൾ | 0–6 മാസം | 5.4 | 920 | 1.16 | – | 500 | 46 | – | 30 |
| | 6–12 മാസം | 8.4 | 100/KG | 1.69 | 19 | 05 | – | 45 | |
| കുട്ടികൾ (ആൺ, പെൺ) | 1–3 വയസ്സ് | 12.9 | 1060 | 16.7 | 27 | 600 | 09 | 5 | 50 |
| | 4–6 വയസ്സ് | 18.0 | 1350 | 20.1 | 25 | 13 | 7 | 70 | |
| | 7–9 വയസ്സ് | 25.1 | 1690 | 29.5 | 30 | 16 | 8 | 100 | |
| ആൺകുട്ടികൾ | 10–12 വയസ്സ് | 34.3 | 2190 | 39.9 | 35 | 800 | 21 | 9 | 120 |
| പെൺ കുട്ടികൾ | 10–12 വയസ്സ് | 35.0 | 2010 | 40.4 | 35 | 800 | 27 | 9 | 160 |
| ആൺകുട്ടികൾ | 13–15 വയസ്സ് | 47.6 | 2750 | 54.3 | 45 | 800 | 32 | 11 | 165 |
| പെൺകുട്ടികൾ | 13–15 വയസ്സ് | 46.6 | 2330 | 51.9 | 40 | 800 | 27 | 11 | 210 |
| ആൺകുട്ടികൾ | 16–17 വയസ്സ് | 55.4 | 3020 | 61.5 | 50 | 800 | 28 | 12 | 195 |
| പെൺ കുട്ടികൾ | 16–17 വയസ്സ് | 52.1 | 2440 | 55.5 | 35 | 800 | 26 | 12 | 235 |

### 10.2 പോഷണപ്രശ്നങ്ങളും പരിഹാരങ്ങളും

പ്രധാന പോഷണപ്രശ്നങ്ങൾ താഴെ പറയുന്നവയാണ്:

- ന്യൂന പോഷണജന്യ രോഗങ്ങൾ
- മാംസ്യഊർജ ന്യൂനപോഷണം
- ഭക്ഷ്യനാരുകളുടെ അഭാവം
- ഇരുമ്പ് സത്തിന്റെ കുറവ്
- വൈറ്റമിൻ എ യുടെ കുറവ്
- ഐഡിന്റെ കുറവ്
- കുറഞ്ഞ ജനനഭാരം
- കാലികമായ ഭക്ഷണ ദാരിദ്ര്യം
- പ്രകൃതി ദുരന്ത ദാരിദ്ര്യം
- തെറ്റിദ്ധാരണകൾ, അന്ധവിശ്വാസങ്ങൾ
- പാർശ്വവൽകൃത സമൂഹങ്ങളുടെ പ്രശ്നങ്ങൾ
- അമിത പോഷണവും വണ്ണക്കൂടുതലും

**ആരോഗ്യം പോഷണം**

ആരോഗ്യം– ആരോഗ്യമെന്നാൽ കേവലം രോഗമോ ബലഹീനതയോ ഇല്ലാത്ത അവസ്ഥ മാത്രമല്ല, മറിച്ച് സമ്പൂർണ ശാരീരിക, മാനസിക, സാമൂഹിക സുസ്ഥിതിയാണ്.

പചനം – കഴിക്കുന്ന ഭക്ഷണത്തെ ദഹിപ്പിച്ച് അതിൽ അടങ്ങിയിരിക്കുന്ന എല്ലാ ഘടകങ്ങളും ആഗീകരണം ചെയ്ത് ശരീരത്തിന് ഉപയോഗപ്രദമാക്കുകയും അവശിഷ്ടങ്ങളെ പുറന്തള്ളുകയും ചെയ്യുന്ന പ്രക്രിയയാണ് പചനം (ദഹനം).

പോഷകഘടകങ്ങൾ – ആഹാരത്തിൽ വിവിധ പോഷക ഘടകങ്ങൾ അടങ്ങിയിരിക്കുന്നു. ഇത് മതിയായ അളവിൽ ലഭ്യമാക്കേണ്ടതുണ്ട്. ശരീരത്തിനാവശ്യമായ ആറ് പോഷകഘടകങ്ങൾ – ശുദ്ധജലം, അന്നജം, മാംസ്യം, കൊഴുപ്പ്, ജീവകങ്ങൾ, ധാതുലവണങ്ങൾ

**മുലയൂട്ടുന്ന അമ്മമാരുടെ ആരോഗ്യപോഷണ പരിപാലനം**

**മുലയൂട്ടുന്ന അമ്മമാർ ശീലമാക്കേണ്ട ഭക്ഷണരീതി – ലാക്ടോ ഗോഗസ് ഭക്ഷണക്രമം**

കാൽസ്യം ധാരളമടങ്ങിയ പാൽ, പാലുൽപന്നങ്ങൾ, ചെറുമത്സ്യങ്ങൾ, കടൽ മത്സ്യങ്ങൾ, വെളുത്തുള്ളി, ഉലുവ, ഇലക്കറികൾ ഇവ നിത്യേന മുലയൂട്ടുന്ന അമ്മമാർ ഭക്ഷണത്തിൽ ഉൾപ്പെടുത്തുക വഴി പാലുൽപാദനം മികച്ച രീതിയിൽ നടക്കുന്നു. ഇതിനുപുറമേ ആവശ്യത്തിന് വെള്ളം കുടിച്ചാൽ മാത്രമേ പാൽ ആവശ്യത്തിന് ഉൽപാദിപ്പിക്കപ്പെടുകയുള്ളു.

- സാധാരണ കഴിക്കുന്നതിൽ നിന്നും കൂടുതൽ ഒരു തവണയെങ്കിലും പോഷകസമൃദ്ധമായ ഭക്ഷണം പാലൂട്ടുന്ന അമ്മയ്ക്ക് ആവശ്യമാണ്.
- മുലയൂട്ടുന്ന അമ്മ കുഞ്ഞിന് ആവശ്യമായ മുലപ്പാൽ ഉൽപ്പാദിപ്പിക്കുന്ന തിനും തന്റെതന്നെ പോഷണാവശ്യത്തിനും ധാരാളം പോഷകപ്രദായക മായ ഭക്ഷണങ്ങൾ കഴിക്കേണ്ടതാണ്.
- മുലയൂട്ടുന്ന അമ്മ പാനീയങ്ങൾ ധാരാളം കുടിക്കേണ്ടതാണ്.
- ഉയർന്ന ഊർജമുള്ളതും നെയ്യ്, അണ്ടിപരിപ്പ് തുടങ്ങിയവ കൂടിയ അളവിൽ കഴിക്കുന്നത് മുലയൂട്ടുന്ന അമ്മയുടെ തൂക്ക വർധനവിന് സഹായിക്കും.
- തന്റെ ശരീരത്തിൽ ശേഖരിക്കപ്പെട്ട പോഷകങ്ങൾ പാലുൽപ്പാദനത്തിന് ഉപയോഗിക്കുന്നതിനാൽ ആവശ്യത്തിന് പോഷകമുള്ള ഭക്ഷണം കഴിച്ചില്ലാ യെങ്കിൽ അത് അമ്മയുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കും.

**സാർവത്രിക മുലയൂട്ടൽ**

പ്രസവശേഷം ആദ്യത്തെ ഒന്നുരണ്ട് ദിവസങ്ങളിൽ ഉൽപാദിക്കുന്ന മുല പ്പാലിനെ കൊളസ്ട്രം എന്ന് പറയുന്നു. ഇത് വളരെ പോഷകസമ്പൂർണ വും വേഗത്തിൽ ദഹിക്കുന്നതുമാണ്. ഈ പാൽ രോഗപ്രതിരോധശക്തി വർധിപ്പിക്കുന്നു. മുലപ്പാൽ പോഷകസമ്പൂർണമായതിനാൽ 6 മാസം വരെ കുഞ്ഞിന് അത് മാത്രം നൽകിയാൽ മതിയാകും. 6 മാസം മുതൽ മുല പ്പാലിനൊപ്പം പാതി ഖരരൂപത്തിലുള്ളതും പോഷകസമ്പൂർണവുമായ മറ്റ് ആഹാര പദാർഥങ്ങളും നൽകിത്തുടങ്ങുക. മുലപ്പാൽ നൽകാൻ കഴി യുന്നതുവരെ നൽകാവുന്നതാണ്. ഇത് അമ്മയും കുഞ്ഞും തമ്മിലുള്ള ബന്ധം സുദൃഢമാക്കുന്നതിനും അമ്മയുടെ രോഗങ്ങൾ തടയുന്നതിനും സഹായിക്കും

കുഞ്ഞിന്റെ തലച്ചോറിന്റെ 90% വളർച്ചയും രണ്ട് വയസ്സിനുള്ളിൽ നടന്നി രിക്കും; നാലു വയസ്സോടെ ഏകദേശം പൂർത്തിയാകുകയും ചെയ്യും. പ്രായ പൂർത്തിയായ അവസ്ഥയിൽ ഉണ്ടാകുന്നതിന്റെ 25% ഉയരവും 50% ഭാരവും നേടുന്നത് കൗമാരത്തിലാണ്. ദ്രുതഗതിയിലുള്ള വളർച്ചയെ സഹായിക്കാ നായി ഈ ഘട്ടത്തിൽ നല്ല പോഷകാഹാരം ധാരാളമായി ഇവർക്കാവശ്യ മാണ്. എന്നാൽ കേരളത്തിൽ കൗമാരക്കാരിൽ 40% പെൺകുട്ടികളിലും പോഷകകുറവ്മൂലമുള്ള വിളർച്ച കാണപ്പെടുന്നു.

### വളർച്ചാ നിരീക്ഷണ ചാർട്ട്

- പ്രായത്തിനനുസരിച്ചുള്ള വളർച്ചാ സൂചികകളായ ഭാരം, പൊക്കം എന്നിവ കൃത്യമായ ഇടവേളകളിൽ അളന്ന് തിട്ടപ്പെടുത്തി നിരീക്ഷിക്കുന്ന നിരന്തര പ്രക്രിയയെ വളർച്ചാ നിരീക്ഷണം എന്ന് പറയുന്നു.
- വളർച്ചാ നിരക്കിലുള്ള അപാകത കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും അതിനനുസൃതമായ സത്വരവും ഫലപ്രദവുമായ നടപടികൾ സ്വീകരി ക്കുന്നതിനും സാധിക്കുന്നു.

- ജനനം മുതൽതന്നെ വളർച്ചാ നിരീക്ഷണം ആരംഭിക്കണം.
- പ്രായത്തിനനുസരിച്ചുള്ള തൂക്കം എന്ന സൂചിക ഉപയോഗിച്ച് കുട്ടിയുടെ വളർച്ച വിശകലനം ചെയ്യുന്നതിനുള്ള ഉപാധിയാണ് വളർച്ചാ നിരീക്ഷണ ചാർട്ട്. ഇത് കുട്ടിയുടെ വളർച്ചാരീതി മനസ്സിലാക്കുന്നതിനുള്ള ദൃശ്യരേഖ യാണ്.
- കുട്ടികളിലെ ന്യൂനപോഷണ തീവ്രത, അനുപൂരക പോഷകാഹാരത്തിന് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, അമ്മമാർക്ക് ആരോഗ്യപോഷണ വിദ്യാഭ്യാസം എന്നീ പ്രവർത്തനങ്ങൾക്ക് വളർച്ചാനിരീക്ഷണ ചാർട്ട് സഹാ യിക്കുന്നു.
- ഒരു വയസ്സ് കഴിഞ്ഞ കുട്ടികൾക്ക് 6 മാസത്തിലൊരിക്കൽ നിർബന്ധമായും വിരയിളക്കേണ്ടതാണ്. അല്ലാത്തപക്ഷം വിളർച്ചയ്ക്ക് കാരണമാകുന്നു.
- അയേൺഗുളികകളും, കാൽസ്യം ഗുളികകളും ഓരേസമയം കഴിക്കാൻ പാടില്ല. കാൽസ്യം അയേണിന്റെ ആഗിരണം തടയുന്നതിനാലാണിത്
- വിറ്റാമിൻ സി അടങ്ങിയ പഴവർഗങ്ങളും, ജൂസുകളും അയേൺ അടങ്ങിയ ഭക്ഷണത്തോടൊപ്പം കഴിക്കുകയാണെങ്കിൽ അയേണിന്റെ ആഗിരണം ത്വരിതപ്പെടും.
- പഴവർഗങ്ങൾ പഴച്ചാറായി കഴിക്കുന്നതിനേക്കാൾ നല്ലത് മുഴുവനായി കഴിക്കുന്നതാണ്. ഇത് വഴി പഴവർഗങ്ങളിൽ അടങ്ങിയിട്ടുള്ള നാരുകളും, മറ്റു പോഷണങ്ങളും നഷ്ടമാകാതെ ലഭിക്കുന്നു.
- കാൽസ്യത്തിന്റെ ആഗിരണത്തെ വിറ്റാമിൻ ഡി സഹായിക്കുന്നു. സൂര്യ പ്രകാശത്തിൽ നിന്ന് വിറ്റാമിൻ ഡി ലഭിക്കും.
- വിറ്റാമിൻ സി അടങ്ങിയ ഭക്ഷണങ്ങൾ (ഉദാ- പുളിപ്പുള്ള പഴവർഗങ്ങൾ) ചൂടാക്കരുത്. ചൂടാക്കിയാൽ വിറ്റാമിൻ സി നഷ്ടപ്പെടുന്നു.

**ബോഡിമാസ് ഇൻഡെക്സ് കണ്ടുപിടിക്കാൻ**

**ശരീരഭാരവും ഉയരവും അളക്കുക**

ശരീരഭാരത്തെ ഉയരം മീറ്ററായി കണക്കാക്കി സ്ക്വയർ ചെയ്ത് ഹരി ക്കുക - കിട്ടുന്ന ഫലമായിരിക്കും ബോഡിമാസ് ഇൻഡക്സ്

ഉദാ - ശരീരഭാരം - 50 കി.ഗ്രാം, ഉയരം 1.5 മീറ്റർ

50 ഹരിക്കണം (1.5 X 1.5) = ബിഎംഐ 22.22

കിട്ടുന്ന ബിഎംഐ 24 ൽ കൂടുതലാണെങ്കിൽ (സ്ത്രീകൾക്ക്) അമി തവണ്ണമായി കണക്കാക്കും. പുരുഷന്മാർക്ക് 25 ൽ കൂടുതൽ ആണെ ങ്കിൽ അമിതവണ്ണമായി കണക്കാക്കാം.

## നിലവിലുള്ള പോഷണ സുരക്ഷാ പരിപാടികൾ

| ക്ര.നം | പരിപാടികൾ | സേവനം ലഭിക്കുന്നവർ | നടത്തിപ്പ് ചുമതല |
|---|---|---|---|
| 1 | ഗർഭിണി കൾക്കും ശിശുക്കൾക്കും | അങ്കണവാടി പോഷകാഹാരം ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്കു പ്രി-സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണം കൗമാരക്കാരായ പെൺകുട്ടികൾക്ക് | തദ്ദേശഭരണസ്ഥാപ നങ്ങൾക്ക് |
| 2 | സ്കൂൾ ഉച്ച ഭക്ഷണ പരിപാ ടിയും ശുചിത്വ പരിപാടികളും | സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ ഏഴാംക്ലാസുവരെയുള്ള കുട്ടികൾക്ക് ആനുപാതിക ടോയലറ്റുകൾ, അടുക്കള ശുചിത്വം, കുടിവെള്ളം | വിദ്യാഭ്യാസ വകുപ്പ് തദ്ദേശ സർക്കാർ വക ധനസഹായം, മോണിറ്ററിങ്ങ് തദ്ദേ ശഭരണസ്ഥാപന ങ്ങൾക്ക് |
| 3 | ഹൈസ്കൂൾ വിദ്യാർഥികൾ ക്ക് | തദ്ദേശഭരണസ്ഥാപനങ്ങൾ പൊതുജന പങ്കാളിത്തത്തോ ടെ | |
| 4 | പൊതുഭക്ഷ്യവി തരണം | പരമദരിദ്രർക്കുള്ള സൗജന്യ റേഷൻ | പൊതുവിതരണ വകുപ്പ് തദ്ദേശഭരണ സ്ഥാപന വിജിലൻ സ് കമ്മിറ്റി മോണി റ്ററിങ്ങ് |
| 5 | പ്രതിരോധ ചികിത്സ ശിശു ക്കൾക്കും ഗർഭി ണികൾക്കും | വിറ്റാമിൻ എ, അയൺ ആന്റ് ഫോളിക്ക് ആസിഡ്, ഒ ആർ എസ്, ഉപ്പ് (ഐയോഡൈസി ഡ്) | ആരോഗ്യവകു പ്പ് അങ്കണവാടി പങ്കാളിത്തം |
| 6 | പോഷണ ആരോഗ്യ വിദ്യാഭ്യാസം | ഗർഭിണികൾ, സ്ത്രീകൾ, വിദ്യാർഥികൾ, കൗമാരക്കാർ, സൗഹൃദ ക്ലബ്ബുകൾ | ആരോഗ്യവകുപ്പ് അങ്കവാടി പ്രതി മാസ മീറ്റിങ്ങുകൾ, കുമാരി ക്ലബ്ബ് |
| 7 | വിരയിളക്കൽ | കുട്ടികൾ | അങ്കണവാടി / പിഎച്ച്സി |

**പോഷണരംഗത്തെ തദ്ദേശഭരണസ്ഥാപനത്തിന്റെ ലക്ഷ്യങ്ങൾ**

1. 0–3 പ്രായ വിഭാഗത്തിന്റെ ന്യൂനപോഷണം ഇല്ലാതാക്കുക
2. കൗമാരപ്രായക്കാരായ പെൺകുട്ടികളുടെ വിളർച്ച ഇല്ലാതാക്കുക
3. വിറ്റാമിൻ എ വിതരണം സമ്പൂർണമാക്കുക
4. കുട്ടികളിലെ അമിതഭാരം ഇല്ലാതാക്കുക
5. ജനനഭാരക്കുറവ് ഇല്ലാതാക്കുക


## പദ്ധതി ആസൂത്രണ മാർഗരേഖാ നിർദേശങ്ങൾ

**ജി ഒ എം എസ് നമ്പർ. 11/2018 തസ്വഭവ തിയതി 29/1/18**
**(പദ്ധതി മാർഗ നിർദേശങ്ങൾ)**

| അനുഛേദം | ഏറ്റെടുക്കാവുന്ന അനുവദിക്കപ്പെട്ട പരിപാടി | റിമാർക്സ് |
|---|---|---|
| 5.2.1 (1) | അങ്കണവാടി പൂരകപോഷകാഹാര വിതരണം, ടിഎച്ച്ആർഎസ്, കൗമാരക്കാരായ പെൺകുട്ടികൾക്ക്,ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് പോഷകാഹാരം. സബല, മറ്റുപോഷകാഹാര വിതരണ പരിപാടികൾക്ക് വേണ്ട വിഹിതം കണക്കാക്കി ഒരു പ്രോജക്ടായി തയ്യാറാക്കണം | ഗ്രാമപ്പഞ്ചാത്തുകളാണ് തുക വകയിരുത്തേണ്ടത് എന്നാൽ ജില്ലാ–ബ്ലോക്ക് പഞ്ചായത്തുകളുടെ വിഹിതം സംയോജിപ്പിക്കാവുന്നതാണ്. |
| 5.2.1 (6) | അഗതി രഹിത കേരളം പദ്ധതി | ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം |
| 7.6.5 | സ്കൂൾ ഉച്ചഭക്ഷണ നടത്തിപ്പിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും, ശുചിത്വം ഉറപ്പാക്കാനുള്ള സൗകര്യങ്ങളും | ഗ്രാമ/ബ്ലോക്ക്/ ജില്ലാപഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം |
| 7.6.7 | സർക്കാർ സ്കൂളിലെ ഏഴാം ക്ലാസുവരെയുള്ള കുട്ടികൾക്ക് പ്രഭാതഭക്ഷണം | നിയന്ത്രണചുമതലയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾ |
| 7.8.3 (1) | എയ്ഡ്സ് കൺട്രോൾ സൊസൈറ്റി മുഖേന എച്ച് ഐവി അണുബാധിതർക്ക് പോഷകാഹാരം | ജില്ലാപഞ്ചായത്തുകൾ |

| | | |
|---|---|---|
| 7.8.3.2 | (1) സർക്കാർ സ്കൂളുകളിൽ ഏഴാം ക്ലാസുവരെയുള്ള എല്ലാ വിദ്യാർഥികൾക്കും പ്രഭാതഭക്ഷണം (2) പട്ടികവർഗ സേവന പാക്കേജ് പ്രകാരം അർഹതയുള്ള പട്ടികവർഗത്തിന് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം നൽകാം (3) ആശ്രയ പരിചരണ പാക്കേജ് പ്രകാരം അർഹതയുള്ള അഗതികൾക്ക് അങ്കണവാടി മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാം (4) നിർധനരായ രോഗികൾക്ക് ആശുപത്രിയിൽ കഴിയുന്ന ദിവസങ്ങളിൽ കുടുംബശ്രീ മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാം (5) ബഡ്സ് സ്കൂളിലെ കുട്ടികൾക്കും, പുനരധിവാസ കേന്ദ്രത്തിലെ അന്തേവാസികൾക്കും അനുപൂരകാഹാരവും ഉച്ചഭക്ഷണവും കുടുംബശ്രീ മുഖേന പാകം ചെയ്ത ഭക്ഷണം വിതരണം ചെയ്യാം (6) പകൽവീട് സൗകര്യം പ്രയോജനപ്പെടുത്തുന്നവരിൽ അർഹതയുള്ളവർക്ക് പാകം ചെയ്ത ഉച്ചഭക്ഷണം നൽകാം | ഗ്രാമപ്പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാം |

**ദാരിദ്ര്യത്തിന്റെ ദൂഷിതവലയവും ഭക്ഷ്യലഭ്യതയും**



## ദാരിദ്ര്യം മറികടക്കാനുള്ള പരിപാടികൾ

### പോഷണദാരിദ്ര്യം ഇല്ലാതാക്കുന്നതിന് നടപ്പാക്കിവരുന്ന പരിപാടികൾ

1. ആരോഗ്യവകുപ്പ് (മൈക്രോന്യൂട്രിയന്റ്-IFA)
2. ഐസിഡിഎസ് (എസ്എൻപി)
3. വിദ്യാലയം (ഉച്ചഭക്ഷണം)
4. പൊതുവിതരണം (റേഷൻ)
5. പ്രാദേശിക മാർക്കറ്റ് (ലഭ്യത)
6. ധാന്യബാങ്ക് (സംഭരണം)
7. സിവിൽ സപ്ലൈസ് (വിലനിയന്ത്രണം)
8. വനവിഭവം (ശേഖരണം)
9. ഫുഡ് പ്രോസസിങ്ങ് (റെഡി ടു ഈറ്റ് ഫുഡ്)

### വിദ്യാലയ പോഷകാഹാര പരിപാടി

കേരളത്തിലെ വിദ്യാഭ്യാസ വ്യാപനം ഏറെ പുകഴ്ത്തപ്പെടുന്ന ഒന്നാണ്. സാധാരണക്കാർക്കും പരമ്പരാഗതമായി ദാരിദ്ര്യം അനുഭവിക്കുന്നവർക്കുമിടയിൽ കണപ്പെടുന്ന പഠനശേഷിക്കുറവിന്റെയും മത്സരശേഷിക്കുറവിന്റെയും പ്രധാന കാരണങ്ങളിലൊന്ന് പോഷണ പ്രശ്നമാണ്. അതുകൊണ്ടുതന്നെ വിദ്യാലയ ഭക്ഷണപരിപാടിയുടെ നിലവാരം ഉയർത്തുന്നത് വിദ്യാഭ്യാസ വികസനത്തെയും സഹായിക്കും. കേവലം ഉച്ചഭക്ഷണ വിതരണംകൊണ്ട് പ്രശ്നപരിഹാരം സാധ്യമല്ല വിദ്യാലയങ്ങളോടനുബന്ധിച്ച് കൈ വൃത്തിയാക്കുന്നതിനും ഭക്ഷണം വൃത്തിയായി പാചകം ചെയ്യുന്നതിനും പരിസരം ശുചിയായിരിക്കുന്നതിനും പാചകപ്പുര വൃത്തിയായി സൂക്ഷിക്കുന്നതിനും ടോയ്‌ലറ്റ് സൗകര്യങ്ങൾ ഉയർത്തുന്നതിനും ശ്രദ്ധ വേണ്ടിയിരിക്കുന്നു.

### പൊതുവിതരണം

ജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക ഏതൊരു ഭരണകൂടത്തിന്റെയും മുഖ്യ ഉത്തരവാദിത്വങ്ങളിൽ ഒന്നാണല്ലോ. ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പ്രശ്നങ്ങളായ വിലക്കയറ്റവും ഭക്ഷ്യദൗർലഭ്യവും തടയുന്നതിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വളരെ വലിയ പങ്കുണ്ട്. ഭക്ഷ്യവസ്തുക്കൾ കൂടുതലായി ഉൽപ്പാദിപ്പിക്കുക, അധികമായി ഉൽപ്പാദിപ്പിച്ച ഭക്ഷ്യഉൽപ്പന്നങ്ങൾ ഉൽപാദനസ്ഥലത്തുതന്നെ കെട്ടിക്കിടക്കാതിരിക്കുക, ആവശ്യക്കാർക്ക് ഭക്ഷ്യവസ്തുക്കൾ ലഭ്യമാക്കുക, ഭക്ഷ്യവസ്തുക്കളുടെ വില നിയന്ത്രിക്കുക, പൂഴ്ത്തിവെയ്പ്പും കരിഞ്ചന്തയും തടയുക ഇവയൊക്കെ പ്രാദേശികമായി ഇടപെടേണ്ടുന്ന മേഖലയാണ്.

ദരിദ്രജനവിഭാഗങ്ങൾക്ക് ഭക്ഷ്യലഭ്യത ഉറപ്പുവരുത്തുക എന്നതാണ് പൊതുവിതരണ സമ്പ്രദായത്തിന്റെ മുഖ്യ ലക്ഷ്യം. ഉൽപാദനവിതരണ സമ്പ്രദായങ്ങളിലെ ക്രമീകരണം വില നിയന്ത്രിക്കുന്നതിന് സഹായകമാകും - ഈ ദൗത്യമാണ് പൊതുവിതരണ സമ്പ്രദായത്തിന് നിർവഹിക്കാനുള്ളത്. നിത്യോപയോഗവസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിക്കുക, ലഭ്യത ഉറപ്പുവരുത്തുക

തുടങ്ങിയ ലക്ഷ്യസാക്ഷാത്ക്കാരത്തിനുള്ള ഉപാധികളാണ് നീതിസ്റ്റോർ, ലാഭം സ്റ്റോർ, കോ-ഓപ്പറേറ്റിവ് ഡിപ്പാർട്ട്മെന്റ് സ്റ്റോർ, കൺസ്യൂമർഫെഡ് സ്റ്റോർ തുടങ്ങിയവ. പൊതുവിതരണ സംവിധാനംകൊണ്ട് നാം ലക്ഷ്യമാക്കുന്നത് - സാധാരണജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുകയും ദാരിദ്ര്യലഘൂകരണത്തിന് സഹായിക്കുകയും ചെയ്യുകയാണ്.

### പൊതുവിതരണ സമ്പ്രദായം എങ്ങിനെ മെച്ചപ്പെടുത്താം


ഗ്രാമപ്പഞ്ചായത്ത് തലത്തിൽ പ്രസിഡന്റ്, റേഷൻകാർഡ് ഉടമകൾ, ഉപഭോക്തൃസംരക്ഷണ പ്രവർത്തകർ, സാമൂഹ്യ പ്രവർത്തകർ, ആരോഗ്യപ്രവർത്തകർ എന്നിവരടങ്ങുന്ന വിജിലൻസ് കമ്മിറ്റികൾ ഉണ്ടാക്കാം. വാർഡ്തലത്തിൽ വാർഡ് മെമ്പറുടെ അധ്യക്ഷതയിൽ വിജിലൻസ് കമ്മിറ്റികൾ ഉണ്ടാക്കി റേഷൻകടകളുടെ പ്രവർത്തനം നിരീക്ഷിക്കണം. പരാതികൾ ജില്ലാകലക്ടറുടെ അധ്യക്ഷതയിലുള്ള 10 പേരടങ്ങിയ സമിതിയിൽ സമർപ്പിക്കണം. പൊതുവിതരണ കേന്ദ്രത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതും അല്ലാത്തതുമായ പരാതികൾ ശേഖരിച്ച് വിജിലൻസ് കമ്മിറ്റിയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന് പരിഹരിക്കാവുന്നതാണ്.

### പ്രാദേശിക മാർക്കറ്റുകൾ

തദ്ദേശഭരണസ്ഥാപന പ്രദേശങ്ങളിൽ ഉൽപാദിപ്പിക്കുന്ന പച്ചക്കറികളും മറ്റ് ഭക്ഷ്യവസ്തുക്കളും വിൽക്കാൻ വിതരണ കേന്ദ്രങ്ങൾ സ്ഥാപിക്കാവുന്നതാണ്. പ്രാദേശിക മാർക്കറ്റുകൾക്കായി പൊതുസ്ഥലങ്ങളോ, തദ്ദേശഭരണ സ്ഥാപനത്തിന്റെ സ്ഥലമോ നിർണയിച്ച് നൽകാവുന്നതാണ്.

### ധാന്യബാങ്ക് പദ്ധതി

ഭക്ഷ്യദൗർബല്യം നേരിടുന്ന സ്ഥലങ്ങളിൽ ധാന്യബാങ്ക് ഏർപ്പെടുത്താവുന്നതാണ്. പ്രകൃതിക്ഷോഭങ്ങളോ മറ്റു ദുരന്തങ്ങളോ സംഭവിച്ചാൽ പട്ടിണി ഉണ്ടാവാതിരിക്കാനുള്ള കരുതൽ നടപടിയാണിത്.




പ്രാദേശിക സാമ്പത്തിക വികസനത്തിന് ഒരു സംയോജന മാതൃക

## 10.3 തദ്ദേശസ്ഥാപനങ്ങളും പോഷണാരോഗ്യവും

### ഗ്രാമപ്പഞ്ചായത്തിന്റെ ചുമതലകൾ

- പൊതുവിതരണ സമ്പ്രദായത്തിനെതിരെയുള്ള പരാതികൾ പരിശോധി ക്കുകയും നിവാരണ മാർഗങ്ങൾ കണ്ടെത്തി നടപ്പിലാക്കുകയും ചെയ്തു.
- അളവുതൂക്കം സംബന്ധിച്ച കുറ്റങ്ങൾക്കെതിരെ പ്രചരണം സംഘടിപ്പിക്കുക.
- റേഷൻ കടകളുടെയും മാവേലിസ്റ്റോറുകളുടെയും നീതിസ്റ്റോറുകളുടെയും മറ്റു പൊതുവിതരണ സമ്പ്രദായങ്ങളുടെയും പൊതുമേൽനോട്ടം വഹി ക്കുകയും മാർഗനിർദേശം നൽകുകയും ചെയ്യുക.
- ആവശ്യമെങ്കിൽ പൊതുവിതരണ കേന്ദ്രങ്ങൾ തുടങ്ങുക.

### ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലകൾ

- റേഷൻകടകൾ പരിശോധിച്ച് ക്രമക്കേടുകൾ കണ്ടുപിടിക്കുകയും അവശ്യ സാധനങ്ങൾ പൂഴ്ത്തിവെക്കുന്നതിനെതിരായി നടപടിയെടുക്കുകയും ചെയ്യുക.

### ജില്ലാപഞ്ചായത്തിന്റെ ചുമതലകൾ

- വിലനിയന്ത്രണത്തിനായുള്ള പ്രവർത്തനങ്ങൾ.
- ഉപഭോക്തൃ സംരക്ഷണത്തെപ്പറ്റിയുള്ള ബോധവൽക്കരണം.

### സുഭിക്ഷകേരളം

#### ലക്ഷ്യങ്ങൾ

- നെല്ല്, പഴവർഗങ്ങൾ, മരച്ചീനി ഉൾപ്പടെയുള്ള കിഴങ്ങ് വർഗങ്ങൾ, പച്ചക്കറി, പയർ വർഗങ്ങൾ, ഇറച്ചിക്കോഴി, മുട്ടക്കോഴി, പാൽ, ആട്, പോത്ത്, പന്നി, മത്സ്യം എന്നിവയുടെ ഉൽപാദനം വർധിപ്പിച്ച് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുക.
- ജൈവകൃഷി പ്രത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉൽപാദനം വർധിപ്പിക്കുകയും ജനങ്ങളുടെ ആരോഗ്യം വർധിപ്പിക്കുകയും ചെയ്യുക.
- പരമ്പരാഗത കൃഷി വിജ്ഞാനം ഉൾക്കൊണ്ടുതന്നെ നവീനകൃഷിരീതികൾ പ്രത്സാഹിപ്പിക്കുന്നതിലൂടെ കാർഷിക അനുബന്ധ മേഖലകൾക്ക് പുതു ജീവൻ നൽകുകയും അതുവഴി കർഷകരുടേയും കർഷകതൊഴിലാളിക ളുടെയും വരുമാനം വർധിപ്പിക്കുകയും ക്ഷേമം ഉറപ്പാക്കുകയും ചെയ്യുക.
- യുവജനങ്ങൾ, തൊഴിൽ നഷ്ടപ്പെട്ട് മടങ്ങി വരുന്ന പ്രവാസികൾ, വിശ്രമ ജീവിതം നയിക്കുന്നവർ തുടങ്ങി കൂടുതൽ പേരെ കൃഷി അനുബന്ധ മേഖലകളിലേക്ക് ആകർഷിക്കുക. അവർക്ക് ന്യായമായ വരുമാനം ഉറപ്പാ ക്കുക.
- സമ്പദ് വ്യവസ്ഥയിൽ കാർഷികാനുബന്ധ മേഖലകളുടെ സംഭാവന വർധി പ്പിക്കുക കേരളത്തിന്റെ ഭക്ഷ്യോൽപന്ന വിപണിയെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുക.

- കാർഷികോൽപന്നങ്ങളിൽ നിന്നുള്ള മൂല്യവർധിത ഉൽപന്നങ്ങൾ നിർമിക്കുന്നതിന് പ്രോത്സാഹനം നൽകുക.

**സമീപനം**

തരിശുനിലവും തരിശുഭൂമിയും പുരയിടങ്ങളും വീട്ടുവളപ്പും, ടെറസുകളും എല്ലാം ഉൽപാദനകേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ പദ്ധതിയുടെ അടിസ്ഥാന തത്വം. അത് യാഥാർഥ്യമാക്കുന്നതിന് കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജലവിഭവം തുടങ്ങിയ വകുപ്പുകളുടെയും ഹരിത കേരളം കുടുംബശ്രീ-തൊഴിലുറപ്പ് മിഷനുകളുടെയും ബന്ധപ്പെട്ട മറ്റ് വികസനസ്ഥാപനങ്ങളുടെയും എല്ലാം പ്രവർത്തനങ്ങൾ തദ്ദേശസ്ഥാപനതലത്തിൽ കേന്ദ്രീകരിക്കുന്ന രീതിയിലുള്ള ഏകോപനം അത്യാവശ്യമാണ്. വകുപ്പുകൾക്കും തദ്ദേശഭരണസ്ഥാപനങ്ങൾക്കും ഏജൻസികൾക്കും പ്രത്യേകം പദ്ധതികൾ എന്ന പതിവ് രീതിക്ക് പകരം ഈ മേഖലകളിൽ തദ്ദേശഭരണ പ്രദേശത്തിനുവേണ്ടി ഒറ്റ പദ്ധതി തയ്യാറാക്കുകയും തുടർന്ന് പദ്ധതിയിലെ വിവിധ ഘടകങ്ങൾ ബന്ധപ്പെട്ട വകുപ്പുകളും സ്ഥാപനങ്ങളും നിർവഹണം നടത്തുകയും ചെയ്യുക എന്നതാണ് സുഭിക്ഷകേരളം പദ്ധതിയുടെ മുഖ്യ സമീപനം.

**വിഭവസ്രോതസ്**

- വിവിധ വകുപ്പുകളും കുടുംബശ്രീ, തൊഴിലുറപ്പ് തുടങ്ങിയ മിഷനുകളും പരമാവധി വിഹിതം ഈ പദ്ധതിക്കായി മാറ്റിവെക്കേണ്ടതാണ്. കൃഷി മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ് തുടങ്ങിയ വകുപ്പുകൾ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങളും ഓരോ ജില്ലയ്ക്കുമുള്ള വിഹിതവും വ്യക്തമാക്കിക്കൊണ്ട് ബന്ധപ്പെട്ട വകുപ്പുകൾ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.
- പ്രാദേശിക സർക്കാരുകൾ ഇതിനകം വാർഷിക പദ്ധതി തയ്യാറാക്കി അംഗീകാരം നേടിയിട്ടുണ്ട്. എന്നാൽ ഈ ബൃഹദ് പരിപാടി കണക്കിലെടുത്ത് എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പദ്ധതിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്. അടിയന്തിര പ്രാധാന്യമല്ലാത്ത പ്രോജക്ടുകൾ പരമാവധി ഒഴിവാക്കി ലഭിക്കുന്ന തുക കാർഷിക അനുബന്ധമേഖലയിലെ പ്രോജക്ടുകൾക്ക് ഉപയോഗിക്കണം.
- ബ്ലോക്ക് ജില്ലാപഞ്ചായത്തുകളുടെ വിഭവങ്ങൾ പരമാവധി ഗ്രാമപ്പഞ്ചായത്ത് പദ്ധതിയുമായി സംയോജിപ്പിച്ച് വിനിയോഗിക്കണം.
- പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പ്രധാന ചുമതലകളിൽ ഒന്ന് കാർഷിക വായ്പ നൽകലാണ്. ഈ ചുമതല ഫലപ്രദമായി നിറവേറ്റുന്നതിന് സംഘങ്ങൾ തയ്യാറാകണം.
- സാധാരണ ഗതിയിൽ കൃഷി ഭൂമിയുടെ ഉടമസ്ഥക്കാർക്കാണ് വായ്പ അനുവദിക്കുക എന്നാൽ സ്വന്തം കൃഷി ഭൂമിയില്ലാത്ത, കൃഷിയിറക്കുന്ന കർഷകർക്കും ഗ്രൂപ്പുകൾക്കും പ്രാഥമിക കർഷക സംഘങ്ങളും സഹകരണ ബാങ്കുകളും വായ്പ അനുവദിക്കണം. എല്ലാ കൃഷിക്കും വായ്പ അനുവദിക്കണം.

- ഒരു തദ്ദേശഭരണസ്ഥാപനത്തിന്റെ പരിധിയിൽ ഒന്നിലേറെ സഹകരണ ബാങ്കുകൾ ഉണ്ടെങ്കിൽ ഏകോപനം ഉറപ്പാക്കുന്നതിന് ഒരു ബാങ്കിനെ ലീഡ് ബാങ്കായി കണക്കാക്കുകയും മറ്റു ബാങ്കുകൾ അതിനോട് സഹകരിക്കുന്നതുമായ സമീപനം ഉറപ്പാക്കുന്നതിന് സഹകരണവകുപ്പ് നടപടി സ്വീരിക്കേണ്ടതാണ്.
- മേൽപ്പറഞ്ഞ എല്ലാ ധനകാര്യസ്ഥാപനങ്ങളും പലിശരഹിത വായ്പയോ, കുറഞ്ഞ പലിശയ്ക്കുള്ള വായ്പയോ ലഭ്യമാക്കണം. പലിശനിരക്കിലെ കുറവ് നികത്താൻ നബാർഡിന്റെ സ്കീമുകൾ ഉപയോഗപ്പെടുത്താവുന്നതാണ്.

**പ്രാദേശികതല ഏകോപനവും സംഘടനാ സംവിധാനവും**

പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് തദ്ദേശഭരണസ്ഥാപനതലത്തിൽ താഴെ പറയുന്ന തരത്തിൽ ഒരു കമ്മിറ്റി പ്രവർത്തിക്കേണ്ടതാണ്.

| | | |
|---|---|---|
| 1. | തദ്ദേശഭരണസ്ഥാപന മേധാവി | – ചെയർപേഴ്സൺ |
| 2. | വികസന സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ | – കോ-ചെയർപേഴ്സൺ |
| 3. | സഹകരണബാങ്ക് പ്രസിഡന്റ്മാർ | – കോ-ചെയർപേഴ്സൺ |
| 4. | സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൺമാർ | – അംഗങ്ങൾ |
| 5. | സ്ഥലം എംഎൽഎ | – അംഗം |
| 6. | സിഡിഎസ് ചെയർപേഴ്സൺ | – അംഗം |
| 7. | ആസൂത്രണ സമിതി വൈസ് ചെയർ പേഴ്സൺ | – അംഗം |
| 8. | ഉൽപാദനമേഖലയിലെ നിർവഹണ ഉദ്യോഗസ്ഥൻമാർ | – അംഗങ്ങൾ |
| 9. | പ്രദേശത്തെ ജില്ലാ-ബ്ലോക്ക് അംഗങ്ങൾ | – അംഗങ്ങൾ |
| 10. | വിഇഒ | – അംഗം |
| 11. | ലീഡ് ഫാർമർ (എല്ലാ മേഖലയിലെയും ഒരാൾ വീതം) | – അംഗങ്ങൾ |
| 12. | മൈനർ ഇറിഗേഷൻ വകുപ്പ് ഉദ്യോഗസ്ഥൻ | – അംഗം |
| 13. | തൊഴിലുറപ്പ് എഞ്ചിനിയർ | – അംഗം |
| 14. | തദ്ദേശസ്ഥാപന സെക്രട്ടറി | – അംഗം |

കമ്മിറ്റിയുടെ കൺവീനർ കൃഷിമേഖയിലെ നിർവഹണ ഉദ്യോഗസ്ഥനും ജോയിന്റ് കൺവീനർ ഗ്രാമപ്പഞ്ചായത്തുകളിൽ അസി. സെക്രട്ടറിയും, നഗരസഭകളിൽ സെക്രട്ടറിയുമായിരിക്കും.

**സുഭിക്ഷകേരളം മാർഗരേഖ**

പതിമ്മൂന്നാം പഞ്ചവത്സര പദ്ധതി കാലയളവിൽ തദ്ദേശഭരണസ്ഥാപനങ്ങൾ നടപ്പാക്കുന്ന വികസനപ്രോജക്ടുകൾ അവലംബിക്കേണ്ട ധനസഹായ മാനദണ്ഡങ്ങൾക്ക് പുറമേ, കേരളത്തെ ഭക്ഷ്യസ്വയം പര്യാപ്തതയിൽ കഴി

യാവുന്നത്ര എത്തിക്കുന്നതിന് ലക്ഷ്യമിടുന്ന സുഭിക്ഷകേരളം പദ്ധതി മാർഗ രേഖപ്രകാരം കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ഫിഷറീസ്, ജല വിഭവം തുടങ്ങിയ മേഖലകൾക്ക് പ്രത്യേകം ധനസഹായങ്ങൾ കേരളസർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. (സ.ഉ.(സാധാ) നം.1009/2020/ത.സ്വ.ഭ.വ. തിയതി 29/05/2020)

**പൊതുമാർഗനിർദേശം**

- കാർഷികമേഖലയിൽ നാമമാത്ര-ചെറുകിട കർഷകർക്കാണ് അർഹത യെങ്കിലും നെൽക്കൃഷിയുടെ കാര്യത്തിൽ രണ്ട് ഹെക്ടറിലധികം കൃഷി ചെയ്യുന്ന കർഷകർക്കും രണ്ട് ഹെക്ടർ വരെയുള്ള ആനുകൂല്യം ലഭി ക്കുന്നതാണ്. മൃഗസംരക്ഷണം, ക്ഷീരവികസനം, മത്സ്യവികസനം എന്നീ മേഖലകളിൽ കുടുംബ വാർഷിക വരുമാനം 5 ലക്ഷം വരെയുള്ളവർക്ക് ആനുകൂല്യം ലഭിക്കും.
- നം.1009/2020 ൽ പരാമർശിച്ചിട്ടില്ലാത്ത ഇനങ്ങളെ സംബന്ധിച്ചിടത്തോളം 14/2/2018 ലെ സഉ (കൈ) 22/2018 ത.സ്വ.ഭ.വ മാർഗരേഖയിൽ പറഞ്ഞി രിക്കുന്ന മാനദണ്ഡങ്ങൾ നിലനിൽക്കുന്നതാണ്.
- ഉൽപാദന മേഖലയിലെ പ്രോജക്ടുകളിലെ ഗുണഭോക്താക്കളെ തെര ഞ്ഞെടുക്കുന്നതിന് 20/05/2020 ലെ സഉ(കൈ) നം.928/2020 ത.സ്വ.ഭ.വ പ്രകാരമുള്ള മാർഗനിർദേശങ്ങൾ അനുസരിച്ച് സുഭിക്ഷകേരളം പ്രോജക്ടു കളിലെ ഗുണഭോക്താക്കളെ നിശ്ചയിക്കാവുന്നതാണ്.